

# വിശ്വാസവും ജീവിതവും ക്വറന്റീനിൽ

വടവാതൂർ സെമിനാരിയും പൗരസ്ത്യ വിദ്യാപീഠവും എന്നും വായനയുടെ ഇടങ്ങളാണ്. വായനയാണ് എഴുത്തിനുള്ള വളം. ഈ കേന്ദ്രത്തിൽ നിന്ന് ഏറെ ശ്രദ്ധേയമായ അനേകം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ തുടർച്ചയായാണ്, ലോകത്തെയും മനുഷ്യവംശത്തെ മുഴുവനെയും ബാധിച്ച ആഗോള പ്രതിഭാസമായ കോവിഡ്-19 നെ അധികരിച്ച്, ജൂൺ 15-20 ദിവസങ്ങളിൽ "വിശ്വാസജീവിതം ക്വറന്റീനിൽ" എന്ന പേരിൽ അവിടെ ഒരു വെബിനാർ നടന്നത്. സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ പ്രസ്തുത അവസരത്തിൽ സന്നിഹിതരാകാൻ കഴിയാത്തവർക്കായി, അതിലെ പഠനവിഷയങ്ങളും ഒപ്പം അവിടെ ചർച്ച ചെയ്യപ്പെടേണ്ടിയിരുന്ന കോവിഡ്-19 നോടു ബന്ധപ്പെട്ട ഇതരവിഷയങ്ങളും സമാഹരിച്ച് "വിശ്വാസവും ജീവിതവും ക്വറന്റീനിൽ'' എന്ന ശീർഷകത്തിൽ ഒരു പുസ്തകം പ്രകാശിതമാക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. കൊറോണാ വ്യാപനം നമ്മെ ഇരുട്ടിലാഴ്ത്തുമ്പോഴും ദൈവത്തിലാശ്രയിച്ച് അതിനെ നേരിട്ടുകൊണ്ട് പ്രകാശത്തിലേക്കുള്ള ഒരു കുതിപ്പാണ് ഈ ഗ്രന്ഥം. ഈ കാലഘട്ടത്തിലെ ജനങ്ങൾക്ക് ഒരു പെരുമാറ്റച്ചട്ടം തന്നെ പ്രദാനം ചെയ്യാൻ ഈ ഗ്രന്ഥത്തിനു കഴിയും. നമ്മിൽ സുകൃതക്ഷയം സംഭവിക്കാതെ ഈ ഗ്രന്ഥം സംരക്ഷിച്ചുകൊള്ളും.

**മാർ ജോസഫ് കല്ലറങ്ങാട്ട്**

OIRSI PUBLICATIONS
Vadavathoor
P. B. No. 10
Kottayam

978-93-82762-80-5

വിശ്വാസവും ജീവിതവും ക്വറന്റീനിൽ

# വിശ്വാസവും ജീവിതവും ക്വറന്റീനിൽ



എഡിറ്റർ

ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

www.malankaralibrary.com

# വിശ്വാസവും ജീവിതവും
# ക്വാറന്റീനിൽ

OIRSI 455

എഡിറ്റർ

ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

www.malankaralibrary.com

**VISWASAVUM JEEVITHVUM QUARANTINIL**
Editor: Dr. Andrews Mekkattukunnel
Date of Publishing: July 28, 2020
Feast of St. Alphonsa
Printed at WiGi Press, Manganam P.O., Kottayam - 686 018
Tel: 0481-2578192
Price: Rs. 175
ISBN: 978-93-82762-80-5

# ഉള്ളടക്കം

ആമുഖം .......................................................................... 5

1 ദൈവശക്തിയിൽ കോവിഡിനെ നേരിടാം
മാർ തോമസ് ഇലവനാൽ .......................................................... 9

2 കോവിഡ്-19: ഒരു ശാസ്ത്രീയ വിശകലനം
പ്രഫ. ഫിലിപ്പ് ലിറ്റോ തോമസ് .............................................. 13

3 കോവിഡ്-19: രോഗവും ചികിത്സയും
പ്രഫ. ഡോ. എം. എ. ആൻഡ്രൂസ് ........................................ 18

4 കോവിഡ്-19: വചനാത്മകദർശനം
ഡോ. തോമസ് വടക്കേൽ ........................................................ 22

5 കോവിഡുകാലത്തെ ദൈവ-മനുഷ്യബന്ധങ്ങൾ
പ്രഫ. റ്റി.റ്റി. മൈക്കിൾ തെക്കെക്കുരുവിനാൽ .................... 33

6 കോവിഡ്മഹാമാരി പ്രാപഞ്ചിക
ക്രിസ്തുവിജ്ഞാനീയ വീക്ഷണത്തിൽ
ഡോ. അഗസ്റ്റിൻ പാംപ്ലാനി CST ................................ 38

7 കോവിഡ്-19: വിശ്വാസത്തിന് ഒരു വെല്ലുവിളിയോ?
ഡോ. ഡൊമിനിക് മുരിയൻകാവുങ്കൽ ................................ 45

8 കോവിഡുകാലം: ലിറ്റർജിയുടെ ആന്തരികത
കണ്ടെത്താനുള്ള ക്ഷണം
ഡോ. പോളി മണിയാട്ട് ............................................................ 54

9 ദോമൂസ് കാറ്റക്കേസിസ്:
കോവിഡുകാലത്തെ വിശ്വാസപരിശീലനം
ഡോ. അരുൺ കലമറ്റത്തിൽ .................................................. 62

10 കോവിഡുകാലത്തെ അജപാലനം - ഫാ. ജി. നെല്ലി ............... 67

11 കോവിഡ്/കോവിഡനന്തര മതാത്മകത:
വെല്ലുവിളികളും മാറ്റങ്ങളും
ഡോ. ജോസഫ് മരുതുക്കുന്നേൽ .......................................... 72

12 കൊറോണാനന്തര സമൂഹവും ആത്മീയതയും
കുറ്റിയാനിക്കൽ സെബാസ്റ്റ്യനച്ചൻ ........................................ 81

13 കോവിഡ്-19: ക്രൈസ്തവധാർമ്മിക സമീപനം
ഡോ. സ്കറിയ കന്യാകോണിൽ ............................................ 88

14 മുംബൈ ലോക്ഡൗൺ: ഒരു നേർക്കാഴ്ച
ഫാ. സിന്റോ ചാലിശ്ശേരി, കല്യാൺ .................................... 94

15 സഭാത്മകജീവിതം കൊറോണാക്കാലത്തിൽ
ഡോ. വർഗീസ് കൊച്ചുപറമ്പിൽ .......................................... 99

16 കൊറോണാക്കാലത്തെ സന്യാസവിശേഷങ്ങൾ
സി. റോസ്‌ലിൻ അറവാക്കൽ MTS ........................... 104

www.malankaralibrary.com

17 കൊറോണാക്കാലത്തെ കുടുംബവിശേഷങ്ങൾ
ഡോ. ജോർജ് തെക്കേക്കര ..... 112
18 കൊറോണയും പ്രതീതിലോകവും
ഡോ. ആന്റോ ചേരാംതുരുത്തി ..... 120
19 കൊറോണയും അസ്തിത്വപ്രതിസന്ധിയും
ഡോ. ലിന്റോ ജോൺ കുറ്റിക്കാടൻ ..... 127
20 കോവിഡ്-19: ഒരു മനസ്സുവായന
പ്രഫ. കുഞ്ഞന്നമ്മ ജോൺ ..... 131
21 കോവിഡനന്തരഭാഷയും സംസ്കാരവും
ഡോ. വിൻസെന്റ് നെടുങ്ങാട്ട് ..... 139
22 വിദ്യാഭ്യാസം ഓൺലൈനിൽ
ഫാ. ജോസഫ് ആലഞ്ചേരി ..... 145
23 പരിസ്ഥിതിസംരക്ഷണവും കൊറോണാ വൈറസും
ഡോ. സേവ്യർ മാറാമറ്റം ..... 148
24 പ്രപഞ്ചത്തെ വഹിക്കേണ്ട മനുഷ്യൻ
ഡോ. സിറിയക് വലിയകുന്നുംപുറത്ത് ..... 153
25 കൊറോണാക്കാലം: കാർഷികസംസ്കൃതിയിലേക്കു മടങ്ങാൻ ഒരവസരം
പ്രഫ. പി. ജെ. തോമസ് പാലക്കാട്ടുമല ..... 158
26 സാമൂഹിക അകലവും ഹൃദയങ്ങളുടെ ഐക്യവും
ജോയിമോൻ തോമസ് ഈറ്റത്തോട്ട് ..... 164
27 കൊറോണാക്കാലത്തെ ജീവകാരുണ്യപ്രവർത്തനങ്ങൾ
ഡോ. വർഗീസ് പാലത്തിങ്കൽ ..... 169
28 ഉപജീവനപ്രതിസന്ധി എങ്ങനെ മറികടക്കാം?
ഡോ. ജയൻ ജോസ് തോമസ് ..... 173
29 നവസാധാരണ വ്യവസ്ഥയും കുടുംബത്തിന്റെ സാമ്പത്തിക അച്ചടക്കവും
പ്രഫ. പി.സി. അനിയൻകുഞ്ഞ് ..... 185
30 കൊറോണ അപനിർമ്മിക്കുന്ന രണ്ടു ക്രിയാധാതുക്കൾ
ഫാ. ജോസ് ജേക്കബ് മുല്ലക്കരിയിൽ ..... 199
31 പരിമിതിയുടെ ബോധം, കൊറോണായുടെ പാഠം
ഡോ. ജോസഫ് കടുപ്പിൽ ..... 209
32 കോവിഡ്-19 നല്കുന്ന സാമൂഹിക വീണ്ടുവിചാരങ്ങൾ
ഡോ. ഡൊമിനിക് വെച്ചൂർ ..... 212
33 വീട്ടിലേക്കുള്ള വഴികൾ
ഫാ. ബേബി കരിന്തോളിൽ ..... 219


# ആമുഖം

"നോക്കുന്നവന്റെ കണ്ണിലാണ് സൗന്ദര്യമിരിക്കുന്നത്" എന്ന പഴമൊഴി വിഖ്യാതമാണ്. കോവിഡ്-19 നോടനുബന്ധിച്ചുള്ള ലോക്ക്ഡൗണും ക്വാറന്റീനും പ്രതിസന്ധികളും, പ്രവാസികളുടെ തിരിച്ചുവരവും, ഇതിനോടെല്ലാം ബന്ധപ്പെടുത്തി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകളുടെ ബാഹുല്യവുമെല്ലാം മനുഷ്യമനസ്സുകളിൽ ഭീതിയും സംഭ്രമവും സംഘർഷവും വിഷാദവുമെല്ലാം നിറച്ചിരിക്കുന്നുവെങ്കിലും, ഒരു വിശ്വാസിയുടെ കണ്ണുകളിലൂടെ ഈ അവസ്ഥയെ വ്യത്യസ്തമായി കാണാനാവും. ജീവിതത്തിൽ അഭൂതപൂർവമായ പല അനുഭവങ്ങളിലൂടെയും കടന്നുപോകുന്ന വിശ്വാസിസമൂഹത്തിന്റെ ജീവിതതാളഗതിയിൽ ഈ ദിനങ്ങളിൽ സംഭവിച്ച വ്യതിയാനങ്ങളെ വിവിധ വീക്ഷണകോണുകളിലൂടെ നോക്കിക്കാണാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായിരുന്നു, 2020 ജൂൺ 15-20 ദിവസങ്ങളിൽ കോട്ടയം വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ, "വിശ്വാസജീവിതം ക്വാറന്റീനിൽ" എന്ന പേരിൽ നടന്ന വെബിനാർ. പ്രസ്തുത വെബിനാറിൽ ചർച്ചചെയ്യപ്പെട്ട വിഷയങ്ങളിലും അവയോടനുബന്ധിച്ചു ചർച്ചചെയ്യേണ്ടിയിരുന്ന മറ്റു ചില മേഖലകളിലും അധിഷ്ഠിതമായ ലേഖനങ്ങളാണ് "വിശ്വാസവും ജീവിതവും ക്വാറന്റീനിൽ" എന്ന ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

മനുഷ്യചരിത്രം ശ്രദ്ധാപൂർവം പുനഃപാരായണം ചെയ്യുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച 'ദുരന്തങ്ങൾ' എന്ന തലക്കെട്ടിനു താഴെ സാമാന്യഗതിയിൽ നിരത്തപ്പെടുന്ന പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളും അപകടങ്ങളും യുദ്ധങ്ങളുമെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മുടെ നന്മയ്ക്കായി പരിണമിച്ചതായി കണ്ടെത്താനാവും. ഈ ദിനങ്ങളിൽ മഹാമാരിയായി ലോകത്തെ ഭീതിയിലാഴ്ത്തിയ കോവിഡ്-19 ഉം അതിനോടനുബന്ധിച്ചുള്ള ലോക്ക്ഡൗണുമൊക്കെ ഇപ്രകാരംതന്നെ ചില ഭാവാത്മകവശങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. കോവിഡ് ഭീതിയിൽ ലോകം മുഴുവനും ലോക്ക്ഡൗണിൽ അമർന്നപ്പോൾ സംജാതമായ വിവിധ തലങ്ങളിലുള്ള സ്തംഭനം പക്ഷേ, പ്രകൃ

www.malankaralibrary.com

തിയെ സുന്ദരമാക്കുകയായിരുന്നു. വാഹനങ്ങളും നിർമ്മാണശാലകളുടെ പ്രവർത്തനങ്ങളുമൊക്കെ നിലച്ചപ്പോൾ മാലിന്യങ്ങൾ നീങ്ങി, പൊടിപടലങ്ങളടങ്ങി, അന്തരീക്ഷം തെളിഞ്ഞത് പല പ്രധാന നഗരങ്ങളിലും വിസ്മയം ജനിപ്പിക്കുന്ന വാർത്തയായി. തെളിഞ്ഞ ആകാശവും ശുദ്ധീകരിക്കപ്പെട്ട നദികളും ഇതര ജലാശയങ്ങളുമൊക്കെ പ്രകൃതിയുടെ ആഘോഷമായി. മഹാനഗരങ്ങൾ കിളികളുടെ ഉണർത്തുപാട്ടു കേട്ട് ഉണരാൻ തുടങ്ങി. മാലിന്യം നീങ്ങി അന്തരീക്ഷത്തിന്റെ സുതാര്യത ഏറിയപ്പോൾ അകലങ്ങളിലുള്ള പർവതനിരകളും സമുദ്രവുമൊക്കെ സ്വന്തം വീടിന്റെ ഉമ്മറത്തും മട്ടുപ്പാവിലുമൊക്കെ നിന്ന് ആസ്വദിക്കാനായതിന്റെ സചിത്ര വിവരണങ്ങൾ സമൂഹമാദ്ധ്യമങ്ങളിൽ വൈറലായി. ലോകം വെട്ടിപ്പിടിക്കാനുള്ള തത്രപ്പാടിൽ പ്രകൃതിനിയമങ്ങൾ കാറ്റിൽ പറത്തിയവർ, പ്രകൃതിയുടെ താളം തെറ്റിച്ചവർ, അതിൽ തങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് ആത്മശോധന നടത്തിയ വേള കൂടിയായി കൊറോണാക്കാലം.

കോവിഡിന്റെ ഭീതിയും തീവ്രതയും അതിന്റെ പാർശ്വഫലങ്ങളായ സാമ്പത്തിക പ്രതിസന്ധികളും മാനസിക സംഘർഷങ്ങളും ജീവാപായങ്ങളുമൊന്നും നമ്മൾ വിസ്മരിക്കുന്നില്ല. ഒരുപക്ഷേ, ഇന്ത്യയുടെ പശ്ചാത്തലത്തിൽ ഈ മഹാമാരിയുടെ തീവ്രത വരും നാളുകളിൽ ഏറുമായിരിക്കാം. ചില കണക്കുകളനുസരിച്ച്, ജനസംഖ്യയുടെ പകുതിയിലധികം രോഗബാധിതമായേക്കാം. പക്ഷേ, ഈ കെടുതികൾക്കു മുന്നിൽ പകച്ചു നിൽക്കാനോ നഷ്ടധൈര്യരാകാനോ, വിഷാദത്തിൽ മുങ്ങാനോ ഒന്നും ഒരു വിശ്വാസിക്ക് അവകാശമില്ല. കാരണം, നമുക്കു പൂർണമായും ഗ്രഹിക്കാൻ കഴിയുന്നില്ലെങ്കിൽപ്പോലും ഇവയ്ക്കെല്ലാം പിന്നിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ കരങ്ങളുണ്ട്. വിശ്വാസത്തിന്റെ നയനങ്ങളിലൂടെ നമുക്കതു കാണാനാകണം. ആത്യന്തികമായി ആ കരങ്ങൾ നമ്മെ താങ്ങുക തന്നെ ചെയ്യും. റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ്ശ്ലീഹാ ഈ യാഥാർത്ഥ്യം വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്: "ദൈവത്തിന്റെ സമ്പത്തും വിജ്ഞാനവും വിവേകവും എത്ര അഗാധം! അവന്റെ ന്യായവിധികൾ എത്ര അഗ്രാഹ്യം! അവന്റെ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക എത്രയോ ദുഷ്കരം! കർത്താവിന്റെ മനസ്സറിഞ്ഞവർ ആരുണ്ട്? അല്ലെങ്കിൽ ആരാണ് അവന്റെ ഉപദേഷ്ടാവ്?" (റോമാ 11,33-35). ഈയോവിന്റെ പുസ്തകത്തിലെ 38-42 അദ്ധ്യായങ്ങളിലും ദൈവത്തിന്റെ പദ്ധതികൾ ഗ്രഹിക്കാൻ കഴിയാത്ത മനുഷ്യന്റെ നിസ്സഹായതയുടെ സുന്ദരമായ ആവിഷ്ക്കാരമുണ്ട്. ദൈവം കരുണാവാരിധിയാണെങ്കിൽ പിന്നെ എന്തുകൊണ്ട് ഇങ്ങനെയൊരു മഹാമാരി എന്നതിനെ ചുറ്റിപ്പറ്റിയുള്ള വാദപ്രതിവാദങ്ങളെക്കാൾ കൊറോണപോലും നമ്മുടെ നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവത്തിന്റെ ഉന്നത വിജ്ഞാനത്തിനു മുമ്പിൽ അടിയറവു പറയലാണ് നമുക്കാവശ്യം. കൊറോണാവൈറസ് വ്യാപനത്തോടും അനുബന്ധ സംഭവങ്ങളോടുമുള്ള വിശ്വാസിയുടെ മനോഭാവം ഒരിക്കലും സാധാരണക്കാരന്റേതാവില്ല.



ഒരു സുപ്രഭാതത്തിൽ കോവിഡ് അപ്രത്യക്ഷമായി എല്ലാം സാധാരണഗതിയിലേക്കു മടങ്ങും എന്ന മൂഢസ്വപ്നത്തെക്കാൾ കോവിഡിനൊപ്പം ജീവിതം മുമ്പോട്ടു നയിക്കാനുള്ള ക്രിയാത്മക പരിശീലനമാണ് ഇന്നു നമ്മൾ നേടേണ്ടത്. പ്രതിരോധശക്തി വർദ്ധിപ്പിക്കുന്ന ജീവിതശൈലി സ്വന്തമാക്കണം. സാമൂഹിക അകലം പാലിക്കപ്പെടുന്നതിന്റെ പേരിൽ ഒറ്റപ്പെട്ടുപോകുന്നവരോടും കോവിഡുരോഗികളോടും ഹൃദയംകൊണ്ടു സമീപസ്ഥരാകാൻ നമുക്കു കഴിയണം. സാമൂഹിക അകലമല്ല (not social distancing) ശാരീരിക അകലമാണ് (physical distancing) നമ്മൾ പാലിക്കേണ്ടത്.

വിവിധ തരത്തിലുള്ള സമ്മർദ്ദങ്ങളിലൂടെ കടന്നുപോകുന്ന മനുഷ്യർക്കിടയിൽ ചിന്തകളിലും വാക്കുകളിലും പ്രവൃത്തികളിലും പ്രത്യാശ നിറച്ച് സന്തോഷം പകരാൻ നമുക്കാവണം. കോവിഡ് രോഗം മൂലമുള്ള അപ്രതീക്ഷിത മരണങ്ങൾക്കു മുന്നിൽപ്പോലും പതറാൻ വിശ്വാസിക്കാവില്ല. കാരണം, അവനു മരണം ദുരന്തമല്ല; നന്മനിറഞ്ഞ ലോകത്തിലേക്കുള്ള കടന്നുപോകലാണ്. ചുറ്റും അന്ധകാരം നിറയുന്നുവെന്നു തോന്നുമ്പോഴും ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രകാശം നമുക്കു കാണാനാകണം. നമ്മിൽ പതിക്കുന്ന ആ പ്രകാശം പ്രത്യാശയുടെ കിരണങ്ങളായി ലോകത്തിൽ പ്രസരിപ്പിക്കുവാൻ നമുക്കു കഴിയണം. അതു സമ്മർദ്ദത്തിലിരിക്കുന്ന വ്യക്തിയോടുള്ള സ്നേഹസംഭാഷണമാകാം; സാമ്പത്തിക പ്രതിസന്ധി നേരിടുവാനുള്ള സഹായമാകാം; രാഷ്ട്രത്തിന്റെ കോവിഡ് നിർമ്മാർജ്ജന യത്നങ്ങളിലുള്ള പൂർണ്ണമായ പങ്കുചേരലാകാം; കോവിഡിനെ ചെറുക്കാനുള്ള വാക്സിൻ നിർമ്മിക്കാനുള്ള യത്നങ്ങളുടെ വിജയത്തിനായുള്ള പ്രാർത്ഥനയാകാം; അങ്ങനെ ഓരോരുത്തർക്കും അവരവരുടെ ജീവിതശൈലിക്കനുസരിച്ചുള്ള മേഖലകളിൽ പ്രത്യാശയുടെ കിരണങ്ങൾ പ്രസരിപ്പിക്കാനാകും, തീർച്ച. ലോകജനതയുടെ സംഘാതയത്നങ്ങൾ ഫലമണിയാതിരിക്കില്ല.

www.malankaralibrary.com

‘കോവാക്സിൻ’ നമ്മുടെ വിദൂര സ്വപ്നമല്ല. ഓക്സ്ഫഡ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്ത കൊറോണ വൈറസ് വാക്സിൻ ആദ്യഘട്ടം വിജയം കണ്ടല്ലോ.

ചുരുക്കത്തിൽ, കൊറോണ വൈറസിനെ ചെറുക്കാൻ ഉപകരിക്കുന്നത് നമ്മുടെ ഭാവാത്മക മനോഭാവങ്ങളാകാം. കൊറോണയെക്കുറിച്ച് പ്രതിപാദിക്കവേ, ഫ്രാൻസിസ് മാർപാപ്പാ പങ്കുവച്ചതും ഇതേ ആശയമാണ്: “ലോക്ക്ഡൗൺ മാറ്റത്തിനുള്ള വേദിയാണ്. ഇവിടെ ഒറ്റപ്പെടണമോ? വിഷാദത്തിന് അടിമയാകണമോ? അതോ, സർഗ്ഗാത്മകമായി മുന്നേറണമോ? തീരുമാനം നിങ്ങളുടേതാണ്.”

മഹാമാരി എന്ന് വിശേഷിപ്പിക്കപ്പെടുന്ന കോവിഡ്-19 മനുഷ്യന്റെ സാമൂഹിക-സാംസ്കാരിക-വിശ്വാസതലങ്ങളിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചും സ്വാധീനത്തെക്കുറിച്ചുമുള്ള 33 ലേഖനങ്ങളാണ് “വിശ്വാസവും ജീവിതവും ക്വാറന്റീനിൽ” എന്ന ഈ ഗ്രന്ഥത്തിലുള്ളത്. കൃത്യസമത്തുതന്നെ ലേഖനങ്ങൾ നല്കി സഹായിച്ച എല്ലാവരോടും ഹൃദയപൂർവം നന്ദി പറയുന്നു. പൗരസ്ത്യ വിദ്യാപീഠത്തിൽനിന്നു പ്രകാശിതമാകുന്ന ഈ പുസ്തകം വായനക്കാരുടെ ദർശനങ്ങളിൽ നന്മ നിറയ്ക്കാൻ ഉതകുമെന്ന പ്രതീക്ഷയിൽ സന്തോഷപൂർവം അനുവാചക സമക്ഷം സമർപ്പിക്കുന്നു.

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**

# ദൈവശക്തിയിൽ കോവിഡിനെ നേരിടാം

**മാർ തോമസ് ഇലവനാൽ**
**ബിഷപ്പ്, കല്യാൺ രൂപത**

തീർത്തും അപ്രതീക്ഷിതവും ഏറ്റവും പ്രതികൂലവുമായ ഒരു സാഹചര്യത്തിലൂടെ ലോകം കടന്നുപോവുകയാണല്ലോ. കോവിഡ്-19 എന്ന കൊറോണാവൈറസ്രോഗം ഭീതി വളർത്തിക്കൊണ്ട് എല്ലായിടത്തും മരണം വിതച്ചുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, കൊറോണ രോഗംമൂലം ഇന്ന് ലോകംമുഴുവനും ഒരർത്ഥത്തിൽ നിശ്ചലമായിരിക്കുന്നു. പ്രപഞ്ചത്തെ മുഴുവനെയും അതിന്റെ ശക്തികളേയും നിയന്ത്രിക്കാൻപോലും കഴിവുള്ളവനാണ് താനെന്നാണ് മനഷ്യൻ അഹങ്കരിച്ചിരുന്നത്. പക്ഷേ, ഒരു വൈറസിനെപ്പോലും നിയന്ത്രിക്കാനും അതിജീവിക്കാനും കഴിയാതായപ്പോൾ തന്റെ നിസ്സഹായത മനസ്സിലാക്കുവാൻ ഈ മഹാമാരി മനുഷ്യനെ പ്രേരിപ്പിക്കുന്നു.

## ദൈവത്തിന്റെ ശിക്ഷയോ?

ഈ മഹാമാരി ദൈവത്തിന്റെ ശിക്ഷയാണോ എന്നു സംശയിക്കുന്നവരുണ്ടാകാം. ഇവിടെ നോഹയോടുള്ള ദൈവത്തിന്റെ വാഗ്ദാനം നമുക്കെല്ലാം ഓർക്കാം: “മനുഷ്യർ കാരണം ഭൂമിയെ ഇനി ഒരിക്കലും ഞാൻ ശപിക്കുകയില്ല... ജീവജാലങ്ങളെയെല്ലാം ഇനി ഒരിക്കലും നശിപ്പിക്കുകയില്ല” (ഉല്പ 8,21). എങ്കിൽ കോവിഡ് മഹാമാരി ദൈവത്തിന്റെ ശിക്ഷയല്ല, ഒരു ശിക്ഷണമാർഗ്ഗമാണ്. തിരുവചനത്തിൽ നമ്മൾ ഇങ്ങനെ കാണുന്നുണ്ട്: “വിപത്തുകളിൽ ഭഗ്നാശരാകരുതെന്നും ഇത്തരം അനർത്ഥങ്ങൾ നാശത്തിനല്ല, നമ്മുടെ ജനതയുടെ ശിക്ഷണത്തിനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു” (2 മക്ക 6,12). മനുഷ്യൻ തന്റെ ജീവിതശൈലിയിലും പ്രപഞ്ചത്തോടുള്ള മനോഭാവത്തിലും മാറ്റം വരുത്താനുണ്ടെന്ന് ഈ മഹാമാരി നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ടോ എന്നു നമ്മൾ ചിന്തിക്കണം. കോവിഡ് ബാധയിലൂടെ സംജാതമായിരിക്കുന്ന ഇന്നത്തെ നിസ്സഹായാവസ്ഥ ദൈവ

www.malankaralibrary.com

ത്തോടും സഹോദരങ്ങളോടും പുലർത്തേണ്ട ഒരു പുതിയ സമീപനത്തിലേക്കും ബന്ധത്തിലേക്കുമുള്ള ആഹ്വാനമുൾക്കൊള്ളുന്നുണ്ടാവാം.

### ആഹ്വാനം ഉൾക്കൊള്ളാം

പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ, സെന്റ് പീറ്റേഴ്സ് സ്ക്വയറിലെ പ്രാർത്ഥനാശുശ്രൂഷയുടെ അവസരത്തിൽ പറയുകയുണ്ടായി: *"കൊറോണ രോഗം മാനവകുലത്തിന് മാനസാന്തരത്തിനുള്ള ആഹ്വാനം ഉൾക്കൊള്ളുന്നു"*. ദൈവത്തോടും സഹോദരങ്ങളോടും ഈ പ്രപഞ്ചത്തോടുമുള്ള മനോഭാവത്തിലും ബന്ധത്തിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് നമുക്കു തരുന്ന ആഹ്വാനമായിട്ടും ഈ പ്രതിസന്ധിയെ മനസ്സിലാക്കേണ്ടതുണ്ട് എന്നാണിതിനർത്ഥം. സംഭവങ്ങളും ഉദാഹരണങ്ങളായി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈശോ മാനസാന്തരത്തിന് ആഹ്വാനം നല്കുന്നുണ്ട് (ലൂക്കാ 13,1-5).

### ഓർമ്മപ്പെടുത്തലാണ്

ഈ പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിയാണെന്നും ദൈവമാണ് പ്രപഞ്ചത്തിന്റെ പരിപാലകനെന്നുമുള്ള സത്യം മനുഷ്യൻ മറന്നിട്ടുണ്ടെങ്കിൽ പ്രപഞ്ചത്തിലൂടെ ദൈവത്തിങ്കലേക്കു തിരിയുവാൻ (നട 17,26-27) ഈ മഹാമാരി മനുഷ്യനെ ഓർമ്മപ്പെടുത്തുകയാണ്. മനുഷ്യൻ പ്രപഞ്ചത്തിന്റെ അധിനാഥനല്ലെന്നും കാര്യസ്ഥനും സൂക്ഷിപ്പുകാരനും മാത്രമാണെന്നുമുള്ള അവബോധത്തിലേക്ക് മനുഷ്യൻ വരണം.

പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ ഈ പ്രപഞ്ചവും സർവ്വസൃഷ്ടിജാലങ്ങളും മനുഷ്യവർഗ്ഗത്തിന് മുഴുനുംവേണ്ടി ഉള്ളതാണ്; ഇന്നുള്ളവർക്കും നാളെ വരാനിരിക്കുന്നവർക്കുമുള്ളതാണ് എന്നതും മനുഷ്യൻ ഓർക്കണം. അതുകൊണ്ട് എല്ലാ മനുഷ്യർക്കും സഹജീവികളോട് പ്രതിബദ്ധതയുണ്ട്. ദൈവത്തിന്റെ ഇഷ്ടത്തിനെതിരായി പ്രപഞ്ചവസ്തുക്കളെ മനുഷ്യൻ ദുരുപയോഗിക്കരുത് (*Laudato Si*, 159-162). ഈ തലങ്ങളിലെല്ലാം, ഇനിയെങ്കിലും മനുഷ്യൻ തന്റെ തെറ്റുകൾ കണ്ടെത്താനും തിരുത്താനുമായിരിക്കാം ഈ മഹാമാരിയിലൂടെ ദൈവം നമ്മോടാവശ്യപ്പെടുന്നത്.

### നന്ദിയുള്ളവരാകാം

ലോകചരിത്രത്തിൽതന്നെ എന്നും അവിസ്മരണീയമാകത്തക്കവിധം കൊറോണ മഹാമാരി മനുഷ്യജീവിതത്തെത്തന്നെ സ്വാധീനിച്ചു. കോവിഡിനുമുമ്പും കോവിഡിനുശേഷവും എന്ന് നമ്മൾ ചരിത്രത്തെപ്പോലും തിരിക്കേണ്ടിവരുമായിരിക്കാം. ഇന്നുവരെ സംഭവിച്ചിട്ടില്ലാത്ത പല കാര്യങ്ങൾക്കും നമ്മൾ സാക്ഷികളായി. പ്രാർത്ഥനാലയങ്ങൾ, വിദ്യാലയങ്ങൾ, വിനോദകേന്ദ്രങ്ങൾ, പൊതുസ്ഥലങ്ങൾ, ഭരണസംവിധാനങ്ങൾ, മനുഷ്യസഞ്ചാരങ്ങൾ എല്ലായിടത്തും ഇതിന്റെ പരിണതഫലങ്ങൾ ദൃശ്യമായി. എല്ലാവരുടേയും ശ്രദ്ധ, സാമൂഹിക സേവനരംഗത്തേക്കും ആതുരശുശ്രൂഷാമേഖലകളിലേക്കും പ്രതിരോധമാർഗ്ഗങ്ങളിലേക്കും തിരിഞ്ഞു. ഈ മേഖലകളിലുള്ള നിസ്വാർത്ഥസേവനത്തെ വാനോളം പുകഴ്ത്തി. വിവിധ ശുശ്രൂഷാമേഖലകളിലുള്ളവരോട് നാം എന്നും നന്ദിയുള്ളവരാകണമെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.



### ഹൃദയങ്ങൾ അകലാതിരിക്കട്ടെ

ലോക്ക്ഡൗൺകാലം മുഴുവൻ, Stay Home, Stay safe, സാമൂഹിക അകലം പാലിക്കുക ഇതൊക്കെയായിരുന്നു നമ്മൾ ജീവിതനിയമമായി പാലിച്ചത്. എങ്കിലും ഇപ്പോഴും ലോകത്തെവിടെയും രോഗികളും മരണസംഖ്യയും കൂടി വരികയാണെന്ന സത്യം നാം കാണുന്നുണ്ട്. എത്രകാലം ഈ അവസ്ഥ തുടരുമെന്നതിന് ഇപ്പോൾ കൃത്യമായ ഉത്തരമില്ല. ലോക്ക്ഡൗണിന്റെ അവസ്ഥയിൽത്തന്നെ ജീവിതം ഇനിയും അധികം മുമ്പോട്ട് കൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് കോവിഡിന്റെ അനുഭവത്തിൽ നാളെയെക്കുറിച്ചാണ് ഇപ്പോൾ എല്ലാവരും ചിന്തിക്കുന്നത്. ഒരു കാര്യം ഓർക്കാം. കോവിഡ് മഹാമാരി നിലനില്ക്കുന്നിടത്തോളം കാലം നമ്മുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും കാതലായ മാറ്റം സംഭവിക്കും.

കോവിഡ് കാലഘട്ടത്തിൽ മാനുഷികബന്ധങ്ങളിൽ അകൽച്ചയുണ്ടാകും. മനുഷ്യന്റെ സമീപനശൈലിയിൽ മാറ്റമുണ്ടാകും. മുഖാവരണവുമായി മാത്രം പുറത്തിറങ്ങുക എന്നത് ഒരു സാധാരണ ജീവിതശൈലിയായി മാറാം. ഇത് മാനുഷികബന്ധങ്ങളെ വളരെയേറെ സ്വാധീനിക്കും. എന്നാൽ സഹോദരങ്ങളോട് നമ്മൾ വച്ചു പുലർത്തേണ്ട ആത്മാർത്ഥതയ്ക്കും സ്നേഹത്തിനും വ്യക്തിബന്ധത്തിനും ഇത് തടസ്സമായിത്തീരാനനുവദിക്കരുത്. സഹോദരങ്ങളെ മറന്ന് നമുക്ക് ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ലല്ലോ.

### ദൈവത്തിൽ പ്രത്യാശയർപ്പിക്കാം

ഈ മഹാമാരിയുടെ സാഹചര്യത്തിൽ മനുഷ്യന് നാളെയെക്കുറിച്ച് ഏറെ ആകുലതകളുണ്ട്. തങ്ങളും ഈ രോഗത്തിനടിമക

www.malankaralibrary.com

ളായിത്തീരുമോ എന്ന ഭയമുണ്ടാകാം. മാതാപിതാക്കൾക്ക് തങ്ങളുടെ ജോലിയെക്കുറിച്ചും മക്കളുടെ ഭാവിയെക്കുറിച്ചും ആകുലതകളുണ്ട്. ഈ ആകുലതകളിലും അസ്വസ്ഥതകളിലും ദൈവത്തിൽ നമുക്ക് പ്രത്യാശയർപ്പിക്കാം. ഈശോ പറഞ്ഞു, "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട; ദൈവത്തിൽ വിശ്വസിക്കുവിൻ" (യോഹ 14,1). ദൈവം അറിയാതെയും അനുവദിക്കാതെയും നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. ഇതുപോലുള്ള അനുഭവങ്ങളുണ്ടാകുമ്പോൾ ദൈവത്തിലുള്ള നമ്മുടെ വിശ്വാസം അചഞ്ചലമായി കാത്തുസൂക്ഷിക്കണം. കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. കർത്താവ് നമ്മുടെ പ്രാർത്ഥനയ്ക്കുത്തരമരുളും. ഈ ലോകമാകുന്ന കടലിനെ പ്രക്ഷുബ്ധമാക്കുന്ന ഈ മഹാമാരിയെ അവിടുന്ന് ശാന്തമാക്കും.

### പ്രാർത്ഥനയിൽ ആശ്രയിക്കാം

നമുക്ക് ദൈവാലയത്തിൽ പോയി ബലിയിൽ സംബന്ധിക്കാനും കൂദാശകൾ സ്വീകരിക്കാനും കുട്ടികളുടെ വിശ്വാസപരിശീലനം തുടരാനും കുറേ നാളുകൾകൂടി കാത്തിരിക്കേണ്ടിവരും. അതുവരെ തിരുവചനവും കുടുംബപ്രാർത്ഥനകളുംവഴി ദൈവത്തോടുള്ള ബന്ധത്തിൽ വളരണം. എപ്പോഴും നമ്മുടെ വിശ്വാസത്തെ ഉജ്ജ്വലിപ്പിച്ച് കാത്തുസൂക്ഷിക്കണം.

ഏതെല്ലാം പ്രതികൂലസാഹചര്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടായാലും ദൈവത്തെ എല്ലാറ്റിലുമുപരി സ്നേഹിക്കുന്നതിനും വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടി പ്രാർത്ഥിക്കുന്നതിനും സഹോദരങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുന്നതിനും അതൊന്നും പ്രതിബന്ധമാകരുത്. കോവിഡ് മഹാമാരിയുടെ ഈ സാഹചര്യത്തിൽ മാനുഷികമായി നമുക്കെടുക്കാവുന്ന എല്ലാ മുൻകരുതലുകളും നമ്മൾ സ്വീകരിക്കണം. എന്നാൽ അതിലുപരി ദൈവത്തിൽ പരിപൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ പരിപാലനയ്ക്ക് നമ്മെത്തന്നെ സമർപ്പിക്കണം. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമാ 8,28) എന്ന തിരുവചനം നമുക്ക് എന്നും സമാധാനവും സാന്ത്വനവുമരുളട്ടെ. ദൈവത്തിലുള്ള നമ്മുടെ വിശ്വാസം നമുക്കെന്നും ശക്തിയായിരിക്കട്ടെ.

# കോവിഡ്-19: ഒരു ശാസ്ത്രീയ വിശകലനം

**ഡോ. ഫിലിപ്പ് ലിറ്റോ തോമസ്**
**അസി. പ്രഫ. എസ്. ബി. കോളജ്, ചങ്ങനാശേരി**

മനുഷ്യരാശിയുടെ എല്ലാ ശാസ്ത്രീയ നേട്ടങ്ങളെയും വെറും നോക്കുകുത്തിയാക്കിക്കൊണ്ട് ഇത്തിരിപ്പോന്ന ഒരു കൊറോണ വൈറസ് ലോകത്തെ തകിടംമറിച്ചിരിക്കുന്നു. ആറുമാസംകൊണ്ട് ലോകത്തിലെ ഏതാണ്ട് എല്ലാ രാജ്യങ്ങളെയും ഈ മഹാമാരി ബാധിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ, ഈ കൊറോണ വൈറസ് ഇത്ര ശക്തനാണോ അതോ ഇത് മനുഷ്യർതന്നെ വരുത്തിവച്ച ഒരു വിനയാണോ? വൈറസുകളെക്കുറിച്ചു പൊതുവായി മനസ്സിലാക്കുന്നത് ഈ സാഹചര്യം വിശകലനം ചെയ്യാൻ നമ്മെ സഹായിക്കും.

വൈറസുകളെ ശാസ്ത്രം എക്കാലത്തും കൗതുകത്തോടെയാണ് കണ്ടിട്ടുള്ളത്. ജീവനില്ലാത്തവയ്ക്കും ജീവനുള്ളവയ്ക്കും മദ്ധ്യേയുള്ള അവയുടെ സ്ഥാനം തന്നെയാണ് ഇതിനു കാരണം. വൈറസുകൾക്കു ജീവനില്ലേ എന്ന് ചോദിച്ചാൽ മറ്റൊരു ജീവിയുടെ കോശത്തിൽ കയറിപ്പറ്റിയാൽ ജീവൻ വയ്ക്കും എന്നാണ് ഉത്തരം. ഇത്തരത്തിൽ സ്വയം നിലനില്പില്ലാത്ത കോടിക്കണക്കിനു തരം വൈറസുകൾ, ബാക്ടീരിയ മുതൽ മനുഷ്യൻ വരെയുള്ള വിവിധ ജീവികളുടെ കോശങ്ങളിൽ വസിക്കുന്നു.

വളരെ ലളിതമായ ഘടനയോടുകൂടിയവയാണ് വൈറസുകൾ. അവയ്ക്ക് സ്വന്തമായി ജനിതക വസ്തുവും (DNA അല്ലെങ്കിൽ RNA) അതിനു പുറമെ ഒരു പ്രോട്ടീൻ ആവരണവും മാത്രമാണുള്ളത്. ചില വൈറസുകൾക്കു ഈ പ്രോട്ടീൻ അവരണത്തിനു പുറമെ കൊഴുപ്പിന്റെ ഒരു ആവരണം കൂടിയുണ്ടാവും. എന്നാൽ ഇത്രയും വസ്തുക്കൾകൊണ്ട് ഒരു വൈറസിന് സ്വന്തമായി പ്രജനനം നടത്താൻ സാധിക്കില്ല. അതിനാൽ അവയ്ക്ക് പ്രജനനത്തിനായി ബാക്റ്റീരിയകൾ, സസ്യങ്ങൾ, മൃഗങ്ങൾ തുടങ്ങിയ ജീവികളെ ആശ്ര

www.malankaralibrary.com

യിക്കേണ്ടിവരുന്നു. വളരെ വിശേഷവിധിയായ പ്രക്രിയകളാൽ വൈറസുകൾ തങ്ങളുടെ ആതിഥേയജീവികളുടെ കോശങ്ങൾക്കുള്ളിൽ പ്രവേശിക്കും. പൊതുവെ, ഓരോതരം വൈറസിനും അതിന്റെ നിശ്ചിതമായ ആതിഥേയജീവിവർഗം ഉണ്ടാവാറുണ്ട്. ഇങ്ങനെ ജീവികളുടെ കോശങ്ങൾക്കുള്ളിൽ കയറുന്ന വൈറസുകൾ ആ കോശങ്ങളുടെ സംവിധാനങ്ങൾ ഉപയോഗിച്ച് സ്വന്തം പ്രജനനം പൂർത്തിയാക്കി കൂടുതൽ വൈറസുകൾക്കു ജന്മം നല്കുന്നു. പുതുതായി ഉണ്ടാവുന്ന വൈറസുകൾ ആതിഥേയ കോശങ്ങളുടെ പുറത്തു കടക്കുകയും പുതിയ കോശങ്ങളിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഈ പ്രക്രിയക്കിടയിൽ ആതിഥേയ കോശങ്ങൾക്ക് നാശം സംഭവിക്കുകയും അങ്ങനെ രോഗലക്ഷണങ്ങൾ പ്രകടമാവുകയും ചെയ്യും. എന്നാൽ ഇത്തരത്തിൽ ആതിഥേയ കോശങ്ങൾക്കുള്ളിൽ പ്രവേശിക്കുന്ന വൈറസുകൾ എല്ലായ്പോഴും കോശങ്ങൾ നശിപ്പിച്ചു പുറത്തുകടക്കണമെന്നില്ല. ചിലതരം വൈറസുകൾ തങ്ങളുടെ ജനിതകവസ്തു ആതിഥേയ കോശങ്ങളുടെ ജനിതക വസ്തുവിനോട് സംയോജിപ്പിച്ചു വയ്ക്കും. ഇത് പിന്നീട് ഒരു അവസരത്തിൽ പുതിയ വൈറസുകളെ ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുകയും ചെയ്യും.[1] ഇത്തരത്തിൽ വളരെ സങ്കീർണ്ണമായ ഒരു ജീവിതചക്രമാണ് വൈറസുകൾക്കുള്ളത്.

ജനിതകവസ്തുവായ DNA അല്ലെങ്കിൽ RNA പരിവർത്തനങ്ങൾക്കു വിധേയമാണ്. മനുഷ്യർക്കും മററു ജീവി വർഗ്ഗങ്ങൾക്കും സ്വന്തം ജനിതകവസ്തുവിൽ വരുന്ന ഇത്തരം പരിവർത്തനങ്ങളെ തിരിച്ചറിഞ്ഞു തിരുത്തുവാനുള്ള കഴിവുണ്ട്. എന്നാൽ വൈറസിന് അതിനുള്ള കഴിവില്ലാത്തതിനാൽ അവയുടെ ജനിതകവസ്തു പെട്ടെന്ന് പരിവർത്തനങ്ങൾക്കു വിധേയപ്പെടുകയും അതുമൂലം വൈറസിന്റെ പൊതുവായ ഘടനയിലോ സ്വഭാവത്തിലോ മാറ്റങ്ങൾ വരുകയും ചെയ്യാം. ഇത്തരം പരിവർത്തനങ്ങളെ മ്യൂട്ടേഷൻ എന്ന് വിളിക്കുന്നു. മ്യൂട്ടേഷനുകളിലൂടെയാണ് വൈറസുകളുടെ പരിണാമം നടക്കുന്നത്. ഇങ്ങനെ മാറ്റങ്ങൾ വരുന്ന വൈറസുകൾ ഒരുപക്ഷേ പുതിയ ജീവി വർഗ്ഗങ്ങളിലേക്കു പടരാൻ ഉള്ള കഴിവ് നേടിയിട്ടുണ്ടാവാം. അങ്ങനെ അതുവരെ മനുഷ്യന് ഹാനികരമല്ലാതിരുന്ന ഒരു വൈറസ് പെട്ടെന്ന് മനുഷ്യനിലേക്ക് പടരുകയും രോഗകാരണമായിത്തീരുകയും ചെയ്തേക്കാം. മനുഷ്യന് ഹാനികരമായ വൈറസുകളിൽ മൂന്നിൽ രണ്ടും മൃഗങ്ങളിൽനിന്നാണ് മനുഷ്യനിലേക്കു പടരുന്നത്.[2]



ഇരുന്നൂറിൽപരം വൈറസുകൾ മനുഷ്യർക്ക് രോഗമുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ മിക്ക വൈറസുകളും മനുഷ്യർക്ക് വലിയ ദോഷങ്ങൾ ഒന്നും ഉണ്ടാക്കാത്തവയാണ്. എന്നാൽ ചില വൈറസുകൾ നമ്മെ വല്ലാതെ ഭീതിപ്പെടുത്താറുണ്ട്. അത്തരമൊരു അവസ്ഥയിലൂടെയാണ് ഇന്ന് ലോകം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ലോകത്തിൽ 188 രാജ്യങ്ങളിലായി ഒരു കോടിയിലേറെ മനുഷ്യരെ കോവിഡ്-19 എന്ന മഹാമാരി ബാധിച്ചിരിക്കുന്നു. ചൈനയിൽനിന്ന് ഉത്ഭവിച്ച ഈ വൈറസ് വവ്വാലുകളിൽനിന്ന് നേരിട്ടോ അല്ലെങ്കിൽ ഈനാംപേച്ചി പോലുള്ള മറ്റൊരു ജീവി വഴിയായോ മനുഷ്യരിലേക്ക് പടർന്നതാണെന്നാണ് കരുതപ്പെടുന്നത്.[3]

ഈ രോഗമുണ്ടാക്കുന്ന SARS-CoV-2 എന്ന വൈറസിനെതിരെ മനുഷ്യർക്ക് പ്രതിരോധ ശേഷിയില്ല. ബാക്റ്റീരിയ്ക്ക് എതിരെ ഉപയോഗിക്കുന്ന ആന്റിബയോട്ടിക്കുകൾ വൈറസുകൾക്കെതിരെ ഫലിക്കുകയില്ല. കോവിഡിനെതിരെ മരുന്ന് കണ്ടെത്താനും വാക്സിൻ വികസിപ്പിക്കാനുമുള്ള ഗവേഷണങ്ങൾ ലോകമെമ്പാടും പുരോഗമിക്കുകയാണ്. എങ്കിലും ഒരു മരുന്നോ വാക്സിനോ വികസിപ്പിക്കാൻ ഒരു വർഷത്തോളം സമയം വേണ്ടിവരുമെന്നാണ് ശാസ്ത്രജ്ഞരുടെ അഭിപ്രായം. അതുവരെ രോഗം സംക്രമിക്കാതെ സൂക്ഷിക്കുക മാത്രമാണ് മാർഗ്ഗം.

കോവിഡ്-19 ന് കാരണക്കാരനായ SARS-CoV-2 എന്ന വൈറസിന്റെ അതെ കുലത്തിൽപെട്ട SARS-CoV, MERS-CoV എന്നീ വൈറസുകളും മനുഷ്യരിൽ രോഗം വരുത്തുന്നവയാണെന്ന് മുമ്പ് കണ്ടെത്തിയിട്ടുണ്ട്. എങ്കിലും രോഗം പരത്തുന്നതിൽ അവയ്ക്കില്ലാത്ത ഒരു കരുത്ത് SARS-CoV-2 ന് ഉണ്ടെന്നാണ് ശാസ്ത്രജ്ഞരുടെ അഭിപ്രായം. SARS-CoV-2 മനുഷ്യകോശങ്ങളിലേക്ക് കയറാൻ ഉപയോഗിക്കുന്ന സ്പൈക്ക് പ്രോട്ടീനിൽ വന്നിരിക്കുന്ന മ്യൂട്ടേഷൻ കാരണം ഈ വൈറസിന് കൂടുതൽ ദൃഢത ലഭിക്കുന്നു എന്ന് ചില ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.[4] കൂടാതെ SARS-CoV-2 വൈറസ് ബാധയുള്ള എല്ലാവരിലും രോഗലക്ഷണങ്ങൾ ഉണ്ടായിരിക്കില്ല എന്നതും ഇതിന്റെ സംക്രമണം കൂട്ടാൻ സഹായിക്കുന്നു.

മറ്റു ജീവികളിൽ രോഗം ഉണ്ടാക്കുവാൻ മാത്രമായി എന്തിന് വൈറസുകൾ പ്രകൃതിയിൽ നിലനിൽക്കുന്നു എന്ന് നാം സംശയിച്ചേക്കാം. പല വൈറസുകളും ശാസ്ത്രത്തിന്റെ സൃഷ്ടിയാണെന്ന് വിശ്വസിക്കുന്നവരും ഉണ്ട്. യഥാർത്ഥത്തിൽ മറ്റേതു ജീവിയേയും

www.malankaralibrary.com

പോലെ പ്രകൃതിയുടെ ഒരു ഭാഗം തന്നെ ആണ് വൈറസുകളും. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളും പരസ്പരം ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ജീവജാലങ്ങളുടെ പരസ്പരമുള്ള കൊടുക്കൽ-വാങ്ങലുകളിലൂടെയാണ് പ്രകൃതിയുടെ സന്തുലിതാവസ്ഥ നില നില്ക്കുന്നത്.

അങ്ങനെയെങ്കിൽ വൈറസുകളെക്കൊണ്ട് നമുക്ക് എന്തെ ങ്കിലും ഗുണമുണ്ടോ? ചില വൈറൽ സംക്രമത്തിൽ നിന്നും ലഭിച്ച ജീനുകൾ മനുഷ്യനുൾപ്പെടെ പല ജീവികളുടെയും നിലനില്പിന് പോലും ആധാരമായിട്ടുണ്ട്. മനുഷ്യരുടെ ജീനോമിന്റെ (ജനിതക വസ്തു) 8% വൈറസുകളിൽനിന്നും ലഭിച്ചിട്ടുള്ളതാണെന്ന് കണ്ടെ ത്തിയിട്ടുണ്ട്.[5] മനുഷ്യഗർഭപാത്രത്തിൽ കുഞ്ഞിന്റെ വളർച്ചയെ പരി പോഷിപ്പിക്കാൻ ഒരു റെട്രോവൈറൽ ജീൻ സഹായിക്കുന്നുണ്ടെന്ന് അറിയുമ്പോൾ പ്രകൃതിയിൽ അവയുടെ പ്രാധാന്യം എന്താണെന്നു ഊഹിക്കാൻ കഴിയും.[6] ഇത്തരത്തിൽ മനുഷ്യന് ഗുണകരമായ പല വൈറസുകളെയും ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്.[7]

കോവിഡ്-19 നെ ഒരു മഹാമാരി ആക്കിത്തീർത്തതിൽ മനു ഷ്യന് വലിയൊരു പങ്കുണ്ട് എന്നു നിസ്സംശയം പറയാം. ആധു നിക ലോകത്തിലെ വേഗതയേറിയ യാത്രാമാർഗ്ഗങ്ങൾ തന്നെയാണ് ഈ വൈറസിനെ ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും എത്തി ച്ചത്. പുരോഗതിയുടെ ഒരു വശം മാത്രം നോക്കിക്കൊണ്ട് മുന്നേ റിയപ്പോൾ നാം പ്രകൃതിയെ മറന്നു. സ്വന്തം സുഖത്തിനും നേട്ട ങ്ങൾക്കും വേണ്ടി പ്രകൃതിയെ ചൂഷണം ചെയ്ത മനുഷ്യൻ, പ്രകൃ തിയിലെ ഏറ്റവും നിസ്സാര ജീവിയെന്നു വിളിക്കാവുന്ന വൈറസിന്റെ മുന്നിൽ നിസ്സഹായനായി നിൽക്കേണ്ടി വന്നിരിക്കുന്നു. മനുഷ്യർ തങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങൾക്കായി പ്രകൃതിയെ ചൂഷണം ചെയ്തപ്പോൾ ജീവികളിലുണ്ടായ സമ്മർദ്ദം വൈറൽ രോഗങ്ങൾ വർദ്ധിക്കാൻ ഇടവരുത്തിയിട്ടുണ്ടെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളി യിക്കുന്നു.[8] താൻ പ്രകൃതിയുടെ ഒരു ഭാഗം മാത്രമാണെന്നുള്ള സത്യം മറന്ന് മനുഷ്യൻ തന്റെ സുഖത്തിനുവേണ്ടി മാത്രം പ്രകൃതി വിഭവങ്ങളെ ഉപയോഗിച്ചപ്പോൾ, പ്രകൃതിയുടെ താളം തെറ്റി. മനു ഷ്യന് തനിച്ച് ഈ ലോകത്തിൽ ഒരു നിലനില്പില്ല എന്ന സത്യം നമ്മെ ഓർമ്മിപ്പിക്കാൻ ഇത്തരം ദുരിതങ്ങൾക്ക് ആവുമെങ്കിൽ ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ട് നമുക്ക് പ്രകൃതിയോട് ഇണങ്ങി ജീവിക്കാം.



## References


1. Liu, H. *et al.,* Widespread horizontal gene transfer from circular single-stranded DNA viruses to eukaryotic genomes. *BMC Evol. Biol.* (2011). doi:10.1186/1471-2148-11-276.
2. Woolhouse, M. E. J. & Gowtage-Sequeria, S. Host range and emerging and reemerging pathogens. *Emerg. Infect. Dis.* (2005). doi:10.3201/eid1112.050997.
3. Zhang, T., Wu, Q. & Zhang, Z. Probable Pangolin Origin of SARS-CoV-2 Associated with the COVID-19 Outbreak. *Curr. Biol.* (2020). doi:10.1016/j.cub.2020.03.022.
4. Coutard, B. *et al.* The spike glycoprotein of the new coronavirus 2019-nCoV contains a furin-like cleavage site absent in CoV of the same clade. *Antiviral Res.* (2020). doi:10.1016/j.antiviral.2020.104742.
5. Wildschutte, J. H. *et al.* Discovery of unfixed endogenous retrovirus insertions in diverse human populations. *Proc. Natl. Acad. Sci. U. S. A.* (2016). doi:10.1073/pnas.1602336113.
6. Muir, A., Lever, A. & Moffett, A. Expression and functions of human endogenous retroviruses in the placenta: An update. *Placenta* (2004). doi:10.1016/j.placenta.2004.01.012.
7. Mietzsch, M. & Agbandje-McKenna, M. The Good That Viruses Do. *Annu. Rev. Virol.* (2017). doi:10.1146/annurev-vi-04-071217-100011.
8. Jiménez-Clavero, M. A. Animal viral diseases and global change: Bluetongue and West Nile fever as paradigms. *Frontiers in Genetics* (2012). doi:10.3389/fgene.2012.00105.


www.malankaralibrary.com

# കോവിഡ്-19: രോഗവും ചികിത്സയും

**ഡോ. എം. എ. ആൻഡ്രൂസ്**
**പ്രിൻസിപ്പൾ, തൃശൂർ മെഡിക്കൽ കോളജ്**

വുഹാനിൽനിന്ന് 2020 ജനുവരി 24 ന് തൃശൂർ എത്തിയ ഒരു വ്യക്തിക്കാണ് ഇൻഡ്യയിൽത്തന്നെ ആദ്യമായി കോവിഡ്-19 സ്ഥിരീകരിക്കപ്പെട്ടത്. അതോടെ കോവിഡ്, മലയാളികളായ നമ്മുടെ ജീവിതത്തെ ആകെ മാറ്റി മറിച്ചിരിക്കുന്നു. കോവിഡ്കാലം മനുഷ്യനു വെല്ലുവിളികൾ ഉയർത്തുകയാണ്. ഇതുവരെ കണ്ടിട്ടില്ലാത്തതും കേട്ടിട്ടില്ലാത്തതും നമ്മൾ നേരിടുന്നു. ഒരു മഹാമാരി നമ്മളെ ചുറ്റിതിരിയുന്നു. ശാരീരിക ചലനങ്ങൾ, എന്തിന് സംസാര രീതിപോലും മാറിമറിയുന്നു. ആരൊക്കെ അസുഖബാധിതരാകും, ആരൊക്കെ ഈ മഹാമാരിയെ അതിജീവിക്കും എന്ന് ആർക്കും പ്രവചിക്കാൻ കഴിയാത്ത അവസ്ഥ.

**രോഗലക്ഷണങ്ങൾ**

കൊറോണാ ബാധിക്കുന്ന 70-75% പേർക്കും ചെറിയ വിഷമങ്ങൾ മാത്രമേ ഉണ്ടാകാറുള്ളു. കോവിഡ്-19 രോഗം ഒരു സാധാരണ വൈറൽപനിപോലെ മാത്രമേ കാണപ്പെടുകയുള്ളു. ലക്ഷണങ്ങളനുസരിച്ച് കൊറോണാ രോഗികളെ മൂന്നായി തരംതിരിക്കാം:

*കാറ്റഗറി എ*: പനി, തൊണ്ടവേദന, വയറിളക്കം തുടങ്ങിയ ലക്ഷണങ്ങളുള്ളവർ.

*കാറ്റഗറി ബി*: ശക്തമായ പനിയും കഠിനമായ തൊണ്ടവേദനയും ചുമയുമുള്ളവർ. ഡയബറ്റിക്, ഹൈപർ ടെൻഷൻ, ക്യാൻസർ തുടങ്ങിയ രോഗങ്ങളുള്ളവർ ഹൈ റിസ്കിലാണ്.

*കാറ്റഗറി സി*: ശ്വാസംമുട്ടൽ, മയക്കം, കഫത്തിൽ രക്തം, പ്രഷർ കുറവ് തുടങ്ങിയ ലക്ഷണങ്ങളുള്ളവർ. ജന്നി, ഭക്ഷണ



ത്തോടു താല്പര്യമില്ലായ്മ തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്ന കുട്ടികളും കാറ്റഗറി സി. യിൽപ്പെടും.

**എന്തിനാണ് ഗ്രേഡ്?**

ടെസ്റ്റു ചെയ്യുന്നതിനും ചികിത്സ നിശ്ചയിക്കുന്നതിനും വേണ്ടിയാണ് ഗ്രേഡ് തിരിക്കുന്നത്. അനുവർത്തിക്കേണ്ട കാര്യങ്ങൾ:

*കാറ്റഗറി എ*: സമീകൃത ആഹാരം കഴിക്കുക, ചൂടുവെള്ളം ഉപ്പു ചേർത്തു ഗാർഗിൾ ചെയ്യുക.

*കാറ്റഗറി ബി*: ദിശ നമ്പറിൽ വിളിക്കുക. ആശുപത്രിയിൽ പോവുക. മാസ്ക്/കർച്ചീഫ് ധരിച്ചുവേണം ആശുപത്രിയിൽ പോകാൻ. ബസിൽ യാത്ര ചെയ്യുന്നതു പരമാവധി ഒഴിവാക്കുക. ആവശ്യമെങ്കിൽ ആംബുലൻസ് ഉപയോഗിക്കുക. ടെസ്റ്റു ചെയ്തതിനുശേഷം ഡോക്ടർ പറയുന്നതനുസരിച്ചു പ്രവർത്തിക്കുക.

*കാറ്റഗറി സി*: ഇത് സീരിയസ് കേസാണ്. അവരെ കോവിഡ് ആശുപത്രിയിൽ ചികിത്സിക്കുക. സാധാരണയായി മെഡിക്കൽ കോളജ് അഥവാ ജില്ലാ ആശുപത്രിയിലാണ് ഇവർക്കു ചികിത്സാ സൗകര്യമുള്ളത്.

**എങ്ങനെയാണ് വൈറസ് ശരീരത്തിൽ പ്രവേശിക്കുന്നത്?**

ശ്വാസകോശം വഴിയാണ് 90 ശതമാനം വൈറസും മനുഷ്യശരീരത്തെ ബാധിക്കുന്നത്. അണു ബാധയുള്ള ഏതെങ്കിലും പ്രതലത്തിൽ സ്പർശിച്ച കൈകൊണ്ട് മൂക്കിലും വായിലും തൊടു മ്പോൾ അതു ശരീരത്തിൽ പ്രവേശിക്കും. ശ്വസന നാളികളിൽവച്ച് വൈറസ് പല മടങ്ങായി വർദ്ധിക്കുന്നു. ശ്വാസകോശത്തിൽ അത് ന്യൂമോണിയ ആയി മാറുന്നു. 15 ശതമാനത്തിൽ താഴെ ആളുകൾ ക്കാണു ന്യൂമോണിയ ഉണ്ടാവാൻ സാധ്യതയുള്ളത്.

**ആരൊക്കെ, എങ്ങനെയൊക്കെ ശ്രദ്ധിക്കണം?**

ഹൃദയം, വൃക്ക, കരൾ സംബന്ധമായ അസുഖമുള്ളവരാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. ഡയബറ്റിസ്, ക്യാൻസർ തുടങ്ങിയ രോഗമുള്ളവരും ശ്രദ്ധിക്കണം. ഗർഭിണികളും 60 വയസ്സിനു മുകളിലുള്ളവരും 10 വയസ്സിനു താഴെയുള്ളവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പാലിക്കേണ്ട കരുതലുകൾ:

www.malankaralibrary.com

1. പരസ്പരം അകന്നു കഴിയുക
2. യാത്രകളും ചടങ്ങുകളും ഒഴിവാക്കുക
3. പ്രായമായവർ കഴിവതും വീടിനു പുറത്തിറങ്ങാതിരിക്കുക
4. ശുചിത്വം പാലിക്കുക
5. ഇടയ്ക്കിടെ കൈ കഴുകുക
6. തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ടവ്വൽ ഉപയോഗിക്കുക.
7. വിദേശത്തുനിന്നു വരുന്നവർ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക

**ചികിത്സ**

75 ശതമാനം ആളുകകൾക്കും സാധാരണ വൈറൽ പനിക്കു നല്കുന്നതുപോലുള്ള ചികിത്സ മതി. ഗുരുതരമായി രോഗം ബാധിക്കുന്നവർക്ക് ആന്റി വൈറൽ ഡ്രഗ്സ്, പ്ലാസ്മ ചികിത്സ തുടങ്ങിയ പ്രതിവിധികളുണ്ട്. കൃത്രിമ ശ്വാസവും ഓക്സിജനും നല്കിയുള്ള ചികിത്സകളുമുണ്ട്. മുമ്പ് പ്ലാസ്മ തെറാപ്പി വളരെ കുറച്ചു സ്ഥാപനങ്ങൾക്കു മാത്രമേ ചെയ്യാൻ അനുവാദമുണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അനുവാദമുള്ളതിനാൽ കൂടുതൽ ആശുപത്രികൾക്ക് ഈ ചികിത്സ ചെയ്യാൻ സാധിക്കും. സാമാന്യമായ രോഗാവസ്ഥയിൽ ഓക്സിജൻ, സ്റ്റിറോയിഡ് എന്നിവ നല്കിയിട്ടും രോഗിക്ക് ഓക്സിജന്റെ ആവശ്യം കൂടിവരികയാണെങ്കിൽ പ്ലാസ്മ തെറാപ്പി സഹായകരമാകും.

**എന്താണ് പ്ലാസ്മ തെറാപ്പി?**

കോവിഡ് രോഗം ബാധിച്ചു ഗുരുതരാവസ്ഥയിൽ ആകുന്ന രോഗികൾക്ക് ആശ്വാസം പകരുന്ന ഒരു നൂതനചികിത്സയാണ് കൺവാളസെന്റ് പ്ലാസ്മ തെറാപ്പി. കോവിഡ് രോഗത്തെ നിയന്ത്രിക്കാൻ ഫലപ്രദമായ മരുന്നുകൾ കുറവായ സാഹചര്യത്തിൽ പ്ലാസ്മ തെറാപ്പി വളരെ പ്രാധാന്യം അർഹിക്കുന്നു.

പ്രതിരോധ കുത്തിവെയ്പ്പുകൾ വരുന്നതിനുമുമ്പ് പോളിയോ, അഞ്ചാംപനി തുടങ്ങിയ രോഗങ്ങളെ നേരിടാൻ ഈ ചികിത്സാരീതി അവലംബിച്ചിരുന്നു. കോവിഡ്രോഗം ബാധിക്കുന്നവരിൽ വൈറസിനെതിരെ ഉണ്ടാകുന്ന പ്രതിരോധപദാർത്ഥങ്ങളെയാണ് ആന്റിബോഡി എന്ന് പറയുന്നത്. കോവിഡ്രോഗം ബാധിച്ചു സുഖം പ്രാപിക്കുന്നവരുടെ രക്തത്തിൽ ഇത്തരം ആന്റിബോഡി ധാരാളം



ഉണ്ടാകും. അങ്ങനെ സുഖം പ്രാപിച്ച രോഗികളുടെ രക്തത്തിൽ നിന്ന് ആന്റിബോഡി അടങ്ങിയിട്ടുള്ള പ്ലാസ്മ വേർതിരിച്ചു ഗുരുതരാവസ്ഥയിലുള്ള രോഗികൾക്കു കൊടുക്കുമ്പോൾ അത് രോഗശമനത്തിന് കാരണമാകുന്നു.

കോവിഡ് രോഗത്തിൽനിന്നു പൂർണമായി സുഖംപ്രാപിച്ച, 18-നും 65-നുമിടയിൽ പ്രായവും 50 കിലോയ്ക്കു മുകളിൽ തൂക്കവുമുള്ള എല്ലാവർക്കും, രോഗം മാറി ഒരു മാസത്തിനും മൂന്നു മാസത്തിനും ഇടയിൽ പ്ലാസ്മ തെറാപ്പിക്കുവേണ്ടി രക്തം ദാനം ചെയ്യാവുന്നതാണ്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ (ഡയബറ്റിസ്, ഹൈപർ ടെൻഷൻ, ശ്വാസകോശ-കരൾ-വൃക്ക-ഹൃദയ സംബന്ധമായ രോഗങ്ങൾ) ഉണ്ടായിരിക്കരുത്. ഒരാൾക്ക് രണ്ടു മുതൽ നാലുവരെ ആഴ്ചകൾ ഇടവിട്ട് എത്ര പ്രാവശ്യം വേണമെങ്കിലും പ്ലാസ്മ ദാനം ചെയ്യാം. ഒരിക്കലെങ്കിലും ഗർഭം ധരിച്ച സ്ത്രീകൾക്ക് പ്ലാസ്മ ദാതാക്കളാകുവാൻ സാധിക്കില്ല.

ഇത്തരത്തിൽ രക്തം ദാനം ചെയ്യുന്നവരിൽനിന്ന് എഫെറെസിസ് എന്ന പ്രക്രിയയിലൂടെ ആന്റിബോഡി അടങ്ങിയിട്ടുള്ള പ്ലാസ്മ വേർതിരിച്ച് എടുക്കുന്നു. ഒരു ദാതാവിൽനിന്ന് 400 ാഹ പ്ലാസ്മ എടുക്കാൻ പറ്റും. ഇത് 200 ാഹ അളവിൽ രണ്ടു തവണയാണ് രോഗിക്ക് കൊടുക്കുന്നത്. ഗുരുതരമായ പാർശ്വഫലങ്ങളൊന്നും പ്ലാസ്മ ചികിത്സക്കില്ല. അതേസമയം അതീവ ഗുരുതരാവസ്ഥയിലുള്ള കോവിഡ് രോഗികൾക്ക് ഇത് ഉപകാരപ്രദമാവുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുമുണ്ട്.

തൃശൂർ മെഡിക്കൽ കോളജ്, അതീവ ഗുരുതരാവസ്ഥയിലായിരുന്ന പല രോഗികൾക്കും എഫെറെസിസ് മുഖേന പ്ലാസ്മ ചികിത്സ ഫലപ്രദമായി ഉപയോഗിക്കുകയുണ്ടായി. കോവിഡ്-19 രോഗം ബാധിക്കുന്നവരിൽ 0.2 ശതമാനത്തിനു മാത്രമേ അതു മരണകാരണമാകുന്നുള്ളു എന്നതാണു വലിയ ആശ്വാസം. മറ്റേതൊരു പ്രതിസന്ധിയെയും എന്നതുപോലെതന്നെ ഇതിനെയും നമ്മൾ അതിജീവിക്കുക തന്നെ ചെയ്യും.

www.malankaralibrary.com

# കോവിഡ്-19: വചനാത്മകദർശനം

**ഡോ. തോമസ് വടക്കേൽ**

കൊറോണാക്കാലം (Corona) കോവിഡുകാലം (Covid) എന്നൊക്കെ അറിയപ്പെടുന്ന രോഗഭീതിയുടെ ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. 2019-ൽ ചൈനയിലെ വുഹാനിൽ (Wuhan) ആരംഭിച്ചത് ലോകം മുഴുവനിലേക്കും തന്നെ പടർന്ന് പിടിച്ച ഒരു മഹാമാരിയുടെ, പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ 'കോവിഡ്-19 : വചനാത്മക ദർശനം' എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കുന്നത് പ്രസക്തമാണ്.

വിശുദ്ധ ഗ്രന്ഥത്തിൽ മഹാമാരികളെക്കുറിച്ചും, രോഗാവസ്ഥകളെക്കുറിച്ചും വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. രോഗാവസ്ഥകളോട് ദൈവത്തിന്റെ ജനം വിവിധങ്ങളായ രീതികളിൽ പ്രതികരിച്ചിട്ടുമുണ്ട്. രോഗാവസ്ഥകളെയും, മഹാമാരികളെയും ജനം വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകളിൽ കണ്ടിട്ടുമുണ്ട്, മനസ്സിലാക്കിയിട്ടുമുണ്ട്. രോഗം, രോഗാവസ്ഥ തുടങ്ങിയവ എന്താണെന്നും അവയോട് ജനം ദൈവമനുഷ്യ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ പ്രതികരിച്ചുവെന്നും വചനത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കുകയാണ് ഈ ലേഖനത്തിൽ. 'വചനാത്മകദർശനം' എന്ന വാക്ക് ഇതാണ് അർത്ഥമാക്കുന്നത്. ഒപ്പം, കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നാം എപ്രകാരം ഈ സാഹചര്യത്തോട് പ്രതികരിക്കണമെന്നും ലേഖനം പ്രതിപാദിക്കുന്നു.

## I. രോഗം, രോഗകാരണം - പഴയനിയമവെളിച്ചത്തിൽ

മനുഷ്യന് എക്കാലവും ഉത്തരം ലഭിക്കാത്ത പ്രശ്നമായിരുന്നു രോഗവും സഹനവും. ബൈബിൾ എഴുതപ്പെട്ട കാലഘട്ടത്തിൽ ശരീരശാസ്ത്രപരമായ അറിവുകൾ മനുഷ്യന് വളരെക്കുറവായിരുന്നു. അവർ ജീവിക്കുന്ന ലോകത്തെക്കുറിച്ചും പ്രപഞ്ചശക്തി



കളെക്കുറിച്ചുമുള്ള ജ്ഞാനത്തിന്റെ വെളിച്ചത്തിലാണ് രോഗങ്ങൾക്ക് മനുഷ്യൻ കാലാകാലങ്ങളിൽ വിശദീകരണം നൽകിയിരുന്നത്. ദൈവം, സാത്താൻ, പൂർവ്വികരുടെ പാപം, പ്രകൃതിനിയമങ്ങളുടെ ലംഘനം എന്നിവയൊക്കെയാണ് പൊതുവെ രോഗകാരണങ്ങളായി വിശുദ്ധഗ്രന്ഥരൂപീകരണകാലത്തെ ജനങ്ങൾ മനസ്സിലാക്കിയിരുന്നത്. മനുഷ്യബുദ്ധിക്കതീതമായതും, അഗ്രാഹ്യമായതുമായ കാര്യങ്ങളെല്ലാം ദൈവത്തിലോ സാത്താനിലോ ആരോപിക്കുകയെന്നത് പൂർവ്വകാലങ്ങളിൽ സാധാരണമായിരുന്നു.

വിശുദ്ധഗ്രന്ഥ കാഴ്ചപ്പാടിൽ, ജീവശക്തിയുടെ പൂർണ്ണതയാണ് ആരോഗ്യം. അങ്ങനെയെങ്കിൽ, ദൗർബല്യത്തിന്റെയും ബലഹീനതയുടെയും അവസ്ഥയാണ് രോഗം, ജീവശക്തി ക്ഷയിച്ചുപോകുന്ന ഒരു അവസ്ഥ. രോഗിയുടെ ശാരീരികവും മാനസികവുമായ അവസ്ഥയെ സങ്കീർത്തനം സമ്യക്കായി അവതരിപ്പിക്കുന്നുണ്ട്: "കർത്താവേ, ഞാൻ തളർന്നിരിക്കുന്നു. കർത്താവേ, എന്റെ അസ്ഥികൾ ഇളകിയിരിക്കുന്നു. എന്റെ ആത്മാവ് അത്യന്തം അസ്വസ്ഥമായിരിക്കുന്നു. ദുഃഖം കൊണ്ട് എന്റെ കണ്ണ് മങ്ങുന്നു" (സങ്കീ 6:3f). "എന്റെ ശരീരത്തിൽ സ്വസ്ഥതയില്ല. എന്റെ അസ്ഥികളിൽ ആരോഗ്യവുമില്ല. എന്റെ വ്രണങ്ങൾ അഴുകി നാറുന്നു. എന്റെ അരക്കെട്ട് ജ്വരംകൊണ്ട് പൊള്ളുന്നു. എന്റെ ശരീരത്തിന് തീരെ സൗഖ്യമില്ല ഹൃദയക്ഷോഭം നിമിത്തം ഞാൻ നെടുവീർപ്പെടുന്നു" (സങ്കീ 38:3f).

പ്രപഞ്ചത്തിലും മനുഷ്യജീവിതത്തിലുമുള്ള സർവ്വതിനെയും ദൈവവുമായി ബന്ധിപ്പിച്ച് കാണാനുള്ള ഒരു ശ്രമം പഴയനിയമകാലത്ത് നിലനിന്നിരുന്നു. മനുഷ്യന്റെ രോഗാവസ്ഥകളെയും ഈ പരിപ്രേഷ്യത്തിൽത്തന്നെ അന്ന് കണ്ടിരുന്നുവെന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉത്പത്തി പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു... ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു. സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ..." (1:27-28). ദൈവം മനുഷ്യനെ സൃഷ്ടിച്ചത് സൗഭാഗ്യാവസ്ഥയിലാണ്.

എന്നാൽ, ദൈവവുമായി തിരച്ഛീനബന്ധവും പ്രകൃതിയുമായി ലംബബന്ധവും കാത്തുസൂക്ഷിച്ച മനുഷ്യൻ ദൈവകല്പന ലംഘിക്കുക വഴി പാപം ചെയ്യുകയും സൗഭാഗ്യാവസ്ഥയിൽനിന്ന്

www.malankaralibrary.com

പുറത്താവുകയും ചെയ്തു. അത് അവന് ക്ലേശകാരണമായി മാറി (ഉത്പത്തി 3).

ദൈവവുമായും പ്രകൃതിയുമായും ഉള്ള മനുഷ്യന്റെ ബന്ധം നഷ്ടപ്പെടുമ്പോൾ അവനുണ്ടാകുന്ന അസ്വസ്ഥതയുടെ പേരാണ് രോഗം. മനുഷ്യന്റെ തെറ്റുകൾക്കുള്ള ദൈവശിക്ഷയാണ് രോഗം എന്നതായിരുന്നു പഴയനിയമ കാഴ്ചപ്പാട്. തെറ്റ് ചെയ്ത ദാവീദിനോട് ഗാദ് പ്രവാചകൻവഴി കർത്താവ് മൂന്നു കാര്യങ്ങൾ അരുളിചെയ്യുന്നുണ്ട് (2 സാമു. 24). അതിലൊന്ന് തിരഞ്ഞെടുക്കു വാൻ അവിടുന്ന് അവനോട് കല്പിക്കുകയും ചെയ്തു. (1) 3 വർഷം ക്ഷാമം (2) ശത്രുക്കളിൽ നിന്ന് 3 മാസം ഒളിവിൽ താമസിക്കുക (3) രാജ്യത്ത് 3 ദിവസം പകർച്ചവ്യാധി ഉണ്ടാവുക. അതിൽ ഒന്ന് ദാവീദ് തിരഞ്ഞെടുത്തു. 15-ാം വാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "അങ്ങനെ അന്ന് പ്രഭാതം മുതൽ നിശ്ചിതസമയം വരെ കർത്താവ് ഒരു പകർച്ചവ്യാധി അയച്ചു." പാപപങ്കിലമായ ലോകത്തിനു നേരെയുള്ള ദൈവകോപത്തിന്റെ അടയാളമായിട്ടാണ് ശാരീരിക ക്ലേശങ്ങളെ മനസ്സിലാക്കിയിരുന്നത് എന്ന് പുറപ്പാട് 9:8-12-ൽ കാണാം. Illness is the sign of Divine wrath or anger.

കർത്താവ് മോശയോടും അഹറോനോടും 'ചൂളയിൽ നിന്ന് കൈ നിറയെ ചാരം വാരാനും, അത് ഫറവോ കാൺകെ ആകാശത്തിലേക്ക് വിതറാനും' കല്പിക്കുന്നതായി പുറപ്പാട് 12:8-ൽ വായിക്കുന്നു. അവർ അപ്രകാരം ചെയ്തപ്പോൾ മനുഷ്യരിലും മൃഗങ്ങളിലും പൊട്ടിയൊലിക്കുന്ന വ്രണങ്ങളുണ്ടായി (12:10). പുറപ്പാടു പുസ്തകം വിവരിക്കുന്ന 10 അടയാളങ്ങളിലെ 6-ാമത്തെ ഈ അടയാളത്തെ, വ്രണങ്ങളുണ്ടാകുന്ന ശാരീരിക ക്ലേശത്തെ, ദൈവിക ശിക്ഷ തന്നെയായിട്ടാണ് പഴയനിയമ ജനത മനസ്സിലാക്കിയത്.

സമാനമായ ചിന്തകൾ നിയമാവർത്തന പുസ്തകത്തിലും വിവരിക്കുന്നുണ്ട്. "നീ കൈവശപ്പെടുത്താൻ പോകുന്ന ദേശത്ത് നിന്നെ സംഹരിക്കുന്നതുവരെ കർത്താവ് നിന്റെ മേൽ തീരാവ്യാധികൾ അയയ്ക്കും. ക്ഷയം, പനി, വീക്കം, അത്യുക്ഷണം, വാൾ, വരൾച്ച, വിഷക്കാറ്റ്, പൂപ്പൽ ഇവകൊണ്ട് കർത്താവ് നിന്നെ പ്രഹരിക്കും" (28:21-35). തിരഞ്ഞെടുക്കപ്പെട്ട ജനം കർത്താവിനോട് അവിശ്വസ്തമായി വർത്തിക്കുമ്പോൾ രോഗഭീഷണിയാൽ അവർക്ക് മുന്നറിയിപ്പ് നൽകുന്നതാണ് ഈ വചനഭാഗം. 28:20-ൽ



മനുഷ്യനുണ്ടാകുന്ന 'ക്ലേശ'ത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സംഭ്രമം, കൊടുംഭീതി എന്നർത്ഥം വരുന്ന 'മെഹുമ' എന്ന ഹീബ്രു വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. 21 മുതലുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന 7 മഹാമാരികളിൽനിന്ന് മനുഷ്യനുണ്ടാകുന്ന മാനസിക അവസ്ഥയെയാണ് 'മെഹുമ' സൂചിപ്പിക്കുന്നത്. ഉടമ്പടിയുടെ നിബന്ധനകൾ പാലിക്കാതിരുന്ന ജനത്തിനുമേൽ ദൈവം വർഷിക്കുന്ന ശിക്ഷയായിട്ടാണ് രോഗ ക്ലേശങ്ങളെ അവർ മനസ്സിലാക്കിയത്.

പൂർവ്വികരുടെ പാപങ്ങളും രോഗകാരണമായി പഴയനിയമ ജനത മനസ്സിലാക്കിയിരുന്നു: "എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നും നാലും തലമുറ വരെ ഞാൻ ശിക്ഷിക്കും" (പുറ 20:4). "നിങ്ങളുടെ പാപത്തിന് നിങ്ങളെ ഞാൻ ഏഴിരട്ടി ശിക്ഷിക്കും" (ലേവ്യ 26:29).

കൂടാതെ, കുഷ്ഠരോഗം പാപത്തിനുള്ള ശിക്ഷയായി പഴയനിയമത്തിൽ കരുതപ്പെട്ടിരുന്നു. സംഖ്യയുടെ പുസ്തകം ഇപ്രകാരം രേഖപ്പെടുത്തുന്നു: "കർത്താവിന്റെ കോപം അവർക്കെതിരെ ജ്വലിച്ചു... കൂടാരത്തിന്റെ മുകളിൽനിന്ന് മേഘം നീങ്ങിയപ്പോൾ മിരിയാം കുഷ്ഠരോഗം പിടിച്ച് മഞ്ഞുപോലെ വെളുത്തു. അഹറോൻ തിരിഞ്ഞു നോക്കിയപ്പോൾ അവൾ കുഷ്ഠരോഗിയായി ത്തീർന്നത് കണ്ടു" (12:9-11). മോശയുടെ നേതൃത്വത്തിനെതിരെ അഹറോനും മിറിയാമും ഉയർത്തിയ പ്രതിഷേധത്തിന് ദൈവം നൽകിയ ശിക്ഷയെക്കുറിച്ചാണ് സംഖ്യ 12-ാം അദ്ധ്യായം വിവരിക്കുന്നത്. ദൈവത്തിനെതിരെ തിരിയുന്നവർക്കുള്ള ശിക്ഷയായിട്ടാണ് കുഷ്ഠരോഗത്തെ കണ്ടിരുന്നത് എന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു. ചുരുക്കത്തിൽ, പഴയനിയമകാലത്ത് മനുഷ്യന് ഉത്തരം ലഭിക്കാത്ത രോഗത്തെയും സഹനത്തെയും ദൈവവുമായി ബന്ധിപ്പിച്ച് ചിന്തിക്കുകയും, ദൈവമനുഷ്യബന്ധത്തിൽ വന്ന വിള്ളലിന്റെ വെളിച്ചത്തിൽ അതിനുള്ള ശിക്ഷയായി കാണുകയും ചെയ്തിരുന്നു.

### രോഗവും രോഗശാന്തിയും

ദൈവവുമായുള്ള ബന്ധത്തിൽനിന്ന് അകന്നു നില്ക്കുന്ന മനുഷ്യൻ പശ്ചാത്തപിച്ച് അവിടുന്നിലേക്ക് തിരികെ വരുമ്പോൾ മനുഷ്യജീവിതത്തിൽ സന്തുഷ്ടി ഉണ്ടാകുന്നു എന്ന് പഴയനിയമ ജനത വിശ്വസിച്ചിരുന്നു. രോഗങ്ങൾ ദൈവത്തിന്റെ ശിക്ഷയായി കണക്കാക്കിയിരുന്ന ഇസ്രായേൽ ജനങ്ങൾ തങ്ങൾ ചെയ്തുപോയ

www.malankaralibrary.com

പാപത്തെക്കുറിച്ച് പരിപൂർണ്ണമായി പശ്ചാത്തപിച്ച്, ദൈവഹിതത്തിന് അനുകൂലമല്ലാത്ത സാഹചര്യങ്ങൾ ഉപേക്ഷിക്കുന്നതിലൂടെ ശാരീരികവും മാനസികവുമായ സൗഖ്യം നേടിയിരുന്നു.

രോഗിയായ ഒരാളുടെ രോഗാവസ്ഥ പൂർണ്ണമായി മാറ്റുന്നത് ദൈവമാണെന്ന ദർശനം ഉൽപത്തി പുസ്തകത്തിൽ കാണുന്നു: "അബ്രഹാം ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം അബിമെലക്കിനെയും, ഭാര്യയെയും വേലക്കാരികളെയും സുഖപ്പെടുത്തി" (20:17). ആത്യന്തികമായി എല്ലാ രോഗശാന്തികളുടെയും ഉറവിടം ദൈവമാണ് എന്ന് ഇത് വ്യക്തമാക്കുന്നു.

ദൈവത്തിൽ ആശ്രയിക്കാത്തവന്റെ ജീവിതത്തിൽ രോഗം വഷളായിത്തീരുമെന്ന് ദിനവൃത്താന്തപുസ്തകം വ്യക്തമാക്കുന്നുണ്ട്: "ആസായുടെ കാലിൽ രോഗബാധയുണ്ടായി. അത് മൂർച്ഛിച്ചിട്ടും അവൻ വൈദ്യന്മാരിൽ അല്ലാതെ കർത്താവിൽ ആശ്രയിച്ചില്ല; നാല്പത്തിയൊന്നാം ഭരണവർഷം ആസാ പിതാക്കന്മാരോട് ചേർന്നു" (2 ദിന 16:11). രോഗിയായ ഒരുവനെ പൂർണ്ണാരോഗ്യത്തിലേക്ക് തിരികെ കൊണ്ടുവരുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന് ഈ സംഭവം പഠിപ്പിക്കുന്നു. മനുഷ്യനിൽ മാത്രം വിശ്വാസമർപ്പിക്കുകയും, ദൈവത്തിൽ തെല്ലും വിശ്വാസം അർപ്പിക്കാതിരിക്കുകയും ചെയ്ത ആസാ സുഖപ്പെട്ടില്ലെന്നു മാത്രമല്ല; മരണപ്പെടുകയും ചെയ്തു. രോഗബാധിതനായ ഒരുവൻ മന്ത്രത്തിലോ മനുഷ്യന്റെ മാത്രം കഴിവിലോ, അന്ധവിശ്വാസപരമായ പ്രവൃത്തികളിലോ അല്ല ആശ്രയിക്കേണ്ടതെന്നും; മറിച്ച് ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കണമെന്നും വചനം പഠിപ്പിക്കുന്നു.

കർത്താവിന്റെ നിയമങ്ങൾ പാലിക്കുമ്പോഴാണ് ഒരുവന് രോഗവിമുക്തി ഉണ്ടാകുന്നത്. ചെങ്കടൽ കടന്ന് ഷൂർ മരുഭൂമിയിലൂടെ ജലം കിട്ടാതെ അലഞ്ഞ ഇസ്രായേൽ ജനതയോട് ദൈവം ഇപ്രകാരം പറയുന്നതായി വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്: "അവിടുന്ന് അരുളിച്ചെയ്തു: നീ നിന്റെ ദൈവമായ കർത്താവിന്റെ സ്വരം ശ്രദ്ധാപൂർവ്വം ശ്രവിക്കുകയും അവിടുത്തെ ദൃഷ്ടിയിൽ ശരിയായത് പ്രവർത്തിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചട്ടങ്ങൾ പാലിക്കുകയും ചെയ്താൽ ഞാൻ ഈജിപ്തുകാരുടെ മേൽ വരുത്തിയ മഹാമാരികളിലൊന്ന് നിന്റെ മേൽ വരുത്തുകയില്ല; ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്" (പുറ 15:26). നിയമാവർത്തനഗ്രന്ഥകാരന്റെ രചനയായിട്ടാണ് ഈ വാക്യത്തെ കരുതുന്നതെങ്കിലും കർത്താവിന്റെ വചനങ്ങൾ പാലിക്കുന്നവന് സുസ്ഥിതി ദൈവം നൽകുമെന്ന ചിന്ത അക്കാലത്ത് നിലനിന്നിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു.



### രോഗം – രോഗശുദ്ധി – മാററിത്താമസിപ്പിക്കൽ

മനുഷ്യർക്കും തുണിത്തരങ്ങൾക്കും ഭവനങ്ങൾക്കും സംഭവിക്കുന്ന ഒരു ക്രമഭംഗത്തെയാണ് 'കുഷ്ഠം' എന്ന പദം സൂചിപ്പിക്കുന്നത്. ഹീബ്രുഭാഷയിൽ 'ത്സ്രാഅത്ത്' എന്നും ഗ്രീക്ക് ഭാഷയിൽ 'ലെപ്രോസ്' എന്നും വിളിക്കപ്പെടുന്ന ഈ രോഗം 'ചലം വമിക്കുന്ന ത്വക് രോഗ'മാണെന്ന് പൊതുവേ കരുതപ്പെടുന്നു. ലേവ്യരുടെ പുസ്തകം 13–14 അദ്ധ്യായങ്ങളിൽ ഈ രോഗത്തെക്കുറിച്ചും ഇതിനോട് അനുബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും രോഗശുദ്ധിയെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. "ഒരാളുടെ ശരീരത്തിൽ തടിപ്പോ, പരുവോ, പാണ്ടോ ഉണ്ടാവുകയും അത് കുഷ്ഠമായിത്തോന്നുകയും ചെയ്താൽ" എന്തുചെയ്യണമെന്ന് ലേവ്യർ 13:2 വ്യക്തമാക്കുന്നു. (1) പുരോഹിതനായ അഹറോന്റെ അടുത്തോ മറ്റു പുരോഹിതരുടെ അടുക്കലോ കൊണ്ടുപോകണം. (2) ഏഴുദിവസം പരീക്ഷണാർത്ഥം മാറ്റിത്താമസിപ്പിക്കണം (3) വീണ്ടും പുരോഹിതൻ പരിശോധിക്കണം (4) രോഗം പൂർവ്വസ്ഥിതിയിലല്ലെങ്കിൽ 7 ദിവസംകൂടി മാറിത്താമസിക്കണം (5) പാണ്ട് മാറി, ത്വക്കിൽ വ്യാപിക്കാതിരുന്നാൽ ശുദ്ധിയുള്ളവനെന്ന് പ്രഖ്യാപിക്കണം.

രോഗമുള്ളവൻ പാളയത്തിനു വെളിയിൽ (outside camp place or encampment) ഒരു പാർപ്പിടത്തിൽ ഏകനായി വസിക്കണം എന്നതാണ് യഹൂദ നിയമം (ലേവ്യ 13:46). രോഗം ബാധിച്ചവർ സമൂഹത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ടിരുന്നു. നിശ്ചിത കാലത്തിനുശേഷം സൗഖ്യം പ്രാപിക്കുമ്പോൾ അവർ തിരികെ കൂട്ടായ്മയിലേക്ക് കടന്നുവരുന്നു. കുഷ്ഠരോഗത്തെ യഹൂദർ കണ്ടിരുന്നത് ദൈവശിക്ഷയായിട്ടാണ്. സമൂഹത്തിൽനിന്നു മാറ്റി നിർത്തപ്പെടുന്ന അവർ തിരികെ വരുന്നത് പാപപരിഹാരബലി അർപ്പിച്ചു കൊണ്ടാണ് (ലേവ്യ 14). ദൈവവുമായുള്ള മനുഷ്യന്റെ ബന്ധത്തിന്റെ പുനഃസ്ഥാപനം കൂടിയാണിത്.

### രോഗവും ശുദ്ധീകരണവും

ലേവ്യർ 14-ാമത്തെ അദ്ധ്യായത്തിൽ രോഗം വന്നവരുടെ ശുദ്ധീകരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. 14:1–48–ൽ കുഷ്ഠ

www.malankaralibrary.com

രോഗിയുടെ ശുദ്ധീകരണത്തെക്കുറിച്ചും 14:49-53-ൽ ഭവനശുദ്ധീകരണത്തെക്കുറിച്ചും ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നു. (1) രോഗവിമുക്തനെ പാളയത്തിന് വെളിയിൽ കൊണ്ടുപോയി പരിശോധിക്കണം. (2) സൗഖ്യം പ്രാപിച്ചവൻ കാഴ്ചവസ്തുക്കൾ സമർപ്പിക്കണം: ശുദ്ധിയുള്ള 2 പക്ഷികൾ, ദേവദാരു, ചെമന്ന നൂൽ, ഹിസോപ്പ് ചെടി. (3) ശുദ്ധീകരിക്കപ്പെടേണ്ടവർ വസ്ത്രം കഴുകി, ശിരസ് മുണ്ഡനം ചെയ്ത്, വെള്ളത്തിൽ കുളിക്കണം.

**രോഗവും, രോഗിയും ദൈവവും**

ശാരീരിക ക്ലേശങ്ങൾ തീവ്രമായ അസ്വസ്ഥത (anguish) യിലേക്കും ഉൾവലിയുന്ന അവസ്ഥ (self absorption) യിലേക്കും ഒരു മനുഷ്യനെ നയിക്കാൻ സാധ്യതയുണ്ട്. ചിലപ്പോൾ അത് നിരാശയിലേക്കും ദൈവത്തോടുള്ള എതിർപ്പിലേക്കും മറുതലിക്കലിലേക്കും (despair, revolt against God) ഒരാളെ നയിക്കും. ഈ ഒരു കാഴ്ചപ്പാട് ജോബിന്റെ പുസ്തകത്തിൽ കാണപ്പെടുന്നുണ്ട്. "ദൈവം എന്നെ ചെളിക്കുണ്ടിൽ തള്ളിയിട്ടിരിക്കുന്നു. ഞാൻ പൊടിയും ചാരവും പോലെ ആയിത്തീർന്നു" (ജോബ് 30:19). ദൈവം തന്റെ പരിപാലനയുടെ കരം പിൻവലിച്ചെന്ന് മാത്രമല്ല; ആശ്വാസത്തിന്റെ സകല അത്താണികളും തകർത്തുകളയുകയും ചെയ്തു എന്ന ദുഃഖമാണ് ഇവിടെ ജോബ് പ്രകടമാക്കുന്നത്.

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു: "ഒരു വ്യക്തി സർവ്വപ്രധാനമായ കാര്യത്തിലേക്ക് തിരിയേണ്ടതിന് ജീവിതത്തിൽ സർവ്വപ്രധാനമല്ലാത്തത് എന്താണെന്ന് തിരിച്ചറിയാൻ സഹായിച്ചുകൊണ്ട് അയാളെ കൂടുതൽ പക്വതയുള്ളവനാക്കാൻ അതിനു (രോഗം) കഴിയും. ദൈവത്തെ അന്വേഷിക്കുന്നതിനും അവിടുന്നിലേക്ക് തിരിച്ച് പോകുന്നതിനും രോഗം മിക്കപ്പോഴും പ്രേരകമാകുന്നു" (CCC 1501). "Illness provokes a search for God and a return to him."

രോഗഗ്രസ്തൻ രോഗവിമുക്തിക്കുവേണ്ടി ദൈവത്തോട് യാചി ക്കുന്നതായി വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്: "എന്റെ ആത്മാവ് അത്യന്തം അസ്വസ്ഥമായിരിക്കുന്നു. കർത്താവേ, ഇനിയും എത്രനാൾ! കർത്താവേ, എന്റെ ജീവൻ രക്ഷിക്കാൻ വരണമേ! അങ്ങയുടെ കാരുണ്യത്താൽ എന്നെ മോചിപ്പിക്കണമേ" (സങ്കീ. 6:3-4). രോഗിയുടെ രോദനത്തെക്കുറിച്ചാണ് സങ്കീർത്തനം 38 വിവരിക്കുന്നത്. "കർത്താവേ, അങ്ങേയ്ക്ക് വേണ്ടിയാണ് ഞാൻ



കാത്തിരിക്കുന്നത്. എന്റെ ദൈവമായ കർത്താവേ, അങ്ങാണ് എനിക്ക് ഉത്തരമരുളേണ്ടത്" (38:15). ഹെസക്കിയാ രോഗം പിടിപെട്ട് മരണത്തോടടുത്തു. അവൻ കർത്താവിനോട് പ്രാർത്ഥിച്ചു. അവിടുന്ന് അവന് ഉത്തരമരുളി (2 ദിന 32:24). "മകനെ രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോട് പ്രാർത്ഥിക്കുക. അവിടുന്ന് നിന്നെ സുഖപ്പെടുത്തും" (പ്രഭാ, 38:9). "രോഗം നിർണയിച്ചു സുഖപ്പെടുത്തി ജീവൻ രക്ഷിക്കാൻ അവിടുത്തെ അനുഗ്രഹത്തിനുവേണ്ടി അവനും കർത്താവിനോട് പ്രാർത്ഥിച്ചിട്ടുണ്ട്" (പ്രഭാ, 38:14). രോഗാവസ്ഥയിലായിരിക്കുന്നവർ സൗഖ്യപ്പെടുത്തുന്ന കർത്താവിന്റെ കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഉന്മേഷമുള്ള മനസ്സ് രോഗം സഹിക്കുന്നു (സുഭാ, 18:14). സന്തുഷ്ട ഹൃദയം ആരോഗ്യദായകമാണ് (സുഭാ, 17:22).

## II. രോഗം, രോഗി, രോഗശാന്തി - പുതിയനിയമ ഭാഷ്യത്തിൽ

പഴയനിയമ കാഴ്ചപ്പാടിൽ നിന്നും വ്യത്യസ്തമായിട്ടുള്ള ഒരു ദർശനവും ഭാഷ്യവുമാണ് പുതിയനിയമത്തിൽ ഈ വിഷയത്തെക്കുറിച്ചുള്ളത്. രോഗങ്ങൾ പാപത്തിനുള്ള ശിക്ഷയാണെന്നുള്ള പഴയനിയമ കാഴ്ചപ്പാട് ഇവിടെ തിരുത്തിക്കുറിക്കപ്പെടുന്നുണ്ട്. രോഗികളോടും, ക്ലേശിതരോടുമുള്ള സമീപനങ്ങളിൽ വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. പുതിയനിയമ കാഴ്ചപ്പാടിലേക്ക് വചന വെളിച്ചത്തിൽ ഒരു യാത്ര നടത്താം.

**രോഗം**

ഭൗതിക ശരീരത്തിനുണ്ടാകുന്ന ക്ലേശങ്ങളെയാണ് പൊതുവിൽ രോഗം എന്നതുകൊണ്ട് പുതിയനിയമ കാഴ്ചപ്പാടിൽ മനസ്സിലാക്കിയിരുന്നത്. 'അസുഖം' 'വ്യാധി' (disease, illness) എന്നീയർത്ഥങ്ങൾ വരുന്ന 'nosos' (നോസോസ്) എന്ന ഗ്രീക്ക് പദമാണ് പുതിയനിയമത്തിൽ ആദ്യം ഉപയോഗിച്ചിരിക്കുന്നത് (മത്താ 4:23; മർക്കോ 1:34; ലൂക്കാ 4:40). 'രോഗി' 'രോഗബാധയുള്ളവൻ' എന്ന അർത്ഥതലത്തിൽ ചിലയിടങ്ങളിൽ അസ്തെനെയോ (astheneo) എന്ന പദവും ഉപയോഗിക്കാറുണ്ട് (ലൂക്കാ 7,7; യോഹ 4,46; 5,5; 11,1-3.6ച അപ്പ 9,3; 1 കോറി 11,30; 2 കോറി 6,8) കൂടാതെ, 'വ്യാധി' (ailment) എന്നർത്ഥം വരുന്ന 'മലാക്കിയ' (malakia) എന്ന ഗ്രീക്ക് പദവും രോഗത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നു (മത്താ 4:23; 9:35; 10:1).

www.malankaralibrary.com

തളർവാതം, കുഷ്ഠം, മുടന്ത്, അന്ധത, പനി, സംസാരശേഷിയില്ലായ്മ, അപസ്മാരം, രക്തസ്രാവം തുടങ്ങിയ വിവിധങ്ങളായ രോഗങ്ങളെപ്പറ്റിയും ശാരീരിക ക്ലേശങ്ങളെപ്പറ്റിയും പുതിയനിയമത്തിൽ പരാമർശിക്കുന്നുണ്ട്. ഈശോയുടെയും ശിഷ്യരുടെയും പരസ്യജീവിതകാല ശുശ്രൂഷകളുടെയും അപ്പസ്തോലിക മിഷനറി പ്രവർത്തനങ്ങളുടെയും പശ്ചാത്തലത്തിലാണ് രോഗത്തെക്കുറിച്ചും രോഗശാന്തികളെക്കുറിച്ചും പ്രതിപാദിക്കുന്നത്.

**രോഗികളോടുള്ള സമീപനം**

ലൂക്കാ 5:12-16 (മത്താ 8:1-4; മർക്കോ 1:40-45)-ൽ കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന രംഗമാണ് വിവരിക്കുന്നത്. രോഗികളായവരോട് കരുണാമസൃണമായ ഒരു നിലപാടാണ് പുതിയനിയമത്തിൽ കാണുന്നത്. ഈശോ പട്ടണത്തിലായിരിക്കുമ്പോൾ അവിടുത്തെ അടുത്തുവന്ന് സൗഖ്യം യാചിക്കുന്ന കുഷ്ഠരോഗിയെ അവിടന്നു പുറന്തള്ളുന്നില്ല. മറിച്ച്, കരുണയോടും അനുകമ്പയോടുംകൂടി ഈശോ അവനെ സ്പർശിച്ച് അവന് സൗഖ്യം നൽകി.

അന്ധനു കാഴ്ച നല്കുന്ന മത്താ 20:29-34 (മർക്കോ 10:46-52; ലൂക്കാ 18:35-43)-ൽ ഈശോയുടെ കനിവ് പ്രകടമാണ്. ജറീക്കോയിൽനിന്നും യാത്ര പുറപ്പെട്ട ഈശോയോട് വഴിമധ്യേ രണ്ട് അന്ധന്മാർ വിളിച്ചു പറഞ്ഞു: "കർത്താവേ, ഞങ്ങളിൽ കനിയേണമെ" എന്ന്. ഈശോ ഉള്ളലിഞ്ഞ് അവരുടെ കണ്ണുകളിൽ സ്പർശിച്ചു. തൽക്ഷണം അവർക്ക് കാഴ്ച കിട്ടി''. സ്പ്ലാങ്കനീസ്സോമായ് (splangchanizomai) എന്ന ഒരു ക്രിയാപദമാണ് ഈശോയുടെ ഭാവത്തെ സൂചിപ്പിക്കുവാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അനുകമ്പ തോന്നുക (feel sympathy) ദയ തോന്നുക (have pity) എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. രോഗികളോട് സഹാനുഭൂതി കാണിക്കുന്നയാളാണ് ഈശോ. അവരുടെ രോഗങ്ങളെ സുഖപ്പെടുത്തുന്നവനാണ് അവിടുന്ന്. 'ദൈവം തന്റെ ജനത്തെ സന്ദർശിച്ചു' (ലൂക്കാ 7:16). ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു എന്നതിന്റെ സമുജ്വലമായ അടയാളമാണ് ഈശോയുടെ പ്രവർത്തനങ്ങളും മനോഭാവവും.

**രോഗം, രോഗസൗഖ്യം - വിശ്വാസം**

വിശ്വാസവും സൗഖ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പുതിയനിയമം പഠിപ്പിക്കുന്നു. മർക്കോ 5:21-43 (മത്താ 9:18-26; ലൂക്കാ 8:40-58)-ൽ സിനഗോഗ് അധികാരിയായ ജായ്റോസിന്റെ



കൊച്ചുമകളുടെ രോഗാവസ്ഥയിലും, 12 വർഷമായി രക്തസ്രാവത്താൽ കഷ്ടപ്പെടുന്ന സ്ത്രീയുടെ അനാരോഗ്യാവസ്ഥയിലും 'വിശ്വാസവും സൗഖ്യം' തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഈശോ പഠിപ്പിക്കുന്നു: ''അവൻ അവളോട് പറഞ്ഞു: മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാ നത്തോടെ പോവുക. വ്യാധിയിൽ നിന്ന് വിമുക്തയായിരിക്കുക"(5:34). ''അതുകേട്ട് ഈശോ സിനഗോഗ് അധികാരിയോട് പറഞ്ഞു: ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക" (5:36).

'വിശ്വാസം', 'വിശ്വസിക്കുക' എന്നീ അർത്ഥങ്ങൾ വരുന്ന 'പിസ്തിസ്' ((pistis: വിശ്വാസം) 'പിസ്തെയേ' (pisteuo: വിശ്വസിക്കുക) എന്നീ ഗ്രീക്കു പദങ്ങളാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവികശക്തിയുള്ള ഒരു വ്യക്തിയുടെ ഉറപ്പിനെയും അവിടുന്നിൽനിന്നു ശക്തി പുറപ്പെടുമെന്നുള്ള ബോധ്യത്തെയുമാണ് ഈ പദങ്ങൾ അർത്ഥമാക്കുന്നത്. ദൈവത്തിലുള്ള വിശ്വാസവും രോഗസൗഖ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

**രോഗം പാപത്തിന്റെ പരിണതഫലമോ?**

മനുഷ്യവംശത്തിനു വന്നുഭവിക്കുന്ന പല രോഗങ്ങളും പാപത്തിന്റെ പരിണതഫലമാണെന്നും ദൈവശിക്ഷയാണെന്നുമുള്ള കാഴ്ചപ്പാട് പഴയനിയമത്തിൽ ഉണ്ടായിരുന്നു. ഈ ധാരണകളെ ഈശോ തിരുത്തുന്നതായി പുതിയനിയമത്തിൽ കാണുന്നുണ്ട്. യോഹ 9:1-34 ൽ അന്ധനെ സുഖപ്പെടുത്തുന്ന സംഭവം വിവരിക്കുന്നുണ്ട്. ഇശോയുടെ ശിഷ്യന്മാരുമൊത്തുള്ള യാത്രയ്ക്കിടയിൽ ജന്മനാ അന്ധനായ ഒരുവനെ കണ്ട ഈശോയുടെ ശിഷ്യന്മാർ അവിടുത്തോട് ഒരു ചോദ്യം ചോദിച്ചു: "റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്. ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ?" (9:2).

നിയമാവർത്തന ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനതത്വമായിരുന്നു, 'ശിഷ്ടന്മാർ സമ്മാനിക്കപ്പെടുകയും ദുഷ്ടന്മാർ ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്നത്'. ഇതിന്റെ വെളിച്ചത്തിൽ മനുഷ്യർക്ക് ഉണ്ടാകുന്ന രോഗങ്ങളും വ്യാധികളും മറ്റ് അനർത്ഥങ്ങളുമെല്ലാം രോഗിയുടെയോ അയാളുടെ പൂർവ്വികരുടെയോ പാപത്തിന്റെ ഫലമായിരിക്കുമെന്ന് യഹൂദജനം കരുതിയിരുന്നു. എന്നാൽ അപ്രകാരമല്ലായെന്ന് ഈശോ ഇവിടെ പഠിപ്പിക്കുന്നു

www.malankaralibrary.com

(9,3). കൂടാതെ, 'ദൈവത്തിന്റെ പ്രവൃത്തികൾ വെളിപ്പെടാനുള്ള ഒരു അവസരമായിട്ടാണ്' ഈശോ രോഗശാന്തിയെക്കുറിച്ച് പറയുന്നത്. അപ്രകാരം പറഞ്ഞ് ഈശോ അവനു സൗഖ്യം നല്കി. ദൈവപ്രവൃത്തി കരുണയുടേതാണ്. അത് എല്ലാവരും ചെയ്യണമെന്ന ഒരു ഓർമ്മപ്പെടുത്തലാണ് ഈ വചനഭാഗത്തുള്ളത്.

**രോഗസൗഖ്യം, ഈശോയുടെ നാമം**

അപ്പ 3:6-ൽ നാം ഇപ്രകാരം വായിക്കുന്നു: "വെള്ളിയോ സ്വർണ്ണമോ എന്റെ കയ്യിലില്ല. എനിക്കുള്ളത് ഞാൻ നിനക്ക് തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്കുക." ദേവാലയത്തിലേക്ക് പോയ പത്രോസിനോടും യോഹന്നാനോടും ഭിക്ഷ യാചിച്ച ജന്മനാ മുടന്തനായവന് 'യേശുക്രിസ്തുവിന്റെ നാമത്തിൽ' (in the name of Jesus Christ) പത്രോസ് സൗഖ്യം നൽകി. ഉത്ഥിതനായ കർത്താവിൽ നിന്നു ദൗത്യം സ്വീകരിച്ച ശിഷ്യന്മാർ 'യേശുനാമത്തിൽ' മറ്റുള്ളവർക്ക് സൗഖ്യം നൽകി. ഈശോ യഥാർത്ഥത്തിൽ രക്ഷിക്കുന്ന ദൈവമാണ് എന്ന് ഈ അടയാളം സവിശേഷമായ വിധത്തിൽ തെളിയിക്കുന്നുണ്ട്.

പഴയനിയമ പുതിയനിയമ കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ രോഗത്തെക്കുറിച്ചും രോഗസൗഖ്യത്തെക്കുറിച്ചും വചനാത്മകമായി നമ്മൾ മനസ്സിലാക്കുകയായിരുന്നു. ഈ ലേഖനം ഇവിടെ അവസാനിപ്പിക്കുമ്പോൾ തുടർന്ന് വരുന്ന വചനങ്ങൾ, കൊറോണാ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ, നമുക്ക് ആശ്വാസമാകട്ടെ. "ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട് സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തു കൈകൊണ്ട് നിന്നെ താങ്ങിനിർത്തും" (ഏശ 41:10). "എന്നാൽ എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരമായിരം തലമുറകൾ വരെ ഞാൻ കരുണ കാണിക്കും" (പുറ 20:6). "ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്" (പുറ 15,26). കർത്താവായ ദൈവത്തിൽ പ്രത്യാശയർപ്പിച്ച്, വൈദ്യശുശ്രൂഷയോടു സഹകരിച്ച് ഈ മഹാമാരിയെ ധൈര്യമായി നമുക്കു നേരിടാം.

# കോവിഡ് കാലത്തെ ദൈവ-മനുഷ്യബന്ധങ്ങൾ

**റ്റി.റ്റി. മൈക്കിൾ തെക്കെക്കുരുവിനാൽ**
**റിട്ട. പ്രഫ. ദേവമാതാ കോളജ്, കുറവിലങ്ങാട്**

**ആമുഖം**

ലോകം മുഴുവൻ പടർന്ന് പിടിച്ചിരിക്കുന്ന കോവിഡ്-19 എന്ന മഹാമാരിയുടെ വെളിച്ചത്തിൽ മനുഷ്യന് ദൈവവുമായും സഹോദരങ്ങളുമായും പ്രകൃതിയുമായും ഉള്ള ബന്ധവും അതിൽ വന്നു പോയ ചില വീഴ്ചകളും കോവിഡ് കാലത്ത് സംഭവിച്ചതും തുടർന്നും സംഭവിക്കേണ്ടതുമായ ചില മാറ്റങ്ങളുമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഈ മഹാമാരിയെ ഒരു വൈദ്യശാസ്ത്രവീക്ഷണത്തിന് അപ്പുറം ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ, വിശ്വാസത്തിന്റെ വീക്ഷണത്തിൽ ആണ് ഇവിടെ വിശകലനം ചെയ്യുന്നത്.

**സൃഷ്ടി, പരിപാലനം, രക്ഷ**

സൃഷ്ടി, പരിപാലനം, രക്ഷ എന്നീ മൂന്ന് മാനങ്ങളാണ് ദൈവ-മനുഷ്യ ബന്ധത്തിന്റെ കാതൽ. ദൈവം തന്റെ അനന്തസ്നേഹത്താൽ സൃഷ്ടിയുടെ മകുടമായി മനുഷ്യരെ സൃഷ്ടിക്കുകയും അവന് അനുയോജ്യമായ രീതിയിൽ പ്രപഞ്ചത്തെയും പ്രകൃതിയെയും ഒരുക്കുകയും ചെയ്തു. സ്രഷ്ടാവായ ദൈവത്തെ മാത്രം ആരാധിക്കുകയും സഹോദരങ്ങളെയും പ്രകൃതിയെയും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ട് സർവ്വമനുഷ്യരും ദൈവത്തോടൊപ്പമുള്ള നിത്യജീവനിലേക്ക് പ്രവേശിക്കണം എന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. എന്നാൽ സ്രഷ്ടാവിനെ മറന്നുകൊണ്ട് ദൈവമല്ലാത്തവയുടെ പിന്നാലെ പോയ മനുഷ്യനെ ശിക്ഷിക്കുകയും ഒപ്പം രക്ഷ വാഗ്ദാനം ചെയ്തുകൊണ്ട് സർവ്വ മനുഷ്യരും നിത്യജീവൻ പ്രാപിക്കുന്നതിനായി കാരുണ്യപൂർവ്വം കാത്തിരിക്കുകയും ചെയ്യുന്നവനാണ് നമ്മുടെ ദൈവം.

ദൈവ-മനുഷ്യ ബന്ധങ്ങളുടെ പരമപ്രധാനമായ അളവുകോലാണ് "നിന്റെ ദൈവമായ കർത്താവ് ഞാനാണ്. ഞാനല്ലാതെ

www.malankaralibrary.com

മറ്റൊരു ദൈവം നിനക്ക് ഉണ്ടാകരുത്" എന്ന ഒന്നാം പ്രമാണം (പുറ 20, 2-3, നിയ 5, 6-7). പുതിയ നിയമത്തിൽ ഈശോ പഠിപ്പിച്ചതും ഇതുതന്നെയാണ്: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക. ഇതാണ് പ്രധാനവും പ്രഥമവുമായ കല്പന" (മത്താ 22,37-38).

എന്നാൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി പ്രത്യേകിച്ച് ആധുനിക ശാസ്ത്രസാങ്കേതിക, വിദ്യാഭ്യാസ, സാമ്പത്തിക മുന്നേറ്റത്തെ തുടർന്ന്, സ്വന്തം കഴിവുകൊണ്ട് എല്ലാം നേടിയെന്നോ, നേടാമെന്നോ ഉള്ള മിഥ്യാധാരണയിലായി മനുഷ്യർ. ദൈവത്തെയും സഹോദരനെയും പ്രകൃതിയെയും മറന്ന് സമ്പത്ത്, പ്രതാപം, പ്രൗഢി, അധികാരം, കീർത്തി, ആർഭാടം എന്നിവയ്ക്ക് പ്രഥമസ്ഥാനം നൽകി. അപകടമോ, രോഗമോ, പ്രായാധിക്യമോ, മരണമോ വരുമ്പോൾ മാത്രം ആവശ്യമായ ഒരു ആശ്രയമായി ദൈവത്തെയും, ദൈവിക കാര്യങ്ങളെയും രണ്ടാം സ്ഥാനത്തേക്ക് പിൻതള്ളി. എന്നാൽ ഈ ജീവിത സംസ്കാരത്തിന് കോവിഡ്-19 ഒരു മാറ്റം വരുത്തിയിരിക്കുന്നു. വിവിധ മേഖലകളിൽ മനുഷ്യർ എന്തെല്ലാം നേടിയാലും അവ എല്ലാം ദൈവം അനുവദിച്ച ഒരു സൂക്ഷ്മാണുവിന്റെ മുമ്പിൽ പോലും പരാജയപ്പെടുന്നു എന്നും ദൈവത്തിന്റെ മുൻപിൽ എന്നപോലെ കോവിഡിന് മുമ്പിലും എല്ലാ മനുഷ്യരും ഒന്നുപോലെ ആണ് എന്നും മനുഷ്യർ പഠിച്ചു. യഥാർത്ഥ സമ്പത്ത് എന്താണ് എന്നും അത് എവിടെയാണ് സമ്പാദിച്ച് വയ്ക്കേണ്ടതെന്നും മനുഷ്യർ പഠിച്ചു. ദൈവസ്നേഹത്തെപ്രതി സഹോദരന് ത്യാഗത്തോടെ ചെയ്യുന്ന നന്മപ്രവൃത്തിയും സ്വയം ശൂന്യവൽക്കരിച്ചുള്ള ദാനവുമാണ് യഥാർത്ഥ സമ്പത്തും സ്വർഗ്ഗീയ നിക്ഷേപവും എന്നാണല്ലോ ഈശോ പഠിപ്പിച്ചത് (മത്താ 6, 20; ലൂക്കാ 12,33).

## ദൈവാലയമായി മാറിയ കുടുംബങ്ങൾ

ഇടവക ദൈവാലയം കേന്ദ്രീകൃതമായ ദൈവാരാധനയ്ക്ക് ഈ കോവിഡ് കാലത്ത് മാറ്റം വന്നിരിക്കുന്നു. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക (മത്താ 6,6) എന്ന തിരുവചനം അനുസരിച്ച് കുടുംബകേന്ദ്രീകൃതമായ ദൈവാരാധനയും പ്രാർത്ഥനയും ആണ് ഇപ്പോൾ നടക്കുന്നത്. എങ്കിലും ഇടവക ദൈവാലയത്തിൽ വൈദികൻ അർപ്പിക്കുന്ന ദിവ്യബലിയിൽ നിന്നുള്ള ആത്മീയശക്തിയുടെ നിറവിൽ തന്നെയാണ് കുടുംബകേന്ദ്രീകൃത ദൈവാരാധന നടക്കുന്നത്. കർത്താവിന്റെ തിരുശരീരരക്തങ്ങൾ അതേപടി ഉൾക്കൊള്ളുവാൻ വിശ്വാസികൾക്ക് സാധിക്കുന്നില്ലെങ്കിലും അരൂപിയിൽ അവിടുത്തെ സ്വീകരിച്ചുള്ള ആത്മീയ ചൈതന്യത്തിൽ ആണ് നമ്മുടെ വിശ്വാസസമൂഹം. വാസ്തവത്തിൽ ഈ കോവിഡ് കാലത്ത് കുടുംബകേന്ദ്രീകൃത ദൈവാരാധനയോടൊപ്പം വ്യക്തിപരമായ പ്രാർത്ഥന, തിരുവചനപാരായണം, വിചിന്തനം, ലോകം മുഴുവനും പ്രത്യേകിച്ച് കോവിഡ് രോഗികൾക്കും, അവരെ ശുശ്രൂഷിക്കുന്നവർക്കും വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവയ്ക്കും വലിയ പ്രാധാന്യം കൈവന്നിരിക്കുന്നു.



## മാറിയ മനുഷ്യ-മനുഷ്യ ബന്ധങ്ങൾ

ദൈവ-മനുഷ്യബന്ധവും മനുഷ്യ-മനുഷ്യബന്ധവും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണല്ലോ. ദൈവ-മനുഷ്യബന്ധങ്ങളിൽ വലിയ ദൈവാശ്രയബോധം ഉണ്ടായതോടൊപ്പം മനുഷ്യ -മനുഷ്യ ബന്ധങ്ങളിൽ, വർദ്ധിച്ച ശാരീരിക അകലം പാലിച്ചുകൊണ്ട് തന്നെ ആഴമായ ഹൃദയഐക്യം കൈവന്നിരിക്കുന്നു. കഷ്ടത അനുഭവിക്കുന്ന സഹോദരങ്ങളോടുള്ള കാരുണ്യത്തിന്റെ കരുതൽ വർദ്ധിച്ച തോതിൽ കാണാറായിരിക്കുന്നു. ദൈവസ്നേഹം എന്ന ആത്മീയതയുടെ നിറവ് സഹോദര സ്നേഹം എന്ന പ്രായോഗിക ജീവിതപാഠത്തിലാണ് എന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. തങ്ങളുടെ ആയുസ്സിന്റെയും ആരോഗ്യത്തിന്റെയും കഴിവിന്റെയും സമയത്തിന്റെയും സമ്പത്തിന്റെയും ഒരു ഭാഗം ദൈവത്തിന് കൊടുക്കേണ്ടത് ഈ കാലഘട്ടത്തിൽ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട കഷ്ടപ്പെടുന്ന സഹോദരങ്ങൾക്ക് അർഹതപ്പെട്ടതാണ് എന്ന ബോധ്യം മനുഷ്യർക്ക് പൊതുവേ കൈവന്നിരിക്കുന്നു. ഈ കോവിഡ് കാലത്തെ വർദ്ധിച്ച സാമൂഹ്യപ്രതിബദ്ധത ഇതാണ് വെളിപ്പെടുത്തുന്നത്. സഹോദരിലൂടെ ദൈവത്തെ കാണുന്നതിനും അനുഭവിക്കുന്നതിനുമുള്ള ആത്മീയ ഉൾക്കാഴ്ചയുടെ തെളിവാർന്ന പ്രവർത്തനങ്ങൾ എവിടെയും കാണാം.

## തിരിഞ്ഞ് നോക്കാം, തിരിച്ചറിയാം

ഈ കോവിഡ് കാലം നമുക്ക് ഒരു തിരിഞ്ഞ് നോക്കലിന്റെയും തിരിച്ചറിവിന്റെയും കാലം ആകട്ടെ. ഇത്രയും കാലം ദൈവത്തെപ്പോലെ കണ്ട പണവും പ്രതാപവും സ്ഥാനമാനങ്ങളും എവിടെ? മാമ്മോദീസാ, ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം, മനസ്സ

www.malankaralibrary.com

മ്മതം വിവാഹം, ജൂബിലി, തിരുപ്പട്ട സ്വീകരണം, മരണാനന്തര ചടങ്ങുകൾ, തിരുനാളുകൾ എന്നീ ചടങ്ങുകളിൽ എല്ലാം നമ്മൾ അറിഞ്ഞോ അറിയാതെയോ, ദൈവത്തിനും സഹോദരങ്ങൾക്കും കൊടുക്കേണ്ടതായ പ്രാധാന്യം കൊടുത്തിട്ടുണ്ടോ. വീടുകളുടെയും മന്ദിരങ്ങളുടെയും നിർമ്മാണത്തിലും വാഹനങ്ങൾ സ്വന്തമാക്കുന്നതിലും ഒഴിവാക്കാമായിരുന്ന ധാരാളിത്തം കാണിച്ചിട്ടില്ലേ. അയൽക്കാരന്റെ അത്യാവശ്യത്തെക്കാൾ നമ്മുടെ അനാവശ്യമായ ആർഭാടങ്ങൾക്ക് വില കൽപിച്ചില്ലേ. കൃഷി ചെയ്യാനും സംരക്ഷിക്കാനുമായി ദൈവം ഏൽപ്പിച്ച ഭൂമിയും (ഉല്പ 2,15) മണ്ണും വായുവും വെള്ളവും മനുഷ്യൻ മലീമസമാക്കുകയുമല്ലേ ചെയ്തത്. ആകാശത്തിലും ഭൂമിയിലും കടലിലുമുള്ള സർവ്വജീവജാലങ്ങളുടെമേലും ദൈവം നൽകിയ ആധിപത്യത്തെ മനുഷ്യൻ സർവ്വാധിപത്യമാക്കി മാറ്റിയില്ലെ. ജീവന്റെ സംരക്ഷകർ ആകേണ്ടവർ തന്നെ ജീവൻ നശിപ്പിക്കുന്നതിന്റെ ഉത്തമ ഉദാഹരണമല്ലേ പ്രതിദിനം ലോകത്ത് നടക്കുന്ന 125000-ൽ പരം ഭ്രൂണഹത്യകൾ

**കോവിഡ്-19: ഒരടയാളം**

ദൈവത്തെയും സഹോദരങ്ങളെയും പ്രകൃതിയെയും മറന്ന് ജീവിച്ച മനുഷ്യരെ ദൈവോന്മുഖവും പരോന്മുഖവും ആക്കുന്നതിനായി ദൈവം അനുവദിച്ച ഒരു അടയാളമായി വിശ്വാസത്തിന്റെ കണ്ണുകളിലൂടെ നോക്കുമ്പോൾ, ഈ മഹാമാരിയെ നമുക്ക് കാണാവുന്നതാണ്. നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും മനോഭാവത്തിലും എത്രയോ വലിയ മാറ്റങ്ങളാണ് ഇതുമൂലം നമുക്കുണ്ടായത്. അസാധ്യം എന്ന് കരുതിയ പലതും ചെയ്യാനും ചെയ്യാതിരിക്കാനും നമ്മൾ പഠിച്ചു. തിന്മ ചെയ്യുന്ന മനുഷ്യരെ ശിക്ഷിക്കുന്നതിനായി മഹാമാരികൾ അയയ്ക്കുന്നതായി ബൈബിളിൽ 40-ൽ അധികം പ്രാവശ്യം നമ്മൾ വായിക്കുന്നുണ്ട്. അവ എല്ലാം മനുഷ്യരെ ദൈവത്തിലേക്കും നന്മയിലേക്കും തിരിക്കുന്നതിനായുള്ള അടയാളങ്ങൾ മാത്രമായിരുന്നു.

**ഉപസംഹാരം**

മനുഷ്യരോടുള്ള അനന്തസ്നേഹത്താൽ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ ആരും നശിച്ചു പോകാതെ ദൈവസ്നേഹത്തിലും സഹോദരസ്നേഹത്തിലും പ്രകൃതിയോട് ഇണങ്ങി ജീവിച്ച് മരണാനന്തരം നിത്യതയിൽ അവിടുത്തോടൊപ്പം സ്വർഗ്ഗഭാഗ്യം അനുഭവിക്കണം എന്നതാണ്



ദൈവേഷ്ടം. എന്നാൽ, ഭൂമിയിലെ നശ്വരമായ ഈ ജീവിതമാണ് ഏറ്റവും വലിയ സ്വർഗ്ഗം എന്ന തെറ്റുദ്ധാരണയാൽ യഥാർത്ഥ സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി വലിയ ദുരന്തത്തിൽ കഴിയുന്നവർക്ക് ഈ കോവിഡ്കാലം ഒരു അടയാളവും ആത്മാർത്ഥമായ ആത്മപരിശോധനയ്ക്കും ദൈവോന്മുഖജീവിതത്തിനുമായുള്ള ഒരാഹ്വാനവുമാണ്. ഇത്തരുണത്തിൽ നമുക്ക് ഓരോരുത്തർക്കും സങ്കീർത്തകനോട് ചേർന്ന് പ്രാർത്ഥിക്കാം: കർത്താവേ, അങ്ങ് അകന്നിരിക്കരുതേ! എനിക്ക് തുണയായവനേ, എന്റെ സഹായത്തിന് വേഗം വരേണമേ (സങ്കീ 22,19). അങ്ങനെ അവിടുത്തെ അമൂല്യമായ കാരുണ്യത്താൽ അവിടുത്തെ ചിറകുകളുടെ തണലിൽ നമുക്ക് അഭയം തേടാം.

www.malankaralibrary.com

# കോവിഡ് മഹാമാരി പ്രാപഞ്ചിക ക്രിസ്തുവിജ്ഞാനീയ വീക്ഷണത്തിൽ

**ഡോ. അഗസ്റ്റിൻ പാംപ്ലാനി CST**

പ്രാപഞ്ചിക ക്രിസ്തു എന്ന രൂപകത്തിൽ അധിഷ്ഠിതവും ശാസ്ത്രീയ പിൻബലമുള്ളതുമായ ഒരു ദൈവശാസ്ത്രചട്ടക്കൂട് ഉപയോഗിച്ച് കോവിഡ് പ്രതിസന്ധിയുടെ ചില ഭാവാത്മക മാനങ്ങളെ ആഖ്യാനം ചെയ്യുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. കോവിഡിനെ ദൈവത്തിന്റെ ശാപമായും പ്രകൃതിയുടെ പ്രതികാരമായും മറ്റും ആഖ്യാനം ചെയ്യുന്ന ദ്വന്ദാത്മകമായ ജ്ഞാനമീമാംസക്കപ്പുറം ഉത്പത്തിയിൽ ലോകത്തെ നോക്കി താൻ സൃഷ്ടിച്ചതെല്ലാം നല്ലത് എന്ന് പറയുന്ന ദൈവശാസ്ത്രത്തിന്റെ ചട്ടക്കൂടാണ് കോവിഡിന്റെ ആഖ്യാനത്തിന് അനിവാര്യമായിട്ടുള്ളത് എന്നു തോന്നുന്നു.

ലോകാരോഗ്യസംഘടനയുടെ പ്രസിഡന്റ് ജൂൺ മാസത്തിൽ പറഞ്ഞു, 'ലോകം ഇന്ന് ഒരു പിശാചിനോട് ഏറ്റുമുട്ടിക്കൊണ്ടിരിക്കുകയാണ്'. ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ വാക്കുകളിൽ, 'മൂന്നാം ലോകമഹായുദ്ധത്തിലൂടെയാണ് ലോകം കടന്നുപോകുന്നത്. 'പ്രസിഡന്റ് ട്രംപിന്റെ വാക്കുകളിൽ, കോവിഡ് 'സർവ്വസജ്ജമായ യുദ്ധത്തിലെ മുഖ്യ ശത്രുവാണ്'. യുദ്ധം, ശത്രു, പിശാച് തുടങ്ങിയവയാണ് ഇന്ന് കോവിഡിനെതിരെ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന രൂപകങ്ങൾ. പൊതുജനത്തെ ജാഗരൂകരാക്കാൻ ഇത് വളരെ സഹായകമാണ്. സംഘാതമായ ഒരു ഭയം സൃഷ്ടിച്ചെടുക്കാനും ആ ഭയത്തെ ഉപയോഗിച്ച് കോവിഡ് പ്രതിസന്ധി ആവശ്യപ്പെടുന്ന യാഥാസ്ഥിതിക നടപടികളോട് ജനത്തെ സഹകരിപ്പിക്കാനും സാധിക്കുന്നുണ്ട്.

ഈ സമീപനത്തിൽ ദാർശനികമായ ഒരു പ്രശ്നമുണ്ട്. ഇത്തിരിപ്പോന്ന ഒരു വൈറസ് ഒരു വശത്തും സർവ്വസന്നാഹങ്ങളോടും കൂടി മാനവരാശി മുഴുവനും മറുവശത്തും അണിനിരക്കുന്ന ഭീതിദമായ ദ്വൈതവിഭജനത്തിന്റെ സ്ഥിതിവിശേഷം ഇതു സൃഷ്ടിക്കുന്നു.



ഇത്തരം വിഭജനങ്ങൾ സാകല്യവും സമഗ്രവും പരസ്പരാശ്രിതവുമായ ഒരു പ്രപഞ്ചവീക്ഷണത്തെ അട്ടിമറിക്കുകയാണ്. കോവിഡ് പ്രതിസന്ധിയുടെ വിവിധ ചർച്ചകൾകൊണ്ട് ശബ്ദായമാനമാണ് മാധ്യമലോകം എങ്കിലും ദാർശനികമായ ഒരു വിശകലനം വേണ്ടത്ര കാണുന്നില്ല. മുങ്ങിച്ചാകുമ്പോൾ തത്ത്വചിന്തയ്ക്ക് സാംഗത്യമില്ലല്ലോ. മഹാമാരിയുമായി ലോകം ഏതാണ്ട് പൊരുത്തപ്പെട്ടുവരുന്ന സാഹചര്യത്തിൽ ദാർശനികവിശകലനങ്ങൾക്ക് പ്രസക്തിയുണ്ട്.

പ്രകൃതിപരമായ ഒരു വീക്ഷണത്തിൽ കോവിഡ്-19 യുദ്ധം ചെയ്തു തോൽപ്പിക്കേണ്ട ശത്രുവോ ജീവന്റെ നാടകത്തിലെ കടന്നുകയറ്റക്കാരനോ അല്ല. ഇത് ജീവന്റെ വൈവിധ്യമാർന്ന ചലനാത്മകതയുടെ ഭാഗം മാത്രം. "ഏതൊരു വൈറസിനെയുംപോലെ കോവിഡും നമുക്ക് ദ്രോഹമൊന്നും ചെയ്യാനുദ്ദേശിക്കുന്നില്ല; ഇതിന് പുനരുല്പ്പാദനം നടത്തണം, അത്രമാത്രം".[1]

ഡാർവിന്റെ പരിണാമസിദ്ധാന്തം ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടൽ കൂടാതെ വംശങ്ങളുടെ ഉല്പത്തിയെ വിശദീകരിക്കുന്നതാണ്. ഡാർവിന്റെ സിദ്ധാന്തം അനുസരിച്ച് പ്രകൃതിക്ക് ഏതെങ്കിലും വർഗ്ഗത്തോട് പ്രത്യേക മമതയോ മുൻഗണനയോ ഇല്ല. പ്രത്യക്ഷത്തിൽ നീതിരഹിതമായ വേട്ടയാടൽ, പരാഹനഭോജനം, വംശനാശം, മൃഗജന്യരോഗങ്ങൾ മുതലായവ പ്രകൃതിയിൽ സുലഭമാണ്. അപ്രകാരം നോക്കുമ്പോൾ കോവിഡ്-19 ഉം അതിൽത്തന്നെ തിന്മയോ നന്മയോ അല്ല, നേരെ മറിച്ച്, "കേവലം, പ്രകൃതിജന്യമായ ഒരു പ്രതിഭാസം നടപ്പാകുന്നു; അതിജീവനവും പ്രത്യുൽപ്പാദനവും".[2] ഇത് തീർത്തും മൂല്യനിരപേക്ഷമായ ഒരു നാടകമാണ്. ഇത്തരം വേട്ടക്കാരെ എല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് ആദിയിൽ ദൈവം എല്ലാം നന്നായിരിക്കുന്നുവെന്ന് പറഞ്ഞത്.

തിന്മയുടെ തേര് തെളിച്ചുകൊണ്ടാണ് നന്മ കടന്നുവരുന്നതെന്ന് പറയാം. ഈ വിരോധാഭാസം തന്നെയാണ് വീഴ്ച-വീണ്ടെടുപ്പ് ദൈവശാസ്ത്രത്തിലും കാണുന്നത്. വി. അഗസ്റ്റിൻ പറയുന്നതുപോലെ, ആദിമാതാപിതാക്കളുടെ ഭാഗ്യപ്പെട്ട പാപമാണല്ലോ സർവ്വേശപുത്രനെ ലോകത്തിന് നല്കിയത്. മനുഷ്യൻ എന്ന ജീവി തന്നെ ഇത്തരം നിരവധി വിചിത്രങ്ങളായ തിരഞ്ഞെടുപ്പുകളിലൂടെ ഉണ്ടായതാണ്. ഉദാഹരണത്തിന് തിരശ്ചീനമായ ജീൻ കൈമാറ്റം മനുഷ്യനെ കാര്യമായി സഹായിച്ചിട്ടുണ്ട്. പാമ്പിന്റെ കടിയേറ്റ പശുവിന്റെ പാലുകുടിച്ചതു വഴിയായി മനുഷ്യന്റെ ജനിതകഘടനയുടെ ഭാഗമായ ജീനുകളാണ് സർപ്പവിഷബാധയെത്തുടർന്നുള്ള ദ്രുതമരണത്തിൽനിന്നു മനുഷ്യനെ രക്ഷിച്ചത് എന്നുള്ള പഠനങ്ങളുണ്ട്.

www.malankaralibrary.com

ഇത്തരമൊരു ഭാവാത്മകമാനം ഈ മഹാമാരിക്കും ഉണ്ടാവാം. ഈ രംഗത്തെ വിദഗ്ദ്ധർ പറയുന്നത് മഹാവ്യാധി സാവകാശം പകർച്ചവ്യാധിയാകും എന്നും ജനിതകമാറ്റം സംഭവിച്ച വൈറസിനെ അതിജീവിക്കാൻ മാനവരാശി പ്രതിരോധശേഷി കൈവരിക്കുകയും ചെയ്യും എന്നാണ്. ഇപ്രകാരമാണ് എയ്ഡ്സ് വൈറസിനെ മനുഷ്യൻ കൈകാര്യം ചെയ്തത്.

ഇതിനർത്ഥം മാനവചരിത്രത്തിലെ ഒരു സംഭവവും ആത്യന്തികമായി തിന്മയുടെ വിജയമല്ല, മറിച്ച് മനുഷ്യന്റെ ജൈവികസ്വത്വത്തിന്റെ പക്വതയിലേക്കുള്ള പ്രയാണത്തിലെ ഒരു ചവിട്ടുപടി മാത്രം എന്നാണ്. ദൈവശാസ്ത്രപരമായി നോക്കിയാൽ മഹാവ്യാധി അന്ധകാരത്തിന്റെ മണിക്കൂറല്ല, നേരെ മറിച്ച്, ദൈവപരിപാലനയുടെ നിഴലുകൾ മാത്രമാണ്. കോവിഡ്-19 പിശാചല്ല, മനുഷ്യന്റെയും ചരിത്രത്തിന്റെയും സമാഗതമാകാനിരിക്കുന്ന പുതിയ മുഹൂർത്തങ്ങളിലേക്കുള്ള പാത തെളിക്കൽ മാത്രമായിരിക്കാം. കാൾ റാനർ കോവിഡിനെപ്പറ്റി കേട്ടിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ നിരീക്ഷണം പ്രവചനാത്മകമായി കാണപ്പെടുന്നു: "പ്രകൃതിശാസ്ത്രങ്ങൾ വിവരിക്കുന്ന പ്രപഞ്ചചരിത്രം പരിശോധിക്കുക: ഈ ചരിത്രം ഒരേസമയം മനുഷ്യന്റെയും ജീവന്റെയും പദാർത്ഥത്തിന്റെയും ചരിത്രമാണ്. വ്യതിരിക്തതകളെ ഇല്ലാതാക്കുന്നതല്ല ഉൾക്കൊള്ളുന്നതാണ് ഈ ചരിത്രം".[3] ഈ വസ്തുതയെ അക്ഷരംപ്രതി ശരിവെക്കുന്നതാണ് കോവിഡിന്റെ പരിസ്ഥിതിപരമായ അന്തർധാരകളും അവ അനിവാര്യമാക്കുന്ന സാമ്പത്തികക്രമവും ലോകക്രമവും. സ്ഥലപരിമിതി നിമിത്തം ഈ വിഷയം ഇവിടെ ചർച്ച ചെയ്യുന്നില്ല.

സൈദ്ധാന്തികമായി ഈ കാഴ്ചപ്പാട് ഒരു പുതിയ മാനവവിജ്ഞാനീയത്തെ അനിവാര്യമാക്കുന്നുണ്ട്. ജീവരാശി മുഴുവനുമായുള്ള മനുഷ്യന്റെ സഹവർത്തിത്വത്തിന്റെയും ബാന്ധവത്വത്തിന്റെയും ദർശനമാണ് ഇവിടെ അനുപേക്ഷണീയം. പ്രാപഞ്ചിക ക്രിസതു എന്ന ബൈബിൾ രൂപകം ഈ കാഴ്ചപ്പാടിന് വേണ്ട ദൈവശാസ്ത്രപരമായ അടിത്തറ നല്കുന്നുണ്ട്.

സർവ്വസൃഷ്ടികളുടെയും മനുഷ്യന്റെയും അടിത്തറയായി ക്രിസ്തുവിനെ അവതരിപ്പിക്കുന്ന വിശുദ്ധഗ്രന്ഥ ദർശനത്തിൽ നിന്നാണ് സൃഷ്ടിയെക്കുറിച്ചുള്ള ക്രിസ്തീയപഠനം വികസിച്ചിരിക്കുന്നത്. ഇത് വിശുദ്ധ പൗലോസിലാരംഭിക്കുന്ന പുതിയ നിയമപ്രവണതയെ ക്രിസ്തുസൃഷ്ടിയിലെ മദ്ധ്യവർത്തി (Mediator) എന്ന കാഴ്ചപ്പാടിനോട് ബന്ധപ്പെട്ടിരിക്കുന്നു. "എങ്കിലും നമുക്ക് ഒരു ദൈവമേയുള്ളു. ആരാണോ സർവ്വവും സൃഷ്ടിച്ചത്, ആർക്കുവേണ്ടിയാണോ നാം ജീവിക്കുന്നത്, ആ പിതാവ്, ഒരു കർത്താവേ നമുക്കുള്ളു. ആരിലൂടെയാണോ സർവ്വവും ഉളവായത്, ആരിലൂടെയാണോ നാം നിലനില്ക്കുന്നത്, ആ ഈശോമിശിഹാ" (1 കോറി 8,6). "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ്. കാരണം അവനിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. സിംഹാസനങ്ങളോ ആധിപത്യങ്ങളോ ശക്തികളോ അധികാരങ്ങളോ എന്തുമാകട്ടെ, എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്. അവനാണ് എല്ലാറ്റിനും മുമ്പുള്ളവൻ. അവനിൽ സമസ്തവും സ്ഥിതി ചെയ്യുന്നു" (കൊളോ 1,15-17). "എന്തെന്നാൽ അവനിൽ സർവ്വസമ്പൂർണ്ണതയും നിവസിക്കണമെന്ന് ദൈവം തിരുമനസ്സായി" (കൊളോ1,19). പണ്ഡിതരുടെ അഭിപ്രായത്തിൽ 'പൂർണ്ണത' എന്ന പദം, ബൈബിൾ സങ്കല്പമായ ദൈവത്തിന്റെ ക്രിയാത്മകസാന്നിധ്യം നിറഞ്ഞ സർവ്വപ്രപഞ്ചത്തെയും സൂചിപ്പിക്കുന്നു (സങ്കീ 24,1; 50,12; 72,19; ജ്ഞാനം 1,7; സഭാ 43,27; ഏശ 6,3; ജറെ 23,24). മനുഷ്യാവതാരവും പുനരുത്ഥാനവും ക്രിസ്തുവിനെ സൃഷ്ടപ്രപഞ്ചത്തിന്റെ തലവനാക്കുന്നുവെന്ന് പൗലോസ് പഠിപ്പിക്കുന്നു. ഹെബ്രായർക്കുള്ള ലേഖനം 1,3-ൽ ഉപയോഗിച്ചിരിക്കുന്ന "ദൈവത്തിന്റെ മഹത്ത്വത്തിന്റെ തേജസ്", "ദൈവത്തിന്റെ സത്തയുടെ മുദ്ര" എന്നീ പ്രയോഗങ്ങൾ, ലോകത്തെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തെ സൂചിപ്പിക്കാൻ ഇസ്രായേൽജനം ജ്ഞാനപാരമ്പര്യത്തിൽ ഉപയോഗിച്ചിട്ടുള്ളവയാണ് (സുഭാ 8,22-31). യേശുവിനെ ദൈവത്തിന്റെ പുത്രനായും അവിടുത്തെ അനന്തമായ ജ്ഞാനമായും പരിഗണിക്കുന്ന ക്രിസ്തുവിജ്ഞാനീയത്തിൽ ക്രിസ്തുവിന്റെ മദ്ധ്യവർത്തിത്വം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. യോഹന്നാന്റെ വചനാധിഷ്ഠിത ക്രിസ്തുവിജ്ഞാനീയവും ഇത് പ്രതിബിംബിക്കുന്നുണ്ട്: ആദിയിൽ വചനമുണ്ടായിരന്നു; വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു; അവൻ ആദിയിൽ ദൈവത്തോടു കൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല (യോഹ 1,1-31).

ദൈവികമായ സൃഷ്ടിയെ പ്രകൃതിപ്രതിഭാസങ്ങളോടോ സുന്ദരമായ ക്രിസ്തുയാഥാർത്ഥ്യത്തിന്റെ സമ്പന്നതയെ പരിണാമഘടനകളോടോ താരതമ്യപ്പെടുത്താനാവില്ലെങ്കിലും ദിവ്യവൽക്കരിക്ക



www.malankaralibrary.com

പ്പെട്ട ആത്മീയപ്രപഞ്ചം താരതമ്യപ്പെടുത്താനാവില്ലെങ്കിലും ദിവ്യവൽക്കരിക്കപ്പെട്ട ആത്മീയപ്രപഞ്ചം പ്രാപഞ്ചികമായി നിർവചിക്കപ്പെടുന്ന ക്രിസ്തുയാഥാർത്ഥ്യത്തിന്റെ ഒരു വ്യാഖ്യാനം നല്കുന്നുണ്ട്. ആന്തരികമായി ലോകത്തെ രൂപപ്പെടുത്തുകയും ബാഹ്യമായി അതിനെ അവതരിപ്പിക്കുകയും നിത്യമായി ലോകത്തിലും ലോകത്തിലൂടെയും സ്വയം അനാവൃതമാകുകയും ചെയ്യുന്ന ഒരു രഹസ്യമാണ് ക്രിസ്തുരഹസ്യം. ഭൗതികലോകത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുവിന് സനാതനവ്യക്തിത്വമാണുള്ളത്. പ്രാപഞ്ചികഘടനകളും പരസ്പരം പ്രവർത്തിക്കുന്ന ഊർജ്ജങ്ങളും ഉള്ള പ്രപഞ്ചത്തിന്റെ രാസ, ജൈവിക, ഭൗതിക സത്തയുടെ രൂപീകരണം നടന്ന ആദി ഉദരമാണ് ക്രിസ്തു. അവബോധത്തിലേക്കും സ്വയാവബോധത്തിലേക്കും വളരുന്ന സർവ്വയാഥാർത്ഥ്യത്തിന്റെയും സത്താപരമായ വ്യക്തിസ്വഭാവത്തെ ക്രിസ്തുതലം ഉയർത്തിപ്പിടിക്കുന്നു. പ്രാപഞ്ചിക സ്വയാവബോധത്തിന് അതിന്റെ ഉത്ഭവത്തിലേക്ക് ഒരു പ്രയാണം നടത്താൻ സാധിച്ചാൽ, എല്ലാ വസ്തുക്കളും രൂപംകൊള്ളാൻ കാരണമായ ക്രിസ്തുരഹസ്യത്തിന്റെ തീരങ്ങളിൽ അതെത്തിച്ചേരും. ഈയർത്ഥത്തിൽ ശാസ്ത്രീയാന്വേഷണങ്ങൾ പ്രപഞ്ചത്തെക്കുറിച്ചുള്ള ക്രിസ്തുവിജ്ഞാനീയഭാഷ്യമാണ്. അതുപോലെതന്നെ ക്രിസ്തുവിജ്ഞാനീയവിചിന്തനങ്ങൾ പ്രപഞ്ചത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ വ്യാഖ്യാനശാസ്ത്രവുമാണ്. ശാസ്ത്രീയപശ്ചാത്തലത്തിൽ, വെളിപ്പെടുത്തപ്പെട്ട ക്രിസ്തുവിജ്ഞാനീയ സത്യങ്ങളുടെ വ്യാഖ്യാനപരമായ അവതരണം വളരെ പ്രാധാന്യമർഹിക്കുന്നു. താബോർമലയിൽ രൂപാന്തരപ്പെട്ട സൗന്ദര്യം തന്നെയാണ് മരങ്ങളിലും ചെടികളിലും പൂക്കളിലും ചിത്രശലഭങ്ങളിലും ആവിഷ്കരിക്കുന്നതെന്ന് കാവ്യാത്മകമായി പറയാൻ കഴിയും. അല്ലെങ്കിലും, അവിടുത്തെ മുഖം സൂര്യനെപ്പോലെയും വസ്ത്രം പ്രകാശരശ്മികൾ പോലെയും പ്രസരിക്കുന്ന ഒരു താബോർ മല തന്നെയല്ലേ ഈ പ്രപഞ്ചം മുഴുവൻ?

ആധുനിക പ്രപഞ്ചവിജ്ഞാനീയത്തിൽ നിന്നുള്ള ഒട്ടേറെ സംജ്ഞകൾ പ്രാപഞ്ചിക ക്രിസ്തുദർശനത്തിന്റെ അന്തർധാരകളെ ആലങ്കാരികമായി പിന്താങ്ങുന്നതായി കാണാം. പ്രപഞ്ചത്തിന്റെ ബുദ്ധിപൂർവകമായ രൂപകൽപന, മാനവികതത്ത്വം തുടങ്ങിയ സംജ്ഞകൾ ഇവിടെ പ്രസക്തമാണെങ്കിലും അതിന്റെ വിശദാംശങ്ങളിലേക്ക് ഇവിടെ പ്രവേശിക്കുന്നില്ല.

ചരിത്രം മുഴുവന്റെയും ആന്തരികചൈതന്യമായി വർത്തിക്കുന്ന ക്രിസ്തുതത്ത്വത്തിൽനിന്നു ഭിന്നമായി വൈറസിന്റെ ചരിത്രത്തെയും കാണാനാവില്ല. കോവിഡുമായുള്ള ഏററുമുട്ടലുകൾ പുതിയ ക്രിസ്തുവിജ്ഞാനീയത്തിന്റെ കാലികമായ ആഖ്യാനസങ്കേതങ്ങളിൽ ഒന്നായി കാണാം.



പരമ്പരാഗത ദൈവശാസ്ത്ര സരണിയിൽ നഷ്ടപ്പെട്ടുപോയ ചില ദർശനങ്ങളുടെ വീണ്ടെടുപ്പ് കൂടിയായി ഈ പുതിയ സമീപനത്തെ കാണാം. സാമുവൽ രായൻ നിരീക്ഷിക്കുന്നതുപോലെ, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച ദൈവത്തെക്കുറിച്ച് പറഞ്ഞുതുടങ്ങുന്ന ക്രിസ്തീയ വിശ്വാസപ്രമാണം ക്രമേണ ആകാശത്തെയും ഭൂമിയെയും മറന്നിട്ട് മനുഷ്യനിലേക്ക് മാത്രമായി ധ്രുവീകരിക്കപ്പെടുന്നു. മനുഷ്യനെ ഇത് സൃഷ്ടിയുടെ മകുടമാക്കുന്നു. പരിസ്ഥിതി ദൈവശാസ്ത്രജ്ഞർ പൊളിച്ചടുക്കിയ മാനവകേന്ദ്രീകൃത ദൈവശാസ്ത്രത്തെ അതിന്റെ സ്വാഭാവിക പരിണതികളിലേക്ക് നയിക്കുന്നതാണ് മഹാമാരിയുടെ ദൈവശാസ്ത്രം. ഏകതാനതയിലധിഷ്ഠിതമായ ജീവവ്യവസ്ഥയിലെ ഒരു പ്രധാന കണ്ണിയായി മാത്രം മനുഷ്യനെ കണ്ടുകൊണ്ട് ഈ സമീപനം മനുഷ്യന്റെ സ്ഥാനത്തെ ആപേക്ഷികവൽക്കരിക്കുന്നു.

ശ്രേണീബദ്ധമായ ജീവവ്യവസ്ഥയിലെ സൃഷ്ടിയുടെ മകുടം എന്ന കാഴ്ചപ്പാടിൽനിന്നും ഭിന്നമായി ഏകതാനതയുടെ മനുഷ്യാവസ്ഥയെ പിന്താങ്ങുന്ന ഒട്ടേറെ വിവരങ്ങൾ ഇന്ന് പ്രകൃതി ശാസ്ത്രത്തിൽനിന്നും ലഭ്യമാണ്. കേവലം ഒരുദാഹരണം പരാമർശിച്ചാൽ മനുഷ്യന്റെയും ചിമ്പാൻസിയുടെയും ജനിതകഘടന 99% സമാനമാണ്. പശുവുമായി 80 ശതമാനവും എലിയുമായി 60 ശതമാനവും ജീനുകൾ മനുഷ്യൻ പങ്കുവയ്ക്കുന്നു. ഇ.കോളി ബാക്റ്റീരിയയുമായി 20% ജനിതക ബാന്ധവം മനുഷ്യനുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ആദിമുതൽ തന്നെ മനുഷ്യരെല്ലാവരും 20% കോവിഡ്-19 തന്നെ. അല്പം വന്യമായ കാവ്യസ്വാതന്ത്ര്യം ഉപയോഗിച്ച് വേണമെങ്കിൽ പറയാം: അവന്റെ ശരീരം ഭക്ഷിക്കുമ്പോൾ നമ്മൾ കോവിഡിനെയും സ്വീകരിക്കുന്നു! കാരണം നാമെല്ലാവരും മൗലികമായി ക്രിസ്തുസ്വത്വങ്ങളാകുന്നുവല്ലോ.

നന്മയും തിന്മയും നമ്മിൽ നടക്കുന്ന ഏറ്റുമുട്ടലിന്റെ അപരിഷ്കൃത മാതൃകകൾ ഉപയോഗിച്ച് കോവിഡ്-19 പ്രതിസന്ധിയെ ഒരു വർഗ്ഗവും വേറൊരു വർഗ്ഗവും തമ്മിലുള്ള ഏറ്റുമുട്ടലായി ചിത്രീകരിക്കുന്നത് ദൈവശാസ്ത്രപരമായ ഒരു സമീപനമായിരിക്കില്ല. ഇത്തരമൊരു കാഴ്ചപ്പാട് മനുഷ്യന്റെ അന്തസ്സിനേയും വിലയേയും കുറച്ചുകാണുകയല്ല, നേരെമറിച്ച് ഉദാത്തീകരിക്കുന്നതേയുള്ളു. മനു

www.malankaralibrary.com

ഷ്യന്റെ സാർവത്രിക ഉത്തരവാദിത്വങ്ങളെ ഓർമ്മപ്പെടുത്തുംവിധം അവരുടെ സാകല്യവേരുകളെ കാണിച്ചുകൊടുക്കുകയാണ്. നമ്മുടെ അതിജീവനത്വരയെ ഇത് നിരുത്സാഹപ്പെടുത്തുന്നില്ല. പ്രത്യുത, പരിണാമം നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന അതിജീവനാഭിമുഖ്യങ്ങളെ ത്വരിതപ്പെടുത്തുകയേ ഉള്ളൂ. അത്തരം ആഭിമുഖ്യങ്ങൾ നിഷ്പക്ഷമായ ഒരു ദർശനത്താൽ നയിക്കപ്പെടണം എന്ന് മാത്രം.

ജാപ്പനീസ് ബുദ്ധിസത്തിലെ ഹുവായെൻ സ്കൂളിന്റെ ജ്ഞാനമീമാംസാപരമായ ഉൾക്കാഴ്ചകൾ ഇവിടെ വളരെ പ്രസക്തമാണ്: "മനുഷ്യന്റെ സ്വാഭാവിക ശീലമാണ്, വിശക്കുന്ന കടുവകളെയും അവയ്ക്ക് സമാനമായ വാർദ്ധക്യത്തിന്റെ കടുവകളെയും കാൻസർ, വെടിയുണ്ട മുതലായവയെയും നിരസിക്കുക എന്നുള്ളത്. അങ്ങനെ നമുക്ക് സൂര്യപ്രഭയും, മധുരവിഞ്ഞും, നിത്യയൗവ്വനവും സനാതന കാമവുമല്ലാതെ ഒന്നും വേണ്ട. ഈ തിരയലും പെറുക്കലും തന്നെയാണ് നമുക്ക് സഹനവും, ഭയവും, ഉത്ക്കണ്ഠയും കൊണ്ടുവരുന്നത്. അദ്വൈതാത്മകമായ ഏകാസ്തിത്വത്തെ രണ്ടായി വിഭജിക്കുന്നതുവഴിയായി നമ്മൾ ഏകയാഥാർത്ഥ്യത്തെ തന്നെ വളച്ചൊടിക്കുന്നു. അസ്തിത്വം അതിൽത്തന്നെ ജീവനും മരണവുമാണ്, ആരോഗ്യവും രോഗവുമാണ്, വിജയവും പരാജയവുമാണ് എന്ന വസ്തുതയോടെ നമ്മൾ പുറംതിരിഞ്ഞു നിൽക്കുന്നു. ജീവിതവും മരണവും നിത്യം ഉരുത്തിരിയുന്ന അവസ്ഥയുടെ അവസ്ഥാന്തരങ്ങളാണ്. യാഥാർത്ഥ്യത്തെ സാകല്യതയിൽ കാണുക എന്നാൽ അതിനർത്ഥം അത്യന്തം ദയനീയമായ ഒരു കർതൃനിഷ്ഠതയെ അതിലംഘിക്കുകയും ദ്രോഹകരവും അസഹനീയവുമായ വൈരുദ്ധ്യങ്ങളെയൊക്കെ ഏകതാനതയിൽ ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ്".[4]

## References


1. Stephen T. Amsa, "Does the Pandemic Have a Purpose," *New York Times*, April 16, 2020.
2 Ibid.
3 Karl Rahner, "Christology Within an Evolutionary View," *Theological Investigations*, vol. 5 (London: Darton, Longman and Todd, 1966) p. 166.
4 Francis H. Cook, "The Jewel Net of Indra," in J. Baird Callicott and Roger T. Ames, Eds., *Nature in Asian Traditions of Thought – Essays in Environmental Philosophy* (New York: State University of New York Press, 1989) pp. 221-222.


# കോവിഡ്-19: വിശ്വാസത്തിന് ഒരു വെല്ലുവിളിയോ?

ഡോ. ഡൊമിനിക് മുരിയൻകാവുങ്കൽ

### ആമുഖം

കോവിഡ്-19 എന്ന മഹാമാരിയുടെ മുമ്പിൽ ലോകം പകച്ചു നില്ക്കുന്ന നാളുകളാണിത്. ഇതെഴുതുമ്പോൾ, ലോകത്താകെ ഒരു കോടിയോളം ആളുകൾ രോഗബാധിതരാണ്; അഞ്ചുലക്ഷത്തോളം പേർ മൃതിയടഞ്ഞു. നമ്മുടെ രാജ്യത്തും കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും രോഗവ്യാപനത്തിന്റെ മൂർധന്യാവസ്ഥ ഇനിയും വരാനിരിക്കുന്നതേയുള്ളു എന്നു പറയുന്നു. നമുക്കിടയിലുള്ള രോഗവുമായി പൊരുത്തപ്പെട്ടു ജീവിക്കാൻ സാധിക്കുന്നതിനെപ്പറ്റിയാണ് ഇന്നു ചർച്ചകൾ ഏറെയും. രോഗവും തിന്മയും വിജയിക്കുന്നു എന്നു തോന്നിപ്പിക്കുന്ന ഇത്തരം സന്ദർഭങ്ങളിൽ വിശ്വാസത്തിന് എന്തു മറുപടിയാണുള്ളത് എന്നതിനെപ്പറ്റിയാണ് ഈ ലേഖനം.

### തിന്മയും നന്മസ്വരൂപനും

രോഗം, മരണം, പകർച്ചവ്യാധികൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിങ്ങനെ തിന്മ പത്തിവിരിച്ചാടുന്ന സാഹചര്യങ്ങളിൽ എങ്ങനെയാണ് നന്മതന്നെയായ ദൈവത്തിന്റെ അസ്തിത്വം മനസ്സിലാക്കാൻ സാധിക്കുന്നത്; ദൈവത്തെക്കുറിച്ചു സംസാരിക്കാൻതന്നെ പറ്റുന്നത്? ദൈവമാണോ ഇതൊക്കെ അനുവദിക്കുന്നത്? അല്ലെങ്കിൽ, ദൈവം എന്തുകൊണ്ടാണ് ഇടപെടാത്തത്? എത്രയോ ആളുകളും സമൂഹങ്ങളും പ്രാർത്ഥിക്കുന്നു; എന്നിട്ടും എന്തുകൊണ്ടാണ് പ്രാർത്ഥനകൾക്ക് ഉത്തരമില്ലാത്തത്? 'സഭ ദൈവാരാധനാസമൂഹം' എന്ന നിർവചനം തന്നെ അസാധ്യമാകുമാറ്, സഭയെ 'നിർമ്മിക്കുന്ന' കൂദാശ (Ecclesia de Eucharistia) എന്നു വിളിപ്പേരുള്ള വി. കുർബാനയുടെ അർപ്പണംപോലും പരിമിതപ്പെടുത്തുകയോ നിഷേധിക്ക

www.malankaralibrary.com

പ്പെടുകയോ ചെയ്യുന്ന കോവിഡ്-19 ന്റെ സാഹചര്യത്തിൽ ദൈവാസ്തിത്വത്തെക്കുറിച്ചുതന്നെ സംശയങ്ങളുണ്ടാവുക സ്വാഭാവികം!

കത്തോലിക്കാസഭയുടെ യുവജനമതബോധനഗ്രന്ഥം 51-ാം നമ്പറിൽ ഈ സംശയത്തിന് ഉത്തരം നൽകുന്നു. ലോകത്തിലെ തിന്മയുടെ സാന്നിധ്യം “നിഗൂഢവും വേദനാജനകവുമായ ഒരു രഹസ്യമാണ്”. ദൈവത്തെയും ദൈവികകാര്യങ്ങളെയും സമീപിക്കുന്ന ഭക്തന്റെ അടിസ്ഥാനബോധ്യമാണ്, താൻ സമീപിക്കുന്നത് മനുഷ്യബുദ്ധിക്കതീതമായ കാര്യങ്ങളെയാണെന്നത്. എല്ലാം കൃത്യമായി നിർവചിക്കാനും ഇഴകീറി പരിശോധിക്കാനും മനുഷ്യബുദ്ധിക്ക് പരിമിതി ഉണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് ദൈവികമായതിനെ “രഹസ്യം” (mysterion/raza) എന്നു വിളിക്കുന്നത്. ആഴത്തിൽ പഠിക്കാനും വിശകലനം ചെയ്യാനുമുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള അലസമനോഭാവത്തിന്റെ ഒഴികഴിവല്ലിത്; സ്രഷ്ടാവിന്റെ മുമ്പിൽ താനൊരു സൃഷ്ടിമാത്രമാണെന്ന തിരിച്ചറിവിൽനിന്നുളവാകുന്ന എളിമയുടെ നിലപാടാണ്.

“എല്ലാം മനസ്സിലാക്കാൻ നമുക്കാവില്ല. എങ്കിലും ഒരുകാര്യം ഉറപ്പിക്കാം: ദൈവം നല്ലവനാണ്. അവിടന്ന് ഒരിക്കലും തിന്മയുടെ ഉദ്ഭവകാരണമായിരിക്കുകയില്ല. നന്മയായിരിക്കാൻവേണ്ടിയാണ് അവിടന്ന് ലോകം സൃഷ്ടിച്ചത്. സൃഷ്ടലോകം പൂർണ്ണതയിലേക്കുള്ള യാത്രയിലാണ്. ജന്മനായുള്ള വൈകല്യം, പ്രകൃതിക്ഷോഭം മുതലയാവയെ ഭൗതികതിന്മകളെന്നു നാം വിളിക്കുന്നു. ധാർമ്മിക മണ്ഡലത്തിലെ തിന്മ ലോകത്തിൽ മനുഷ്യൻ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യുന്നതിൽനിന്നുണ്ടാകുന്നതാണ്. ഉദാ. ചാവേറാക്രമണം, നാസി കോൺസൺട്രേഷൻ ക്യാമ്പുകൾ മുതലായവ. ഇവയെല്ലാം മനുഷ്യസൃഷ്ടികളാണ്. അവ മനുഷ്യനിൽനിന്നു വരുന്നു. തിന്മ അവസാനവാക്കല്ലെന്ന് ഈശോയുടെ മരണവും ഉത്ഥാനവും കാണിച്ചു തരുന്നു” (യൂക്യാറ്റ്, ചോദ്യം 51). തിന്മയിൽ നിന്നുപോലും നന്മ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിയുമെന്നതിന് (cf. റോമ 8,28) തെളിവുമാണത്. ദൈവികപദ്ധതിയിൽ സഹനത്തിനുള്ള രക്ഷാകരമായ മാനവും വിശ്വാസത്തിന്റെ അടിസ്ഥാനപാഠമാണല്ലോ.

### വിശ്വാസിയുടെ കോവിഡുകാല സന്ദേഹങ്ങൾ

വിശ്വാസജീവിതത്തിലെ കയറ്റിറക്കങ്ങളുടെ പാത വി.ഗ്രന്ഥം മനോഹരമായി വരച്ചിടുന്നുണ്ട്. ഇതിന് നിരവധി ഉദാഹരണങ്ങൾ നമുക്കു കണ്ടെത്താനുമാവും. വി. ലൂക്കാ സുവിശേഷകൻ ചിത്രീകരിക്കുന്ന രണ്ടു ശിഷ്യന്മാരുടെ എമ്മാവൂസ് യാത്ര വിശ്വാസിയുടെ സന്ദേഹങ്ങളെ സമൃക്കായി അവതരിപ്പിക്കുന്നു. ഈശോയുടെ ജനന, ജീവിത, മരണ, ഉത്ഥാനങ്ങളടങ്ങിയ മിശിഹാസംഭവത്തെ മനസ്സിലാക്കാനാവാതെ നിരാശരും ദുഃഖിതരുമായാണ് ജറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള ആ ശിഷ്യന്മാരുടെ യാത്ര. ഓർക്കണം, വി. ലൂക്കായുടെ ദൈവശാസ്ത്ര വീക്ഷണപ്രകാരം, വിശ്വാസരഹസ്യങ്ങളുടെ, ദൈവാരാധനയുടെ, ഭൗമിക ഇടമായ ജറുസലേമിലേക്കുള്ള യാത്രയിൽ ഈശോയെ അനുഗമിക്കേണ്ട ക്രിസ്തുമാർഗ്ഗചാരികളാണ് ശിഷ്യന്മാർ.[1] ഇപ്രകാരം വിളിക്കപ്പെട്ട ശിഷ്യന്മാരിൽ രണ്ടുപേരാണ് യു-ടേൺ എടുത്ത് ജറുസലേമിൽനിന്ന് എമ്മാവൂസിലേക്കു യാത്രയാവുന്നത്. നിരാശരും ദുഃഖിതരും, ആ നെഗറ്റീവ് ചിന്തകൾ മുഴുവൻ മുഖത്ത് ഘനീഭവിച്ച തരത്തിൽ മ്ലാനവദനരുമായി. “ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണ് എന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു” (ലൂക്കാ 24,21). എന്നു വച്ചാൽ, ആ പ്രതീക്ഷകളൊക്കെ അസ്ഥാനത്തായിരുന്നുവെന്ന് ഇന്നു തങ്ങൾ തിരിച്ചറിഞ്ഞെന്ന്! പ്രസ്തുത സുവിശേഷഭാഗം വ്യാഖ്യാനിച്ചുകൊണ്ട് വി. ആഗസ്തീനോസ് എഴുതി:

> “ഓ, എന്റെ പ്രിയപ്പെട്ട ശിഷ്യന്മാരേ, നിങ്ങൾ
> പ്രതീക്ഷിച്ചിരുന്നെന്നോ! നിങ്ങൾക്ക് ഇപ്പോൾ
> പ്രതീക്ഷയില്ലെന്നോ? നോക്കൂ, മിശിഹാ ജീവിക്കുന്നു.
> പ്രത്യാശ നിങ്ങളിൽനിന്ന് അസ്തമിച്ചുപോയോ?”
> സത്യമായും, സത്യമായും മിശിഹാ ജീവിക്കുന്നു!
> ജീവിക്കുന്നവനായ മിശിഹാ, താൻ പ്രത്യക്ഷനായപ്പോൾ
> തന്റെ ശിഷ്യന്മാരുടെ ഹൃദയം മൃതമായിരിക്കുന്നതു കണ്ടു.
> അതുകൊണ്ടാണ്, അവരുടെ കണ്ണുകൾക്ക് അവൻ
> അഗോചരനായത്. അവൻ ഒരേ സമയം
> പ്രത്യക്ഷനും നിഗൂഢനുമായിരുന്നു... അവൻ
> അവരോടൊപ്പം സഹയാത്രികനായി, അവരുടെ
> നേതാവായി വഴിയിലൂടെ നടന്നു. തീർച്ചയായും
> അവർ അവനെ കണ്ടു. പക്ഷേ, അവനെ
> തിരിച്ചറിഞ്ഞില്ല. കാരണം, അവനെ തിരിച്ചറിയാ-
> നാവാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു
> അവനെ കാണാനാവാത്തവിധം അവർ തടയപ്പെട്ടില്ല,
> അവനെ തിരിച്ചറിയാനാവാത്തവിധം
> അവരുടെ കണ്ണുകൾ അന്ധമായിരുന്നു.”[2]



www.malankaralibrary.com

പ്രതീക്ഷകളൊക്കെ നശിച്ച്, കൂടെ നടക്കുന്ന കർത്താവിനെ തിരിച്ചറിയാൻ കഴിയാത്ത ക്രിസ്തുശിഷ്യരിൽ നമ്മളെത്തന്നെ കണ്ടെത്താൻ കഴിയുന്നില്ലേ? ഈ കോവിഡ്കാലം അനേകർക്ക് തങ്ങളുടെ പ്രതീക്ഷകളുടെ ശവപ്പറമ്പായി മാറുന്നു. പക്ഷേ, യഹുദർക്ക് ഇടർച്ചയും വീജാതീയർക്കു ഭോഷത്തവുമായ കുരിശിനെ (1 കോറി 1,23) രക്ഷയുടെ വഴിയായി തിരഞ്ഞെടുത്ത ദൈവത്തെ ഈ കോവിഡ് ചുറ്റുപാടിലും കണ്ടെത്താനാവുക എന്നതാണ് പ്രധാനം.

ഈജിപ്തിലെ അടിമത്തവും, ദൈവാലയത്തിന്റെ നാശവും, ബാബിലോൺ പ്രവാസവുമെല്ലാം അതിജീവിച്ചവരാണ് പഴയനിയമ ഇസ്രായേൽജനം. എങ്കിൽ, പുതിയ ഇസ്രായേലായ സഭയ്ക്കും സ്വർഗീയവാഗ്ദത്തനാട്ടിലേക്കുള്ള പ്രയാണത്തിൽ അവശ്യം നടന്നുകയറേണ്ട ചവിട്ടുപടികളാണ് ഇത്തരം സഹനാനുഭവങ്ങളെല്ലാം എന്നു തിരിച്ചറിയാൻ വിശ്വാസിക്കാവണം.

### വിശ്വാസത്തിന്റെ നേത്രങ്ങൾ

നമുക്കു വീണ്ടും വി. ലൂക്കായുടെ സുവിശേഷത്തിലേക്കു വരാം. പ്രസ്തുത സുവിശേഷം വി. ലൂക്കാ ഉൾക്കൊള്ളിച്ചിരിക്കുന്നത് രണ്ട് ദൈവാലയ എപ്പിസോഡുകൾക്കിടയിലാണ്. ആമുഖമായ നാല് പ്രാരംഭവാക്യങ്ങൾ മാറ്റിനിർത്തിയാൽ ആദ്യരംഗം സ്നാപകന്റെ ജനനത്തെക്കുറിച്ച് പിതാവായ സഖറിയായ്ക്ക് ദൈവാലയത്തിൽ വച്ചുണ്ടാകുന്ന അറിയിപ്പാണ്. സുവിശേഷം അവസാനിക്കുന്നത് ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാസമയവും ദൈവാലയത്തിൽ കഴിഞ്ഞുകൂടിയ ശിഷ്യന്മാരെപ്പറ്റി പറഞ്ഞുകൊണ്ടും. എന്താണ് ദൈവാലയം? ദൈവജനത്തിന്റെ ചരിത്രം ദൈവം നൽകിയ രക്ഷയുടെ ചരിത്രമാണെന്നു തിരിച്ചറിയുന്ന വിശ്വാസികൾ ഒരുമിച്ചുകൂടി ദൈവത്തെ ആരാധിക്കുന്ന ഇടമാണത്. വിശ്വാസത്തിന്റെ നയനങ്ങൾ കൂടാതെ, കടന്നുവന്ന തകർച്ചയുടെയും അടിമത്തത്തിന്റെയും മരുഭൂമി അനുഭവങ്ങളുടെയും വഴികളെ രക്ഷാകരമെന്നു മനസ്സിലാക്കുക സാധ്യമല്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ, വിശ്വാസത്തിന്റെ നേത്രങ്ങൾ ഉള്ളവനേ ദൈവാരാധന സാധ്യമാകൂ എന്നർത്ഥം. ബാഹ്യമായ നേത്രങ്ങളുടെ കാഴ്ചയ്ക്കപ്പുറം കാണുന്നവനാണ് വിശ്വാസി. വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു കാണുന്നവനേ, ഈശോയെ കൂടെ വസിക്കുന്ന ദൈവമായി, ഇമ്മാനുവേലായി, തിരിച്ചറിയാൻ കഴിയൂ എന്നും, മിശിഹാസംഭവത്തെ രക്ഷാകരമായി മനസ്സിലാക്കാനാവൂ എന്നും ലൂക്കാ സൂചിപ്പിക്കുകയാവണം – അല്ലാത്തവർക്ക് അവൻ കേവലം ഒരു തച്ചന്റെ മകൻ മാത്രം![3]



വിശ്വാസനേത്രങ്ങൾകൊണ്ടു കാണുന്നവന്റെ മുമ്പിൽ മാത്രം അനാവരണം ചെയ്യപ്പെടുന്ന "രഹസ്യ"ങ്ങളുടെ ആഘോഷവേദിയാണു ദൈവാലയമെന്നു നാം കണ്ടുകഴിഞ്ഞു. ദൈവാലയമാണ് ജറുസലേമിന്റെ കേന്ദ്രം. ദൈവാലയനഗരിയാണത്. സദാസമയവും ദൈവത്തോടൊത്ത് ആയിരിക്കുന്നവനും ആയിരിക്കേണ്ടവനുമാണ് വിശ്വാസി (ലൂക്കാ 24,53). അവനാണ് ജറുസലേം വിട്ട് സുഹൃത്തിനോടൊപ്പം എമ്മാവൂസിലേക്കു യാത്രയാവുന്നത്. ദൈവത്തെ കണ്ടെത്താനും ആരാധിക്കാനുമായി ഉന്നതത്തിൽനിന്നു ശക്തിപ്രാപിക്കുന്നതുവരെ ജറുസലേമിലായിരിക്കാൻ വിളിക്കപ്പെട്ട നമ്മൾ (ശ്ലീഹ.നട. 1,4) അതിനു സാധിക്കാതെ ജറുസലേം ഉപേക്ഷിച്ച് എമ്മാവൂസിലേക്കും, ഒരിക്കൽ ഉപേക്ഷിച്ച വഞ്ചിയും വലയുമൊക്കെ വീണ്ടുമെടുത്ത് തിബേരിയാസിലേക്കുമൊക്കെ പോയാലും (യോഹ 21,3) കർത്താവിനു നമ്മെ ഉപേക്ഷിക്കാനാവില്ല. നമ്മോടൊപ്പം യാത്ര ചെയ്യുന്ന, കടൽക്കരയിലൂടെ നമ്മെ അനുഗമിക്കുന്ന, നമുക്കായി പ്രാതലൊരുക്കി കാത്തിരിക്കുന്ന സൗമ്യസാന്നിധ്യമാണവൻ. അവനെ തിരിച്ചറിയാൻ കഴിയാത്തവിധം നമ്മുടെ കണ്ണുകൾക്കു തിമിരം ബാധിച്ച് അവ മൂടപ്പെട്ടിരിക്കുന്നതാവാം (ലൂക്കാ 24,17).

### വിശ്വാസചാഞ്ചല്യങ്ങളെ എങ്ങനെ നേരിടാം?

ദൈവവിശ്വാസത്തിൽ നിന്നകറ്റുന്ന സാഹചര്യങ്ങളെ, വിശ്വാസജീവിതത്തിലെ പ്രതിസന്ധികളെ, ഒരു വിശ്വാസി എങ്ങനെയാണ് നേരിടേണ്ടത്? കാഴ്ചയാലല്ല, വിശ്വാസത്താൽ നയിക്കപ്പെടേണ്ടവനാണ് (2 കോറി 5,7) ക്രിസ്ത്യാനി. വിശ്വാസജീവിതത്തിൽ കാഴ്ച മങ്ങുന്നുവെന്നു രോഗനിർണ്ണയം നടത്തിക്കഴിഞ്ഞാൽ വൈദ്യനായ ഈശോയിലേക്ക് ഓടിയെത്താനാകണം. ജറീക്കോയിലെ വഴിയരികിലിരുന്ന അന്ധനെപ്പോലെ ഉച്ചത്തിൽ നിലവിളിക്കാൻ കഴിയണം: "ദാവീദിന്റെ പുത്രനായ ഈശോയേ, എന്നിൽ കനിയണമേ" (ലൂക്കാ 18,38). വിശ്വാസിയുടെ ഈ നിലവിളിയെ നിശബ്ദമാക്കാനും ശാസിക്കാനും ശ്രമിക്കുന്ന ആൾക്കൂട്ടത്തിന്റെ ആരവമാണ് ചുറ്റിലും. കോവിഡ് ദുരിതത്തിനിടയിൽ ദൈവമെവിടെ? അനേകർക്കു രോഗശാന്തി നൽകാൻ വരമുള്ളവരുടെ വരങ്ങളൊക്കെ എവിടെ? വി. കുർബാനയർപ്പണംപോലും സാധ്യമാവാത്തിടത്ത് ദൈവത്തിനെന്തു പ്രസക്തി? സാമൂഹ്യമാധ്യമങ്ങളിൽ ഒരു 'ലൈക്ക്'പോലും കിട്ടാത്ത

www.malankaralibrary.com

എന്റെ വിശ്വാസപ്രകരണങ്ങൾ, സഭയോടൊത്തുള്ള നിലപാടുകൾ – മിണ്ടാതിരിക്കാൻ ശാസിക്കുന്ന ജനക്കൂട്ടത്തെ വിശ്വാസി തിരിച്ചറിയുന്ന ഇടങ്ങളല്ലേ ഇതൊക്കെ? "എവിടെ നിന്റെ ദൈവം എന്ന് ഓരോരുത്തർ നിരന്തരം എന്നോടു ചോദിച്ചു" (സങ്കീ 42,3).

ഇത്തരം പ്രതികൂല സാഹചര്യങ്ങളിൽ ഉയരുന്ന എതിർപ്പുകളെ വകവയ്ക്കാതെ – വിശ്വാസിയുടെ വ്യക്തിപരമായ സന്ദേഹങ്ങളും ഇതിൽപ്പെടും – മുന്നേറാനാവണം. ചിലപ്പോൾ "ഗുരുവിനെ ബുദ്ധിമുട്ടിക്കേണ്ടാ" (ലൂക്കാ 8,49) എന്നതരത്തിലുള്ള നയതന്ത്രജ്ഞതയുമാവാം! കൂടുതൽ ഉച്ചത്തിൽ നിലവിളിക്കുന്നവനെയാണ്, വിശ്വാസത്തിന്റെ ഉദ്ഘോഷണങ്ങൾ നടത്തുന്നവനെയാണ്, അന്ധതമാറ്റി, സൗഖ്യം നൽകി, തന്നെ അനുഗമിക്കാൻ കർത്താവ് പ്രാപ്തനാക്കുന്നത്. രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടാതെ തങ്ങളുടെ കരങ്ങൾ ശൂന്യമാണെന്നു തിരിച്ചറിയുന്നവരെയാണ് സമാനതകളില്ലാത്ത അത്ഭുതകരമായ മീൻപിടിത്തങ്ങൾക്ക് കർത്താവ് ഉപകരണങ്ങളാക്കുന്നത് (യോഹ 21,3). ഇത്തരം ജീവിതസാഹചര്യങ്ങളിൽ "അതു കർത്താവാണ്" (യോഹ 21,7) എന്ന് അവനെ തിരിച്ചറിയാൻ കഴിയുക എന്നതാണ് പ്രധാനം.

### കോവിഡ് നല്കുന്ന വിശ്വാസദർശനങ്ങൾ

കോവിഡ് രോഗം വിതയ്ക്കുന്ന അശാന്തിയും അസ്വസ്ഥതയുമൊക്കെ നിലനിൽക്കെത്തന്നെ അത് ഒരവസരം കൂടിയാണ്, വിശ്വാസിക്ക്. ഈ രോഗവുമായി ബന്ധപ്പെട്ട കാര്യങ്ങളോരോന്നും വിശ്വാസത്തിന്റെ നേത്രങ്ങൾകൊണ്ടു നോക്കിയാൽ ഏറെക്കാര്യങ്ങൾ സംവദിക്കുന്നതായി വിശ്വാസിക്കനുഭവപ്പെടും, തീർച്ച. നഗ്നനേത്രങ്ങൾക്കഗോചരമായ കൊറോണ വൈറസിനെക്കാണാൻ തീവ്രശക്തിയുള്ള മൈക്രോസ്കോപ്പിന്റെ ആവശ്യമുള്ളതുപോലെ തന്നെ വിശ്വാസത്തിന്റെ സൂക്ഷ്മദർശനശക്തിയുള്ളവനേ ദുരന്തസമാനമായ സാഹചര്യങ്ങളിൽപോലും ദൈവസാന്നിധ്യത്തെ തിരിച്ചറിയാനാവൂ എന്നുമാത്രം!

### 1. സാമൂഹിക അകലം പാലിക്കൽ (Social distancing)

കോവിഡ്–19 രോഗത്തിനു കാരണമായ വൈറസിൽനിന്ന് രക്ഷനേടാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗമായി പറയുന്നത് സാമൂഹിക അകലം പാലിക്കലാണല്ലോ. മറ്റുള്ളവരിൽ നിന്നുള്ള സുരക്ഷിതമായ ഈ അകലംപാലിക്കൽ – ഒരു കല്ലേറുദൂരം (ലൂക്കാ 22,41), കരയിൽനിന്ന് വഞ്ചി മാറ്റിയിടേണ്ട അല്പദൂരം (ലൂക്കാ 5,3) – ദൈവത്തോടടുക്കാൻ ഉപയുക്തമാകണം. ദൈവത്തോടടുക്കാതെ, ഇതര മനുഷ്യരോടും പ്രകൃതിയോടും തന്നോടുതന്നെയും അടുക്കാൻ മനുഷ്യനാവില്ല. ദൈവാനുഭവത്തിന്റെ ലംബമാനം ശരിയാക്കാതെ (vertical dimension) സ്നേഹത്തിന്റെ തിരശ്ചീനമാനങ്ങളൊന്നും (horizontal dimension) ശരിയാക്കാനാവില്ലെന്നു സാരം. ദൈവത്തിനു മുൻഗണന നൽകാത്തതെല്ലാം രോഗാതുരമാവുമെന്ന മുന്നറിയിപ്പുകൂടി കോവിഡ് വിശ്വാസിക്കു നൽകുന്നുണ്ട്.



### 2. കൈകഴുകൽ (hand-washing)

കൈകഴുകുകയാണ് കൊറോണ വൈറസിനെ പ്രതിരോധിക്കാനുള്ള മറ്റൊരു മാർഗ്ഗം. ശാരീരികശുചീകരണങ്ങളെല്ലാം ഒരു വിശ്വാസിക്ക് അവശ്യമായുണ്ടാവേണ്ട ആന്തരികശുദ്ധീകരണത്തിന്റെ സൂചന നൽകുന്നുണ്ട്. ഉദാഹരണത്തിന് ലിറ്റർജിയിലെ കർമ്മങ്ങളെല്ലാം അവ പ്രതീകവൽക്കരിക്കുന്ന കാര്യങ്ങളുടെ ആന്തരികതയിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. വി. കുർബാനയിൽ കാർമ്മികൻ കൈകഴുകുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയും അതിന്റെ പ്രത്യുത്തരവും ശ്രദ്ധിച്ചാൽ ഇതു മനസ്സിലാകും. "സകലത്തിന്റെയും നാഥനായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടെയും പാപങ്ങളുടെയും കറ കഴുകിക്കളയട്ടെ". "കർത്താവു തന്റെ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ". ശരീരത്തെ കൊല്ലുന്നതിൽ കവിഞ്ഞ് ഒന്നും ചെയ്യാൻ കഴിവില്ലാത്ത വൈറസിനെ പ്രതിരോധിക്കാൻ കൈകഴുകുന്നതിൽ ശ്രദ്ധാലുക്കളായ നാം, നമ്മുടെ ആത്മാവിനെയും ശരീരത്തെയും തീ നരകത്തിലെറിയുവാൻ കെല്പുള്ള പാപ കാരണമാകുന്ന വൈറസിനെ കഴുകിക്കളയാൻ ബദ്ധശ്രദ്ധരാണോ?

### 3. ക്വാറന്റീൻ

രോഗം പടരാതിരിക്കാൻ നാമവലംബിക്കുന്ന പ്രധാനമാർഗ്ഗമാണല്ലോ ക്വാറന്റീൻ. രോഗിയെ മാറ്റിത്താമസിപ്പിച്ചുകൊണ്ട് മറ്റുള്ളവർക്കു രോഗം പകരാതെ സൂക്ഷിക്കുക. തെറ്റായ കൂട്ടുകെട്ടുകൾ, പാപകരമായ ബന്ധങ്ങൾ ഇവയൊക്കെ ഒഴിവാക്കി, മാറിനടക്കുന്നവനേ പാപത്തിൽ നിന്ന് സ്വയം രക്ഷിക്കാനാവൂ. "നമ്മുടെ പോരാട്ടം രോഗത്തോടാണ്; രോഗികളോടല്ല" എന്ന് കോവിഡിനെതിരെയുള്ള ബോധവത്ക്കരണപ്പരസ്യങ്ങൾ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നത്, പാപത്തെ വെറുത്ത് പാപിയെ സ്നേഹിക്കാനാവശ്യപ്പെട്ട

www.malankaralibrary.com

ഈശോയുടെ ആഹ്വാനം നമ്മെ അനുസ്മരിപ്പിക്കുന്നില്ലേ?

**4. മാസ്ക്/ഗ്ലൗസ്**

രോഗിയുമായുള്ള സംസാരം, സ്പർശനം ഇവയൊക്കെ കോവിഡ് പരത്തുന്നതിനു കാരണമാകുന്നതിനാൽ അതിനു പ്രതിവിധിയായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നവയാണല്ലോ, മാസ്ക്, ഗ്ലൗസ് എന്നിവ. നമ്മുടെ സംസാരവും സ്പർശനവും നമ്മെത്തന്നെയോ മറ്റാരെയെങ്കിലുമോ മലിനപ്പെടുത്താനിടയാക്കരുതെന്ന് ഇതു കാണുന്ന വിശ്വാസികൾക്ക് ധ്യാനിക്കാനാവണം. പരദൂഷണം, ചീത്തവാക്കുകളുടെ ഉപയോഗം, അശുദ്ധപാപങ്ങൾ എന്നിവയൊക്കെ ഈ വിഭാഗത്തിൽപ്പെടുമെന്ന് ഓർമ്മിക്കാം.

**5. റൂട്ട് മാപ്പ്**

കോവിഡ്രോഗിയുമായി സമ്പർക്കത്തിലേർപ്പെട്ട വ്യക്തികളും ഇടങ്ങളും ഏതെന്നു കണ്ടെത്താൻ കഴിയുന്നത് രോഗവ്യാപനം തടയാൻ ഏറെ ഉപകരിക്കുമെന്നു കണ്ടെത്തിക്കഴിഞ്ഞു. നമ്മെ പാപത്തിലേക്കു നയിക്കാൻ പ്രേരണയാകുന്ന സാഹചര്യങ്ങൾ ഏതെന്നും വ്യക്തികൾ ആരൊക്കെയെന്നും കണ്ടെത്തുന്നത് വിശുദ്ധജീവിതം നയിക്കാൻ അത്യന്താപേക്ഷിതമാണല്ലോ.

**ഗാർഹികസഭയുടെ പോഷണം**

ദൈവാരാധനയ്ക്കായി വിളിച്ചുകൂട്ടപ്പെട്ട സമൂഹമാണ് സഭ. സഭ വി. കുർബാനയിൽ നിന്ന് (Ecclesia de Eucharistia) എന്ന വിഖ്യാതമായ പ്രയോഗം വരുന്നതും ഈ നിർവ്വചനത്തിൽനിന്നാണ്. വി. കുർബാനയർപ്പണംതന്നെ അസാധ്യമാവുന്നിടത്ത് "ആ മലയിലോ ഈ മലയിലോ" (ജറുസലേം, ഗരീസിം) അല്ല, "ആത്മാവിലും സത്യത്തിലും" (യോഹ 4,21.23) ദൈവത്തെ ആരാധിക്കാൻ, 'ഗാർഹിക സഭ'യെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ച (തിരുസ്സഭ 11) കുടുംബത്തിൽ അംഗങ്ങൾക്കു സാധിക്കണം. യാമങ്ങളെ വിശുദ്ധീകരിക്കുന്ന യാമപ്രാർത്ഥനകളും കുടുംബലിറ്റർജിയുമൊക്കെ സമയമെടുത്തു നിർവഹിക്കാൻ ദൈവം ഒരുക്കിയ അവസരമാണ്, ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം കോവിഡ്-19.

ശാരീരിക കൂട്ടായ്മയുടെ അഭാവം, കൂടുതൽ ശക്തിപ്പെടുത്തേണ്ട ആന്തരിക കൂട്ടായ്മയിലേക്കുള്ള വളർച്ചയുടെ അവസരമായി കാണാൻ കഴിയണം. കൂട്ടായ്മ സാധിക്കാനുതകുന്ന വിവിധ നൂതന മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്താൻ സഭാംഗങ്ങൾക്കു കഴി



യുമ്പോൾ പുതിയ ഉൾക്കാഴ്ചകളുള്ള സഭ രൂപപ്പെടും. അങ്ങനെ ഈ കോവിഡ്കാലം വിശ്വാസവളർച്ചയുടെ വസന്തകാലമായി മാറും; സഭാവിരുദ്ധർ കുഴലൂത്തു നടത്തുന്നതുപോലെ വിശ്വാസത്തിന്റെ ശിശിരകാലമാവില്ല.

**ഉപസംഹാരം**

ഭയചകിതരും നിരാശരുമായിരുന്ന ശിഷ്യസമൂഹത്തെ ഒരുമിച്ചുകൂട്ടി 'ലോക്ക്ഡൗൺ' ചെയ്യപ്പെട്ട കതകുകൾക്കുള്ളിൽ സെഹിയോൻ ഊട്ടുശാലയിൽ പ്രാർത്ഥനാനിരതരാക്കിയ പരിശുദ്ധ അമ്മ ആദിമസഭയിലെ മനോഹരചിത്രമാണ്. റൂഹാ വന്നു വസിച്ച പന്തക്കുസ്തായായിരുന്നു പരിണതഫലം. വിശ്വാസിയുടെ സന്ദേഹങ്ങളെല്ലാം ഉള്ളിലൊതുക്കി, സ്വർഗ്ഗത്തിൽ നിന്നുള്ള റൂഹായാകുന്ന അഗ്നിയിറങ്ങാൻ കാത്തിരുന്ന ശ്ലീഹന്മാരെ പ്രത്യാശാപൂർവം അനുസ്മരിച്ചുകൊണ്ട് നമുക്കും പ്രാർത്ഥിക്കാം: "ശ്ലീഹന്മാരിൽ നിറഞ്ഞപോൽ ശക്തിയേകി നയിക്കണേ".

**References**

1 Cf. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, "Walking in the Way of the Lord"; A Study of the Ethics of Synoptic Gospels in *Jeevadhara,* vol. 32, 192, 2002, p.507.

2 Sermon 235,2-3. തർജ്ജമ കാണുക: പ്രഫ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ (എഡി.), *വി. ലൂക്കാ അറിയിച്ച സുവിശേഷം സഭാപിതാക്കന്മാരുടെ സുവിശേഷഭാഷ്യം*, OIRSI, കോട്ടയം, 2016, p. 429.

3 ദൈവിക വെളിപാടിന്റെ ദ്വന്ദസ്വഭാവത്തെക്കുറിച്ച് ഒരേസമയം അത് ഗ്രാഹ്യവും ദുർഗ്രഹവുമാണെന്നതിനെക്കുറിച്ച്, കൂടുതൽ മനസ്സിലാക്കാൻ ജോസഫ് റാറ്റ്സിംഗറുടെ *Introduction to Christianity* എന്ന പുസ്തകം കാണുക.

www.malankaralibrary.com

# കോവിഡ് കാലം: ലിറ്റർജിയുടെ ആന്തരികത കണ്ടെത്താനുള്ള ക്ഷണം

**ഡോ. പോളി മണിയാട്ട്**

ലോകമെമ്പാടുമുള്ള ദൈവാലയങ്ങളുടെ കവാടങ്ങൾ അടഞ്ഞുകിടക്കുന്നു, മാസങ്ങളോളം. മതമർദ്ദനകാലത്തെ ആരാധനാവിലക്കിനെ അനുസ്മരിപ്പിക്കുന്ന നാളുകൾ. ഒരു വൈദികനും വിശ്വാസിസമൂഹത്തെ പള്ളിയിലേക്കു ക്ഷണിക്കുന്നില്ല. കടമുള്ള ദിവസങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുവാൻ മെത്രാനോ വൈദികനോ ആരും മെനക്കെടുന്നില്ല. ക്രൈസ്തവവത്സരത്തിലെ ഏറ്റവും പ്രധാനദിനങ്ങളിലുൾപ്പെടുന്ന ദിവസങ്ങളായ പെസഹാവ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും ഉയിർപ്പുതിരുനാളും വി. കുർബാനയർപ്പണമോ മറ്റു തിരുക്കർമ്മാനുഷ്ഠാനമോ വിശ്വാസികളോടൊന്നിച്ച് ഇല്ലാതെ കടന്നുപോയി. ടി.വി.സ്ക്രീനിന്റെയും കംപ്യൂട്ടർ സ്ക്രീനിന്റെയും സെൽ ഫോണിന്റെയും ചിത്രങ്ങൾക്കപ്പുറത്തുള്ള യാഥാർത്ഥ്യത്തിൽനിന്ന് വിശ്വാസികൾ അന്യവത്കരിക്കപ്പെട്ടു തുടങ്ങിയെന്ന് ഭയപ്പെടുന്നവരുണ്ട്. അനുഷ്ഠാനതലത്തിൽ സാക്ഷാത്കരിക്കപ്പെടേണ്ട അനുരഞ്ജനകൂദാശയോടും തത്കാലത്തേക്ക് വിടപറഞ്ഞിരിക്കുകയാണ് വിശ്വാസിസമൂഹം. കോവിഡ് എന്ന മഹാമാരി ഒരുക്കിയ അത്യപൂർവമായ ഈ ദുരവസ്ഥയുടെ നടുവിൽനിന്നുകൊണ്ട് സഭയുടെ ലിറ്റർജിയെക്കുറിച്ചുള്ള ഒരു വീണ്ടുവിചാരം, അതാണ് ഈ കുറിപ്പിലൂടെ ലക്ഷ്യമിടുന്നത്.

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും പരമോന്നതസ്ഥാനവുമെന്ന്[1] സഭ ആധികാരികമായി ചൂണ്ടിക്കാണിച്ചുതന്നിട്ടുള്ള വി. കുർബാനയുടെ അർപ്പണം കൂടാതെ എങ്ങനെ അർത്ഥപൂർണമായ ഒരു ക്രൈസ്തവജീവിതം നയിക്കാനാവും? കോവിഡുകാലത്തെ അടച്ചുപൂട്ടലുകൾ നമ്മുടെ ആരാധനാജീവിതത്തെ ആകെപ്പാടെ താറുമാറാക്കിയെന്ന് ഭയപ്പെടുന്നവരുണ്ട്. കോവിഡുകാലം കഴിയു



മ്പോഴേക്കും സഭയുടെ ലിറ്റർജിയുടെ ആകൃതിക്കും പ്രകൃതിക്കും സാരമായ മാറ്റങ്ങളുണ്ടാകുമെന്ന് പലരും കരുതന്നു. ലോകത്തിന്റെ സമ്പദ്ഘടനയ്ക്ക് ഗൗരവതരമായ വീഴ്ചകളുണ്ടാകുമ്പോൾ വിശ്വാസ ആഘോഷത്തിനും വിശ്വാസജീവിതത്തിനും ഗണ്യമായ ഇളക്കം തട്ടിയാൽ അതിൽ അത്ഭുതമില്ലെന്ന് ആശ്വസിക്കുന്നവരും കുറവല്ല. എന്നാൽ കർത്താവിന്റെ സുവിശേഷ പ്രബോധനങ്ങളോട് ചേർത്ത് ലിറ്റർജിയെക്കുറിച്ചുള്ള സഭയുടെ യഥാർത്ഥ കാഴ്ചപ്പാടുകൾ മനസ്സിലാക്കിയാൽ നമ്മുടെ ഉത്ക്കണ്ഠകൾ അസ്ഥാനത്താണെന്ന് തിരിച്ചറിയാനാവും.

മത്തായിയുടെ സുവിശേഷം 6,6-ൽ നമ്മൾ വായിക്കുന്നത് ഇങ്ങനെയാണ്: "എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന് കതകടച്ച് രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക''. ലിറ്റർജി സംബന്ധമായി സുവിശേഷത്തിലുള്ള ലോക്ക്ഡൗൺ ആഹ്വാനമാണിത്. പക്ഷേ, സമൂഹത്തിലുള്ള അനുഷ്ഠാനപരമായ പരസ്യാരാധനയുടെ നിഷേധമല്ല ഇത്, മറിച്ച് നമ്മുടെ പ്രാർത്ഥനയ്ക്ക് അനിവാര്യമായി ഉണ്ടായിരിക്കേണ്ട ആന്തരികതയെയാണ് ഈശോയുടെ വാക്കുകൾ സൂചിപ്പിക്കുന്നതെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു.

കതകടച്ച് പ്രവേശിക്കേണ്ടത് ഹൃദയത്തിന്റെ കിടപ്പുമുറിയിലേക്കാവണമെന്ന് വി. ഹിലാരി പ്രസ്താവിക്കുന്നു.[2] ലോകത്തിന്റെ വ്യഗ്രതകൾ തള്ളിക്കയറി വന്ന് നിന്റെ ആന്തരികവ്യക്തിയെ കലുഷിതമാക്കാതെ നിന്റെ ഉള്ളിന്റെയുള്ളിൽ പ്രവേശിക്കുകയാണ് വേണ്ടതെന്ന് വി. ആഗസ്തീനോസ് പഠിപ്പിക്കുന്നു.[3] ഹൃദയാന്തർഭാഗമാകുന്ന ആ മുറിക്കു പുറത്ത് സ്ഥലകാലവ്യഗ്രതകൾ വാതില്ക്കൽ മുട്ടിനില്പുണ്ട്. ഇന്ദ്രിയങ്ങളിലൂടെ അവ പ്രാർത്ഥനയ്ക്ക് തടസ്സമുണ്ടാക്കും. വാതിലുകൾ അടച്ചിട്ടാലേ സ്വർഗീയപിതാവിങ്കലേക്ക് പ്രാർത്ഥനയെ നയിക്കാനാവൂ എന്ന് വി. ആഗസ്തീനോസ് വ്യാഖ്യാനിക്കുന്നു.[4]

ഇന്നിപ്പോൾ കതകുകൾ ദൈവംതന്നെ അടച്ചിരിക്കുകയാണ്. നമ്മൾ നമ്മുടെ മുറികൾക്കുള്ളിലായി. നാളിതുവരെ പരസ്യമായി ഉച്ചത്തിൽ പ്രാർത്ഥിച്ചിരുന്നെങ്കിൽ ഈ നാളുകൾ രഹസ്യപ്രാർത്ഥനയ്ക്കുള്ളവയാണ്. ശരീരം മുഴുവന്റെയും സ്ഥലകാലയാഥാർത്ഥ്യങ്ങളുടെ സമ്പൂർണതയിലുള്ള പ്രാർത്ഥനയാണ് ദൈവാലയത്തിൽ നടന്നിരുന്നതെങ്കിൽ ഈ കോവിഡുകാലത്ത് ഹൃദയത്തിന്റെ

www.malankaralibrary.com

പ്രാർത്ഥനയ്ക്ക് മുൻതൂക്കം നല്കാൻ ദൈവം ആഹ്വാനം ചെയ്യുകയാണ്.

### പ്രാർത്ഥനയുടെ ആത്മാവിനെ കണ്ടെത്തേണ്ട നാളുകൾ

പ്രകൃതിയെ നല്ലതുപോലെ കാണാൻ ഈ നാളുകൾ നമ്മെ സഹായിച്ചു. അതുപോലെതന്നെ പ്രാർത്ഥനയുടെ ആത്മാവിനെ കണ്ടെത്താൻ സഹായിക്കുന്ന നാളുകളാണ് കോവിഡ്കാലം. യഥാർത്ഥ ആരാധനയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് വി. ഗ്രന്ഥം പഠിപ്പിക്കുന്നുണ്ട്. "ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്നതാണ്" യഥാർത്ഥ ആരാധനയെന്ന് ഈശോ സമരിയാക്കാരി സ്ത്രീയോടു പറഞ്ഞു (യോഹ 4,23). ഇവിടെ സൂചിതമായിരിക്കുന്ന ആരാധന സ്ഥലകാലാതീതമായി ദൈവരാജ്യത്തിലുള്ള ആരാധനയാണ്. പരിശുദ്ധാത്മാവിലും സത്യംതന്നെയായ മിശിഹായിലും സാക്ഷാത്കരിക്കപ്പെടുന്ന യുഗാന്ത്യത്തിന്റെ ആരാധനയാണത്. ആത്മാവിലും സത്യത്തിലുമുള്ളതാണ് യഥാർത്ഥ ആരാധനയെന്ന് പറയുമ്പോഴും ഈശോ സ്ഥലകാലത്തിലുള്ള ആരാധനയെ തള്ളിപ്പറയുന്നില്ല. ആരാധനയുടെ സ്ഥലമായ വിശുദ്ധ സ്ഥലത്തിന്റെ പരിശുദ്ധിയെ അവിടുന്ന് എത്രമാത്രം ഗൗരവത്തോടെ കാണുന്നുവെന്ന് ജറുസലേം ദൈവാലയശുദ്ധീകരണം വെളിപ്പെടുത്തുന്നു. ദൈവാലയം പ്രാർത്ഥനയുടെ ആലയമാണെന്നും അതിനാൽ പവിത്രമാണെന്നും ഈശോ പഠിപ്പിക്കുന്നു (മത്താ 21,13).

യഥാർത്ഥ ആരാധന ജീവിതത്തിലൂടെ തെളിയിക്കപ്പെടേണ്ടതാണെന്ന് റോമാ 12,1-ൽ വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു: "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥ ആരാധന". ലിറ്റർജിക്ക് ജീവിതത്തോടുണ്ടായിരിക്കേണ്ട അനിവാര്യബന്ധത്തിലേക്കാണ് പൗലോസ് ശ്ലീഹാ ശ്രദ്ധതിരിക്കുന്നത്. ശരീരത്തിന്റേതായ വാക്കുകളും അനുഷ്ഠാനങ്ങളും മാത്രം പോരാ. ശരീരത്തെ, അതായത് ജീവിതം മുഴുവനെയും നിർമ്മല ബലിയായി ദൈവത്തിന് സമർപ്പിക്കണം.

ആചാരാനുഷ്ഠാനതലത്തിലുള്ള ആരാധന യഥാർത്ഥ ആരാധനാചൈതന്യത്തിൽനിന്ന് വ്യതിചലിക്കാനുള്ള സാധ്യതയുണ്ട്. ശരീരത്തിന്റെ തലത്തിലുള്ള - അതായത് വാക്കുകളിലും അനുഷ്ഠാനങ്ങളിലും കേന്ദ്രീകൃതമായ ആരാധന ആവശ്യമാണ്. പക്ഷേ, 



ഹൃദയത്തിന്റെ അകമ്പടിയില്ലാത്തപ്പോൾ അനുഷ്ഠാനതലത്തിലുള്ള ആരാധന വ്യർത്ഥമായിത്തീരുന്നു. ഏശയ്യാപ്രവാചകന്റെ വാക്കുകൾ (ഏശ 29,13) ഉദ്ധരിച്ചുകൊണ്ട് ഈശോ പറഞ്ഞു: "ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്ന് വളരെ അകലെയാണ്" (മത്താ 15,8). നമ്മുടെ പ്രാർത്ഥനകളെ ഹൃദയത്തിന്റെ പ്രാർത്ഥനകളാക്കി മാറ്റേണ്ടതിന്റെ ആവശ്യകതയെ തിരിച്ചറിയാൻ സഹായിക്കുന്ന നാളുകളാണ് ഈ ലോക്ക്ഡൗൺ കാലം.

ലിറ്റർജിയിൽ സ്ഥലകാലയാഥാർത്ഥ്യങ്ങളായ അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും വലിയ സ്ഥാനമുണ്ട്. ദൈവാലയത്തിലെ ലിറ്റർജി ദൈവികരഹസ്യത്തിന്റെ സ്ഥലകാലത്തിലുള്ള ആഘോഷമാണ്. അവിടെ സ്ഥലത്തിനും സമയത്തിനും ആളുകൾക്കും വസ്തുക്കൾക്കും വാക്കുകൾക്കും അനുഷ്ഠാനങ്ങൾക്കുമെല്ലാം വളരെ പ്രസക്തിയുണ്ട്. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ പഠിപ്പിക്കുന്നതുപോലെ സ്ഥലകാലത്തിലുള്ള "ഇന്ദ്രിയഗോചരമായ ഈ അടയാളങ്ങളിലൂടെയാണ് മനുഷ്യവിശുദ്ധീകരണം സാക്ഷാത്കരിക്കപ്പെടുന്നത്".[5] എന്നാൽ സ്ഥലകാലത്തിലുള്ള ഈ അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും ഹൃദയത്തിന്റെ അകമ്പടി ഉണ്ടാവണം.

അനുഷ്ഠാനങ്ങളുടെ ബാഹുല്യത്തിലും സങ്കീർണതയിലും യഥാർത്ഥ ആരാധനയ്ക്കുണ്ടായിരിക്കേണ്ട ഹൃദയത്തിന്റെ ചേരുവ നഷ്ടമാകാൻ ഇടയുണ്ട്. ആകർഷകങ്ങളായ കാര്യങ്ങൾ കാണാനും കേൾക്കാനുമാണ് ആരാധനാസമൂഹം മിക്കപ്പോഴും വ്യഗ്രത കാണിക്കുന്നത്.

ദൈവാരാധനയിൽ അത്യന്താപേക്ഷിതമായി ഉണ്ടായിരിക്കേണ്ട ഹൃദയത്തിന്റെ അകമ്പടിയെക്കുറിച്ച് സീറോ മലബാർ കുർബാനയിൽ ഡീക്കൻ അനുസ്മരിപ്പിക്കുന്നുണ്ട്. കൂദാശപ്രാർത്ഥനയുടെ (അനാഫൊറയുടെ) ആരംഭത്തിലുള്ള കാറോസൂസയിൽ ഡീക്കൻ ആഹ്വാനം ചെയ്യുന്നതിങ്ങനെയാണ്: "കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തി, നിശബ്ദരായി ഏകാഗ്രതയോടും ഭക്തിയോടുംകൂടെ നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ".[6] മൂന്നാം ഗ്ഹാന്ത പ്രാർത്ഥനയ്ക്കുശേഷം ഡീക്കൻ ഇതേ കാര്യം വീണ്ടും ഊന്നിപ്പറയുന്നുണ്ട്: "ഹൃദയംകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുവിൻ..... ഹൃദയജ്ഞാനത്തോടെ വീക്ഷിക്കുവിൻ.

www.malankaralibrary.com

നിങ്ങൾ പ്രാർത്ഥിക്കുകയും ഇപ്പോൾ അനുഷ്ഠിക്കപ്പെടുന്നവയെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുവിൻ".[7] വി. കുർബാനയെന്ന മഹാരഹസ്യത്തെ അറിയാനും അനുഭവിക്കാനും ഹൃദയംകൊണ്ടുള്ള പ്രാർത്ഥനയും ധ്യാനവും അനിവാര്യമാണ്.

## ഭൂമിയുടെ അതിരുകളിലേക്ക് വളരുന്ന ലിറ്റർജി

ലിറ്റർജിയെന്ന മഹാരഹസ്യത്തെ കേവലം ദൈവാലയത്തിന്റെ നാലു ചുമരുകൾക്കുള്ളിൽ തളച്ചിടാനുള്ള പ്രവണത എക്കാലത്തുമുണ്ടായിരുന്നു. പക്ഷേ, യഥാർത്ഥ ലിറ്റർജി ദൈവാലയത്തിനപ്പുറത്തേക്ക് വളരുന്നതാണ്. ഭൂമിയുടെ എല്ലാ അതിരുകളിലേക്കും സ്വർഗത്തിലേക്കുതന്നെയും അതു വ്യാപിച്ചുകിടക്കുന്നു. സൃഷ്ടപ്രപഞ്ചം മുഴുവനും ദൈവപിതാവിന്റെ ലിറ്റർജിയാണ് (Blessing). സൃഷ്ടിയുടെ മാഹാത്മ്യം തിരിച്ചറിഞ്ഞ് ദൈവത്തിന് ആരാധനയും കൃതജ്ഞതയും അർപ്പിക്കുകയാണ് നമ്മുടെ ലിറ്റർജി (Blessing).[8] ദൈവത്തിന്റെ അനന്തശക്തിയും മഹത്ത്വവും വെളിപ്പെടുത്തിക്കൊണ്ട് (റോമാ 1,20) സൃഷ്ടപ്രപഞ്ചം നമുക്കുവേണ്ടി ദൈവത്തിന്റെ ലിറ്റർജിയാകുന്നു; ദൈവത്തെ ആരാധിക്കാനും മഹത്ത്വപ്പെടുത്താനുമായി സൃഷ്ടപ്രപഞ്ചം നമ്മുടെ ലിറ്റർജിയുടെ ഉത്തമ മാധ്യമങ്ങളാകുന്നു. അങ്ങനെ സൃഷ്ടപ്രപഞ്ചം മുഴുവനും ലിറ്റർജിയുടെ വേദിതന്നെയാണെന്നു പറയാം.

പള്ളിയിൽ ജനങ്ങൾ നില്ക്കുന്ന ഹൈക്കല ഭൂമിയുടെയും പ്രപഞ്ചം മുഴുവന്റെയും പ്രതീകമാണ്. സർവചരാചരങ്ങളുടെയും പ്രതിനിധികളായാണ് വിശ്വാസികൾ ദൈവാലയത്തിൽ നിൽക്കുന്നത്. സർവസൃഷ്ടിജാലങ്ങളോടും ചേർന്ന് അവർ ദൈവത്തെ സ്തുതിക്കുന്നു. '

> "സർവചരാചരവും ദൈവമഹത്ത്വത്തെ
> വാഴ്ത്തിപ്പാടുന്നു".

എന്നിങ്ങനെ ശൂറായ കീർത്തനത്തിൽ പാടുമ്പോൾ സൃഷ്ടപ്രപഞ്ചം മുഴുവനോടും ചേർന്നുള്ള നമ്മുടെ ആരാധനയെ വ്യക്തമാക്കുകയാണ്. ലിറ്റർജിയിൽ സൃഷ്ടപ്രപഞ്ചത്തിന്റെ പങ്കിനെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനായി, അവരോട് കൂടുതലായി അടുത്തുചേർന്നിരിക്കാൻ അവസരമൊരുക്കിയ നാളുകൾ എന്ന നിലയിൽ കോവിഡുകാലം ലിറ്റർജിക്ക് അനുഗ്രഹമായി എന്നുതന്നെ പറയാം.



ലോകം മുഴുവനെയും ഒരു ബലിപീഠമായി മനസ്സിലാക്കി വേണം നാം കുർബാനയിൽ പങ്കുചേരാനെന്ന് സഭയും വിശുദ്ധ കുർബാനയും എന്ന ചാക്രികലേഖനത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ ഓർമ്മിപ്പിക്കുന്നുണ്ട്. "നാട്ടിലെ ഒരു പള്ളിയുടെ ലളിതമായ അൾത്താരയിൽ അർപ്പിക്കപ്പെടുമ്പോഴും പരിശുദ്ധ കുർബാന ഒരു വിധത്തിൽ ലോകത്തിന്റെ അൾത്താരയിൽ തന്നെയാണ് അർപ്പിക്കപ്പെടുന്നത്. ഇത് സ്വർഗത്തെയും ഭൂമിയെയും ഒന്നിപ്പിക്കുന്നു. സൃഷ്ടികളെ മുഴുവനും ഉൾക്കൊള്ളുകയും അവയാൽ നിറയുകയും ചെയ്യുന്നു".[9]

ലത്തീൻ പാരമ്പര്യത്തിൽ വി. കുർബാനയെ മാസ് (Mass) എന്നു വിളിക്കുമ്പോൾ കുർബാനയെ പള്ളിക്കുള്ളിൽനിന്നും ജീവിതമേഖലകളിലേക്ക് കൂട്ടിക്കൊണ്ടുപോകുവാനുള്ള സഭയുടെ ആഹ്വാനത്തിനാണ് ഊന്നൽ നല്കുന്നത്. ലത്തീൻ കുർബാനയുടെ സമാപനത്തിലുള്ള പറഞ്ഞയയ്ക്കൽ കർമ്മത്തിൽ ("Ite, Missa est" പോകുവിൻ, ഇതാ അയയ്ക്കപ്പെടുന്നു") നിന്നാണ് Mass എന്ന ഇംഗ്ലീഷ്പദം പ്രാബല്യത്തിൽ വന്നത്. ആരാധനാസമൂഹം അയയ്ക്കപ്പെടുകയാണ്; ലോകമെങ്ങും കുർബാന തുടരാനുള്ള അയയ്ക്കപ്പെടലാണിത്; സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ അൾത്താരയായി കണ്ട് ബലിയർപ്പണം തുടരാനുള്ള ആഹ്വാനമാണിത്.

## അനുഷ്ഠാനപരതയും ആന്തരികതയും തമ്മിലുള്ള പരസ്പരപൂരകത്വം

ലിറ്റർജിയുടെ ആന്തരികതയെ കൂടുതൽ ആഴത്തിൽ കണ്ടെത്തുക എന്നതിന് അനുഷ്ഠാനതലത്തിലുള്ള ലിറ്റർജിയെ അവഗണിക്കുക എന്നർത്ഥമില്ല. അനുഷ്ഠാനപരതയുടെയും ആന്തരികതയുടെയും സമഗ്രമായ ഒരു സന്തുലനമാണ് വേണ്ടത്. ശരീരവും ജീവനുംപോലെയാണ് ലിറ്റർജിയുടെ സ്ഥലകാലതലവും (അനുഷ്ഠാനതലം) ആന്തരികതയും. ശരീരമുണ്ടെങ്കിലേ ജീവനു നിലനില്ക്കാനാവൂ; ജീവനുണ്ടെങ്കിൽ മാത്രമേ ശരീരത്തിനു പ്രസക്തിയുള്ളൂ. അതുപോലെ ലിറ്റർജിയുടെ ജീവനായ ആന്തരികത നിലനില്ക്കുവാൻ (exist) അനുഷ്ഠാനതലം (ലിറ്റർജിയുടെ സ്ഥലകാല യാഥാർത്ഥ്യം) വേണം. പക്ഷേ ആന്തരികതയില്ലാത്ത ലിറ്റർജി എന്നാൽ ജീവൻ നഷ്ടമായ ശരീരത്തിന് തുല്യമായിരിക്കും. ആന്തരികതയുടെ ഓജസുറ്റ സാന്നിധ്യമാണ് ലിറ്റർജിയിലെ ഇന്ദ്രിയഗോചര യാഥാർത്ഥ്യങ്ങൾക്ക് അർഥവും പ്രസക്തിയും നല്കുന്നത്.

www.malankaralibrary.com

സഭയിലെങ്ങുമുള്ള ആരാധനാഘോഷങ്ങൾ പരിഗണിച്ചാൽ ലിറ്റർജിയുടെ ആന്തരികത ഏറെക്കുറെ തള്ളപ്പെട്ട നിലയിലാണെന്നു കാണാം. വിസ്മൃതമായതും അവഗണിക്കപ്പെട്ടതുമായ ആരാധനയുടെ ആന്തരികതയെ കണ്ടെത്താൻ പരിശ്രമിക്കേണ്ട നാളുകളായിരിക്കണം ലോക്ക്ഡൗണിന്റേത്. ആരാധനയില്ലാത്ത നാളുകളല്ല ഇവ; യഥാർത്ഥ ആരാധനയ്ക്കുവേണ്ടി തീക്ഷ്ണമായി അന്വേഷിക്കേണ്ട നാളുകളായിരിക്കണം കോവിഡ്കാലം.

## ഓൺലൈൻ കുർബാന

ഓൺലൈൻ കുർബാനയിൽ പങ്കുചേരുമ്പോൾ കർത്താവിന്റെ ബലിയർപ്പണത്തിൽ യഥാർത്ഥമായി പങ്കുചേരുന്നുണ്ടോ? ഇല്ല എന്ന മറുപടിയെ ഗൗരവമായി കാണണം. ദൈവാലയത്തിൽ നമ്മുടെ ശാരീരിക സാന്നിധ്യത്തോടെ ബലിയർപ്പണത്തിൽ പങ്കുചേരുന്നതിന് ഒരു കാരണവശാലും പകരം നില്ക്കുന്നതല്ല ഓൺലൈൻ കുർബാന. പക്ഷേ ശാരീരകമായ പങ്കുചേരൽ എല്ലാ അർത്ഥത്തിലും അസാധ്യമായിത്തീരുമ്പോൾ ഓൺലൈൻ കുർബാനയ്ക്കു പ്രസക്തിയുണ്ടാകുന്നു. ഒരു യഥാർത്ഥ ബലിയർപ്പണത്തിന്റെ ചിത്രമാണ് നമ്മൾ സ്ക്രീനിൽ കാണുന്നത്. മനസ്സിനെയും ഹൃദയത്തെയും സ്ക്രീനിന് അപ്പുറം ഏതോ ദൈവാലയത്തിലുള്ള ആ യഥാർത്ഥ ബലിയർപ്പണത്തോട് ചേർത്തുനിർത്താൻ ഓൺലൈൻ കുർബാനയ്ക്കു കഴിഞ്ഞാൽ അത് വലിയ സഹായം തന്നെയാണ്. ഈയർത്ഥത്തിൽ ശയ്യാവലംബരായ രോഗികൾക്ക് കുർബാനയിലുള്ള ഓൺലൈൻ പങ്കുചേരൽ സഹായകമായിത്തീരുന്നു.

ഓൺലൈനിൽ പങ്കുചേരുമ്പോൾ വി. കുർബാനയുടെ സഭാത്മകമാനം നഷ്ടമാകുന്നതിനെക്കുറിച്ച് ജാഗ്രത പുലർത്താൻ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നുണ്ട്. "ഓൺലൈൻ കുർബാനയും ആത്മീയ കുർബാനസ്വീകരണവും സഭയെ പ്രതിനിധാനം ചെയ്യുന്നില്ല. കർത്താവ് അനുവദിക്കുന്ന ഒരു ക്ലേശകരമായ സാഹചര്യത്തിലൂടെ കടന്നുപോകുന്ന സമയമാണിത്. എന്നാൽ യഥാർത്ഥ സഭ എപ്പോഴും ദൈവജനം കൂദാശകളിൽ ഒന്നുചേരുന്നതാണ്. കൂദാശകളും കുർബാന സ്വീകരണവും ഈശോയുമായുള്ള കൂട്ടായ്മയും ഐക്യവും പൂർണമാക്കുന്നത് ദൈവജനം ഒന്നിച്ച് കൂദാശകൾ ആഘോഷിക്കുമ്പോൾ മാത്രമാണ്. മാധ്യമങ്ങളിലൂടെയുള്ള വിശ്വാസ ജീവിതമല്ല സഭ; അവ സഭയെ യാഥാർത്ഥ്യമാക്കുന്നില്ല".[10]



വി. കുർബാനയർപ്പണത്തിലൂടെയാണ് സഭ നിർമ്മിക്കപ്പെടുന്നതും വളരുന്നതും.[11] അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തങ്ങളായി മാറുന്നതുപോലെ സമൂഹം മുഴുവനും മിശിഹായുടെ ശരീരമായിത്തീരാനുള്ള സന്ദർഭമാണ് വി. കുർബാനയുടേതെന്ന് ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിക്കുന്നുണ്ട്.[12] വി. കുർബാനയിലൂടെ മിശിഹായുടെ ശരീരമാകുന്ന സഭ നിർമ്മിക്കപ്പെടുന്നു. സഭയെ നിർമ്മിക്കുന്ന ഈ കൂട്ടായ്മാനുഭവം സാക്ഷാത്കരിക്കുന്നതിൽ ദൈവാലയത്തിലെ ഒരുമിച്ചുചേരലിന് വലിയ പങ്കുണ്ട്. യുദ്ധകാലസദൃശമായ അടിയന്തര സാഹചര്യങ്ങളിൽ മാധ്യമങ്ങളുടെ സഹായത്തോടെ ഒരു കല്പിതകൂട്ടായ്മയെ സൃഷ്ടിക്കാനുള്ള ശ്രമങ്ങളായിരുന്നു ഈ നാളുകളിൽ. കടുത്ത നിസ്സഹായതയുടെ മധ്യേ മാധ്യമതല കൂട്ടായ്മകൾ വഹിച്ച വലിയ പങ്കിനെ ഒരു കാരണവശാലും തള്ളിക്കളയാനാവില്ല. പക്ഷേ, ശാരീരിക സാന്നിധ്യത്തോടെ ദൈവാലയത്തിൽ സാക്ഷാത്കരിക്കുന്ന കൂട്ടായ്മയ്ക്ക് അത് ഒരിക്കലും പകരമാകുന്നില്ല. സഭയെ നിർമ്മിക്കാനുള്ള തീക്ഷ്ണമായ ദാഹത്തോടെ പള്ളിയിലെ ആരാധനയിലേക്കുതന്നെ നാമെല്ലാം മടങ്ങിവരണം.

**കുറിപ്പുകൾ**


1. *രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകൾ, തിരുസ്സഭ*,11.
2. Manilo Simonetti, ed., *Ancient Christian Commentary on Scripture: New Testament* Ia*; Matthew 1-13*, Inter Varsity Press, Downers Grove, Illionis, 2001, 127.
3. Manilo Simonetti, ed., *Matthew 1-13*, 128.
4. Ibid.
5. *രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകൾ, ആരാധനക്രമം*, 7.
6. *സീറോ മലബാർ സഭയുടെ കുർബാന: റാസക്രമം*, കാക്കനാട്, 2011, 79.
7. *സീറോ മലബാർ സഭയുടെ കുർബാന: റാസക്രമം*, കാക്കനാട്, 2011, 89-90.
8. *കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം*, 1078,1082
9. Pope John Paul II, *Ecclesia de Eucharistia*, 2003, no.8
10. 2020 ഏപ്രിൽ 17-ാം തീയതി ഒരു സ്വകാര്യ ചാപ്പലിലെ കുർബാനയർപ്പണ വേളയിലെ വചന പ്രഘോഷണത്തിൽ ഫ്രാൻസിസ് പാപ്പ പ്രസ്താവിച്ചത്.
11. *രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകൾ, സഭൈക്യം*, 15.
12. ബെനഡിക്ട് പതിനാറാമൻ പാപ്പാ, *സ്നേഹത്തിന്റെ കൂദാശ*: Post Synodal Apostolic Exhortation, 2007, No.13.


www.malankaralibrary.com

# ദോമൂസ് കാറ്റക്കേസിസ്:
## കോവിഡ് കാലത്തെ വിശ്വാസ പരിശീലനം

**ഡോ. അരുൺ കലമറ്റത്തിൽ**
**ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്, പാലക്കാട്**

കോവിഡനന്തരലോകം ഇനി കാണാൻ പോകുന്നത് പരിചയിച്ചിട്ടില്ലാത്ത പുതുമകളായിരിക്കും. കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതുമായ ഒരു ലോക്ക്ഡൗൺകാലത്തിന്റെ പരിഭ്രാന്തിയിൽനിന്ന് അതിജീവനത്തിന്റെ പ്രകാശരശ്മികൾ പരതിത്തുടങ്ങുമ്പോൾ പുതുവഴികൾ തേടിത്തുടങ്ങേണ്ട മേഖലകൾ പലതാണ്. വിദ്യാഭ്യാസ രംഗമായാലും രാഷ്ട്രീയമേഖലയായാലും വിനോദങ്ങളുടെയോ സാമൂഹിക ഒത്തുചേരലുകളുടെയോ വേദികളായാലും പൊതുവിൽ ഒരു പുനർചിന്തനവും പുതുമയും ഉറപ്പാണ്. പൊടുന്നനവെ പലതും നിന്നുപോയതിന്റെ ആകുലതകൾ ഒരുപക്ഷേ ഉപരിനന്മകളും പ്രദാനം ചെയ്തേക്കാം. തിരുസഭയെ സംബന്ധിച്ച് ഏറ്റവും ശക്തമായ സ്തംഭനമുണ്ടായ ഒരു മേഖല വിശ്വാസപരിശീലനമാണ്. പള്ളി തുറക്കാതിരുന്നാലും തുറക്കുമ്പോൾ ആളുകൾ ദാഹത്തോടെ തിരിച്ചെത്തുമെന്നാശ്വസിക്കുമ്പോഴും ബാല്യത്തിൽ നൽകേണ്ട വിശ്വാസപരിശീലനം ഇനിയെങ്ങനെ പകർന്നു കൊടുക്കുമെന്ന ആശങ്ക നമ്മെയെല്ലാം നന്നായുലച്ചിട്ടുണ്ട്. ഇവിടെയാണ് ഭവനങ്ങൾ കേന്ദ്രീകരിച്ച് വിശ്വാസക്കൈമാറ്റം ഫലപ്രദമായി നടത്താൻ കഴിയുമോ എന്ന് നാം ചിന്തിക്കുന്നത്.

സത്യത്തിൽ ദോമൂസ് കാറ്റക്കേസിസ് – ഭവനത്തിലെ വേദോപദേശം – ഒരു പുതിയ ദർശനമൊന്നുമല്ല എന്നുതന്നെയാണ് ആദ്യം പറയേണ്ടത്. സമാനമായൊരു കാലത്ത് മർദ്ദനങ്ങളെ ഭയന്ന് ഒളിച്ചിരുന്ന ആദിമസഭയുടെ തീവ്ര വിശ്വാസപരിശീലനത്തിന്റെയും ബന്ധങ്ങളുടെ സ്നേഹത്തിൽ ചാലിച്ച വിശ്വാസ കൈമാറ്റത്തിന്റെയും പേരായിരുന്നു ദോമൂസ് കാറ്റക്കേസിസ്. കാലം കന്നുപോയപ്പോൾ, പലതും സ്ഥാപനവൽക്കരിക്കപ്പെടുകയും വ്യവസ്ഥാപിതമാവുകയും ചെയ്തപ്പോൾ വിശ്വാസപരിശീലനവും ഘടനാപരമായ പാഠ്യപദ്ധതിയിലേക്കു വഴിമാറി. ഈ മാറ്റത്തിന്റെ നൻമ-തിൻമകളെക്കറിച്ചുള്ളൊരു പുനർവിചാരം കോവിഡ് കാലം നമുക്കു തരുന്നുണ്ട്.

ആദിമസഭയുടെ ഒത്തുചേരലുകൾ ഭവനങ്ങളിലായിരുന്നു. ഗാർഹിക സഭകളായി ഭവനങ്ങൾ പരിണമിച്ചതിന്റെ ബലത്തിലാണ് ഭവനങ്ങൾ വിശ്വാസപരിശീലന ഉറവിടങ്ങളായി നിലനിന്നത്. ഭവനങ്ങൾക്കപ്പുറത്ത് ദേവാലയ കൂട്ടായ്മയിൽ ഒരുമിച്ചുകൂടാനുള്ള സാധ്യതകളില്ലാതിരുന്നപ്പോൾ അവർ ഭവനങ്ങളെ സഭാസമ്മേളന ദൈവാലയങ്ങളാക്കി എന്നു പറയുന്നതാകും കൂടുതൽ ശരി. സഭയുടെ ആദ്യസമ്മേളനംതന്നെ 'പട്ടണത്തിലെ അവർ താമസിച്ചിരുന്ന വീടിന്റെ മുകളിലത്തെ മുറിയിലായിരുന്നു' (അപ്പ 1,13). അക്വിലായുടെയും പ്രിസ്ക്കായുടെയും (1 കോറി 16,19; റോമാ 16,5) നിംഫാസിന്റെയുമൊക്കെ (കൊളോ 4,15) ഭവനങ്ങളിലെ പ്രബോധനത്തിന്റെയും അപ്പംമുറിക്കലിന്റെയും പ്രാർത്ഥനയുടെയും കൂട്ടായ്മയുടെ വിവരണങ്ങൾ നമുക്കു പരിചിതമാണ്. ആദിമസഭയിൽ ഭവനങ്ങളിൽ വിശ്വാസപരിശീലനവും കൂദാശാപരികർമ്മങ്ങളും നടന്നിരുന്നു എന്ന് ചരിത്രപരമായി വാദിക്കാമെങ്കിൽപോലും അവ ഭവനങ്ങളിലായിരുന്നു എന്നതിനപ്പുറത്ത് അത് 'കുടുംബം' തന്റെ പുതുതലമുറക്കു നൽകിയ 'വേദ-ഉപദേശ'മെന്ന അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതിനു പരിമിതിയുണ്ട്. ഔദ്യോഗികസഭയ്ക്ക് പ്രവർത്തനാനുമതിയില്ലാതിരുന്ന ചില പ്രത്യേക പ്രദേശങ്ങളിലും കാലങ്ങളിലും കുടുംബാംഗങ്ങൾ, പ്രത്യേകിച്ച് മാതാപിതാക്കൾ തങ്ങളുടെ വിശ്വാസം മക്കൾക്കു പകർന്നുകൊടുത്ത് ക്രൈസ്തവികതയെ നിലനിറുത്തിയ സംഭവങ്ങളാകും കൂടുതൽ പരാമർശോചിതമായ ഉദാഹരണങ്ങൾ.

അതെന്തുതന്നെയായിരുന്നാലും ഭവനത്തിലെ വേദോപദേശത്തിന്റെ മേന്മകളെന്തൊക്കെയാണെന്ന് ആദ്യം പരിശോധിക്കാം. "തങ്ങളുടെ കുട്ടികൾക്ക് വിശ്വാസരഹസ്യങ്ങളുടെ 'പ്രഥമ മുന്നോടി' കളാണ് മാതാപിതാക്കൾ" എന്ന് തിരുസഭ കരുതുന്നു (ccc. 2225). കുടുംബങ്ങൾ അതിനാൽ സുനിശ്ചിതമായും വിശ്വാസപാഠശാലകൾ തന്നെയാണ്. "ഗാർഹിക സഭയെന്നു വിശേഷിപ്പിക്കാവുന്ന ഇവിടെ മാതാപിതാക്കൾ വാക്കുകളും മാതൃകയുംവഴി തങ്ങളുടെ മക്കൾക്ക് പ്രഥമ വിശ്വാസ പ്രഘോഷകരാകേണ്ടിയിരിക്കുന്നു" (LG 11.2). ഈ പരിശീലനം പ്രധാനമായും അവരുടെ ദൈവവിളിയെ – പ്രത്യേകിച്ച് വിശുദ്ധിയിലേക്കുള്ള ദൈവവിളിയെ മുൻനിർത്തി

www.malankaralibrary.com

പകർന്നുനൽകേണ്ടതാണെന്നും തിരുസഭ വിശ്വസിക്കുന്നു. “കുടുംബങ്ങളിലെ മതബോധനം വിശ്വാസശിക്ഷണത്തിന്റെ മറ്റു രൂപങ്ങൾക്കു മുൻപേ പോകുകയും സഹഗമിക്കുകയും അവയെ സമ്പന്നമാക്കുകയും ചെയ്യുന്നു” (ccc. 2226) എന്ന് തിരുസഭ കരുതുന്നു. മാതാപിതാക്കൾ അവരുടെ സ്നേഹത്തിലും വാത്സല്യത്തിലും ചാലിച്ചുനൽകുന്ന വിശ്വാസസത്യങ്ങൾക്ക് കാലമെത്ര കഴിഞ്ഞാലും പ്രതിസന്ധികൾ എത്രയുലച്ചാലും മാധുര്യം കുറഞ്ഞുപോകുകയില്ല. അതുകൊണ്ടാണ് അമ്മയുടെ മുലപ്പാലിൽ ചാലിച്ച് വിശ്വാസം കുഞ്ഞിന് ഔഷധംപോലെ നൽകണമെന്ന് നാമെല്ലാം ആഗ്രഹിക്കുന്നത്.

പഠിച്ചു മനസ്സിലാക്കുന്ന വിശ്വാസ സിദ്ധാന്തങ്ങൾക്ക് ഉറപ്പുള്ള അടിത്തറകളാണ് കുടുംബത്തിൽ നിന്നു നല്കുന്ന വിശ്വാസത്തിന്റെ ബോധ്യങ്ങൾ. അപ്പന്റെയും അമ്മയുടെയും നടുക്കിരുന്ന് കുരിശുവരയ്ക്കുകയും അവരുടെ ഹൃദയത്തിന്റെ ചൂടേറ്റ് വിശ്വാസ ബാലപാഠങ്ങൾ ആകാംക്ഷയോടെ കേൾക്കുകയും ചെയ്ത ഒരു കുഞ്ഞിന്റെ വിശ്വാസം കാറ്റടിച്ചാൽ ഇളകുകയില്ലാത്ത, സെക്ടുകളുടെ മലവെള്ളപ്പാച്ചിലിൽ തകരുകയില്ലാത്ത കോട്ടയാണ്. അത് അവന്റെ ജീവിതത്തിന്റെകൂടെ പാഠശാലയാണ്. വിവാഹത്തിന്റെ കൗദാശിക രഹസ്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനു മുൻപ് കുഞ്ഞിന് തന്റെ മാതാപിതാക്കളുടെ ദാമ്പത്യത്തിന്റെ വിശുദ്ധിയുടെ ബന്ധവും അവരനുഭവിച്ച കൗദാശിക പ്രസാദവരത്തിന്റെ സൗരഭ്യവും സംലഭ്യമാകണം. വി. കുർബാന സ്വീകരിക്കുന്ന അമ്മയുടെ മുഖമാണ് ദിവ്യകാരുണ്യത്തിന്റെ മിസ്റ്റിക്കൽ അനുഭവത്തെക്കുറിച്ചുള്ള ആദ്ധ്യാത്മിക ഗ്രന്ഥത്തിന്റെ ആദ്യഅദ്ധ്യായം. സഹോദരങ്ങളോടുള്ള ബന്ധത്തിലും ഇടപെടലുകളിലും മാതാപിതാക്കൾ കാണിച്ചുകൊടുക്കുന്ന മാന്യതയും നീതിയുമാണ് ഒരാളുടെ ധാർമ്മികബോധത്തിന്റെയും നീതിവീക്ഷണങ്ങളുടെയും റഫറൻസ്. അവയെ തത്ത്വങ്ങളും നിർവചനങ്ങളുംകൊണ്ട് മിനുക്കുപണി ചെയ്യുന്നതാണ് ‘എത്തിക്സും’ ധാർമ്മിക ദൈവശാസ്ത്രവുമൊക്കെ. ചുരുക്കത്തിൽ കുടുംബത്തെ മാറ്റിനിറുത്തി ഒരു വിശ്വാസപരിശീലനം അസാധ്യമാണ്. സൈദ്ധാന്തികവും പാഠ്യപരവുമായ ‘വിശ്വാസവിദ്യാഭ്യാസ’ത്തിന് മറ്റു വിദ്യാഭ്യാസ ശാഖകൾപോലെ സ്വതന്ത്രമായി നിലനിൽക്കുവാനാവില്ല.

വിശ്വാസത്തിന്റെ സ്വഭാവംതന്നെയാണ് വിശ്വാസപരിശീലനം ഒരു ‘സ്വതന്ത്ര വിദ്യാഭ്യാസ’മായി നിലകൊള്ളാൻ കഴിയാതിരിക്കുന്നതിന്റെ പിന്നിലെ ആദ്ധ്യാത്മിക കാരണം. വിശ്വാസമെന്നത് സഭാത്മകമാണ്. സഭ കൂട്ടായ്മയുടേതാണ്. കൂട്ടായ്മ, അഥവാ Communion എന്നതാണ് സഭയുടെ സ്വഭാവവും പ്രകൃതിയും. കാരണം, അത് ദൈവത്തിന്റെ ഛായയിലാണ്. ത്രിത്വമാകുന്ന ദൈവത്തിന്റെ കൂട്ടായ്മയുടെ ഛായാസാദൃശ്യത്തിലാണ് ദൈവിക വെളിപാടിന്റെ പ്രത്യുത്തരവും സ്വീകർത്താവുമാകുവാൻ ‘കൂട്ടായ്മ’ തന്നെയായ ത്രിത്വൈക ദൈവം സഭയെ സ്ഥാപിച്ചത്. അതുകൊണ്ട് ദൈവിക വെളിപാട് നടക്കുന്നതും സ്വീകരിക്കപ്പെടുന്നതും കൂട്ടായ്മയിലാണ്. തിരുസഭാകൂട്ടായ്മ എന്താണെന്ന് ഒരാൾ ആദ്യം കണ്ടെത്തുന്നതും തിരിച്ചറിയുന്നതും സ്വഭവനത്തിന്റെ ‘ഗാർഹിക സഭാ’കൂട്ടായ്മയിൽ തന്നെയാണ്. “സഭയാകുന്ന ദൈവിക ഭവനത്തിൽ ഒരുവൻ പെരുമാറേണ്ടതെങ്ങനെയെന്ന്” (1 തിമോ 3,15) ഒരുവൻ പഠിക്കുന്നത് തന്റെ ഭവനത്തിൽനിന്നാണ്. അവിടെ അതു പഠിച്ചവനു മാത്രമേ സഭയുടെ വിശ്വാസം സ്വീകരിക്കാൻ കഴിയൂ. ഒറ്റയാനായി വളർന്നവൻ സ്വന്തം വിശ്വാസത്തിന്റെയും ബോധ്യങ്ങളുടെയും സ്വതന്ത്രചിന്തകളുടെയും വക്താവായി മാറാനുള്ള സാധ്യത ഏറെയാണ്.



വിശ്വാസരഹസ്യങ്ങൾക്കുമുണ്ട് ഒരു കൂട്ടായ്മയുടെ സുഗന്ധം. വിശ്വാസ സത്യങ്ങൾ ബന്ധാധിഷ്ഠിതമാണ് (nexus of the doctrine). കുടുംബത്തിൽ അദൃശ്യമായി വ്യക്തികളെ കൂട്ടിയിണക്കുന്ന ചരടുകളെ ആന്തരികമായി കാണാൻ കഴിയുന്നവന് സത്യവിശ്വാസ പ്രബോധനങ്ങളുടെ ആന്തരിക സൗഹൃദവും ബന്ധവും അനുഭവിക്കാനും ആസ്വദിക്കാനുമാകുമെന്നു പറഞ്ഞാൽ അതനുഭവിച്ചവരാരും നിഷേധിക്കാനിടയില്ല.

കോവിഡനന്തര സഭയിലും വിശ്വാസ പരിശീലനം കുടുംബങ്ങളുടെ കരവലയത്തിലേക്കു ചുരുക്കി നിർത്തണമെന്നു വാദിക്കുന്നവരെ പ്രോത്സാഹിപ്പിക്കാനല്ല ഇത്രയും പറഞ്ഞത്. വിശ്വാസപരിശീലനത്തിന്റെ ‘പ്രഥമ മുന്നോടികൾ’ മാത്രമാണ് ഭവനങ്ങൾ. അവയൊരിക്കലും ബദൽ വിശ്വാസപരിശീലന വേദികളാകുന്നില്ല. കാരണങ്ങൾ പലതാണ്. ഒന്നാമത് വിശ്വാസപരിശീലനം എന്നത് ഒരു സ്വഭാവ രൂപീകരണമോ നല്ല ജീവിതകല (art of living) പഠിപ്പിക്കലോ മാത്രമല്ല. അവയൊക്കെ അസ്ഥിയെ പൊതിഞ്ഞിരിക്കുന്ന മാംസം മാത്രമാണ്. വിശ്വാസപരിശീലനത്തിന്റെ ഉൾക്കാമ്പ് പ്രബോധനം തന്നെയാണ്. വചനത്തിന്റെയും ദൈവിക രഹസ്യങ്ങളുടെയും വിശുദ്ധ പാരമ്പര്യത്തിന്റെയും കല്പനകളുടെയും സഭാപ്രബോധനങ്ങളുടെ അദ്ധ്യായനം തന്നെയാണ് വിശ്വാസശരീരത്തിന്റെ അസ്ഥികൂടം. അതു കൂടാതെയുള്ള മാംസത്തിന് ശരീരമായി നില

www.malankaralibrary.com

നിൽക്കാനാവില്ല. അതുകൊണ്ട് ഓരോ കുഞ്ഞും സഭയെന്ത് പഠിപ്പിക്കുന്നുവെന്ന് അറിഞ്ഞിരിക്കണം. സ്കൂളിലെ പഠനം പോലെയോ അതിനും മേലെയോ കഠിനാധ്വാനം ചെയ്ത് ആഴത്തിൽ പഠിക്കേണ്ട പാഠ്യവിഷയം തന്നെയാണ് വിശ്വാസമെന്ന് മടിക്കാതെ നാം ആവർത്തിച്ചുപറയണം. വിശ്വാസവും യുക്തിയും സ്വർഗ്ഗത്തിലേക്കു പറക്കുന്ന മനുഷ്യാത്മാവിന്റെ രണ്ടു ചിറകുകളാണെന്ന സത്യം തിരുസഭയ്ക്ക് ആവർത്തിച്ചു പ്രഘോഷിക്കാതിരിക്കാനാവില്ല. അത് പഠിപ്പിക്കാൻ പ്രാവീണ്യമുള്ള അദ്ധ്യാപകർ വേണം. ക്രമവൽകൃതമായി കുഞ്ഞുങ്ങളുടെ ബൗദ്ധിക വളർച്ചക്കനുസരിച്ച് അത് ക്രമീകരിക്കാൻ സംവിധാനങ്ങൾ വേണം. വചനത്തിൽ ഇതൾ വിരിയുന്ന വിശ്വാസ രഹസ്യങ്ങൾ അനുഭവിക്കാൻ വലിയ ഭവനമായ ദൈവാലയത്തിന്റെ അന്തരീക്ഷം വേണം. ദൈവാലയത്തിലെ പരിമളധൂപത്തിന്റെ ഗൃഹാതുരത്വത്തിൽ ബാല്യകാല വിശ്വാസപാഠങ്ങൾ ജീവിതകാലം മുഴുവൻ അനുസ്മരിക്കപ്പെടണം. അതിന് നമുക്ക് ദൈവാലയത്തിന്റെ 'വേദപാഠക്ലാസുകളി'ലേക്ക് മടങ്ങി വന്നേ പറ്റൂ. അതുവരെ - തൽക്കാലം കോവിഡ് കാലം സ്മൃതിയിലാകുംവരെ - കുടുംബങ്ങൾ വിശ്വാസപരിശീലനത്തിന് ശക്തമായ അടിത്തറ പണിയട്ടെ.

# കോവിഡുകാലത്തെ അജപാലനം

**ഫാ. ജി. നെല്ലി**

**ബാലേശുഗിരി, തലശ്ശേരി അതിരൂപത**

പതിവ് ആഘോഷങ്ങളും അലങ്കാരങ്ങളും നിറഞ്ഞതായിരുന്നു 2019-ലെ ക്രിസ്മസ്. ലോകമെങ്ങും തിരുപ്പിറവി ഏറ്റവും സമുചിതമായി കൊണ്ടാടിയിരുന്നു. എന്നാൽ അതുംകഴിഞ്ഞ് ഒരാഴ്ചപോലും തികയുംമുമ്പ്, കൃത്യമായി പറഞ്ഞാൽ 2019-ലെ ഏറ്റവും ഒടുവിലത്തെ ദിനം - ഡിസംബർ 31 - ലോകത്തിന് നല്കിയത് ശുഭമല്ലാത്ത ഒരു വാർത്തയായിരുന്നു. ചൈനയിലെ വുഹാൻ നഗരത്തിൽ കൊറോണ വൈറസ് പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു എന്ന ദുഃഖവാർത്തയായിരുന്നു അത്. ഇതിന് മുമ്പും ലോകജനത, നിരവധി വൈറസുകളെക്കുറിച്ച് കേട്ടിട്ടുണ്ടായിരുന്നതിനാൽ ഈ കൊറോണ വൈറസ് വാർത്ത അത്ര ഗൗരവമായി ആരും കണ്ടില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ പുതുവർഷത്തിൽ, ജനുവരി 30-ന് ലോകാരോഗ്യസംഘടന, കൊറോണ വൈറസിനെ ഒരു മാരക പകർച്ചവ്യാധിയായി പ്രഖ്യാപിച്ചു. ഇതേദിനംതന്നെയാണ്, ചൈനയിൽ നിന്ന് കേരളത്തിലെത്തിയ മൂന്നു വിദ്യാർത്ഥികൾക്ക് കൊറോണ രോഗബാധ സ്ഥിരീകരിച്ചത്. ഇന്ത്യയിലെയും കേരളത്തിലെയും ആദ്യ കൊറോണ രോഗി തൃശൂരിലെത്തിയ ഒരു വിദ്യാർത്ഥിനിയായിരുന്നു. ഈ മൂന്നാം വർഷ മെഡിക്കൽ വിദ്യാർത്ഥിനിക്ക്, തൃശൂർ മെഡിക്കൽ കോളജിൽ നല്കിയ മൂന്നാഴ്ചത്തെ ചികത്സയ്ക്കുശേഷം കൊറോണ നെഗറ്റീവായി രണ്ടുതവണ വ്യക്തമാക്കപ്പെട്ടതോടെ അവരെ ഫെബ്രുവരി 20-ന് ഹോസ്പിറ്റലിൽനിന്ന് പറഞ്ഞയച്ചു. ഇക്കാലയളവിലൊന്നും കേരളത്തിലോ, ഇന്ത്യാ മഹാരാജ്യത്തോ ആർക്കും ഒരാശങ്കയും ഇല്ലായിരുന്നു.

എന്നാൽ, സ്ഥിതി വളരെ പെട്ടെന്നാണ് മാറിയത്. മാർച്ച് 09-ന് വീണ്ടും കൊറോണാഭീതി കേരളത്തിലെത്തി. ഇറ്റലിയിൽനിന്നു പത്തനംതിട്ട ജില്ലയിലെത്തിയ ദമ്പതികൾക്കും ബന്ധുക്കൾക്കും കൊറോണ ബാധിച്ചുവെന്ന് സ്ഥിരീകരിച്ചതോടെ കേരളം ചില നടപടികളിലേക്ക് കടന്നു. മാർച്ച് 10-ന് എല്ലാ കോളജുകളും വിദ്യാല

www.malankaralibrary.com

യങ്ങളും മാർച്ച് 31 വരെ അടച്ചിടുന്നതായി പ്രഖ്യാപിച്ചു. എന്നാൽ ആരാധനാലയങ്ങളിലെ മണിമുഴക്കവും പ്രാർത്ഥനാഗീതങ്ങളും ഭക്തിസാന്ദ്രമായി പതിവുപോലെ തുടർന്നുവന്നു. ആത്മീയ കാര്യങ്ങൾക്കൊന്നും ഒരു തടസ്സവും ഉണ്ടായില്ല. കൊറോണയെ സംബന്ധിക്കുന്ന വാർത്തകൾ തലങ്ങും വിലങ്ങും പായുമ്പോഴും ഇതിന്റെ ഗൗരവം ജനങ്ങൾ അറിഞ്ഞുതുടങ്ങിയത് മാർച്ച് 22-ലെ ജനതാ കർഫ്യൂവിനോടുകൂടിയാണ്. ഫെബ്രുവരി അവസാന ആഴ്ചയിൽ ലോകമെമ്പാടുമുള്ള സഭാവിശ്വാസികളേവരും വലിയ നോമ്പിലേക്ക് പ്രവേശിച്ചിരുന്നു. ജനതാ കർഫ്യൂ പ്രഖ്യാപിക്കപ്പെട്ട മാർച്ച് 22, വലിയ നോമ്പിലെ 5-ാം ഞായറാഴ്ചയായിരുന്നു. അന്നാദ്യമായി ദൈവലായങ്ങളിൽ വൈദികർ തനിച്ച് (മറ്റ് 4 പേർകൂടി ആവാമായിരുന്നു) വിശുദ്ധ കർമ്മങ്ങളനുഷ്ഠിക്കേണ്ടി വന്ന ഒരു അപൂർവ സാഹചര്യം ഉരുത്തിരിഞ്ഞു. എന്നാൽ മാർച്ച് 25 മുതൽ രാജ്യവ്യാപകമായി പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗൺ ആരാധനയുടെയും ദൈവാലയശുശ്രൂഷകളുടെയും താളം തെറ്റിച്ചു. ആദ്യഘട്ടം ലോക്ഡൗൺ മാർച്ച് 25 മുതൽ ഏപ്രിൽ 14 വരെയായിരുന്നു. ക്രൈസ്തവ സഭയുടെ ആരംഭംമുതൽ ഇന്നോളം, ഏറ്റവും ഭക്തിപുരസ്സരം ക്രൈസ്തവർ കൊണ്ടാടിയിരുന്ന അവരുടെ പെസഹാവ്യാഴം, ദുഃഖവെള്ളി, ഈസ്റ്റർ എന്നീ പരിപാവനകർമ്മങ്ങൾക്ക് ലോക്ഡൗൺമൂലം പൂർണമായി തടസ്സം നേരിട്ടു. ലോക്ഡൗൺ കാലത്തെ അജപാലന ശുശ്രൂഷയിൽ വൈദികരും അത്മായരും നേരിട്ട ഏറ്റവും വലിയ ദുഃഖവും വേദനയുമായിരുന്നു അത്. ഏപ്രിൽ 14-ന് അവസാനിക്കുമെന്ന് കരുതി പ്രത്യാശയോടെ കാത്തിരിക്കുമ്പോഴാണ് ഏപ്രിൽ 15 മുതൽ മെയ്-3 വരെയുള്ള രണ്ടാംഘട്ട ലോക്ഡൗൺ. ഇക്കാലയളവിലാണ് കൊറോണ വൈറസ് സമൂഹത്തിൽ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ദൂരവ്യാപക പ്രത്യാഘാതങ്ങളെക്കുറിച്ച് ഏവരും ബോധവാന്മാരാകുന്നത്. ഞായർ ബലിയർപ്പണം, സമ്മർക്ലാസ്സുകൾ, ആദ്യകുർബാനസ്വീകരണം, വിവാഹങ്ങൾ, മാമ്മോദീസാ, മരണാനന്തര ശുശ്രൂഷകൾ എല്ലാം ഒരു വലിയ ചോദ്യചിഹ്നമായി ഉയർന്നുവന്നു. ലോക്ഡൗൺ ഇങ്ങനെ അനന്തമായി നീളുന്നതും, ദൈവാലയങ്ങൾ അടഞ്ഞ് കിടക്കുന്നതും, വൈദികൻ പള്ളിമുറികളിൽ ഒറ്റപ്പെട്ട് പോയതും ആത്മീയ മേഖലയിൽ തളർച്ചയ്ക്ക് ഇടയാകുമെന്ന് ഒട്ടുമിക്ക വൈദികരും പൊടുന്നനവേ തിരിച്ചറിഞ്ഞു. അങ്ങനെയാണ് നവമാധ്യമങ്ങളുടെ ഉപയോഗം ആത്മീയമണ്ഡലത്തിൽ പ്രയോജനപ്പെടുത്താനുള്ള ശ്രമമുണ്ടായത്. ഫേസ്ബുക്ക്, വാട്ട്സാപ്പ്, ഗൂഗിൾ മീറ്റ്, യു ട്യൂബ്,സൂം



തുടങ്ങിയ ഓൺലൈൻ-മാധ്യമ-ആശയവിനിമയ സാധ്യതകളുടെ ലോകത്തിലേക്ക് ആത്മീയനേതൃത്വം നല്കുന്നവർ തിരിയുന്നത്.

ഓൺലൈൻ ആത്മീയശുശ്രൂഷ യഥാർത്ഥ ശുശ്രൂഷകൾക്ക് പകരമാവില്ലെന്ന് എല്ലാവർക്കുമറിയാമെങ്കിലും മറ്റൊരു വഴിയും ഇല്ലാതായതുകൊണ്ടാണ്, ടി.വി.യിൽ വിശുദ്ധ കുർബാന കാണുവാൻ ആത്മീയനേതൃത്വം ജനങ്ങളെ അനുവദിച്ചത്. അലസന്റെ മനസ്സ് ദുഷ്ടതയുടെ കൂടാരമാവാറുണ്ടല്ലോ. ലോക്ഡൗണിൽ കുടുങ്ങിപ്പോയ അത്മായരെ അല്പമെങ്കിലും ആത്മീയ ആശ്വാസത്തിലേക്ക് നയിക്കുവാനാണ് ഓൺലൈൻ ശുശ്രൂഷകളിലേക്ക് വൈദിക സമൂഹം എത്തിപ്പെട്ടത്. മിക്ക രൂപതകളിലേയും മഹാഭൂരിപക്ഷം വൈദികരും ഈ സാധ്യതയെ വളരെ നന്നായി ഉപയോഗപ്പെടുത്തി. തങ്ങളുടെ അജപാലനശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ട ദൈവജനത്തോട് കൂടുതൽ വ്യക്തിപരമായ ഒരടുപ്പം സൃഷ്ടിക്കുവാൻ മിക്കവർക്കും കഴിഞ്ഞു. ഫോൺ വിളിച്ചും വാട്ട്സാപ്പ് സന്ദേശങ്ങൾ നല്കിയും ഫേസ്ബുക്കിലൂടെയും വീഡിയോകാൾ വഴിയും യു-ട്യൂബിലൂടെയും ആത്മീയ സന്ദേശങ്ങൾ പകർന്നു നല്കുന്നതിൽ വൈദികഗണം വ്യാപൃതരായി. ഇടവകയിലെ ഒരോ വീട്ടിലേയും അംഗങ്ങളുടെ ജന്മദിനം കണ്ടെത്തി അവരെ ആശംസകളറിയിക്കുക, ദമ്പതികളുടെ വിവാഹ വാർഷികാവസരത്തിൽ അനുമോദിക്കുക തുടങ്ങിയവ നിഷ്കർഷയോടെ ഒട്ടുമിക്ക വൈദികരും ചെയ്തു. ദൈവാലയത്തിൽ വന്നു പ്രാർത്ഥിക്കുവാൻ സാധിക്കാത്തതുകൊണ്ട്, തങ്ങളുടെ മരിച്ചുപോയ പ്രിയപ്പെട്ടവരുടെ വേർപാടുദിനം പലർ ക്കും ദുഃഖകരമായ ഒരനുഭവമായിരുന്നു. മരിച്ചുപോയവരുടെ വേർപാടു ദിനങ്ങൾ 'മരണരജിസ്റ്ററിൽ' നിന്നു തപ്പിയെടുത്ത് ആ ദിനങ്ങളിൽ അവർക്കുവേണ്ടി (ഒറ്റയ്ക്ക് അർപ്പിക്കുന്ന) ബലിയിൽ പ്രാർത്ഥിക്കുകയും മരിച്ച പ്രിയപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിച്ചുവെന്ന് അതാത് ബന്ധുക്കളെ വിളിച്ചറിയിക്കുകയും ചെയ്ത ഒട്ടനവധി വൈദികരുണ്ട്. ഇങ്ങനെ വിവിധങ്ങളായ രീതിയിൽ ആത്മീയ അടുപ്പം കാത്തുസൂക്ഷിച്ച അജപാലകർ കോവിഡ് കാലത്തെ ഏകാന്തതയെ വെല്ലുവിളിച്ചു മുന്നേറിയവരാണ്.

തങ്ങളുടെ ഇടവകാതിർത്തിക്കുള്ളിലുള്ള നാനാജാതി കുടുംബങ്ങളിലേക്കും ക്ഷേമാന്വേക്ഷണത്തോടൊപ്പം, അർഹിക്കുന്നവർക്ക് സഹായവും എത്തിക്കാൻ വൈദികർക്ക് കഴിഞ്ഞിട്ടുണ്ട്. മരുന്ന്, ഭക്ഷണസാധനങ്ങൾ എന്നിവയ്ക്കായിരുന്നു മുഖ്യപ്രാധാന്യം നല്കിയത്. സാമ്പത്തികമായി വിഷമിക്കുന്നവരിലേക്കും കൂടു

www.malankaralibrary.com

തൽ ശ്രദ്ധ നല്കുവാൻ മിക്ക അജപാലകർക്കും ഈ കാലയള വിൽ സാധിച്ചിട്ടുണ്ട്. മൂന്നാംഘട്ട ലോക്ഡൗൺ കാലയളവിലും (മെയ് 04 മുതൽ മെയ് 17 വരെ) നാലാംഘട്ട കാലത്തും (മെയ് 18– മെയ് 31) വളരെ വിപുലമായ രീതിയിൽ ഓൺലൈൻ – ആത്മീയ ശുശ്രൂഷ നിർവഹിക്കപ്പെട്ടു. ദൈവാലയങ്ങളും വിദ്യാലയങ്ങളും തുറക്കുന്നത് അനന്തമായി നീണ്ടുപോകുമെന്ന് അൺലോക് കാലത്ത് (ജൂൺ 01–ജൂൺ 30) വൈദികർ തിരിച്ചറിഞ്ഞതുമൂലം സൺഡേസ്കൂൾ പാഠ്യപദ്ധതി, യുവജനശുശ്രൂഷ, കൗൺസിലിംഗ് എന്നിവ വളരെ വ്യക്തതയോടുകൂടെ ഓൺലൈൻ ശുശ്രൂഷകളായി നല്കിവരുന്നു.

ഇതൊക്കെയാണെങ്കിലും 'ഉപ്പോളം വരുമോ ഉപ്പിലിട്ടത്' എന്ന ചൊല്ലിന്റെ പൊരുൾ അർത്ഥമാക്കുന്നതുപോലെ യഥാർത്ഥ ആത്മീ യശുശ്രൂഷകൾക്ക് വേണ്ടിയുള്ള ദാഹം വിശ്വാസികളിൽ വളരെ പ്രകടമാണ്. എല്ലാദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധി ച്ചിരുന്ന വളരെയധികം ജനങ്ങൾക്ക് ലോക്ഡൗൺ ഏല്പിച്ച ആത്മീയ മുറിവ് ആഴമുള്ളതു തന്നെയാണ്. പക്ഷേ, അത് കാലം മായ്ച്ചുകളയും എന്ന പ്രത്യാശയുണ്ട്. കാരണം ലോകത്തിന്റെ എല്ലാ ഭാഗത്തും കൊറോണയുടെ നിബന്ധനകൾ കർക്കശമാണെന്ന് ജന ങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. ആരുടേയും കുഴപ്പംകൊണ്ടല്ല, സമൂ ഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടിയാണ് ഇപ്പോഴത്തെ ദുരവസ്ഥ എന്ന് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്.

കൊറോണാവൈറസിനെതിരെ ലോകരാജ്യങ്ങൾ ഒറ്റക്കെ ട്ടായി പൊരുതുമ്പോൾ, ഇതിനൊരു മറുമരുന്ന് കണ്ടെത്തുന്നതുവരെ ലോകം ആശങ്കയിൽ തന്നെയാണ്. ലോകം പഴയചര്യകളിലേക്ക് മടങ്ങിയെത്തി, ദൈവാലയങ്ങൾ പൊതുവായ ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും തുറന്നിടുംവരെ, വളരെ ശ്രദ്ധയോടും വിവേക പൂർവകവും അജപാലകർ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. 65 വയസ്സിന് മുകളിലുള്ളവരുടേയും രോഗികളുടേയും മറ്റും കാര്യത്തിൽ കൂടുതൽ ശ്രദ്ധ നല്കേണ്ടതുണ്ട്. ദൈവാലയപ്രവേശനം സാധ്യമാ കാത്തതുകൊണ്ട് ഏറ്റവും വേദനിക്കുന്ന ഈ വിഭാഗത്തെ ഫോണി ലൂടെയും നേരിട്ടും ആശ്വസിപ്പിക്കേണ്ടത് വളരെ ആവശ്യമാണ്. നിരാശതയിലേക്ക് കടന്നുകയറാൻ സാധ്യതയുള്ള ഇടവകാംഗങ്ങൾ, ജോലി നഷ്ടമായവർ, സാമ്പത്തിക ക്ലേശങ്ങളിലൂടെ പോകുന്ന വർ, രോഗത്താൽ വിഷമിക്കുന്നവർ തുടങ്ങിയവർക്ക് പ്രത്യേക ശ്രദ്ധയും പരിഗണനയും ഈ കാലയളവിൽ ആവശ്യമാണ്. ഏറെ



നാൾ പള്ളിയിൽ വരാതിരിക്കുന്നതുമൂലം മടിപിടിച്ച് അകലാനുള്ള സാധ്യത യുവജനങ്ങൾക്കും കുട്ടികൾക്കുമുണ്ട്. 50 പേരെ ഒരുമിച്ച് കൂട്ടാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്തി, വവിധ ഗ്രൂപ്പു കളെ വിളിച്ചുചേർത്ത് (നിയമാനുസൃതം) ആത്മീയതയിൽ അവരെ സഹായിക്കാൻ വൈദികർ ശ്രദ്ധാലുക്കളാകുന്നുണ്ട്.

കോവിഡിന്റെ പശ്ചാത്തലത്തിൽ – ആത്മീയ മൂല്യങ്ങൾക്ക് അർത്ഥമില്ലെന്ന് പ്രചരിപ്പിക്കുന്ന മതവിദ്വേഷികളേയും നിരീശ്വര പ്രസ്ഥാനങ്ങളേയും വിവേകപൂർവം തരണംചെയ്യാൻ അജപാല കർക്ക് സാധിക്കേണ്ടതുണ്ട്. സമൂഹത്തിലെ തിന്മകൾക്കും രോഗ ങ്ങൾക്കും വൈറസുകൾക്കും കാരണം ദൈവമല്ലെന്നും മനുഷ്യർ തന്നെയാണെന്നുമുള്ള യാഥാർത്ഥ്യം കാര്യകാരണസഹിതം സമർത്ഥിക്കാൻ അജപാലകർ കഴിവ് നേടണം. മനുഷ്യരുടെ സ്വാർത്ഥതയും അഹങ്കാരവും ജഡികമോഹങ്ങളും അധികാര ആഗ്ര ഹങ്ങളുമാണ് നാം അധിവസിക്കുന്ന ഈ മനോഹര പ്രപഞ്ചത്തെ മലിനമാക്കുന്നതെന്നു ബോധ്യപ്പെടുത്താൻ അജപാലകർക്ക് സാധി ക്കണം. ദൈവം സർവ്വ നന്മയാണെന്നും, തിന്മ ആഗ്രഹിക്കുന്നി ല്ലന്നും എല്ലാ തിന്മകളുടേയും ഉദ്ഭവം മനുഷ്യമനസ്സിൽനിന്നാ ണെന്നും വ്യക്തതയോടെ അവതരിപ്പിക്കാനുള്ള അവഗാഹം അജ പാലകർ ആർജ്ജിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്.

www.malankaralibrary.com

# കോവിഡ്/കോവിഡനന്തര മതാത്മകത: വെല്ലുവിളികളും മാറ്റങ്ങളും

ഡോ. ജോസഫ് മരുതുക്കുന്നേൽ
അസി. ചാൻസലർ കാഞ്ഞിരപ്പള്ളി രൂപത

**ആമുഖം**

പ്രശസ്ത തത്ത്വചിന്തകനായ ചാൾസ് ടെയ്‌ലർ *A Secular Age* എന്ന ഗ്രന്ഥത്തിൽ അപഗ്രഥിക്കുന്ന ചോദ്യമാണ് "1500 കളിൽ പാശ്ചാത്യസമൂഹത്തിൽ വിശ്വസിക്കാതിരിക്കുക അസാധ്യമായിരുന്നെങ്കിൽ, 2000-ത്തിൽ വിശ്വസിക്കുക എന്നത് എളുപ്പമല്ലെന്ന് മാത്രമല്ല, ഒഴിവാക്കാവുന്നതായി മാറിയിരിക്കുന്നത് എന്തുകൊണ്ടാണ്?" (p.25). മതവിശ്വാസത്തെ സംബന്ധിച്ച് ഇതിന് സമാനമായ ഒരു ചോദ്യം ഇന്നു സജീവമായിക്കൊണ്ടിരിക്കുകയാണ്. കോവിഡ്/കോവിഡനന്തര ലോകം എപ്രകാരമായിരിക്കുമെന്നു പറയുവാൻ പ്രയാസമാണെങ്കിലും ഈ കാലഘട്ടം മതാത്മകതയെ സംബന്ധിച്ച് ഒരു വഴിത്തിരിവാണ്. ഇക്കാലത്ത് ചില മതാനുഷ്ഠാനങ്ങളുടെയും വിശ്വാസരീതികളുടെയും പ്രസക്തി ചോദ്യം ചെയ്യപ്പെടുവാനും മതവുമായുള്ള ബന്ധത്തിന്റെ വിവിധ മാനങ്ങൾ പുനർവിചിന്തന വിധേയമാക്കപ്പെടുവാനും സാധ്യതയുണ്ട്. സമകാലിക സംഭവവികാസങ്ങൾ സഭയെ മാത്രം ബാധിക്കുന്ന കാര്യമല്ല, മറിച്ച് സമൂഹത്തിലെ വ്യത്യസ്ത മേഖലകളെ പ്രതിസന്ധിയിലാക്കുന്നതും നൂതന സമീപനങ്ങൾക്ക് പ്രേരണ നല്കുന്നതുമാണ്. ഈ പശ്ചാത്തലത്തിൽ കോവിഡ്/കോവിഡനന്തര മതാത്മകതയിലെ ചില പ്രധാന വെല്ലുവിളികളും മാറ്റങ്ങളുമാണ് നമ്മൾ പഠനവിഷയമാക്കുന്നത്. ഈ ലേഖനത്തിന്റെ പ്രധാന ശൈലി റെഡിമെയ്ഡായ ഉത്തരങ്ങൾ നൽകുക എന്നതിലുപരി സഭ ഇന്നു നേരിടുന്ന ചില ചോദ്യങ്ങൾക്ക് വ്യക്തത നല്കുവാൻ ശ്രമിക്കുക എന്നതാണ്. ചില പ്രതികരണ രീതികൾ ഇവിടെ അപഗ്രഥിക്കപ്പെടുന്നത് ചോദ്യങ്ങളുടെ ആഴവും വ്യാപ്തിയും ചൂണ്ടിക്കാണിക്കുക എന്ന ലക്ഷ്യത്തോടെയാണ്.

## 1. സമകാലിക സാമൂഹിക പശ്ചാത്തലവും മതാത്മകതയും

കോവിഡ്-19 അത്യപൂർവവും അസാധാരണവുമായ ഒരു പ്രതിസന്ധി തന്നെയാണു സൃഷ്ടിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ വിനാശകരമായ രോഗാനുഭവം മനുഷ്യജീവിതത്തിൽ സൃഷ്ടിക്കുന്ന സമ്മർദ്ദങ്ങളെ (cross-pressures) നാം തിരിച്ചറിയേണ്ടത് അനിവാര്യമാണ്. ഇതുവരെ നമ്മുടെ സമൂഹത്തിൽ മതവിശ്വാസം ഒരു പരിധിവരെ ചോദ്യംചെയ്യപ്പെടാത്തതും സ്വാഭാവികവുമായ (default view) വസ്തുതയായാണ് പൊതുവേ കരുതിയിരുന്നത്. ക്രൈസ്തവവിശ്വാസത്തിനെതിരായ ചില നീക്കങ്ങൾ പല കോണുകളിലും സജീവമാണെങ്കിലും സാമൂഹികവും വ്യക്തിപരവുമായ ബന്ധങ്ങൾ പ്രധാനമായും നിയന്ത്രിക്കപ്പെടുന്നത് ഒരുവന്റെ വിശ്വാസപരമായ കാഴ്ചപ്പാടുകളിലൂടെയാണ്. ഒരുപക്ഷേ, നമ്മുടെ ജീവിതത്തിൽ മതവിശ്വാസത്തിനുള്ള സ്ഥാനത്തെ തന്നെ അസ്ഥിരമാക്കുവാൻ ഈ മഹാവ്യാധിക്ക് കഴിഞ്ഞേക്കാം. രണ്ട് പ്രധാന പ്രതിസന്ധികളാണ് ഇതിന് ഉപോത്ബലകമായിട്ടുള്ളത്: (1) *മതവുമായുള്ള ഒരുവന്റെ ബന്ധത്തെ അഥവാ മതപങ്കാളിത്തത്തെ സംബന്ധിച്ച പ്രതിസന്ധി* (question of belonging). മനുഷ്യൻ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ ദൈവത്തോട് സാധാരണയായി ചേർന്നു നിൽക്കാറുണ്ട്. കോവിഡ് കാലഘട്ടത്തിൽ ദൈവാലയങ്ങൾ അടയ്ക്കപ്പെട്ടതിനാലും പിന്നീട് പ്രവേശനം നിയന്ത്രണവിധേയമാക്കിയതിനാലും കൂദാശകളിലും ഭക്താനുഷ്ഠാനങ്ങളിലും നേരിട്ട് പങ്കെടുക്കുവാനുള്ള സാധ്യത വിരളമായി. ദൈവാലയങ്ങളുമായുള്ള ബന്ധം, ഒരു നിശ്ചിത കാലത്തേക്കാണെങ്കിൽപ്പോലും, വേർപെട്ടിരിക്കുന്നത് അവന്റെ വിശ്വാസജീവിതത്തിൽ ചോദ്യങ്ങളുയർത്തുവാൻ പോരുന്നതാണ്. ഈ അസാധാരണ സംഭവം ക്രൈസ്തവ വിശ്വാസത്തിന്റെ സുപ്രധാനകാലമായ വലിയനോമ്പിലും വിശുദ്ധ വാരത്തിലും സംഭവിച്ചു എന്നതും സുപ്രധാനമാണ്; (2) *വിശ്വാസ സംബന്ധമായ പ്രതിസന്ധി* (question of believing). കോവിഡിനോടനുബന്ധിച്ച് വിശ്വാസ സംബന്ധമായ ചോദ്യങ്ങൾ സഭയുടെ അകത്തും പുറത്തും ഒരുപോലെ സജീവമാണ്. വിശ്വാസ പ്രതിസന്ധി അടങ്ങിയിരിക്കുന്നത് നാം നേരിടുന്ന ദുരവസ്ഥ വിവിധ രൂപങ്ങളിലും ഭാവങ്ങളിലും ദൈവത്തിനും മതത്തിനുമെതിരായ ചോദ്യമായി വ്യാഖ്യാനിക്കപ്പെടുന്നു എന്നതിലാണ്. ഈ രോഗാനുഭവം ലോകമെമ്പാടും മനുഷ്യകുലത്തിന് നാനാവിധത്തിൽ ബുദ്ധിമുട്ടുകളും അതിലുപരി ദാരുണ മരണങ്ങളും മാത്രം സമ്മാനിക്കുമ്പോൾ നാം എന്തുകൊണ്ട് ദൈവത്തിൽ വിശ്വ

www.malankaralibrary.com

സിക്കണം എന്ന ചോദ്യം കൂടുതൽ ആവർത്തിക്കപ്പെടുന്നു. മതവിശ്വാസത്തെ എതിർക്കുന്നവർ ഈ ദുരിതമുഖത്ത് ദൈവാലയങ്ങൾ പൂട്ടപ്പെട്ടതിനെയും ദൈവാരാധന ഉപേക്ഷിക്കേണ്ടിവന്നതിനെയും ആഘോഷിക്കുകയാണ്. ഇക്കാലത്ത് ദൈവാലയത്തോടനുബന്ധിച്ച പ്രാർത്ഥനകളും കൂദാശകളുമെല്ലാം അപ്രായോഗികമായത് മതവിശ്വാസത്തിന്റെ നിരർത്ഥകതയായാണ് വ്യാഖ്യാനിക്കപ്പെടുന്നത്. ശാസ്ത്രത്തിന് (യുക്തിക്ക്) മതത്തിന് (വിശ്വാസത്തിന്) മേലുള്ള വിജയമായാണ് അവർ ഇതിനെ കാണുന്നത്.

മതവിശ്വാസം പരാജിതമായതായി ചിത്രീകരിക്കുമ്പോൾ രണ്ട് കാര്യങ്ങൾ ശ്രദ്ധേയമാണ്: (1) മതവിരോധികൾ വിശ്വാസത്തെ സാധാരണയായി കാണുന്നത് യുക്തിരാഹിത്യവും കെട്ടുകഥയും മനുഷ്യന്റെ ബലഹീനതയുമായാണ്. ഉദാഹരണത്തിന്, യുക്തിവാദികൾ കോവിഡ്-19 നെ SARS-Cov-2 എന്ന സൂക്ഷ്മ വൈറസ് ബാധയായി കാണുമ്പോൾ, ചില മതവിശ്വാസികൾ ഇതിനെ ദൈവകോപവും ദൈവശിക്ഷയുമായാണ് കാണുന്നത്. ഇതിനാലാണ് ഈ സാംക്രമികരോഗവുമായി ബന്ധപ്പെട്ട് സോഷ്യൽ മീഡിയായിലും മറ്റും വിശ്വാസത്തെ തള്ളിക്കളയുന്ന, വിശ്വാസത്തെ പ്രശ്നപരിഹാരത്തിൽനിന്നുള്ള ഒളിച്ചോട്ടമായി അവതരിപ്പിക്കുന്ന പോസ്റ്റുകൾ വ്യാപകമാകുന്നത്; (2) മതവിശ്വാസികൾ നൽകുന്ന ദൈവത്തിന്റെ ചിത്രം: മതവിശ്വാസത്തെ യുക്തിരാഹിത്യവും അർത്ഥശൂന്യവുമായി കാണുന്ന വിമർശനങ്ങൾ പലപ്പോഴും യഥാർത്ഥ ദൈവവിശ്വാസത്തെ ശരിയായ രീതിയിൽ വിശ്വാസികൾ ഉൾക്കൊള്ളാത്തതിന്റെ ഫലം കൂടിയാണ്. ഇത്തരം വിമർശനങ്ങളുടെ അടിസ്ഥാനം രണ്ടുകാര്യങ്ങളാണ്: (1) വിശ്വാസികൾ ജീവിക്കുന്നതും പ്രതിനിധാനം ചെയ്യുന്നതുമായ ദൈവസങ്കല്പം പലപ്പോഴും യുക്തിരാഹിത്യം നിറഞ്ഞതാണ്; (2) എല്ലാ കാര്യങ്ങളും മതവിശ്വാസത്തിന്റെ കണ്ണുകളിലൂടെ മാത്രം വ്യാഖ്യാനിക്കുന്നു. ഉദാഹരണത്തിന്, കോവിഡ്-19 ദൈവശിക്ഷയാണെന്നുള്ള കാഴ്ചപ്പാട്. ഇത്തരം ചിന്തകൾ ആധുനിക മനുഷ്യനു യുക്തിഭദ്രമല്ല. കാരണം, മതപരമായ കാര്യങ്ങളിലാണ് മതപരമായ വിശദീകരണങ്ങൾ സാധുവായിട്ടുള്ളത്.

ചുരുക്കിപ്പറഞ്ഞാൽ, നാം ഇന്ന് നേരിടുന്ന ഈ പകർച്ചവ്യാധിയുടെ അനുഭവം ഒരു വിശ്വാസിയുടെ ജീവിതത്തിൽ സങ്കീർണ്ണങ്ങളായ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. തത്ഫലമായി മതപങ്കാളിത്തത്തിലും വിശ്വാസവീക്ഷണങ്ങളിലും ശക്തമായ സമ്മർദ്ദങ്ങളും പിരിമുറുക്കങ്ങളും വ്യക്തികളിലും സമൂഹത്തിലും വ്യാപിച്ച് തുടങ്ങിയിട്ടുണ്ട്. ഈ സമ്മർദ്ദങ്ങൾ ഒരുവൻ എപ്രകാരം തന്റെ മതാത്മക ജീവിതത്തെ സ്വയം വിഭാവനം ചെയ്യുന്നതിനെ അഥവാ സങ്കല്പിക്കുന്നതിനെ സ്വാധീനിക്കുന്നു എന്നതാണ് നമ്മൾ തുടർന്ന് കാണുന്നത്.



## 2. കോവിഡ്/കോവിഡനന്തര കാലത്തെ മതസങ്കല്പങ്ങൾ (religious imaginary)

അസാധാരണമായ ഈ രോഗവ്യാപനത്തിന്റെയും അതിന്റെ പ്രത്യാഘാതങ്ങളുടെയും പശ്ചാത്തലത്തിൽ മനുഷ്യൻ മതത്തെയും ദൈവവിശ്വാസത്തെയും സ്വയം വിഭാവനം ചെയ്യുന്ന രീതികളിൽ മാറ്റങ്ങൾ ഉണ്ടായി തുടങ്ങിയിട്ടുണ്ട്. മതത്തെ സ്വയം വിഭാവനം ചെയ്യുന്ന രീതി അഥവാ മതസങ്കല്പം എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് ഒരുവൻ തന്റെ മതപങ്കാളിത്തത്തെയും (religious belonging) മതജീവിതത്തെയും മതത്തിനു ജീവിതത്തിലുള്ള സ്ഥാനത്തെയും നിയതമായ ഘടനകളോ നിർവചനങ്ങളോ ഒന്നുമില്ലാതെ സങ്കല്പിക്കുന്നതിനെയാണ്. വ്യക്തമായി ഉച്ചരിക്കപ്പെട്ടിട്ടില്ലാത്ത (inarticulate) ഈ മതസങ്കല്പത്തിന്റെ പശ്ചാത്തലത്തിലാണ് ഒരുവൻ വിശ്വാസിയാകുന്നതും വിശ്വാസം ജീവിക്കുന്നതും. കോവിഡ്/കോവിഡനന്തര ലോകത്തിന്റെ മതസങ്കല്പങ്ങളിലെ വ്യതിയാനങ്ങൾ എന്തെല്ലാമാണ്?

ഒന്നാമതായി, നാം ഈ കാലഘട്ടത്തിൽ നേരിട്ട ദൈവാലയങ്ങളുടെ താല്ക്കാലികമായ അടച്ചുപൂട്ടലും മതാനുഷ്ഠാനങ്ങളിൽ വന്ന മുടക്കവും ഒരു പരിധിവരെ വിശ്വാസികളുടെ മതസങ്കല്പങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. വെറും ശീലത്തിന്റെയും നിർബന്ധത്തിന്റെയും പേരിൽ, ഞായറാഴ്ച കുർബാനയിലും മറ്റും പങ്കെടുത്തിരുന്നവർ ഇത്തരം നിബന്ധനകളിൽനിന്ന് എളുപ്പത്തിൽ വഴുതിമാറും. ഇതാകട്ടെ മതവിശ്വാസത്തെ ഐച്ഛികമായി (option) കാണുന്നതിന് വരുംകാലങ്ങളിൽ വഴിതെളിക്കാം. നമ്മുടെ സമൂഹത്തിൽ ഇന്ന് വർദ്ധിച്ചുവരുന്ന മിശ്രവിവാഹങ്ങളും, ജോലിക്കും പഠനത്തിനും മറ്റുമായി മതാനുഷ്ഠാനങ്ങളിൽ വ്യാപകമായിരിക്കുന്ന ഒഴിവുകളുമെല്ലാം മതാനുഷ്ഠാനങ്ങളുടെ നിർബന്ധിത സ്വഭാവത്തെ ചോദ്യം ചെയ്ത് തുടങ്ങിയിട്ടുള്ളതാണ്. വിശ്വാസികൾ ക്രമേണ മതത്തെ ഒരു ഐച്ഛികമായി കാണുവാനും പരമ്പരാഗത രീതിയിൽനിന്ന് വ്യത്യസ്തമായി മതവിശ്വാസത്തെ സ്വീകരിക്കുവാനുമുള്ള ഉദ്യമങ്ങൾ കോവിഡ്/കോവിഡനന്തര കാലഘട്ടത്തിലെ പ്രത്യേകതയായി മാറിയേക്കാം.

www.malankaralibrary.com

നാം ഇവിടെ പരാമർശിച്ച "ഐച്ഛികം" എന്ന വാക്ക് മതവുമായി ബന്ധപ്പെട്ട് ചിന്തോദ്ദീപകമാണ്. ഇതിന് പല സാംസ്കാരിക വ്യംഗ്യാർത്ഥങ്ങളുമുണ്ട്. മതവിശ്വാസം ഐച്ഛികമായി മാറി എന്നത് പാശ്ചാത്യ സെക്കുലറൈസേഷന്റെ പരിണതഫലങ്ങളിൽ പ്രധാനപ്പെട്ടതാണ്. ആമുഖത്തിൽ കണ്ട ചാൾസ് ടെയ്‌ലറിന്റെ ചോദ്യത്തിന്റെ ഉൾപ്പൊരുൾ ഇവിടെയാണ് അടങ്ങിയിരിക്കുന്നത്. പാശ്ചാത്യലോകത്തിനു സമാനമായി കോവിഡ്/കോവിഡനന്തര കാലഘട്ടം മതവിശ്വാസത്തെ ഒരു ഐച്ഛികമായ രീതിയിൽ ജീവിക്കുവാൻ നമ്മുടെ സാഹചര്യങ്ങളിൽ ഉത്തേജനം നൽകിയേക്കാം എന്ന വസ്തുത തിരിച്ചറിയുവാൻ വൈകരുത്.

കോവിഡ്/കോവിഡനന്തര മതസങ്കല്പത്തിലെ രണ്ടാമത്തെ പ്രത്യേകത വിശ്വാസസംബന്ധമായ പ്രതിസന്ധിയാണ്. ചില വിശ്വാസ സമീപനങ്ങളിൽ പ്രത്യേകിച്ച് ഈ ലോക യാഥാർത്ഥ്യങ്ങൾക്ക് നൽകുന്ന മതപരമായ വ്യാഖ്യാനങ്ങളിൽ വിശ്വാസസമൂഹം തന്നെ അസഹിഷ്ണുതയും അസ്വസ്ഥതയും പ്രകടിപ്പിക്കുവാനുള്ള സാധ്യതയേറെയാണ്. നമ്മൾ മുമ്പു കണ്ടതുപോലെ, നാം നേരിടുന്ന ഈ മഹാവ്യാധിയെ ദൈവത്തിനെതിരായ ചോദ്യമാക്കി മാറ്റുന്ന ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ, ഇത് ദൈവശിക്ഷയാണെന്ന തരത്തിലുള്ള വ്യാഖ്യാനങ്ങൾ മതത്തിന്റെ പ്രസക്തിയെത്തന്നെ ചോദ്യംചെയ്യുവാൻ പര്യാപ്തമാണ്. മതവിശ്വാസികൾ പ്രകൃതിദുരന്തങ്ങളെയും രോഗങ്ങളെയുമെല്ലാം മനുഷ്യന്റെ പാപംമൂലമുള്ള ദൈവശിക്ഷയാണെന്നും മതാനുഷ്ഠാനങ്ങൾ ദൈവത്തെ പ്രീതിപ്പെടുത്തി അവയിൽനിന്നു രക്ഷനേടാനുള്ള കുറുക്കുവഴികളായാണ് കാണുന്നതെന്നുമാണ് പൊതുവേ നിരീശ്വരപക്ഷം വിലയിരുത്തുന്നത്. മറുവശത്ത്, ശാസ്ത്രസാങ്കേതിക വിദ്യകളുടെ പാരമ്യത്തിലെത്തി നില്ക്കുന്ന ഈ കാലത്തുപോലും രോഗവും വെള്ളപ്പൊക്കവും വരൾച്ചയും പട്ടിണിയും കീടാക്രമണവും വന്ധ്യതയുമെല്ലാം ദൈവശിക്ഷയാണെന്ന ചിന്ത മതവിശ്വാസികൾ മറികടന്നിട്ടുണ്ടോ എന്ന ചോദ്യവും ഒരുപോലെ പ്രസക്തമാണ്. കോവിഡ്/കോവിഡനന്തര മതസങ്കല്പങ്ങളുടെ ഏറ്റവും വലിയ സവിശേഷത തന്നെ ഇപ്രകാരമുള്ള മതവ്യാഖ്യാനങ്ങളോടുള്ള അസഹിഷ്ണുതയാവാം. ഈ നാൽക്കവലയിൽ ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യത അവതരിപ്പിക്കാനാവാതെ വന്നാൽ നിരീശ്വര വിമർശനങ്ങൾക്ക് ആക്കം കൂടുകയും അതോടൊപ്പം അവർക്ക് തെളിവുകൾ നൽകുകയുമാവാം മതവിശ്വാസികൾ ചെയ്യുന്നത്.



**3. മാറ്റം വരേണ്ട വിശ്വാസ സമീപനങ്ങൾ**

കോവിഡ്/കോവിഡനന്തര സഭയിൽ ഉണ്ടാകാവുന്ന ശ്രദ്ധേയമായ വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ ഇവയെ എപ്രകാരം ഭാവാത്മകമായി നേരിടുവാൻ സഭയ്ക്ക് സാധിക്കും എന്ന ചോദ്യം വളരെ പ്രസക്തമാണ്. സഭാജീവിതത്തിൽ ദൂരവ്യാപകമായ സ്വാധീനങ്ങൾ ഉണ്ടാക്കുവാൻ പര്യാപ്തമായ വെല്ലുവിളികളെയാണ് നാം നേരിടുന്നത് എന്ന യാഥാർത്ഥ്യം തിരിച്ചറിയുവാൻ വൈകരുത്. ഈ സവിശേഷ സാഹചര്യത്തെ നേരിടുവാൻ സഹായിക്കുന്ന ഒരു ചരിത്രപാഠം 1300 കളുടെ മധ്യത്തിൽ യൂറോപ്പിനെ പിടിച്ചുകുലുക്കിയ ബ്ലാക്ക് ഡെത്ത് (Black Death) എന്ന പകർച്ചവ്യാധിയുടെ പശ്ചാത്തലത്തെ അപഗ്രഥിച്ച് ഡേൽ എം. കോൾട്ടർ "Covid -19 and the Spiritual Life"എന്ന ലേഖനത്തിൽ അവതരിപ്പിക്കുന്നുണ്ട്. ബ്ലാക്ക് ഡെത്ത് മനുഷ്യചരിത്രത്തിലെ ഏറ്റവും മാരകമായ പകർച്ചവ്യാധിയായാണ് കരുതപ്പെടുന്നത്. ഈ വിപത്ത് യൂറോപ്പിലെ 30 മുതൽ 50% നിവാസികളുടെ ജീവൻ അപഹരിച്ചതാണ്. പല വിദൂരഗ്രാമങ്ങളും ഒറ്റപ്പെടുകയും നാമാവശിഷ്ടമാവുകയും ഇടവക വൈദികർ ദൈവജനത്തെ ഉപേക്ഷിച്ച് നഗരങ്ങളിലേക്ക് പലായനം ചെയ്യുകയും ചെയ്തപ്പോൾ സന്ന്യാസ ആശ്രമങ്ങളുടെ നേതൃത്വത്തിൽ ഭവനകേന്ദ്രീകൃതമായ ഒരു ആത്മീയത വളർന്നുവന്നു. തന്നിലേക്ക് തന്നെ തിരിഞ്ഞ് സ്വന്തം വീട്ടിനുള്ളിൽ ഇരുന്നുകൊണ്ട് ഈശോയെ കണ്ടെത്തുവാനുള്ള ശ്രമമാണവർ പ്രോത്സാഹിപ്പിച്ചത്. ഈ കാലഘട്ടത്തിൽ തന്നെയാണ് സീയന്നായിലെ വി. കാതറിന്റെയും തോമസ് അക്കമ്പസിന്റെയും മറ്റും നേതൃത്വത്തിൽ യൂറോപ്പിലുടനീളം മിസ്റ്റിസിസം മുമ്പില്ലാത്ത രീതിയിൽ വ്യാപകമായതും. കോവിഡ്/കോവിഡനന്തര കാലത്ത് ഈ ചരിത്രപാഠം സഭയുടെ ആത്മീയ കാഴ്ചപ്പാടുകളെ സമ്പന്നമാക്കുവാൻ പര്യാപ്തമാണ്. ആക്ടിവിസത്തിലൂടെ മുന്നോട്ടുപോകുന്ന നമ്മുടെ സഭയ്ക്ക് ഈ ദുരിതാവസ്ഥ ആന്തരികതയിലേക്ക് ശ്രദ്ധ തിരിക്കുവാനുള്ള സുവർണ്ണാവസരമാണ്. കർമ്മാനുഷ്ഠാനങ്ങൾക്ക് ഉപരിയായി സ്വന്തം ജീവിതത്തിൽ ദൈവത്തെ കണ്ടെത്തുവാൻ പര്യാപ്തമായ ആത്മീയ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് സഭയുടെ മുമ്പിലെ യഥാർത്ഥ വെല്ലുവിളി. സഭയെയും കൂദാശകളെയും വെർച്ച്വൽ ലോകത്ത് പ്രതിഷ്ഠിക്കുവാൻ തത്രപ്പെടുമ്പോൾ സഭയെയും കൂദാശകളെയും ദൈവജനത്തെയും വൈറലൈസ് ചെയ്യരുതെന്നും അവയെല്ലാം വ്യക്തിപരമായ ഇടപെടലിലൂടെയും ബന്ധത്തിലൂടെയും സംജാതമാകുന്ന യാഥാർത്ഥ്യങ്ങളാണെന്നുമുള്ള

www.malankaralibrary.com

ഫ്രാൻസിസ് മാർപാപ്പായുടെ ഉൾക്കാഴ്ച നിറഞ്ഞ വാക്കുകൾ ഏറെ പ്രസക്തമാണ് (ഫ്രാൻസിസ് മാർപാപ്പാ, വചനസന്ദേശം,17 ഏപ്രിൽ 2020).

അതുപോലെതന്നെ ബ്ലാക്ക് ഡെത്ത് മൂലം ദശലക്ഷകണക്കിനാളുകൾ മരിച്ചപ്പോൾ യൂറോപ്പ് ദൈവത്തിന്റെ ന്യായവിധിയിലാണെന്ന് പലരും വിശ്വസിച്ചു. പല നാടകങ്ങളിലും നരകത്തിലെ ശിക്ഷാവിധികൾ ദാരുണമായി ചിത്രീകരിക്കുകയും ഇവയെല്ലാം ദൈവശിക്ഷയാണെന്നുള്ള വീക്ഷണങ്ങൾ ധാരാളമായി പ്രസംഗിക്കപ്പെടുകയും ചെയ്തപ്പോൾ സിയന്നായിലെ വി. കാതറിനെപ്പോലുള്ളവരുടെ അഭിപ്രായം വിഭിന്നമായിരുന്നെന്നാണ് ഡേൽ എം. കോൾട്ടർ പറയുന്നത്. ആ കാലഘട്ടത്തിലെ വിശുദ്ധാത്മാക്കൾ ചൂണ്ടികാണിച്ചത് മനുഷ്യന്റെ ദുഃഖങ്ങളിലേക്കും ദുരിതങ്ങളിലേക്കും ആഴ്ന്നിറങ്ങി അവയെ രക്ഷാകരമാക്കുന്ന ഈശോയെയാണ്. അക്കാലത്ത് ഫ്രാൻസിസ്ക്കൻ ആദ്ധ്യാത്മികതയും ഊന്നൽ നൽകിയത് ഈ ദർശനത്തിനു തന്നെയാണ്.

പ്രകൃതി ദുരന്തരങ്ങളെയും രോഗങ്ങളെയുമെല്ലാം മനുഷ്യപാപം മൂലമുള്ള ദൈവകോപത്തിന്റെ ഫലമായ ശിക്ഷയായി കണക്കാക്കിയിരുന്നത് പഴയ സാമൂഹികഘടനയിലും അതിനോട് അഭേദ്യമായി ബന്ധപ്പെട്ടു കിടന്നിരുന്ന മതവീക്ഷണത്തിലുമാണ്. സമകാലിക ലോകത്ത് ഭൗതിക യാഥാർത്ഥ്യങ്ങളുടെ നിയമവും ഘടനയും ക്രമവുമെല്ലാം മനുഷ്യൻ മനസ്സിലാക്കി തുടങ്ങിയതോടെ ശാസ്ത്രീയ വിശകലനങ്ങളും പ്രതിവിധികളും സർവസാധാരണമായി. ഇവയ്ക്ക് പണ്ടു നൽകിയിരുന്ന മതവ്യാഖ്യാനങ്ങൾ അതോടെ അപ്രസ്ക്തമായി. അതിനാൽ ഈ ലോക യാഥാർത്ഥ്യങ്ങളെ മതപരമായ വ്യാഖ്യാനങ്ങൾകൊണ്ടു മാത്രം സമീപിക്കുന്നത് തെറ്റായ പ്രവണതയാണ്. രോഗങ്ങളെയും മറ്റും ദൈവശിക്ഷയായി കരുതുന്ന വിശദീകരണങ്ങൾ മനുഷ്യന്റെ കഷ്ടതകളെയും സഹനങ്ങളെയും അതിജീവിക്കുവാൻ ശാസ്ത്രസാങ്കേതിക വിദ്യകൾ അക്ഷീണം യത്നിക്കുന്ന ഈ കാലഘട്ടത്തിൽ നിലനിൽക്കുന്നതല്ല. നമ്മുടെ രോഗങ്ങളും കഷ്ടപ്പാടുകളും ദൈവശിക്ഷയല്ലെങ്കിൽ എന്താണ് യഥാർത്ഥത്തിൽ ക്രൈസ്തവവിശ്വാസം? കോവിഡ്-19 പോലുള്ള മഹാവ്യാധികളുടെ മദ്ധ്യേ യഥാർത്ഥമായ ക്രൈസ്തവ പ്രതികരണം എന്താണ്? വളരെ പ്രസക്തമായ രണ്ട് ചോദ്യങ്ങളാണിവ.

ഒന്നാമതായി, ക്രൈസ്തവ വിശ്വാസമെന്നത് റെഡിമെയ്ഡായ ഒരു ഉത്തരമല്ല. അല്ലെങ്കിൽ, ഉത്തരം എളുപ്പത്തിൽ കണ്ടുപിടിക്കുവാനുള്ള ഒരു സൂത്രവാക്യവുമല്ല. ക്രൈസ്തവവിശ്വാസത്തിന്റെ വ്യതിരിക്തത ഒരുവനെ അത് രൂപാന്തരപ്പെടുത്തുന്നു (transformation) എന്നതാണ്. അതിനാലാണ് വിശ്വാസം പ്രകാശമാണെന്നും യാത്രയാണെന്നും തീർത്ഥാടനമാണെന്നുമൊക്കെ പറയുന്നത്. വിശ്വാസത്തോടെ ജീവിക്കുമ്പോൾ ജീവിതത്തിലെ ഏറ്റവും ഇരുണ്ട രാത്രിയും പകലിനെക്കാൾ പ്രകാശപൂരിതമായിരിക്കും. കാരണം, രൂപാന്തരപ്പെടുത്തുന്ന കൃപയാണ് വിശ്വാസം. ഒരുവന്റെ "പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമാണ്" (സങ്കീ 119,105) വിശ്വാസം. മനുഷ്യജീവിതത്തിന് അർത്ഥവും ദിശാബോധവും നൽകുന്നതു വിശ്വാസമാണ്. മനുഷ്യജീവിതത്തിന് അർത്ഥമുള്ളത് അവൻ ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്നു എന്നതിലാണ്. മനുഷ്യജീവിതത്തിന്റെ ഈ യഥാർത്ഥമായ അടിത്തറയിലേക്ക് ക്രൈസ്തവ വിശ്വാസം നമ്മെ എത്തിക്കുന്നു. സഹനങ്ങളെയും ദുരിതങ്ങളെയും രൂപാന്തരപ്പെടുത്തവാനും അവയെ മനുഷ്യജീവിതത്തികവിലേക്ക് എത്തിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നത് വിശ്വാസമാണ് .



കോവിഡ്-19 പോലുള്ള ദുരനുഭവങ്ങളുടെ മദ്ധ്യേ ക്രൈസ്തവ വിശ്വാസത്തിന്റെ സ്ഥാനമെന്താണ്? സഹനങ്ങളിൽ വിശ്വാസത്തിന്റെ പങ്കിനെക്കുറിച്ച് ഈ മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ ഫ്രാൻസിസ് മാർപാപ്പാ പഠിപ്പിക്കുന്നുണ്ട്. നമ്മൾ നേരിടുന്ന ദുഃഖദുരിതങ്ങളുടെ മദ്ധ്യേ ദൈവത്തെ തേടുമ്പോൾ ഈശോയുടെ പീഡാനുഭവത്തിലാണ് നമ്മൾ അർത്ഥംകാണുന്നത്. തന്റെ പീഡാനുഭവത്തിലൂടെ മനുഷ്യജീവിതത്തിലെ എല്ലാ ബുദ്ധിമുട്ടുകളും അവിടുന്നു സ്വയം ഏറ്റെടുക്കുകയും അവയെ രൂപാന്തരപ്പെടുത്തുകയും ചെയ്തു (ഫ്രാൻസിസ് മാർപാപ്പാ, പൊതുദർശനം, 8 ഏപ്രിൽ 2020). വിശ്വാസത്തിലൂടെ നമ്മുടെ സഹനങ്ങളെ രൂപാന്തരപ്പെടുത്തുവാനാകുമെങ്കിൽ മറ്റുള്ളവരുടെ സഹനങ്ങളിൽ ഒരു നല്ല സമറായക്കാരനാവുക എന്നതാണ് ഒരു ക്രൈസ്തവന്റെ എല്ലായ്പ്പോഴുമുള്ള ദൗത്യം. രോഗത്തെ ശിക്ഷയായി കാണുമ്പോൾ രോഗി മാത്രം മോശമായവനും മറ്റുള്ളവരെല്ലാം വിശുദ്ധരുമാണ്. ഇത് ക്രൈസ്തവ വീക്ഷണമല്ല. മറിച്ച്, സഹിക്കുന്നവന് ഒപ്പമിരുന്ന് അവന്റെ മുറിവിൽ ഔഷധം പുരട്ടി സുഖപ്പടുത്തേണ്ടവരാണ് ഈശോയെ അനുഗമിക്കുന്നവർ. ഈശോ പറഞ്ഞു: "നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,35). പാദങ്ങൾ കഴുകുന്ന ശുശ്രൂഷയാണ് സഭയുടെ ആദ്ധ്യാത്മികത. ഫ്രാൻസിസ്

www.malankaralibrary.com

മാർപാപ്പാ കരുണ, ശുശ്രൂഷ തുടങ്ങിയ പദങ്ങൾ ആവർത്തിച്ച് പറയുമ്പോൾ നല്ല സമറായക്കാരന്റെ ഒരു സഭയെയാണ് വിവക്ഷിക്കുന്നത്. ഇത് ദൈവസ്നേഹത്തിന്റെ കൂട്ടായ്മയാണ് (network of agape). പലപ്പോഴും സ്ഥാപനവത്കൃതവും വ്യവസ്ഥാപിതവുമായ സഭാസംവിധാനങ്ങൾ ദൈവസ്നേഹത്തിന്റെ കൂട്ടായ്മയിൽനിന്ന് ഏറെ അകലയാണ്. കോവിഡ്/കോവിഡനന്തര കാലത്തെ പ്രതിസന്ധികളും വിമർശനങ്ങളും ക്രൈസ്തവ വിശ്വാസത്തെ യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിക്കുവാനുള്ള വെല്ലുവിളിയാണെന്ന് തിരിച്ചറിയുമ്പോൾ മാത്രമാണ് സഭ കാലികപ്രസക്തമാകുന്നത്.

### ഉപസംഹാരം

കോവിഡ്/കോവിഡനന്തര സഭയ്ക്ക് പല വെല്ലുവിളികളും നേരിടേണ്ടി വരുമെന്ന് നാം കണ്ടു. അവയിലെ രണ്ട് പ്രധാന വെല്ലുവിളികൾ സഭാപങ്കാളിത്തത്തെയും വിശ്വാസത്തെയും സംബന്ധിച്ചുള്ളതാണ്. വിശ്വാസജീവിതത്തിൽ ഒരുവന്റെ ആന്തരികമായ ദൈവാനുഭവം ആഴമായി പരിപോഷിപ്പിക്കപ്പെട്ടില്ലെങ്കിൽ ക്രൈസ്തവ വിശ്വാസം ഐച്ഛികമായി കോവിഡ്/കോവിഡനന്തര കാലത്ത് മാറ്റപ്പെടാം. അതുപോലെതന്നെ സഹനങ്ങളെ ദൈവശിക്ഷയായും മററും കരുതുന്ന വിശ്വാസചിന്തകൾ ഇക്കാലത്ത് സഭയെ ദുർബലപ്പെടുത്തുകയാണ്. അതിനാൽ ക്രൈസ്തവ വിശ്വാസത്തെ ഈ കാലഘട്ടത്തിൽ യുക്തിഭദ്രമായി അവതരിപ്പിക്കേണ്ടതുണ്ട്. വിശ്വാസത്തിന്റെ വ്യതിരിക്തത മനുഷ്യസഹനങ്ങളെ ദൈവശിക്ഷയായി കാണുന്നതിലല്ല; മറിച്ച്, അവയെ മിശിഹായുടെ സഹനങ്ങളോടു ചേർത്ത് രൂപാന്തരപ്പെടുത്തുന്നതിലാണ്. ഈ രൂപാന്തരപ്പെടുത്തലാണ് ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു. അതോടൊപ്പം, നമ്മുടെ സമൂഹത്തിലെ സഹനമുഖങ്ങളിൽ നല്ല സമറയക്കാരനെപ്പോലെ, വേർതിരിവുകളില്ലാതെ ശുശ്രൂഷിക്കേണ്ടവരാണ് മിശിഹായുടെ ശിഷ്യരായ നമ്മൾ. ഇപ്രകാരമുള്ള സമീപനങ്ങളാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യതയെ തിരിച്ചറിയുവാനും അതിന് ഓരോ വ്യക്തിയുടെയും ജീവിതത്തിൽ വിശ്വാസത്തിനുള്ള പ്രസക്തിയെ ചൂണ്ടികാണിക്കുവാനും പര്യാപ്തമായിട്ടുള്ളത്. കോവിഡ്-19 പോലുള്ള ആഗോള ദുരിതാവസ്ഥകൾ ഉയർത്തുന്ന ചോദ്യങ്ങളെയും പ്രതിസന്ധികളെയും അഭിമുഖീകരിക്കുന്നതിലും ക്രൈസ്തവസഭയുടെ വിശ്വാസത്തെ യുക്തിഭദ്രമായി അവതരിപ്പിക്കുന്നതിലുമാണ് സഭയുടെ ഇന്നത്തെ പ്രസക്തി അടങ്ങിയിരിക്കുന്നത്.

# കൊറോണാനന്തര സമൂഹവും ആത്മീയതയും

കുറ്റിയാനിക്കൽ സെബാസ്റ്റ്യനച്ചൻ

### ആമുഖം

ഈ തലക്കെട്ട് എഴുതിയപ്പോൾ മനസ്സിലേക്ക് ഓടിവന്നത് എപ്പോഴാണ് ഈ കൊറോണാനന്തര സമൂഹം ഉണ്ടാവുക എന്ന ചോദ്യമാണ്. ദൈവത്തിന്റെ പദ്ധതിയിൽ ഇതിനും ഒരു സ്ഥാനമുണ്ട് എന്ന തിരിച്ചറിവോടെ കോവിഡ്-19 പരത്തുന്ന ഈ മഹാമാരിയെ അഭിമുഖീകരിക്കുക, അതിജീവിക്കുക എന്നതല്ലാതെ ഇപ്പോൾ മറ്റൊരു മാർഗ്ഗമില്ല. കൊറോണയോടു ഒന്നിച്ചു ജീവിക്കാൻ നമുക്കു പഠിക്കാം എന്നാണ് രാഷ്ട്രനേതാക്കന്മാരൊക്കെ പറയുന്നത്. ചില രാഷ്ട്രത്തലവന്മാർ പറഞ്ഞു: ഞങ്ങൾക്കു ചെയ്യാവുന്നതെല്ലാം ചെയ്തുകഴിഞ്ഞു; ഇനി മുകളിലാണ് ആശ്രയം. എല്ലാറ്റിന്റെയും മുകളിലുള്ളവനിൽ ശരണംവച്ച് കൊറോണയോടൊത്ത് നടന്ന് അതിനെ വിജയിച്ച് അതിനപ്പുറം കടക്കുക എന്നതാണ് ഇക്കാലത്തെ ചരിത്രനിയോഗം എന്ന് തോന്നുന്നു. നമ്മുടെ ഈശോ സഹനങ്ങളെയും ദുരിതങ്ങളെയും മുഴുവൻ ഇല്ലെന്നാക്കിത്തരാം എന്ന വാഗ്ദാനം നല്കുന്നവനല്ല മറിച്ച്, സഹനത്തെ അഭിമുഖീകരിക്കുകയും വിജയിക്കുകയും ചെയ്തവനാണ് അവിടുന്ന്. ഈശോയാണ് നമ്മുടെ പ്രത്യാശയും ശക്തിയും. കാൽവരിയിലെ അനിവാര്യമായ അന്ധകാരത്തിലൂടെ കടന്നുപോയവനാണ് ഉത്ഥാനത്തിന്റെ പൊൻപുലരിയിൽ 'ഭയപ്പെടേണ്ട' (മത്താ 28,10) എന്ന് പറഞ്ഞത്.

കൊറോണക്കാലം ആരംഭിച്ചപ്പോൾ ഇത് തങ്ങളുടെ മതഗ്രന്ഥത്തിൽ പണ്ടേ പ്രവചിച്ചിട്ടുള്ളതാണ് അതിന്റെ പൂർത്തീകരണമാണ് ഇപ്പോൾ നടക്കുന്നത് എന്ന് പറഞ്ഞ് പലരും അവകാശവാദമായി എത്തി. വിശ്വാസികളിൽ ചിലരുടെ ചോദ്യവും സംശയവും ഇതുമായി ബന്ധപ്പെട്ട് തന്നെയായിരുന്നു. കൊറോണയും ലോക്ക്ഡൗണും, ക്വറന്റീനും മഹാവ്യാധിയും പ്രളയങ്ങളും വെട്ടുകിളിയും യുദ്ധഭീതിയും പ്രകൃതിദുരന്തവുമെല്ലാം ലോകത്തെ

www.malankaralibrary.com

നിശ്ചലമാക്കുന്നത് കണ്ടപ്പോൾ പലരും ചോദിച്ചു ഇതെന്താ ബൈബിൾകാലം തിരിച്ചുവരുകയാണോ? ബൈബിളിൽ പറഞ്ഞിരിക്കുന്നതെല്ലാമല്ലേ സംഭവിക്കുന്നത്? ലോകാവസാനത്തിന്റെ അടയാളങ്ങളാണോ ഇവയെല്ലാം? ശരിയാണ്, ഇവയെല്ലാം വിശുദ്ധ ബൈബിളിൽ കാണുന്ന കാര്യങ്ങളൊക്കെയാണ്. എന്തെന്നാൽ ബൈബിൾ, ചരിത്രത്തിൽ നിറവേറിയ കാര്യങ്ങൾ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു ദർശിച്ച് കൈമാറിത്തന്നവയാണ്. ചരിത്രത്തിന്റെ ആവർത്തിക്കലുകൾ എന്നും ഉണ്ടായിക്കൊണ്ടിരിക്കും; അവയെല്ലാം അടയാളങ്ങളാണ്. എന്നാൽ, ലോകാവസാനത്തിന്റെ അടയാളങ്ങളാണ് എന്നല്ല വചനം പഠിപ്പിക്കുന്നത്. മറിച്ച് ഇപ്രകാരമുള്ള അനുഭവങ്ങൾ അനുതാപത്തിനും മാനസാന്തരത്തിനുമുള്ള അടയാളങ്ങളാണ് എന്നാണ് ഈശോ പഠിപ്പിക്കുന്നത് (ലൂക്കാ 13,1-5). ചരിത്രത്തെ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ട് നോക്കിക്കാണുക എന്നതാണ് ഈ അവസരത്തിൽ വി. ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്. അതിൽനിന്നും രൂപംകൊള്ളുന്ന ആത്മീയതയായിരിക്കണം നമ്മെ മുന്നോട്ടു നയിക്കുന്നത്.

## ഭീതിയുണ്ടെങ്കിലും ആകുലതയും നിരാശയുംവേണ്ട

ഇപ്പോൾത്തന്നെ ഒരു കോടിയിലധികംപേരെ ബാധിച്ച് അഞ്ചു ലക്ഷത്തോളം പേരുടെ മരണത്തിന് കാരണമായ കൊറോണ വൈറസ് ലോകത്തെ മുഴവനും എന്നതുപോലെ നമ്മെയും ഭീതിപ്പെടുത്തുന്നുണ്ട് എങ്കിലും ആകുലതയിലേക്കും നിരാശയിലേക്കും പോകേണ്ടവരല്ല നമ്മൾ. കാറ്റും കോളുംകൊണ്ട് വഞ്ചിയാടിയുലഞ്ഞപ്പോൾ കർത്താവിനെ വിളിച്ചപേക്ഷിച്ച അപ്പസ്തോലന്മാരെപ്പോലെ (മത്താ 8,23-24) നമുക്കും വിളിച്ചപേക്ഷിക്കുവാൻ പൊന്നുതമ്പുരാനുണ്ട്. അവിടന്ന് നമ്മോടു പറയുന്നു: "ഭയപ്പെടേണ്ട, ഞാൻ ആകുന്നു. ധൈര്യമായിരിക്കുവിൻ" (മത്താ 14,27), "മുന്നോട്ടുപോകുവിൻ" (ജോഷ 6,7). എന്റെ അടുത്തുവരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം (മത്താ 11,28-29). ചരിത്രത്തെ നയിക്കുന്ന അവിടുന്ന് കൊറോണയേയും ചരിത്രത്തിന്റെ ഭാഗമാക്കിക്കൊണ്ട് ഈ ലോകത്തെ മുന്നോട്ടു നയിക്കും. അവിടുത്തോടൊപ്പം നമുക്കും മുന്നോട്ടു നീങ്ങാം.

## പ്രത്യാശയാണ് നമുക്കുള്ളത്

ഭീതിയുളവാക്കുമ്പോഴും പ്രത്യാശ നല്കുന്ന വാർത്തകളും വരുന്നുണ്ട്. 113 വയസ്സുള്ള ഒരു സ്പെയിൻകാരി മരിയ ബ്രന്യാസ്



കൊറോണയെ അതിജീവിച്ചു എന്ന വാർത്തയാണത്. അവർ കൊറോണയെ അതിജീവിച്ചു എന്നതു മാത്രമല്ല പ്രത്യാശ നല്കുന്നത്. ദശലക്ഷങ്ങൾ മരണപ്പെട്ട സ്പാനീഷ് ഫ്ളൂ പോലെയുള്ള വലിയ മഹാമാരികളും വൻലോകമഹായുദ്ധങ്ങളും പട്ടിണിയും ഉണ്ടായിരുന്ന ലോകത്തിൽ ജീവിച്ച ആ മുത്തശ്ശി നമ്മോടു പറയുന്നത് ലോകം ഇതിനെയെല്ലാം അതിജീവിച്ച് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. ഇനിയും മുന്നോട്ടു പോകും എന്ന പ്രത്യാശയുടെ വാർത്തയാണ്. ഈ പ്രത്യാശയിൽ ജീവിക്കുകയാണ് നാം ചെയ്യേണ്ടത്. ബൈബിൾ ചരിത്രത്തിലും ലോകത്തിന്റെ ചരിത്രത്തിലും എപ്പോഴെല്ലാം വലിയ പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടോ അതെല്ലാം മാറ്റങ്ങൾക്കും നവചൈതന്യത്തിനും കാരണമായിട്ടുണ്ട്. വിൻസ്റ്റൻ ചർച്ചിൽ പറഞ്ഞുവെച്ചിട്ടുണ്ട്: No crisis will go vain (ഒരു പ്രതിസന്ധിയും വ്യഥാവിലാവില്ല). ഈ കൊറണക്കാലവും എന്തെങ്കിലും നന്മ ലോകചരിത്രത്തിൽ അവശേഷിപ്പിക്കും എന്ന് നമുക്കു പ്രത്യാശിക്കാം. റോമായിലെ സഭയ്ക്ക് പൗലോസ്ശ്ലീഹാ എഴുതിയത് നമുക്ക് ഓർമ്മയിൽ സൂക്ഷിക്കാം: "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ" (റോമാ 8,28).

വിശുദ്ധ ബൈബിളിന്റെ ചരിത്രത്തിലേക്കു നോക്കിയാൽ ഈജിപ്തിലെ അടിമത്തവും സഹനവുമാണ് ഇസ്രായേലിനെ ഒരു ജനമായി ഉണർത്തിയത്. യഹൂദചരിത്രത്തിൽ അവർ നേരിട്ട ഏറ്റവും വലിയ പ്രതിസന്ധിയായിരുന്നു ബാബിലോൺ അടിമത്തം. അതിൽനിന്നാണ് അവർ ശക്തരാകുന്നത്. അവർ അവിടെനിന്നും തിരിച്ചുവന്നപ്പോഴാണ് ആത്മീയമായും സാമൂദായികമായും വളർന്നത്. യഹൂദവിശ്വാസത്തിന്റെ അടിത്തറയായ തോറ (പഞ്ചഗ്രന്ഥം)ലിഖിതരൂപംകൊണ്ടതുതന്നെ ബാബിലോൺ അടിമത്തത്തിനുശേഷമായിരുന്നു.

ലോകചരിത്രത്തിലേക്കു നോക്കുമ്പോഴും അതുതന്നെയാണ് യാഥാർത്ഥ്യം. സഹനത്തിലൂടെ കടന്നുപോയിട്ടുള്ള ജനത്തിന് എപ്പോഴും ഒരു പുതുചൈതന്യം ലഭിക്കുന്നതായി കാണുവാൻ സാധിക്കും. സാധാരണ പറയാറുണ്ട്, രണ്ടാം ലോകമഹായുദ്ധത്തിന്റെ പരിണതഫലം ഏറ്റവും സഹിച്ച ജനതയായിരുന്നു ജർമ്മൻ ജനത. ആ ദാരിദ്ര്യം അനുഭവിച്ച ജനം അതിൽനിന്നും കരകയറികഴിഞ്ഞപ്പോൾ മറ്റുള്ളവരെ സഹായിക്കുന്ന കാര്യത്തിൽ വളരെ ഉത്സു

www.malankaralibrary.com

കരായിരുന്നു. ദരിദ്രരാജ്യങ്ങളെ സഹായിക്കുന്നതിന് പലവിധത്തിലുള്ള പദ്ധതികൾ അവിടുത്തെ സഭയും സമൂഹവും നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. കൊറോണക്കാലത്തിലൂടെ കടന്നുപോയി അതിനെ അതിജീവിക്കുവാൻ പ്രത്യാശവയ്ക്കുന്ന നമുക്കും ഒരു പുനർവിചിന്തനത്തിന്റെയും ആത്മീയ ഉണർവിന്റെയും നവപ്രവർത്തനശൈലി രൂപപ്പെടുത്തുന്നതിന്റെയും അവസരമായിരിക്കണം ഇത്. കൊറോണാക്കാല ജീവിതത്തിൽനിന്ന് പാഠം പഠിച്ച് ഒരു കൊറോണാനന്തര ജീവിതശൈലിതന്നെ രൂപപ്പെടേണ്ടിയിരിക്കുന്നു. അതു നല്കുന്ന ഒരു ആത്മീയത വളരേണ്ടിയിരിക്കുന്നു.

### ദൈവം സകലത്തിന്റെയും നാഥൻ

ശാസ്ത്രീയമായും സാങ്കേതികമായും വളർച്ചയുടെ ഉച്ചസ്ഥായിയിലെത്തി ലോകത്തെ മുഴുവൻ അടക്കി ഭരിച്ച വാനിടവും ആകാശമണ്ഡലങ്ങളും കൈപ്പിടിയിലായി എന്ന് കരുതിയിരുന്ന മനുഷ്യന് എല്ലാമൊന്നും തന്റെ നിയന്ത്രണത്തിലല്ലെന്നുള്ള തിരിച്ചറിവിലേക്കു വരാൻ ഈ പ്രതിസന്ധി കാരണമായി. സങ്കീർത്തകൻ പറയുന്നതുപോലെ മനുഷ്യൻ എത്രയോ നിസ്സാരനാണ് (8,4) എന്ന് തിരിച്ചറിയുന്ന ഒരു കാലം. ലോകനേതാക്കന്മാരൊക്കെ ദൈവത്തിന്റെ പക്കലേക്ക് കരങ്ങളുയർത്താൻ ആവശ്യപ്പെട്ടപ്പോൾ അതാണ് വ്യക്തമാക്കിയത്. തങ്ങളുടെ കൈവശമുള്ള ആയുധങ്ങളും പ്രതിരോധമാർഗ്ഗങ്ങളുമൊന്നും ഇവിടെ പര്യാപ്തമല്ലയെന്ന് അവർ കണ്ടെത്തി. ചരിത്രത്തെ നയിക്കുന്ന ദൈവം ഇവിടെയും ഉത്തമമായ പ്രതിരോധ മരുന്ന് കണ്ടെത്താൻ പ്രാപ്തരായ മനുഷ്യരെ നിയോഗിക്കും എന്ന പ്രത്യാശയാണ് നമുക്കുള്ളത്. അതിനാൽ സകലത്തിന്റെയും നിയന്താവായ ദൈവത്തിന്റെ പക്കൽ പ്രത്യാശയോടെ കാത്തിരിക്കാം; പ്രാർത്ഥനയിൽ കരുത്തു നേടാം. ദൈവത്തിന്റെ ശക്തിയും അവിടുത്തെ പരിപാലനയും പദ്ധതികളും തിരിച്ചറിയുവാൻ മനുഷ്യകുലത്തിനു സാധിക്കട്ടെ. വിശുദ്ധ ബൈബിൾ വെളിപ്പെടുത്തിയ സർവാധിപനായ, എല്ലാ ജനപദങ്ങളുടെയും നാഥനായ ദൈവത്തെ അറിയുന്നതിനും അവിടുത്തെ സന്നിധിയിൽ സ്വയം സമർപ്പിക്കുന്നതിനും അവിടുത്തെ സൃഷ്ടികളായ എല്ലാ മനുഷ്യരേയും ഉൾക്കൊള്ളുന്നതിനുമുള്ള ഒരു ആത്മീയതയുടെ പാഠം നാം സ്വായത്തമാക്കേണ്ടിയിരിക്കുന്നു.

### പ്രകൃതിയോടുള്ള കരുതൽ

കൊറോണക്കാലം നമുക്കു തരുന്ന അടുത്ത ആത്മീയപാഠം നാം പ്രകൃതിയോടു കരുതലുള്ളവരായി വളരണം എന്നതാണ്.



ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവിടുന്ന് അവനു നല്കിയ പ്രഥമ ഉത്തരവാദിത്വം ഭൂമിയെ സംരക്ഷിക്കുവാനും പരിപാലിക്കുവാനുമുള്ളതാണ് (ഉത്പ 2,15). മനുഷ്യൻ പ്രകൃതിയെ പരിപാലിക്കുന്നതിനു പകരം അതിനെ ചൂഷണം ചെയ്യുന്ന അവസ്ഥയിലേക്കു വരുമ്പോൾ പലവിധത്തിൽ പ്രകൃതി പ്രതികരിക്കുന്നതിനിടയാകും. മനുഷ്യനും മണ്ണിനും പ്രകൃതിക്കുമെല്ലാം വിശ്രമം വേണം എന്നത് വി. ബൈബിൾ പഠിപ്പിക്കുന്ന വലിയ സത്യമാണ്. സാബത്തുദിനവും, സാബത്തു വർഷവുമൊക്കെ ആചരിച്ചിരുന്നത് ആ ലക്ഷ്യത്തിലാണ്. അന്തരീക്ഷമലനീകരണം വർദ്ധിച്ച് ഓസോൺ പാളിക്കുവരെ വിള്ളൽ വീണ് കാലാവസ്ഥവ്യതിയാനങ്ങൾ ഭൂതലത്തിൽ ആശങ്കകൾ സൃഷ്ടിച്ചിരുന്ന അവസരത്തിൽ കൊറോണ നല്കിയ ലോക്ക്ഡൗണും വിശ്രമവുമെല്ലാം പ്രകൃതിയെ ശുശ്രൂഷിക്കുന്ന, പരിപാലിക്കുന്ന ഒരു അവസരമായി മാറി. അന്തരീക്ഷമലിനീകരണമെല്ലാം തുലോം കുറഞ്ഞു എന്നാണ് കണക്കുകൾ പറയുന്നത്. കേരളത്തിൽത്തന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പട്ടണങ്ങൾ തുറക്കുവാൻ വട്ടംകൂട്ടിയപ്പോഴാണ് ഒട്ടും തുറക്കുവാൻ സാധിക്കാത്ത അവസ്ഥയിലേക്ക് എത്തപ്പെട്ടത്. സകല സൃഷ്ടികൾക്കും സുവിശേഷമാകുവാനാണ് (മർക്കോ 16,15) ഈശോ പറഞ്ഞിരിക്കുന്നത്. പ്രകൃതി സംരക്ഷണം, അന്തരീക്ഷമലിനീകരണം, മാലിന്യസംസ്കരണം എന്നിവയെക്കുറിച്ചുള്ള അവബോധം ആഴപ്പെടുന്ന ഒരു ആത്മീയത രൂപപ്പെടണം. പ്രകൃതിയിൽ മനുഷ്യൻ ചെയ്യുന്ന ഒരു ദൈവികമായ ശുശ്രൂഷയാണ് കൃഷി എന്ന തിരിച്ചറിവ് നാം സ്വായത്തമാക്കേണ്ടിയിരിക്കുന്നു. ഒരു പരിധിവരെ ഈ ചിന്തയിലേക്ക് ആളുകളെ തിരിച്ചുവിടുവാൻ കൊറോണക്കാലം ഇടയാക്കിയിട്ടുണ്ട്.

### മനുഷ്യനോടുള്ള കരുതൽ

ഇല്ലാത്തവനുമായി പങ്കുവയ്ക്കുന്നതിനുള്ള ആഹ്വാനമായാണല്ലോ പുതിയ നിയമത്തിന്റെ ആദ്യ ആത്മീയപ്രഘോഷണം സ്നാപകയോഹന്നാൻ നടത്തുന്നത്. ഈ പങ്കുവയ്ക്കലിന്റെ ചൈതന്യം പകർന്നുനല്കുന്നതായിരുന്നു കൊറോണക്കാലത്തുണ്ടായ ഒരു ആത്മീയപാഠം. ധാരാളം ആളുകൾ പങ്കുവയ്ക്കലിനും സാമൂഹിക സേവനത്തിനുമായി സ്വയം സമയം കണ്ടെത്തി എന്നത് ഒരു നല്ല അടയാളമായിരുന്നു. കൊറോണക്കാലത്തും കൊറോണാനന്തരവും ധാരാളം ആളുകൾ തൊഴിൽരഹിതരും, ദാരിദ്ര്യത്തിൽ കഴിയുന്നവരും പലവിധത്തിലുള്ള ഏകാന്തതയിൽ കഴിയുന്നവരു

www.malankaralibrary.com

മൊക്കെയാകാം. അവർക്കു സുവിശേഷമാകാവുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ദീർഘവീക്ഷണത്തോടെ ചെയ്യുന്നതും നാം വളർത്തിയെടുക്കേണ്ട ഒരു ആത്മീയപാഠമാണ് "ഈ ചെറിയവനിൽ ഒരുവനു ചെയ്യുമ്പോൾ എനിക്കുതന്നെയാണ് ചെയ്യുന്നത്". ഈശോയുടെ ഈ വാക്കുകൾ നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കട്ടെ. കരുതൽ, പ്രത്യേകിച്ച് പ്രായമായവർക്കും കുഞ്ഞുങ്ങൾക്കും രോഗികൾക്കും പലവിധത്തിൽ ബലഹീനരായവർക്കുമുള്ള കരുതൽ വളരെ പ്രാധാന്യമർഹിക്കുന്നവയാകുന്നു.

**കുടുംബ കേന്ദ്രീകൃത ജീവിതം**

ഈ കൊറോണക്കാലം കുടുംബകേന്ദ്രീകൃത ആത്മീയതയിലേക്കും ജീവിതത്തിലേക്കും നമ്മുടെ ശ്രദ്ധ വിളിക്കുന്നുണ്ട്. ഒരു വിധത്തിൽ പറഞ്ഞാൽ കുട്ടികൾക്ക് വളരെ സന്തോഷമുള്ള അവസരമായിരുന്നു. മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും സാന്നിധ്യം അടുത്തനുഭവിക്കാൻ സാധിച്ച അവസരം, കുടുംബബന്ധങ്ങൾ ആഴപ്പെടാൻ ഇടയാക്കിയ അവസരം, മദ്യവിമുക്ത കുടുംബത്തിന്റെ ശാന്തത, കുടുംബാംഗങ്ങൾ ഒന്നിച്ചുചേർന്നുള്ള പ്രാർത്ഥന എന്നിവയെല്ലാം കുടുംബകേന്ദ്രീകൃത ജീവിതം ശക്തിപ്പെടുത്തുന്ന ജീവിതശൈലിയിലേക്കു വിളിക്കുന്നു.

**നിയമത്തോടും അധികാരികളോടുമുള്ള വിധേയത്വം**

കൊറോണക്കാലം നമ്മെ പഠിപ്പിച്ച മറ്റൊരു കാര്യം നിയമം പാലിക്കുന്നതിനും അധികാരികൾക്ക് വിധേയപ്പെടുന്നതിനുമുള്ള മനോഭാവമാണ്. നിയമവും നിയന്ത്രണങ്ങളുമെല്ലാം സമൂഹത്തിന്റെ സുസ്ഥിതിക്ക് ആവശ്യമാണ് എന്ന കാര്യം ഈ കൊറോണക്കാലം ഓർമ്മിപ്പിക്കുന്നു. നിയമാവർത്തന പുസ്തകത്തിൽ പറയുന്നതുപോലെ നിയമം അനുസരിച്ചാൽ അനുഗ്രഹവും ധിക്കരിച്ചാൽ അതിന്റെ പരിണതഫലവും അനുഭവിക്കേണ്ടതായിവരുന്നു.

**സാധ്യതകളെ വളർത്തുക**

ഈ കൊറോണക്കാലം സാമൂഹിക മാധ്യമങ്ങളിലും അല്ലാതെയും വിവിധ സാധ്യതകളെ വളർത്തിയ കാലമായിരുന്നു. പഠനത്തിനും വിശ്വാസപരിശീലനത്തിനും കൂട്ടായ്മയ്ക്കും വിവിധ തലത്തിലുള്ള ക്രിയാത്മകതകൾക്കും അവസരം നല്കി. അവ വളർത്തിയെടുത്ത് അതുതന്നെ സുവിശേഷമാക്കാൻ നമുക്കു സാധിക്കും.



**ഓളങ്ങളിൽനിന്ന് ആഴങ്ങളിലേക്ക്**

ബഹളങ്ങൾ സൃഷ്ടിക്കുന്ന ആത്മീയതയിൽനിന്ന് ജീവിതത്തിലൂടെ ആഴപ്പെടുന്ന ശാന്തതയുടെ ആത്മീയ പാഠങ്ങൾ പഠിക്കുവാൻ ശ്രദ്ധിക്കേണ്ട കാലമായിരിക്കുന്നു. മാമ്മോദീസ മുതൽ മരിച്ചടക്കുവരെ ആഘോഷമായി മാറ്റപ്പെടുന്ന അവസരത്തിൽനിന്ന് ആചരണങ്ങളുടെ യഥാർത്ഥ ചൈതന്യത്തിലേക്ക് വരുവാനും ആർഭാടങ്ങളുടെ ആഘോഷങ്ങളിൽനിന്ന് ലാളിത്യത്തിന്റെ ആഘോഷങ്ങളിലേക്ക് തിരിയുവാനുമുള്ള അവസരമാക്കി ജീവിതശൈലിയെ രൂപപ്പെടുത്തണം. ആഘോഷങ്ങളെക്കുറിച്ചും ആചാരങ്ങളെക്കുറിച്ചും പുതിയൊരു ദർശനം നല്കുവാൻ കൊറോണക്കാലത്തിനു സാധിക്കണം.

**ഉപസംഹാരം**

പൂർവകൊറോണക്കാലവും കൊറോണാനന്തരകാലവും എന്ന് ലോകചരിത്രം തന്നെ കുറിക്കപ്പെടുമ്പോൾ തീർച്ചയായും കൊറോണാന്തരകാലത്ത് മാറ്റങ്ങൾ അനിവാര്യമായി വരും. സമൂഹവും സഭയും സംഘടനകളുമെല്ലാം ആ മാറ്റങ്ങൾക്കനുസരിച്ച് നന്മയിലേക്ക് മനുഷ്യരെ തിരിക്കുന്ന ചാലകങ്ങളാകട്ടെ. കാൽവരിയിൽ പരന്ന അനിവാര്യമായിരുന്ന അന്ധകാരത്തിൽനിന്ന് ഉയിർപ്പിന്റെ പൊൻപുലരി പ്രകാശത്തിന്റെ പ്രത്യാശയിലേക്ക് നയിച്ചതുപോലെ കൊറോണയുടെ ഈ അന്ധകാരവും കടന്ന് നന്മയുടെ പ്രത്യാശയിലേക്ക് വളരാൻ നമുക്കു സാധിക്കട്ടെ.

www.malankaralibrary.com

# കോവിഡ്-19
# ക്രൈസ്തവധാർമ്മിക സമീപനം

ഡോ. സ്കറിയ കന്യാകോണിൽ

കോവിഡ്-19 ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാ മനുഷ്യരെയും ബാധിച്ച ഒരു പ്രശ്നമാണെന്ന് നിസ്സംശയം പറയാം. കോവിഡ് ഓരോ വ്യക്തിയുടെയും ജീവിതത്തെ എങ്ങനെ സ്വാധീനിച്ചു എന്നത് വിലയിരുത്തേണ്ട ഒരു കാര്യമാണ്. വിശ്വാസവും ജീവിതവുമായി ബന്ധപ്പെടുത്തുവാൻ ഈ അവസ്ഥയിൽ സാധിച്ചുവോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. എന്തായിരിക്കണം നമ്മുടെ ക്രൈസ്തവധാർമ്മിക സമീപനം എന്നതാണ് ഈ അദ്ധ്യായത്തിന്റെ പ്രധാന ചർച്ചാവിഷയം. പ്രധാനമായും മൂന്ന് ഭാഗങ്ങളായിട്ടാണ് നാം ഈ വിഷയത്തിന് രൂപം കൊടുത്തിരിക്കുന്നത്.

### 1. കോവിഡ്-19 ന്റെ സ്വാധീനം

നാം പ്രതീക്ഷിക്കാതിരുന്ന ഒരു സമയത്താണ് കോവിഡ് എന്ന വൈറസ് കടന്നുവന്നത്. എല്ലാ രാജ്യങ്ങളെയും ഒരുപോലെ ബാധിക്കുമെന്നതും ആരും പ്രതീക്ഷിക്കാത്ത ഒരു കാര്യമായിരുന്നു. വൈറസ് ബാധയെ ഇതുവരെ നിയന്ത്രിക്കാൻ സാധിച്ചിട്ടില്ല എന്നത് ഏറെ ആശങ്ക പരത്തുന്ന ഒരു വസ്തുതയാണ്. രോഗികളുടെ എണ്ണം വർദ്ധിക്കുമ്പോൾ എല്ലാവർക്കും ആവശ്യമായ ചികിത്സ നല്കാൻ സാധിക്കുമോ എന്നത് മെഡിക്കൽ എത്തിക്സ് നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. യുദ്ധകാലത്ത് രക്ഷപെടുവാൻ സാധ്യതയുള്ള സൈനികർക്കു മാത്രമാണ് ചികിത്സ നല്കുന്നത്. ഈ യുദ്ധകാല ചികിത്സാരീതി കോവിഡ് കാലത്ത് പ്രായോഗികമാക്കുന്നത് ധാർമ്മികമായും ശരിയാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ കോവിഡ് കാലത്ത് നമ്മുടെ ആതുരസേവന മേഖല നേരിടുന്ന ഒരു വിവാദവിഷയമായി ഇതു മാറിക്കഴിഞ്ഞു. കോവിഡ് രോഗികളെ ചികിത്സിക്കുന്ന ഡോക്ടർമാരും നേഴ്സുമാരും ഉൾപ്പെടുന്ന ആരോഗ്യ പ്രവർത്തകർ നേരിടുന്ന പ്രശ്നങ്ങളും നാം ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ ജോലിയെയും കുടുംബജീവിതത്തെയും കോവിഡ് പല വിധത്തിൽ സ്വാധീനിച്ചിട്ടുണ്ട്. പരിശുദ്ധ ത്രിത്വത്തിലും വി. കുർബാനയിലും നിന്നുമുള്ള ഐക്യത്തിൽനിന്നും ഒരു കുടുംബജീവിതം നയിക്കുവാൻ സാധിച്ചുവോ എന്നതും ഈ കാലഘട്ടത്തിൽ നാം വിലയിരുത്തണം. നമ്മുടെ കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കന്മാരുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കാൻ സാധിക്കുന്നില്ല. ഫ്രാൻസിസ് മാർപാപ്പാ സ്നേഹത്തിന്റെ സന്തോഷം (AL 260) എന്ന രേഖയിൽ ചോദിക്കുന്ന ചോദ്യങ്ങൾ ഈ കോവിഡ്കാലത്ത് ഏറെ പ്രസക്തമാണ്. ആരാണ് നമ്മുടെ കുട്ടികൾക്ക് വിനോദം നല്കുന്നത്? ആരാണ് നമ്മുടെ കുട്ടികളുടെ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്? ആരുമായിട്ടാണ് അവർ കൂടുതൽ സമയം ചിലവഴിക്കുന്നത്?

ഫോൺ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയ്ക്കായി മനുഷ്യൻ കൂടുതൽ സമയം മാറ്റിവച്ചു. ഇവ ശാരീരികവും മാനസികവും ബൗദ്ധികവുമായി മനുഷ്യനെ വളരെയധികം സ്വാധീനിച്ചു. നമ്മുടെ പഠന സമ്പ്രദായത്തിനു തന്നെ മാറ്റം വന്നു. കൂടാതെ കൃഷിയിലേക്ക് തിരിയുവാനും മനുഷ്യന് ഒരു അവസരം ലഭിച്ചു.

വിശ്വാസവും ജീവിതവുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നില്ല എന്നതാണ് കോവിഡ് കാലത്ത് നാം നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നവിഷയം. മറ്റൊരു തരത്തിൽ പറഞ്ഞാൽ വിശ്വാസത്തിന്റെ നിയമം പ്രാർത്ഥനയുടെ നിയമം അത് ജീവിതനിയമം എന്നത് സമന്വയിപ്പിക്കാൻ പറ്റുന്നില്ല എന്നതാണ് നമ്മുടെ ബുദ്ധിമുട്ട്. ഫ്രഞ്ച് ദൈവശാസ്ത്രജ്ഞനായ ലൂയി മരിയ ഷോവേ വിശുദ്ധ കുർബാനയെക്കുറിച്ച് പറയുന്ന കാര്യം പ്രസക്തമാണ്. വി. കുർബാന ഒരു സമ്മാനമാണ്. ആ സമ്മാനം നാം സ്വീകരിക്കുന്നു. ഈ സമ്മാനത്തിനു നാം കൊടുക്കുന്ന പ്രതിസമ്മാനമാണ് നമ്മുടെ ധാർമ്മിക ജീവിതം. സഭയിൽ നമുക്ക് തത്ത്വങ്ങളും നിയമങ്ങളും ഉണ്ട്. എന്നാൽ മിശിഹാ അനുഭവം എല്ലാ വിശ്വാസികൾക്കും നല്കാൻ സാധിക്കുന്നില്ല. നാം ഒരുപാട് പ്രവർത്തിക്കുന്നവരാണ്. എന്നാൽ ആത്മീയതയും സഭാത്മകതയും നഷ്ടപ്പെടുന്നു.

### 2. ക്രൈസ്തവ ധാർമ്മിക ദൈവശാസ്ത്രം

കോവിഡ് പല രീതിയിൽ നമ്മെ സ്വാധീനിച്ചു എന്ന് നമുക്ക് ബോധ്യമായി. ഇനി ചുരുക്കമായി ക്രൈസ്തവ ധാർമ്മിക ദൈവശാസ്ത്രം നമുക്ക് മനസ്സിലാക്കാം. വിശ്വാസത്തിന്റെ അന്വേഷണവും

www.malankaralibrary.com

കണ്ടെത്തലും തുടർന്നുള്ള ജീവിതവുമാണ് ധാർമ്മിക ദൈവ ശാസ്ത്രം. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 'സത്യത്തിന്റെ പ്രഭയിൽ' (29) ഇപ്രകാരം വിവരിക്കുന്നു. "മാനുഷിക പ്രവൃത്തിയുടെ നന്മയും തിന്മയും അവ പ്രവർത്തിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള പരിചിന്തനവുമാണ് ധാർമ്മികത. കത്തോലിക്കാസഭയുടെ പഠനമനുസരിച്ച് (ccc 1753-1756) മനുഷ്യ പ്രവൃത്തിയുടെ വിഷയവും (object) മാർഗ്ഗവും (circumstance) ഉദ്ദേശ്യവും (intention) സംശുദ്ധമായിരിക്കണം. എന്നാൽ എപ്പോഴും മാനുഷിക പ്രവൃത്തികൾ നന്മയായിരിക്കണമെന്നില്ല. ഒരാൾ ആത്യന്തികമായി തന്റെ മനസ്സാക്ഷിയിലാണ് തീരുമാനം എടുക്കുന്നത്. മനസ്സാക്ഷിയെന്നത് ദൈവത്തിന്റെ സ്വരമാണ്, പ്രക്രിയയാണ്. അത് വിധിതീർപ്പുമാണ്. പ്രക്രിയയിൽ നാം തീരുമാനമെടുക്കുമ്പോൾ ദൈവത്തിന്റെ സ്വരം കേട്ടുകൊണ്ടൊ അല്ലെങ്കിൽ അതിനെതിരായോ തീരുമാനമെടുക്കാം. ഈ കൊറോണ കാലത്തിൽ ദൈവത്തിന്റെ സ്വരം നാം എങ്ങനെ കേൾക്കണമെന്നതാണ് അടുത്തതായി നാം ചർച്ച ചെയ്യുന്നത്.

### 3. ക്രൈസ്തവ ധാർമ്മിക സമീപനം

കത്തോലിക്കാ സഭയുടെ ധാർമ്മിക പ്രബോധനം കോവിഡ് കാലത്ത് നല്ല തീരുമാനങ്ങൾ എടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതാണ്. അവയെക്കുറിച്ചാണ് ഇനിയും പ്രതിപാദിക്കുന്നത്.

**ആദിമക്രൈസ്തവ മനോഭാവം:** കോവിഡ് 19 നമ്മെ ബാധിച്ചത് പോലെ തന്നെ ഒന്നാം നൂറ്റാണ്ടിൽ പ്ലേഗ് ബാധിച്ച് ലക്ഷക്കണക്കിന് ക്രിസ്ത്യാനികൾ മരിച്ചു. ഈ അവസരത്തിൽ അലക്സാണ്ട്രിയായിലെ ബിഷപ്പായിരുന്ന ഡയോനീഷ്യസ് തന്റെ രൂപതയിലെ വിശ്വാസികൾക്ക് ഇപ്രകാരം എഴുതുന്നുണ്ട്: 'ക്രിസ്ത്യാനികൾ മറ്റുള്ളവരെ അതിരുകളില്ലാതെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യണം. മറ്റുള്ളവരുടെ രോഗത്തെയും മരണത്തെയും ഏറ്റെടുത്ത് ഡീക്കന്മാർ ഉൾപ്പെടെ പലർക്കും ജീവൻവരെ നഷ്ടപ്പെട്ടു. എല്ലാതരത്തിലും രക്തസാക്ഷിത്വതുല്യമായ അവസ്ഥയായിരുന്നു അന്ന് നിലവിലുണ്ടായിരുന്നത്. വലിയ ഭക്തിയും വിശ്വാസവുമുണ്ടായിരുന്നത് കൊണ്ടാണ് ഇതെല്ലാം ചെയ്യാൻ അവർക്ക് സാധിച്ചത്. ഈ മനോഭാവം ഉൾക്കൊണ്ടാണ് ഇറ്റലിയിലെ പ്രായമായ ഒരു പുരോഹിതൻ പ്രായം കുറഞ്ഞ വ്യക്തിക്ക് തന്റെ വെന്റിലേറ്റർ നല്കിയത്.

**ഭയപ്പെടേണ്ട:** കോവിഡ് കാലത്ത് 'ഭയപ്പെടേണ്ട' എന്ന സന്ദേശമാണ് ഈശോ നമുക്ക് നല്കുന്നത്. ഈശോയും ശിഷ്യന്മാരും



വഞ്ചിയിലായിരുന്നപ്പോൾ കൊടുങ്കാറ്റുണ്ടായി (മർക്കോസ് 4,35-41). ഭയപ്പെട്ട ശിഷ്യന്മാർ 'ഗുരോ ഞങ്ങൾ നശിക്കാൻ പോകുന്നു' എന്ന് പറഞ്ഞ് നിലവിളിച്ചു. ഇവിടെ ഈശോയുടെ ചോദ്യം പ്രസക്തമാണ്. "നിങ്ങൾ ഭയപ്പെടുന്നതെന്ത്? നിങ്ങൾക്ക് വിശ്വാസമില്ലേ?" നമുക്ക് ആവശ്യം പാറമേൽ ഭവനംപണിത വിവേകമതിയായ മനുഷ്യന്റെ വിശ്വാസമാണ് (മത്തായി 7,24). ഉറച്ച വിശ്വാസമുള്ളതുകൊണ്ട് പ്രതികൂല സാഹചര്യങ്ങൾ അയാളെ ബാധിച്ചില്ല. നമുക്ക് മുൻപ് ജീവിച്ച വിശുദ്ധരും രക്തസാക്ഷികളും വിശ്വാസമുള്ളതുകൊണ്ട് ഭയപ്പെടാതെ ജീവിച്ച് വിശുദ്ധരായവരാണ് (ഉദാ: ഡീ. ലോറൻസ്, എഡിത്ത് സ്റ്റേയ്ൻ, റാണി മരിയ, അൽഫോൻസാമ്മ)

**അനുഗമിക്കുക:** ക്രിസ്തുശിഷ്യൻ ഈശോയെ അനുഗമിക്കേണ്ട വ്യക്തിയാണ്. ക്രൈസ്തവ ധാർമ്മികതയുടെ അത്യന്താപേക്ഷിതമായ ഘടകം ഈശോയെ പിന്തുടരുക എന്നതാണ് (സത്യത്തിന്റെ പ്രഭ 11,19). പത്ത് പ്രമാണങ്ങളും തിരുസഭയുടെ കല്പനകളും അനുസരിച്ച് മാത്രമേ ഈശോയെ അനുഗമിക്കാൻ സാധിക്കുകയുള്ളൂ.

**സഹനം:** ക്രൈസ്തവ ജീവിതം സഹനത്തിന്റെ ജീവിതമാണ്. ബൈബിളും സഭാരേഖകളും സഹനത്തിന്റെ ദൈവശാസ്ത്രം അവതരിപ്പിക്കുന്നുണ്ട്. വിശ്വാസത്തിലൂടെ മാത്രമേ സഹനത്തിന് അർത്ഥം കണ്ടെത്താൻ സാധിക്കുകയുള്ളൂ. സഹനം ഒരു രഹസ്യമാണ്. യുക്തികൊണ്ട് ഒരു ഉത്തരം അതിന് എപ്പോഴും ലഭിച്ചു എന്ന് വരുകയില്ല. ദൈവസ്നേഹത്തിൽനിന്ന് മാത്രമേ സഹനത്തിന് അർത്ഥം കണ്ടെത്താൻ കഴികയുള്ളൂ. സഹനത്തിന് രക്ഷാകരമുഖമാണുള്ളത്. സഹനത്തിലൂടെ ഒരാൾക്ക് ആദ്ധ്യാത്മികപക്വത പ്രാപിക്കാൻ കഴിയും. സഹനം ഒരു പുണ്യമാണ്. ഈശോയുടെ മനോഭാവമാണ് സഹനം ഏറ്റെടുക്കുമ്പോൾ നമുക്കുണ്ടായിരിക്കേണ്ടത്. ജർമ്മൻ ദൈവശാസ്ത്രജ്ഞനായ ഡിട്രിക് ബോൺ ഹോഫർ അഭിപ്രായപ്പെടുന്നു, ഒരാൾ സഹിക്കുന്നത് സ്വന്തം ഇഷ്ടപ്രകാരമായിരിക്കണം. മറ്റുള്ളവരുടെ ഭാരമാണ് ഏറ്റെടുത്തിരിക്കുന്നത്. ദൈവതിരുമനസ്സനുസരിച്ചാണ് സഹിക്കുന്നത്. ക്രൈസ്തവ ധാർമ്മികത നമ്മോട് പറയുന്നത് കോവിഡ് സമയത്തെ ബുദ്ധിമുട്ടുകളെ ഈശോയുടെ സഹനത്തോട് ചേർന്നാണ് നാം കാണേണ്ടത് എന്നാണ്.

**സഹോദരസ്നേഹം:** യോഹന്നാൻ 13,34-35 വരെയുള്ള തിരുവചനങ്ങൾ പറയുന്നത്: "ഞാൻ നിങ്ങൾക്ക് പുതിയൊരു കല്പന നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ". ഈ കോവിഡ്

www.malankaralibrary.com

കാലത്ത് നമ്മുടെ ആരോഗ്യം സംരക്ഷിക്കുവാനും ഒപ്പം മറ്റുള്ളവരുടെ ആരോഗ്യം ശ്രദ്ധിക്കുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. സാമൂഹിക അകലം പാലിക്കുകയും പൊതുനന്മ ലക്ഷ്യമാക്കി ജീവിക്കുകയും ചെയ്യുമ്പോഴാണ് സഹോദരസ്നേഹം പ്രാവർത്തികമാക്കുവാൻ നമുക്ക് സാധിക്കുന്നത്.

**ക്രൈസ്തവ ആഖ്യാന ധാർമ്മികരീതി**: വ്യക്തികളുടെയും സമൂഹത്തിന്റെയും കഴിഞ്ഞകാല ജീവിതത്തിലെ ചില സംഭവങ്ങൾ നാം വായിക്കുകയോ കാണുകയോ ചെയ്യുമ്പോൾ അത് നമ്മിൽ ധാർമ്മിക പ്രതിഫലനം സൃഷ്ടിക്കുകയും തീരുമാനമെടുക്കാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നതാണ് ആഖ്യാന ധാർമ്മികരീതി. ഇത് പുണ്യത്തിലധിഷ്ഠിതമായ ഒരു ധാർമ്മികതയാണ്. നിയമങ്ങൾക്കും പരിണത ഫലങ്ങൾക്കും അതീതമായി പുണ്യത്തിനും ധാർമ്മിക സ്വഭാവത്തിനും പ്രാധാന്യം നല്കുന്ന രീതിയാണിത്. നല്ല സ്വഭാവമുള്ള വ്യക്തി ഒരു കാര്യം വായിക്കുമ്പോഴോ കാണുമ്പോഴോ പുണ്യത്തിലധിഷ്ഠിതമായ തീരുമാനങ്ങൾ എടുക്കും.

ക്രൈസ്തവ ആഖ്യാന ധാർമ്മിക രീതിയുടെ ഒരു പ്രധാന ഉറവിടം ദൈവവചനമാണ്. ബൈബിൾ നമ്മൾ ധ്യാനാത്മകമായി വായിക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടെത്താൻ സാധിക്കും. യാമപ്രാർത്ഥനകളും വി. കുർബാന അർപ്പണവും ഇതര പ്രാർത്ഥനകളും ക്രൈസ്തവ ആഖ്യാന രീതി പ്രാവർത്തികമാക്കാൻ നമ്മെ സഹായിക്കുന്നതാണ്. കോവിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ക്രൈസ്തവ ആഖ്യാനരീതിയിലൂടെ നമുക്ക് ഉത്തരം കണ്ടെത്താൻ സാധിക്കും. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന സംഭവങ്ങളെ നന്മയായി കാണണം. അപ്പോൾ നമുക്ക് നല്ല ചിന്തയും നല്ല വികാരങ്ങളും ഉണ്ടാവുകയും നല്ലത് പ്രവർത്തിക്കുവാൻ കഴിയുകയും ചെയ്യും. എന്നാൽ നിഷേധാത്മകമായി ചിന്തിച്ചാൽ നമ്മുടെ ജീവിതത്തിലെ സംഭവങ്ങളും വികാരങ്ങളും പ്രവൃത്തികളും തിന്മയായി മാറും. അതിനാൽ എല്ലാത്തിലും നന്മ കാണാൻ പരിശ്രമിക്കുക.

**ഉപസംഹാരം**

കോവിഡിൽ നമ്മുടെ വിശ്വാസവും ജീവിതവും തമ്മിൽ ബന്ധിപ്പിക്കാൻ നമ്മെ സഹായിക്കുന്നതാണ് ക്രൈസ്തവ ധാർമ്മിക ആഖ്യാനിരീതി. ജീവിതത്തിൽ പുണ്യം അഭ്യസിക്കുന്ന വ്യക്തിക്ക് സഹിക്കുവാനും സ്നേഹിക്കുവാനും മറ്റുള്ളവരെ സഹായിക്കുവാനും. പൂർണ്ണമായി ത്യജിച്ച വ്യക്തിക്കും (മർക്കോസ് 10,17-20) സമ്പൂർണ്ണമായി സമർപ്പിച്ച വ്യക്തിക്കും (യോഹന്നാൻ 12, 24-25) മാത്രമേ ജീവിതവും വിശ്വാസവും തമ്മിൽ ഐക്യം ഉണ്ടാക്കാനും പുണ്യത്തിലധിഷ്ഠിതമായ ജീവിതം നയിക്കാനും സാധിക്കുകയുള്ളൂ. ഇപ്രകാരം പുണ്യത്തിലധിഷ്ഠിതമായ ജീവിതം നയിക്കാൻ നമ്മെ സഹായിക്കുന്ന മാർഗമാണ് ക്രൈസ്തവ ആഖ്യാന ധാർമ്മികരീതി. ഈ ക്രൈസ്തവധാർമ്മിക ആഖ്യാനരീതിയെ മുറുകെ പിടിച്ച് നമുക്ക് ഈ കോവിഡ് മഹാമാരിയെ ചെറുത്ത് തോല്പിക്കാം.



*ഗ്രന്ഥസൂചി*


1. സ്കറിയാ കന്യാകോണിൽ & സ്റ്റീഫൻ ചിറപ്പണത്ത്, *ധാർമ്മിക ദൈവശാസ്ത്രം* (വടവാതൂർ, OIRSI, 2008)
2. Louis Marie Chauvet, *Symbol and Sacrament: Reinterpretation of Christian Existence* (Collegeville: Liturgical Press, 2018)
3. Marth Nussbaum, *Love's Knowledge* (New York: 1990)
4. Nelson P., *Narrative and Morality - A Theological Inquiry* (Pennstate Press: 1987).


www.malankaralibrary.com

# മുംബൈ ലോക്ക്ഡൗൺ: ഒരു നേർക്കാഴ്ച

**ഫാ. സിന്റോ ചാലിശ്ശേരി**
**കല്യാൺരൂപത**

ഒരിക്കലും ഉറങ്ങാത്ത മുംബൈ നഗരത്തിൽ 2020 മാർച്ച് മാസം 23-ാം തീയതി പട്ടണത്തിന്റെ ജീവനാഡിയായ ലോക്കൽ ട്രെയിൻ പതിറ്റാണ്ടുകൾക്കുശേഷം ആദ്യമായി നിർത്തിവച്ചു. 80 ലക്ഷം പേർ ദിവസവും യാത്ര ചെയ്യുന്ന, 3000 ഓളം സർവീസുകൾ നടത്തുന്ന ട്രെയിനുകൾ ഓരോന്നായി പാർക്കിംഗ് യാർഡുകളിൽ നിശ്ചല മായി. മണിക്കൂറുകളോളം ട്രാഫിക് ജാമുകളിലൂടെ ഇഴഞ്ഞുനീങ്ങിയ രാജപാതകൾ വിജനമായി. നരിമാൻ പോയിന്റു മുതൽ മുംബൈ നഗരത്തിൽ വ്യായാമത്തിനും സമയം ചിലവഴിക്കുന്നതിനും ഒരുമിച്ചുകൂടിയിരുന്ന പാർക്കുകളും വഴിയോരങ്ങളും, തെരുനായ്ക്കൾക്കളുടെയും പക്ഷികളുടെയും വിഹാരകേന്ദ്രമായി. മുംബൈ നഗരത്തിലെ പക്ഷികളും മൃഗങ്ങളും ചിന്തിച്ചുകാണും: എന്തുകൊണ്ട് ഇത്രയുംനാൾ ഓടിനടന്നിരുന്ന മനുഷ്യൻ ഇന്നു കൂട്ടിലടയ്ക്കപ്പെട്ട മൃഗങ്ങളെപ്പോലെ സ്വന്തം ഭവനങ്ങളിൽ തന്നെ കഴിയുന്നു, എന്താണ് ഈ മനുഷ്യവംശത്തെ മുഴുവൻ കൂട്ടിലടയ്ക്കാൻ കഴിവുള്ള ഈ അപൂർവ പ്രതിഭാസം?.

ഓരോ വൈകുന്നേരങ്ങളിലും എല്ലാവരും പ്രത്യാശയോടെ അന്വേഷിക്കുന്ന ഒരു കാര്യമുണ്ട്: മുൻദിവസങ്ങളെക്കാൾ കൊറോണാവൈറസ് ബാധിതരുടെ എണ്ണത്തിൽ എത്ര കുറവുണ്ട്. നാളെ കുറയും, നാളെ കുറയും എന്നു മനസ്സിൽ മന്ത്രിച്ചുകൊണ്ട് ഭവനങ്ങളിൽ പൂട്ടപ്പെട്ടുകഴിയുന്ന മുംബൈനിവാസികൾക്ക്, ഈ ലോക്ഡൗൺ പ്രതിഭാസം എന്ന് അവസാനിക്കും എന്നോ, അതോ ഇതു ജീവിതത്തിന്റെ ഭാഗമാക്കി ജീവിക്കണമോ എന്നറിയില്ല. മാസങ്ങളായി ദിവസവും വർദ്ധിച്ചുവരുന്ന കോവിഡ് കേസുകൾ ഒരു എത്തും പിടിയും കിട്ടാത്ത അവസ്ഥയിലേക്ക് എത്തിച്ചിരിക്കുന്നു.



## പ്രവാസികളുടെ ദുഃഖം

മുംബൈ പട്ടണം മുഴുവൻ കൊറോണയുടെ പിടിയിലമരും എന്നുറപ്പിച്ച അന്യസംസ്ഥാനക്കാർക്ക് ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളു: സ്വന്ത ഗ്രാമങ്ങളിലേക്കുള്ള സുരക്ഷിതമായ ഒരു തിരിച്ചുപോക്ക്. പക്ഷേ, തിരിച്ചുപോകാൻ യാത്രാസൗകര്യങ്ങളില്ല. ജീവിക്കുവാൻ പണമില്ല. മക്കളെയും ഭാര്യയേയും പോറ്റുവാൻപോലും പറ്റാത്തവിധം കീശ കാലിയായ അവസ്ഥ.

മുംബൈ പട്ടണത്തിൽ വസിക്കുന്ന പലർക്കും സ്വന്തമായി ഭവനം ഇല്ല; വളരെ പ്രത്യേകിച്ചും ദിവസക്കൂലിക്കായി പണിയെടുക്കുന്നവർക്ക്. വാടക കൊടുക്കാൻ കാശില്ലാതെ വലഞ്ഞ ഈ അന്യസംസ്ഥാനക്കാർ, സ്വന്തം ഗ്രാമവും ഗ്രാമത്തിലെ കൊച്ചുവീടും കൃഷിസ്ഥലത്തുനിന്നു കിട്ടുന്ന ധാന്യങ്ങളും ഉണ്ടല്ലോ എന്നു കരുതി കാൽനടയായി ഉത്തർപ്രദേശിലേക്കും ബീഹാറിലേക്കും ഒറീസയിലേക്കും ഗർഭിണികളെയും പിഞ്ചുകുഞ്ഞുങ്ങളെയുംകൊണ്ട് മെയ്മാസത്തിന്റെ ചുട്ടുപൊള്ളുന്ന വെയിലത്ത് ഇറങ്ങിത്തിരിച്ചപ്പോൾ അവർ ചിന്തിക്കാത്ത ചില കാര്യങ്ങളുമുണ്ടായിരുന്നു: 1500–2000 കിലോമീറ്റർ ഒറ്റയടിക്കു നടക്കാൻ പറ്റുമോ? യാത്രക്കിടയിൽ ഭക്ഷണം വല്ലതും കിട്ടുമോ? ഒരിറ്റു ദാഹജലത്തിനെങ്കിലും വകയുണ്ടാകുമോ? മുംബൈപട്ടണത്തിൽ നിന്നു വരുന്നു എന്നതുകൊണ്ടു മാത്രം സ്വന്തം ദേശത്തും സ്വന്തം ഗ്രാമത്തിലും കുടുംബത്തിൽനിന്നുപോലും അകറ്റിനിർത്തപ്പെടുമോ എന്ന ഭയവും അവരെ അലട്ടിയിരുന്നു. കുടുംബത്തിനുവേണ്ടി അദ്ധ്വാനിക്കുവാനാണ് ഇറങ്ങിത്തിരിച്ചതെന്ന വസ്തുതപോലും മറ്റുള്ളവർ വിസ്മരിച്ച അവസ്ഥ. ഒന്നോ രണ്ടോ പേർക്കല്ല, മറിച്ച് പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകൾക്കാണ് ഇത്തരത്തിലുള്ള അനുഭവമുണ്ടായത്. യാത്ര പൂർത്തിയാക്കാൻ സധിക്കാതെപോയ എത്രയോ പേർ. നമ്മുടെ രാജ്യത്തിന്റെ വിജനപ്രദേശങ്ങളിലൂടെ കഠിനചൂടുള്ള മെയ്മാസത്തെ യാത്ര എത്രയോ കഠിനം.

## ധനിക-ദരിദ്ര വ്യത്യാസമില്ലാതെ

അന്നന്നു കിട്ടുന്ന കൂലി ഇല്ലാതെ വന്നപ്പോൾ, സാമ്പത്തിക ഞെരുക്കങ്ങൾ അപ്രതീക്ഷിതമായി സംഭവിച്ചപ്പോൾ, മുംബൈ നഗരത്തിൽ മനുഷ്യന്റെ ഏകചിന്ത ഇനിയെന്ത് എന്നതു മാത്രമായി. രണ്ടുമാസങ്ങളോളം തുടർച്ചയായി ഭക്ഷണത്തിനു പോലും വകയില്ലാതെ വന്നപ്പോൾ, മണിക്കൂറുകളോളം ഭക്ഷണവിതരണകേന്ദ്രങ്ങ

www.malankaralibrary.com

ളുടെ മുമ്പിൽ സാമൂഹിക അകലംപോലും പാലിക്കാനാവാതെ കാത്തിരിക്കേണ്ടി വന്നവരുടെ നിര, മുംബൈ പട്ടണത്തിൽ കൊറോണാവൈറസ് കത്തിപ്പടരുന്നതിന് ഒരു കാരണമായില്ലേ?

ഏഷ്യയിലെ ഏറ്റവും വലിയ ചേരി എന്നറിയപ്പെടുന്ന ധാരാവിയിൽ 8.5 ലക്ഷം ആളുകൾ 2.4 ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ താമസിക്കുമ്പോൾ, ഒരു മുറിക്കകത്ത് നിരവധിപേർ ഞെരുങ്ങിക്കഴിയേണ്ടിവരുമ്പോൾ, ഒരേ ശുചിമുറികൾതന്നെ പലരുപയോഗിക്കുന്ന അവസ്ഥയിൽ കൊറോണാഭീതിയിൽനിന്ന് മുംബൈ നഗരത്തിന് എങ്ങനെ മോചനം ലഭിക്കും. ഇതുപോലെ എത്രയെത്ര ചേരിപ്രദേശങ്ങളിലാണ് രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നുമുള്ള നിരവധിപ്പേർ മുംബൈപട്ടണത്തിൽ തിങ്ങിപ്പാർക്കുന്നത്.

മുംബൈ നഗരത്തിലെ ക്രോഫോർഡ് (Crowford) മാർക്കറ്റ് ഇനിയും തുറന്നിട്ടില്ല. ഇന്ത്യയിൽ മാത്രമല്ല, ലോകം മുഴുവൻ മുട്ടുസൂചി മുതൽ സ്വർണ്ണവജ്ര ശേഖരങ്ങൾവരെ കയറ്റി അയയ്ക്കപ്പെടുന്ന തെരുവീഥികൾ നാലഞ്ചു മാസങ്ങൾക്കുശേഷവും വിജനമാണ്. സമ്പാദിച്ചവ മുഴുവൻ ചെലവഴിച്ചും, കൂടുതൽ ഉണ്ടാക്കണം എന്ന ആഗ്രഹത്തോടെ ലോണെടുത്തും ഫ്ളാറ്റുകൾ വാങ്ങിച്ചുകൂട്ടിയവരും, mutual fund കളിലും share കളിലും നിക്ഷേപിച്ചവരും ഇന്നു നെട്ടോട്ടമോടുകയാണ്. പല വലിയ കമ്പനികളുടെയും share മൂക്കുകുത്തി വീണു. ഫ്ളാറ്റുകൾ വാങ്ങാൻ ആളുകൾ ഇല്ലാതെ റിയൽ എസ്റ്റേറ്റ് വിലയിടിയുമ്പോൾ തകർന്നുപോയത് ഒന്നും രണ്ടും ജീവിതങ്ങളല്ല.

മുംബൈ നഗരത്തിലെ കോടീശ്വരന്മാർപോലും അടിതെറ്റിയ സമയമാണ് ലോക്ഡൗൺകാലം. മക്കളുടെ സ്കൂൾഫീസ് അടയ്ക്കാൻപോലും സാധിക്കാത്ത അവസ്ഥയിലെത്തിയ എത്രയോ പേർ. കൊറോണരോഗവുമായി ബന്ധപ്പെട്ട് സംഭവിച്ച എത്രയെത്ര ആത്മഹത്യകളാണ് നാം കാണാതെപോയത്? ഹോസ്പിറ്റലുകളിൽ സ്ഥലമില്ലാതെ മരണപ്പെട്ടവർ എത്രയോ പേർ? എത്രയെത്ര പട്ടിണിമരണങ്ങളാണ് നാം കാണാതെ പോകുന്നത്?

വളരെ ചെറിയ ഒരു വീടിനുള്ളിൽ മാസങ്ങളോളം പുറത്തിറങ്ങാൻ സാധിക്കാതെ, പുറംലോകം കാണാതെ വീർപ്പുമുട്ടുന്ന, പ്രത്യേകിച്ച് കുട്ടികളും പ്രായമായവരും അനുഭവിക്കുന്ന മാനസികസംഘർഷം മുംബൈ പട്ടണത്തിന്റെ മാത്രം ശാപമാണ്. ഹൗസിംഗ് സൊസൈറ്റികളിൽ പുറത്തിറങ്ങിനടക്കാനോ കുട്ടികൾക്കു



കളിക്കാനോ അനുവാദമില്ല. അവശ്യസാധനങ്ങൾ വാങ്ങാൻ പോകാൻപോലും എല്ലാവർക്കും ഭയമാണ്; ലിഫ്റ്റിൽ തൊടുമ്പോൾ ഭയം, അയൽപക്കത്തുള്ളവനെ കാണുമ്പോൾ ഭയം, ആരെക്കണ്ടാലും ഭയം. ചുറ്റും കേൾക്കുന്നത്, സ്വന്തം ഹൗസിംഗ് സൊസൈറ്റിയിൽ കൊറോണാ ബാധിച്ചവരുണ്ട്, അല്ലെങ്കിൽ അടുത്തുള്ള സൊസൈറ്റിയിലുണ്ട് എന്നതു മാത്രമാണ്. നാളെ എന്റെ ഊഴമാകാം.

## ആരോഗ്യപ്രവർത്തകരായ മാലാഖമാർ

നിരന്നുകിടക്കുന്ന കൊറോണാ രോഗികളുടെ വേദനപ്പിക്കുന്ന കാഴ്ചകൾക്കു നടുവിലൂടെ, എന്നവസാനിക്കും ഈ ദുരന്താവസ്ഥ എന്നു മനസ്സിലാകാത്തപ്പോഴും, പ്രത്യാശ കൈവിടാതെ മുംബൈ നഗരത്തിന്റെ സുരക്ഷ കയ്യിലെടുത്ത് അക്ഷീണം പ്രവർത്തിക്കുന്ന PPE കിറ്റുധാരികളായ ആരോഗ്യപ്രവർത്തകരുടെ സ്ഥിതിയാണ് പരമ ദയനീയം. ദിവസവും രോഗികൾ വർദ്ധിച്ചുവരുമ്പോൾ ആരോഗ്യപ്രവർത്തകരുടെ എണ്ണവും കുറയുന്നുണ്ട്. മുംബൈനഗരത്തിലെ ഹോസ്പിറ്റലുകളിൽ സേവനമനുഷ്ഠിക്കുന്ന പല ആരോഗ്യപ്രവർത്തകരും ഈ രോഗത്തിന് ഇരകളായിക്കഴിഞ്ഞു. കൊറോണാ വൈറസ് ബാധിച്ച് ഏതാനും ദിവസങ്ങൾപോലും അവധിയെടുക്കുവാൻ ഈ ആരോഗ്യപ്രവർത്തകരുടെ മനസ്സ് അനുവദിക്കുന്നില്ല. കാരണം, കൂടെ ജോലിചെയ്യുന്നവർ PPE കിറ്റിനുള്ളിൽ വിയർത്തുകുളിക്കുന്നത് 12 മണിക്കൂർ എന്നുള്ളത് ഒരാൾ കുറഞ്ഞാൽ, 13 ഉം 14 ഉം മണിക്കൂറുകൾവരെ നീണ്ടേക്കാം. സ്വന്തം കൺമുമ്പിൽ ശ്വാസം ലഭിക്കാതെ മരണമടഞ്ഞവരുടെ രൂപങ്ങൾ അവരുടെ മനസ്സിൽ നിന്ന് ഒരിക്കലും മായില്ല. ഉറക്കത്തിൽപ്പോലും ഞെട്ടിയെഴുന്നേൽക്കുന്ന മാനസിക സംഘർഷങ്ങളുടെ കാലമാണ് അവർക്കിത്.

## ആശുപത്രികളിലെ ദയനീയ സ്ഥിതി

കൊറോണാവൈറസ് ശരിരത്തിലുണ്ട് എന്നറിയുന്ന സമയം മുതൽ പിന്നെ ഒരു രോഗിയെ സംബന്ധിച്ചിടത്തോളം വലിയ ഭയപ്പാടാണ്. എത്രയും പെട്ടെന്ന് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആകാനാഗ്രഹിച്ച് ഭവനങ്ങളിൽനിന്ന് ഒറ്റയ്ക്കിറങ്ങിത്തിരിക്കേണ്ടിവരുന്നവർക്ക് ആശുപത്രികളുടെ മുമ്പിൽ മണിക്കൂറുകളോളം, ചിലപ്പോൾ ദിവസങ്ങളോളം, കാത്തുനില്ക്കേണ്ട അവസ്ഥയുമുണ്ട്. പല ആശുപത്രികളിലും കിടക്കകൾ ഒഴിവില്ല. ആരെങ്കിലും രോഗമുക്തിനേടിയാലോ അഥവാ മരിച്ചാലോ മാത്രമേ കിടക്ക ലഭിക്കുകയുള്ളു.

www.malankaralibrary.com

മനസ്സു മടുപ്പിക്കുന്ന കാത്തിരിപ്പ്. മുനിസിപ്പാലിറ്റി ഹോപ്റ്റിലുകളിൽ രോഗികൾ കാണുന്ന കാഴ്ച അതിലും ഭീതപ്പെടുത്തുന്നതാണ്. ചുറ്റുമുള്ളവരിൽ പലരും മരണത്തിനു കീഴടങ്ങുമ്പോൾ, പലർക്കും ശ്വസിക്കാൻ സാധിക്കാതെ വിഷമിക്കുന്നതു കാണുമ്പോൾ, നാളെ ഞാനും ഈയവസ്ഥയിലേക്ക് ആയിപ്പോകുമോ എന്ന ഭയപ്പാടിലാകുന്ന ഒരവസ്ഥ. എന്നാൽ, പ്രൈവറ്റു ഹോസ്പിറ്റലുകളിൽ ചികിത്സ ലഭിക്കണമെങ്കിൽ 10-15 ലക്ഷം രൂപ ചെലവാക്കേണ്ടി വന്നാൽ ഭാവിയെക്കുറിച്ചുള്ള ഭയപ്പാട്.

മുംബൈ നഗരത്തിന്റെ ഗോവണ്ടി, കുർള പ്രദേശങ്ങളിലൂടെ കടന്നുപോകുമ്പോൾ ഒരിക്കലും മാസ്ക്കുപോലും വയ്ക്കാത്ത ആളുകളെ കാണാം. എന്തുകൊണ്ട് അവർ മാസ്ക്കുവയ്ക്കാൻ തയ്യാറാകുന്നില്ല എന്ന ചോദ്യം നമുക്കുണ്ടായേക്കാം. അവർ മാസ്ക് വയ്ക്കാത്തതിനു കാരണമുണ്ട്. നാമാരും വീടുകളിൽ മാസ്ക് വയ്ക്കാറില്ലല്ലോ. റോഡിനോടു ചേർന്നു നില്ക്കുന്ന അവരുടെ കുടിലുകളും റോഡും അവരെ സംബന്ധിച്ചിടത്തോളം സ്വന്തം ഭവനത്തിന്റെ ഭാഗമാണ്.

മാസങ്ങൾ ഇത്ര കഴിഞ്ഞിട്ടും മുംബൈ നഗരത്തിൽ കൊറോണവൈറസ് വ്യാപനത്തിന് ഒരു ശമനവും വന്നിട്ടില്ല. ഇപ്പോൾ വീണ്ടും മുംബൈനഗരം ട്രാഫിക്ക് ജാമുകളുടെ നഗരമായി മാറിക്കഴിഞ്ഞു. ജീവിക്കാൻവേണ്ടി ആ പഴയ നെട്ടോട്ടം ഓടാതെ നിവൃത്തിയില്ല. മുംബൈക്കാരെ സംബന്ധിച്ചിടത്തോളം ഒരു വലിയ ഉത്തരവാദിത്വമാണ്. ഈ നെട്ടോട്ടത്തിനിടയ്ക്ക് കൊറോണയെക്കുറിച്ച് ഓർക്കാൻ പോലും നേരമില്ല. അതു ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു.

### ജാഗ്രതയാണാവശ്യം

ഇന്ന് മുംബൈ പട്ടണം മാത്രമല്ല, ഈ ലോകം മുഴുവൻ തിരിച്ചറിയേണ്ട ഒരു കാര്യമുണ്ട്: ഭയപ്പാടോടെ കൊറോണ എന്ന വൈറസിനെ നോക്കിക്കാണാതെ ജാഗ്രതയോടെ നേരിടാൻ സാധിക്കണം; ഞാൻ വൈറസ്ബാധിതനാകാതിരിക്കാൻ, ഈ രോഗത്തിനടിമയായാൽ ഭയംകൂടാതെ നേരിടാൻ. ഭയപ്പാടുകൾ നമ്മിൽ സാമൂഹിക അകലത്തെക്കാൾ മാനസിക അകലമാണ് വർദ്ധിപ്പിക്കുന്നത്; ജാഗ്രത നമ്മിൽ സാമൂഹിക അകലവും. ഭയപ്പാടുകളിൽ നമ്മെ പൂട്ടിക്കെട്ടാതെ ജാഗ്രതയോടെ നമുക്ക് ഈ വൈറസിനെ ലോക് ഡൗൺ ചെയ്തുകൂടേ?

# സഭാത്മകജീവിതം കൊറോണാക്കാലത്തിൽ

**ഡോ. വർഗീസ് കൊച്ചുപറമ്പിൽ**

ദൈവജനമാണ് സഭ. അതോടൊപ്പം ഈശോയുടെ മൗതികശരീരവും. ദൈവജനം എന്നത് സഭയുടെ ചരിത്രപരമായ ഒന്നിച്ചുകൂടലിലേക്ക് വിരൽചൂണ്ടുമ്പോൾ, മൗതികശരീരമെന്നത് സഭയുടെ അപരിമേയമായ അവസ്ഥയിലേക്കാണ് വിരൽചൂണ്ടുന്നത്. മൗതികശരീരമെന്നത് ദൈവികപദ്ധതിയുടെ ആവിഷ്കാരത്തിന്റെ ഭാഗമായും ദൈവജനമെന്നത് ഈശോയുടെ രണ്ടാമത്തെ ആഗമനം വരെയുള്ള രക്ഷാകരസംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമാണ്. ദൈവികവും മാനുഷികവുമായ ഘടകങ്ങൾ ഒന്നുചേർന്ന യാഥാർത്ഥ്യമാണ് സഭ. ലോകം മുഴുവൻ ബാധിച്ച കൊറോണാ മഹാമാരിയുടെ കാലഘട്ടത്തിൽ സഭാത്മകജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ ദൈവികവും മാനുഷികവുമായ സഭയുടെ യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കിവേണം നടത്തുവാൻ.

ഈശോയുടെ മൗതികശരീരമായ സഭ സ്ഥലത്തിലും കാലത്തിലുമുള്ള ഈശോയുടെതന്നെ തുടർച്ചയാണ്. ദൈവജനത്തിന് സ്ഥലത്തിലും കാലത്തിലും സംഭവിക്കുന്ന ഏതു കാര്യവും ഈശോയുടെ മൗതികശരീരമായ തിരുസഭയെയും ബാധിക്കും എന്നത് യാഥാർത്ഥ്യമാണ്. എന്നിരുന്നാലും വേദനയുടെ ഈ കാലഘട്ടത്തിലും സഭ ദൈവസാന്നിധ്യത്തിന്റെ അടയാളമായ കൂദാശയായി തുടർന്നുപോകേണ്ടവളാണ്. കൃപയുടെ അടയാളവും ഉപകരണവുമായി എന്നും എല്ലാക്കാലത്തും എല്ലാസ്ഥലത്തും അവൾ ഉയർന്നുനില്ക്കണം. ഉയർന്ന ആത്മീയതയും കൃപയുമായി ഈ മഹാമാരിയുടെ കാലഘട്ടത്തിലും സഭ ഉണർന്നു പ്രവർത്തിക്കണം. ബാഹ്യമായ പ്രവർത്തനങ്ങൾ സാധ്യമാകുന്നില്ലെങ്കിലും ആത്മീയമായ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും വചനാധിഷ്ഠിതജീവിതത്തിന്റെയും വഴികളിലൂടെ സഭ സന്യാസത്തിന്റെ അരൂപി മുറുകെപിടിക്കേണ്ട സമയമാണിത്.

www.malankaralibrary.com

## വിശ്വാസം പ്രവൃത്തിയിലാക്കേണ്ട കാലഘട്ടം

സഭയ്ക്ക് പുതിയൊരു ദർശനം കൊടുത്തു എന്നതാണ് വി. ജോൺ 23-ാം മാർപാപ്പാ വിളിച്ചുചേർത്ത രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സവിശേഷത. ഈശോയുടെ സഭ എല്ലാ ജനതകളോടും തുറവിയുള്ള ദൈവജനമാകണമെന്നും അതിനായി സഭ നവീകരിക്കപ്പെടണമെന്നും കൗൺസിൽ ആഗ്രഹിച്ചു. കൊറോണാ കാലഘട്ടം സഭയുടെ നവീകരണത്തിന്റെ കാലഘട്ടമായി രൂപാന്തരപ്പെടണം. നവീകരണത്തിന് ആദ്യം ആവശ്യമുള്ളത് സ്വയാവബോധമാണ്. സഭയുടെ യഥാർത്ഥ സ്വഭാവം എന്തെന്നും, ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്വവും ദൗത്യവും എന്തെന്നുമുള്ള തിരിച്ചറിവ് ഇവിടെ അനിവാര്യമാണ്. വിശ്വാസികൾ മിശിഹാ-രഹസ്യവും സഭയുടെ യഥാർത്ഥസ്വഭാവവും ജീവിതത്തിൽ പ്രകടിപ്പിക്കുകയും മറ്റുള്ളവർക്ക് വെളിപ്പെടുത്തികൊടുക്കുകയും ചെയ്യുന്നവരാകണം. നമ്മുടെ വിശ്വാസത്തിന്റെ ആഴം പരീക്ഷിക്കപ്പെടുകയും വെല്ലുവിളിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടം വിശ്വാസം യഥാർത്ഥത്തിൽ ജീവിക്കാനുള്ള കാലഘട്ടമാണ്.

ലത്തീൻഭാഷയിലെ പ്രസിദ്ധമായ ഒരു പ്രമാണവാക്യമാണ്: 'Lex Orandi Lex Credendi' (The Law of prayer is the Law of believing) 'പ്രാർത്ഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം'. നമ്മൾ എന്താണോ പ്രാർത്ഥിക്കുന്നത് അതാണ് വിശ്വസിക്കുന്നത്. ഒരു പടികൂടി കടന്നു പറഞ്ഞാൽ പ്രാർത്ഥിക്കുന്നതാണ് വിശ്വസിക്കുന്നത്, വിശ്വസിക്കുന്നതാണ് ജീവിക്കുന്നത്. പ്രാർത്ഥനയും വിശ്വാസവും ക്രിസ്തീയജീവിതവും അത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു. ഇത്രകാലം പ്രാർത്ഥിച്ചത്, അനുഷ്ഠിച്ചത് സഭയോട് ചേർന്ന് ജീവിക്കാനുള്ള ഒരു പ്രത്യേക സമയമായി ഈ കാലഘട്ടത്തെ നമുക്കു കാണാം.

ദൈവത്തിന്റെ സ്നേഹവും ഈശോയിലൂടെയുള്ള രക്ഷയും കൂദാശകളിലൂടെയാണ് നാം തിരിച്ചറിയുന്നത്. നമ്മുടെ വിശ്വാസത്തിന്റെ ആഘോഷമാണ് കൂദാശകൾ - ഈ കൂദാശകളിൽനിന്നും ശാരീരികമായി (Physically) നാം അകറ്റപ്പെട്ടിരിക്കുകയാണെങ്കിലും എല്ലാ ദൈവാലയത്തിലും നമുക്കുവേണ്ടി വി. കുർബാന അർപ്പിച്ചുകൊണ്ടാണിരിക്കുന്നത്. വിശ്വാസത്തിന്റെ രഹസ്യങ്ങളിൽ സാമൂഹ്യമാധ്യമങ്ങളിലെന്നതിനേക്കാൾ ആത്മീയമായി പങ്കെടുക്കേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിയണം. പ്രകടനപരതയ്ക്കപ്പുറം ദൈവ



ജനമൊന്നാകെ ആത്മീയതയുടെ ഈ നിശബ്ദതിലും വിശ്വാസരഹസ്യങ്ങളുടെ ഉൾക്കാഴ്ചയിൽ ജീവിക്കണം.

## സഭ കുടുംബത്തിൽ

ഗാർഹിക സഭയായ കുടുംബത്തിൽ വിശ്വാസം അതിന്റെ ആഴത്തിൽ ജീവിക്കാനുള്ള കാലഘട്ടമായി ഇതിനെ രൂപാന്തരപ്പെടുത്താം. സഭയിൽനിന്നു ലഭിക്കുന്ന കൗദാശികജീവിതത്തിന്റെ ഫലങ്ങൾ കുടുംബജീവിതത്തിൽ പ്രതിഫലിപ്പിക്കണം. തായ്ത്തടിയോട് ചേർന്നുനില്ക്കുന്ന ശാഖകൾ ഫലം പുറപ്പെടുവിക്കുന്നതുപോലെ - കൗദാശികജീവിതം അത്രമേൽ സാധ്യമല്ലാത്ത ഇക്കാലത്തും- ഫലം പുറപ്പെടുവിക്കുന്നവരായി കുടുംബജീവിതത്തെ രൂപാന്തരപ്പെടുത്തണം. സഭയുടെ ആരാധനക്രമവും യാമപ്രാർത്ഥനകളും ഗാർഹികസഭയുടെ ആത്മീയ സ്രോതസ്സായി മാറ്റപ്പെടണം. സാമൂഹ്യമാധ്യമങ്ങളിലൂടെ സംലഭ്യമാകുന്ന പ്രാർത്ഥനകൾക്കപ്പുറം നിഷ്ഠയോടെ വചനാധിഷ്ഠിതവും സഭയുടെ യാമപ്രാർത്ഥനകളിലും ഭക്തകൃത്യങ്ങളിലും അധിഷ്ഠിതമായ ജീവിതശൈലിയിലൂടെ മാത്രമേ വിശ്വാസത്തിന്റെ ചൈതന്യം ചോരാതെ കുടുംബങ്ങളിൽ ജീവിക്കുവാൻ സാധിക്കൂ.

## വചനാധിഷ്ഠിത കുടുംബം

വചനാധിഷ്ഠിത ജീവിതശൈലി കുടുംബങ്ങളിൽ രൂപപ്പെടുത്തുവാനുള്ള കാലഘട്ടമായും നമുക്ക് ഇതിനെ രൂപാന്തരപ്പെടുത്താം. 2-ാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതനുസരിച്ച് 'വി. ലിഖിതങ്ങൾ കർത്താവിന്റെ ശരീരം പോലെതന്നെ സഭയിൽ ആദരിക്കപ്പെട്ടിരുന്നു' (DV, 21). വി. കുർബാനയിൽ പങ്കെടുക്കാനുള്ള സാഹചര്യങ്ങൾ നമുക്ക് പരിമിതപ്പെടുമ്പോൾ വി. വചനത്തിൽ കൂടുതൽ ആഴപ്പെടാൻ നമുക്കാവണം. കാരണം, "വി. ലിഖിതത്തിലൂടെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ അത്യന്ത സ്നേഹത്തോടെ നിരന്തരം കണ്ടുമുട്ടുന്നതും അവരോട് സംഭാഷിക്കുന്നതും - സഭയുടെ പോഷണവും ശക്തിയും, സഭാമക്കളുടെ വിശ്വാസത്തിന്റെ ഉറപ്പും ആത്മാവിന്റെ ഭക്ഷണവും, ആധ്യാത്മിക ജീവിതത്തിന്റെ ഉറവിടവുമായി ഉയർന്നുനില്ക്കുവാൻ തക്കവിധം കഴിവും ചൈതന്യവുമാണ് ദൈവവചനം സംവഹിക്കുന്നത് (DV, 21). ഗാർഹിക സഭയായ കുടുംബത്തെ, പ്രത്യേകിച്ച് രോഗഗ്രസ്ഥമായ ഈ കാലഘട്ടത്തിൽ താങ്ങിനിർത്തേണ്ടതും പരിപോഷിപ്പിക്കേണ്ടതും

www.malankaralibrary.com

വി.വചനങ്ങൾ തന്നെയാണ്. കുടുംബജീവിതത്തിന്റെ ആരംഭം വി. ഗ്രന്ഥത്തെ സാക്ഷിയാക്കിയാണ്. അതുകൊണ്ടുതന്നെ കുടുംബ ജീവിതത്തിന്റെ വിഷമഘട്ടങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും കൂടുതലായി വചനത്തിൽ ആശ്രയിച്ചു ജീവിക്കുവാൻ കുടുംബാംഗങ്ങൾക്കാവണം. ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ 'വചനം ജീവനുള്ളതാണ്, വചനമാണ് ജീവൻ പകരുന്നത്'. ഈ പ്രതിസന്ധിഘട്ടങ്ങളിലും നമ്മുടെ കുടുംബങ്ങൾക്ക് ജീവനും, ആത്മീയചൈതന്യവും പകർന്നുനല്കുന്നത് വി. വചനം തന്നെയാവട്ടെ.

## സന്യാസ ആത്മീയത സഭയിലും കുടുംബങ്ങളിലും

കൊറോണാ വൈറസ് വ്യാപനം സഭയെയും കുടുംബങ്ങളെയും മൊണാസ്റ്റിക് ആത്മീയതയിലേക്ക് തിരികെ വിളിക്കുന്ന കാലഘട്ടമാണ്. ഒരു പരിധിവരെ പ്രകടനപരതയിലും ആഘോഷങ്ങളിലും ആണ്ടുപോയ സഭാജീവിതത്തെയും കുടുംബജീവിതത്തെയും ആഴമേറിയ മൗനത്തിന്റെയും പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും പഠനത്തിന്റെയും സമൂഹജീവിതത്തിന്റെ മൺമറഞ്ഞുപോയ കൂട്ടായ്മാജീവിതത്തിന്റെയും ആഴങ്ങളിലേക്ക് മടക്കിക്കൊണ്ടുവരാനുള്ള സമയം. കൂദാശകൾക്കായി, പ്രത്യേകിച്ച് വി. കുർബാനയ്ക്കും വി. കുമ്പസാരത്തിനുമായി ആഴമായി ആഗ്രഹിച്ച്, പ്രാർത്ഥിച്ച് കാത്തിരിക്കേണ്ട കാലം. ഒപ്പം ആഘോഷങ്ങളിലും ബഹളങ്ങളിലും നിന്നകന്ന് കുടുംബത്തിനുള്ളിലും സഭയ്ക്കുള്ളിലും നിശബ്ദതയുടെ, മൗനവ്രതത്തിന്റെ ആത്മീയതയിലേക്ക് മടങ്ങണം. മരുഭൂമിയിലെ നീണ്ട നിശബ്ദതയിൽനിന്നും പുറത്തുവന്നപ്പോഴാണ് സ്നാപകയോഹന്നാന് അനീതിക്കെതിരെ ശബ്ദമുയർത്താൻ കരുത്തും വാക്കുകൾക്ക് തീവ്രതയും സംലഭ്യമായത്. ഇപ്രകാരം മരുഭൂമിയുടെ നിശബ്ദതയിലേക്ക്, കുറവുകൾക്ക് പരിഹാരം തേടി, പോരായ്മകൾക്ക് ഉത്തരം തേടി തമ്പുരാന്റെകൂടെ ആയിരിക്കുന്ന കാലഘട്ടമായി സഭ ഇതിനെ മാറ്റിയെടുക്കണം. സഭയും കുടുംബജീവിതവുമൊക്കെ ഏറെ പ്രതിസന്ധികളിൽകൂടി കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ ദൈവം നിശ്ചയിച്ച ആത്മീയതയുടെ ആഴങ്ങളിലേക്ക് മടങ്ങാൻ ഈ മഹാമാരി ഇടയാക്കണം.

## സഭ ശുശ്രൂഷകയായി സമൂഹത്തിൽ

വേദനിക്കുന്ന ദൈവജനത്തെ ശുശ്രൂഷിച്ചുകൊണ്ട് സമൂഹമധ്യത്തിൽ സഭ നിരന്തര സാന്നിധ്യമായി മാറേണ്ട സമയവും ഇതുതന്നെയാണ്. നല്ല സമറായനും നല്ല അയൽക്കാരനുമായി കുടുംബവും സഭാമക്കളും രൂപാന്തരപ്പെടേണ്ട സമയം. ഈ മഹാമാരിയെ



തടഞ്ഞുനിർത്തുന്നതിനുള്ള പരിശ്രമവും ഒപ്പം രോഗഗ്രസ്ഥരായവരെയും അവരുടെ കുടുംബങ്ങളെയും ശുശ്രൂഷിക്കേണ്ട കടമ ഒരുവശത്തും, മറുവശത്ത് കുടുംബജീവിതത്തിന്റെ പ്രാരാബ്ധങ്ങളിൽപെട്ടുലയുന്ന ജനങ്ങളെ ഭൗതികമായും ആത്മീയമായും ശുശ്രൂഷിക്കേണ്ട കടമയും സഭയ്ക്കുണ്ട്. 'പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാണ്' (യാക്കോ 2,6) എന്ന യാക്കോബ് ശ്ലീഹായുടെ വചനവും 'ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്' (മത്താ 25,40) എന്ന ഈശോയുടെ വചനവും ഒരുപോലെ നമ്മുടെ കാതുകളിൽ മുഴങ്ങണം. സഭ ഈശോയുടെ കാരുണ്യത്തിന്റെ മുഖമായി ജനമധ്യത്തിൽ ആഴത്തിൽ വേരുറപ്പിക്കേണ്ട കാലഘട്ടമായി നമുക്കിതിനെ കാണാം. സഭയുടെ സ്നേഹത്തിന്റെ പ്രവൃത്തികളിലൂടെ ത്രിത്വൈകദൈവം വെളിപ്പെടുന്നു എന്ന വി. അഗസ്റ്റിന്റെ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ.

## ഉപസംഹാരം

രോഗഗ്രസ്ഥമായ ലോകത്തിന് രക്ഷയുടെ അടയാളവും കൃപയുമായി സഭാത്മകജീവിതം രൂപപ്പെടണം. അതിന് കൗദാശിക ജീവിതത്തിൽനിന്നും കൃപ സ്വീകരിച്ച്, വചനത്തിൽ അധിഷ്ഠിതമായി സഭയോട് ചേർന്ന് ജീവിക്കുന്ന സഭാമക്കൾ രൂപപ്പെട്ടുവരണം. സാമൂഹ്യമാധ്യമങ്ങളെ അതിരുവിട്ട് ആശ്രയിക്കുന്നതിലുപരി ദൈവം ആഗ്രഹിക്കുന്ന വി. വചനത്തിൽ അധിഷ്ഠിതമായ ജീവിതശൈലിയിലേക്ക്, നിശബ്ദതയുടെ, ശുശ്രൂഷയുടെ ജീവിതത്തിലേക്ക് സഭാമക്കളായ നമുക്കു മടങ്ങാം. നമ്മുടെ വിശ്വാസം അതിന്റെ പൂർണ്ണതയിൽ ജീവിക്കാനുള്ള കാലഘട്ടമായി ഇതിനെ രൂപാന്തരപ്പെടുത്താം. ശുശ്രൂഷയുടെ മുഖമായി, കാരുണ്യത്തിന്റെ മുഖമായി അപരനിലേക്കിറങ്ങാം.

www.malankaralibrary.com

# കൊറോണക്കാലത്തെ സന്ന്യാസ വിശേഷങ്ങൾ

**സി. റോസ്‌ലിൻ അറവാക്കൽ MTS**
**ബേസ്തോമാ ദയറാ, പാലമറ്റം**

'കീരീടം' എന്നർത്ഥം വരുന്ന 'കൊറോണ'യെന്ന സുന്ദരമായ ലത്തീൻപദം ഇന്ന് മനുഷ്യരിൽ ഭീതി ജനിപ്പിക്കുന്ന പദമായി മാറിയിരിക്കുന്നു. കൊറോണാ വൈറസ് വ്യാപനത്തോടും കോവിഡ്-19 നോടുമനുബന്ധിച്ച് നാം അഭിമുഖീകരിക്കുന്ന കാര്യങ്ങൾ ഒരുപക്ഷേ നമ്മുടെ ആയുഷ്ക്കാലത്തിൽ നമുക്കു ലഭിച്ച തികച്ചും വ്യതിരിക്തമായ അനുഭവമാകാം. ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ തങ്ങൾ കൈവരിച്ച നേട്ടങ്ങളിൽ അഭിമാനിച്ച് ദൂരവും സമയവുമൊക്കെ കൈപ്പിടിയിലൊതുക്കിയ സന്തോഷത്തിൽ കുതിച്ചുപായുകയായിരുന്ന ലോകമെമ്പാടുമുള്ള മനുഷ്യർ വെറും സോപ്പ് പതയിൽ നിർവീര്യമാക്കപ്പെടുന്ന, സൂക്ഷ്മജീവിയെന്നുപോലും വിളിക്കാൻ കഴിയാത്ത കൊറോണാ വൈറസിനുമുമ്പിൽ പകച്ചുനിന്ന് കിതയ്ക്കുന്ന കാഴ്ച ദയനീയമാണ്. ആളൊഴിഞ്ഞ ആരാധനാലയങ്ങളും ആരവങ്ങളില്ലാത്ത ആഘോഷപരിപാടികളും മുഖാവരണം ധരിച്ച് നീങ്ങുന്ന മനുഷ്യരും, അന്യഗ്രഹജീവികളെ അനുസ്മരിപ്പിക്കുന്ന തരത്തിൽ സുരക്ഷാവസ്ത്രം ധരിച്ചെത്തുന്ന ആരോഗ്യ പ്രവർത്തകരുമൊക്കെ പതിവ് കാഴ്ചകളാകുമ്പോൾ, ഈ വിചിത്രാനുഭവങ്ങളും തങ്ങളുടെ ജീവിത മണ്ഡലങ്ങളിലെ സ്തംഭനാവസ്ഥയുമൊക്കെ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ മനുഷ്യമനസ്സുകളിൽ അസ്വസ്ഥതയും ഭീതിയും ജനിപ്പിക്കുന്നുണ്ട്. ഹസ്തദാനങ്ങൾക്കും ആശ്ലേഷങ്ങൾക്കും ചുംബനങ്ങൾക്കുമൊക്കെ വിലക്കു കല്പിക്കപ്പെട്ടപ്പോൾ പ്രിയപ്പെട്ടവരുടെ സാമീപ്യം അപായം വിളിച്ചുവരുത്തുന്ന എന്തോ ഒന്നായി പലർക്കും തോന്നിതുടങ്ങി. പൊതുസമ്മേളനങ്ങൾക്കും വിരുന്നുകൾക്കും മറ്റും ഏർപ്പെടുത്തപ്പെട്ട വിലക്കുകളും ജനങ്ങൾക്കുള്ളിൽ ഒരുതരം വരൾച്ച സൃഷ്ടിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള മനുഷ്യരുടെ സാമാന്യജീവിതത്തെ കൊറോണക്കാലം പല തലങ്ങളിൽ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ



ഈ അസ്വസ്ഥതകൾക്കിടയിലും പ്രതികൂലങ്ങളെന്ന് പ്രത്യക്ഷത്തിൽ തോന്നിക്കുന്ന സാഹചര്യങ്ങൾക്കിടയിലൂടെ നമ്മെ തഴുകി കടന്നുപോകുന്ന കൊറോണാ പ്രസരിപ്പിക്കുന്ന നന്മയുടെ ഇത്തിരിവെട്ടം നമുക്ക് അവഗണിക്കാനാവില്ല. കൊറോണായെ ചുറ്റിപ്പററിയുള്ള സംവാദങ്ങളിലും ചർച്ചകളിലും ഈ മഹാമാരിയുടെ കെടുതികളോടൊപ്പം അതിന്റെ പാർശ്വഫലങ്ങളായി നമ്മിൽ വർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നന്മകളും അടുത്തകാലത്തായി പരാമർശവിഷയമാകുന്നുണ്ടെന്നുള്ളത് സന്തോഷകരവും പ്രത്യാശാനിർഭരവുമാണ്. ക്രിസ്തീയ സമർപ്പിത സമൂഹങ്ങളിൽ പ്രതിഫലിക്കപ്പെട്ട കൊറോണാക്കാലത്തെ ചില ഭാവാത്മക കാഴ്ചകളുടെ ആന്തരികതയിലേക്കുള്ള ഒരു കടന്നുചെല്ലലാണ് ഈ ചെറിയ ലേഖനത്തിന്റെ ഉദ്ദേശ്യം.

**1. അടഞ്ഞുകിടന്ന കവാടങ്ങളും നിശബ്ദമാക്കപ്പെട്ട മണികളും**

കൊറോണാക്കാലത്ത് മിക്ക സമൂഹങ്ങളുടെയും ഗേറ്റുകൾ 'സന്ദർശനങ്ങൾ അനുവദിക്കുന്നില്ല' എന്ന അറിയിപ്പുമായി അടഞ്ഞുകിടന്നിരുന്നു. സന്ദർശകരെത്തുമ്പോൾ മുഴങ്ങാറുണ്ടായിരുന്ന മണികൾ നിശബ്ദമായി. സാമൂഹിക അകലം പാലിക്കാനുള്ള സർക്കാർ നിർദ്ദേശങ്ങൾ കർക്കശമായി പാലിക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നു. 'ലോക്ക്ഡൗൺ', 'ക്വാറന്റീൻ', 'സാമൂഹിക അകലം' തുടങ്ങിയ വാക്കുകളൊക്കെ പൊതുസമൂഹത്തോടൊപ്പം സമർപ്പിതരും ഈ കാലയളവിൽ കൂടുതലായി കേൾക്കുകയും ഉപയോഗിക്കുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും ഇവയുടെ ചൈതന്യം കൊറോണാക്കാലത്തിന് മുൻപുതന്നെ സമർപ്പിതസമൂഹങ്ങളുടെ സാമാന്യജീവിതത്തിന്റെ ഭാഗമാണെന്ന യാഥാർത്ഥ്യം നമുക്ക് മറക്കാനാവില്ല. പൊതുസമൂഹത്തിന്റെ മുഖ്യധാരാ ജീവിതത്തിൽ നിന്നും വഴിമാറി മലമുകളിലും വിജനപ്രദേശങ്ങളിലുമൊക്കെയാണ് ദയറാകളും ഇതര സന്ന്യാസഭവനങ്ങളും സ്ഥാപിക്കപ്പെട്ടിരുന്നത്. അനാവശ്യമായ സാമൂഹിക ഇടപെടലുകളും സന്ദർശനങ്ങളും ആഘോഷങ്ങളിലുള്ള പങ്കാളിത്തവുമൊക്കെ ഒഴിവാക്കാൻ സന്ന്യാസികൾ എന്നേ ശ്രദ്ധിച്ചിരുന്നു. ഒരുപക്ഷേ സന്ന്യാസികളുടെ ജീവിതശൈലിയുടെ ഇത്തരം സവിശേഷതകൾ പ്രായോഗികമാക്കാൻ പൊതുസമൂഹത്തിനു കിട്ടിയ അവസരമായി കൊറോണക്കാലത്തെ കരുതാനാകും.

അതിഥികൾക്ക് പ്രവേശനം നിഷേധിച്ച്, സാമൂഹിക അകലം പാലിക്കാനുള്ള നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കി ബാഹ്യ

www.malankaralibrary.com

പ്രവർത്തനങ്ങളെല്ലാം നിർത്തിവച്ച് സമർപ്പിതർ സ്വന്തം മഠങ്ങളിൽ ചിലവഴിക്കുന്ന ഈ ദിനങ്ങൾ പക്ഷേ ലോകത്തോടുള്ള അവരുടെ പ്രതിബദ്ധത വർദ്ധിപ്പിക്കുകയാണ് ചെയ്തത്. തങ്ങളുടെ ഭവനങ്ങളുടെ വാതിലുകൾ അപരർക്കു മുന്നിൽ അടയ്ക്കപ്പെട്ടപ്പോൾ, ലോകത്തിനായി, സഹോദരർക്കായി സമർപ്പിതരുടെ ഹൃദയകവാടങ്ങൾ തുറക്കപ്പെട്ടു. ഈ മഹാമാരിയുടെ കെടുതികൾ നേരിട്ടനുഭവിക്കുന്നവരും അവരുടെ കുടുംബാംഗങ്ങളും ആരോഗ്യപ്രവർത്തകരും ഗവേഷകരുമെല്ലാം സമർപ്പിതരുടെ പ്രാർത്ഥനയ്ക്ക് അർഹരായി.

സന്ദർശകർക്കായുള്ള മണികൾ നിശ്ചലമാക്കപ്പെട്ടപ്പോൾ സമർപ്പിത സമൂഹങ്ങളിൽ ടെലിഫോണുകൾ ആവർത്തിച്ച് മണി മുഴക്കാൻ തുടങ്ങി. തങ്ങൾക്ക് നേരിട്ട് വന്ന് സമർപ്പിത സഹോദരങ്ങളോട് പ്രാർത്ഥനാസഹായം യാചിക്കാനോ, അവരോടൊപ്പം പ്രാർത്ഥിക്കാനോ സാധിക്കാതെയായപ്പോൾ പ്രവാസികളായ തങ്ങളുടെ ഉറ്റവർക്കുവേണ്ടി, ലോക്ക്ഡൗണിൽ കുടുങ്ങി പുറംനാടുകളിൽ ഒറ്റപ്പെട്ടുപോയ തങ്ങളുടെ മക്കൾക്കുവേണ്ടി, ഡോക്ടർമാരും നേഴ്സ്മാരും ഇതര ആരോഗ്യപ്രവർത്തകരുമൊക്കെയായി കോവിഡ് രോഗികൾക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്ന തങ്ങളുടെ പ്രിയപ്പെട്ടവർക്കുവേണ്ടി, പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കാനും ലോക്ക്ഡൗൺ കാലത്ത് അനുഭവിക്കുന്ന മാനസിക പിരിമുറുക്കങ്ങൾ പങ്കുവയ്ക്കാനുമൊക്കെ സമർപ്പിതരുടെ ഭവനങ്ങളിലേക്ക് വിളിക്കുന്നവരുടെ എണ്ണം കൂടി. അവരുടെ ദുഃഖങ്ങളും പരാതികളുമൊക്കെ സമർപ്പിത ഹൃദയങ്ങൾ കരുണയോടെ ഏറ്റെടുത്ത് പ്രാർത്ഥനാപുഷ്പങ്ങളായി രൂപാന്തരപ്പെടുത്തി തമ്പുരാന് സമർപ്പിക്കുന്ന സുന്ദരമായ കാഴ്ചയ്ക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്.

### 2. പുനഃപ്രതിഷ്ഠിക്കപ്പെട്ട സമൂഹജീവിത താളം

ഏകാന്തവാസികളായ ചുരുക്കം ചിലരുണ്ടെങ്കിൽപോലും സമൂഹജീവിതത്തിനു നല്കുന്ന പ്രാധാന്യം സഭയുടെ ആരംഭം മുതലേ സന്ന്യാസജീവിതശൈലിയുടെ സവിശേഷതയായിരുന്നു. എന്നാൽ ആധുനികകാലത്ത് പലപ്പോഴും സന്ന്യസ്തർ സമൂഹത്തിന്റെ മുഖ്യധാരയിലെ പല പ്രവർത്തനങ്ങളുടെയും ചുക്കാൻ പിടിക്കുന്നവരായി മാറിയപ്പോൾ സമർപ്പിതരുടെ സമൂഹജീവിതത്തിലെ കൂട്ടക്രമങ്ങളുടെ താളം തെററാൻ തുടങ്ങി; ഒന്നിച്ചു പ്രാർത്ഥിക്കുകയും ഒന്നിച്ചു ഭക്ഷിക്കുകയും ഒന്നിച്ചു ജോലികളിൽ ഏർപ്പെടുകയും



ചെയ്യേണ്ടവർ ചിതറിക്കപ്പെട്ടു. പലപ്പോഴും പകൽസമയങ്ങളിൽ സന്ന്യസ്തരുടെ ഭവനങ്ങളിൽ രോഗികളും പ്രായമായവരും മാത്രം അവശേഷിക്കുന്ന സ്ഥിതി സാധാരണമായി. എന്നാൽ ലോക്ക്ഡൗൺ കാലം, നഷ്ടമായിരുന്ന ഈ താളം പുനഃപ്രതിഷ്ഠിച്ചില്ലേയെന്ന് തോന്നിപ്പോകുന്നു. ഒന്നിച്ചു പ്രാർത്ഥിക്കാനും ഒന്നിച്ചു ഭക്ഷിക്കാനും ഒന്നിച്ചു ജോലിചെയ്യാനും ഒന്നിച്ചിരുന്ന് സംസാരിക്കാനുമൊക്കെ തുടങ്ങിയപ്പോൾ തങ്ങൾ ലക്ഷ്യംവച്ചിരുന്ന ജീവിതശൈലിയുടെ ആന്തരികചൈതന്യം ഇതായിരുന്നല്ലോ എന്ന് പലരും പറയാൻ തുടങ്ങി.

ഒന്നിച്ചായിരിക്കുവാൻ വീണുകിട്ടിയ ഈ അപൂർവ്വാവസരം ഫലദായകമാക്കുവാൻ പല സമൂഹങ്ങളും ശ്രമിച്ചു. സമൂഹത്തിൽ മുടങ്ങികിടന്നിരുന്ന, സമയവും ക്ഷമയും കൂട്ടായ പ്രവർത്തനവും ആവശ്യമായിരുന്ന പല ജോലികളും (ഉദാഹരണത്തിന് ഗ്രന്ഥശാലകളുടെ പുനഃക്രമീകരണം, സമൂഹത്തെ സംബന്ധിച്ച ചില രേഖകളുടെയും ക്രോഡീകരണം, തുടങ്ങിയവ) ചെയ്തു തീർക്കാനും സമൂഹാംഗങ്ങൾ ഒരുമിച്ച് ചർച്ചകളും പഠനങ്ങളും നടത്താനുമൊക്കെ ഈ അവസരം പ്രയോജനപ്പെടുത്തി. സന്ന്യാസസമൂഹ ജീവിതത്തിൽ കണ്ട പ്രകടമായ ചില മാറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

#### (a). നിരന്തര പ്രാർത്ഥന

സന്ന്യസ്തർ 'ദൈവവിചാരം' തൊഴിലാക്കിയവരാണെന്നാണ് പണ്ടുകാലത്തെ സർക്കാർ രേഖകളിൽപോലും കാണുന്നത്. അവർ പ്രാർത്ഥനയുടെ മനുഷ്യരാണ്; അവരുടെ ഭവനങ്ങൾ ദൈവസ്തുതികൾ നിരന്തരം ഉയരുന്ന മഹനീയ സ്ഥലങ്ങളും. കൊറോണാക്കാലത്ത് ഇത് അക്ഷരാർത്ഥത്തിൽ ശരിയായി. വി. കുർബാനയർപ്പണം സമർപ്പിത സമൂഹങ്ങളിൽ ഭാഗികമായി മുടങ്ങിയ വേളകളിൽ യാമപ്രാർത്ഥനകൾ ആഘോഷമായി ആചരിക്കാനും ധ്യാനിക്കുവാനും വിശുദ്ധഗ്രന്ഥം പഠിക്കുവാനും ആത്മീയഗ്രന്ഥങ്ങൾ വായിക്കാനുമൊക്കെ സമർപ്പിതർ ശ്രമിച്ചപ്പോൾ തങ്ങളുടെ ഹൃദയങ്ങൾ ദൈവാലയങ്ങളായി മാറുന്ന അനുഭവം കൊറോണാക്കാലം തങ്ങൾക്കു സമ്മാനിച്ച അനുഗ്രഹമായി പലരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. മഹാമാരിയുടെ പിടിയിലമർന്ന ലോകംമുഴുവനുംവേണ്ടി തങ്ങളുടെ ഭവനങ്ങളിൽനിന്ന് മുടക്കംകൂടാതെ നിരന്തരം പ്രാർത്ഥനകളുയരേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമായി കരുതി സന്ന്യസ്തർ അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. രാവും പകലും

www.malankaralibrary.com

മാറി മാറി ദൈവാലയത്തിലായിരുന്ന് പ്രാർത്ഥിക്കാൻ സന്ന്യസ്തർ ശ്രമിക്കുന്നു. രാത്രികാലങ്ങളിൽ നീണ്ട ജാഗരണപ്രാർത്ഥനകൾ പല സമൂഹങ്ങളിലും ഈ ദിനങ്ങളിൽ പതിവായിരിക്കുന്നു. അങ്ങനെ ലോകമുറങ്ങുമ്പോൾ മലമുകളിലും മരുഭൂമികളിലും ഗുഹകളിലു മൊക്കെയായിരുന്ന് ലോകത്തിലുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്ന ആദിമസഭയിലെ സന്ന്യാസികളുടെ ചൈതന്യം വീണ്ടെടുക്കാന വർക്കായി.

**(b). സമൂഹമാദ്ധ്യമങ്ങളുടെ ഉപയോഗം**

സമർപ്പിതർ വിവരസാങ്കേതിക വിദ്യയുടെ നൂതനസാധ്യത കൾ പ്രയോജനപ്പെടുത്തി സമൂഹമാധ്യമരംഗത്ത് സജീവരാകാൻ പരിശ്രമിക്കുന്ന കാഴ്ചയും കൊറോണാക്കാലം നമുക്കു സമ്മാനി ച്ചു. സാമാന്യഗതിയിൽ ഇത്തരം മാധ്യമങ്ങളിൽനിന്ന് ലാവണ്യദൂരം പാലിക്കുന്നതാണ് സന്ന്യാസചൈതന്യം എന്ന് ഉറച്ചുവിശ്വസിക്കു മ്പോഴും കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി ധ്യാനാത്മകജീ വിതം (Contemplative Orders) നയിക്കുന്ന സമൂഹാംഗങ്ങൾ പോലും ഈ രംഗത്ത് ബഹുദൂരം മുന്നേറിയ നാളുകളാണിത്. പരി ശുദ്ധ കുർബാനയർപ്പണത്തിൽ നേരിട്ട് പങ്കുചേരാനുള്ള അവസരം നഷ്ടമായപ്പോൾ സമൂഹമാധ്യമങ്ങളിലൂടെ അതിൽ ആത്മീയപങ്കാ ളിത്തം വഹിക്കാൻ യത്നിച്ചവർ ഏറെയായിരുന്നു. ഒപ്പം സ്വന്തം ഭവനങ്ങളിലായിരുന്നുകൊണ്ടുതന്നെ സമൂഹത്തോടുള്ള തങ്ങളുടെ പ്രതിബദ്ധത ക്രിയാത്മകമായി നിർവഹിക്കുവാനും സന്ന്യസ്തർ നവമാദ്ധ്യമങ്ങൾ ഉപയോഗിച്ചുതുടങ്ങി. മതബോധന രംഗത്തും പൊതു വിദ്യാഭ്യാസരംഗത്തും അദ്ധ്യാപകരായി ശുശ്രൂഷ ചെയ്യു ന്നവർ സമൂഹമാദ്ധ്യമങ്ങൾ വഴിയുള്ള പഠനപരിപാടികളോട് ക്രിയാ ത്മകമായി സഹകരിക്കാനും യത്നിക്കുന്നു. തങ്ങളുടെ ധ്യാനവി ചിന്തനങ്ങളും വി. ഗ്രന്ഥവ്യാഖ്യാനങ്ങളും ഇതര പ്രബോധനങ്ങളും ഉപദേശങ്ങളുമൊക്കെ ഈ മാധ്യമങ്ങളിലൂടെ ജനഹൃദയങ്ങളിൽ എത്തിക്കാൻ അവർ യത്നിക്കുന്നത് സ്വാഗതാർഹം തന്നെ. എന്നാൽ ഇതിന് ഒരു മറുപുറം കൂടിയുണ്ട്. വാർത്തകളുടെയും വിവരവിനിമയത്തിന്റെയും ബാഹുല്യത്തിൽ സ്വഹൃദയങ്ങളുടെ നിശ ബ്ദത നഷ്ടമാകാതെയും സമൂഹമാദ്ധ്യമലോകത്തിന്റെ മാസ്മരിക വലയത്തിൽപ്പെട്ട് ഏകാഗ്രത നഷ്ടമാകാതെയും വിവേകപൂർവം അവ ഉപയോഗിക്കാനുള്ള ഉത്തരവാദിത്വപൂർണ്ണമായ സ്വയം പരിശീ ലനം സമർപ്പിതർ നേടിയിരിക്കണം. അല്ലെങ്കിൽ 'വേലിയിൽ കിടന്ന പാമ്പിനെയെടുത്ത് തോളിലിട്ട' അനുഭവമായിരിക്കും ഉണ്ടാവുക.



**(c). വർദ്ധിച്ച വായനാശീലം**

ജീവിതത്തിന്റെ തിരക്കിനിടയിൽ ദിനപത്രങ്ങൾ മറിച്ചുനോക്കി തലകെട്ടുകളിലൂടെ പ്രദക്ഷിണം നടത്തി ഓടിയിരുന്നവർ ദീർഘ സമയം പത്രവായനയിൽ മുഴുകുന്നത് ഈ ദിനങ്ങളിൽ സമർപ്പിത സമൂഹങ്ങളിലെ പതിവ് കാഴ്ചയാണ്. പത്രം മാത്രമല്ല, ഗ്രന്ഥശാ ലയിൽനിന്ന് പല പുസ്തകങ്ങളും പൊടി തട്ടിയെടുത്ത് വായിക്കു ന്നവരുടെ എണ്ണം കൂടി. വായിക്കാനും പഠിക്കാനും ധ്യാനിക്കാനു മൊക്കെ സമയം ലഭിച്ചതിന്റെ സന്തോഷവും കൊറോണാക്കാല ത്തിന്റെ നന്മകളുടെ പട്ടികയിൽ സമർപ്പിതർ ഉൾപ്പെടുത്തുന്നു.

**(d). കാഴ്ചപ്പാടുകളിലെ നൂതനത്വം**

ആരവങ്ങളില്ലാതെ നടന്ന പല തിരുനാളാഘോഷങ്ങളും വ്രത വാഗ്ദാനങ്ങളും ജൂബിലിയാഘോഷങ്ങളുമൊക്കെ സമർപ്പിതർക്ക് പുനർവിചിന്തന വേളകളായി. ആളുകളുടെ കുറവ് ഇത്തരം അവ സരങ്ങളുടെ ചൈതന്യത്തിന് തെല്ലും മങ്ങലേല്പിച്ചില്ല എന്ന തിരി ച്ചറിവ് പലർക്കും വലിയ ഉൾക്കാഴ്ചയായിരുന്നു. ആഘോഷങ്ങൾ പരിമിതപ്പെടുത്തിയപ്പോൾ സമൂഹത്തിനുണ്ടായ സാമ്പത്തിക ലാഭം ലോക്ക്ഡൗൺ കാലത്തെ സാമ്പത്തിക പ്രതിസന്ധി കാര്യമായി ബാധിച്ച ദരിദ്രകുടുംബങ്ങളെ സഹായിക്കാനായാണ് പല സമൂഹ ങ്ങളും ഉപയോഗപ്പെടുത്തിയത്. പൊതുസമൂഹത്തിനാവശ്യമായ മുഖാവരണങ്ങൾ വൻതോതിൽ നിർമ്മിച്ച് സൗജന്യമായി വിതരണം ചെയ്തതും ശ്രദ്ധേയമാണ്. അവശ്യസാധനങ്ങൾ കടകമ്പോളങ്ങ ളിൽനിന്ന് വാങ്ങിക്കുവാനുള്ള അവസരം കുറഞ്ഞതും സമൂഹങ്ങ ളിൽ നന്മയ്ക്കായി പരിണമിച്ചു. പല സാധനങ്ങളും സന്ന്യാസികൾ തന്നെ നിർമ്മിക്കാൻ തുടങ്ങി. കരകൗശല സാധനങ്ങളും പേപ്പർ ബാഗുകളും മെഴുകുതിരികളുമൊക്കെ നിർമ്മിക്കാനും വീണുകിട്ടിയ സമയം ഉപയോഗപ്പെടുത്തിയവർ ഏറെയാണ്. ആഘോഷാവസര ങ്ങളിൽ പുറത്തുനിന്ന് അലങ്കാരവസ്തുക്കളും പുഷ്പങ്ങളുമൊക്കെ വാങ്ങിയിരുന്നവർ തങ്ങളുടെ ഭവനങ്ങളിലുള്ള പല സാധനങ്ങളും തോട്ടങ്ങളിലെ പുഷ്പങ്ങളുമൊക്കെ ഉപയോഗിച്ചുതുടങ്ങിയപ്പോൾ ആവശ്യമില്ലാത്ത എത്രയധികം പണമാണ് ഇവയ്ക്കൊക്കെവേണ്ടി ചിലവഴിച്ചിരുന്നത് എന്ന പലവിചാരം പലർക്കുമുണ്ടായി.

ലോക്ക്ഡൗൺ നിയന്ത്രണങ്ങൾമൂലം പല മൃതസംസ്കാര ശുശ്രൂഷകൾക്കും ബന്ധുവീടുകളിലെ സന്ദർശനങ്ങൾക്കും രോഗീ സന്ദർശനത്തിനുമൊക്കെ പോകാൻ കഴിയാതിരുന്നതിന്റെ ഖേദം പലർക്കുമുണ്ടായിരുന്നെങ്കിലും ക്രമേണ അതിന്റെ വിജ്ഞാനവും

www.malankaralibrary.com

പലർക്കും ലഭിച്ചുതുടങ്ങി. സമർപ്പിതരുടെ സാന്നിധ്യവും സാമീപ്യവും വ്യത്യസ്തമാണെന്നും പല അവസരങ്ങളിലും നമ്മുടെ ശാരീരിക സാന്നിധ്യം അത്ര അത്യാവശ്യമല്ലെന്നും നാമില്ലെങ്കിലും ഈ ഭൂഗോളം തിരിയുകതന്നെ ചെയ്യുമെന്നും തിരിച്ചറിയാനുള്ള ഒരു അവസരംകൂടിയായിരുന്നു പലർക്കും കൊറോണാക്കാലം.

**(e). പ്രകൃതിയുമായുള്ള സല്ലാപം**

കൊറോണാക്കാലത്തെ ശ്രദ്ധേയമായ ഒരു മാറ്റമായിരുന്നു സമർപ്പിത സമൂഹങ്ങൾ സ്വന്തം പുരയിടങ്ങളിലെ കാർഷികവൃത്തിക്ക് നൽകിയ വർദ്ധിച്ച പ്രാധാന്യം. ആരോഗ്യമുള്ളവരെല്ലാം തന്നെ തങ്ങളുടെ തോട്ടങ്ങളിൽ പലവിധ ജോലികളിൽ മുഴുകി. ജോലിക്കാരുടെ അഭാവംമൂലം ഇത്തരം ജോലികൾ ചെയ്യാൻ നിർബന്ധിക്കപ്പെട്ട സാഹചര്യം ഉണ്ടായിരുന്നെങ്കിൽപോലും ക്രമേണ പ്രകൃതിയുമായി ഇണങ്ങിചേർന്നുള്ള ജീവിതത്തിന്റെ മനോഹാരിത നുകരാൻ സമർപ്പിതർക്കായി. പല മഠങ്ങളിലും ആശ്രമങ്ങളിലുമൊക്കെ സുന്ദരമായ പച്ചക്കറിതോട്ടങ്ങളും ചെടിതോട്ടങ്ങളുമൊക്കെ സമർപ്പിതരുടെ അദ്ധ്വാനഫലമായി രൂപീകൃതമായി. പലരും പ്രകൃതിയിൽ വിരിയുന്ന വിസ്മയങ്ങളുടെ ആസ്വാദകരായി. കൊറോണക്കാലത്ത് 'കൃഷിപ്പണി' പലരുടെയും വിനോദമായി പോലും പരിണമിച്ചിരിക്കുന്നു.

എന്നാൽ വീണുകിട്ടിയ സമയം എന്തുചെയ്യണമെന്നറിയാതെ പകച്ചുപോയവരും സമർപ്പിതർക്കിടയിൽ ഇല്ലാതില്ല. തങ്ങളുടെ അസ്തിത്വത്തെക്കാൾ (Being) തങ്ങൾ ചെയ്യുന്ന പ്രവൃത്തികൾക്ക് (Action) പ്രാധാന്യം കല്പിച്ചിരുന്നവർക്ക് ഉണ്ടായ സ്വത്വപ്രതിസന്ധിയും (Identity Crisis) അവഗണിക്കാനാവില്ല. പള്ളിയിൽ പോകാനോ, ഭവനസന്ദർശനങ്ങൾ നടത്താനോ, സ്കൂളിൽ പഠിപ്പിക്കാനോ, മതബോധ ക്ലാസ്സുകൾ നടത്താനോ പോലും സാധിക്കുന്നില്ലെങ്കിൽ പിന്നെ എന്തു ചെയ്യും? എത്രനാൾ ഇങ്ങനെ തുടരും? ഇങ്ങനെയൊരവസ്ഥ തുടർന്നാൽ തങ്ങളുടെ ഭാവി എന്താകും? ഉള്ളിൽ ഉയരുന്ന ഇപ്രകാരമുള്ള ചോദ്യങ്ങളുടെ വേലിയേറ്റം സൃഷ്ടിച്ച സമ്മർദ്ദത്തിൽ മനോസംഘർഷത്തിലും വിഷാദത്തിലും കഴിയുന്നവരും ചുരുക്കമായെങ്കിലും സമർപ്പിത സമൂഹങ്ങളിലുണ്ട്.

**ഉപസംഹാരം**

കൊറോണക്കാലത്തെ വിചിന്തനങ്ങളിൽ എന്തുകൊണ്ട് ഇങ്ങനെയൊരു മഹാമാരി എന്ന ചോദ്യത്തെ ചുറ്റിപ്പറ്റിയുള്ള വിചാരങ്ങളാണ് പ്രഥമസ്ഥാനത്ത്. തന്റെ സന്തുലിതാവസ്ഥ തകർത്തതിൽ പ്രകൃതിക്കുള്ള ക്ഷോഭത്തിന്റെ പരിണത ഫലമായോ, മനുഷ്യന്റെ പെരുകിയ തിന്മകൾക്കുള്ള ദൈവികശിക്ഷയായോ ഒക്കെ ഇതിനെ വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ദൈവവും പ്രകൃതിയും നമുക്ക് സമ്മാനിച്ച ശിക്ഷണ (training) കാലമായി കൊറോണാക്കാലത്തെ വീക്ഷിക്കുവാനാണ് സമർപ്പിതർ ശ്രമിക്കുന്നത്. മറന്നുപോയവ ഓർമ്മിക്കാനും നഷ്ടപ്പെട്ടതു വീണ്ടെടുക്കാനും സുകൃതങ്ങളുടെ പാലനത്തിൽ മുന്നേറാനുമൊക്കെയായി നൽകപ്പെട്ട ഒരു തുടർപരിശീലന കാലം! സംഭവിക്കുന്നതെല്ലാം ദൈവത്തിന്റെ ഹിതപ്രകാരമാണെന്നും അത് തീർച്ചയായും നമ്മുടെ ആത്യന്തിക നന്മയ്ക്കായി പരിണമിക്കുമെന്നുമുള്ള ഉറച്ച വിശ്വാസം ഈ പ്രതിസന്ധികൾക്കിടയിലൂടെ അരിച്ചിറങ്ങുന്ന നന്മയുടെ വെട്ടം കാണുവാൻ അവരുടെ നയനങ്ങൾക്ക് കഴിവ് നൽകുന്നു. "സാമൂഹിക അകലം" അപരനെ ഹൃദയത്തിൽ വഹിക്കുവാനുള്ള സമർപ്പിതരുടെ കഴിവ് വർദ്ധിപ്പിക്കുന്നു. തങ്ങൾ ഹൃദയത്തിൽ ഏറ്റുവാങ്ങിയ ലോകത്തിന് വേണ്ടിയുള്ള സമർപ്പിതരുടെ പ്രാർത്ഥനകൾ കൊറോണായെ നിഷ്പ്രഭമാക്കും തീർച്ച!



www.malankaralibrary.com

# കൊറോണാക്കാലത്തെ കുടുംബവിശേഷങ്ങൾ

ഡോ. ജോർജ് തെക്കേക്കര

**ആമുഖം**

ലോകം മുഴുവനും ഉത്ക്കണ്ഠയും ഭീതിയും വിതച്ച് കടന്നുവന്ന ചെറുവയറസാണ് കോവിഡ്-19. മറ്റെല്ലാ പരിഗണനകളും ലാഭനഷ്ടചിന്തകളും മാറ്റിവച്ച് ലോക്ക്ഡൗണിലാകുവാൻ എല്ലാവരെയും നിർബന്ധിച്ച ഈ പകർച്ചവ്യാധി കുടുംബങ്ങൾക്കു നല്കിയ കഷ്ടപ്പാടുകളും ദുരിതങ്ങളും അനവധിയാണ്. എങ്കിലും ഈ സാഹചര്യത്തിലും ചില നന്മകൾ ഉണ്ടായി എന്നാണ് എനിക്ക് തോന്നുന്നത്. ഇതെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളും അനുഭവങ്ങളുമുണ്ടാകാം. ഇത് എങ്ങനെയാണ് അനുഗ്രഹമായത് എന്ന് ആദ്യം ചിന്തിക്കാം.

"God is a Communion of love" എന്നത് ക്രിസ്തീയ കാഴ്ചപ്പാടിൽ വളരെ അർത്ഥപൂർണ്ണമായ ഒരു പ്രസ്താവനയാണ്. ഈ സ്നേഹകൂട്ടായ്മയുടെ പ്രതിബിംബമാണ് കുടുംബം. പരി. ത്രിത്വത്തിന്റെ മാതൃകയിൽ അപ്പനും അമ്മയും മക്കളും തമ്മിലുള്ള സ്നേഹത്തിന്റെ കൂട്ടായ്മ ദൈവികകൂട്ടായ്മയെ പ്രതിഫലിപ്പിക്കുന്നു എന്ന് പറയുന്നതിൽ തെറ്റില്ല. ഒരുമിച്ച് ആയിരിക്കുക എന്നത് ഈ കൂട്ടായ്മയ്ക്ക് അത്യന്താപേക്ഷിതമാണ്. ആത്മീയവും ശാരീരികവുമായ സാന്നിധ്യം ഈ കൂട്ടായ്മയുടെ പൂർണ്ണതയ്ക്ക് ആവശ്യമാണ്. ഈ സാന്നിധ്യം പല കുടുംബങ്ങളിലും പല കാരണങ്ങളാൽ ഇല്ലാതിരുന്നത് പുനഃസ്ഥാപിക്കുവാൻ കൊറോണ ഇടയാക്കി. ജോലി, പഠനം തുടങ്ങി പല കാരണങ്ങളാൽ വ്യത്യസ്ത സ്ഥലങ്ങളിലായിരുന്നവർ, സമയക്കുറവുമൂലം അഥവാ, ജോലിത്തിരക്കുമൂലം കുടുംബങ്ങളിൽ വേണ്ടത്ര സമയം ചിലവഴിക്കുവാൻ സാധിക്കാതിരുന്നവർ, ഇവർക്കും ഒരുമിച്ചായിരിക്കുവാൻ ലോക്ക്ഡൗൺ അവസരമൊരുക്കി. ലോക്ക്ഡൗണിൽപെട്ട് പല സ്ഥലങ്ങളിൽ ചിതറിക്കപ്പെട്ടവരുമുണ്ട് എന്ന കാര്യം മറക്കുന്നില്ല. ഏതായാലും online



കുടുംബങ്ങളായി കഴിഞ്ഞിരുന്ന പലരും ശരിയായ കുടുംബാനുഭവത്തിലേക്ക് കടന്നുവന്നു. വി. കുർബാന സ്വീകരണമില്ലാത്ത online കുർബാനകൾ വിരുന്നിന്റെ അനുഭവം തരുന്നില്ല എന്നതുപോലെ തന്നെ കുടുംബാംഗങ്ങൾ ഒരുമിച്ചുകൂടുമ്പോഴാണ് യഥാർത്ഥ വിരുന്നിന്റെ അനുഭവം കുടുംബങ്ങളിലും ഉണ്ടായത്. ഒരുമിച്ച് ആയിരിക്കുവാൻ, വിനോദത്തിന്, കുടുംബ കൃഷിക്ക്, പുതിയ ഭക്ഷണങ്ങൾ പരീക്ഷിക്കുന്നതിന്, കുട്ടികളെ പഠിപ്പിക്കുന്നതിന്, പ്രായമായവരോടുകൂടെ കൂടുതൽ സമയം ചിലവഴിക്കുന്നതിന് എല്ലാം ഈ കാലം പ്രയോജനപ്പെട്ടു.

കുടുംബത്തെക്കുറിച്ചുള്ള ചില നല്ല വിശേഷണങ്ങളിൽ ഒന്നാണ്: "Family is where life begins and love never ends" എന്നത്. ഒരു വ്യക്തിയുടെ ജീവിതം സാധാരണഗതിയിൽ ആരംഭിക്കുന്നത്, ആരംഭിക്കേണ്ടത് കുടുംബത്തിലാണ്. അത് വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയി, പലരുമായി ഇടപഴകി നാമൊക്കെ പക്വതയാർന്ന വ്യക്തികളായി രൂപപ്പെടുന്നു. "സ്നേഹം ഒരിക്കലും അവസാനിക്കാത്തിടം" എന്നത് താത്ത്വികതലത്തിൽ നില്ക്കുന്ന ഒരു നിർവചനമാണ്. ഓരോ വ്യക്തിയുടെയും അനുഭവത്തിൽനിന്ന് വിശകലനം ചെയ്യേണ്ട യാഥാർത്ഥ്യമാണത്. കുടുംബത്തെക്കുറിച്ചുള്ള ഏതാനും ചിന്തകൾ നമുക്കിവിടെ ചേർത്തുവയ്ക്കാം.

**1. കുടുംബത്തിന്റെ ആരംഭം**

"ആദിയിലഖിലേശൻ നരനെ സൃഷ്ടിച്ചു
അവനൊരു സഖിയുണ്ടായ് അവനൊരു തുണയുണ്ടായ്"

വിവാഹവേളകളിൽ ആലപിച്ചിരുന്ന ഒരു പാട്ടിന്റെ രണ്ട് വരികളാണ്. ദൈവം സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചത് പുരുഷനും സ്ത്രീയുമായിട്ടാണ് എന്നു തിരുവചനം പറയുന്നു (ഉല്പ 1,27). ആദ്യം ആരെ സൃഷ്ടിച്ചു എന്നത് പ്രസക്തമല്ല. മനുഷ്യന്റെ ഏകാന്തതയിൽ അവന് തുണയായി പങ്കാളിയെ നല്കി എന്നാണ് പറഞ്ഞിരിക്കുന്നത്. ഏകാന്തതയകറ്റുന്ന സാന്നിധ്യവും ദൈവികഛായയായ സ്നേഹം പ്രതിഫലിപ്പിക്കുന്ന മുഖവുമാകണം ജീവിതപങ്കാളിയുടേത്.

വിവാഹത്തിൽ ഒരു പുരുഷൻ ഒരു സ്ത്രീയെ, അല്ലെങ്കിൽ ഒരു സ്ത്രീ ഒരു പുരുഷനെ തിരഞ്ഞെടുക്കുന്നു. എന്നാൽ ആദ്യമാതാപിതാക്കന്മാരെ സംബന്ധിച്ച് തിരഞ്ഞെടുപ്പ് നടത്തിയത് അവരായിരുന്നില്ല, ദൈവമായിരുന്നു. "അവന് ചേർന്ന ഇണയെ ഞാൻ

www.malankaralibrary.com

നല്കും" (ഉല്പ 2,18) എന്നത് ദൈവത്തിന്റെ തീരുമാനമാണ്. ആ തീരുമാനം മനുഷ്യന് അനുഗ്രഹമായി. ഇന്നും പുരുഷനും സ്ത്രീയും സ്വയം തിരഞ്ഞെടുക്കുന്നു എന്ന് പറയുമ്പോഴും ആദ്യം തിരഞ്ഞെടുപ്പ് നടത്തുന്നത് ദൈവം തന്നെയാകണം. ദൈവം അനാദിയിൽ കരുതിവച്ചത് കണ്ടെത്തുകയാണ് മനുഷ്യൻ. ദൈവം തിരഞ്ഞെടുത്ത വ്യക്തിയെ കണ്ടെത്തുമ്പോഴാണ് മനുഷ്യന്റെ തിരഞ്ഞെടുപ്പ് ഉചിതമാകുന്നത്. അത് ദൈവിക പദ്ധതിയുടെ നിറവേറലാണ്. വിവാഹം ഒരു ദൈവവിളിയാണെന്ന് തിരിച്ചറിഞ്ഞ് ദൈവതിരുമനസ്സിനോട് ചേർന്നുനിന്ന് ജീവിതപങ്കാളിയെ തിരഞ്ഞെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഇവിടെ പറഞ്ഞുവരുന്നത്. ആകസ്മികമായ ചില കണ്ടുമുട്ടലുകൾ ദൈവഹിതമാണോയെന്ന് വിവേചിച്ചറിഞ്ഞില്ലെങ്കിൽ 'accidental' (ആകസ്മികം) എന്നത് 'accident' (അപകടം) എന്ന് തിരുത്തിയെഴുതേണ്ടിവരും. ഇത് എഴുതുമ്പോൾ പ്രണയക്കുരുക്കിൽ വിവേകം നഷ്ടമായവരെയും ലൗജിഹാദിന്റെ ഇരകളായവരെയുമൊക്കെ ഓർമ്മവരുന്നു.

> "സ്വതന്ത്രമായി തിരഞ്ഞെടുത്ത് സ്നേഹിക്കുന്നവർ തമ്മിലേ വിവാഹം ചെയ്യാവൂ". അത് കേവലം ശാരീരികാകർഷണത്താലോ അവ്യക്തമായ വികാരത്താൽ പ്രേരിതരായോ ആയിരിക്കരുത് എന്ന് ഫ്രാൻസിസ് മാർപാപ്പാ മുന്നറിയിപ്പു തരുന്നു (അമോരിസ് ലെത്തീസ്യ, 217)

സ്വതന്ത്രമായി എന്ന് പറയുമ്പോഴും വിശ്വാസത്തിന്റെയും ആചാരങ്ങളുടെയുമൊക്കെ ചില പരിഗണനകൾ ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമാണ് എന്നും തിരിച്ചറിയേണ്ടതുണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള നല്ല ബന്ധത്തിന്റെയും പരസ്പര സമ്പർക്കത്തിന്റെയും അഭാവത്തിലാണ് ഇത്തരം കുരുക്കുകൾ കുടുംബാംഗങ്ങൾ അറിയാതെ പോകുന്നത്.

## 2. വിവാഹത്തിന് ഒരുക്കം

ലോക്ക്ഡൗൺ കാലത്ത് വിവാഹം നടത്തിയ വധൂവരന്മാർക്ക് വിവാഹ ഒരുക്ക സെമിനാറിൽനിന്നു ചില ഒഴിവുകൾ ലഭിക്കുകയുണ്ടായി. പിന്നീട് അതിൽ പങ്കെടുത്തുകൊള്ളാമെന്നൊക്കെ പറയുമെങ്കിലും പ്രായോഗികതലത്തിൽ പലപ്പോഴും അത് നടപ്പിലാവുകയില്ല. എപ്പോഴാണ് ഒരാൾ വിവാഹത്തിനൊരുങ്ങുക? എത്ര നാളത്തെ ഒരുക്കം വിവാഹത്തിന് ആവശ്യമുണ്ട്? വിവാഹ ഒരുക്ക സെമിനാറുകൾ ചെറിയതോതിൽ സഹായിക്കുന്നുണ്ടെങ്കിലും അത്



മാത്രം മതിയോ നന്നായി ഒരുങ്ങുവാൻ? ഇങ്ങനെ ചില ചോദ്യങ്ങൾ നാം ചോദിക്കേണ്ടതുണ്ട്. വിവാഹം ഒരു ദൈവവിളിയാണ്. ജീവിതകാലം മുഴുവൻ ഒരു സ്ത്രീയും ഒരു പുരുഷനും പരസ്പര സമർപ്പണത്തോടെ ജീവിക്കാനുള്ള സമ്മതമാണ് അത്. അതിനു വേണ്ട ശാരീരിക, മാനസിക, ബൗദ്ധിക, വൈകാരിക പക്വത അതുവരെയുള്ള ജീവിതത്തിൽ ആർജ്ജിച്ചെടുക്കുന്നതാണ്. അതായത് കൗമാരപ്രായമെത്തിയ ഒരു പെൺകുട്ടി അല്ലെങ്കിൽ ഒരാൺകുട്ടി ഭാവിയിൽ വിവാഹജീവിതം തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനുവേണ്ട പക്വത ആർജ്ജിക്കുവാൻ പരിശ്രമിക്കേണ്ടതുണ്ട്. കുടുംബജീവിതത്തിൽ അവർക്ക് മുന്നിലുള്ള മാതൃക സ്വന്തം മാതാപിതാക്കന്മാരാണ്. അവരുടെ പരസ്പര സ്നേഹവും, കരുതലും, ബഹുമാനവുമാണ് കുട്ടികൾക്കുള്ള പരിശീലന ക്ലാസ്സുകൾ. അതുകൊണ്ട് കുട്ടികൾ കാൺകെ സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുവാൻ മാതാപിതാക്കന്മാർ ശ്രദ്ധിക്കേണ്ടതുണ്ട്. അതിനുള്ള അവസരം കുടുംബത്തിൽ ഉണ്ടാകേണ്ടതുമുണ്ട്. കുട്ടികൾ ഉറങ്ങിയശേഷം മാത്രം വീട്ടിൽ തിരിച്ചെത്തുന്ന ഉദ്യോഗസ്ഥനാണ് അപ്പനെങ്കിൽ അത് എത്രമാത്രം പ്രായോഗികമാകും. താമസിച്ചുവരുമ്പോഴും അപ്പൻ വരുന്നതുവരെ ഭക്ഷണം കഴിക്കാതെ കാത്തിരിക്കുന്ന അമ്മ കുട്ടികൾക്കു നല്ലൊരു മാതൃകയാണ്. ഏതായാലും ലോക്ക്ഡൗൺ കാലം ഇതിനൊക്കെ അറുതി വരുത്തി ഒരുമിച്ച് ആയിരിക്കുവാൻ ഇടവരുത്തി.

## 3. വിവാഹം

വിവാഹം ഉറപ്പിച്ചു കഴിഞ്ഞാൽ അതിന്റെ ആഘോഷത്തെക്കുറിച്ചാകും തുടർന്നുള്ള ചിന്തകൾ. ആദ്യം പരിഗണനയിൽ വരുന്നത് അതിന്റെ ബാഹ്യമായ ഒരുക്കങ്ങളായിരിക്കും. വിവാഹം നടത്തുന്ന സ്ഥലം, ആശീർവദിക്കുന്ന കാർമ്മികൻ, സദ്യയ്ക്കു ക്ഷണിക്കപ്പെടേണ്ടവർ, ക്ഷണക്കത്ത്, ആഭരണങ്ങൾ, വസ്ത്രം - തുടങ്ങി നിരവധി കാര്യങ്ങൾ നമ്മുടെ ശ്രദ്ധയെ ആകർഷിക്കും. ആത്മീയമായ ഒരുക്കത്തിനോ ധ്യാനത്തിനോ പലപ്പോഴും സമയം കിട്ടാതെ പോകും. ക്ഷണക്കത്തുകളുടെ രീതി മാറ്റി വൈറലായ വീഡിയോ ഇറക്കി ഞെട്ടിച്ചവരുമുണ്ട്. ലോക്ക്ഡൗൺ കാലത്ത് നടന്ന വിവാഹങ്ങൾ പല കാര്യങ്ങളും വ്യത്യസ്തമായി ചെയ്യാൻ നമ്മെ പഠിപ്പിച്ചു. ആർഭാടം കുറഞ്ഞു. ബഹളങ്ങൾ ഒഴിവായി. ഇവന്റ് മാനേജ്മെന്റുകാർ രംഗത്തില്ല; വിവാഹശേഷം ഒരുമിച്ച് ചിലവഴിക്കുവാൻ ദമ്പതികൾക്ക് ധാരാളം സമയം. എല്ലാം അനുഗ്രഹമായി.

www.malankaralibrary.com

### 4. കുടുംബജീവിതം

"വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു. എന്നാൽ വിവാഹിതർ ഭൂമിയിൽ ജീവിക്കുന്നു'' എന്നൊരു ചൊല്ലുണ്ട്. ഭൂമിയിലെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാതെ ഒരു വിവാഹവും നില നില്ക്കുകയില്ല. വിവാഹജീവിതത്തെ സംബന്ധിച്ച് അമിതപ്രതീക്ഷകൾ വേണ്ട എന്ന് സാരം. രണ്ട് വ്യക്തികൾ ചേർന്ന് ജീവിതം ആരംഭിക്കുമ്പോൾ ആദ്യം പൊരുത്തക്കേടിന്റെ ഒരു പിടച്ചിൽ സ്വാഭാവികമാണ്. വ്യത്യസ്ത സ്വഭാവക്കാർ, രണ്ട് വ്യത്യസ്ത കുടുംബങ്ങൾ, വ്യത്യസ്ത സംസ്കാരം, ജീവിതസാഹചര്യം ഇവയെല്ലാം പരിഗണനയിലുണ്ടാകണം. ഒരുമിച്ച് ആയിരുന്നുകൊണ്ടും പരസ്പര സ്നേഹത്തിന്റെ വലയത്തിൽ നിലനിന്നുകൊണ്ടും മാത്രമേ ഈ പൊരുത്തപ്പെടൽ എളുപ്പമാകൂ. ഈ സ്നേഹാനുഭവത്തിന്റെ ഒഴുക്ക് ഇല്ലാതെയായാൽ കെട്ടിക്കിടക്കുന്ന ജലംപോലെ കുടുംബജീവിതവും ഒന്നിനും കൊള്ളാത്തതാകും എന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ ഓർക്കേണ്ടതുണ്ട് (*അമോരിസ് ലെത്തീസ്യ*, 219).

ദമ്പതികൾ എടുത്തിരിക്കുന്ന പ്രതിജ്ഞ കടുപ്പമുള്ളതാണ്: "ഇന്നുമുതൽ മരണംവരെ" എന്നു പറയുമ്പോൾ വിവാഹത്തിന്റെ അവിഭാജ്യതയെക്കുറിച്ചും, "ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും" എന്നു പറയുമ്പോൾ പരസ്പരമുള്ള ഐക്യത്തിന്റെ ആഴത്തെക്കുറിച്ചും ദമ്പതികൾ ചിന്തിക്കേണ്ടതുണ്ട്. വീര്യം നഷ്ടമായ വീഞ്ഞ്, ഉറകെട്ട ഉപ്പ്, സ്നേഹം നഷ്ടപ്പെട്ട ദമ്പതികൾ ഇവ മൂന്നും പ്രയോജനരഹിതമാണ്. സ്നേഹം നഷ്ടമായാൽ ജീവിതം നരകതുല്യമാകും. അങ്ങനെയുള്ളവരെ സംബന്ധിച്ച് ലോക്ക്ഡൗൺ കാലം വീർപ്പുമുട്ടലായിരുന്നിരിക്കണം. പുറത്തിറങ്ങിയാൽ പോലീസ് തല്ലിച്ചതയ്ക്കും; വീട്ടിലോ? പലർക്കും വ്യക്തമായ ഉത്തരമില്ല. എന്ത് സംഭവിക്കുമെന്ന് കാത്തിരുന്നു കാണാം എന്നേ വിചാരിച്ചുകാണൂ.

### 5. സ്നേഹത്തിന്റെ ഫലങ്ങൾ – മക്കൾ

ലോക്ക്ഡൗൺ കാലത്ത് കൂടുതൽ മക്കളുണ്ടാകാൻ സാധ്യതയുണ്ടെന്ന് ഹാസ്യ ട്രോളുകൾ കണ്ടിരുന്നു. അത് നല്ല കാര്യമായിരിക്കും എന്നാണ് എനിക്കു തോന്നിയത്. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണ്. "സ്നേഹിക്കുകയും ജീവൻ നല്കുകയും ചെയ്യുന്ന ദമ്പതികൾ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ വെളിപ്പെടുത്താൻ കഴിവുള്ള യഥാർത്ഥവും സജീവവുമായ ഐക്കൺ ആണെന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നു (*അമോരിസ് ലത്തീസ്യ*, 11). കുടുംബത്തിന്റെ ലക്ഷ്യങ്ങളായി തിരുസ്സഭ പഠിപ്പിക്കുന്നത് ദമ്പതികളുടെ നന്മ, കുട്ടികളെ ജനിപ്പിക്കൽ, അവരുടെ വിദ്യാഭ്യാസം എന്നീ കാര്യങ്ങളാണ്. ദമ്പതികളുടെ പരസ്പരമുള്ള കരുതൽ, സ്നേഹം പങ്കുവയ്ക്കൽ, സാമീപ്യം, സമ്പൂർണ്ണ സമർപ്പണം അഥവാ ആത്മദാനം എന്നിവയൊക്കെ ഇതിൽ ഉൾച്ചേർന്നിരിക്കുന്ന കാര്യങ്ങളാണ് (*സഭ ആധുനികലോകത്തിൽ*, 48; *ഹുമാനേ വീത്തേ*, 8).



സ്നേഹത്തിൽനിന്ന് ജനിക്കുന്ന കുഞ്ഞുങ്ങൾ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷംമുതൽ ആ കുടുംബത്തിന്റെ ഭാഗമാണ്. അമ്മയുടെ വികാരവിചാരങ്ങളിലൂടെ അമ്മയുടെ ശരീരത്തിന്റെ ഭാഗമായിരുന്ന്, കുടുംബാംഗങ്ങളെ അവൻ/അവൾ അറിയുന്നു, പ്രതികരിക്കുന്നു, സ്നേഹലാളനകൾ അനുഭവിക്കുന്നു. കുട്ടിയുടെ രൂപീകരണവും അവിടെ തുടങ്ങുകയാണ്.

കൊറോണാക്കാലത്ത് കുടുംബങ്ങളിൽ ആത്മീയത വളർന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരുമിച്ച് പ്രാർത്ഥിക്കാൻ, ഒരുമിച്ച് വി. ബലിയിൽ സംബന്ധിക്കാൻ, കുടുംബാംഗങ്ങൾ സമയം കണ്ടെത്തി. നല്ല ആത്മീയാന്തരീക്ഷം ഏത് ഘട്ടത്തിലും കുഞ്ഞിന്റെ പക്വതയിലേക്കുള്ള വളർച്ചയ്ക്ക് അനുപേക്ഷണീയമാണ്. കുടുംബത്തെ ഗാർഹികദൈവാലയം എന്ന് വിശേഷിപ്പിക്കുന്നത് അതുകൊണ്ടാണ്.

കുട്ടികളുടെ വിശ്വാസപരിശീലനത്തിന് കുടുംബത്തിലാണ് അടിസ്ഥാനമിടേണ്ടത്. മാതാപിതാക്കന്മാരിലൂടെ പകർന്നുകിട്ടുന്നതാണു വിശ്വാസം. ഈ കാലഘട്ടത്തിലെ ഓൺലൈൻ വിശ്വാസപരിശീലനം ഈ ചിന്ത ഉറപ്പിക്കാൻ കുറേക്കൂടി സഹായകമായി.

ബൗദ്ധികമായ പരിശീലനത്തിന്റെ തുടക്കവും കുടുംബങ്ങളിലാണ്. ഒപ്പം വൈകാരികപക്വതയും, കുട്ടികൾ ആർജ്ജിക്കേണ്ടതുണ്ട്. പരീക്ഷയിൽ തോല്ക്കുന്നത് വലിയ കാര്യമല്ല. ജയിക്കാൻ പരിശ്രമിക്കാതിരിക്കുന്നതാണ് തെറ്റ് എന്ന് മനസ്സിലാക്കികൊടുക്കണം. ചെറിയ തോല്വികളെ സ്വീകരിക്കാൻ ഒരുക്കണം. മാനസിക പിരിമുറുക്കങ്ങളെ അതിജീവിക്കുവാനുള്ള പരിശീലനവും മാതാപിതാക്കന്മാരുടെ പ്രോത്സാഹനത്തിലൂടെയും സഹഗമനത്തിലൂടെയും കുട്ടികൾക്ക് കൊടുക്കേണ്ടതുണ്ട്. ഇതിനൊക്കെ തടസ്സമാകുന്നത് കുട്ടികളോട് സംവദിക്കുവാൻ മാതാപിതാക്കന്മാർക്ക് സമയമില്ല എന്നതാണ്. മാതാപിതാക്കൾ ചെയ്യേണ്ട ജോലികൂടി

www.malankaralibrary.com

അദ്ധ്യാപകരെയും വിശ്വാസപരിശീലകരെയുമാണ് ഏല്പിച്ചിരുന്നത്. കൊറോണാ അവയ്ക്ക് തീരുമാനമുണ്ടാക്കി എന്ന് പറയാം.

**6. കുടുംബത്തിലെ സഹനങ്ങൾ**

പല ദമ്പതികൾക്കും കുട്ടികൾക്കും വലിയ വേദനയാണ് ഒരു വീടില്ല എന്നത്. സൗകര്യമില്ലാത്ത വീട്ടിൽ എല്ലാവർക്കും ഒരുമിച്ചിരിക്കാൻ, ഉല്ലസിക്കാൻ ഒന്നും ഇടമില്ല. ഒപ്പം മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതും "ഓൺ ലൈൻ" ക്ലാസ് കിട്ടാൻ സൗകര്യമില്ലാത്തതിനാൽ കുട്ടി ആത്മഹത്യ ചെയ്തതുപോലുള്ള സംഭവങ്ങൾക്ക് വഴി തെളിച്ചു. മദ്യത്തിന്റെ ലഭ്യത ഇല്ലാതെയായത് പല കുടുംബങ്ങൾക്കും വലിയ സമാധാനമായി. പക്ഷേ മറ്റ് ചില അക്രമപ്രവർത്തനങ്ങൾ വർദ്ധിച്ചു. കൗമാരക്കാരുടെ ലഹരിയുടെ ഉപയോഗവും മറ നീക്കി പുറത്തുവന്നു. കുട്ടികളിൽ മൃഗീയവാസനകൾ വളരുന്നത് അപകടകരമായ ചില സൂചനകളാണ്. ആശയവിനിമയമില്ലാത്ത ദമ്പതികൾ, മക്കളുടെ ശത്രുതയാൽ കേഴുന്ന മാതാപിതാക്കൾ, നിരന്തര കുടുംബ കലഹങ്ങൾ ഇവയൊക്കെ പല കുടുംബങ്ങളിലും സമാധാനാന്തരീക്ഷം തകർക്കുന്നുണ്ട്. വാർദ്ധക്യത്തിലെത്തിയവരുടെ ഒറ്റപ്പെടൽ വലിയ ഒരു പ്രശ്നമാണ്. 65 കഴിഞ്ഞവർക്ക് പുറത്തിറങ്ങാൻ അനുവാദമില്ലാതായാൽ വലിയ ഏകാന്തതയായിരിക്കും ഫലം.

ഉപഭോഗസംസ്കാരത്തെ തച്ചുടയ്ക്കാൻ ഏറെക്കുറെ സാധിച്ചു എന്നത് വലിയ ഒരു നന്മയായി കരുതാം. വീട്ടിലെ വിഭവങ്ങളിൽ ആശ്രയിക്കാനുള്ള പ്രവണത വർദ്ധിച്ചിട്ടുണ്ട്. അനാവശ്യ ഷോപ്പിംഗ്, ഹോട്ടൽ ഭക്ഷണം, യാത്രകൾ ഇവയും ഒഴിവാക്കാനായതുമൂലം കുടുംബ ബജറ്റിന്റെ താളം തെറ്റിയില്ല. പക്ഷേ വർദ്ധിച്ചുവരുന്ന അരക്ഷിതാവസ്ഥയും സാമ്പത്തിക തകർച്ചയും തൊഴിലില്ലായ്മയും കുടുംബങ്ങളിലെ സമാധാന തകർച്ചയ്ക്ക് കാരണമാകും എന്ന് ഭയപ്പെടേണ്ടതുണ്ട്. പ്രതിവിധികൾ നാം ആരാഞ്ഞേ മതിയാവൂ.

**ഉപസംഹാരം**

"കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം നിഷ്ഫലമാകുന്നു. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം" (സങ്കീ 127,1). ദൈവാശ്രയബോധത്തിലടിയുറച്ച് നമ്മുടെ കുടുംബങ്ങളെ പടുത്തുയർത്താം. എഫേസോസുകാർക്കുള്ള ലേഖനം 6,10 മുതലുള്ള തിരുവചനങ്ങളിൽ വി. പൗലോസ് ശ്ലീഹാ തരുന്ന മുന്നറിയിപ്പ് മനസ്സിൽ



സൂക്ഷിക്കാം. സ്വർഗ്ഗീയ ഇടങ്ങളിൽ വസിക്കുന്ന തിന്മകൾക്കെതിരെ പോരാടണം. അതിന് ദൈവത്തിന്റെ ആയുധങ്ങൾ ധരിക്കണം. സത്യംകൊണ്ട് അര മുറുക്കി, നീതിയുടെ കവചം ധരിച്ച്, സുവിശേഷത്തിന് ഒരുക്കമാകുന്ന പാദരക്ഷകൾ ധരിച്ച്, വിശ്വാസത്തിന്റെ പരിചയും വചനമാകുന്ന ആത്മാവിന്റെ വാളും കയ്യിലെടുത്ത് ഒരുങ്ങിയിരിക്കുക.

കൊറോണ നമുക്ക് പരിചിതമാക്കി തന്ന ചില അടയാളങ്ങൾ കൂടി ഓർമ്മിക്കുന്നത് നല്ലതാണ്: ഒന്നാമതായി, മാസ്ക് ധരിക്കുന്നത് അനാവശ്യ സംഭാഷണങ്ങൾ ഒഴിവാക്കുന്നതിന് സഹായിക്കും. 'സോഷ്യൽ ഡിസ്റ്റൻസിംഗ്' കുടുംബത്തിന്റെ ഭദ്രത തകർക്കുന്ന അനാവശ്യ സമ്പർക്കങ്ങൾ ഒഴിവാക്കുന്നതിന് സഹായിക്കും. 'റൂട്ട് മാപ്പ്' (Route map) എപ്പോഴും സുതാര്യവും വ്യക്തവുമായിരിക്കണം. അരുതാത്ത വഴികൾ ഉപേക്ഷിക്കുവാൻ ഇത് സഹായിക്കും. ചില ദുശ്ശീലങ്ങൾ, ആസക്തികൾ, അപകടകരമായ പ്രവണതകൾ എന്നിവയെ 'ക്വാറന്റീൻ' ചെയ്യേണ്ടതുണ്ട്. ഇത് കുടുംബജീവിതം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകമാകും. അവസാനമായി എന്നാൽ സർവ്വപ്രധാനമായി കുടുംബബന്ധങ്ങളെ പവിത്രമായി കാത്തുസൂക്ഷിക്കുക അഥവാ 'സാനിറ്റൈസ്' (Sanitise) ചെയ്യുക. ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ കെട്ടുറപ്പുള്ള ഒരു കുടുംബ ജീവിതം സാധ്യമാകും. സ്നേഹസമ്പൂർണ്ണവും ശാന്തവും സമാധാനവും കൃപയും നിറഞ്ഞതുമായ ഒരു കുടുംബജീവിതം സ്വപ്നം കാണുന്നവരാണ് എല്ലാവരും. ഇത് അസാധ്യമായ ഒന്നല്ല, സഫലമാക്കുവാൻ സാധിക്കുന്ന ഒരു യാഥാർത്ഥ്യം തന്നെയാണ് എന്ന് തിരിച്ചറിയുക.

www.malankaralibrary.com

# കൊറോണയും പ്രതീതിലോകവും

ഡോ. ആന്റോ ചേരാംതുരുത്തി

## ആമുഖക്കുറിപ്പ്

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാമാരിയായി ഐക്യരാഷ്ട്ര സംഘടന വിശേഷിപ്പിച്ച കോവിഡ്-19, മനുഷ്യ സമൂഹത്തെ അതിവേഗം കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന ഭീതിദമായ ഒരു കാലഘട്ടത്തിലൂടെ മാനവരാശി കടന്നുപോവു കയാണ്. 2019 ഡിസംബറിൽ ചൈനയിലെ വുഹാൻ നഗരത്തിൽ പ്രത്യക്ഷമായ കേവലം ഒരു സൂക്ഷ്മാണു മനുഷ്യന്റെ അസ്തിത്വ ത്തിനു മുമ്പിൽ വലിയ വെല്ലുവിളി ഉയർത്തിക്കൊണ്ട് 190-ലേറെ രാജ്യങ്ങളിൽ നാശം വിതച്ചുകൊണ്ടിരിക്കുന്നുവെന്നത് നമ്മെ ഏറെ ഭയപ്പെടുത്തുന്നു.

ഭൗതികലോകത്തിൽ ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ചിട ത്തോളം കാണപ്പെടുന്ന ഭൗതിക യാഥാർഥ്യങ്ങളാണ് (material realities). അവന്റെ വ്യവഹാരമേഖലയെങ്കിൽ, കൊറോണക്കാലത്തെ ചർച്ചകൾ മുഴുവനും, ബാഹ്യനേത്രങ്ങൾകൊണ്ട് കാണാനാകാത്ത, അദൃശ്യമായ ഒരു സൂക്ഷ്മാണുവിനെക്കുറിച്ചാണ്. നാം അധി വസിക്കുന്ന ഈ പ്രപഞ്ചത്തിൽ നമ്മുടെ ശ്രദ്ധയും കരുതലുമി ല്ലാതെ കോടിക്കണക്കിന് ജൈവയാഥാർഥ്യങ്ങൾ ഉണർന്നു പ്രവർ ത്തിക്കുന്നുണ്ടെന്ന് നമുക്ക് കൂടുതൽ ബോധ്യപ്പെട്ടുകൊണ്ടി രിക്കുന്നു. പ്രപഞ്ചത്തിലെ സ്ഥൂലയാഥാർഥ്യങ്ങളെക്കാൾ (visible realities) ഏറെ ശക്തിയും കരുത്തും സൂക്ഷ്മ ജീവജാലങ്ങൾക്കു ണ്ടെന്ന് (invisible realities) കൊറോണക്കാലത്തു നാം തിരിച്ചറി യുന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ സാമൂഹ്യഅകലം പാലിച്ച് (social distancing), ഒരിടത്തു പൂട്ടപ്പെട്ടവരെപ്പോലെ (lockdown), മുഖാവരണം ധരിച്ച് (mask), ഓലൈൻ സംവിധാനങ്ങളുടെ അദൃശ്യലോകത്തിലേക്ക് ആഗോള സമൂഹം ചുവടുറപ്പിക്കുന്നു.



കമ്പ്യൂട്ടർ, സ്മാർട്ട് ഫോണുകൾ, മറ്റ് ഇലക്ട്രോണിക് മാധ്യ മങ്ങൾ എന്നിവയുടെയൊക്കെ സഹായത്തോടെ ഗൂഗിൾ മീറ്റിങ്ങു കൾ, സൂം മീറ്റിങ്ങുകൾ, വീഡിയോ കോൺഫെറൻസുകൾ, ഓൺലൈൻ ക്ലാസ്സുകൾ, വെർച്യുൽ ക്യൂ തുടങ്ങിയ ആധുനിക സാങ്കേതിക രീതികൾ കൊറോണക്കാലത്തു കൂടുതൽ വ്യാപക മാകുന്നു. കാണപ്പെടുന്ന ലോകത്തിന് അപ്പുറമുള്ള വിശാലമായ ഈ ലോകമാണ് പ്രതീതിലോകം അല്ലെങ്കിൽ virtual world എന്ന് അറിയപ്പെടുന്നത്.

മനുഷ്യന്റെ പരിണാമ പ്രക്രിയയിൽ പുതിയ അവബോധ ങ്ങളും കൂടുതൽ വളർച്ചയുടെ തലങ്ങളും ഉണ്ടെന്ന് ലോകം തിരിച്ചറിയുകയാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഈ മേഖലയിൽ വലിയ ഇടപെടലുകൾ നടത്തിയ ഫ്രഞ്ചു ചിന്തകനായ തെയ്യാർഡ് ഡി ഷർദാൻ (1881-1955) തന്റെ വിഖ്യാതമായ *The Phenomenon of Man* എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതി: മനുഷ്യ ന്റെ പരിണാമ പ്രക്രിയ ഒരു അടഞ്ഞ അധ്യായമല്ല, മറിച്ച് അവന്റെ മനോമണ്ഡലം (noosphere) കൂടുതൽ ഗുണപരമായ തലങ്ങളിലേക്ക് വളർന്നുകൊണ്ടിരിക്കും. മനുഷ്യൻ എന്ന പ്രതിഭാസത്തെക്കു റിച്ചുള്ള ഈ കണ്ടെത്തൽ തന്നെയാണ് ഭാരതീയ തത്ത്വചിന്തക നായ അരവിന്ദ ഘോഷും (1872-1950) അമേരിക്കൻ ചിന്തകനായ കെൻ വിൽബറും (1949-) ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ വൻമുന്നേറ്റം virtual ലോകത്തിന്റെ അദൃശ്യമായ തലങ്ങളിലേക്ക് മനുഷ്യനെ എത്തിച്ചിരിക്കുന്നു വെന്നത് വിസ്മയത്തോടെ നാം നോക്കിക്കാണുന്നു.

## പ്രതീതിലോകത്തിലെ കാണാക്കാഴ്ചകൾ

ദൈവശാസ്ത്ര-ദാർശനിക മേഖലകളിൽ തനതായ സംഭാവ നകൾ നൽകിയ റെയ്മൺ പണിക്കർ (1918-2010) തന്റെ ഗ്രന്ഥത്തിൽ (*Invisible Harmony*, 1995) ഇങ്ങനെ എഴുതി: മനുഷ്യന്റെ ചരിത്രാവ ബോധം (historical consciousness) അവനെ ശാസ്ത്രത്തിന്റെ കണ്ണുകളിലൂടെ എല്ലാറ്റിനെയും നോക്കിക്കാണാനും, ഭാവികേന്ദ്രീ കൃതമായ (future oriented) ഒരു ജീവിതശൈലി സ്വീകരിക്കുവാനും നിർബന്ധിതനാക്കി. ശാസ്ത്രത്തിന്റെ അനിയന്ത്രിതമായ വളർച്ച യിൽ, നൂതനങ്ങളായ സാങ്കേതിക വിദ്യകൾ (technology) രൂപ പ്പെടുന്ന ഈ സാങ്കേതിക മികവ് മനുഷ്യ ജീവിതത്തിന്റെ വേഗത വർദ്ധിപ്പിക്കുകയും, ലോകം മുഴുവനും നിമിഷനേരംകൊണ്ട് ബന്ധ

www.malankaralibrary.com

പ്പെടുവാനും (ability to connect) മനുഷ്യനെ സഹായിച്ചു. സ്ഥലം (space) എന്നത് മനുഷ്യാസ്തിത്വത്തിന്റെ മൗലികമായ പരിമിതി യാണെങ്കിലും, ഇന്റർനെറ്റിന്റെ കടന്നുവരവോടെ, അസ്തിത്വ ത്തിന്റെ പുതിയ ഇടങ്ങളും, സംവിധാനങ്ങളും (cyber space) സൃഷ്ടിക്കപ്പെട്ടു. ആഗോളസമൂഹം ഇലക്ട്രോണിക് സംവിധാന ത്തിലൂടെ പരിമിതികളില്ലാത്ത ഒരു നെറ്റ്വർക്കായി മാറി. മനുഷ്യനെ വിസ്മയിപ്പിക്കുന്ന ഈ നെറ്റ്വർക്ക് സംവിധാനത്തിന്റെ അനന്ത സാധ്യതകളിൽ ആവേശംപൂണ്ട് മനുഷ്യൻ, യഥാർത്ഥ്യ മായ ലോകത്തെക്കാൾ ഈ പ്രതീതിലോകം ശ്രേഷ്ഠമെന്നു കരുതി.

കൊറോണക്കാലത്ത് ദൃശ്യലോകത്തിന്റെ വ്യവഹാരങ്ങളിൽ നിന്ന് പ്രതീതി ലോകത്തിലേക്ക് നമുക്ക് ചേക്കേറേണ്ടി വന്നു. ഈ അപ്രതീക്ഷിത മാറ്റത്തിന് രണ്ടു വശങ്ങളുണ്ട്. ഒരു വശത്ത്, അക്ഷരജ്ഞാനം ഇല്ലാത്തവർപോലും ഈ കൊറോണ കാലത്ത് സാങ്കേതികവിദ്യകൾ കൈകാര്യം ചെയ്യാൻ പഠിച്ചു എന്നതാണ്. ഓൺലൈൻ പഠനരീതിയും സാമൂഹ്യബന്ധത്തിന്റെ പുതിയ മാനങ്ങളും കണ്ടെത്തുവാൻ നാം നിർബന്ധിതരായി. വിദ്യാഭ്യാസ രംഗത്ത് അധ്യാപക-വിദ്യാർഥി ബന്ധം എന്നത് സ്ക്രീനുകളിൽ മാത്രമായി ഒതുങ്ങി. വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം പഠനത്തിന് ഭാഷ ഒരു പ്രശ്നമല്ലാതായി. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് അവനവന്റേതായ ഭാഷകളിൽ മനസ്സിലാക്കാനുള്ള സോഫ്റ്റ്വെയറുകൾ വിദ്യാർഥികൾക്ക് വിരൽത്തുമ്പിൽ ലഭ്യമായി. കൊറോണയെ പ്രതിരോധിക്കുവാൻ അനാവശ്യ യാത്രകൾ ഒഴിവാക്കാൻ നാം നിർബന്ധിതരായെങ്കിലും, യഥാർത്ഥത്തിൽ യാത്ര ചെയ്യാതെ തന്നെ ഇലക്ട്രോണിക് സംവിധാനങ്ങളുടെ അകമ്പടിയോടെ ഒരിടത്തായിരുന്നുകൊണ്ടുതന്നെ അകലങ്ങളി ലേക്ക് നമുക്ക് യാത്ര ചെയ്യാനായി. ഓഫീസ് സങ്കൽപങ്ങളെ പൊളിച്ചെഴുതി വീടുകളിൽ തന്നെ ഇരുന്ന് ജോലി ചെയ്യാനും (work at home), ജനം ഓഫീസുകളിൽ എത്തുന്നത് പരമാവധി കുറച്ച് കൂടുതൽ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ ഓൺലൈനായി നല്കുന്നതുമെല്ലാം കൊറോണക്കാലത്തെ പ്രവർത്തനശൈലി യായി മാറി. ഇതെല്ലാം virtual ലോകത്തിന്റെ നന്മയായി കാണണം. ഇങ്ങനെയൊക്കെയാണെങ്കിലും, അദൃശ്യമായ ഈ ലോകത്തിൽ അഭിരമിക്കുന്ന നമ്മളൊക്കെ പൂർണമായും സംതൃപ്തരോ, സന്തോഷവാന്മാരോ അല്ല എന്നതാണ് സത്യം. ഈ പ്രതീതി



ലോകത്തിനും പരിമിതികളുണ്ടെന്ന ഒരു തിരിച്ചറിവിലേക്ക് ഇതു നമ്മെ എത്തിക്കുന്നു.

**പ്രതീതി ലോകത്തിന്റെ പരിമിതികൾ**

കൊറോണക്കാലത്ത് ഇലക്ട്രോണിക് ഉപകരണങ്ങളാൽ നാം ബന്ധിക്കപ്പെട്ടുവെങ്കിലും ഹൃദയങ്ങൾ തമ്മിൽ ആഴത്തിൽ ബന്ധിക്കപ്പെടാതെ പോകുന്നില്ലേയെന്ന് നാം സംശയിക്കുന്നു. We are electronically connected, and psychologically disconnected. അതുകൊണ്ടാണല്ലോ ഓൺലൈൻ ക്ലാസ്സുകളും ആരാധനയും, വെബിനാറുകളുമെല്ലാം ഇപ്പോൾ നമുക്ക് ബോറടിപ്പിക്കുന്ന അനുഭവ ങ്ങളായി മാറിക്കൊണ്ടിരിക്കുന്നത്. ടെലിവിഷന്റെ മുൻപിലിരുന്ന് കുർബാന കണ്ട  നമുക്ക് എത്രയും പെട്ടെന്ന് പള്ളിയിൽ പോയി കുർബാനയിൽ സംബന്ധിക്കുക എന്ന ആഗ്രഹമായി. എന്താണ് ഈ മനോഭാവ മാറ്റത്തിന് കാരണമെന്ന് ചോദിച്ചാൽ, മനുഷ്യന്റെ ശരീരവും (body), അതിന്റെ ഭാഷയും (body language), അടുപ്പവും (physical proximity), ഊഷ്മളതയുമെല്ലാമാണ് നമ്മുടെ ജീവിതത്തെ ക്രിയാത്മകമാക്കുന്നതും അർത്ഥവത്താക്കുന്നതും എന്നതുതന്നെ. ശാരീരികമായ സാന്നിധ്യവും (physical presence), അടുപ്പവുമെല്ലാം നമ്മുടെ ബന്ധങ്ങളെ കൂടുതൽ സജീവമാക്കും. അതുകൊണ്ടല്ലേ, കൊറോണ പകരാതിരിക്കാൻ ക്വാറന്റൈനിൽ കഴിയുന്നവർ എത്രയും വേഗം പുറം ലോകം കാണാൻ വീർപ്പുമുട്ടുന്നത്. ഒരാൾ മുഖത്തോടു മുഖം നോക്കി സംസാരിക്കുന്നതും, മൊബൈലിൽ സംസാരിക്കുന്നതും തമ്മിൽ വ്യത്യാസമുള്ളതുപോലെയാണ് ദൃശ്യലോകവും പ്രതീതിലോകവും തമ്മിലുള്ള വ്യത്യാസം.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരതകൾ നേരിട്ടനുഭവിച്ച യഹൂദ ചിന്തകനായ എമ്മാനുവേൽ ലെവിനാസ് (1905–1995) വ്യക്തിബന്ധങ്ങളെ ആഴത്തിൽ അപഗ്രഥിച്ചുനൽകുന്ന നിഗമനം ഇതാണ്. The face of the other is a living epiphany (അപരന്റെ മുഖം ജീവനുള്ള വെളിപാടാണ്). മുഖമുള്ള മനുഷ്യൻ പലപ്പോഴും മുഖം നഷ്ടപ്പെട്ടവനെപ്പോലെയും, യഥാർത്ഥ മുഖം മറ്റുള്ളവർ തിരിച്ച റിയാതെ ജീവിക്കുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്ന ഉത്തരാധു നിക കാലഘട്ടത്തിൽ സാക്ഷാൽ മുഖാവരണം (mask) അണിഞ്ഞു നടക്കേണ്ടിവരുന്നു എന്നത് മറ്റൊരു വിരോധാഭാസം.

വളരെ സാന്ദർഭികമായിട്ടാണെങ്കിലും ഒരുകാര്യം ഇവിടെ ഓർക്കുന്നു. മനഃശാസ്ത്രത്തിൽ വ്യക്തിത്വം (personality) എന്ന

www.malankaralibrary.com

വാക്കിന്റെ ഉൽഭവം ലത്തീൻ ഭാഷയിലെ 'persona' എന്ന പദത്തിൽ നിന്നാണെന്ന് നാം വായിക്കുന്നു. അതിന്റെ അർഥം മുഖാവരണം (mask) എന്നാണല്ലോ. ഓരോ വ്യക്തിയും തന്റെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുവാൻ വ്യത്യസ്ത മുഖാവരണങ്ങൾ എടുത്തണിയുന്നു. ഈ മുഖാവരണം സാധാരണ നിലയിൽ വ്യക്തിയുടെ മാനസിക തലത്തിലാണെങ്കിൽ കൊറോണക്കാലത്ത് മുഖാവരണങ്ങൾ ദൃശ്യലോകത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു.

സൗഹൃദങ്ങളും സഖിത്വവുമാണ് നമ്മുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതെങ്കിൽ, ബന്ധങ്ങളുടെ ഊഷ്മളതയും, ചൂടും ചൂരും നമുക്ക് അനുഭവിക്കാനാകും. ശരീരത്തിന്റെ സാന്നിധ്യമില്ലാത്ത പ്രതീതി ലോകത്തിലെ ബന്ധങ്ങൾ, വെറും ഉപരിപ്ലവമായ ബന്ധങ്ങളാണെന്ന് നാം തിരിച്ചറിയുന്നു. 'To be is to be related' എന്നാണല്ലോ തത്ത്വം. കൊറോണക്കാലത്ത് നമുക്ക് ഓൺലൈൻ ബന്ധങ്ങളും, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള ബന്ധങ്ങളും വർധിച്ചിട്ടുണ്ട്. പക്ഷേ, നാം ആഗ്രഹിക്കുന്ന ഹൃദയതലത്തിലുള്ള അടുപ്പവും ഒരുമയും അവിടെ ഇല്ലാതെ പോകുന്നു. Communication breeds communion എന്നാണല്ലോ പറയുക. ആശയ സംവേദനം ആത്മസംസ്സർഗ്ഗത്തെ വളർത്തുന്നു. മാർട്ടിൻ ബ്യുബറെപ്പോലുള്ള അസ്തിത്വ ചിന്തകർ (1878-1965) പറയുന്നതുപോലെ ഞാനും-നീയും (I-thou) യഥാർത്ഥ ബന്ധത്തിലാണ് ഒരുവന്റെ വ്യക്തിത്വത്തിന്റെ സമഗ്രവളർച്ച സാധ്യമാകുന്നത്. പ്രതീതിലോകത്തിൽ ഈ ബന്ധം വെറും ഉപരിപ്ലവമാകുന്നു. മനുഷ്യനെന്ന യാഥാർഥ്യം ക്രിയാത്മകതയൊന്നുമില്ലാതെ, ഒരിടത്തുമാത്രം നിലയുറപ്പിച്ചവനല്ല (static being). അവന് ചലനാത്മകതയും, ക്രിയാത്മകതയുമുണ്ട്. ജാഗ്രത പാലിക്കാൻ ആവശ്യപ്പെടുന്ന ഈ കൊറോണക്കാലത്ത് യാത്രകൾ ഒഴിവാക്കി ഭവനങ്ങളിൽ കഴിഞ്ഞുകൂടുകയാണ് നാം. മനുഷ്യന്റെ ഈ സഞ്ചാരസ്വാതന്ത്ര്യത്തിന് നിയന്ത്രണമായപ്പോൾ വാഹനങ്ങൾ ഒഴിവാക്കി സാമൂഹ്യമാധ്യമങ്ങളിലൂടെ നാം യാത്ര ചെയ്യുന്നു. അസ്തിത്വ ചിന്തകനായ ഗബ്രിയേൽ മാർസൽ (1889-1973) മനുഷ്യനു നല്കിയ പേരാണ് Homo Viator - മനുഷ്യനെന്ന യാത്രക്കാരൻ. ഈ യാത്ര ഇന്ന് പ്രതീതി ലോകത്തിലേക്കായി ഏറെ ചുരുങ്ങുന്ന കാഴ്ച നാം കാണുന്നു.

**പുതിയ അവബോധങ്ങൾ**

തത്ത്വശാസ്ത്രത്തിന്റെ ആരംഭംമുതൽ ഇന്നോളം നിലനിൽക്കുന്ന രണ്ട് വ്യത്യസ്തങ്ങളായ വാദഗതികളുണ്ട്. ഒന്നാമത്തേത്, ഇന്ദ്രിയങ്ങൾക്ക് ഗോചരമായവ മാത്രമേ സത്യമായിട്ടുള്ളു എന്ന കാഴ്ചപ്പാടാണ് (materialism). പശ്ചാത്യ തത്ത്വശാസ്ത്രത്തിൽ നിലനിന്ന ആ ആറ്റോമിക കാഴ്ചപ്പാട് (atomism) തികച്ചും ഭൗതികതയിലൂന്നിയതാണ്. ഭാരതീയ തത്ത്വശാസ്ത്രത്തിൽ വളർന്നുവന്ന ചാർവാക ദർശനവും ഇതേ ആശയത്തിന് ഊന്നൽ നൽകുന്നു. ദൃശ്യ ലോകത്തിനേ ഇവിടെ പ്രസക്തിയുള്ളൂ. രണ്ടാമത്തേത് മനസ്സും ആശയങ്ങളും മാത്രമേ സത്യമായിട്ടുള്ളൂ എന്ന് പഠിപ്പിക്കുന്ന ആശയവാദമാണ് (idealism). ഈ വാദഗതികളെ കൂട്ടിയിണക്കി ദൃശ്യലോകത്തെയും അദൃശ്യലോകത്തെയും മനോഹരമായി ബന്ധിപ്പിച്ച തത്ത്വശാസ്ത്രജ്ഞനാണ് ഇമ്മാനുവൽ കാന്റ് (1724-1804). ദൃശ്യലോകത്തെ അദ്ദേഹം ഫിനോമിനൻ(പ്രതിഭാസം) എന്നും അദൃശ്യലോകത്തെ ന്യുമിനൻ എന്നും വിളിച്ചു. നമ്മുടെ കാഴ്ചകളെല്ലാം ഈ പ്രതിഭാസങ്ങളുടെ ലോകമാണ്. അതിൽനിന്ന് യഥാർഥത്തിലുള്ള ഉൾകാഴ്ചകളിലേക്കും സത്യത്തിലേക്കും നാം നീങ്ങണം.

കൊറോണക്കാലത്ത് നമ്മിൽ വളർന്നുവന്ന മറ്റൊരു ശക്തമായ അവബോധം, മനുഷ്യാസ്തിത്വവുമായി ബന്ധപ്പെട്ട ഏതൊരു കാലിക പ്രശ്നവും അപഗ്രഥിക്കേണ്ടത് മനുഷ്യന്റെ ആത്മജ്ഞാനത്തിൽ നിന്നാകണം (self understanding) എന്നതാണ്. ദൃശ്യലോകത്തിന്റെ നന്മയും ന്യൂനതകളും നമ്മൾ മനസ്സിലാക്കി. പ്രപഞ്ചത്തിലെ എന്തിനേയും നൂറുശതമാനം ഒപ്പിയെടുക്കുവാൻ ശാസ്ത്രബുദ്ധിക്ക് അസാധ്യമാണെന്ന് നാം കണ്ടറിഞ്ഞു. എല്ലാം മനസ്സിലാക്കി സകലതും നിയന്ത്രിക്കാമെന്ന മനുഷ്യന്റെ ഗർവ് അപകടകരമാ ണെന്ന് കൊറോണവൈറസ് നമ്മെ പഠിപ്പിച്ചു. ഒരു സൂക്ഷ്മാണു വിനെ പ്രതിരോധിക്കാനാവാതെ ശാസ്ത്രലോകം പകച്ചു നിൽക്കുന്ന കാഴ്ച ദൃശ്യലോകത്തിൽ അഭിരമിക്കുന്ന മനുഷ്യൻ എത്ര നിസ്സാരനാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഒപ്പം കൊറോണയുടെ വരവോടെ വെർച്യുൽ ലോകത്തിന്റെ സാധ്യതകളും പരിമിതി കളും എത്രമാത്രമാണെന്നും നാം അനുഭവിച്ചറിഞ്ഞു.

**പാരസ്പര്യത്തിന്റെ നൂതന കാഴ്ചപ്പാട്**

മനുഷ്യന്റെ അസ്തിത്വപരമായ നിലനിൽപ്പിന് ഈ രണ്ട് ലോകവും ആവശ്യമാണ്. ദൃശ്യ ലോകവും, വെർച്യുൽ ലോകവും, ഫിനോമിനനും, ന്യുമിനനും, ഭൗതികതലവും, ആശയതലവുമെല്ലാം അർത്ഥവത്തായ ജീവിതത്തിന് ആവശ്യമാണ്. ഏതെങ്കിലും ഒന്നിനെ കേവലവൽക്കരിച്ച് മറ്റേതിനെ അവഗണിക്കാനോ പാർശ്വ



www.malankaralibrary.com

വൽക്കരിക്കാനോ നമുക്കാവില്ല. ദൃശ്യലോകത്തോടുള്ള അമിതമായ ആസക്തി അപകടമാവുന്നതുപോലെ തന്നെ പ്രതീതിലോകത്തോടുള്ള അത്യാസക്തിയും അപകടകരമാണ്. പാരസ്പര്യത്തിലാണ് അസ്തിത്വം ഇതൾ വിരിയേണ്ടത് (principle of complementality). ഭൗതികതയും, ശാസ്ത്രീയതയും, ദൃശ്യലോകവും, അദൃശ്യലോകവും തമ്മിൽ ആരോഗ്യപരമായ ഒരു കൂടിച്ചേരലാണ് ആവശ്യം. പരസ്പരാശ്രയത്വത്തിന്റെ (inter-dependence) ഒരു ചിന്താരീതിയും ജീവിതക്രമവും രൂപപ്പെടുത്തുവാൻ നമുക്കാകണം. പ്രപഞ്ചത്തിലെ സൂക്ഷ്മവും സ്ഥൂലവുമായ എല്ലാ യാഥാർഥ്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഏതെങ്കിലുമൊന്ന് അപകടത്തിലായാൽ മറ്റെല്ലാം തകിടംമറിയും. ഒരുപക്ഷേ, കൊറോണക്കാലം കഴിഞ്ഞാലും നമുക്ക് പ്രതീതിലോകവുമായി കൂടുതൽ ബന്ധപ്പെടേണ്ടിവരും. എന്നിരുന്നാലും, പാരസ്പര്യത്തിന്റെ മനോഭാവത്തിൽ ഇവയെ നോക്കിക്കാണാനും ആദർശവൽക്കരിക്കാതിരിക്കാനും നമുക്കാകണം. അസ്തിത്വമെന്നത് സഹാസ്തിത്വമാണെങ്കിൽ (Existence is co-existence), മനുഷ്യനെ ആദരിച്ചും, ഈ പ്രകൃതിയെയും മണ്ണിനെയും സ്നേഹിച്ചും, അതീന്ദ്രിയതലങ്ങളിലേക്ക് ഉയരുവാൻ മനുഷ്യകുടുംബത്തിന് സാധ്യമാകുമ്പോൾ കാണപ്പെടുന്നതും കാണപ്പെടാത്തതുമായ യാഥാർഥ്യങ്ങൾ ഉൾച്ചേരുന്ന ഈ പ്രപഞ്ചം നമ്മുടെ പൊതുഭവനമായി മാറും. ഇതാകട്ടെ കൊറോണ നൽകുന്ന ജീവിത പാഠം.

# കൊറോണയും അസ്തിത്വപ്രതിസന്ധിയും

**ഡോ. ലിന്റോ ജോൺ കുറ്റിക്കാടൻ**

വിശ്വപ്രസിദ്ധ യവനതത്ത്വചിന്തകനായ അരിസ്റ്റോട്ടിൽ (BC 385-323) ഇപ്രകാരം എഴുതിയിട്ടുണ്ട്: ഓരോ വിജ്ഞാനദാഹിയും തന്റെ ജ്ഞാനോപാസനയിൽ “ഓരോ വിഷയവും അനുവദിക്കുന്ന പരമാവധി വ്യക്തതയും കൃത്യതയും ആണ് ലക്ഷ്യം വയ്ക്കേണ്ടത്”.[1] ലോകമെമ്പാടുമുള്ള അനേകം തലമുറകളിലെ മനുഷ്യരെ താത്വികവും ധാർമ്മികവുമായ ജീവിതശൈലിയിലൂന്നിക്കൊണ്ട് ശാസ്ത്ര സാങ്കേതിക മേഖലകളിൽ മികവ് നേടുവാൻ പ്രചോദിപ്പിച്ച വാക്കുകളാണിവ. അതിഭൗതിക ശാസ്ത്രത്തിലൂന്നിയ ഒരു ദൈവശാസ്ത്രവും ധാർമ്മികതയും ഇതിലൂടെ വളർന്നുവന്നുവെന്ന ചരിത്രസത്യം നമുക്ക് വിസ്മരിക്കാനാകില്ല. കാലചക്രം മുന്നോട്ടു നീങ്ങിയപ്പോൾ ഈ ശൈലിക്കു രൂപമാറ്റം സംഭവിച്ചു. ഭൗതികമായ നേട്ടങ്ങളെ മാത്രം ലക്ഷ്യംവച്ച് ശാസ്ത്രസാങ്കേതിക രംഗം വികസിപ്പിക്കുവാൻ തുടങ്ങി. ഇങ്ങനെ ജീവിക്കുന്ന, 21-ാം നൂറ്റാണ്ടിലെ ആധുനിക മനുഷ്യന്റെ മുൻപിൽ ഉത്തരം കിട്ടാത്ത ഒരുപിടി ചോദ്യങ്ങളും അതു സൃഷ്ടിക്കുന്ന ആകുലതകളുമായി കൊറോണയെന്ന കുഞ്ഞൻ വൈറസ് പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്.

മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്ക് അഗോചരങ്ങളായ ഈ വൈറസ് മനുഷ്യാസ്തിത്വത്തിന്റെ സമസ്തമേഖലകളെയും അസ്ഥിരപ്പെടുത്തിയിരിക്കുന്നു. മനുഷ്യാസ്തിത്വത്തെക്കുറിച്ചുള്ള ആഴമേറിയ ചോദ്യങ്ങൾ അഭിമുഖീകരിക്കുവാൻ പകർച്ചവ്യാധി എല്ലാവരേയും നിർബന്ധിക്കുന്നു. നിരാശപ്പെടേണ്ടതില്ലെന്ന് ബുദ്ധിയും മനസ്സും പറയുന്നു. കൊറോണ വൈറസ് ഒരു ഭൂകമ്പംപോലെയാണ്. കാരണം ഭൂകമ്പത്തിനുശേഷം ഒന്നും പഴയതുപോലെയാകില്ല. മനുഷ്യന്റെ സ്വയാവബോധത്തിന്റെ പുനർ രൂപകല്പനയിലൂടെ ഒരു നവലോകസൃഷ്ടി സാധ്യമാകുമെന്ന് തന്നെയാണ് പ്രതീക്ഷ. കാരണം ഇത്തരം പ്രതിസന്ധികളിലാണ് ചരിത്രം കുറിക്കപ്പെടു

www.malankaralibrary.com

ന്നതും പുനർനിർമ്മിക്കപ്പെടുന്നുതം. അതിലേക്ക് വെളിച്ചം വീശുന്ന എളിയതും ഹ്രസ്വവുമായ ചിന്തകളാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യവിഷയം.

ഒരു വ്യക്തിയുടെ അസ്തിത്വത്തിന് പ്രധാനമായും രണ്ട് തലങ്ങളാണുള്ളത്: ഒന്ന്, ബാഹ്യവും ഉപരിപ്ലവുമായ അസ്തിത്വം (Formal Act); രണ്ട്, ആന്തരികവും ആത്യന്തികവുമായ അസ്തിത്വം (Entitative Act).[2] ഈ രണ്ടു തലങ്ങളിലും ചില പൊളിച്ചെഴുത്തുകൾ അത്യാവശ്യമായി തീർന്നിരിക്കുന്നു.

ബാഹ്യവും ഉപരിപ്ലവുമായ അസ്തിത്വം ഒരു വ്യക്തിയുടെ ആത്യന്തികമായ അസ്തിത്വത്തിന്റെ സാമൂഹികമായ കാഴ്ചപ്പാടാണ്. ലളിതമായി അവതരിപ്പിച്ചാൽ, ഒരു വ്യക്തി അവന്റെ സമൂഹത്തിൽ നിർവഹിക്കുന്ന കർത്തവ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണിത്. ഒരു രാഷ്ട്രതന്ത്രജ്ഞൻ തന്റെ അധികാരപരിധിയിൽപ്പെടുന്ന ജനങ്ങളെ കൊറോണയെന്ന മഹാമാരിയിൽനിന്നു സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധനാകുമ്പോഴും, ഒരു വൈറോളജിസ്റ്റ് പകർച്ച വ്യാധിക്കെതിരെയുള്ള മരുന്നു സൃഷ്ടിക്കുവാൻ പരിശ്രമിക്കുമ്പോഴും, ആരോഗ്യപ്രവർത്തകർ ലഭ്യമായ മരുന്നുകളുടെ അടിസ്ഥാനത്തിൽ രോഗം നിയന്ത്രണവിധേയമാക്കുവാൻ യത്നിക്കുമ്പോഴും, മതനേതാക്കൾ ആത്മീയ വെളിച്ചം പകർന്നു നല്കുമ്പോഴും നിയമപാലകർ പകർച്ചവ്യാധിയുടെ വ്യാപനം തടയുവാനുള്ള സംവിധാനങ്ങൾ ഒരുക്കുമ്പോഴും, കുടുംബനാഥൻ തങ്ങളുടെ കുടുംബാംഗങ്ങളെ സംരക്ഷിക്കുവാൻ പരിശ്രമിക്കുമ്പോഴും തങ്ങളുടെ ബാഹ്യമായ അസ്തിത്വത്തിന് വെല്ലുവിളികൾ നേരിടുന്നതായി തിരിച്ചറിയുന്നു. നമ്മുടെ അരികെ നില്ക്കുന്ന വ്യക്തിയുടെ ആരോഗ്യം നമ്മുടെ ആരോഗ്യംപോലെതന്നെ പ്രധാനമാണെന്ന് കോവിഡ്-19 നമ്മെ ഓർമ്മിപ്പിക്കുന്നു.

ബാഹ്യമായ അസ്തിത്വം ഭീഷണിയുടെ നിഴലിൽ ആയിരിക്കുമ്പോൾ തന്നെ സർവരും തിരിച്ചറിയുന്ന സത്യം തങ്ങളുടെ അടിസ്ഥാനപരമായ അസ്തിത്വവും അപകടത്തിലാണെന്നുള്ളതാണ്. ഈ പകർച്ചവ്യാധി തന്റെ ജീവനും അപകടത്തിലാക്കിയേക്കാമെന്ന ചിന്ത ഒരുവനെ ആകുലനാക്കുന്നു. പകർച്ചവ്യാധിക്ക് ഇംഗ്ലീഷിൽ പറയുന്നത് 'പാൻഡെമിക്' (pandemic) എന്നാണല്ലോ. ഈ പദം രൂപപ്പെടുന്നത് 'പാൻ' (സർവ്വ), 'ഡെമോസ്' (ജനങ്ങൾ) എന്നീ രണ്ട് ഗ്രീക്ക് വാക്കുകളിൽനിന്നാണ്. അതായത് 'പാൻഡെമിക്' അല്ലെങ്കിൽ പകർച്ചവ്യാധി എന്നാൽ സർവജനങ്ങളെയും ഒരുപോലെ ബാധിക്കുന്നതെന്നർത്ഥം. നിങ്ങൾ ആരുമായിക്കൊള്ളട്ടെ, എവിടെയും ആയിക്കൊള്ളട്ടെ പകർച്ചവ്യാധി പിടിക്കപ്പെടുവാനുള്ള സാധ്യതയുണ്ട്. ഇതുതന്നെയാണ് ഫ്രാൻസിസ് മാർപാപ്പാ തന്റെ സന്ദേശത്തിൽ പങ്കുവയ്ക്കുന്നത്: "ദുർബലരും വഴിതെറ്റിയവരുമായ നാമെല്ലാവരും ഒരേ ബോട്ടിലാണെന്ന തിരിച്ചറിവ് ഉണ്ടാകണം".[3]



നമ്മുടെ ബാഹ്യവും ആത്യന്തികവുമായ അസ്തിത്വത്തെ അപകടത്തിലാക്കുന്ന കൊറോണയെന്ന കുഞ്ഞൻ വൈറസ് നമ്മെ പഠിപ്പിക്കുന്ന ചെറുതല്ലാത്ത ശുഭസൂചകങ്ങളായ കാര്യങ്ങളാണ്.

ഈ കൊറോണക്കാലത്താണ് നാം പഞ്ചായത്ത്, ജില്ല, സംസ്ഥാന അതിർത്തികളെക്കുറിച്ച് ഇത്രയേറെ ബോധവാന്മാരാകുന്നത്. അതിരുകൾക്കുള്ളിൽ ജനങ്ങളെ തളച്ചിടുന്നത് വളരെ പ്രായോഗികമായ സമീപനമാണെങ്കിലും അത് സൂചിപ്പിക്കുന്നതു തന്നെ കൊറോണ വൈറസിന് അതിർത്തി, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങളില്ല എന്നുതന്നെയാണ്. ജനനവും മരണവും മനുഷ്യജീവിതത്തിന്റെ അനിവാര്യതയാണെങ്കിൽ അതിലൂടെ കടന്നുപോകുന്ന എല്ലാ ജന്മങ്ങളും തുല്യരാണെന്ന് ഈ വൈറസ് വ്യാപനം നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യരെല്ലാവരും മനുഷ്യത്വമെന്ന അദൃശ്യവും അതിഭൗതികവുമായ നൂലിനാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ രീതിയിൽ കൊറോണക്കാലം നമ്മുടെ പൊതുവായ മാനവികതയെയും ബന്ധത്തെയും ഓർമ്മപ്പെടുത്തുന്നു. മനുഷ്യാവകാശങ്ങൾ ആഗോളമൂല്യമാണെന്ന വസ്തുത ഊട്ടിയുറപ്പിക്കുന്നു. ആരോഗ്യ സംരക്ഷണത്തിന് തുല്യമായ അവകാശം, അന്തസ്സോടെ ഓരോരുത്തരേയും പരിഗണിക്കുന്നതിലെ സാമൂഹികനീതി എന്നിവ ജീവനോളം അമൂല്യമാണ് എന്നും ഈ കൊറോണക്കാലം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

മനുഷ്യന്റെ നിസ്സഹായാവസ്ഥ ആഗോളതലത്തിൽ തന്നെ, ഇത്രയേറെ വെളിപ്പെടുത്തപ്പെട്ട അവസരങ്ങൾ വിരളമാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ വളർച്ചകൊണ്ട് മാത്രം ഭൗതികമായ ഒരു സുസ്ഥിരലോകം പണിതുയർത്താമെന്ന് കരുതുന്നവർക്കുള്ള ഉണർത്തുനാദമാണ് ഈ കൊറോണക്കാലം. മനുഷ്യന്റെ പരിധികളും പരിമിതികളും തിരിച്ചറിഞ്ഞ്, അതിഭൗതികമായ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാനുള്ള വിനയം ആർജ്ജിച്ചെടുക്കുവാൻ ഈ കൊറോണാക്കാലം സഹായിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

www.malankaralibrary.com

അനിശ്ചിതത്വത്തിന്റെ ഈ നാളുകളിൽ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും പ്രദാനംചെയ്യുന്ന ഒരു പ്രത്യയശാസ്ത്രം രൂപപ്പെടുത്തുക എന്നുള്ളത് പ്രധാനപ്പെട്ടതാണ്. അസ്തിത്വത്തെ മുന്നോട്ടു നയിക്കുന്നതിൽ പ്രത്യാശയ്ക്കു വലിയ ഒരു പങ്കുണ്ട്. പ്രത്യാശ ശക്തമായ ഒരു ശക്തിയാകാം, പ്രത്യേകിച്ച് പ്രയാസകരമായ സമയങ്ങളിൽ. വീട്ടിൽ പൂട്ടിയിരിക്കുന്നവർക്കും (self-quarantine) വൈറസിനെ തടയുവാനും നശിപ്പിക്കുവാനും പ്രവർത്തിക്കുന്നവർക്കും 'ഞങ്ങൾ ഇത് മറികടക്കും' എന്ന ഉറപ്പും പ്രത്യാശയും ആവശ്യമാണ്.

**ഗ്രന്ഥസൂചിക**

1. Aristotle, *The Nichomachean Ethism* 1.3, 1094 b12-1095 a6, transl. Donald Ross, Oxford, Oxford University Press, 1980. സ്വതന്ത്രമായ വിവരണങ്ങളും വ്യാഖ്യാനങ്ങളുമാണ് ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്നത്.
2. Formal Act, Entitative Act എന്നീ അതിഭൗതികശാസ്ത്ര പദങ്ങൾക്ക് ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ കവിഞ്ഞ അർത്ഥവും വ്യാഖ്യാനങ്ങളുമുണ്ടെന്ന് ഓർമ്മിപ്പിക്കുന്നു.
3. www.vaticannews.va/en/pope/news/2020-03-urbi-et-orbi-pope-coronavirus, accessed on 25-06-2020

# കോവിഡ്-19: ഒരു മനസ്സുവായന

**പ്രഫ. കുഞ്ഞന്നമ്മ ജോൺ**
**റിട്ട. പ്രഫ. അൽഫോൻസാ കോളേജ്, പാലാ**

മനുഷ്യജീവിതം ഒരു കളിപ്പാട്ടംപോലെ കൈയിലെടുത്ത്, കാലത്തിന്റെ വ്യാകരണത്തെ പൊളിച്ചെഴുതിയും മനുഷ്യന്റെ എല്ലാ നിയന്ത്രണ സീമകളെയും വെല്ലുവിളിച്ചും കൊറോണ എന്ന സൂക്ഷ്മാണു ജന്മം നല്കിയ കോവിഡ്-19 മനുഷ്യമനസ്സുകളിൽ ഭയാശങ്കകൾ വാരിവിതറുകയാണ്. പേരിൽ കിരീടത്തിന്റെ പ്രൗഢിയും പരീക്ഷണശാലയിലെ നിരീക്ഷണത്തിൽ, ജീവരക്തത്തിലെ അരുണവർണ്ണത്തിന്റെ ശോഭയും ഉണ്ടെങ്കിലും കൂർത്തമുള്ളുകളെ ആവരണം ചെയ്യുന്ന കൊറോണയുടെ ചുവപ്പുരാശി ഒരു അപായ സൂചനയാണ്. ഒരു സമൂഹത്തിന്റെ നിലനില്പിന്റെയും നടപടിക്രമത്തിന്റെയും അടിസ്ഥാനപരമായ അസ്തിത്വം വ്യക്തിയാണ് (individual). അവന്റെ ആഗ്രഹങ്ങളും, ഭയാശങ്കകളും, അഭിനിവേശങ്ങളും, വിവേചനാശക്തിയുമൊക്കെ പരിഗണിച്ചുകൊണ്ടുവേണം സമൂഹത്തിന്റെ ഊർജ്ജസ്വലതയും (dynamics) സുസ്ഥിതിയും അളക്കേണ്ടത്. കാരണം വ്യക്തിയുടെ മനോവ്യാപാരങ്ങളുടെ (psychological process) ഊർജ്ജസ്വലത സമൂഹത്തെ സാരമായി ബാധിക്കുന്നു.

ഈ വിവരണക്കുറിപ്പിന്റെ ആദ്യഭാഗത്ത് ലോകത്തെ മുഴുവൻ കീഴ്മേൽ മറിച്ച ഈ മഹാമാരി സൃഷ്ടിച്ച മാനസികസമ്മർദ്ദങ്ങളും വൈകാരിക വിക്ഷോഭങ്ങളും വാർത്താമാധ്യമങ്ങളിലൂടെ ഏവർക്കും പരിചിതമായ ചില സംഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രതിപാദിച്ചിരിക്കുന്നു. ഉത്തരഭാഗത്ത് മനുഷ്യമനസ്സുകളിൽ വല്ലാത്തൊരു പിരിമുറുക്കത്തിനും (stress) അനിശ്ചിതത്വത്തിനും (uncertainity) കാരണമായ ഈ ദുരവസ്ഥയോട് ദൈവദത്തമായ ഇച്ഛാശക്തിയുടെ ഉടമകളായ നാം എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്നും മനസ്സിനെ സുശക്തമാക്കാൻ സഹായകമായ ക്രിയാത്മകമായ ചില

www.malankaralibrary.com

പ്രായോഗിക നിർദ്ദേശങ്ങൾക്ക് ഊന്നൽ നൽകുവാനും ശ്രമിച്ചിട്ടുണ്ട്.

അപ്രതിരോധ്യമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ മഹാമാരിയുടെ തേർവാഴ്ച അനേകരുടെ മനോവ്യാപാരങ്ങളിൽ കനത്ത ആഘാതം സൃഷ്ടിച്ചിട്ടുണ്ട്. മനുഷ്യമനസ്സുകളെ മഥിക്കുന്ന ഭയാശങ്കകളും നിസ്സഹായതയും പ്രവാചകന്റെ വാക്കുകൾ കടമെടുത്തുകൊണ്ട് വിവരിക്കട്ടെ. "ഭൂമി ദുഃഖിച്ച് ക്ഷയിച്ചുപോകുന്നു. ലോകമാകെ വാടിക്കൊഴിയുന്നു" (ഏശ 24.4).... സന്തുഷ്ടചിത്തർ നെടുവീർപ്പിടുന്നു...ആഹ്ലാദിക്കുന്നവരുടെ സ്വരം അവസാനിച്ചു (vv. 7-8). ആർക്കും കടക്കാനാവാത്തവിധം എല്ലാ ഭവനങ്ങളും അടച്ചുപൂട്ടിയിരിക്കുന്നു (v. 10). സന്തോഷം അസ്തമിച്ചിരിക്കുന്നു. ഭൂമിയിൽ നിന്ന് ആഹ്ലാദം അപ്രത്യക്ഷമായിരിക്കുന്നു (v. 11). കൊറോണ എന്ന വിചിത്രമായ സൂക്ഷ്മാണു ശ്വാസംമുട്ടിച്ച് ജീവനപഹരിച്ചവരെക്കുറിച്ചുള്ള ഭയപ്പെടുത്തുന്ന വാർത്തകളെക്കാൾ മനസ്സിനെ ശ്വാസം മുട്ടിക്കുന്നവയാണ് കോവിഡ് അനുബന്ധമായി ഉണ്ടായ വൈകാരിക പ്രശ്നങ്ങൾമൂലം ജീവിതത്തിന്റെ പാതിവഴിയിൽ സ്വയം മരണത്തിന്റെ തിരശ്ശീല വലിച്ചിട്ട്, കാണാമറയത്തേക്ക് അപ്രതീക്ഷിതമായി ഓടി മറഞ്ഞവരെക്കുറിച്ചുള്ള വേദനാജനകമായ വാർത്തകൾ. ആറംഗ കുടുംബത്തിന്റെ സ്വപ്നമായി വളർന്നുവന്നിരുന്ന മലപ്പുറംകാരി ദേവിക എന്ന മിടുക്കി പെൺകുട്ടിയുടെ ആത്മഹത്യ ഉളവാക്കിയ വൈകാരികക്ഷോഭത്തിൽ (shock) നിന്ന് നാമിനിയും മോചിതരായിട്ടില്ല. ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ തകരുമോ എന്ന് ഭയന്ന് ജീവിതയാത്രയിൽ വഴിമുട്ടി, പകച്ചുനിന്ന ഒരു നിമിഷത്തിന്റെ ദുർബലമായ തീരുമാനത്തിന് അടിയറവു പറഞ്ഞ ഈ കൗമാരക്കാരിയെ നാമാരും കണ്ടിട്ടില്ല. ഇതിനുമുൻപ് കേട്ടറിവുപോലുമില്ല. എങ്കിലും മനുഷ്യമനസ്സാക്ഷിയെ വല്ലാതെ പിടിച്ചുലച്ച ഈ ദുരന്തം നമ്മുടെയൊക്കെ മനസ്സിൽ സൃഷ്ടിച്ച ആഘാതം എത്ര വലുതാണ്. വിടരാൻ വെമ്പിയ ആ പൂമൊട്ട് മലയാള മനസ്സിന്റെ നൊമ്പരത്തിപ്പൂവായി മാറി. കരയാൻ പറ്റാത്ത അത്രയും ആഴത്തിൽ ദുഃഖവും നിസ്സഹായതയും ഘനീഭവിക്കുമ്പോഴാണല്ലോ അതൊരു മരവിപ്പായി മാറുക. തലസ്ഥാന നഗരിയിലെ പ്രശസ്തമായ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കോവിഡ് രോഗത്തിന് ചികിത്സയിലായിരുന്ന 33 കാരൻ ഉണ്ണിയുടെയും 38 കാരൻ മുരുകേശന്റെയും ആത്മഹത്യകൾ നമ്മുടെയൊക്കെ മനസ്സുകളിൽ സമാനമായ ഒരു അസ്വസ്ഥതയ്ക്ക് കാരണമായി. വാർത്താമാദ്ധ്യമങ്ങളിലൂടെ മാത്രം കേട്ടറിവുള്ള ഇവരുടെ ദുരവസ്ഥ നമ്മുടെ മനസ്സുകളിൽ ഏല്പിക്കുന്ന മുറിവുകളും പിരിമുറുക്കവും ഇത്ര വലുതെങ്കിൽ ഇവരുടെ ജീവിതപങ്കാളിയും മക്കളും അടുത്ത ബന്ധുമിത്രാദികളും നേരിടുന്ന അനിശ്ചിതത്വവും ആത്മസംഘർഷങ്ങളും എത്ര ഭയാനകമായിരിക്കും. ബാഹ്യമായ അനാഥത്വത്തിനെക്കാൾ കടുപ്പമേറിയതാണ് മനസ്സിന്റെ ഉള്ളറകളിൽ നിശബ്ദമായി അവർ അനുഭവിക്കുന്ന അരക്ഷിതാവസ്ഥയും ഭയാശങ്കകളും. തകർന്ന ആ മനസ്സുകളുടെ മുറിവുകളെ ഏത് ഔഷധത്തിന്, അണുനാശിനിക്ക്, ഏത് പെൻസിലിൻ കുത്തിവയ്പിന് ഉണക്കാനാകും? 33 ഉം 38 മൊക്കെ ഒരു പുരുഷായുസ്സിന്റെ ഏറ്റവും ഊർജ്ജസ്വലമായ, തിളക്കമാർന്ന സ്വപ്നങ്ങളുടെയും കണക്കുകൂട്ടലുകളുടെയും കാലഘട്ടമല്ലേ? വിഡ്ഢിയെന്നോ ക്രൂരനെന്നോ ഭ്രാന്തനെന്നോ അവരെക്കുറിച്ചു പലർക്കും പലതും പറയാനുണ്ടാവാം. എന്നാൽ ഒരു പ്രത്യേക നിമിഷത്തിൽ ഈ ദുരന്തത്തിലേക്ക് നടന്നുനീങ്ങിയ അവരുടെ മനോനില എന്തായിരുന്നുവെന്ന് അപഗ്രഥിക്കുക അത്ര എളുപ്പമല്ല. എന്തായിരുന്നാലും ക്രിയാത്മകമായിരുന്നില്ല എന്നുറപ്പ്. ഏതോ ഒരു ദുർബല പ്രതിസന്ധിയിൽ മനോബലം ചോർന്നുപോയി, മനസ്സിന്റെ കടിഞ്ഞാൺ പിടിവിട്ടുപോയി എന്നതല്ലേ യാഥാർത്ഥ്യം. നിരാശയുടെയും അപകർഷതാബോധത്തിന്റെയുമൊക്കെ കനത്ത മൂടൽമഞ്ഞ് മനസ്സിന്റെ ഉള്ളറകളിലെ വെളിച്ചം തല്ലികെടുത്തിയതല്ലെ ഈ ദുരന്തങ്ങൾക്ക് കാരണമായത്? കോവിഡ് സൃഷ്ടിച്ച ദുർഘട പ്രതിസന്ധിമൂലം ഇനി ഒരിക്കലും തിരിച്ചുവരില്ലാത്ത ജീവിതപങ്കാളിക്ക്, അടുത്തിരുന്ന് ഒരു യാത്രാമൊഴിപോലും നല്കാനാവാതെ മാനസികമായി തളർന്ന് കുഴഞ്ഞുവീണ ആതിരയുടെ നിസ്സഹായവസ്ഥയുടെ ആഴം എങ്ങനെ അളക്കാനാവും? ചെറുപ്പക്കാരിയായ ആതിരയും അച്ഛന്റെ മുഖം ഒരിക്കലും കാണാത്ത ആ കുഞ്ഞും നമ്മുടെ മനസ്സിലും ഒരു വിങ്ങലായി മാറിയില്ലേ? ഇവയൊക്കെ ഏതാനുംചില ഉദാഹരണങ്ങൾ മാത്രം.



കുരുമുളക് വിലയിൽ റെക്കോർഡ് വർദ്ധന എന്ന് വൃത്താന്തമറിയിക്കുന്ന (report) ലാഘവത്തിൽ കോവിഡ് ബാധയിൽ റെക്കോർഡ് വർദ്ധന എന്ന പത്രവാർത്ത (June 21) എത്രയോ മനസ്സുകളിൽ അസ്വസ്ഥതയുടെ കനൽ കോരിയിട്ടു. ഇതൊരു മരണവാറണ്ട്പോലെ ചിലർക്കെങ്കിലും അനുഭവപ്പെട്ടില്ലേ? ഇറ്റലിയിൽ സംഭവിച്ചതുപോലെ ആശുപത്രികളിലെ സംവിധാനങ്ങൾക്ക് ഉൾക്കൊള്ളാനാവാത്തവിധം കോവിഡ് ബാധിതരുടെ സംഖ്യ അതി

www.malankaralibrary.com

ക്രമിച്ചാൽ, മുതിർന്ന പൗരന്മാരും ചെറുപ്പമായവരിൽപ്പോലും ഏതെങ്കിലും ഗൗരവമേറിയ രോഗത്തിന് നാളുകളായി ചികിത്സയ്ക്ക് വിധേയരായിരിക്കുന്നുവരും ആരോഗ്യപരിപാലന അവകാശങ്ങളിൽനിന്ന് നിർബന്ധിതമായി പുറംതള്ളപ്പെടുകയില്ലേ? ഇത് മനുഷ്യമനസ്സിൽ ഉളവാക്കുന്ന സംഘർഷവും (tension) ആഘാതവും (shock) ഗൗരവമായ വിചിന്തനത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു. കാലവർഷത്തിന്റെ കൂടപ്പിറപ്പായ ജലദോഷവും ചുമയുമൊക്കെ ഒരു ചെറിയ തോതിൽ തലപൊക്കുമ്പോൾപോലും കോവിഡ് കാലമായതുകൊണ്ടുമാത്രം എത്രയോ പേർ പതിവില്ലാതെ അസ്വസ്ഥരാകുന്നു. ഇതിനു മുമ്പ് ജലദോഷമൊക്കെ അതിന്റെ വഴിക്കുപോകുമെന്ന് പറഞ്ഞു നിസ്സാരമായി പുച്ഛിച്ചു തള്ളി പതിവ് ജോലികളിലും ഉത്തരവാദിത്തങ്ങളിലും തിരക്കോടെ മുഴുകിയിരുന്ന നമ്മുടെയൊക്കെ ജലദോഷത്തോടുള്ള പ്രതികരണം ഭയത്തിന്റെയും ഒരല്പം ബഹുമാനത്തിന്റെയുമായി മാറിക്കഴിഞ്ഞില്ലേ? ആരെയും പ്രഹരിക്കാൻ തന്റേടം കാട്ടുന്ന കൊറോണ എന്ന സൂക്ഷ്മാണു നമുക്ക് നേരെ കൈ ഓങ്ങുമോ എന്ന ഭയം വളരെയധികം മനസ്സുകളെ വല്ലാതെ ഭാരപ്പെടുത്തുന്നുണ്ട്. സാമൂഹ്യ അകലം പാലിക്കാനും മുഖാവരണമണിയാനും പഴയപടി നേരിൽകണ്ട് ഉറ്റവോരോടുപോലും ലോഹ്യത്തിന് പോകാതിരിക്കാനും നാം ജാഗ്രത പുലർത്തുന്നത് മതിയായ തെളിവുകളല്ലേ? സമൂഹജീവിയായ മനുഷ്യൻ ഒരു ഒറ്റപ്പെട്ട ദ്വീപായി ജീവിക്കാനുള്ളവനല്ല. അതുകൊണ്ടുതന്നെ അവന്റെ വ്യക്തിത്വത്തിന്റെയും മനോവ്യാപാരങ്ങളുടെയും സന്തുലിതാവസ്ഥ ശ്രദ്ധാപൂർവമായ ഈ ബാഹ്യ അകലം പാലിക്കൽ കാലക്രമേണ താറുമാറാക്കും. കല്പിത ലോകത്തിലെ ബന്ധങ്ങൾ എത്രനാൾ അവനു സംതൃപ്തി നല്കും? കുടുംബത്തിലായാലും സമൂഹത്തിലായാലും സന്യാസഭവനങ്ങളിലായാലും ഒരു കൂട്ടായ്മയിൽ ആയിരുന്നുകൊണ്ട് സന്തുലിതമായ (balanced) വ്യക്തിത്വവികാസവും ദൈവഹിതപൂർത്തീകരണവും സാക്ഷാത്കരിക്കാൻ സ്രഷ്ടാവ് വിശേഷവിധിയായി രൂപകൽപന ചെയ്ത മനുഷ്യൻ, കോവിഡ് 19 എന്ന മഹാമാരിയുടെ പരിണതഫലമായുണ്ടായ പ്രത്യേക വ്യവസ്ഥതിയിൽ ശാരീരികമായി മാത്രമല്ല വൈകാരികമായും മനഃശാസ്ത്രപരമായും അസന്തുഷ്ടനും ആന്തരികസംഘർങ്ങളുടെ തടവറയിലുമാണ്. മനുഷ്യമനസ്സിന്റെ താളവും സന്തുലിതാവസ്ഥയും അപകടകരമാംവിധം വഴുവഴുക്കലുള്ള വരമ്പിലാണ് നില്ക്കുന്നതെന്ന പ്രതീതിയാണ് ഈ കാലഘട്ടത്തിൽ നടക്കുന്ന പല സംഭവങ്ങളും നമ്മോട് പറയുന്നത്.



അപ്പൂപ്പൻതാടിയുടെ ഭാരരാഹിത്യത്തോടെ പാറി നടക്കേണ്ട ബാല്യങ്ങളെ ഈ മഹാമാരി നിർദാക്ഷിണ്യം വീടുകളിലും പ്രതീതിലോകത്തിലും തളച്ചിട്ടപ്പോൾ ആ പിഞ്ചുമനസ്സുകളുടെ നൊമ്പരങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. ഇളംപ്രായത്തിന്റെ സവിശേഷമായ പൊടിപ്പും തൊങ്ങലുകളും ചേർത്ത്, തൊട്ടും തോണ്ടിയും തോളിൽ കൈ ഇട്ടും അവധിക്കാല വിശേഷങ്ങൾ തോരാമഴപോലെ പങ്കുവയ്ക്കുമ്പോൾ അവർക്കു ലഭിച്ചിരുന്ന ആത്മസംതൃപ്തിയും വൈകാരികവളർച്ചയും ഇനി എന്ന് സംലഭ്യമാകും? നാളിതുവരെ TV ഓഫാക്കി വല്ലതും വായിച്ചുപഠിക്ക് എന്ന ശകാരം കേട്ടിരുന്ന കുഞ്ഞുങ്ങൾ വേഗം TV ഓൺ ചെയ്തു വല്ലതും പഠിക്കാൻ നോക്ക് എന്ന മറുചൊല്ല് കേൾക്കുമ്പോൾ അവരിൽ ഉണ്ടാകുന്ന വൈകാരിക സംഘർഷം ആരെങ്കിലും ഗൗരവമായി കരുതിയിട്ടുണ്ടോ? വേദനപ്പിച്ചു വിട്ട പാമ്പിനെപ്പോലെ നിരസിക്കപ്പെട്ട വികാരങ്ങളും വാസനകളും വർത്തിക്കാം. അവസരം കിട്ടിയാൽ അപ്രതീക്ഷിതമായി തലപൊക്കുകയും മനസ്സിന്റെയും വ്യക്തിത്വത്തിന്റെയും സന്തുലിതാവസ്ഥയെ താറുമാറാക്കുന്ന വിധത്തിൽ നിഷേധാത്മക ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുമെന്നാണ് മാനസികാപഗ്രഥനത്തിന്റെ ഉപജ്ഞാതാവായ ഫ്രോയിഡിന്റെ നിഗമനം.

തന്റെ ബുദ്ധിവൈഭവും ഭൗതികമായ നേട്ടങ്ങളുംകൊണ്ട് ഈ പ്രപഞ്ചത്തെ തന്നെ കൈപ്പിടിയിൽ ഒതുക്കാമെന്നു വ്യാമോഹിച്ച് അമിത ആത്മവിശ്വാസത്തിൽ പ്രയാണം ചെയ്ത മനുഷ്യന് ഈ മഹാമാരിയുടെ ഭയാനകമായ കീഴടക്കലിന്റെ വേഗത, ഘടികാരങ്ങൾ ഒരേ ദിശയിൽ വന്നു പൊട്ടിത്തെറിച്ചാലുണ്ടാകുന്ന ഒരു വിഭ്രാന്തി ഉളവാക്കുന്നുണ്ട്. നഗരവും ഗ്രാമവും, ഉള്ളായ്മയും ഇല്ലായ്മയും, പഠിപ്പും പഠിപ്പില്ലായ്മയും ഒരുപോലെ ഇളക്കിമറിച്ച കോവിഡ് സമ്മാനിച്ച ദുരന്തങ്ങൾ ജീവിതം എത്രയോ സങ്കീർണ്ണവും ഉറപ്പില്ലാത്തതും (fragile) ആണെന്ന ഒരു അരക്ഷിതത്വബോധം മനസ്സിന്റെയും ചേതനയുടെയും അടിയൊഴുക്കായി വർത്തിക്കുന്നു. കോവിഡ് സൃഷ്ടിച്ച ക്രമഭംഗങ്ങളെയും മനോസംഘർഷങ്ങളെയും അതിജീവിക്കാൻ മനഃശാസ്ത്രപരമായി പല പ്രായോഗിക മാർഗ്ഗങ്ങളും നിർദ്ദേശിക്കാൻ സാധിക്കുമെങ്കിലും അവയെ ഉൾക്കൊള്ളാനുള്ള സന്തുലിതമായ (balanced) ഒരു കാഴ്ചപ്പാടിലേക്ക് ആർക്കൊക്കെ എത്രത്തോളം വളരാൻ സാധിക്കുമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. മനഃശാസ്ത്രപരവും ആത്മീയവുമായ സമീപനങ്ങളിലൂടെ സംഘർഷത്തെ അതിജീവിക്കാനും മനസ്സിന്റെ സ്വച്ഛത നിലനിർത്തുവാനും നാം സ്വയം ക്രമീകൃതമായ (self regulated)

www.malankaralibrary.com

സ്വയം പ്രചോദിത (self motivation) ജീവിതചര്യകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. ക്രിയാത്മകമായ ഇടപെടലുകൾ അനിവാര്യമാണ്.

മനുഷ്യമനസ്സ് നിഷേധാത്മക വികാരങ്ങളാകുന്ന മുള്ളുകളും മുൾച്ചെടികളും മുളച്ചു വളരേണ്ട ഒരു പാഴ്നിലമായി അധഃപതിക്കാനുള്ളതല്ല. ചഞ്ചലചിത്തരാകുന്നതുകൊണ്ടോ, എന്ത് ചെയ്യും എന്ന് പര്യാകുലനാകുന്നതുകൊണ്ടോ ആർക്കും ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. എല്ലാവരും നേരിടുന്ന പൊതുവായ ഒരു പ്രശ്നത്തോടും ചുററുപാടുകളോടും ഓരോ വ്യക്തിയും പ്രതികരിക്കുന്നതിന്റെ തോത് വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെയാണ് പൊതുവേ നിരാശയും ആകുലതയും നിരന്തരമായി അലട്ടുന്ന വ്യക്തിയുടെ ആരോഗ്യം വേഗം താറുമാറാകുന്നത്. ഉത്തമചിന്തകളും ഉത്കൃഷ്ട പ്രതീക്ഷകളും ഇച്ഛാശക്തിയുമൊക്കെ മനസ്സിന്റെ താളം തെറ്റാതിരിക്കാനും ശാരീരിക ആരോഗ്യത്തിന് സുരക്ഷയും ഭദ്രതയും കൈവരുത്തുവാനും സഹായകമാണ്. ആത്മവിശ്വാസവും ശുഭപ്രതീക്ഷയും ഒപ്പം ഈശ്വരാനുഗ്രഹവുംകൂടി ചേരുമ്പോൾ മനുഷ്യബുദ്ധിക്ക് അതീതമായതു സംഭവിക്കും. ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് ചിന്തിക്കാൻ കഴിവുള്ളവനായിട്ടാണ്. മനുഷ്യന്റെ ചിന്ത യാഥാർത്ഥ്യബോധത്തോടുകൂടിയും (rational) അല്ലാതെയും (irrational) ആകാം. മനസ്സുവച്ചാൽ യുക്തിരഹിതമായ ചിന്തയെയും മനോഭാവത്തെയും യുക്തിഭദ്രമാക്കി മാറ്റാനും മനസ്സിന്റെ ശാന്തിയും സ്വസ്ഥതയും നിലനിർത്തുവാനും സാധിക്കും. ആൽബർട്ട് എല്ലിസിന്റെ അഭിപ്രായത്തിൽ ഒരു മനുഷ്യനെ വിഷമിപ്പിക്കുന്നത് ജീവിതവുമായി ബന്ധപ്പെട്ടു നില്ക്കുന്ന സംഭവങ്ങളോ അനുഭവങ്ങളോ അല്ല പ്രത്യുത അവയെല്ലാം വിലയിരുത്തുന്ന മനസ്സിന്റെ മനോഭാവമാണ്: പ്രതികരണവും കാഴ്ചപ്പാടുമാണ്.

ആകുലതയും യുക്തിരഹിതമായ ഭയങ്ങളും മാറ്റിയെടുക്കുവാൻ പെരുമാറ്റ വൈകല്ല്യ ചികിത്സകർ (Behaviour Therapists) ഫലപ്രദമായി ഉപയോഗിക്കുന്ന ഒരു സങ്കേതമാണ് ഉത്കണ്ഠ ഉളവാക്കുന്ന സാഹചര്യങ്ങളുമായി വ്യക്തിയെ ക്രമാനുഗതമായി പരിചയപ്പെടുത്തുന്നത് (Systematic desensitization). അസ്വസ്ഥത ഉളവാക്കുന്ന സാഹചര്യത്തെ അഭിമുഖീകരിക്കുമ്പോൾ വ്യക്തിയിലുണ്ടാകുന്ന പിരിമുറുക്കത്തെ ക്രമാനുഗതമായി കുറച്ച് ഉത്ക്കണ്ഠ കൂടാതെ ആ സാഹചര്യവുമായി ഒത്തുപോകുന്നതിനു സഹായിക്കുകയാണ് ഇതിലെ പ്രധാന തത്ത്വം. ബിഹേവ്യർ തെറാപ്പിയുടെ



പല തത്ത്വങ്ങളും നമ്മുടെ അനുദിന ജീവിതത്തിലെ സംഘർഷം കുറയ്ക്കാൻ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

ഭയവും അനിശ്ചിതത്വവും മനസ്സിൽ ഇരുട്ടു നിറയ്ക്കുന്ന ഈ കാലഘട്ടത്തിൽ ഒരു വിശ്വാസിക്ക്, ക്രിസ്തുശിഷ്യന് ഉചിതമായിട്ടുള്ളത് ജീവിതത്തിന്റെ പടവിൽ വിശ്രമിക്കുന്ന ഉടയവനെ വിളിച്ചുണർത്തുകയെന്നതാണ്. ശ്ലീഹന്മാരുടെ തലവൻ കാണിച്ചുതന്നതു പോലെ ശിശുസഹജമായ നിസ്സഹായതയോടും ആശ്രയബോധത്തോടുംകൂടെ നമുക്ക് അവനോട് പറയാം “കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്” (യോഹ 6,68). പാവപ്പെട്ടവർക്ക് കോട്ടയും ദരിദ്രന്റെ കഷ്ടതകളിൽ ഉറപ്പുള്ള അഭയവുമായവനിൽ (ഏശ 25,4) നമുക്ക് പ്രത്യാശ വയ്ക്കാം. സർവ്വജനതകളെയും മറച്ചിരിക്കുന്ന ആവരണം, ജനതകളുടെമേൽ വിരിച്ചിരിക്കുന്നു മൂടുപടം... അവിടുന്ന് നീക്കിക്കളയും (v. 7). നീന്തൽക്കാരൻ നീന്താൻ കൈ വിരിക്കുന്നതുപോലെ അവൻ അതിന്റെ മദ്ധ്യത്തിൽ നിന്നു കൈനീട്ടും (v. 11). ഒരു ക്രിസ്തുശിഷ്യന്റെ പ്രത്യാശ ഈ കാലഘട്ടത്തിൽ ഇതായിരിക്കണം. മഹാമാരികളും അവ ഉളവാക്കുന്ന അനുബന്ധപ്രശ്നങ്ങളും നശ്വരമായ ഈ ലോകത്തിന്റെ അനിവാര്യമായ സവിശേഷതകളാണ്. അതിനെ അതിലംഘിക്കുന്ന ഒരു പ്രത്യാശയിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

“പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു” (റോമാ 5,5). തനിക്കും സഹജീവികൾക്കും വിനാശം മാത്രം വിതയ്ക്കാൻ കഴിയുന്ന നിഷേധാത്മക കാഴ്ചപ്പാട് വേണമോ, അതോ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവികാംശത്തിന്റെ ചാരം മൂടിപ്പോയ തീപ്പൊരി ഊതി ഉണർത്തണമോ എന്ന് തീരുമാനിക്കേണ്ടത് അവനവൻ തന്നെയാണ്. ഉള്ളിലെ ഉറവകളെയും ഖനികളെയും നാം പലപ്പോഴും തിരിച്ചറിയുന്നില്ല. ഏതു സാഹചര്യത്തിലും സംതൃപ്തിയോടെ കഴിയാൻ ഞാൻ പഠിച്ചിട്ടുണ്ട് (ഫിലി 4,11) എന്ന് ജീവിച്ചുകാണിച്ച പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ. “സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും സമൃദ്ധിയിലും ദാരിദ്ര്യത്തിലുമെല്ലാം എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും” (V 13).

www.malankaralibrary.com

രണ്ട് തരത്തിൽ ഒരാൾക്ക് വീട് പണിയാം. ആദ്യത്തേത് മണപ്പുറത്ത്. മറ്റൊന്ന് ഉറച്ച പാറമേൽ (മത്താ 7,24–27). എവിടെ പണിതാലും കാറ്റും വെള്ളപ്പൊക്കവും ഉണ്ടാകും എന്നത് സുനിശ്ചിതം. അതിനെ അതിജീവിക്കാനുള്ള ബലം ഭവനത്തിനുണ്ടോ എന്നതാണ് പ്രസക്തമായ കാര്യം. “കർത്താവിൽ എന്നേയ്ക്കും ആശ്രയിക്കുവിൻ; കർത്താവ് ശാശ്വതമായ അഭയശിലയാണ്” (ഏശ 26,4). ഓട്ടമത്സരത്തിനു മുമ്പ് ഒരു കുഞ്ഞ് മിഴിപൂട്ടി കരങ്ങൾ കൂപ്പി പ്രാർത്ഥിക്കുകയാണ്. മത്സരത്തിൽ അവൻ ജയിച്ചില്ല. അവന്റെ അദ്ധ്യാപികയ്ക്ക് വിഷമമായി അതോർത്തിട്ട്. ഇത്ര പ്രാർത്ഥിച്ചിട്ടും നീ തോറ്റുപോയല്ലോ കുഞ്ഞേ എന്ന പരിദേവനത്തിന് അവന്റെ ഉത്തരം ‘ജയിക്കാൻ വേണ്ടിയായിരുന്നില്ല ഞാൻ പ്രാർത്ഥിച്ചത്, തോറ്റാൽ കരയാതിരിക്കാൻ വേണ്ടി”. മനസ്സ് തന്നെയാണ് പ്രധാനം. കോവിഡ് 19 സംഹാരവിത്തുകൾ വാരി വിതറുന്ന ഈ ഭൂമിയിൽ നാം എവിടെയായിരുന്നാലും ഇതായിരിക്കട്ടെ നമ്മുടെ കാഴ്ചപ്പാട്.

**ഗ്രന്ഥസൂചിക**


1. Abrams, M H., *A Glossary of Literary Terms* (NY, 2004).
2. Albert Ellis, *Reason and Emotion in Psychotherapy* (NY, 1962).
3. Erich Fromm, *Escape from Freedom* (NY, 1965).
4. കട്ടികാട്, ബോബി ജോസ്, *സഞ്ചാരിയുടെ ദൈവം* (കൊച്ചി, 2006).


# കോവിഡനന്തരഭാഷയും സംസ്കാരവും

**ഡോ. വിൻസെന്റ് നെടുങ്ങാട്ട്**

ഭാഷയും വിദ്യാഭ്യാസസമ്പ്രദായങ്ങളും സംസ്കാരവും പരസ്പരപൂരകങ്ങളായി വളർന്നു. മനുഷ്യന്റെ പ്രഥമവും പ്രധാനവുമായ ആവശ്യങ്ങളുടെ നിർവ്വഹണത്തിനുള്ള സംവേദനമാർഗ്ഗമായാണ് ഭാഷ ആദ്യം ഉപയോഗിക്കപ്പെട്ടത്. ഒരോ പ്രദേശത്തെയും ജനവിഭാഗത്തിന്റെ ആശയവിനിമയോപാധിയായും അവരുടെ കൂട്ടായ പരിശ്രമഫലമായും ഭാഷ വികാസം പ്രാപിച്ചു. ഭാഷാപരിശീലനം വഴി ഉന്നതവിദ്യാഭ്യാസവും സാംസ്കാരികാഭ്യുന്നതിയും ഒരു ജനത കൈവരിക്കുന്നു. അറിവിന്റെയും ശാസ്ത്രത്തിന്റെയും അത്യുച്ചാവസ്ഥയിലെത്താമെന്നും അതുവഴി മനുഷ്യന് ഈ ലോകത്തിൽ എന്തും സാധ്യമാണെന്നും കരുതിയിരുന്ന സമയത്താണ് അപ്രതീക്ഷിതമായി കോവിഡ് എന്ന മഹാമാരി 2019–ാം ആണ്ടവസാനം മുതൽ മാസങ്ങളോളം ലോകത്തെയാകമാനം പിടിച്ചുവിറപ്പിച്ചതും തങ്ങൾക്ക് സുരക്ഷിതമെന്ന് കരുതിയിരുന്ന വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സമ്പത്‌വ്യവസ്ഥ തുടങ്ങി സകല മേഖലകളെയും തകിടം മറിച്ചതും. പ്രത്യക്ഷമായോ പരോക്ഷമായോ ഇതിന്റെ ആഘാതം ഏതെങ്കിലും വിധത്തിൽ ഏല്ക്കാത്തവരായി ലോകത്തിൽ ആരുമില്ല. ഈ മഹാമാരിമൂലം ഭാഷ, വിദ്യാഭ്യാസം, സംസ്കാരം എന്നീ മേഖലകളിലുണ്ടായ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഒരന്വേഷണവും കോവിഡനന്തര സാധ്യതകളിലേക്കുള്ള ഒരു വിരൽചൂണ്ടലുമാണിവിടെ നടത്തുന്നത്.

2019 ഡിസംബറിൽ ചൈനയിൽ ആരംഭിച്ച് ലോകമാകെ സകല മനുഷ്യർക്കിടയിലേക്കും വ്യാപിച്ച ഒരു മഹാമാരിയാണ് കൊറോണ. പക്ഷികൾക്കും മൃഗങ്ങൾക്കും ഇടയിൽ പകർച്ചവ്യാധിമൂലം ഉണ്ടാകുന്ന കൂട്ടമരണങ്ങൾ നേരിൽക്കണ്ടും മനുഷ്യർക്കിടയിലെ പകർച്ചവ്യാധികളെക്കുറിച്ച് കേട്ടറിവുമുണ്ടായിരുന്ന മുഴുവൻ മനുഷ്യരെയും ഉത്കണ്ഠയുടെയും ഭീതിയുടെയും മുൾമുനയിൽ അനേകനാൾ

www.malankaralibrary.com

നിർത്താൻ കൊറോണയ്ക്കു കഴിഞ്ഞു. കിരീടത്തിന്റേതുപോലെ ബാഹ്യരൂപമുള്ളതും കണ്ണുകൾകൊണ്ട് നേരിട്ട് കാണാൻ കഴിയാത്തതുമായ വൈറസ് ഇതു പരത്തുന്നതിനാലാണ് ലത്തീൻ ഭാഷയിൽ കിരീടം എന്നർത്ഥം വരുന്ന കൊറോണ എന്ന പേര് ഈ രോഗത്തിനു ലഭിച്ചത്. കൊറോണ എന്ന പദമാണ് ഈ മഹാമാരിയോടൊപ്പം ലോകം മുഴുവനുമുള്ള സകലഭാഷകളിലേക്കും കടന്നു ചെന്ന ആദ്യപദം. നിലവിൽ ആറുമാസം കഴിഞ്ഞ ഈ കൊറോണക്കാലം എന്നുവരെ നീളുമെന്നു പറയാൻ സാധിക്കുകയില്ല. എത്ര പേരെ കൊറോണ ബാധിക്കുമെന്നോ, ഇത് എത്ര പേരുടെ ജീവനെടുക്കുമെന്നോ, രോഗം ബാധിച്ച എത്ര പേർ സുഖം പ്രാപിക്കുമെന്നോ ഒന്നും പറയാൻ കഴിയാത്ത അവസ്ഥ. കാലത്തിന് മാത്രമേ ഇതിനുത്തരം നൽകാൻ കഴിയുകയുള്ളു.

കോവിഡ് എന്ന ശാസ്ത്രീയ നാമത്തിൽ പിന്നീട് കൊറോണ വൈറസ് അറിയപ്പെടാൻ തുടങ്ങി. 2019 - ൽ തുടങ്ങിയ കൊറോണ വൈറസ് ഡിസീസ്, കോവിഡ്-19 (CoViD-19) എന്ന ചുരുക്കപ്പേരിൽ ഇന്ന് എല്ലാ ഭാഷകളിലും അറിയപ്പെടുന്നു.

കോവിഡിന്റെ പശ്ചാത്തലത്തിലാണ് അതിന് വ്യാപകപ്രചാരം ലഭിച്ച ഒരു പദമാണ് ക്വറന്റീൻ. നൂറ്റാണ്ടുകൾക്ക് മുമ്പേ മലയാളത്തിൽ ഈ പദം ഉപയോഗിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന് കരിയാറ്റിൽ മല്പാനും പാറേമ്മാക്കൽ കത്തനാരും കൂടി 1778 മുതൽ 1786 വരെ നടത്തിയ റോമായാത്രാവിവരണഗ്രന്ഥമായ വർത്തമാനപ്പുസ്തകത്തിന്റെ 39-ാമദ്ധ്യായത്തിൽ 1779 ഡിസംബർ 7ന് കപ്പൽ മാർഗ്ഗം ജനീവയിൽ ചെന്നിട്ട് കപ്പലിൽത്തന്നെ 13 ദിവസം ക്വാറന്റൈനിൽ കഴിയേണ്ടിവന്നതിനെക്കുറിച്ചും എന്താണ് ക്വറന്റീൻ എന്നും വിശദമായി പ്രതിപാദിക്കുന്നുണ്ട്. 40 ദിവസമാണ് ക്വാറന്റൈനിൽ കഴിയേണ്ടതെന്നും അതിനുവേണ്ടി തുറമുഖത്തു നിർമ്മിച്ചിട്ടുള്ള ലാസറെത്താ എന്ന മന്ദിരത്തിൽ ചെലവു കൂടുതലായതിനാൽ ഇവർ കപ്പലിൽത്തന്നെ കഴിഞ്ഞുവെന്നും വ്യാധികളൊന്നുമില്ല എന്നു കണ്ടതിനാൽ 13 ദിവസങ്ങൾക്കുശേഷം പുറത്തിറങ്ങാൻ കഴിഞ്ഞുവെന്നും അവിടെ രേഖപ്പെടുത്തിയിരിക്കുന്നു (*വർത്തമാനപ്പുസ്തകം*, OIRSI Books 390, 2014, pages 159-160). ക്വറന്റീൻ മൂലമുള്ള പ്രയോജനമെന്താണെന്ന് ഇന്ന് ലോകത്തിൽ സകലർക്കുമറിയാം. സാധാരണയായി ആന്റി വൈറസ് ആപ്ലിക്കേഷൻസിന് കമ്പ്യൂട്ടർ വൈറസിനെ നീക്കം ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ ക്വറന്റീൻ ചെയ്യുന്ന രീതി കമ്പ്യൂട്ടർ രംഗത്ത് നിലവിലുണ്ട്. കമ്പ്യൂട്ടറിന്റെ പ്രവർത്തനങ്ങളെ ബാധിക്കാത്തരീതിയിൽ വൈറസിനെ വേർതിരിച്ച് ഒറ്റപ്പെടുത്തി നിർത്തുന്ന രീതിയാണത്.



സാമൂഹ്യ അകലം (Social Distancing) പാലിക്കണമെന്ന പ്രയോഗം ഇന്ന് ആർക്കും പറഞ്ഞുകൊടുക്കേണ്ടതില്ല. ജനം ഒരുമിച്ചു കൂടേണ്ടിവരുന്ന എല്ലായിടത്തും ഒരു മീറ്ററെങ്കിലും അകലം പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിലാണ് വ്യക്തികൾ തമ്മിലും സമൂഹവുമായും അകലം പാലിക്കുന്നതിനെ സൂചിപ്പിക്കുവാൻ ഈ പ്രയോഗം വ്യാപകമായി ഉപയോഗിക്കുവാൻ തുടങ്ങിയത്. തത്ഫലമായി പൊതുസമ്മേളനങ്ങൾ, ആരാധനാസമ്മേളനങ്ങൾ, ആഘോഷപ്രകടനങ്ങൾ, റാലികൾ, ഒരുമിച്ചുള്ള യാത്രകൾ തുടങ്ങിയവയെല്ലാം ഈ കോവിഡ്കാലഘട്ടത്തിൽ ഒഴിവാക്കുകയോ, സാമൂഹ്യഅകലം പാലിച്ച് നടത്തുകയോ ചെയ്യുന്നു. ഈ സന്ദർഭത്തിലാണ് ഓൺ ലൈൻ മീറ്റീംഗുകളും വ്യാപകമായത്.

മാസ്ക് (മുഖാവരണം), സാനിറ്റൈസർ എന്നിവ അപൂർവ്വമായി ചില സ്ഥലങ്ങളിൽ ഉപയോഗിച്ചിരുന്ന വാക്കുകളായിരുന്നു. കോവിഡ് കാലത്ത് മുഴുവൻ ജനങ്ങളും മുഖത്ത് മാസ്ക് ധരിച്ചും സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ കഴുകിയും ഈ വൈറസിനെ അകറ്റിനിർത്തുവാൻ ശ്രമം തുടങ്ങി. വീട്, ഓഫീസ് എന്നിവിടങ്ങളിൽനിന്ന് പുറത്തുപോകുമ്പോഴും തിരിച്ചുവരുമ്പോഴും ഇവ വ്യാപകമായി ഉപയോഗിക്കുന്നു.

ലോക്ഡൗൺ പ്രഖ്യാപിച്ച് ഓരോ രാഷ്ട്രവും അതിലെ എല്ലാ മേഖലകളെയും നിശ്ചലമാക്കി കോവിഡിനെ പ്രതിരോധിക്കുന്നു. ഇതിനോട് സഹകരിച്ച് സംസ്ഥാനങ്ങളും പ്രസ്ഥാനങ്ങളും ലോക്ഡൗൺ പൂർണ്ണമായി പ്രാവർത്തികമാക്കി. ഒരു മനുഷ്യനോ വാഹനമോ ദിവസങ്ങളോളം പുറത്തിറങ്ങാതിരിക്കുക എന്നത് അചിന്തനീയമായ ഒരു കാര്യമായിരുന്നു. എങ്കിലും കോവിഡ് കാലത്ത് ലോക്ഡൗൺ മാസങ്ങളോളം സമ്പൂർണ്ണമായി നടപ്പായി. ചില ഫാക്ടറികൾ ലോക്ഡൗൺ ആയി എന്ന് വല്ലപ്പോഴും മാത്രം കേട്ടിരുന്നിടത്ത് കോവിഡിന്റെ വരവോടെ രാഷ്ട്രങ്ങൾ ഓരോന്നായി അക്ഷരാർത്ഥത്തിൽ ലോക്ഡൗൺ ആയി മാറി. ഇത് മനുഷ്യരുടെ മനോവ്യാപാരങ്ങളിലും ജീവിതരീതികളിലും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്നു. ഈ അവസ്ഥയെ ക്രിസ്തുവിലുള്ള വിശ്വാസത്തോടും പ്രതീക്ഷയോടും കൂടി എങ്ങനെ അഭി

www.malankaralibrary.com

മുഖീകരിക്കുകയും അതിജീവിക്കുകയും ചെയ്യണമെന്ന് മാർപ്പാപ്പ തന്റെ സന്ദേശങ്ങളിലൂടെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

ഴാങ് പോൾ സാർത്ര് രചിച്ച 'No Exit' (1943) എന്ന നാടകത്തിൽ നരകാനുഭവം വ്യക്തമാക്കിക്കൊണ്ട് 'Hell is Other People' എന്ന് പ്രഖ്യാപിക്കുന്നുണ്ട്. പ്രസ്തുത നാടകത്തിന്റെ അവസാനത്തിൽ ഗാർസിൻ, എസ്റ്റെല്ലെ, ഇനെസ് എന്നീ മൂന്നു കഥാപാത്രങ്ങൾ നരകത്തിലെത്തുന്നു. എന്നാൽ തങ്ങൾ ഏതോ ഒരു സ്വീകരണമുറിയിൽ എത്തിച്ചേർന്നു എന്നു മാത്രമേ അവർക്കു തോന്നിയുള്ളൂ. തങ്ങൾ എന്ത് പാപം ചെയ്തിട്ടാണ് ആ സ്ഥലത്ത് വരേണ്ടിവന്നതെന്നും തങ്ങൾക്കുള്ള ശിക്ഷ എന്തായിരിക്കുമെന്നും മനസ്സിലാക്കാൻ പാടുപെടുമ്പോൾ അവർ ഒരു കാര്യം തിരിച്ചറിയുന്നു: അവിടെ പീഡനങ്ങളില്ല; ആത്മാവിനെ നിത്യമായി എരിയിച്ചുകളയുന്ന അഗ്നികുണ്ഡങ്ങൾ പോലുള്ള ശിക്ഷകളില്ല; അതു നടപ്പിലാക്കാനുള്ളവരുമില്ല. മറിച്ച് അതിൽ അകപ്പെട്ടിരിക്കുന്ന തങ്ങൾ മൂന്നുപേർ മാത്രമേ അവിടെയുള്ളൂ. ഇനിയൊരിക്കലും അവിടെനിന്ന് പുറത്തുകടക്കാനാകില്ല. ഓരോരുത്തർക്കും അവിടെയുള്ള മറ്റു കഥാപാത്രങ്ങളാണ് യഥാർത്ഥത്തിൽ ശിക്ഷയായ നരകം. കോവിഡ് കാലത്ത് പ്രചാരത്തിലായ ക്വാറന്റൈൻ, ലോക്ഡൗൺ, സാമൂഹ്യ അകലം പാലിക്കൽ, മാസ്ക്, സാനിറ്റൈസർ തുടങ്ങിയവ പുതിയൊരു കാഴ്ചപ്പാടിന് തുടക്കം കുറിച്ചിരിക്കുകയാണ്; മറ്റൊരാളെ കാണുമ്പോൾത്തന്നെ അയാൾ തനിക്ക് അപകടകാരണമാണെന്ന് ചിന്തിക്കുന്ന നിർഭാഗ്യകരമായ കാഴ്ചപ്പാട്. അയൽക്കാരനെ നരകമായിക്കാണുന്ന സാർത്രിന്റെ കഥാപാത്രത്തോട് ലോകം അടുത്തുവരികയല്ലേ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ താത്കാലികമായ ഈ അസ്വാസ്ഥ്യഘടകങ്ങളെല്ലാം എന്റെയും മറ്റുള്ളവരുടെയും സുരക്ഷിതത്വത്തിന് വേണ്ടിയാണ് എന്ന മനോഭാവത്തോടെ കണ്ടാൽ കോവിഡ് കാലഘട്ടത്തിലെ എല്ലാ സംഭവങ്ങളെയും ഭാവാത്മകമായി മനസ്സിലാക്കാൻ കഴിയും. അപ്പോൾ നമുക്ക് ചുറ്റുമുള്ളവർ നരകമല്ല സ്വർഗ്ഗം തന്നെയാണെന്ന് തിരിച്ചറിയാൻ കഴിയും.

വീട്ടിലായിരിക്കുക, സുരക്ഷിതരായിരിക്കുക (Stay home, stay safe) എന്നത് കോവിഡ് കാലത്തിന്റെ ആപ്തവാക്യമാണ്. ഈ അവസ്ഥയെ ജയിലിൽ അകപ്പെട്ട അവസ്ഥയായിക്കാണുന്നവരുണ്ട്. എന്നാൽ ഏറ്റവും പ്രിയപ്പെട്ടവരോടുകൂടി സ്വന്തം ഭവനത്തിലായിരിക്കാനുള്ള അനുഗ്രഹത്തിന്റെ നാളുകളാണിവ.



ഭാഷയോടൊപ്പം മനുഷ്യനെ സംസ്കാരസമ്പന്നമാക്കുന്ന വിദ്യാഭ്യാസരംഗം ഇന്ന് കോവിഡ്-19 നു മുമ്പിൽ പകച്ചുനിൽക്കുകയാണ്. ഭീകരമരണ ഭീതിയാൽ ലോകജനത കോവിഡിന് അടിയറവു പറയുമ്പോൾ അഭ്യസ്തവിദ്യർക്ക് നിസ്സഹായരായിരിക്കുവാനേ കഴിയുന്നുള്ളൂ. വിദ്യാഭ്യാസത്തിലൂടെ മനുഷ്യൻ നേടിയ സകല വ്യവസ്ഥാപിതസംവിധാനങ്ങളെയും കോവിഡ്-19 മാറ്റിമറിക്കുമ്പോൾ അതിൽ ഏറ്റവുമധികം മാറ്റത്തിനു വിധേയമാകുന്നത് വിദ്യാഭ്യാസമേഖല തന്നെയാണ്. മനുഷ്യസങ്കല്പങ്ങൾക്ക് അതീതമായ ഈ കുത്തൊഴുക്കിൽപ്പെട്ട് കാലാകാലങ്ങളായി മാതൃഭാഷയിലൂടെയും വിദ്യാഭ്യാസത്തിലൂടെയും മനുഷ്യൻ ആർജ്ജിച്ച മൂല്യവ്യവസ്ഥയും സാംസ്കാരികസമ്പന്നതയും തകർന്നടിയാതിരിക്കാനാണ് നാം ജാഗ്രത പുലർത്തേണ്ടത്.

വിദ്യാർത്ഥികൾക്ക് തങ്ങൾ പഠിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് പോകുവാനോ, ക്ലാസ്സിൽ ഒരുമിച്ചിരുന്ന് അദ്ധ്യാപകരിൽനിന്നു നേരിട്ടു പഠിക്കാനോ, പരീക്ഷയെഴുതാനോ കഴിയാത്ത അവസ്ഥയിൽ ഇന്നത്തെ വിദ്യാഭ്യാസരംഗം എത്തിനിൽക്കുന്നു. ഈ സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകളെ ആശ്രയിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല. വളരെ പ്രതികൂലമായ സാഹചര്യങ്ങളിലാണ് ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്നതെന്ന് ബന്ധപ്പെട്ട എല്ലാവർക്കുമറിയാം. സാമ്പത്തികബാദ്ധ്യത, സാങ്കേതിക ഉപകരണങ്ങളുടെ അപര്യാപ്തത, നെറ്റ് വർക്ക് ലഭ്യതയില്ലായ്മ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും ഒരുപോലെ വിഷമിപ്പിക്കുകയും സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്നു. ഓൺലൈൻ ക്ലാസ് ആയാലും മതിയല്ലോ എന്ന് ചിന്തിക്കുന്നവരും ഉണ്ട്.

അദ്ധ്യാപകരിൽനിന്നു വിദ്യാർത്ഥികളിലേക്ക് കേവലം ബൗദ്ധികതലത്തിലുള്ള ഒരു വിജ്ഞാനക്കൈമാറ്റം മാത്രമല്ല ക്ലാസ്സുകളിൽ നടക്കുന്നത്; മറിച്ച് അവരുടെ കായികവും മാനസികവും വൈകാരികവും ആത്മീയവുമായ സർവ്വമേഖലകളെയും സ്പർശിക്കുന്ന സമഗ്രവ്യക്തിത്വപരിശീലനമാണ് നടക്കുന്നത്. കലകളുടെ അഭ്യസനം, മത്സരങ്ങൾ, ക്യാമ്പുകൾ, കായികപരിശീലനം തുടങ്ങിയവയിലൂടെ യുവതലമുറ യഥാർത്ഥത്തിൽ ജീവിതത്തിന്റെ സൗന്ദര്യവും, മൂല്യബോധ്യങ്ങളുമാണ് ആർജിച്ചെടുക്കുന്നത്. ഓൺലൈൻ ക്ലാസ്സുകളിൽ ഒറ്റയ്ക്കിരുന്നു പഠിക്കേണ്ടിവരുമ്പോൾ ഇവയെല്ലാം ലഭിക്കണമെന്നില്ല. വിദ്യാലയങ്ങളിലാകട്ടെ ഒരുമിച്ചിരുന്ന് പഠിക്കു

www.malankaralibrary.com

മ്പോൾ മൂല്യബോധവും സാമൂഹ്യപ്രതിബദ്ധതയും പ്രായോഗികമാക്കുവാനും ജീവിതപ്രതിസന്ധികളെ അഭിമുഖീകരിക്കാൻ പ്രാപ്തി നേടാനും വിദ്യാർത്ഥികൾക്കു കഴിയുന്നു; ഇതുറപ്പുവരുത്താൻ അദ്ധ്യാപകർക്കും കഴിയുന്നു. വിദ്യാർത്ഥികളുടെ ബുദ്ധിയോടു മാത്രമല്ല, മറിച്ച് അവരുടെ ഹൃദയത്തോടുമാണ് ക്ലാസ്സുകളിൽ അദ്ധ്യാപകർ സംവദിക്കുന്നത്. ഈ പ്രക്രിയയിലൂടെയാണ് യുവതലമുറയെ പരിശീലിപ്പിച്ച് പക്വതയാർന്ന, സംസ്കാരസമ്പന്നരായ വ്യക്തികളായി വളർത്തിയെടുക്കുന്നത്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ യുവജനങ്ങളുടെ ജീവിതത്തിന്റെ അടിത്തറ ഉറപ്പിക്കാൻ കഴിഞ്ഞാൽ കോവിഡ് കാലഘട്ടത്തിനുശേഷം വിശ്വാസവും പ്രത്യാശയുമുള്ള ഒരു പുതുതലമുറയും സംസ്കാരവും രൂപപ്പെടും.

കോവിഡിന്റെ പ്രതികൂലാവസ്ഥകളിലൂടെ കടന്നുപോകുമ്പോൾ അവ നൽകുന്ന അപരിചിതങ്ങളായ അനുഭവപാഠങ്ങളുടെ അർത്ഥം ഗ്രഹിക്കുവാനും അവ നൽകുന്ന സന്ദേശങ്ങൾ മനസ്സിൽ സൂക്ഷിക്കുവാനും അതനുസരിച്ച് സ്വന്തം ജീവിതത്തെ ക്രമപ്പെടുത്തുവാനും പരിസ്ഥിതിയെ പരിപാലിക്കുവാനും കഴിഞ്ഞാൽ ഏതൊരാൾക്കും ഈ കോവിഡ് കാലം അനുഗ്രഹകാലമായിത്തീരും.

# വിദ്യാഭ്യാസം ഓൺലൈനിൽ

**ഫാ. ജോസഫ് ആലഞ്ചേരി**
**മാർ ആഗസ്തീനോസ് കോളജ്, രാമപുരം**

കോവിഡ്-19 എന്ന മഹാമാരി വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും മാതാപിതാക്കളെയുമെല്ലാം ഏറെ ആശങ്കയിലാക്കുന്നു. വിദ്യാഭ്യാസമേഖലയിലെ അനിശ്ചിതത്വം തീവ്രമായി തുടരുകയാണ്. വിദ്യാർത്ഥികൾ ഇപ്പോൾ വീട്ടിലിരിക്കാൻ നിർബന്ധിതരാകുന്നു. ഇത്, അവരുടെ പഠനത്തെ മാത്രമല്ല ബാധിക്കുന്നത്. ക്യാമ്പസും, കൂട്ടുകാരും, അദ്ധ്യാപകരുമൊന്നുമില്ലാതെ വിദ്യാർത്ഥികൾ പലരും വീടുകളിൽ ഒറ്റപ്പെടുന്നു. ഏകാന്തതയും അസ്വസ്ഥതയും പിരിമുറുക്കവും വളരുകയാണ്. ഒരു അവധി കിട്ടാൻ ആഗ്രഹിച്ചിരുന്ന കുട്ടികൾ ഇന്ന് തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനത്തിൽ ഒത്തുചേരാൻ കൊതിക്കുന്നു. ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്യുന്ന ഓൺലൈൻ ക്ലസ്സുകളെക്കുറിച്ചു നമ്മൾ ചിന്തിക്കുന്നത്.

അദ്ധ്യാപകരും വിദ്യാർത്ഥികളും ക്ലാസിൽ മുഖാമുഖം പാഠഭാഗങ്ങൾ ചർച്ച ചെയ്യുമ്പോഴുണ്ടാകുന്ന ഒരു പഠനാനുഭവം, തീർച്ചയായും ഓൺലൈൻ ക്ലാസുകൾക്ക് നൽകാനാവില്ല. പെട്ടെന്ന് ഉണ്ടാകുന്ന സംശയങ്ങൾക്ക് അപ്പോൾത്തന്നെ നിവാരണം വരുത്തി മുന്നേറാൻ കഴിയുന്ന ക്ലാസിന്റെ ഊർജ്ജം ഇത്തരം ഇന്റർനെറ്റ് ക്ലാസുകൾക്ക് ഉണ്ടാവില്ല എന്നത്, വിദ്യാഭ്യാസ മേഖലയിൽ ഇൻഫോർമേഷൻ ടെക്നോളജിയുടെ പ്രസക്തി അംഗീകരിച്ചുകൊണ്ടു തന്നെ പറയാതിരിക്കാൻ കഴിയില്ല. ഈ സാങ്കേതിക വിദ്യകളെല്ലാംതന്നെ ഒരു സഹവൈജ്ഞാനിക മേഖലയായി കുട്ടികൾക്ക് പ്രയോജനപ്പെടുത്താമെന്നല്ലാതെ അദ്ധ്യാപകരുടെ സജീവ സാന്നിദ്ധ്യമില്ലാത്ത വിദ്യാഭ്യാസം ലക്ഷ്യപ്രാപ്തിയിൽ പൂർണ്ണത കൈവരിക്കുകയില്ല എന്നതാണ് യാഥാർത്ഥ്യം.

കൂടുതൽ സമയം കമ്പ്യൂട്ടറിലും ഫോണിലും നോക്കിയിരുന്നാൽ കണ്ണുകൾക്കും ഞരമ്പുകൾക്കും ഹാനികരമാണെന്നും

www.malankaralibrary.com

വിഷാദരോഗം ഉൾപ്പെടെയുള്ള മാനസിക പ്രശ്നങ്ങൾ ഉണ്ടാകുമെന്നുമുള്ള ഡോക്ടർമാരുടെ ഉപദേശങ്ങൾ കൂടെക്കൂടെ കുട്ടികളെ ഓർമ്മപ്പെടുത്തുന്ന മാതാപിതാക്കളും അദ്ധ്യാപകരും കുട്ടികളോട് ഇപ്പോൾ എന്തു പറയണമെന്ന ഉത്കണ്ഠയിലാണ്. സ്മാർട്ട് ഫോണുകൾക്ക് മുമ്പെങ്ങും ഇല്ലാതിരുന്ന കച്ചവടമാണ് ഇപ്പോഴുള്ളത്.

കുട്ടികളുടെ അമിതമായ ഫോൺ ഉപയോഗത്തെക്കുറിച്ച് എപ്പോഴും ശാസിക്കാറുള്ള രക്ഷിതാക്കൾ ഇപ്പോൾ അവർക്കത് വാങ്ങിച്ചു നൽകാനുള്ള ബദ്ധപ്പാടിലാണ്. മൊബൈൽഫോൺ വിദ്യാർത്ഥികൾക്ക് കാമ്പസിൽ നിഷിദ്ധമാണെന്ന കോടതികളുടെയും യൂണിവേഴ്സിറ്റികളുടെയും ഉത്തരവുകൾ നിലനിൽക്കെത്തന്നെ അതിനു വിരുദ്ധമായ രീതിയിൽ മൊബൈൽ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്ന വിരോധാഭാസമായ സമീപനത്തിലേക്ക് രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും മാറേണ്ടിവരുന്നു. ഓൺലൈൻ ക്ലാസ് പഠനം എന്ന അനിവാര്യമായ ആവശ്യം എങ്ങനെയും ഒരു ഫോൺ സ്വന്തമാക്കാനുള്ള സുവർണ്ണാവസരമായി മാറ്റുന്ന വിദ്യാർത്ഥികളും കുറവല്ല. തൊഴിൽ സാമ്പത്തിക മേഖലയിൽ സംഭവിച്ചിരിക്കുന്ന തകർച്ചമൂലം, പതിനായിരത്തോളം രൂപ വിലവരുന്ന സ്മാർട് ഫോൺ കുട്ടികൾക്കായി വാങ്ങുവാൻ കഴിയാതെ പല രക്ഷിതാക്കളും ബുദ്ധിമുട്ടുകയാണ്.

സ്കൂൾ വിദ്യാർത്ഥികളുടെ വീടുകൾ കേന്ദ്രീകരിച്ച് നടത്തിയ സർവേ അനുസരിച്ച് കേരളത്തിൽ 2.6 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഫോൺ ഇല്ല. കോളേജ് തലത്തിൽ ഇങ്ങനെ ഒരു സർവേ നടന്നിട്ടുള്ളതായും അറിവില്ല. ഫോൺ ഉള്ളവരിൽ പലർക്കും നെറ്റ്‌വർക്ക് തകരാറുകളും സിഗ്നൽ പ്രശ്നങ്ങളുമുണ്ട്. ഈ കുട്ടികൾക്ക് എങ്ങനെ പാഠങ്ങൾ പഠിക്കാൻ കഴിയും? ഏഴായിരത്തോളം വരുന്ന ഗ്രന്ഥശാലകളെ ഇതിനായി ഉപയോഗിക്കാം എന്ന നിർദ്ദേശം ഉയരാറുണ്ടെങ്കിലും അത് എത്രമാത്രം പ്രായോഗികമാകും എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

സ്മാർട്ഫോണുകൾ കടകളിൽ കിട്ടാനില്ലാത്ത സാഹചര്യവും നിർദ്ധന വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്ന അവസ്ഥയുമെല്ലാം പരിഗണിച്ച് രണ്ടു മാസം കാത്തിരുന്ന് ക്ലാസുകൾ ആരംഭിക്കുന്നതല്ലേ ഉചിതം? ഓൺലൈൻ ക്ലാസുകൾക്ക് തയ്യാറായിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും എല്ലാം ഇത് സ്വീകാര്യമാകും എന്നതിൽ സംശയമില്ല. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് സർവകലാശാലകളൊക്കെ ഓൺലൈൻ ക്ലാസുകളിലേക്ക് മാറി



യെന്നും അതിനാൽ കേരളത്തിലെ സർവ്വകലാശാലകളും അത് പിന്തുടരണമെന്നും പറയുന്ന ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ മന്ത്രി ശ്രീ. കെ.ടി. ജലീൽ, പക്ഷേ, എല്ലാം പരിഹരിച്ച് ഓൺലൈൻ അദ്ധ്യയനത്തിലേക്ക് മാറാൻ കഴിയില്ല എന്ന വസ്തുതയും സമ്മതിക്കുന്നുണ്ട്. തിടുക്കത്തിലുള്ള തീരുമാനങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ സുസ്ഥിരതയെയും പ്രാഗത്ഭ്യത്തെയും തകർക്കുന്നതാകരുത്.

അടുത്ത അധ്യയന വർഷം മുതൽ കുട്ടികളെ ബുദ്ധിമുട്ടിലാക്കുന്ന മറ്റൊരു പ്രശ്നമായിരിക്കും, കോളേജുകളുടെ സമയമാറ്റത്തിനുള്ള തീരുമാനം. രണ്ടു മണിക്കൂറിലേറെ യാത്ര ചെയ്ത് കോളേജിലെത്തുന്ന ധാരാളം കുട്ടികളുണ്ട്. ഇവർക്ക് സമയത്ത് കോളേജിൽ എത്തുക എന്നത് ദുഷ്കരമായിരിക്കും. നിലവിലുള്ള നിയമമനുസരിച്ച് 7 മണി മുതൽ മാത്രമേ കുട്ടികൾക്ക് കൺസഷൻ ടിക്കറ്റ് ലഭിക്കുകയുള്ളു. ഉച്ചകഴിഞ്ഞ് 1.30ന് ശേഷമുള്ള സമയം പഠന പ്രവർത്തനങ്ങൾക്കോ, പാർട് ടൈം ജോലികൾക്കോ വിനിയോഗിക്കാനാകുമെന്ന സൗകര്യം പ്രയോജനപ്പെടുത്തുന്നത് ഒരു ചെറിയ ശതമാനം കുട്ടികൾ മാത്രമായിരിക്കും. മറ്റു വിദ്യാർത്ഥികൾ ഈ സമയം എങ്ങനെ ഉപയോഗിക്കുമെന്നത് അനുഭവത്തിലൂടെ മാത്രമേ അറിയാൻ കഴിയൂ. മാത്രമല്ല രാവിലെ 8.30 മുതൽ 1.30 വരെയുള്ള അഞ്ചു മണിക്കൂർ തുടർച്ചയായ പഠനം കുട്ടികളിൽ മടുപ്പും വിരസതയും ജനിപ്പിക്കും എന്നത് വിസ്മരിക്കാനാവില്ല. പ്രത്യേകിച്ച് കൗമാരപ്രായക്കാരിൽ ഭക്ഷണ സമയങ്ങളിലുണ്ടാകുന്ന നീണ്ട ഇടവേള ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിച്ചേക്കാം. കോളേജുകളിൽ ഒരു കാലത്ത് നിലനിന്നിരുന്ന ഷിഫ്റ്റ് സമ്പ്രദായം ഉദ്ദേശിച്ച ഫലം നൽകിയില്ല എന്നത് മുതിർന്നവർക്ക് അനുഭവം കൊണ്ട് അറിയാവുന്നതുമാണ്. അതുപോലെ സെമസ്റ്റർ സംവിധാനത്തിൽ നിന്ന് ആനുവൽ സ്കീമിലേക്ക് മടങ്ങിവന്നതിനെക്കുറിച്ചും യൂണിവേഴ്സിറ്റി പുനരാലോചിക്കുന്നത് ഉചിതമായിരിക്കും. വിദ്യാർത്ഥികളിലും മാതാപിതാക്കളിലും അദ്ധ്യാപകരിലുമായി ഒരു സമഗ്ര സർവേ നടത്തി, സമയമാറ്റം സൃഷ്ടിക്കുന്ന വൈഷമ്യങ്ങൾ, സൗകര്യങ്ങൾ, വാർഷിക സ്കീം നടപ്പാക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ഇവ വിലയിരുത്തി ഒരു തീരുമാനമെടുക്കുന്നതായിരിക്കും അഭികാമ്യമെന്ന് തോന്നുന്നു. എന്തായാലും സർക്കാരും വിദ്യാഭ്യാസ വകുപ്പും നിർദ്ദേശിക്കുന്ന എല്ലാ പരിഷ്കാരങ്ങളും സാർവജനീനമായി നന്മയും ഗുണവും പ്രദാനം ചെയ്യുന്നതാകട്ടെ എന്ന് പ്രത്യാശിക്കാം.

www.malankaralibrary.com

# പരിസ്ഥിതി സംരക്ഷണവും കൊറോണാ വൈറസും

ഡോ. സേവ്യർ മാറാമറ്റം

"താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നു എന്ന് ദൈവം കണ്ടു". ഉൽപത്തിപുസ്തകം ഒന്നാം അദ്ധ്യായത്തിന്റെ അവസാന വാക്യമാണിത്. ഉൽപത്തിപുസ്തകം ഒന്നാം അദ്ധ്യായം മുഴുവൻ ദൈവം പ്രപഞ്ചത്തെ സൃഷ്ടിക്കുന്ന ഭാഗമാണ് നാം കാണുന്നത്. മനോഹരമായ ഒരു പ്രപഞ്ചത്തെ സൃഷ്ടിച്ച് അതിന്റെ മകുടമായി ദൈവം മനുഷ്യന് ജന്മം നല്കി. എന്നാൽ പലവിധ കാരണങ്ങളാൽ ഈ പ്രപഞ്ചത്തിന്റെ മനോഹാരിത നിലനിർത്തുവാനും സംരക്ഷിക്കുവാനും മനുഷ്യൻ പരാജയപ്പെട്ടുപോകുന്നു. പരിസ്ഥിതി സംരക്ഷണം എല്ലാവരുടെയും കടമയും ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗവുമാണ് എന്ന് പ്രഖ്യാപിക്കുന്ന ഒരു ചാക്രിക ലേഖനമാണ് ഫ്രാൻസിസ് മാർപാപ്പായുടെ "അങ്ങേക്കു സ്തുതി" (Laudato si). എല്ലാ വസ്തുക്കളുടെയും ആദിമ ഉറവിടത്തെക്കുറിച്ചുള്ള ഒരു പരിചിന്തനത്തിൽനിന്നും – ഈ പ്രപഞ്ചത്തിലുള്ള സർവ സൃഷ്ടിജാലങ്ങളെയും – അവ എത്ര ചെറുതാകട്ടെ – അവയെയെല്ലാം സഹോദരാ,/സഹോദരീ, എന്നു വിളിച്ചുകൊണ്ട് – പ്രപഞ്ചത്തിലുള്ള എല്ലാറ്റിനേയും സ്നേഹിക്കുന്ന, ആദരിക്കുന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയുടെ പ്രകൃതിദർശനമാണ് ഈ ചാക്രിക ലേഖനത്തിന്റെ കാതൽ. പ്രകൃതിയെയും മറ്റു ജീവജാലങ്ങളെയും പരിഗണിക്കാത്ത ഏകാധിപത്യപരമായ മനുഷ്യകേന്ദ്രീകൃതത്വത്തിന് ക്രിസ്തീയ വിശ്വാസത്തിലിടമില്ലെന്ന ശക്തമായ സന്ദേശവും ഫ്രാൻസിസ് മാർപാപ്പ ഈ ചാക്രികലേഖനത്തിലൂടെ നമുക്കു നല്കുന്നു. ഈ കൊറോണാ കാലം മനുഷ്യൻ ലോക്ഡൗണിലേക്ക് നീങ്ങേണ്ടിവന്നു. എന്നാലും – പ്രപഞ്ചത്തിനേറ്റ പല പാരിസ്ഥിതിക പ്രശ്നങ്ങളുടെയും മുറിവുണങ്ങാൻ ഈ കാലഘട്ടം സഹായകമായി.

കോവിഡ് –19 എന്ന വളരെ ചെറിയ ഒരു വൈറസിന്റെ വ്യാപനം ലോകത്തെയാകമാനം ബാധിച്ചു. ഇതിൽ ഏററവും പ്രധാനപ്പെട്ട ഘടകം ജനങ്ങളെല്ലാവരും തങ്ങളുടെ സ്വന്തം ഭവനങ്ങളിലേക്ക് പിൻവലിയേണ്ടിവന്നു എന്നതാണ്. വലിയ പട്ടണങ്ങളും നഗരങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും മാളുകളും വലിയ ഹൈവേകളും തീയേറ്ററുകളുമെല്ലാം നിമിഷനേരംകൊണ്ട് ശൂന്യമാക്കപ്പെട്ടു. ഈ ഭൂമി മനുഷ്യന്റെ സ്വന്തമാണെന്നും അവനാണ് ഈ ഭൂമിയുടെ ഉടമസ്ഥനെന്നുമുള്ള ചിന്തയിൽ എല്ലാ ജീവികളുടെയും ആവാസ വ്യവസ്ഥയെ അവൻ കൈയേറി. വനങ്ങൾ നശിപ്പിച്ച്, മൃഗങ്ങളെ തുരത്തിയോടിച്ചു. ആകാശത്തിലും ഭൂമിയിലും സമുദ്രത്തിലും ഒരുപോലെ മനുഷ്യന്റെ തിരക്കേറിയ യാത്ര, മറ്റ് ജീവജാലങ്ങൾക്കൊന്നും ഒരിടവും ഇല്ലാത്ത അവസ്ഥയിലേക്ക് നയിച്ചു. നാം അധിവസിക്കുന്ന ഭൂമിയിലെ ജലവും, വായുപോലും മലീമസമായി തീർന്നു. മനുഷ്യനെപ്പോലെ തന്നെ മറ്റു ജീവജാലങ്ങളുടെയും നിലനില്പുതന്നെ അപത്ഘട്ടത്തിലേക്ക് നീങ്ങുന്ന ഒരവസ്ഥ. ഈ അവസ്ഥയിൽ നമ്മുടെ നഗ്നനേത്രങ്ങൾക്കുപോലും കാണാനാവാത്ത ഒരു ചെറിയ വൈറസ് ലോകക്രമത്തെ മുഴുവൻ മാറ്റിമറിക്കുന്നു. അതും ചെറുതെന്നോ വലുതെന്നോ വ്യത്യാസമില്ലാതെ എല്ലാ രാജ്യങ്ങളെയും, ഭരണാധികാരികളെന്നോ സമ്പന്നനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ. എന്നാൽ നമുക്കു പരിഹാരം കാണാൻ സാധിക്കാതെപോയ പ്രകൃതിയുടെ പല പ്രശ്നങ്ങൾക്കും ഈ ചെറിയ ഒരണു, പരിഹാരമായി എന്നതല്ലേ സത്യം?

**മലിനീകരണം (Pollution)**

ഇന്ന് നാം അധിവസിക്കുന്ന ഈ പ്രപഞ്ചം നേരിടുന്ന വലിയ ഒരു വിപത്താണ് മലിനീകരണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് – ജലമലിനീകരണം, വായുമലിനീകരണം, ശബ്ദമലിനീകരണം, വ്യവസായിക മലിനീകരണം ഇവയൊക്കെ. ഇവയ്ക്കൊന്നും ശാശ്വത പരിഹാരം കാണാൻ മനുഷ്യന് സാധിച്ചിരുന്നില്ല. എന്നാൽ, ഈ കൊറോണ വ്യാപനഘട്ടം ഒരു പരിധിവരെ ഈ മലിനീകരണങ്ങളെയെല്ലാം നിയന്ത്രിച്ചു.

ഈ ദിവസങ്ങളിൽ നിരത്തുകളിൽ വാഹനമോടാതിരുന്നപ്പോൾ വായുവിൽ നൈട്രജൻ ഓക്സൈഡിന്റെയും കാർബൺ മോണോക്സൈഡിന്റെയും അളവ് നന്നേ കുറഞ്ഞു. പുല്ലുകൾക്കും പുൽമേടുകൾക്കും വനവൃക്ഷലതാദികൾക്കും ഇത് സമൃദ്ധിയുടെ നാളുകളായി. കപ്പലുകളുടെ സഞ്ചാരവും മീൻപിടുത്തക്കാരുടെ വള്ളങ്ങളും ബോട്ടുകളും നിശ്ചലമായപ്പോൾ, ആറുകളിലേയും തോടുകളിലേയും ജനസാന്നിദ്ധ്യം ഇല്ലാതായപ്പോൾ, കടലിലും നദിക



www.malankaralibrary.com

ളിലും ജലം തെളിയാൻ തുടങ്ങി. ജനങ്ങൾ വീടുകളിൽ ഒതുങ്ങിക്കൂടുകയും വാഹനങ്ങൾ നിരത്തിലിറങ്ങാതാവുകയും ചെയ്തപ്പോൾ ശബ്ദമലിനീകരണവും, വ്യവസായശാലകൾക്ക് പൂട്ടു വീണപ്പോൾ പുകക്കുഴലിലൂടെ ആകാശത്തേക്കുയർന്നിരുന്ന മലീമസമായ പുകപടലങ്ങൾക്കും, കൈവഴികളിലൂടെ ജലാശയങ്ങളിലേക്ക് ഒഴുകിയിരുന്ന മാലിന്യങ്ങൾക്കും അറുതിവന്നു. ഏപ്രിൽ 9-ാം തീയതി CNN റിപ്പോർട്ട് ചെയ്ത ന്യൂസ് ഇപ്രകാരമായിരുന്നു: 'People from Panjab can see the Himalyas as the lockdown eases air Pollution'. ഒരു വിധത്തിൽ പറഞ്ഞാൽ മനുഷ്യൻ രോഗബാധപ്രതിരോധത്തിന്റെ ഭാഗമായി സ്വഭവനങ്ങളിലേക്ക് ഒതുങ്ങിയപ്പോൾ, മലിനീകൃതമായിരുന്ന പ്രകൃതി അതിന്റെ പല രോഗങ്ങളിൽനിന്നും സൗഖ്യംനേടി.

**ആഗോളതാപനം (Global warming)**

ഭൂമിയുടെ ശരാശരി താപനില ഉയരുന്ന അവസ്ഥയാണിത്. ആഗോളതാപനത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പാ "കർത്താവേ, അങ്ങേയ്ക്കു സ്തുതി" എന്ന ചാക്രിക ലേഖനത്തിൽ 23,24 ഖണ്ഡികകളിൽ പ്രത്യേകം എടുത്തു പറയുന്നു. ആഗോളതാപനത്തിന്റെ പ്രധാന കാരണം മാനുഷിക പ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന ഗ്രീൻഹൗസ് ഗ്യാസുകൾ (കാർബൺ ഡയോക്സൈഡ്, മീഥെയിൽ, നൈട്രജൻ ഓക്സൈഡുകൾ) തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വർദ്ധിക്കുന്നു. സൂര്യനിൽനിന്നു ഭൂമിയിലേക്കു വരുന്ന സൂര്യരശ്മികളുടെ താപം ഈ വാതകങ്ങൾ തടയുകയും ഭൂമിയിലെ താപനില വർദ്ധിക്കുകയും ചെയ്യുന്നു. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ ഈ താപനിലയിലെ വർദ്ധനവ് "കുടിവെള്ളം, ഊർജ്ജം എന്നീ അടിസ്ഥാനപരമായ സ്രോതസ്സുകളുടെ സംലഭ്യതയെയും ചൂടുകൂടിയ മേഖലകളിലെ കാർഷികോത്പാദനത്തെയും ബാധിച്ചുകൊണ്ടും ഭൂമിയുടെ ജൈവ വൈവിധ്യത്തെ ഭാഗികമായി നാശത്തിലേക്ക് നയിച്ചുകൊണ്ടും ഒരു വിഷമവൃത്തം സൃഷ്ടിക്കുന്നു." ഇവയോടൊപ്പം സമുദ്രത്തിലെ ലവണാംശങ്ങളുടെ കുറവ്, ധ്രുവങ്ങളിലെ മഞ്ഞുരുകൽ, കാലാവസ്ഥ വ്യതിയാനം എന്നിവ മനുഷ്യരടക്കമുള്ള മിക്ക ജീവജാലങ്ങൾക്കും പ്രതികൂലമായിത്തീരുന്നു.

ഇവയെ നിയന്ത്രിക്കുവാൻ പ്രധാനമായും നിർദ്ദേശിക്കപ്പെടുന്ന കാര്യങ്ങൾ-വാഹനങ്ങളുടെ അമിത ഉപയോഗം നിയന്ത്രിക്കുക,



ക്ലോറോ ഫ്ളൂറോ കാർബൺ പുറന്തള്ളുന്ന വൈദ്യുതോപകരണങ്ങളുടെ ഉപയോഗം കുറയ്ക്കുക, മലിനീകരണം തടയുക, പ്ലാസ്റ്റിക് സാധനങ്ങളുടെ ഉപയോഗം പരമാവധി ഒഴിവാക്കുക, മരങ്ങൾ നട്ടു വളർത്തുക എന്നിവയാണ്. ഈ കൊറോണ കാലഘട്ടംപോലെ ഈ കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കാൻ മനുഷ്യനെ പാകപ്പെടുത്തിയ മറ്റൊരു കാലഘട്ടം ഈ അടുത്ത നാളുകളിൽ ഉണ്ടായിട്ടില്ല. 2020 മെയ് 22 ലെ "The Hindu" പേപ്പറിൽ വന്ന റിപ്പോർട്ടുപ്രകാരം ഹരിത ഗൃഹ വാതക (ജി എച്ച് ജി) ഉദ്വമനം, പ്രധാനമായും വ്യവസായിക പ്രവർത്തനങ്ങളിൽനിന്നുള്ള $Co_2$ ഉദ്വമനം, ഈ ലോക്ഡൗൺ കാലത്ത് ഗണ്യമായി കുറഞ്ഞു. ലോകം $Co_2$ നിലവിൽ പ്രതിവർഷം 36 ജിടി (ജിഗാ ടൺ) $Co_2$ പുറത്തുവിടുന്നു. ഈ കൊറോണക്കാലത്ത് ഇതിന്റെ ഉദ്വമനം കുറയുകയും ഇത് ആഗോളന താപനത്തിന്റെ നിരക്ക് ഗണ്യമായി കുറയ്ക്കുകയും കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രതിസന്ധിയെ മറികടക്കാൻ സഹായിക്കുകയും ചെയ്തു.

**ഓസോൺ പാളികൾ (Ozone Depletion)**

അന്തരീക്ഷത്തിലെ ഒരു അദൃശ്യ കാവൽക്കാരനാണ് ഓസോൺ ($O_3$) പാളികൾ. സൂര്യനിൽനിന്നു വരുന്ന അൾട്രാ വയലറ്റ് രശ്മികളെ തടഞ്ഞുനിർത്തി ഇവ ഭൂമിയിലെ ജീവജാലങ്ങളെ സംരക്ഷിക്കുന്നു. 1913-ൽ ഭൗതിക ശാസ്ത്രജ്ഞന്മാരായ ചാൾസ് ഫാബ്രി, ഹെന്റി ബിഷൺ എന്നിവരാണ് ഇതിന്റെ സാന്നിധ്യം കണ്ടുപിടിച്ചത്. 1987-ൽ യുണൈറ്റഡ് നേഷൻസ് എൻവയൺമെന്റ് പ്രോഗ്രാമിന്റെ (യു എൻ ഇ പി) നേതൃത്വത്തിൽ 24 രാജ്യങ്ങൾ ഒത്തുചേർന്ന് 'മോൺട്രിയൽ പ്രോട്ടോകോൾ' എന്ന ഉടമ്പടി രൂപീകരിച്ച് ഓസോൺ പാളികളെ തകർക്കുന്ന ക്ലോറോ ഫ്ളൂറോ കാർബണുകളുടെ (സി എഫ് സി) ഉപയോഗം കുറയ്ക്കാൻ തീരുമാനിക്കുകയുണ്ടായി. ഈ കൊറോണക്കാലത്ത് നാം കേട്ട നല്ല ഒരു വാർത്തയായിരുന്നു "ഓസോൺ പാളിയിലെ മുറിവുണങ്ങുന്നു" എന്നത്. കോപ്പർ നിക്കസ് അറ്റ്മോസ്ഫിയർ മോണിറ്ററിംഗ് സർവീസ് ഏപ്രിൽ 26-ന് പുറത്തുവിട്ട വാർത്ത അനുസരിച്ച് ഓസോൺ പാളിയിൽ ഇതുവരെയുണ്ടായിരുന്നതിൽ വച്ച് ഏറ്റവും വലിയ സുഷിരം (10 ലക്ഷം കിലോമീറ്റർ) ഇല്ലാതായിരിക്കുന്നു. ഇതിന്റെ പ്രധാനപ്പെട്ട കാരണം എന്താണ് എന്നതിൽ ഇനിയും വ്യക്തത വരേണ്ടതുണ്ട്.

www.malankaralibrary.com

### ജൈവ വൈവിധ്യം (Bio-diversity) നേരിടുന്ന ഭീഷണികൾ

നമ്മുടെ ഭൂമി ധാരാളം ജൈവ വൈവിധ്യങ്ങൾകൊണ്ട് അനുഗൃഹീതമാണ്. എന്നാൽ ഇന്ന് ഇത് വലിയ ഭീഷണി നേരിടുന്നു. ഇതിനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ – മറ്റു ജീവികളുടെ ആവാസ വ്യവസ്ഥകളിലുള്ള കയ്യേറ്റം, പ്രകൃതി വിഭങ്ങളുടെ ചൂഷണം, പരിസ്ഥിതി മലിനീകരണം, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവയാണ്. ഏകദേശം 34,000 ഓളം സസ്യങ്ങളും 5200 ഓളം ജന്തുജാലങ്ങളും വംശനാശ ഭീഷണി നേരിടുന്നു. ലോകത്ത് പക്ഷികളുടെ എണ്ണത്തിൽ എട്ടിലൊന്ന് കുറവുണ്ടായി. ഐക്യരാഷ്ട്രസഭ ജൈവവൈവിധ്യ ദശകമായി 2011 മുതൽ 2020 വരെയുള്ള കാലഘട്ടത്തെ പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ നല്ല ഒരു സമാപനമായി ഈ കൊറോണക്കാലത്തെ നമുക്കു കാണാനാവും.

ഈ നാളുകളിൽ വന്ന ഏതാനും വാർത്തകൾ പ്രകൃതിയിലും ജീവജാലങ്ങളിലും വരുത്തിയ മാറ്റങ്ങളെ വ്യക്തമാക്കുന്നവയായിരുന്നു. വെനീസ് നഗരത്തിൽ ഇടവേള ഇല്ലാതെ ചലിച്ചുകൊണ്ടിരുന്ന ഗോണ്ടോള തോണികളുടെ തുടിപ്പുകൾ ഇല്ലാതായപ്പോൾ വെനീസ് നഗരത്തിലെ വെള്ളം കുടിക്കാൻ തോന്നുംവിധം തെളിനീരായി. അരയന്നങ്ങൾ ശാന്തമായി നീന്തിനടക്കുന്ന ജലാശയങ്ങളും, കപ്പലുകളും മത്സ്യബന്ധനബോട്ടുകളും വള്ളങ്ങളും തുറമുഖങ്ങളിലും കടൽതീരങ്ങളിലും നിശ്ചലമായപ്പോൾ ആഴക്കടലിലേക്ക് പിൻമാറിയിരുന്ന ഡോൾഫിനുകൾ കരയ്ക്കടുത്തെത്തുന്ന ചിത്രങ്ങളും വാർത്തകളിൽ നമ്മൾ കാണുകയുണ്ടായി. ഹൈസ്പീഡ് കാറുകൾ ചീറിപാഞ്ഞിരുന്ന സിംഗപ്പൂർ നഗരം ആളൊഴിഞ്ഞപ്പോൾ റോഡരികിൽ കളിച്ചുനടക്കുന്ന നീർനായ്കളും, ഇസ്രായേലിലെ ടെൽ അവീവ് എയർപോർട്ടിലെ താറാവുകൾ നടന്നുപോകുന്ന ദൃശ്യവും, ഷിക്കാഗോ അക്വേറിയത്തിൽ മനുഷ്യർക്ക് വിലക്കേർപ്പെടുത്തിയപ്പോൾ, രണ്ട് പെൻഗ്വിനുകൾ ചുറ്റിനടന്ന് മറ്റ് കടൽ ജീവികൾക്ക് ഹായ് പറയുന്ന രംഗങ്ങളുമെല്ലാം ഈ നാളുകളിൽ നമ്മൾ കണ്ട കൗതുകമുണർത്തുന്ന വാർത്തകളായിരുന്നു.

ഇതിൽനിന്നെല്ലാം വ്യക്തമാകുന്ന കാര്യം മനുഷ്യൻ മറ്റു ജീവികളുടെ അധിവാസ വ്യവസ്ഥകളിൽ കൈകടത്താതിരുന്നാൽ ഈ ജീവികളെല്ലാം തങ്ങളുടെ ജീവിതക്രമങ്ങളിലേക്ക് ഭയമില്ലാതെ തിരിച്ചുവരും എന്നതാണ്. ഈ പ്രപഞ്ചം നമ്മുടേതു മാത്രമല്ല; മറ്റെല്ലാ ജീവജാലങ്ങളോടൊപ്പം പങ്കുവച്ചു ജീവിക്കാനുള്ളൊരിടമാണിത് എന്ന തിരിച്ചറിവ് ഈ കാലഘട്ടത്തിൽ നമുക്ക് സ്വന്തമാക്കാം.

# പ്രപഞ്ചത്തെ വഹിക്കേണ്ട മനുഷ്യൻ

ഡോ. സിറിയക് വലിയകുന്നുംപുറത്ത്

കൊറോണാ കാലഘട്ടം നമ്മെ ഏറെ ചിന്തിപ്പിക്കുകയും ആശങ്കപ്പെടുത്തുകയും ചെയ്യുന്ന കാലമാണ്. ചരിത്രത്തിൽ മനുഷ്യനു പലവിധത്തിലുള്ള ബാധകൾ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. ഇവയ്ക്ക് വ്യത്യസ്തമായ വ്യാഖ്യാനങ്ങളാണ് സാഹിത്യ, സാമൂഹിക, മത ലോകങ്ങൾ നല്കുന്നത്. ഇവയെ പ്രപഞ്ചത്തിന്റെ പുനചംക്രമണമായും സാമൂഹിക സന്തുലിതാവസ്ഥയുടെ ഭാഗമായും ദൈവിക ഇടപെടലിന്റെ ഭാഗമായും വ്യാഖ്യാനിക്കുന്നവരുണ്ട്. എന്തുതന്നെയായാലും കഴിഞ്ഞ നൂറ്റാണ്ടുകളുടെ ചരിത്രം നമുക്കു നല്കുന്നത് വലിയ പ്രത്യാശയാണ്. കാരണം, ഓരോ നൂറ്റാണ്ടിലും ഇപ്രകാരമുള്ള മഹാമാരികൾ ഉണ്ടായിട്ടുണ്ടെങ്കിലും ശാസ്ത്രസാങ്കേതികവിദ്യയിലും സമൂഹത്തിന്റെ വളർച്ചയിലും ദൈവാശ്രയബോധത്തിലും മനുഷ്യൻ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു പോന്നു. ഈ നൂറ്റാണ്ടിലും മനുഷ്യമനസ്സിനെ പ്രത്യാശയുടെ ഉന്നതിയിലേക്ക് ഉയർത്താൻ തക്കവിധം രൂപപ്പെടുത്തേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. ഈ സാഹചര്യത്തിൽ പ്രപഞ്ചത്തിന്റെ ഗതിവിഗതികളെ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടു വീക്ഷിക്കുവാനുള്ള ഉത്തരവാദിത്വമാണ് ഏതു വിശ്വാസിക്കുമുള്ളത്. മനുഷ്യസൃഷ്ടിയുടെ ലക്ഷ്യവും, ഇതിൽ നിന്നകലുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെയും വി. ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

### സൃഷ്ടപ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനം

“കർത്താവേ, അങ്ങു മനുഷ്യനെ ഓർക്കുവാൻ അവൻ എന്താണ്? മനുഷ്യവംശത്തെപ്പറ്റി ചിന്തിക്കുവാൻ അത് എന്താണ്? നീ അവനെ ദൈവത്തിൽനിന്നും അല്പം ചെറുതാക്കി. മഹത്ത്വവും ബഹുമാനവുംകൊണ്ട് കിരീടം ധരിപ്പിച്ചു” (സങ്കീ 8,5). എല്ലാ സൃഷ്ടികളുടെയും മകുടമായി ദൈവം മനുഷ്യനെ സ്വന്തം ഛായയിൽ, സാദൃശ്യത്തിൽ സൃഷ്ടിച്ചു. ഇത് ഒരു പ്രത്യേക നിയോഗത്തിനായിരുന്നു. മനുഷ്യന്റെ പൂർണ്ണത ദൈവികഛായയിൽ വിലയം പ്രാപി

www.malankaralibrary.com

ക്കുമ്പോഴാണ്. "ദൈവമേ, നീ എന്നെ നിനക്കായ് സൃഷ്ടിച്ചു. നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമാണ്" (വി. ആഗസ്തീനോസ്). സൃഷ്ടപ്രപഞ്ചത്തെ സ്നേഹത്തിന്റെ ഐക്യത്തിൽ സ്രഷ്ടാവായ ദൈവത്തിങ്കലേക്കു നയിക്കുമ്പോഴാണ് ദൈവം തന്നിൽ നിവേശിപ്പിച്ച പൂർണ്ണത മനുഷ്യൻ പ്രാപിക്കുന്നത്, ദൈവികഛായയുടെ പൂർണ്ണതയിൽ അവൻ എത്തുന്നത്. പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടവസ്തുക്കളുടെയുംമേൽ മനുഷ്യന് അധികാരം നല്കുന്ന ദൈവത്തെയാണ് ഉല്പത്തി 1,29-ൽ നാം കാണുന്നത്. ഈ അധികാരമാകട്ടെ, ശുശ്രൂഷയിൽ കേന്ദ്രീകൃതമാണ്. യഹൂദരുടെ നിയമഗ്രന്ഥമായ തോറായുടെ വ്യാഖ്യാനമായ അറമായ താർഗുമിൽ മനുഷ്യനു നല്കുന്ന അധികാരത്തെ സൂചിപ്പിക്കുവാൻ രണ്ടു വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്: ഒന്ന് 'കൂഫ്' (quf). ഇത് വിവക്ഷിക്കുന്നത് മനുഷ്യൻ പ്രപഞ്ചത്തെ വഹിക്കുന്നവനാകണം എന്നതാണ്. 'കൂഫ്' എന്ന അറമായ പദത്തിന്റെ ദൈവശാസ്ത്രപരമായ അർത്ഥം വാഗ്ദാനപേടകവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. പുരോഹിതർ വാഗ്ദാനപേടകവുമായി വാഗ്ദത്തദേശത്തേക്കു പോകുന്ന പ്രക്രിയയെ വിശേഷിപ്പിക്കാൻ ഈ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇപ്രകാരം മനുഷ്യൻ പ്രപഞ്ചസൃഷ്ടികളെയും പ്രപഞ്ചത്തെയും വാഗ്ദാനപേടകംപോലെ വഹിക്കുന്നവനാകണം, ഇതിന്റെ ലക്ഷ്യസ്ഥാനം പിതാവായ ദൈവവും. ഇവിടെയാണ് നമുക്ക് യഥാർത്ഥ വിശ്രമജീവിതത്തിലേക്ക്, ദൈവരാജ്യത്തിന്റെ മഹത്ത്വത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുന്നത്. ഇപ്രകാരം ദൈവിക വെളിപാടിന്റെ ഭാഗമായ പ്രപഞ്ചത്തെ ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോഴാണ് മനുഷ്യൻ പൂർണ്ണത കൈവരിക്കുന്നത്. രണ്ടാമത്തെ പദം 'ശലാത്ത്' (Shalath) എന്നാണ്. ഈ പദത്തിന്റെ അർത്ഥം, 'കൂട്ടിയോജിപ്പിക്കുക' എന്നാണ്. ഇത് മനുഷ്യൻ എപ്രകാരം പ്രപഞ്ചത്തെ തോളിലേറ്റണം എന്നു സൂചിപ്പിക്കുന്നു. മനുഷ്യനു മാത്രം ചെയ്യാവുന്ന ജോലിയാണ് എല്ലാറ്റിനെയും സ്വീകരിക്കുകയും കൂട്ടിയോജിപ്പിക്കുകയും ചെയ്യുക എന്നുള്ളത്. ഇവിടെ നിരന്തരമായ ക്ഷമയും എളിമയുടെ മനോഭാവവും ഉണ്ടാകണം. ഇതാണ് 'ശലാത്ത്' എന്ന അറമായ പദം വിവക്ഷിക്കുന്നത്. ഇപ്രകാരം മനുഷ്യൻ ഈ ലോകജീവിതത്തിലെ വ്യത്യസ്തമായ മനോഭാവങ്ങളെയും ചിന്താധാരകളെയും സ്നേഹത്തിൽ യോജിപ്പിച്ചുകൊണ്ട് പ്രപഞ്ചമാകുന്ന ദൈവികവെളിപാടിനെ ഹൃദയത്തിൽ സംവഹിച്ച് പിതാവിങ്കലേക്കു യാത്ര ചെയ്യണം. മിശിഹായിലൂടെ ഈ യാത്രയുടെ പൂർണ്ണത നമുക്കു ദർശിക്കാൻ സാധിക്കും. കാരണം 'അവൻ നമ്മുടെ സമാധാനമാണ്. ഇരുകൂട്ടരെയും ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിൽക്കെട്ടു തകർക്കുകയും ചെയ്തു" (എഫേ 2,14). മിശിഹായുടെ മുന്നോടിയായി വന്ന മോശ ഇസ്രായേൽജനത്തെ സ്നേഹത്തിന്റെ കൂട്ടായ്മയായ ദണ്ഡിന്റെ കീഴിലാക്കികൊണ്ട് വാഗ്ദാനദേശത്തേക്കു നയിച്ചു. അവരുടെയിടയിൽ കലഹങ്ങളും പ്രക്ഷോഭങ്ങളും ഉണ്ടാകുമ്പോൾ അവരെ സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന മോശയുടെ നേതൃത്വം വി. ഗ്രന്ഥത്തിൽ കാണാം. "മുല കുടിക്കുന്ന കുഞ്ഞിനെ അമ്മ വഹിക്കുന്നതുപോലെ" (സംഖ്യ 11,12), ജനത്തെ സ്വന്തം മാറിടത്തിൽ വഹിച്ച് വാഗ്ദത്തദേശം ലക്ഷ്യമാക്കി യാത്രചെയ്യുന്ന മോശ മനുഷ്യനിലുള്ള ദൈവോന്മുഖതയുടെ പ്രതീകമാണ്. മോശയുടെ കൈയിലുള്ള ദണ്ഡ് ജനത്തെ വിശ്വാസത്തിലും സ്നേഹത്തിലും ഒന്നിപ്പിക്കുന്ന വസ്തുവായതുപോലെ മിശിഹായുടെ കുരിശ് ലോകജനതയെ ഒന്നു ചേർക്കുകയും പ്രപഞ്ചത്തെ വിശുദ്ധീകരിക്കുകയും ചെയ്യുന്ന സ്നേഹത്തിന്റെ അടയാളമായിരുന്നു. മിശിഹായുടെ തുടർച്ചയായി വിളിക്കപ്പെട്ട സഭ ഇതേ ദൗത്യം തുടർന്നുപോകാൻ കടപ്പെട്ടവളാണ്. എന്നാൽ പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥയ്ക്കു ഭംഗം വരുമ്പോൾ അതിന്റെ കാരണം അന്വേഷിച്ച് പോകേണ്ടത് നമ്മിൽതന്നെയാണ് എന്ന് വി. ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു.



### പ്രകൃതിക്ഷോഭങ്ങളും വിശുദ്ധഗ്രന്ഥവും

താൻ സൃഷ്ടിച്ചതെല്ലാം നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു (ഉല്പ 1,30). എന്നാൽ ഈ നന്മയ്ക്കു കോട്ടം സംഭവിക്കുന്നത് തിന്മമൂലമാണ്. ദൈവസാന്നിധ്യത്തിൽ മനുഷ്യൻ ആയിരിക്കാൻ ദൈവം ഏദൻതോട്ടത്തെ സൃഷ്ടിച്ചു. എന്നാൽ ദൈവികജ്ഞാനത്തിൽനിന്നും അകന്ന് സ്വന്തം ജ്ഞാനത്തെ ജീവിതപ്രമാണമാക്കിയ ഇസ്രായേൽ ജനതയ്ക്കുണ്ടായ ജീവിതാനുഭവങ്ങളെയാണ് ഏദൻതോട്ടത്തിന്റെ വ്യാഖ്യാനത്തിലൂടെ മനസ്സിലാക്കുന്നത് (ഉല്പ 2,4-3,22). 'ദൈവസന്നിധിയിൽ തിന്മ പ്രവർത്തിച്ച' കായേനും (4,10), പ്രതികാരം ചെയ്യുന്ന ലാമെക്കും (4,23) പറുദീസായുടെ സമ്പന്നതയിൽനിന്ന് തിരസ്കൃതരാവുകയും പ്രപഞ്ചവുമായുള്ള ബന്ധത്തിൽനിന്നും അകലുകയും ചെയ്യുന്നു (ഉല്പ 4,14). ഇത് സൃഷ്ടപ്രപഞ്ചത്തിന്റെ ക്രമത്തിനു ഭംഗം വരുത്തുകയും പ്രകൃതിക്ഷോഭങ്ങളും മഹാമാരിയും കടന്നുവരികയും ചെയ്യുന്നു.

www.malankaralibrary.com

വി. ഗ്രന്ഥം വ്യത്യസ്തങ്ങളായ ക്ഷാമത്തിന്റെയും മഹാമാരിയുടെയും ദൈവശാസ്ത്ര അവലോകനം നടത്തുന്നുണ്ട്. യാക്കോബിന്റെ മക്കൾ കാനാൻദേശത്ത് സുഭിക്ഷമായി കഴിഞ്ഞിരുന്നു. 'തേനും പാലും ഒഴുക്കുന്ന' കാനാൻ നാട്ടിൽ ഇസ്രായേലിനു ക്ഷാമം ഉണ്ടായതിന്റെ ദൈവശാസ്ത്രം ഇസ്രായേൽമക്കളുടെ ഇടയിൽതന്നെയുള്ള അനൈക്യമായിരുന്നു (43,1). സ്വന്തം സഹോദരങ്ങൾ ജോസഫിനെ മിദിയാൻകാർക്ക് വിറ്റ സംഭവുമായാണ് ഈ ക്ഷാമത്തെ വി. ഗ്രന്ഥം അവതരിപ്പിക്കുന്നത്. ഈജിപ്തിൽ ധാന്യം അന്വേഷിച്ചു ചെന്ന സഹോദരങ്ങൾക്ക്, ജോസഫിനെ തിരിച്ചറിയാൻ സാധിക്കാത്തവിധം അവരുടെ കണ്ണുകളും ഹൃദയവും മൂടപ്പെട്ടു. എന്നാൽ ഈ അന്ധതയെയും ക്ഷാമത്തെയും ജോസഫ് ഇല്ലായ്മ ചെയ്തത് പന്ത്രണ്ടു ഗോത്രങ്ങളുടെ പിതാവായ യാക്കോബുമായുള്ള കൂടിച്ചേരലോടുകൂടിയാണ് (45,1-5). ഇപ്രകാരം തങ്ങളുടെ പിതാവിനോട് എല്ലാ മക്കളും ഒന്നുചേരുന്ന സ്നഹത്തിന്റെ കൂട്ടായ്മയിൽ നഷ്ടപ്പെട്ട ഏദൻതോട്ടം പുനർസൃഷ്ടിക്കപ്പെടുകയും സമൃദ്ധിയുടെ പൂർണതയിലേക്ക് അവർ നിയക്കപ്പെടുകയും ചെയ്യുന്നു.

ഇസ്രായേൽ ഭരിച്ചിരുന്ന ആഹാബു രാജാവിന്റെ കാലത്ത് ജനം വിഗ്രഹാരാധനയിലേക്കു വഴുതിവീണു. ഇത് ഇസ്രായേലിനെ അതികഠിനമായ ക്ഷാമത്തിലേക്കും ആകാശം മഴ വർഷിക്കാതെ കൊട്ടിയടയ്ക്കപ്പെട്ട വരൾച്ചയിലേക്കും നയിച്ചു (1 രാജാ 16-17). എന്നാൽ പ്രവാചകനായ ഏലിയായുടെ ദീർഘവീക്ഷണവും ഏകദൈവത്തിലുള്ള ആശ്രയവും അതിന്റെ ഫലമായ ബലിയർപ്പണവും (1 രാജാ 18) ജനത്തിന്റെ ക്ഷാമത്തെയും വരൾച്ചയെയും നിർമ്മാജ്ജനം ചെയ്തു.

ദൈവവുമായുള്ള ബന്ധം സ്ഥാപിക്കാതെ സ്വന്തം സുഖത്തിനും ജ്ഞാനത്തിനുനും പ്രാധാന്യം നല്കിക്കൊണ്ടുള്ള ജീവിതം അരക്ഷിതാവസ്ഥയിലേക്കു നയിക്കുന്നതാണ് എന്ന് പ്രവാചകനായ ഹഗ്ഗായി നമ്മെ അനുസ്മരിപ്പിക്കുന്നു. ഇത് സമൃദ്ധിയിൽനിന്നും നമ്മെ അകറ്റുന്നതാണെന്നും ഇതു വീണ്ടെടുക്കണമെങ്കിൽ ദൈവസാന്നിധ്യത്തിന്റെ ഗിരിശൃംഖങ്ങളിൽ അഭയം പ്രാപിക്കണമെന്നും പ്രവാചകൻ പറയുന്നു (ഹഗ്ഗായി 1,4). മനുഷ്യനിലുള്ള ദൈവികഛായ നഷ്ടപ്പെടുത്തുന്നതുമൂലമാണ് ഇപ്രകാരം പ്രകൃതിയുടെ ക്രമം തെറ്റുന്നതെന്നു വിശ്വാസത്തിന്റെ ദൃഷ്ടിയിൽ നമുക്കു മനസ്സിലാക്കാനാവും.



## കോവിഡുകാലത്ത് വിശ്വാസിയുടെ ജീവിതദർശനം

പ്രപഞ്ചസൃഷ്ടികളോടും മനുഷ്യരോടും ഉപരി ദൈവത്തോടുമുള്ള ഇഴയടുപ്പില്ലായ്മയാണ് പ്രകൃതി ക്ഷോഭങ്ങൾക്കും മഹാമാരികൾക്കും കാരണമായത് എന്ന് വി. ഗ്രന്ഥം നമ്മെ പഠിപ്പിച്ചു. മനുഷ്യൻ തന്റെ യഥാർത്ഥ ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ചതുമൂലം പ്രകൃതിയും സഹോദരങ്ങളുമായുള്ള ബന്ധത്തിനു വിഘാതം സംഭവിച്ചു. എന്നാൽ, ഇവിടെയെല്ലാം ദൈവം ചില വ്യക്തികളെ പ്രത്യേകമായി തെരഞ്ഞെടുക്കുന്നുണ്ട്. വാഗ്ദാനപേടകംപോലെ പ്രപഞ്ചത്തെ തോളിലേറ്റിക്കൊണ്ട് മനുഷ്യനോടുള്ള ഐക്യത്തിലും സ്നേഹത്തിലും ജീവിച്ചുകൊണ്ട് ദൈവോന്മുഖമാക്കി യാത്ര ചെയ്യുന്ന വ്യക്തികളെയാണ് അവിടുന്ന് തെരഞ്ഞെടുത്തത്. ജനത്തെ വിശ്വാസത്തിലൂടെ നയിച്ച മോശയുടെ മുൻപിൽ ചെങ്കടൽ, വാഗ്ദാനദേശത്തേക്കുള്ള കവാടമായി മാറി. സഹോദരങ്ങളുടെ മുറിവുണക്കുകയും അവനോടു ക്ഷമിക്കുകയും ചെയ്ത ജോസഫ്, ക്ഷാമകാലത്ത് പ്രത്യാശയുടെ അപ്പമായി മാറി. വരൾച്ചയുടെ അതിഭീകരതയുടെ മുമ്പിൽ വിശ്വാസത്തിന്റെ പ്രകാശഗോപുരമായ ഏലിയാ ദൈവാലയത്തിന്റെ തുറന്ന തിരശീലയായി മാറി. അന്ധകാരത്തിൽ കഴിഞ്ഞ ജനതയ്ക്ക് പ്രകാശത്തിന്റെ ശക്തി നല്കിയ മിശിഹായുടെ കുരിശ് ദൈവരാജ്യത്തിന്റെ താക്കോലായി മാറി. ഇപ്രകാരം ഈ കൊറോണാക്കാലം വിശ്വാസിക്ക് പ്രത്യാശയുടെ ദിനങ്ങളാകണം. ഓരോ വ്യക്തിയും അപരനെ ഹൃദയത്തിൽ വഹിക്കുന്നവനാകണം. ലോകത്തെക്കുറിച്ച് ഇപ്രകാരമുള്ള ദർശനം ഹൃദയത്തിൽ സൂക്ഷിക്കുന്ന വ്യക്തികൾ ഉയിർത്തെഴുന്നേല്ക്കേണ്ട സമയമാണിത്. ലോകത്തെക്കുറിച്ചുള്ള ദൈവിക വെളിപാടിനെ വഹിക്കുന്ന വ്യക്തിയായി ഓരോ വിശ്വാസിയും രൂപപ്പെടണം. ഇങ്ങനെയുള്ള ജീവിതം ഭൗമിക യാഥാർത്ഥ്യങ്ങളായ ക്ഷാമത്തെയും മഹാമാരിയെയും ദൈവിക വെളിപാടിന്റെ അടയാളമാണെന്നുള്ള തിരിച്ചറിവ് നല്കുന്നതാകും.

www.malankaralibrary.com

# കൊറോണാക്കാലം: കാർഷികസംസ്കൃതിയിലേക്കു മടങ്ങാൻ ഒരവസരം

**പി. ജെ. തോമസ് പാലക്കാട്ടുമല**
റിട്ട. പ്രഫ. പഴശ്ശിരാജാ കോളജ്, പുൽപ്പള്ളി

ദീർഘിച്ച ലോക്ക്ഡൗണിനുശേഷം കഴിഞ്ഞ ജൂൺ 25-ാം തീയതി ഒരാവശ്യത്തിന് എനിക്ക് ഞങ്ങളുടെ ഇടവകപള്ളിയിൽ പോകേണ്ടിവന്നു. പള്ളിമുറ്റത്ത് കയറിയപ്പോൾ തന്നെ പള്ളിയുടെ പരിസരത്ത് വലിയ മാറ്റങ്ങൾ കണ്ടു. അതിനാൽ പള്ളിയും പരിസരവും ഞാൻ ചുറ്റിനടന്നു നോക്കി. ചെടിചട്ടികളിൽ പലയിനം പച്ചക്കറികൾ വളരുന്നു. പള്ളിയുടെ ചുറ്റുവട്ടമുള്ള പരിസരം വളരെ വൃത്തിയായിരിക്കുന്നു. ഓരോ ഇഞ്ചു സ്ഥലവും കപ്പ, ചേന, വാഴ മുതലായ നടുതലകൾകൊണ്ട് നിറഞ്ഞിരിക്കുന്നു. അവ കണ്ടപ്പോൾ എനിക്ക് വളരെ സന്തോഷവും അഭിമാനവും തോന്നി. പിന്നീട് എന്റെ സുഹൃത്തായ കൈക്കാരനെ വിളിച്ച് ഞാൻ പറഞ്ഞു, നിങ്ങൾ ഈ കോവിഡ്കാലത്ത് പള്ളിമുററവും പരിസരവും എത്ര അർത്ഥവത്തായ രീതിയിൽ പരിപാലിക്കുന്നു എന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞങ്ങളാരും അല്ല അത് ചെയ്തത്, പ്രത്യുത നമ്മുടെ ബഹു. വികാരി ജിസ് അമ്മനത്തുകുന്നേൽ അച്ചനാണ് അവയെല്ലാം ചെയ്തത്'. സ്കൂൾ അദ്ധ്യാപകനായ ഞങ്ങളുടെ പ്രിയപ്പെട്ട വികാരിയച്ചൻ തനിക്ക് കിട്ടുന്ന ഇടവേളകളിൽ സ്വന്തം കൈകൾകൊണ്ട് ചെടിച്ചട്ടികളും നിലവും ഒരുക്കി ചെയ്ത മാതൃകാപരമായ ഒരു നല്ല കാര്യമാണ് ഞാൻ കണ്ട പച്ചക്കറിത്തോട്ടവും നടുതലകളും.

ഈ കോവിഡ്കാലത്ത് കേരളത്തിൽ അങ്ങോളമിങ്ങോളം നടന്നുകൊണ്ടിരിക്കുന്ന ശുഭസൂചകമായ ഒരു പ്രക്രിയയുടെ അടയാളം മാത്രമാണിത്: കൃഷിയിലേക്കുള്ള മടക്കം. ലോക്ക്ഡൗൺ കാലത്ത് വീട്ടിലിരിക്കാൻ കിട്ടിയ സമയം ഉപയോഗിച്ച് വീടിനോടു ചേർന്നുള്ള സ്ഥലങ്ങളിൽ വളരെയധികം പേർ വളരെ താല്പര്യത്തോടെ പച്ചക്കറികളും നടുതലകളും കൃഷി ചെയ്യുന്നു. നേഴ്സറികളിൽ തെങ്ങ്,



പ്ലാവ്, മാവ്, റംമ്പൂട്ടാൻ മുതലായ ഫലവൃക്ഷതൈകൾ നല്ല രീതിയിൽ വില്പന നടക്കുന്നു. 300-ൽ അധികം പ്ലാവിനങ്ങൾ തന്റെ തോട്ടത്തിൽ നട്ടുവളർത്തി വൈവധ്യമാർന്ന ചക്കയുടെ രുചികൾ വരുംതലമുറയ്ക്കായി കാത്തുസൂക്ഷിക്കുന്ന, പാലാഭാഗത്ത് ചക്കാമ്പുഴയിൽ താമസിക്കുന്ന കട്ടക്കയം തോമസുചേട്ടൻ പറയുന്നു, തന്റെ നേഴ്സറിയിൽ ഈ വർഷം ദിവസവും ശരാശരി 250-ൽപരം പ്ലാവിൻതൈകൾ വിറ്റഴിക്കുന്നു എന്ന്. വർഷങ്ങളായി തരിശായി കിടന്നിരുന്ന നെൽവയലുകൾ നെൽകൃഷിയുടെ പച്ചപ്പ് വിരിയിക്കുന്നു. ഏകവിളയായ റബർ, കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ പലയിടത്തും തെങ്ങ്, പ്ലാവ്, മാവ്, റംമ്പൂട്ടാൻ മുതലായ ബഹുവിളകൾ കൃഷി ചെയ്യാൻതുടങ്ങി. ഇവയെല്ലാം സൂചിപ്പിക്കുന്നത് കോവിഡനന്തര കേരളത്തിന്റെ മാറുന്ന മുഖഛായയാണ്. നഷ്ടപ്പെട്ട, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ കാർഷികസംസ്കാരം, തിരിച്ചുപിടിക്കുവാനുള്ള സുവർണ്ണാവസരവും പരിശ്രമങ്ങളു മാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

**തനിമയാർന്ന കേരളകാർഷികസംസ്കാരം**

ഞാൻ ജനിച്ചതും വളർന്നതും ഒരു കർഷകകുടുംബത്തിൽ 1950-കളിൽ ആണ്. എന്റെ ചെറുപ്പത്തിൽ ചാച്ചന്റെയും അമ്മച്ചിയുടെയും മക്കൾ ഞങ്ങളെല്ലാവരുടെയും തൊഴിൽ കൃഷി മാത്രമായിരുന്നു. അന്ന് ഞാൻ കണ്ടതും, കേട്ടതും, അനുഭവിച്ചറിഞ്ഞതും, ചെയ്തു തുടങ്ങിയതും കൃഷിയാണ്. എനിക്ക് 10 വയസ്സിന് താഴെ പ്രായമുള്ളപ്പോൾ, ഒരുക്കിയ പാടത്ത് എന്നെക്കൊണ്ട് ആദ്യത്തെ വിത്ത് ഇടീക്കുന്നത്, ആദ്യഞാർ നടീക്കുന്നത്, ഒരുക്കിയ പറമ്പിൽ, കപ്പത്തണ്ട് നടീക്കുന്നത്, ഇഞ്ചികണ്ടത്തിന്റെ കോണിൽ ഇഞ്ചിവിത്ത് നടീക്കുന്നത് ഇവയെല്ലാം ഇന്നും എന്റെ മനസ്സിൽ പച്ചപ്പോടെ നിലനില്ക്കുന്നു. അന്ന് പ്രധാനകൃഷി നെല്ല്. നാണ്യവിളകളായി തെങ്ങ്, കവുങ്ങ്, കുരുമുളക്, കാപ്പി, ഇഞ്ചി, മഞ്ഞൾ, കച്ചോലം മുതലായവ. നടുതലയായി വാഴ, ചേന, കാച്ചിൽ, കിഴങ്ങ്, ചേമ്പ്, പയർ, പാവൽ, പടവലം, വെള്ളരി, മുള്ളരി, മത്തൻ, കുമ്പളം, അടതേപ്പ്, വെണ്ട, വഴുതന. വീടിനു ചുറ്റുലും പറമ്പിലും മാവ്, പുളി, വാളംപുളി, പ്ലാവ്, കടപ്ലാവ്, ആഞ്ഞിലി, ചിലുമ്പി, കറിവേപ്പ്, മുരിങ്ങ, പേര, കപ്പളം, ചാമ്പ മുതലായവ. എയത്രിനം ചീരകളും ഇലക്കറിവർഗ്ഗങ്ങളും. കാള, പശു, ആട്, കോഴി മുതലായവ തൊഴുത്തിലും, കൂട്ടിലും. അന്ന് ഉപ്പ്, പഞ്ചസാര, വറ്റിലമുളക്, കടുക്, മല്ലി, ജീരകം മുതലായ പല വ്യഞ്ജനങ്ങളും, മത്സ്യവും മാംസവും മാത്രമാണ്

www.malankaralibrary.com

പുറത്ത് കടകളിൽനിന്നു വാങ്ങിയിരുന്നത്. അക്കാലത്ത് ഞങ്ങളുടെ വീട്ടിൽ സുഭിക്ഷിത, സംതൃപ്തി, സ്വയം പര്യാപ്തത എല്ലാം ഞങ്ങൾക്കുണ്ടായിരുന്നു. ഞാനീ പറഞ്ഞത് ആ കാലഘട്ടത്തിൽ നമ്മുടെ എല്ലാ കുടുംബങ്ങളിലേയും സാഹചര്യവും അനുഭവങ്ങളുമായിരുന്നു.

അന്ന് കേരളത്തിലുടനീളം, നൂറ്റാണ്ടുകളിലൂടെ തലമുറകളായി നമ്മൾ വളർത്തി പരിപാലിച്ചുപോന്നിരുന്ന ഒരു കൃഷിസംസ്കാരം നിലനിന്നിരുന്നു. അന്ന് നമ്മുടെ കുടുംബങ്ങളിലെ, പ്രത്യേകിച്ച് നസ്രാണികുടുംബങ്ങളിലെ ഏറ്റവും മാന്യമായ തൊഴിൽ കൃഷി തന്നെയായിരുന്നു. നമ്മുടെ കൃഷിയിടങ്ങൾ ബഹുവിള കൃഷികളാൽ സമ്പന്നവും സമൃദ്ധവുമായിരുന്നു. അന്ന് കൃഷി ഒരു സംസ്കാരമായിരുന്നു, ജീവിതശൈലിയായിരുന്നു, അന്തസ്സിന്റെ അടയാളവുമായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിന് ആവശ്യമായ കാർഷകോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പ്രക്രിയകളും ശൈലികളും ഉൾക്കൊള്ളുന്ന ഈ കൃഷിസംസ്കാരം തലമുറകളിലൂടെ കണ്ണിമുറിയാതെ നിലനിന്നുപോന്നിരുന്നു.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നിലവിൽവന്ന ഗവൺമെന്റുകൾ എല്ലാംതന്നെ കാർഷികേതര സാമ്പത്തിക മേഖലകൾക്ക്, പ്രത്യേകിച്ച് വൻകിട വ്യവസായങ്ങൾക്കും, വൻകിട പദ്ധതികൾക്കും ആണ് വലിയ പ്രാധാന്യം കൊടുത്തത്. അവരാരും കർഷകനും കാർഷികമേഖലയ്ക്കും വേണ്ടത്ര പ്രാധാന്യം നല്കിയില്ല. ഇതിന്റെയൊക്കെ ഫലമായി കൃഷി ചെലവു കൂടുകയും, കാർഷികവൃത്തി ലാഭകരമല്ലാതായിത്തീരുകയും, കർഷകൻ മറ്റു വഴികളിലേക്ക് തിരിയേണ്ട അവസ്ഥയിലെത്തിച്ചേരുകയും ചെയ്തു. ഈ സാഹചര്യത്തിൽ കർഷകർക്ക് തങ്ങളുടെ മക്കളെ ഉന്നതവിദ്യാഭ്യാസത്തിന് അയച്ച്, നല്ല ജോലിയും ശമ്പളവും നേടുവാൻ പ്രാപ്തരാക്കുകയെന്നത് ഒരു ആവശ്യമായിത്തീർന്നു. അങ്ങനെ വിദ്യാസമ്പന്നരും, യോഗ്യതയുള്ളവരും ആയിത്തീർന്നവരിൽ പലരും നമ്മുടെ നാട്ടിൽ സർക്കാർ ജോലിയിൽ പ്രവേശിച്ചു. കുറേപ്പേർ സർക്കാരിതര മേഖലകളിൽ ജോലി തേടി. മറ്റു ചിലർ വിദേശരാജ്യങ്ങളിൽ ജോലി സമ്പാദിച്ചു. വിദ്യാഭ്യാസം ഇവരിൽ പലർക്കും ജോലി കിട്ടുവാനുള്ള ഒരു ഉപാധി മാത്രമായിത്തീർന്നു. ജോലി കിട്ടിക്കഴിയുമ്പോൾ മിക്കവരും മണ്ണിൽനിന്നും കൃഷിയിൽനിന്നും അന്യവൽക്കരിക്കപ്പെടുകയും വൈവിധ്യവും തനിമയാർന്നതുമായ നമ്മുടെ കൃഷിരീതികൾ അത്യാവശ്യമില്ല എന്ന നിലയിൽ എത്തുകയും ചെയ്തു. ഈയവസരത്തിൽ വലിയൊരു വിഭാഗം വിദ്യാസമ്പന്നരും ജോലിക്കാരും കൃഷിചെയ്ത് അരിയും പച്ചക്കറിയും ഉല്പാദിപ്പിക്കുന്നതിനെക്കാൾ ലാഭകരം അവ പണംകൊടുത്ത് മാർക്കറ്റിൽ നിന്നും വാങ്ങുന്നതാണെന്ന ചിന്തയിലേക്ക് മാറി. എന്നാൽ ഒരു ന്യൂനപക്ഷം ഉദ്യോഗസ്ഥരും, ഉന്നതപദവിയിൽ ഇരിക്കുന്നവരും കൃഷിയേയും കൃഷിക്കാരെയും വളരെ ആദരവോടെ കാണുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട്. ഈയവസരത്തിൽ നമ്മുടെ മുൻമന്ത്രി പി.ജെ. ജോസഫ് സാറിനെ ആദരവോടെ ഓർക്കുന്നു.



ഈ പശ്ചാത്തലത്തിലാണ് കാലാകാലങ്ങളിൽ മാറിവന്ന സർക്കാരുകളുടെ പ്രോത്സാഹനത്തോടെ നമ്മൾ നാണ്യവിളയും ഏക വിളയുമായ റബ്ബർ കൃഷിയിലേക്ക് ചുവടുമാറ്റിയത്. റബ്ബർ ബോർഡ് ഈ മാറ്റങ്ങൾക്ക് പ്രോത്സാഹനവും സബ്സിഡിയും കൊടുത്തു. നമ്മുടെ കാർഷികസംസ്കൃതിയുടെ വേരുകൾ പല കുടുംബങ്ങളിൽനിന്നും അറ്റുപോകാനുള്ള മറ്റൊരു പ്രധാന കാരണം റബ്ബർകൃഷിയുടെ ആഗമനമാണ്. റബ്ബർ ബോർഡ് നല്കുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനായി തെങ്ങ്, പ്ലാവ്, മാവ് മുതലായ ഫലവൃക്ഷങ്ങൾ വെട്ടിമാറ്റപ്പെട്ടു. 1960 കളിൽ ആരംഭിച്ച ഈ പ്രക്രിയ മൂലം, 1980 ആയപ്പോഴേക്കും നമ്മുടെ നല്ല സ്ഥലങ്ങൾ മുഴുവനും റബ്ബർ എന്ന ഏക വിളത്തോട്ടമായി മാറ്റപ്പെട്ടു. തുടക്കത്തിൽ റബ്ബർ കൃഷി ആദായകരവും ആകർഷകവുമായിരുന്നു. ഇന്ന് റബ്ബറിന്റെ വിലയിടിവുമൂലം റബ്ബർകൃഷി ആദായകരമല്ലാതായിരിക്കുന്നു.

### കൃഷി തകരാതെ കാക്കുന്ന ന്യൂനപക്ഷം

കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലുംതന്നെ ഒരു ചെറിയ ന്യൂനപക്ഷം അവർക്ക് പരമ്പരാഗതമായി ലഭിച്ച കൃഷി സംസ്കൃതി കാലോചിതമായ മാറ്റങ്ങളോടെ കാത്തുപരിപാലിച്ചു പോരുന്നുണ്ട്. എന്റെ ഇളയ അനുജൻ പാട്രിക് ജോസഫ് ഒരു നല്ല കർഷകനാണ്. അവന്റെ തൊഴിൽ കൃഷിയാണ്. ഞങ്ങളുടെ കുടുംബത്തിൽ നിലനിന്നുപോന്ന കൃഷിപാരമ്പര്യം അവൻ ഇന്നും കണ്ണിമുറിയാതെ കാത്തുപരിപാലിച്ചുപോരുന്നു. അവന്റെ നെൽവയൽ ഇതുവരെയും വെറുതെയിട്ടിട്ടില്ല. നെൽകൃഷി, കരിമ്പുകൃഷി, തെങ്ങ്, പ്ലാവ്, കന്നുകാലിവളർത്തൽ, മീൻ വളർത്തൽ, തേനീച്ച വളർത്തൽ മുതലായ വൈവിധ്യമാർന്ന കൃഷികൾ അവർക്കുണ്ട്. അവന്റെ ഭാര്യ ലിനറ്റും, 15 വയസ്സുമുതൽ 7 വയസ്സുവരെയുള്ള മക്കൾ 4 പേരും കൃഷിക്കാ

www.malankaralibrary.com

ര്യങ്ങളിൽ വളരെ സന്തോഷത്തോടെ സഹായിക്കുന്നു. രാവിലെ 5 മണിക്ക് ആരംഭിക്കുന്നു അവരുടെ കൃഷിജോലികൾ.

### കൃഷിപാരമ്പര്യം തിരിച്ചുപിടിക്കാൻ ചില പരീക്ഷണങ്ങൾ

കാർഷിക മേഖലയുടെ സമഗ്രമായ പുനരുദ്ധാരണവും കർഷകരുടെ ശക്തീകരണവും ലക്ഷ്യംവച്ചുകൊണ്ടുള്ള പല കൂട്ടായ്മകളും കേരളത്തിന്റെ എല്ലാ ജില്ലകളിലും രൂപപ്പെടുകയും അങ്ങനെ അവയിലൂടെ കൃഷിമുന്നേറ്റത്തിന് കർഷകരെ സജ്ജരാക്കുകയും ചെയ്യുന്നുണ്ട്. ഈ ഇടപെടലും പ്രവർത്തനങ്ങളും കർഷകന്റെ അന്തസ്സ് വീണ്ടെടുക്കുവാൻ വളരെ സഹായിക്കുന്നുമുണ്ട്.

പാലാ രൂപതയിൽ PSWS-ന്റെ നേതൃത്വത്തിൽ ജാതിമതാതീതമായി ഇടവകതലത്തിൽ പ്രവർത്തിക്കുന്ന കർഷകദളങ്ങളും കർഷ ഫെഡറേഷനും കാർഷിക സംസ്കൃതിയുടെ പുനരുദ്ധാരണത്തിനും കർഷകരുടെ ശക്തീകരണത്തിനുമായി ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. തനിമയാർന്ന പ്ലാനുകളും പദ്ധതികളും ഇടപെടലുകളും നടത്തുവാൻ അവയ്ക്കു സാധിക്കുന്നുണ്ട് എന്ന്, കഴിഞ്ഞ 5 വർഷമായി ഒരു കർഷകദളത്തിൽ പ്രവർത്തിച്ചുള്ള പരിചയത്തിൽനിന്ന് എനിക്കു പറയുവാൻ സാധിക്കും. വികേന്ദ്രീകൃത ശക്തീകരണം ഇവിടെ നടക്കുന്നുണ്ട്. ഇടവകതലത്തിൽ 10-നും 20-നും ഇടയിൽ അംഗങ്ങളുള്ള കർഷകദളങ്ങളും, അവയെല്ലാംകൂടി ഉൾപ്പെടുന്ന കർഷക ഫെഡറേഷനുമാണ് അടിസ്ഥാനതലം. അതിനു മുകളിൽ ഫൊറോനാതലത്തിലും സോണൽ തലത്തിലും റീജണൽ തലത്തിലും PSWS-ന്റെ കേന്ദ്രതലത്തിലുമുള്ള സംവിധാനങ്ങൾ ഇവയെ ഏകോപിപ്പിച്ച് നല്ല രീതിയിൽ പ്രവർത്തിപ്പിക്കുന്നു. ഓരോ കർഷകദളവും എല്ലാ ആഴ്ചയും ഒന്നിച്ചുകൂടി കാലികവും, കാർഷികവുമായ കാര്യങ്ങളെപ്പറ്റി ചർച്ചകൾ നടത്തുന്നു. ഇടവകതലത്തിൽ പല ദളങ്ങളും നടത്തുന്ന കർഷകവിപണിയും PSWS-ന്റെ നേതൃത്വത്തിൽ പാലായിൽ നടത്തുന്ന കർഷകമാർക്കറ്റും വിപണിയിൽ ഇടപെട്ട് മദ്ധ്യവർത്തികളുടെ കർഷകചൂഷണം നിയന്ത്രിക്കുന്നതിന് സഹായിക്കുന്നു. ചക്ക, കപ്പ, തേങ്ങാ, ഏത്തയ്ക്കാ എന്നിവയിൽനിന്നു മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പാലാ രൂപതയിലുള്ള മൂഴൂരിലെയും കാഞ്ഞിരമറ്റത്തേയും കർഷകദളങ്ങളുടെ യൂണിറ്റുകളുടെ പ്രവർത്തനം സവിശേഷ ശ്രദ്ധയർഹിക്കുന്നു. വിവിധ



സർക്കാർ ഏജൻസികളിൽ നിന്ന്, കാലാകാലങ്ങളിൽ കർഷകർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ നഷ്ടപ്പെടാതെ അവരിലെത്തിക്കാൻ കർഷകദളങ്ങൾ വളരെ ശ്രദ്ധിക്കുന്നു. പാലായിൽ എല്ലാ വർഷവും PSWS-ന്റെ നേതൃത്വത്തിൽ നടത്തുന്ന കാർഷികപ്രദർശനവും വിപണനമേളയും കർഷർക്ക് അംഗീകാരവും പ്രോത്സാഹനവും നല്കുന്നതാണ്.

### കോവിഡ്കാലം കൃഷിയിലേക്ക് മടങ്ങാൻ അവസരം

ലോക്ഡൗൺ കാലം കണ്ടത് എല്ലാ ഉല്പാദനമേഖലകളുടേയും വാതിൽ അടയുന്നതാണ്. അടയാത്ത അടയ്ക്കാൻ പറ്റാത്ത വാതിലുള്ള ഏക ഉല്പാദനമേഖല കാർഷികമേഖല മാത്രമായിരുന്നു. കാലത്തെ അതിജീവിച്ച്, നിലനില്ക്കുന്ന നമ്മുടെ കാർഷികപാരമ്പര്യത്തിന്റെ കണ്ണികളെ ബലപ്പെടുത്തുന്നതിനും അറ്റുപോയ കണ്ണികൾ വിളക്കിച്ചേർക്കുന്നതിനും ഈ കോവിഡ്കാലം ഫലപ്രദമായി വിനിയോഗിക്കുവാൻ നമുക്ക് കഴിയണം. മണ്ണിനേയും കൃഷിയേയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നവരായി നമ്മൾ മാറണം. അവനവന്റെ പരിസരത്ത് അവനവനാൽ ആവുംവിധം ഒന്നോ രണ്ടോയിനം പച്ചക്കറിയിനമെങ്കിലും കൃഷി ചെയ്യാൻ പരിശ്രമിക്കാം. കൃഷിക്കാരെ ആദരവോടെ കാണുന്നവരായി നമ്മൾ മാറണം. ഈ പരിശ്രമങ്ങളിൽ നമ്മുടെ രാഷ്ട്രീയ നേതാക്കളും മതനേതാക്കളും വിദ്യാഭ്യാസപ്രവർത്തകരും ദിശാബോധത്തോടെ പ്രോത്സാഹനവും നേതൃത്വവും നല്കുമെന്നു നമുക്കു പ്രത്യാശിക്കാം.

www.malankaralibrary.com

# സാമൂഹിക അകലവും ഹൃദയങ്ങളുടെ ഐക്യവും

**ജോയിമോൻ തോമസ് ഈറ്റത്തോട്ട്**

ലോകം മുഴുവൻ ഈ നാളുകളിൽ കോവിഡ്-19 എന്ന മഹാമാരിയുടെ മുൾമുനയിലൂടെ കടന്നുപോവുകയാണല്ലോ. മാധ്യമങ്ങളിലൂടെ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നാം എന്നും കേൾക്കുകയും പാലിക്കുകയും ചെയ്യുന്ന ഒന്നാണല്ലോ സാമൂഹിക അകലം പാലിക്കൽ. എന്നാൽ ഇതിനോടു ചേർന്നുപോകേണ്ട ഒരു വലിയ ചിന്തയാണ് ഹൃദയങ്ങളുടെ അടുപ്പവും ഐക്യവും.

## കരുണയും കരുതലും

ഇന്നത്തെ നമ്മുടെ രാജ്യത്തിന്റെയും ലോകം മുഴുവന്റെയും മഹാമാരിയുടെ ഈ അവസ്ഥ ഒത്തിരിയും വേദനാജനകമാണെന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ പ്രിയപ്പെട്ട പലരുടെയും ജീവൻ നഷ്ടമായി, ജോലി നഷ്ടപ്പെട്ടു, പ്രവാസികളുടെ മടക്കം, കടുത്ത സാമ്പത്തിക പ്രതിസന്ധി മുതലായ വലിയ ഒരു ഞെരുക്കത്തിന്റെ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഈ ഒരവസ്ഥയിലാണ് സഹജീവികളോടുള്ള കരുണയും സ്നേഹവും കരുതലും ഒക്കെ ഏറെ ആവശ്യമായി വരുന്നത് എന്ന് നമുക്ക് മറക്കാതിരിക്കാം. ഞാൻ മേൽ സൂചിപ്പിച്ച മനസ്സുകളുടെയും ഹൃദയങ്ങളുടെയും ഐക്യം ബലപ്പെടണം. പങ്കുവെയ്ക്കൽ മനോഭാവം വളരണം. ആദിമസഭയിലെ കൂട്ടായ്മയിലേക്ക് നാം വളരേണ്ടിയിരിക്കുന്നു. "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുസ്വത്തായിരുന്നു" (അപ്പ. 4,32-33).

## ദൈവാലയങ്ങൾ അടയ്ക്കപ്പെടുമ്പോൾ

കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം ഏറെ വേദനാജനകമായ കാര്യം ദേവാലയങ്ങൾ അടഞ്ഞു കിടക്കുന്നതു തന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു. കൂദാശകൾ സഭയുടെ ശക്തിസ്രോതസ്സാണ്. കൂടെക്കൂടെയുള്ള കൂദാശകളുടെ സ്വീകരണം സഭാമക്കളെ വിശുദ്ധീകരിക്കുന്നു. സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള യാത്രയിലെ പാഥേയമാണ് വി. കുർബാന. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസവും സാന്ത്വനവും പകരുന്ന ഒന്നാണ് അനുരഞ്ജനത്തിന്റെ കൂദാശ. കുമ്പസാരക്കൂട്ടിൽ ഈശോമിശിഹായുടെ സ്വാന്തനം തന്നെയാണ് അവൻ അനുഭവിക്കുന്നത്. ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഡോ. പോളി മണിയാട്ടച്ചന്റെ ലിറ്റർജിയെക്കുറിച്ചുള്ള വെബിനാർ ക്ലാസ് എന്നെ ഒത്തിരി സ്വാധീനിച്ചു എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ഇടവക സമൂഹം ഇടവക ദേവാലയത്തിൽ ഒരുമിച്ച് ചേർന്ന് ബലിയർപ്പണത്തിൽ പങ്കുചേരുന്നതാണ് യഥാർത്ഥമായ ആരാധന. കൃപ വർഷിക്കപ്പെടുന്നത് ഈ സമൂഹത്തിലാണ്.

ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഭവനങ്ങൾ തോറുമുള്ള മീഡിയാ വഴിയുള്ള വി. കുർബാനയ്ക്കായുള്ള ഒത്തുചേരൽ അനുവദനീയവും ഫലദായകവും തന്നെയാണെന്നതിൽ തർക്കമൊന്നുമില്ല. എങ്കിലും വേണ്ടത്ര ഒരുക്കത്തോടും തീക്ഷ്ണതയോടും ഒരു ദൈവാലയത്തിലെന്നപോലെ വിശുദ്ധിയോടുംകൂടിയാണോ ഈ ഒത്തുചേരൽ എന്നത് ഒരു ആത്മശോധനയ്ക്ക് വിഷയീഭവിക്കേണ്ടതാണ്. മറിച്ച് ഒരു സീരിയൽ കാണുന്ന ലാഘവത്തോടെ ഒരിക്കലും വി. കുർബാനയെ സമീപിക്കരുത്. കൂടാതെ പല കുടുംബങ്ങളും ചില പ്രത്യേക ദൈവാലയങ്ങളിലെ തിരുക്കർമ്മങ്ങളും കാർമ്മികരെയുമൊക്കെ തിരഞ്ഞെടുത്ത് വി. കുർബാനയിൽ പങ്കെടുക്കുന്നുണ്ട്. ഇവർ നിരത്തുന്ന ബാലിശങ്ങളായ ന്യായങ്ങളാകട്ടെ കുർബാനയുടെയും പ്രസംഗത്തിന്റെയുമൊക്കെ ദൈർഘ്യം, ഗായകസംഘത്തിൻെറ മികവ് തുടങ്ങിയവയൊക്കെയാണു താനും. ഇതു പ്രോത്സാഹിപ്പിക്കപ്പെട്ടാൽ, ക്രമേണ വിശ്വാസികൾക്ക് സ്വന്തം ഇടവകയോടുള്ള സ്നേഹവും താൽപര്യവും കുറയുകയും, ഇടവക കൂട്ടായ്മയിൽനിന്നുതന്നെ അകലാനും വഴിവെച്ചേക്കാം. ഇപ്പോഴുള്ളത് സഭ അനുവദിച്ചു തന്നിട്ടുള്ള ഒരു താൽക്കാലിക സംവിധാനം മാത്രമാണെന്ന കാര്യം നമുക്ക് വിസ്മരിക്കാതിരിക്കാം. ഈ കോവിഡ് കാലഘട്ടത്തിൽ തീക്ഷ്ണതയോടെ നമ്മുടെയൊക്കെ ഭവനങ്ങളിലായിരുന്നുകൊണ്ടു തന്നെ മീഡിയായിലൂടെയുള്ള കൂദാശകളിൽ പങ്കെടുത്ത് നമുക്ക് ശക്തി സംഭരിക്കാം. പിന്നീട് ദൈവാലയങ്ങൾ നമുക്കായി തുറക്കപ്പെടുമ്പോൾ വർദ്ധിച്ച തീക്ഷ്ണതയോടെ, അതിലേറെ സ്നേഹത്തോടെ നമുക്ക് നമ്മുടെ ഇടവക ദൈവാലയങ്ങളിലേക്ക് കടന്നുചെല്ലാം.

www.malankaralibrary.com

**മഹാമാരി ദൈവശാപമോ?**

ഇന്നത്തെ ഈ മഹാമാരിയുടെ അവസ്ഥയ്ക്കു കാരണം ശാപമാണ്, ദൈവകോപമാണ് എന്നൊക്കെ വാദിക്കുന്നവരെയും നമുക്കു ചുറ്റിലും കാണാൻ സാധിക്കും. മനുഷ്യന്റെ പാപം ഈ ലോകത്തിന്റെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നു എന്നതിൽ സംശയമൊന്നുമില്ല. പാപം ഒരുവന്റെ ദൈവത്തോടുള്ള ബന്ധവും സഹോദരനോടുള്ള ബന്ധവും ഈ സൃഷ്ടപ്രപഞ്ചത്തോടുള്ള ബന്ധവും, തന്നോടുതന്നെയുള്ള ബന്ധവും ശിഥിലമാക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണെന്നോർക്കുക. പരമപരിശുദ്ധനായ ദൈവം ഒരു ലോകവിശുദ്ധീകരണം അഭിലഷിക്കുന്നു എന്നുള്ളത് സത്യമാണ്. പക്ഷേ അത് ഒരു ദൈവശാപമായോ മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ താൽപര്യമില്ലായ്മയായോ ഒരിക്കലും വ്യാഖ്യാനിക്കാൻ പാടുള്ളതല്ല. മനുഷ്യവർഗ്ഗം മുഴുവന്റെയും എല്ലാ ശാപങ്ങളും പാപങ്ങളും ഏറ്റെടുത്തുകൊണ്ടാണല്ലോ ഈശോമിശിഹാ കുരിശിൽ മരിച്ചത്. ഓരോ വിശ്വാസിയും ഈ രക്ഷ സ്വായത്തമാക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നുള്ളത് നമുക്ക് വിസ്മരിക്കാതിരിക്കാം.

**ജീവനു നേർക്കുള്ള വെല്ലുവിളികൾ**

ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ ഒരു ഭീഷണിയാണ് ജീവനു നേർക്കുള്ള വെല്ലുവിളി. എത്രയധികം നിഷ്കളങ്ക കുരുന്നുകളാണ് കുഞ്ഞുങ്ങൾക്ക് ഏറ്റവും സുരക്ഷിതത്വമൊരുക്കേണ്ട അമ്മയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെ ദിവസവും വധിക്കപ്പെടുന്നത്. പിതാവായ ദൈവത്തിന്റെ ഹൃദയത്തിനേൽപ്പിക്കുന്ന മുറിവുകളാണിവയെന്ന് മനുഷ്യവർഗ്ഗം തിരിച്ചറിയണം. ജീവൻ ദൈവത്തിന്റെ ദാനമാണ്. ജീവദാതാവായ ദൈവത്തിനു മാത്രമേ ജീവനുമേൽ അവകാശമുള്ളൂ എന്ന സത്യം നാം തിരിച്ചറിയണം. പാപം പെരുകുമ്പോൾ തീർച്ചയായും ദൈവകൃപ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയുക. കൃപ നഷ്ടപ്പെടുമ്പോൾ നമുക്കു ചുറ്റുമുള്ള ദൈവത്തിന്റെ സംരക്ഷണ ഭിത്തിയിൽ വിള്ളലുണ്ടാകും. കർത്താവ് അരുൾ ചെയ്യുന്നു. “വരുവിൻ നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും. അവ രക്തവർണ്ണമെങ്കിലും കമ്പിളിപോലെ വെളുക്കും” (ഏശ.1,18)

**കോവിഡ്-19 ലോകാവസാനത്തിന്റെ അടയാളങ്ങളോ?**

ഇന്നത്തെ ഈ കോവിഡിന്റെ അവസ്ഥ ലോകാവസാനത്തിന്റെ അടയാളങ്ങളാണെന്ന് വ്യാഖ്യാനിക്കുന്നവരെയും നമുക്കു ചുറ്റും കാണാൻ സാധിക്കും. മീഡിയായിലൂടെ ചില അൽമായ വചനപ്രഘോഷകർ പോലും ഈ ഒരാശയം പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. എന്നാൽ ഇതിനെക്കുറിച്ച് വചനം എന്തു പറയുന്നു എന്ന് നമുക്ക് ചെവിയോർക്കാം. വി. മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായം 4 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ ഈശോ യുഗാന്ത്യത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകൾ നൽകുന്നുണ്ട്. എന്നാൽ ഇതിനോടു ചേർന്നുതന്നെ 24,36 പറയുന്നു: “ആ ദിവസത്തെക്കുറിച്ചോ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗ്ഗത്തിലെ ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ” ഈ പ്രബോധനങ്ങളിൽ നിന്നെല്ലാം മനുഷ്യരായ നാം യുഗാന്ത്യത്തെക്കുറിച്ചും ലോകാവസാനത്തെക്കുറിച്ചുമുള്ള പ്രവചനങ്ങളും കണക്കുകൂട്ടലുകളും നടത്തേണ്ടതില്ലായെന്ന വ്യക്തമായ സന്ദേശമാണ് ഉൾക്കൊള്ളേണ്ടത് എന്ന് വ്യക്തമാണല്ലോ. എന്നാൽ ഒരു കാര്യം മാത്രം ഈശോ ഊന്നൽ നല്കി പറയുന്നതെന്തെന്നാൽ “നിങ്ങളുടെ കർത്താവ് ഏതു ദിവസം വരുമെന്ന് അറിയാത്തതുകൊണ്ട് നിങ്ങൾ ജാഗരൂകരായിരിക്കുവിൻ” (മത്താ 24,42).

**കോവിഡ് കാലത്തിന്റെ സാധ്യതകൾ**

നമ്മുടെ ഇന്നിന്റെ സമൂഹത്തിൽ ധൂർത്തിന്റെ തിന്മ പ്രബലപ്പെട്ടു വരികയായിരുന്നു എന്ന് നമുക്കേവർക്കുമറിയാം. വിവാഹം, ആദ്യകുർബാന എന്നിങ്ങനെ മാമ്മോദീസാ പോലും ആയിരവും രണ്ടായിരവുമാളുകളെ സംഘടിപ്പിച്ചുകൊണ്ട്, വലിയ ആഘോഷങ്ങളാക്കി മാറ്റുന്ന ആർഭാടത്തിന്റെ ഒരു സംസ്കാരം സമൂഹത്തിൽ വേരൂന്നിയിരുന്നു. ഈ ഒരു വലിയ തിന്മയ്ക്കു കൂച്ചു വിലങ്ങിടുവാൻ ഇന്നത്തെ കോവിഡ് അന്തരീക്ഷം വഴിയൊരുക്കി എന്ന് പറയാതെ വയ്യ. നമ്മുടെ ഇടയിൽ ഒരു എളിമയുടെ, ലാളിത്യത്തിന്റെ സംസ്കാരം രൂപപ്പെടേണ്ടിയിരിക്കുന്നു. ദൈവം അഭിലഷിക്കുന്നതും അത് തന്നെയാണ്. കൂടാതെ നമ്മുടെ ഫ്രാൻസിസ് പാപ്പാ ‘ലൗദാത്തോസി’ എന്ന ചാക്രിക ലേഖനത്തിൽ ഊന്നൽ കൊടുത്ത പ്രകൃതിയുടെ സംരക്ഷണത്തിനും ഈ കാലഘട്ടം സഹായകമായി എന്നത് മാധ്യമവാർത്തകളിലൂടെ ബോധ്യപ്പെട്ടതാണ്. അന്തരീക്ഷ മലിനീകരണത്തിന്റെ തോത് നന്നായി പിടിച്ചു നിർത്താൻ കഴിഞ്ഞു എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ഏതു തിന്മയിൽനിന്നും നന്മയുളവാകുവാൻ കഴിവുള്ള സർവ്വശക്തനാണ് നമ്മുടെ ദൈവം എന്ന്

www.malankaralibrary.com

മറക്കാതിരിക്കാം. ഇന്ന് നാം വീടുകളുടെ ചുവരുകൾക്കിടയിൽ ഒറ്റപ്പെട്ട അവസ്ഥയിലാണുള്ളതെങ്കിലും ഈ കോവിഡ് കാലഘട്ടത്തിന്റെ സാധ്യതകളെ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കട്ടെ. ഈ ഒരു കാലഘട്ടം തളർച്ചയിലേക്കല്ല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ വലിയ ഒരു ആത്മീയ ഉണർവ്വിന് കാരണഹേതുവാകട്ടെ. സാമൂഹ്യഅകലം പാലിച്ചുകൊണ്ടുതന്നെ നമ്മുടെ ഹൃദയങ്ങളെ നമുക്ക് ചേർത്തുപിടിക്കാം. നമ്മുടെ കർത്താവും രക്ഷിതാവുമായ ഈശോ അവസാനമായി ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ച പ്രാർത്ഥന നമ്മിലും നിറവേറട്ടെ. "ഇനിമേൽ ഞാൻ ലോകത്തിലല്ല. എന്നാൽ അവർ ലോകത്തിലാണ്. ഞാൻ അങ്ങയുടെ അടുത്തേക്ക് വരുന്നു. പരിശുദ്ധനായ പിതാവേ, നമ്മേപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങു കാത്തുകൊള്ളേണമേ" (യോഹ 17,11). കൂട്ടായ്മയിൽ പരിശുദ്ധത്രിത്വത്തിന്റെ സാന്നിദ്ധ്യമുണ്ട്, സഭയുണ്ട്, സ്വർഗ്ഗീയാനുഭവമുണ്ട്. നമുക്കും കോവിഡ് കാലത്തെ ഈ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ത്രിത്വാനുഭവത്തിലേക്ക് കടന്നുവരാം. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ" (റോമാ 8,28). ഈ മഹാമാരിയുടെയും ഞെരുക്കത്തിന്റെയും കാലത്തും ഈ ദൈവവചനം ദൈവജനത്തിനു കരുത്തും ആത്മചൈതന്യവും പകരട്ടെ
.

# കൊറോണക്കാലത്തെ ജീവകാരുണ്യപ്രവർത്തനങ്ങൾ

**ഡോ. വർഗീസ് പാലത്തിങ്കൽ**

ഫ്രാൻസിസ് മാർപാപ്പാ 'വിശ്വാസവെളിച്ചം' എന്ന ചാക്രിക ലേഖനത്തിൽ (2013, ജൂലായ് 5) ഇപ്രകാരം ഉദ്ബോധിപ്പിച്ചു: "നമ്മുടെ ഇരുട്ട് മുഴുവൻ നീക്കിക്കളയുന്ന വെളിച്ചമല്ല വിശ്വാസം... കൂടെ ചരിക്കുന്ന സാന്നിദ്ധ്യത്തിന്റെ രൂപത്തിലാണ് അവിടുന്ന് മറുപടി നല്കുന്നത്" (നമ്പർ 57). "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" എന്നരുൾചെയ്ത ദിവ്യനാഥൻ, 'ഇരുട്ടിൽനിന്നും പ്രകാശത്തിലേക്ക് നയിച്ചാലും' എന്ന് ഉദീരണം ചെയ്ത ഭാരതീയ ആചാര്യന്മാർ, 'സനാതന പ്രകാശമേ നയിച്ചാലും' എന്ന് ആലപിച്ച വിശുദ്ധ ജോൺ ഹെൻറി ന്യൂമാനും അലൗകികമായ വിമോചനത്തിനുവേണ്ടി ആഹ്വാനം ചെയ്തവരാണ്. രോഗപീഡകളും ദാരിദ്ര്യദുഃഖവും തിന്മയും അവിദ്യയും മരണവുമെല്ലാം മനുഷ്യനെ ചൂഴ്ന്നുനില്ക്കുന്ന ഇരുട്ടാണെന്നതിന് സംശയമില്ല. സങ്കീർണ്ണമായ ഈ ജീവിതയാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാൻ മനുഷ്യന് കഴിയണം. ആയതിന് മനുഷ്യനെ സഹായിക്കുന്ന ദൈവിക സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അവബോധം അവന്റെ ജീവിതയാത്ര ഒരു തീർത്ഥയാത്രയാക്കി മാറ്റും.

## സഭയുടെ ദൗത്യം

ഇന്നത്തെ ചുറ്റുപാടിൽ മനുഷ്യനെ ആകുലനാക്കുകയും അസ്വസ്ഥനാക്കുകയും ചെയ്യുന്ന ഒരു അസാധാരണ സാഹചര്യത്തിലൂടെ നാം കടന്നുപോകുകയാണ്. ഭീതിദവും ഗൗരവതരവുമായ ഈ സാഹചര്യത്തിൽ, താങ്ങായി, തണലായ്, സാന്ത്വനമായ്, സഹകാരിയായ്, സഹചാരിയായ് ക്രൈസ്തവസഭ കൂടെയുണ്ട്. വിശ്വാസത്തിന്റെ കാവലാളും സൂക്ഷിപ്പുകാരിയുമായ സഭ മാതൃവാത്സല്യത്തോടെ, പാദങ്ങൾക്ക് വിളക്കായ്, പ്രകാശമായ്, കൂടെ ആയിരുന്നുകൊണ്ട് നമ്മെ ലക്ഷ്യത്തിലേക്ക് നയിക്കുന്നു.

www.malankaralibrary.com

ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും കരുതലും ജാഗ്രതയും പുലർത്തുകയെന്നത് സഭയുടെ സഹജമായ ഭാവമാണ്; തനതായ ദൗത്യനിർവഹണത്തിന്റെ പ്രകാശനമാണ്. പ്രേഷിത പ്രവർത്തനങ്ങളിലൂടെയും ജീവകാരുണ്യസംരംഭങ്ങളിലൂടെയും സഭ, ആവശ്യങ്ങളിൽ ഞെരുങ്ങുന്നവരെ സഹായിക്കാൻ ദത്തശ്രദ്ധയാണ്. ഈ ബോധ്യത്തിൽനിന്നാണ് ആരംഭകാലം മുതൽ സഭ ഭൗതികസമ്പത്ത് ആർജ്ജിക്കാനും കൈകാര്യം ചെയ്യാനും തുടങ്ങിയത്. പാവപ്പെട്ടവനുവേണ്ടി പൊതുഫണ്ട് ഉപയോഗിക്കുന്നതിനെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട് (അപ്പ. 4,34-37). പരോപകാര പ്രവർത്തനങ്ങൾ സഭയുടെ തനതായ ലക്ഷ്യമാണ്. സഭയുടെ ആവശ്യങ്ങളിൽ സഹായിക്കാനും കർത്താവിന്റെ കല്പന അനുസരിച്ചുകൊണ്ട് തങ്ങളുടെ വിഭവശേഷയിൽനിന്ന് പാവങ്ങളെ സഹായിക്കാൻ ക്രൈസ്തവ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു (CCEO 25; CIC 222). വിശ്വാസികളിൽനിന്ന് ന്യായമായ രീതിയിൽ സാമ്പത്തിക സഹായം അഭ്യർത്ഥിക്കുവാൻ സഭയ്ക്ക് അവകാശവുമുണ്ട്.

## കാരുണ്യപ്രവൃത്തികളുടെ ചൈതന്യം

സഭാംഗങ്ങൾ ക്രിസ്തുവിന്റെ ദാരിദ്ര്യാരൂപി കൈക്കൊണ്ട് ലളിതജീവിതം നയിച്ച് ലോകത്തിനു മുമ്പിൽ സ്വർഗ്ഗീയനന്മകളുടെ സാക്ഷികളാകുകയെന്നതാണ് പ്രധാനം. ശുശ്രൂഷകളിൽ ലഭിക്കുന്ന പ്രതിഫലം ഉപവിപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ പുരോഹിതശുശ്രൂഷികളോട് സഭ ആഹ്വാനം ചെയ്യുന്നുണ്ട് (കാനോന 385 §3). പരസ്യവ്രതം അനുഷ്ഠിക്കുന്ന സന്യസ്തരും മറ്റു സമർപ്പിതരും ദാരിദ്ര്യമുൾപ്പെടെയുള്ള വ്രതാനുഷ്ഠാനങ്ങളിലൂടെ പരിശുദ്ധാത്മ പ്രചോദിതരായി നവീനവും പ്രത്യേകവുമായ വിധത്തിൽ സ്വയം സമർപ്പിക്കുന്നു. സന്യാസജീവിതത്തിന്റെ ഉദ്ദേശ്യംതന്നെ സ്വയം വിശുദ്ധീകരണവും സഭാസേവനവുമാണ്. സമർപ്പണത്തിന്റെ ഈ ചൈതന്യത്തിൽ അവർക്ക് സ്വർഗ്ഗീയമഹത്ത്വത്തിന്റെ മുന്നാസ്വാദനമുണ്ടാകുന്നു. സംഘടനാ പ്രവർത്തനങ്ങളും വിവിധ സ്വയാധികാരസഭകളുടെ മേലദ്ധ്യക്ഷന്മാരുടെ സമിതികളും റീത്തുകൾക്കതീതമായി, പൊതുവും മതപരവുമായ നന്മയ്ക്കും കൂട്ടായ പ്രവർത്തനങ്ങളിലൂടെ പൊതുസംരംഭങ്ങൾ ആസൂത്രണം ചെയ്ത്, ആവിഷ്കരിച്ച് നടപ്പിലാക്കാനും സഭ നിർദ്ദേശിക്കുന്നുണ്ട് (കാനോന 574, 322 § 1).



## മാനവികമൂല്യം

ക്രൈസ്തവപരസ്നേഹത്തിന്റെ അഭ്യസനത്തിനാണ് സഭ പ്രഥമ പരിഗണന നല്കുന്നത്. ദരിദ്രരോട് പക്ഷംചേരുകയും അവരോട് കാരുണ്യം കാണിക്കുകുയം ചെയ്യുക സുവിശേഷമൂല്യമാണ്. അതിനെ 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോലായി' കാണാൻ കഴിയും (മത്താ 25,51). സ്നേഹവും സാഹോദര്യവും സമഭാവനയും സഹാനുഭൂതിയും ദീനാനുകമ്പയും ഉൾക്കൊള്ളുന്ന സദ്മനോഭാവങ്ങൾ പുലരുമ്പോൾ 'ദരിദ്രമായ സഭ - ദരിദ്രർക്കുള്ള സഭ' എന്ന യാഥാർത്ഥ്യം സാക്ഷാത്കരിക്കപ്പെടും. അവഗണിക്കപ്പെട്ടവരും പാർശ്വവല്ക്കരിക്കപ്പെട്ടവരുമായവരുടെ വ്യക്തിത്വത്തിന്റെ അന്തസ്സും അവരുടെ നന്മയും അന്വേഷിക്കുമ്പോൾ 'ഈശോമിശിഹായ്ക്കുണ്ടായിരുന്ന മനസ്സ്' (ഫിലി 2,5) പ്രകാശിതമാകുകയാണ്.

'സുവിശേഷത്തിന്റെ സന്തോഷത്തിൽ', ഫ്രാൻസിസ് മാർപാപ്പാ ആഹ്വാനം ചെയ്യുന്നതുപോലെ (26 നവംബർ 2013), ദരിദ്രനായ വ്യക്തി സ്നേഹിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യുമ്പോൾ അവൻ വലിയ മൂല്യമുള്ളവനായി വിലമതിക്കപ്പെടുകയാണ്. ഇതാണ് ദരിദ്രരോട് പക്ഷംചേരലിനെ മറ്റു പ്രത്യയശാസ്ത്രങ്ങളിൽനിന്ന് വ്യത്യസ്തമാക്കുന്നത്; സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി അവരെ ചൂഷണം ചെയ്യുന്ന മനോഭാവങ്ങളിൽ നിന്നും, പരിശ്രമങ്ങളിൽനിന്നും വ്യതിരിക്തമാക്കുന്നത്. "ദൈവരാജ്യത്തിന്റെ സദ്വാർത്തയുടെ ഏറ്റം ഫലപ്രദമായ, കാര്യക്ഷമമായ അവതരണം ദരിദ്രരുടെ സ്വസ്ഥതയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നതാണ്" (നമ്പർ 199).

## ആത്മീയവസന്തം

യഥാർത്ഥത്തിൽ, കൊറോണക്കാലം സഭയെ സംബന്ധിച്ചിടത്തോളം ഒരു പുനരർപ്പണത്തിന്റെ കാലമായിരുന്നു. കാരുണ്യപ്രവൃത്തികളുടെ ഒരു ആത്മീയവസന്തം. പരോപകാര പ്രവൃത്തികൾ പൂത്തുലഞ്ഞ കാലഘട്ടം; നന്മയുടെ സുഗന്ധം പരിമളം പരത്തിയ ദൗത്യബോധത്തിന്റെ പ്രകാശനം; മനുഷ്യമനസ്സിൽ മൂല്യങ്ങളുടെ വേരോട്ടം ദ്രുതഗതിയിൽ സംഭവിച്ച സുവർണ്ണാവസരം; പ്രതികൂല സാഹചര്യങ്ങളെ ആർജ്ജവത്തോടെ അഭിമുഖീകരിക്കാനും പ്രത്യാശയോടെ മുന്നേറാനും സഭാമാതാവ് മാതൃവാത്സല്യത്തോടെ കൂടെയുണ്ടായിരുന്നു. വിശക്കുന്നവർക്കും ദാഹിക്കുന്നവർക്കും ഭക്ഷണപാനീയങ്ങൾ, അവശരും രോഗികളുമായവർക്കും, പാർപ്പിടമില്ലാ

www.malankaralibrary.com

ത്തവർക്കും അനുഭാവപൂർണ്ണമായ കരുതലും, സംരക്ഷണവും മരുന്നും പ്രതിരോധവസ്തുക്കളും മറ്റും ലഭ്യമാക്കൽ, ക്വാറന്റീൻ സൗകര്യങ്ങൾ ഒരുക്കി സഭ ദയയും അനുകമ്പയും പ്രകടിപ്പിച്ചു.

മഹാമാരിയുടെ തിക്തഫലങ്ങൾ അനുഭവിച്ചവരും അനുഭവിക്കുന്നവരും ലിംഗഭേദമോ ജാതിമത വർഗ്ഗ-വർണ്ണ വ്യത്യാസമോ ഇല്ലാതെ എല്ലാവരും ദൈവമക്കളും ദൈവച്ഛായയുള്ളവരും സഹോദരീസഹോദരന്മാരും ആണെന്ന ആഴമായ ബോധ്യത്തിലൂന്നിയ പ്രവർത്തനങ്ങളാണ് സഭ കാഴ്ചവച്ചത്.

# ഉപജീവനപ്രതിസന്ധി എങ്ങനെ മറികടക്കാം?

**ഡോ. ജയൻ ജോസ് തോമസ്**
പ്രഫസർ, IIT Delhi

രണ്ടു മാസത്തോളം നീണ്ടുനിന്ന ദേശീയ അടച്ചുപൂട്ടൽ ഇന്ത്യയിലെ പാവങ്ങൾക്കിടയിൽ ഏകദേശം നാലു ലക്ഷം കോടി രൂപയുടെ വരുമാന നഷ്ടത്തിന് ഇടയാക്കി. തൊഴിലാളികൾക്ക് നഷ്ടമായ വരുമാനം പുനഃസൃഷ്ടിക്കാൻ സഹായിക്കുന്ന പൊതുതൊഴിലുകളുടെ പദ്ധതികളാവണം, രാജ്യത്തിലെ പാവങ്ങൾക്കിടയിൽ ഉപജീവനപ്രതിസന്ധി ഒഴിവാക്കാനായി സർക്കാർ മുൻഗണന കൊടുത്ത് നടപ്പാക്കേണ്ടത്.

ഭക്ഷണസാധനങ്ങളുടെ ദൗർലഭ്യംകൊണ്ടല്ല, നേരെമറിച്ച് അവകാശങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ടോ, ജനസംഖ്യയുടെ ഒരു വിഭാഗത്തിന് ഭക്ഷ്യവസ്തുക്കൾ നേടിയെടുക്കാനുള്ള കഴിവ് നഷ്ടപ്പെടുന്നതുകൊണ്ടോ ആണ് ക്ഷാമകാലങ്ങൾ ഉണ്ടാകുന്നത് എന്ന് പ്രഫസർ അമർത്യാസെൻ വാദിക്കുന്നു. ഇതിനർത്ഥം, ക്ഷാമമെന്ന ദുരന്തം ഇതിനിരയാകുവാൻ സാധ്യതയുള്ളവരുടെ നഷ്ടമാകാവുന്ന സമ്പത്തും വരുമാനവും സർക്കാരിന്റെയും പൊതുസ്ഥാപനങ്ങളുടെയും പങ്കാളിത്തമുള്ള കാര്യക്ഷമമായ കർമ്മപദ്ധതികളിലൂടെ പുനഃസൃഷ്ടിക്കുന്നതിലൂടെ ഒഴിവാക്കാവുന്നതാണ് എന്നാണ് (Development as Freedon (1999), Chapter 7).


2020 മാർച്ച് 25-ന് കോവിഡ്-19 എന്ന പകർച്ചവ്യാധിയുടെ വ്യാപനത്തോടെ ഇന്ത്യയിൽ ആരംഭിച്ച അടച്ചുപൂട്ടൽ, രാജ്യത്തിന്റെ സമ്പദ്ഘടനയെ പിടിച്ചുലയ്ക്കുകയും അനേകായിരം തൊഴിലാളികളെ യാതൊരു വരുമാനവുമില്ലാത്തവരായിത്തീർക്കുകയും ചെയ്തു. ഈ അടച്ചുപൂട്ടൽ കാര്യമായി ബാധിക്കാൻ സാധ്യതയുള്ള ഇന്ത്യയിലെ തൊഴിലാളിസമൂഹത്തിന്റെ രണ്ടു മാസത്തെ വരുമാനനഷ്ടം ഏതാണ്ട് നാല് ലക്ഷം കോടി (4 trillion) രൂപയാണ് (ഇത് രാജ്യത്തിന്റെ പ്രതിവർഷ ആഭ്യന്തര വരുമാനത്തിന്റെ (GDP) രണ്ട് ശതമാനത്തോളം വരും) എന്നതാണ് ഞങ്ങളുടെ വിലയിരു

www.malankaralibrary.com

ത്തൽ. രാജ്യത്തിന്റെ സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാനുള്ള സർക്കാരിന്റെ കർമ്മപരിപാടികളിൽ, ഈ വിഭാഗത്തിന്റെ നഷ്ട പ്പെട്ട വരുമാനത്തിന്റെ വീണ്ടെടുക്കലും ഒരു പ്രധാന മുൻഗണന യാവണം.

കാലാകാലങ്ങളിൽ നടത്തുന്ന തൊഴിലാളികളുടെ കണക്കെ ടുപ്പുപ്രകാരം (Periodic Labour Force Survey PLFS) 2018-ൽ ഇന്ത്യ യിലെ തൊഴിലാളികളുടെ എണ്ണം 471.5 മില്യനാണ് (ആ വർഷം ഇന്ത്യയിലെ ആകെ ജനസംഖ്യ 1358 മില്യൻ ആയിരുന്നു). മൊത്തം തൊഴിലാളികളിൽ 114.2 മില്യൻ ആൾക്കാർക്ക് സ്ഥിരമായ ശമ്പ ളമോ വേതനമോ കിട്ടിയിരുന്നു. ഏകദേശം 115.0 മില്യൻ ആൾക്കാർ താൽക്കാലിക ജീവനക്കാരാണ്. ബാക്കിയുള്ള 242.3 മില്യൻ ആളു കൾ സ്വയം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും; ഇതിൽ ചെറുതും ഇടത്തരക്കാരുമായ കാർഷിക കുടുംബങ്ങളിൽനിന്നു ള്ളവരായ 144.1 മില്യൻ ജനം കൃഷിയിലോ അതുമായി ബന്ധപ്പെട്ട മേഖലകളിലോ സ്വയം തൊഴിൽ കണ്ടെത്തിയവരാണ്. ബാക്കി യുള്ള സ്വയംതൊഴിലുകാർ ഏകദേശം 98.1 മില്യൻ കൃഷിയേതര വീടുകളോടനുബന്ധിച്ചുള്ള ചെറുകിട വ്യവസായങ്ങളിൽ ജോലി ക്കാരോ സഹായികളോ ആയി ജോലിചെയ്യുന്നു. ഇന്ത്യയിലെ താല്ക്കാലിക തൊഴിലാളികളിൽ 50.5 മില്യൻ കൃഷിപ്പണിക്കാരും 64.5 മില്യൻ പേർ കൃഷിയല്ലാത്ത മറ്റ് മേഖലകളിൽ പണിയെടുക്കു ന്നവരുമാണ്.

Figure 1: 2018 - ലെ കണക്കിൻപ്രകാരം ഇന്ത്യയിലെ തൊഴിലാളികൾ : തരംതിരിച്ചുള്ള കണക്ക്. (സംഖ്യകൾ മില്യൻ (ദശലക്ഷത്തിൽ)






**തൊഴിലിന്റെ വരുമാന ഓഹരി**

PLFS-ന്റെ കണക്കിൽ താൽക്കാലിക തൊഴിലാളികളുടെ ശരാ ശരി ദിവസവരുമാനത്തിന്റെയും സ്ഥിരതൊഴിലാളികളുടെ മാസവ രുമാനത്തിന്റെയും സ്വയം തൊഴിലുകാരുടെ മാസത്തിലെ മൊത്ത വരുമാനത്തിന്റെയും വിവരങ്ങൾ നല്കുന്നുണ്ട്. 2018 ഏപ്രിലിനും ജൂണിനുമിടയിൽ PLFS-നടത്തിയ സർവ്വേപ്രകാരം, ഗ്രാമീണ ഇന്ത്യ യിലെ താൽക്കാലിക ജീവനക്കാരിലെ പുരുഷന്മാർക്ക് ശരാശരി 282 രൂപയും സ്ത്രീകൾക്ക് ഏകദേശം 179 രൂപയും ദിവസ വരുമാ നമായി ലഭിക്കുന്നുണ്ട്. ഇപ്പറയുന്ന സാധാരണ നിലവാരം ദേശീയ തലത്തിലുള്ളതാണെന്ന് ഓർക്കണം; കാരണം വിവിധ സംസ്ഥാ നങ്ങളിലെ നിരക്കുകൾ വളരെ വ്യത്യസ്തമാണ്. കേരളത്തിലെ ഗ്രാമങ്ങളിൽ പുരുഷന്മാരുടെ വേതനം 663 രൂപയായിരിക്കേ, ഛത്തീ സ്ഘട്ടിൽ അത് തുലോം 195 രൂപ മാത്രമാണ്. പൊതുതൊഴിൽ പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് (MNREGA) വഴിയായി പുരുഷൻമാർക്ക് ലഭിക്കുന്ന 142 രൂപയും സ്ത്രീകൾക്കുള്ള 131 രൂപയും ഇതിലും വളരെ കുറവാണെന്ന കാര്യം മറക്കാതിരിക്കാം. അതേസമയം, നഗരപ്രദേശങ്ങളിലെ താല്ക്കാ ലികജീവനക്കാരിൽ പുരുഷന്മാർക്ക് ശരാശരി 335 രൂപയും സ്ത്രീ കൾക്ക് ഏകദേശം 201 രൂപയും വേതനമായി ലഭിക്കുന്നു (PLFS data, April-June 2018).

ഇന്ത്യയിലെ ഗ്രാമങ്ങളിൽ ജോലിചെയ്യുന്ന സ്ഥിരതൊഴിലാ ളികളിൽ പുരുഷന്മാർക്ക് ഏകദേശം 14024 രൂപയും സ്ത്രീകൾക്ക് 9895 രൂപയും മാസവരുമാനമായി ലഭിക്കുന്നു. അതേസമയം ഇന്ത്യ യിലെ നഗരങ്ങളിലെ സ്ഥിരജീവിനക്കാരിൽ പുരുഷന്മാർക്ക് 18353 രൂപയും സ്ത്രീകൾക്ക് 14487 രൂപയും ലഭിക്കുന്നു. ഇന്ത്യയിലെ ഗ്രാമ ങ്ങളിലെ സ്വയം തൊഴിലുകാരുടെ മൊത്തമാസവരുമാനം പുരുഷ ന്മാർക്ക് 9657 രൂപയും സ്ത്രീകൾക്ക് 3922 രൂപയും ആയിരിക്കെ, പട്ടണവാസികളായ പുരുഷന്മാർക്ക് 16265 രൂപയും സ്ത്രീകൾക്ക് 3922 രൂപയും ലഭിക്കുന്നു.

നമ്മുടെ രാജ്യത്തെ എല്ലാത്തരം തൊഴിലാളികളുടെയും (സ്ഥിരം, താല്ക്കാലികം, സ്വയംതൊഴിൽ) മാസവരുമാനത്തിന്റെ കണക്ക് നാം വലിയിരുത്തി. ഇത് രാജ്യത്തിന്റെ 2018-ലെ വാർഷിക വരുമാനത്തിന്റെ (GDP) 2.5% ആണ്. അതായത് ഏകദേശം 4.8 ലക്ഷം കോടി രൂപ (2018-19-ൽ ഇപ്പോഴത്തെ നിരക്കിൽ ഇന്ത്യ യുടെ GDP 190.1 ലക്ഷം കോടിയായിരുന്നു (Table 1-കാണുക).

www.malankaralibrary.com

അതായത് തൊഴിലിന്റെ വരുമാന ഓഹരി അഥവാ പ്രതിവർഷ GDP യിലുള്ള ജോലിക്കൂലിയുടെ പങ്ക് 30.5% ആണ് എന്നാണ് ഞങ്ങ ളുടെ കണക്കുകൂട്ടലുകൾ സമർത്ഥിക്കുന്നത്.

**Table 1-തൊഴിലാളികളും അവരുടെ വരുമാനവും ഇന്ത്യയിൽ**

| Categories | Their numbers | Their incomes, in a month | |
|---|---|---|---|
| | In million | In Rupees crores | As a share of annual GDP, in % |
| All workers | 471.5 | 480376 | 2.5 |
| Women workers | 108.4 | 66623 | 0.4 |
| Urban workers | 155.4 | 228040 | 1.2 |


### പാവപ്പെട്ടവരുടെ വരുമാനമാർഗ്ഗങ്ങൾ

മുകളിൽ കൊടുത്തിരിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത് ഒരു താല്ക്കാലിക തൊഴിലാളിക്ക് ഒരു മാസം, അതായത് വർഷ ത്തിന്റെ പന്ത്രണ്ട് മാസങ്ങളിലും ശരാശരി 20 ദിവസം ജോലി ലഭിക്കുന്നു എന്നതാണ്. ഇന്ത്യയിലെ ഗ്രാമങ്ങളിൽ ചില മാസങ്ങ ളിൽ തൊഴിലവസരങ്ങൾ നന്നേ കുറവായതിനാൽ ഈ കണക്ക് ഒരുപക്ഷേ അതിശയോക്തിപരമാകാം. ഇത് അമിതമായ വിലമതി ക്കലാണ് എന്നുവരികിലും, താൽക്കാലിക തൊഴിലാളികളുടെ, വരുമാനമായ 12.7%, അവരുടെ തൊഴിൽ മേഖലയിലെ ആളെണ്ണവു (24.4%)മായി തട്ടിച്ചുനോക്കുമ്പോൾ തുലോം കുറവാണ്. അതുപോ ലെതന്നെ, മുഴുവൻ തൊഴിലാളികളിൽ, സ്ത്രീതൊഴിലാളികളുടെ പങ്ക് 23.0% ആണെങ്കിലും, മൊത്തത്തിലുള്ള തൊഴിൽ വരുമാന ത്തിൽ അവരുടെ പങ്ക് വളരെ ചെറുതാണ്: ഏകദേശം 13,9% മാത്രം. താല്ക്കാലിക സ്ത്രീതൊഴിലാളികളുടെ വരുമാന ഓഹരി വളരെ തുച്ഛമായ 2.2% മാത്രമാണ് (figure 2 കാണുക).

ക്ഷാമത്തെക്കുറിച്ചുള്ള തന്റെ ഗ്രന്ഥത്തിൽ അമർത്യാസെൻ വാദിക്കുന്നതുപോലെ, ജനസംഖ്യയിലെ ദുർബലവിഭാഗങ്ങൾ സ്വീ രിക്കുന്ന വരുമാനം രാജ്യത്തിന്റെ മുഴുവൻ വരുമാനത്തിന്റെ വളരെ ചെറിയ ഓഹരി മാത്രമേയുള്ളു. അതിനാൽ ക്ഷാമംപോലുള്ള ആപൽസന്ധികളെ ഒഴിവാക്കാനായി പാവങ്ങളുടെ വരുമാനം പുനഃസൃഷ്ടിക്കാനാവശ്യമായ വിഭവങ്ങൾ വളരെ വലുതല്ല.



**Figure 2: ഇന്ത്യയിലെ വിവിധ വിഭാഗങ്ങളിലുള്ള തൊഴി ലാളികളുടെ എണ്ണവും വരുമാനവും ശതമാനത്തിൽ**




### ദുർബല വിഭാഗക്കാരായ തൊഴിലാളികൾ

സെന്റർ ഫോർ മോനിട്ടറിംഗ് ഇന്ത്യൻ ഇക്കോണമി (CMIE) യുടെ കണക്ക് പ്രകാരം ഇന്ത്യയിൽ 2020 ഏപ്രിലിൽ 122 മില്യനില ധികം ആൾക്കാർക്ക് തൊഴിൽ നഷ്ടമായി. അവരിൽ ഭൂരിഭാഗവും ചെറുകിടവ്യവസായികളും, കൂലിപ്പണിക്കാരുമാണ്. അസിം പ്രേംജി സർവ്വകലാശാലയിലെ Centre for Sustainable Employment, ഏക ദേശം 4000 തൊഴിലാളികളുമായി നടത്തിയ ഫോൺ സർവേപ്രകാ രം, നഗരങ്ങളിൽ ജോലി ചെയ്തിരുന്ന 80% തൊഴിലാളികൾക്കും ജോലി നഷ്ടപ്പെട്ടപ്പോൾ, കൃഷിയിലും കൃഷിയേതര ഇടങ്ങളിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ വരുമാന ത്തിൽ ഗണ്യമായ കുറവ് ഉണ്ടായി എന്നു കണ്ടെത്താനായി. മറ്റ് ചില പഠനങ്ങൾപ്രകാരം വ്യക്തികളിൽ 60% -85% വരെ പേർക്ക് അടച്ചുപൂട്ടലിന്റെ സമയത്ത് തൊഴിൽ നഷ്ടമായി. ഇവരിൽ നല്ലൊരു പങ്കിനും മാർച്ചുമാസത്തിൽ അവർക്ക് ന്യായമായും അവകാശപ്പെട്ട ശമ്പളം നിഷേധിക്കപ്പെട്ടു (Aaditeshwar 2020, Afridi et al. 2020).

താല്ക്കാലിക തൊഴിലാളികളിൽ ഭൂരിഭാഗത്തിനും, സ്വയം തൊഴിലിൽ ഏർപ്പെട്ടിരുന്നവരിൽ നല്ലൊരു പങ്കിനും 2020 മാർച്ച് 25-ന് ആരംഭിച്ച രാജ്യവ്യാപകമായ അടച്ചുപൂട്ടൽ സമയത്ത്

www.malankaralibrary.com

തൊഴിൽ നഷ്ടമായി. സ്ഥിരം തൊഴിലാളികളിൽ ഏകദേശം പകുതി പേർക്ക് (49.4%) സാമൂഹ്യസുരക്ഷാപദ്ധതികളുടെ സുരക്ഷ ലഭ്യമല്ല (PLFS data in 2018), മാത്രവുമല്ല അവരുടെ വരുമാനത്തിൽ ഗണ്യമായ കുറവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്.

സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, തീർച്ചയായും, വിവിധ വിഭാഗങ്ങളിൽപെട്ടവരാണ്. ഇതിൽ ചെറിയൊരു ശതമാനം തൊഴിൽദായകരാണ്. തൊഴിലാളികളെ വാടകയ്ക്ക് എടുക്കുന്ന സമ്പന്നരായ കൃഷിക്കാരും, വ്യവസായികളും ഇക്കൂട്ടത്തിൽപ്പെടും. പക്ഷേ, സ്വയം തൊഴിലുകാരിൽ സിംഹഭാഗവും മറ്റാരെയും വാടകയ്ക്കെടുക്കാതെ സ്വന്തം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട വ്യവസായികളാണ്. അതേസമയം, 2018 ലെ കണക്കുപ്രകാരം, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 25.8% കുടിൽ വ്യവസായങ്ങളിൽ സഹായികളായി നിന്ന് വളരെ തുച്ഛമായ വരുമാനം കൈപ്പറ്റുന്നവരാണ്.

അടച്ചുപൂട്ടൽ സമയത്ത് വരുമാനം നഷ്ടപ്പെട്ട ദുർബലവിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ കണക്കുകൾ നാം മനസ്സിലാക്കി. എല്ലാ താല്ക്കാലിക ജീവനക്കാരും, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഏറ്റവും പാവപ്പെട്ടവരായ 60% പേരും, സ്ഥിരം ജീവനക്കാരിൽ സാമൂഹ്യസുരക്ഷാകവചമില്ലാത്തവരും ദുർബലവിഭാഗത്തിൽപ്പെടുന്നു. സ്വയം തൊഴിലുകാരിൽ ഏറ്റം ദരിദ്രരായ 60%ന്റെ വരുമാനവും, സാമൂഹ്യസുരക്ഷയില്ലാത്ത സ്ഥിരജീവനക്കാരുടെ ശമ്പളവും ഇതേവിഭാഗത്തിലുള്ള മറ്റ് തൊഴിലാളികളുടെ വരുമാനത്തിന്റെ/ശമ്പളത്തിന്റെ മൂന്നിൽ രണ്ടേയുള്ളൂ എന്ന് ഈ കണക്കുകൾ തെളിയിക്കുന്നു. ഗ്രാമങ്ങളിലെ താല്ക്കാലിക ജീവനക്കാരുടെ വരുമാനം കണക്കാക്കുന്നതിനായി MGNREGA പദ്ധതിയിലെ വേതനമാണ് ഞങ്ങൾ പരിഗണിച്ചത്. 2020 ഏപ്രിൽ മാസത്തിലെ ഒരു സർക്കാർ ഉത്തരവുപ്രകാരം ഈ പദ്ധതിയിലെ വേതനം പ്രതിദിനം 202 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

### ദുർബലവിഭാഗങ്ങളുടെ സമ്പത്തിന്റെ പുനഃസൃഷ്ടി

ഇന്ത്യൻ സമ്പദ്വ്യവസ്ഥയിലെ തൊഴിൽനിരക്കും, തൊഴിലിന്റെ ഘടനയും വേതനനിരക്കും, രാജ്യമൊട്ടാകെ അടച്ചുപൂട്ടലിലേക്ക് പോകുന്ന ആദ്യഘട്ടത്തിന് മുമ്പ്, 2018-ലേതിന് സമാനമായിരുന്നു (CPLFS സ്ഥിതിവിവരക്കണക്കനുസരിച്ച്) എന്ന് വിലയിരുത്താം. മുകളിൽ സൂചിപ്പിച്ച കണക്കുകളും നിഗമനങ്ങളും പ്രകാരം



ഇന്ത്യയിലെ ദുർബലവിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ വരുമാനം പ്രതിമാസം 2.1 ലക്ഷം കോടി രൂപ മാത്രമാണ്.

2020 മേയ് 18-ന് സർക്കാർ പ്രഖ്യാപിച്ച നാലാംഘട്ട അടച്ചുപൂട്ടൽ മേയ് 31 വരെ നീണ്ടുപോയി. അടച്ചുപൂട്ടലിന്റെ മാനദണ്ഡങ്ങൾ തൊഴിൽശാലകളെയും സേവനമേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ട്, പല സാമ്പത്തിക ഇടപാടുകൾക്കും പ്രവർത്തനങ്ങൾക്കും ഒഴിവു നല്കിയിട്ടുണ്ട്. സംഭരണ-ആവശ്യമേഖലകളിലെ ബുദ്ധിമുട്ടുകൾ പരിഗണിക്കുമ്പോൾ, ഇന്ത്യൻ സമ്പദ്ഘടനയുടെ വളരെ ചെറിയൊരു ഭാഗം മാത്രമേ വരാനിരിക്കുന്ന ആഴ്ചകളിലും മാസങ്ങളിലും പ്രവർത്തനക്ഷമമാകുകയുള്ളൂ. 2020 മാർച്ച് 25-ന് ആരംഭിച്ച അടച്ചുപൂട്ടൽ മുതൽ, ഇന്ത്യയിലെ ദുർബലതൊഴിൽ വിഭാഗങ്ങൾക്ക്, ഏററവും കുറഞ്ഞത്, ഒന്നര മുതൽ രണ്ട് മാസംവരെയുള്ള വരുമാനം നഷ്ടമായിട്ടുണ്ട്.

ഇപ്രകാരം, ഇന്ത്യയിലെ ദുർബല വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കു നഷ്ടമായ വരുമാനം പുനഃസൃഷ്ടിക്കുന്നതിന്, മൂന്ന് ലക്ഷം കോടി മുതൽ 4 ലക്ഷം കോടിവരെ തുക ചെലവാക്കേണ്ടിവരും. ഇത് രാജ്യത്തിന്റെ GDP യുടെ 1.6% മുതൽ 2.2% മാത്രമാണ്. അടച്ചുപൂട്ടലിന്റെ പ്രഹരം ഏറ്റം കഠിനമായി അനുഭവിച്ച നഗരപ്രദേശങ്ങളിലെ തൊഴിലാളികളുടെ വരുമാനം പുനഃസൃഷ്ടിക്കുന്നതിനായി 1.3 ലക്ഷം കോടി മുതൽ 1.8 ലക്ഷം കോടി രൂപാവരെ വേണ്ടിവരും. ഇത് രാജ്യത്തിന്റെ GDP യുടെ 0.7%-0.9% ആണ്. അടച്ചുപൂട്ടലിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട വനിതാതൊഴിലാളികൾക്ക് ധനസഹായം നല്കുന്നതിനായി 50000 കോടി മുതൽ 64000 കോടി രൂപയുടെ ഒരു പദ്ധതി ആവശ്യമായി വരും.

ഉത്തർപ്രദേശിൽ 65.4 മില്യൻ തൊഴിലാളികളാണുള്ളത്. രണ്ട് മാസം നീണ്ടുനിന്ന അടച്ചുപൂട്ടൽ വഴിയായി ഇവരിലെ ദുർബലവിഭാഗത്തിന് നഷ്ടപ്പെട്ട വരുമാനം എകദേശം 51,000 കോടി രൂപയാണ്. ഇത് ആ സംസ്ഥാനത്തിന്റെ വാർഷിക ആഭ്യന്തര വരുമാനത്തിന്റെ (GSDP) 3.3% മാത്രമാണ്. താരതമ്യേന സമ്പന്ന സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ അടച്ചുപൂട്ടലിന്റെ സമയത്ത് തൊഴിലാളികളിലെ ദുർബലവിഭാഗത്തിനുണ്ടായ വരുമാനനഷ്ടം പരിഹരിക്കാൻ വേണ്ടത് GSDP യുടെ വെറും 2% മാത്രമാണ്. അതേസമയം ഉത്തർപ്രദേശ്, ബീഹാർ, മധ്യപ്രദേശ് എന്നിവിടങ്ങളിൽ ഇത് 3% ലധികം വേണ്ടിവരും. അട

www.malankaralibrary.com

ച്ചുപൂട്ടലിന്റെ രണ്ടു മാസക്കാല സമയത്ത് കേരളത്തിലെ തൊഴിലാളികളിലെ ദുർബലവിഭാഗത്തിന് നഷ്ടമായ വരുമാനം ഏകദേശം 16000 കോടി രൂപയ്ക്കടുത്ത് വരും (Table 3 കാണുക). 2020 മാർച്ച് 20-ന് തന്നെ കേരളസർക്കാർ 20,000 കോടി രൂപയുടെ ഒരു സാമ്പത്തികാശ്വാസം പ്രഖ്യാപിച്ചു എന്നത് പ്രശംസാർഹമാണ്. ഈ തുക തുടർന്നുവരുന്ന ആഴ്ചകളിൽ സംസ്ഥാനത്തുണ്ടാകാൻ സാധ്യതയുള്ള വരുമാനനഷ്ടം പരിഹരിക്കാൻ ഉതകും; മാത്രമല്ല ഈ പദ്ധതി വളരെ നേരത്തേ പ്രഖ്യാപിച്ചതിനാൽ ദീർഘവീക്ഷണമുള്ളതുമാണ്.

Table 2: ഇന്ത്യയിലെ ദുർബലവിഭാഗ തൊഴിലാളികളും അടച്ചുപൂട്ടൽ സമയത്തെ അവരുടെ വരുമാനനഷ്ടവും

| Categories | Their numbers | Their incomes, in a month | Losses during the lockdown | |
|---|---|---|---|---|
| | In million crores | In Rupees crores | In Rupees crores | As a share of annual GDP, in % |
| All workers | 316.8 | 205795 | 411591 | 2.2 |
| Women workers | 74.6 | 32255 | 64509 | 0.3 |
| Urban workers | 93.4 | 89171 | 178342 | 0.9 |

Table 3: ഏതാനും ചില സംസ്ഥാനങ്ങളിലെ ദുർബല വിഭാഗ തൊഴിലാളികളുടെ വരുമാനനഷ്ടക്കണക്ക്

| State | All workers | Incomes of vulnerable workers | | Two-month income lost as a share of annual GSDP |
|---|---|---|---|---|
| | | In a month | In two months | |
| | In million | In crores | In crores | In % |
| Uttar Pradesh | 65.4 | 25484 | 50969 | 3.3 |
| Maharashtra | 48.4 | 23719 | 47438 | 1.8 |
| West Bengal | 37.2 | 13248 | 26496 | 2.3 |
| Madhya Pradesh | 32.3 | 12646 | 25291 | 3.1 |
| Tamil Nadu | 31.8 | 15724 | 31448 | 1.9 |
| Bihar | 28.2 | 10319 | 20638 | 3.7 |
| Kerala | 12.6 | 8143 | 16287 | 1.9 |



## ഉത്തേജക പദ്ധതിയെക്കുറിച്ച്

2020 മെയ് മാസത്തിൽ കേന്ദ്ര സർക്കാർ 20.97 ലക്ഷം കോടി രൂപയുടെ ഒരു ഉത്തേജകപദ്ധതി പ്രഖ്യാപിച്ചുവെങ്കിലും, അതിൽ ഏകദേശം 85% സമ്പദ്‌വ്യവസ്ഥയിൽ ധനത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു. സമ്പദ്‌വ്യവസ്ഥയിൽ ധനലഭ്യത വർദ്ധിപ്പിക്കുന്നതുവഴി തൊഴിലാളികൾക്ക് നേരിട്ട് മെച്ചമൊന്നും ഉണ്ടാകില്ല എന്ന കാര്യം പ്രസ്താവ്യമാണ്. ഉദാഹരണത്തിന് ഉത്തേജകപദ്ധതിയിലെ ഒരു ഇനമായ MSME (Micro Small and Medium Enterprises) കൾക്ക് ബാങ്കുകളിൽനിന്ന് 3 ലക്ഷം കോടി രൂപ വരെയുള്ള ലോണുകൾക്ക് കടാശ്വാസം നല്കാൻ സർക്കാർ തയ്യാറാണ് എന്നതാണ്. എന്നാൽ ചെറുകിട വ്യവസായകർ ആഭ്യന്തര ആവശ്യം വല്ലാതെ കുറയുന്ന സാഹചര്യത്തിൽ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കൂടുതൽ പണം എടുക്കുക എന്ന അപകടത്തിന് തുനിയുമോ എന്നു സംശയമാണ്.

കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഉത്തേജകപപദ്ധതികളിൽ ചില നടപടികൾ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നവയാണ്. പ്രധാനമായും പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന (PMGKY) ഇത്തരത്തിലുള്ള ഒന്നാണ്. ദേശീയ ഭക്ഷ്യസുരക്ഷാനിയമ (NFSA) പരിധിയിൽ വരുന്നവർക്ക് 2020 ഏപ്രിൽ മുതൽ ജൂൺവരെ (പിന്നീട് നവംബർ വരെ നീട്ടി). കൂടുതൽ ഭക്ഷ്യധാന്യങ്ങളും പയറുവർഗങ്ങളും നല്കാമെന്ന് സർക്കാർ ഉറപ്പുനല്കി. പ്രധാനമന്ത്രി ധൻ ജൻ യോജന (PMGDY) യുടെ ഗുണഭോക്താക്കളായ സ്ത്രീകൾക്ക് മൂന്ന് മാസത്തേക്ക് 1500 രൂപയുടെ സഹായം നല്കുവാനും തീരുമാനമായി. കുടിയേറ്റ തൊഴിലാളികൾക്ക് രണ്ടു മാസത്തേക്ക് ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനായി 3500 കോടി രൂപായും അനുവദിച്ചു. റിപ്പോട്ടുകൾപ്രകാരം, 2020 മാർച്ച് 26 മുതൽ മേയ് 5 വരെ PMGKY ഭാഗമായി ഗുണഭോക്താക്കൾക്കു സാമ്പത്തികസഹായം നല്കാനായി 34,800 കോടി രൂപ സർക്കാർ ചെലവാക്കിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച സാമ്പത്തിക ഇടപെടലുകൾക്ക് ഇന്ത്യയുടെ സാമൂഹ്യസുരക്ഷാസംവിധാനത്തിന് പരിമിതമായ ഉത്തേജനം നല്കുവാനേ സാധിച്ചിട്ടുള്ളുവെന്നു തോന്നുന്നു. കാരണം, അപര്യാപ്തമായ ബജറ്റ് വിഹിതവും പാവങ്ങളെ സഹായിക്കുന്ന പദ്ധതികളുടെ അഭാവവും പദ്ധതികളുടെ ശോചനീയമായ നടപ്പാ

www.malankaralibrary.com

ക്കലുമൊക്കെ വഴിയായി, ഇന്ത്യൻ സമ്പദ്ഘടനയിൽ സാമൂഹ്യ സുരക്ഷാസംവിധാനങ്ങൾ ദീർഘകാലമായി ദുരിതാവസ്ഥയിലാണ്. അടച്ചുപൂട്ടൽ കാലത്ത് നടത്തിയ ഒരു പഠനപ്രകാരം, പൊതുവിതരണസംവിധാനം (PDS) പ്രയോജനപ്പെടുത്താൻ സാധിച്ചവരുടെ നിരക്ക് ബീഹാറിൽ 6% ഉം, മധ്യപ്രദേശിൽ 23% ഉം ജാർഖണ്ഡിൽ 27% ആണ് (Aaditeshwar, 2020).

**പൊതുത്തൊഴിൽ പദ്ധതികൾ**

കേന്ദ്ര ധനകാര്യമന്ത്രി പ്രഖ്യാപിച്ച ഉത്തേജക പാക്കേജുകളിൽ ഏറ്റം പ്രധാനപ്പെട്ട ഇനം MGNREGA പദ്ധതിക്ക് കീഴിൽ വരുന്ന സംവിധാനങ്ങൾക്ക് അനുവദിച്ച 40,000 കോടിയുടെ ബജറ്റ് വിഹിതവർദ്ധനയാണ്. ഇതിൻപ്രകാരം, ഈ സാമ്പത്തിക വർഷത്തിൽ (2020-21) MGNREGA പദ്ധതിക്കായി സർക്കാർ രാജ്യമെമ്പാടും ഏകദേശം 90,000 കോടി രൂപ ചെലവാക്കും (മുൻകാല കടങ്ങൾ വീട്ടിയശേഷം ബാക്കിയുള്ള തുകയാവും അനുവദിക്കുക) (Rawal & Kumar, 2020).

പക്ഷേ, ഇന്ത്യയിൽ തൊഴിൽ ദൗർലഭ്യം കഠിമാകുന്ന ഈ സമയത്ത്, പ്രത്യേകിച്ചും കാർഷികമേഖലയിൽ തൊഴിൽ സാധ്യത ഒട്ടുമില്ലാത്ത മെയ്, ജൂൺ മാസങ്ങളിൽ, ഈ വർദ്ധിപ്പിച്ച വിഹിതം ഒന്നിനും മതിയാവുകയില്ല. മുൻവർഷങ്ങളിൽ പോലും, MGNREGA പദ്ധതിവഴി ലഭ്യമായ തൊഴിലവസരങ്ങൾ ഗ്രാമീണ മേഖലയിലെ തൊഴിലാളികളുടെ ആവശ്യം നിറവേറ്റാൻ മതിയാകുമായിരുന്നില്ല. ഉദാഹരണത്തിന്, 2019-20 കാലയളവിൽ MGNREGA പദ്ധതിക്ക് കീഴിൽ 274 മില്യൻ ആൾക്കാർ രജിസ്റ്റർ ചെയ്തുവെങ്കിലും 79 മില്യൻ ആൾക്കാർക്കു മാത്രമേ ഈ പദ്ധതിക്ക് കീഴിൽ തൊഴിൽ നല്കാൻ സാധിച്ചുള്ളൂ (Rawal& Kumar 2020). നഗരങ്ങളിൽനിന്ന് സ്വന്തം ഗ്രാമങ്ങളിലേക്ക് അടച്ചുപൂട്ടലിന്റെ തിരച്ചടിയുടെ ഫലമായി മടങ്ങിപ്പോകുന്ന അസംഖ്യം കുടിയേറ്റതൊഴിലാളികൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, ഉപജീവനപ്രതിസന്ധി ഒഴിവാക്കുന്നതിൽ MGNREGA യ്ക്കും അതുപോലുള്ള മറ്റ് പൊതുത്തൊഴിൽ പരിപാടികൾക്കുമുള്ള പ്രധാന പങ്കാണ്.

ചുരുക്കത്തിൽ, 2020 മാർച്ച് 25 മുതൽ കോവിഡ്-19 എന്ന പകർച്ചവ്യാധിയുടെ വ്യാപനംമൂലം ഇന്ത്യയിൽ നടപ്പാക്കിയ അടച്ചുപൂട്ടൽ, ഇവിടുത്തെ ഏറ്റം ദരിദ്രരായ തൊഴിലാളികളുടെ വരുമാനത്തിൽ ഏകദേശം 4 ലക്ഷം കോടി രൂപയുടെ നഷ്ടത്തിനിടയാക്കി.



ഇപ്രകാരമുള്ള പ്രതിസന്ധിഘട്ടങ്ങളിൽ സർക്കാരിന്റെ ഏതു തരത്തിലുള്ള ഇടപെടലുകളിലും മുൻഗണന നല്കേണ്ടത് തൊഴിലാളികൾക്ക് നഷ്ടമായ വരുമാനം ഏറ്റവും വേഗം സാധിക്കുന്നത്ര സമഗ്രമായി തിരികെ നല്കുക എന്നതാണ്. എന്നാൽ, സർക്കാർ പ്രഖ്യാപിച്ച ഉത്തേജകപദ്ധതികൾ ഈ ഉദ്ദേശ്യത്തിന് ഉതകുന്നതല്ല എന്നത് വ്യക്തമാണ്.

അപരിഹാര്യമായ ഉപജീവനപ്രതിസന്ധി രാജ്യത്ത് ഉണ്ടാകാതിരിക്കാൻ, കേന്ദ്രസംസ്ഥാന സർക്കാരുകൾ, തൊഴിലാളികൾക്ക് നഷ്ടമായ വരുമാനം പുനഃസ്ഥാപിക്കാനായി ധനമായോ ഉല്പന്നങ്ങളായോ, പൊതുതൊഴിൽ പദ്ധതികൾ വഴിയായോ അവരെ സഹായിക്കേണ്ടിയിരിക്കുന്നു. രാജ്യത്തുടനീളം വിപുലമായ ഒരു പൊതുതൊഴിൽ പദ്ധതിക്ക് വലിയ സാധ്യതയുണ്ട്. ഇത് ഒരേസമയം നിശ്ചലമായ വാങ്ങൽ സംവിധാനത്തെ ത്വരിതപ്പെടുത്തുകയും ഉല്പാദനപ്രക്രിയയെ ഉത്തേജിപ്പിക്കുകയും ചെയ്യും. ഇതിനായി ഭാരത ഭക്ഷ്യവകുപ്പിന്റെ പക്കലുള്ള ഭക്ഷ്യധാന്യങ്ങളുടെ വലിയ ശേഖരം പ്രയോജനപ്പെടുത്താവുന്നതാണ്. അതേസമയം, ഇപ്രകാരമുള്ള പൊതുതൊഴിൽ പദ്ധതികൾ ഇന്ത്യയുടെ ദീർഘകാല സാമ്പത്തിക മുന്നേറ്റത്തിന് വഴിതെളിക്കാൻ സഹായിക്കുന്ന നിർണ്ണായക മുതൽക്കൂട്ടുകളായ റോഡുകൾ, സ്കൂളുകൾ, ആശുപത്രികൾ, ഭക്ഷ്യ സംസ്കരണശാലകൾ എന്നിവയുടെ ലഭ്യത ഗ്രാമപ്രദേശങ്ങളിൽപ്പോലും ഉറപ്പുവരുത്തുവാൻ സഹായിക്കും.

(വിവർത്തനം: ഫാ. ജോസ് ജേക്കബ് മുല്ലക്കരിയിൽ)

**References**

Afridi, Farzana, Amrita Dhillon and Sanchari Roy (2020) 'How has Covid-19 crisis affected urban poor? Findings from a phone survey – II', Ideas for India, <https://www.ideasforindia.in/topics/poverty-inequality/how-has-covid-19-crisis-affected-urban-poor-findings-from-a-phone-survey-ii.html>

Centre for Sustainable Development (2020), 'COVID-19: Analysis of Impact and Relief Measures', Azim Premji University, available at <https://cse.azimpremjiuniversity.edu.in/covid19-analysis-of-impact-and-relief-measures/>

www.malankaralibrary.com

Seth, Aaditeshwar (2020), 'Learning to Listen: Building an Empathetic State', The India Forum, June 5, 2020, available at <https://www.theindiaforum.in/article/learning-listen?fbclid=IwAR03TCYFakD2Io_bV-Vknw58CPWujV2HPypwuwYMq3ET-JDC2zGlVuYN47M>

Rawal, Vikas and Manish Kumar (2020), 'COVID-19 Lockdown: The Crisis of Rural Employment', available at <https://coronapolicyimpact.org/2020/05/20/the-crisis-of-rural-employment/?fbclid=IwAR2F0jGTTfcUn Q5ly1vnFyGdWt7IxskDQAjcpqnutZSELf9BkS68nQx2lc>

# നവസാധാരണ വ്യവസ്ഥയും കുടുംബത്തിന്റെ സാമ്പത്തികഅച്ചടക്കവും

**പ്രഫ. പി.സി. അനിയൻകുഞ്ഞ്,**

**റിട്ട. പ്രൻസിപ്പൽ, സെ. അലോഷ്യസ് കോളജ്, എടത്വാ**

## ആമുഖം

പ്രാപ്യമാകുന്ന പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചു ചിന്തിക്കാതെ, എല്ലായ്പോഴും പ്രശ്നങ്ങളെക്കുറിച്ചു പറഞ്ഞുകൊണ്ടിരുന്നാൽ പുരോഗതിക്കു പകരം തളർച്ചയായിരിക്കും ഫലം എന്നുള്ള അഭിജിത് ബാനർജി, എസ്തർ ഡുഫ്ളോ സാമ്പത്തിക വിദഗ്ദ്ധരുടെ ഓർമ്മപ്പെടുത്തൽ (*Poor Economics*, 2013, p.19) ഇക്കാലത്ത് കൂടുതൽ പ്രസക്തമാണെന്ന് ആമുഖമായി സൂചിപ്പിക്കട്ടെ. കോവിഡ്-19 ആഗോള, ദേശീയ, സംസ്ഥാന സമ്പദ് വ്യവസ്ഥകളെ താറുമാറാക്കുമെന്നതിൽ സംശയത്തിന് ഇടമുണ്ടെന്ന് തോന്നുന്നില്ല. ഇവയെല്ലാം ട്രാക്ക് തെറ്റിപ്പോയ ട്രെയിനിന്റെ കാര്യംപോലെയാണ്. ട്രെയിൻ എത്ര വേഗത്തിൽ ഉടനെ ഓടും എന്നതിനേക്കാൾ, അതിനെ തിരികെ ട്രാക്കിൽ എങ്ങനെ എന്ന് എപ്രകാരം എത്തിക്കാം എന്നുള്ളതായിരിക്കും ആലോചനാവിഷയം. മഹാമാരി ആദ്യം മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്നുവെന്നതിനാൽ തന്നെ അത് സമ്പദ്വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുമെന്നത് സ്വാഭാവികം മാത്രം. ആരോഗ്യകെണി, സാമ്പത്തിക കെണിയിലേക്കും, ഭക്ഷണകെണിയിലേക്കും നയിക്കുമെന്നത് ലോകചരിത്രം തരുന്ന പാഠങ്ങളിലൊന്നാണല്ലോ. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട സർവ മേഖലകളെയും ഈ പ്രതിഭാസം ബാധിക്കുമെന്നതും നിസ്തർക്കമാണ്. ഇവിടെ സാദ്ധ്യമാകുന്ന പരിഹാരങ്ങൾ തേടുകയെന്നതുതന്നെയാണ് അതിജീവനത്തിലേക്കും വളർച്ചയിലേക്കുമുള്ള പാത.

## നവസാധാരണ വ്യവസ്ഥയും (New Normal System) പുത്തൻ ഉത്തരവാദിത്വങ്ങളും

സകല മനുഷ്യരുടേയും സാധാരണ ജീവിതത്തിൽ വന്നുഭവിക്കുന്ന പുത്തൻമാറ്റങ്ങളും പുതുശൈലികളും പരിണമിച്ചുവരുന്ന

www.malankaralibrary.com

നവസാധാരണ വ്യവസ്ഥയിലേക്കുള്ള വിരൽചൂണ്ടികളാണ്. അന്തർദ്ദേശീയ ദേശീയ പ്രാദേശിക തലങ്ങളിൽ മനുഷ്യജീവിതരീതികളിൽ വരുന്ന ശൈലിമാറ്റത്തിന്റെ പ്രത്യേകതകൾ കണ്ടറിയേണ്ടതുണ്ട്. അത് നിലവിലുണ്ടായിരുന്ന സാമൂഹികജീവിതശൈലിയിൽനിന്നും സാമ്പത്തിക രീതികളിൽനിന്നും മാനവ വിഭവശേഷി നൈപുണ്യങ്ങളിൽനിന്നും ഒട്ടേറെ വ്യത്യാസങ്ങൾകൂടി ചേർന്നതായിരിക്കും. ദേശീയ അതിർത്തികൾ കൂടുതൽ ബലപ്പെടാം. ഒരു രാജ്യത്തിന്റെ ആഭ്യന്തര ഉദ്പാദന പ്രക്രിയയെ ശക്തിപ്പെടുത്തി, വിദേശ ആശ്രയത്വം പരമാവധി കുറയ്ക്കുവാനുള്ള രീതിയിൽ സാമ്പത്തിക വികസന നയം പരിഷ്കരിക്കപ്പെടാം. സ്വയം പര്യാപ്തതയുടെ സന്ദേശം ഓരോ ഗ്രാമത്തിന്റെയും കരുത്തായി സ്വീകരിക്കപ്പെടാം. അത്തരം ആഹ്വാനങ്ങൾ വന്നുകഴിഞ്ഞു. തൊഴിൽ രീതികളിൽ പുത്തൻ പരീക്ഷണങ്ങളും ക്രമീകരണങ്ങളും ഉണ്ടാവും. വീട്ടിൽ ഇരുന്നു ജോലി ചെയ്യാം (WFH), വീട്ടിൽ ഇരുന്നു പഠിക്കാം തുടങ്ങിയ പരീക്ഷണങ്ങളും പുത്തൻ ശൈലീമാറ്റത്തിന്റെ സ്ഥിരഭാഗമായിക്കൂടെന്നില്ല. തൊഴിൽ നഷ്ടം, തൊഴിൽമാറ്റം തുടങ്ങിയവ ഉയർത്തുന്ന പുത്തൻ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ പഠിക്കേണ്ടിവരും. പ്രാദേശിക വിഭവശേഷി തിരിച്ചറിഞ്ഞ് കാർഷിക രംഗത്തേയും സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുവാനും വളർത്തുവാനുമുള്ള സാമൂഹിക, രാഷ്ട്രീയ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം. ലഹരി, ചൂത് എന്നിവയെ പ്രോത്സാഹിപ്പിച്ചുള്ള സർക്കാർ ധനാഗമന മാർഗ്ഗങ്ങളെക്കാൾ, അടിസ്ഥാന ഉൽപാദനപ്രക്രിയയെ പ്രോത്സാഹിപ്പിച്ച്, മൂല്യവർദ്ധിത സംരംഭങ്ങളിലേക്ക് രാജ്യം ഒന്നാകെ നീങ്ങുന്നതുവഴി സ്വരൂപിക്കപ്പെടുന്ന അധിക വരുമാനത്തിന്റെ കരുത്ത് സർക്കാരുകൾ തിരിച്ചറിയണം. കോവിഡ് മഹാമാരിയിൽനിന്നു പഠിച്ചറിഞ്ഞ, പഠിച്ചറിയേണ്ട പല പാഠങ്ങളും നവസാധാരണ വ്യവസ്ഥയിലേക്കുള്ള പരിണാമത്തെ സ്വാധീനിക്കും. ഇതിനായി ചില സാമൂഹിക, സാമ്പത്തിക അച്ചടക്ക രീതികൾ ബോധപൂർവം സ്വാംശീകരിക്കേണ്ടിയിരിക്കുന്നു.

## കുടുംബത്തിൽ തുടങ്ങാം സാമ്പത്തിക അച്ചടക്കം

കുടുംബത്തിൽനിന്നു ലഭിക്കുന്നതാണ് ഒരുവന്റെ വ്യക്തിത്വത്തിന്റെയും സ്വഭാവത്തിന്റെയും അടിസ്ഥാനമെന്നതും പിറകേ ലഭിക്കുന്ന തുടർ വിദ്യാഭ്യാസ, പരിശീലനകാര്യങ്ങൾ, ഈ അടിസ്ഥാനത്തെ ബലപ്പെടുത്തുമെന്നതും സ്ഥിരപരിചിതവസ്തുതയാണ്.



വൻസാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കുവാനുള്ള സർക്കാർ പദ്ധതികൾ ഫലപ്രദമാകണമെങ്കിൽപോലും കുടുംബത്തിൽ തുടങ്ങുന്ന സാമ്പത്തിക അച്ചടക്കം കൂടിയേ തീരൂ. 90 ശതമാനത്തോളം ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുകയോ കൂലി, ശമ്പളം, വരുമാനം കാര്യമായി കുറയുകയോ ചെയ്തിരിക്കുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള അനേകം പ്രവാസികൾ നാട്ടിലേക്ക് തിരികെയെത്തിക്കൊണ്ടിരിക്കുന്നു. വിദേശ പണപ്രവാഹം ഗണ്യമായി കുറഞ്ഞിരിക്കുന്നു. അഞ്ചു ലക്ഷത്തിലധികം പ്രവാസികൾ ജോലി നഷ്ടപ്പെട്ട് തിരികെ വരുന്നുവെന്നതാണ് കണക്ക്. വിദേശ പണ പ്രവാഹത്തിന്റെ പിൻബലത്തിലും അല്ലാതെയും നടന്നകൊണ്ടിരുന്ന പല ഉത്പാദന, നിർമ്മാണ, സേവന പ്രവർത്തനങ്ങളും നിന്നുപോയിരിക്കുന്നു. ഇവയെല്ലാം അടിസ്ഥാനപരമായി ബാധിക്കുന്നത് കുടുംബങ്ങളെയാണ്. ഇവിടെ കേരളത്തിന്റെ പൊതുപശ്ചാത്തലം എപ്രകാരമെന്ന് ഹ്രസ്വമായി പരിശോധിക്കാം.

## കേരളത്തിന്റെ സാമ്പത്തിക സമീപനത്തിലുണ്ടാകേണ്ട ശൈലീമറ്റാം

കേരളത്തിൽനിന്നു പുറത്തേക്കുള്ള ചരക്കുനീക്കത്തെക്കാൾ കൂടുതലുള്ളത് കേരളത്തിലേക്കുള്ള ചരക്കു നീക്കമാണ്. ഇൻഡ്യൻ സംസ്ഥാനപട്ടികയിൽ ആനുപാതികമായി കൂടുതൽ ഉപഭോഗം നടത്തുന്ന സംസ്ഥാനമാണ് കേരളം. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിയിരിക്കുന്നു. ഇൻഡ്യൻ ജനസംഖ്യയുടെ കേവലം 2.76% ജനസംഖ്യയേ കേരളത്തിലുള്ളൂ. എന്നാൽ ഉപഭോഗത്തിന്റെ കാര്യത്തിൽ നിത്യോപയോഗസാധനങ്ങളുടെ ഉപഭോഗത്തിലുപരിയായി ആർഭാടപരമായ ഉപഭോഗത്തിന് ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്നതും കേരളീയർതന്നെ. ആർഭാടങ്ങൾ പലതും അത്യാവശ്യങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്ന ഉപഭോഗരീതിയാണ് കേരളത്തിൽ പൊതുവിൽ. വരുമാന ശ്രേണിയിലുള്ള അന്തരം ഉപഭോഗരീതിയിൽ, പ്രത്യേകിച്ച് ഗാർഹികവും വ്യക്തിപരവുമായ ഉപയോഗസാധനങ്ങളുടെ കാര്യത്തിൽ പ്രകടമാകാതെ വരുന്നു. ഫ്രിഡ്ജ്, ടെലിവിഷൻ, വാഷിംങ് മെഷിൻ, പ്രഷർകുക്കർ, എയർ കണ്ടീഷനർ, പമ്പുസെറ്റുകൾ, സ്മാർട്ട് ഫോണുകൾ തുടങ്ങിയവയുടെ 17 ശതമാനത്തിലധികം കേരളത്തിലാണ് ഉപയോഗപ്പെടുത്തുന്നത്. സ്വർണ്ണത്തിന്റെ ഇൻഡ്യയിലെ ഉപഭോഗത്തിൽ 12 ശതമാനവും കേരളത്തിലാണ്. മദ്യത്തിന്റെ ഉപയോഗത്തിന്റെ കാര്യത്തിലും സംസ്ഥാനം പിന്നിലല്ല. ജനസംഖ്യയെക്കാൾ വർദ്ധിച്ച അനുപാത

www.malankaralibrary.com

ത്തിലാണ് കേരളത്തിലെ മദ്യത്തിന്റെ ഉപയോഗം. ഇപ്രകാരം ആർഭാടപൂരവും ആഡംബരഭരിതവുമായ ജീവിതശൈലിയാണ് കേരളത്തിന്റേത്.

ഉത്പാദനരംഗം ശക്തിപ്പെടാതെയും പക്വമായ സാമ്പത്തിക വളർച്ചാശൈലി സ്വായത്തമാക്കാതെയുമുള്ള സംസ്ഥാനത്തിന്റെ ഉപഭോഗരീതി കോവിഡാനന്തര സാമ്പത്തിക സമീപനത്തിൽ പുലർത്തേണ്ട അടിസ്ഥാന സ്വാശ്രയ സമീപനത്തിന് വിരുദ്ധമാണ്. ശരാശരി കർഷകർ മറ്റൊരു മാർഗ്ഗവുമില്ലാത്തതുകൊണ്ട് കൃഷി ചെയ്യുന്നുവെന്നു മാത്രം. വിളവെടുപ്പുകാലത്ത് അവർ സംഘടിത ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരായി ന്യായമായ വില കിട്ടാതെ ഉൽപന്നങ്ങൾ വലിയ നഷ്ടത്തിൽ വില്ക്കേണ്ടിവരുന്നു. തറവില പ്രഖ്യാപിച്ച് ന്യായമായ വില കർഷകർക്ക് ഉറപ്പാക്കുവാനുള്ള നിശ്ചയദാർഢ്യം സർക്കാരിന്റെ ഭാഗത്തുനിന്ന് ഇനിയും കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. കർഷകരുടെ സഹകരണസംഘങ്ങളുടെ സഹകരണത്തോടെ കാർഷികവിളവുകളുടെ സാധിക്കുന്നത്ര മൂല്യവർദ്ധിത ഉൽപാദനത്തിന്റെ പ്രേരണകളും പ്രോത്സാഹനങ്ങളും പദ്ധതികളും ഉണ്ടാകണം. അമിതമായ ട്രേയ്ഡ് യൂണിയൻ ഇടപെടലുകൾമൂലം പരമ്പരാഗതമായി കർഷക വ്യവസായ സമൂഹങ്ങളിലുള്ള സമർദ്ദങ്ങൾ കുറയ്ക്കുവാൻ ഫലപ്രദമായ നിയമനിർമ്മാണവും സർക്കാർ തൊഴിൽ വകുപ്പിന്റെ സമയോചിതമായ ഇടപെടലുകളും കൂടിയേ തീരൂ. കേരളം കൂടുതൽ നിക്ഷേപ സൗഹൃദ സംസ്ഥാനമായി വളരുവാൻ സഹായിക്കുന്ന സാമൂഹിക, രാഷ്ട്രീയ പശ്ചാത്തലം ബോധപൂർവം സൃഷ്ടിക്കപ്പെടണം.

ഇന്നത്തെ സാഹചര്യത്തിൽ ഉപഭോക്തൃ അധിഷ്ഠിത സംസ്ഥാന സമ്പദ്വ്യവസ്ഥയെ പുനരുദ്ധരിക്കുകയെന്നത് ഏറെ ശ്രമകരമായ സംഗതിയാണ്. മൗലികമായ ചില സമീപന മാറ്റങ്ങൾ ഇവിടെ കൂടിയേ തീരൂ. ഭക്ഷണമുൾപ്പെടെ സകലതിനും കമ്പോളത്തെ ആശ്രയിക്കുന്ന രീതിക്ക് കുറച്ചെങ്കിലും മാറ്റം വരുത്തിയേ മതിയാകൂ. അതിനായി കുടുംബം ഉദ്പാദനയൂണിറ്റുകളായി മാറണം. ചെറിയ തോതിലാണെങ്കിലും ആവശ്യത്തിനുള്ള പച്ചക്കറികളും ധാന്യങ്ങളും കിഴങ്ങുവർഗ്ഗങ്ങളുംകൂടി ഉത്പാദിപ്പിക്കുവാൻ ഇനിയും ശ്രദ്ധിക്കണം. കർഷകരെ ശക്തിപ്പെടുത്തുന്നതോടൊപ്പം തരിശുനിലങ്ങൾ കൃഷി ചെയ്യുവാൻ ആകർഷകമായ പാക്കേജുകൾ സർക്കാർ നടപ്പിലാക്കണം. ഇപ്രകാരം ഉദ്പാദനമേഖലകളായ കൃഷിയെയും വ്യവസായത്തെയും (സൂക്ഷ്മ, ചെറുകിട, ഇടത്തരം) പുന



രുദ്ധരിക്കുവാൻ കഴിഞ്ഞാൽ നവസാധാരണ സമ്പദ്വ്യവസ്ഥയുടെ വെല്ലുവിളികളെ സംസ്ഥാനത്തിന് ഫലപ്രദമായി സമീപി ക്കുവാൻ കഴിയും. ഒപ്പം കുടുംബകേന്ദ്രീകൃത സാമ്പത്തിക അച്ചടക്കം പരിശീലിക്കുകയും അതിൽ തലമുറകളെ വളർത്തുകയും വേണം.

**സാമ്പത്തിക അച്ചടക്കം**

സാമ്പത്തിക അച്ചടക്കമെന്നു കേൾക്കുമ്പോൾ കുറച്ചുമാത്രം ചെലവഴിക്കുകയെന്ന ചിന്തയും തോന്നലുമാണ് ആദ്യം മനസ്സിലുണ്ടാവുക. എന്നാൽ ചെലവു ചുരുക്കയെന്നതിനെക്കാൾ, സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാനപരമായ ചില വസ്തുതകളാണ് ഇക്കാര്യത്തിൽ മനസ്സിലാക്കേണ്ടതായുള്ളത്. ഉത്പാദനമേഖലകളെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള പ്രദാനപരമായ (Supply side) സമീപനങ്ങളും ഉപഭോഗം കൂട്ടികൊണ്ട് വിറ്റഴിക്കലിനെ ശക്തിപ്പെടുത്തുന്ന ചോദനപരമായ (Demand side) സമീപനങ്ങളുമാണ് പൊതുവേ സാമ്പത്തിക തളർച്ചയെ അതിജീവിക്കുവാനുള്ള മാർഗ്ഗങ്ങളായി സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നത്. കേരളത്തിൽ ക്രമാതീതമായ ഉപഭോഗം ഉണ്ടെന്നതിനാൽ പ്രദാനപമായ, ഉത്പാദനത്തെ വർദ്ധിപ്പിക്കുവാനുള്ള നടപടികളാണ് കൂടുതൽ അഭികാമ്യം.

കുടുംബങ്ങൾക്ക് ഇവിടെ എന്താണ് ചെയ്യുവാനുള്ളത്? ഓരോ കുടുംബത്തിനും ആവശ്യമായ പരമാവധി ഭക്ഷ്യവസ്തുക്കൾ സാധിക്കുന്നതുപോലെ ഉത്പാദിപ്പിക്കുവാൻ ശ്രദ്ധിക്കുകയെന്നതാണ് ഒന്നാമത്തെ കാര്യം. ഇതിനായ് ഒരു വിഭവസ്ഥിതിവിവരശേഖരണം (Resource Mapping) കുടുംബത്തിൽ ഓരോ കുടുംബവും നടത്തുവാൻ തയ്യാറാകണം. ഓരോ കുടുംബത്തിനും വേണ്ടത് ഉത്പാദിപ്പിക്കുവാൻ സഹായകരമായ എന്തെല്ലാം വിഭവങ്ങളുണ്ടെന്നുള്ള തിരിച്ചറിവ് കുടുംബമായി ഉണ്ടാവണം. ഭൂമി, ഉപകരണങ്ങൾ, സമയം, കൃഷിവിജ്ഞാനം, മൂല്യവർദ്ധിത സാധ്യതകളെക്കുറിച്ചുള്ള അറിവ് തുടങ്ങിയവ ലിസ്റ്റ് ചെയ്ത് പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രമിക്കണം. ഇടവകതലത്തിലോ, കൂട്ടായ്മതലത്തിലോ, വാർഡുതലത്തിലോ ആണെങ്കിലും ഈ ഒരു ശ്രമവും നടത്താം. പ്രാദേശിക ചന്തകൾ പൊതു ഇടങ്ങൾ കേന്ദ്രീകൃതമാക്കിയോ പള്ളി കേന്ദ്രീകൃതമാക്കിയോ - ആഴ്ച ചന്തകളാക്കി ഓരോ കുടുംബത്തിന്റെയും അധിക കാർഷിക ഉത്പന്നങ്ങൾ വിറ്റഴിക്കുവാനും വാങ്ങുവാനും ശ്രദ്ധിക്കണം. ഇപ്രകാരം സ്വാശ്രയഗ്രാമത്തിന്റെ ആദ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കഴിയും. ഇവിടെ കർഷകർ

www.malankaralibrary.com

മാത്രമല്ല, ഏതു തൊഴിൽ ചെയ്യുന്ന ആളും മിച്ചസമയത്തിനനുസരിച്ച് കുടുംബമായി ഈ പ്രക്രിയയിൽ പങ്കുചേരുവാൻ ശ്രമിക്കണം. വാണിജ്യ അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ കഴിയുന്നവർ വിദൂര കമ്പോളങ്ങൾക്കുവേണ്ടിയും കൃഷി ചെയ്യണം. തിരിച്ചെത്തുന്ന പ്രവാസികളുടെ ചിലരുടെയെങ്കിലും സഹായത്താൽ കൂടുതൽ യന്ത്രവൽകരണത്തിന്റെ അറിവും സാദ്ധ്യതയും മനസ്സിലാക്കി, നടപ്പിലാക്കുവാനും സാധിക്കും.

## സാമ്പത്തിക അച്ചടക്കവും ബജറ്റ് സംസ്കാരവും

അച്ചടക്കമുള്ള കുടുംബജീവിതമാണ് നവസാധാരണ സമ്പദ്വ്യവസ്ഥയ്ക്ക് അനിവാര്യമായ കാര്യങ്ങളിലൊന്ന്. കുടുംബത്തിന്റെ ശ്രേയസ്സിനുവേണ്ടി ഓരോ കുടുംബവും അതുവഴി ആ കുടുംബം മുഴുവനും ഒരേ ധാരണയിൽ പ്രവർത്തിക്കുമ്പോഴാണ് വളർച്ച യാഥാർത്ഥ്യമാകുന്നത്. ഒരുമിച്ചായിരിക്കുകയെന്ന കുടുംബത്തിന്റെ ആന്തരിക ആഗ്രഹത്തെ ശക്തിപ്പെടുത്തുവാനും നിവൃത്തിയാക്കുവാനും കോവിഡ്കാലം കൂടുതൽ സഹായകമായി. ഇവിടെ എന്തു വന്നാലും ഒന്നിക്കുകയില്ലെന്നു വാശിപിടിക്കുന്ന ചില കുടുംബങ്ങളും കുടുംബാംഗങ്ങളും അച്ചടക്കത്തിലേക്കു വരുവാൻ കൂടുതൽ നഷ്ടങ്ങൾ സഹിക്കേണ്ടിവരും. മറ്റേതൊരു കാര്യത്തിലുമെന്നതുപോലെ സാമ്പത്തിക കാര്യങ്ങളിലുള്ള കുടുംബത്തിന്റെ ഒന്നിച്ചുള്ള പ്രവർത്തനവും അച്ചടക്കവും അതിന്റെ സാമ്പത്തിക സുസ്ഥിതിക്കും ക്ഷേമത്തിനും അത്യാന്താപേക്ഷിതമാണ്. എപ്രകാരമാണ് കുടുംബങ്ങളിൽ സാമ്പത്തിക അച്ചടക്കത്തിന്റെ അന്തരീക്ഷം വളർത്തുവാൻ കഴിയുക? സാമ്പത്തിക കാര്യങ്ങളിൽ ബജറ്റ് എന്ന ആശയത്തെ സ്വീകരിക്കുകയും മനസ്സിലാക്കുകയും അതു നടപ്പിലാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുമ്പോഴാണ് സാമ്പത്തിക അച്ചടക്കമെന്ന മൂല്യം കുടുംബങ്ങളിൽ വളരുക. കോവിഡനന്തര കാലത്ത് കുടുംബങ്ങൾക്ക് ഇത് വലിയ കരുത്തായിരിക്കും.

## എന്താണ് ഒരു ബജറ്റ്?

എല്ലാവർക്കും പരിചിതമായ ഒരു വാക്കാണ് ബജറ്റ്. എന്നാൽ സാമ്പത്തിക അച്ചടക്കം അന്യമാവുംവിധം ബജറ്റ് എന്ന വാക്ക് അപരിചതവും അന്യവുമായി, പല കുടുംബങ്ങൾക്കും. ഏതൊരു സാമ്പത്തിക യൂണിറ്റിന്റെയും ദൈനദിന ഭാവി പ്രവർത്തനങ്ങളിൽ, ശ്രേയസ്സിൽ ഏറെ പ്രാധാന്യമുള്ള ഒരു ആശയമാണ് ബജറ്റ്. കുടുംബം ഏറ്റവും അടിസ്ഥാനപരമായ സാമ്പത്തിക യൂണിറ്റാണെന്ന കാര്യം



മറന്നുപോകരുത്. ഉത്പാദനത്തിന്റെ അടിസ്ഥാന വിഭവശ്രോതസ്സ് എന്ന നിലയിലും ആത്യന്തിക ഉപഭോഗ യൂണിറ്റ് എന്ന നിലയിലും കുടുംബത്തിന്റെ സാമ്പത്തികപ്രസക്തി വളരെ പ്രധാനപ്പെട്ടതാണ്. ഒരു നിശ്ചിത കാലയളവിൽ ഒരു സാമ്പത്തിക യൂണിറ്റ് പ്രതീക്ഷിക്കുന്ന വരവുചെലവുകളുടെ അവതരണമാണ് ബജറ്റ് എന്ന നിലയിൽ കോവിഡനന്തരകാലത്ത് ഈ ആശയത്തെ കുടുംബജീവിതവുമായി ബന്ധപ്പെടുത്തുവാൻ ശ്രദ്ധിക്കണം.

ബജറ്റ് കുറെ കണക്കുകളുടെ ഒരു അവതരണമല്ല. മറിച്ച് അത് ഒരു സാമ്പത്തിക യൂണിറ്റിന്, വികസനത്തോടും ജീവിതത്തോടും തന്നെയുള്ള അടിസ്ഥാന ആഭിമുഖ്യങ്ങളുടെ പ്രതിഫലനമാണ്. ഒരു ഗവണ്മെന്റ് അവതരിപ്പിക്കുന്ന ബജറ്റിൽ അതിന്റെ വികസനദർശനവും മറ്റും തീർച്ചയായും പ്രകടമാകും. ഒരു സാമ്പത്തിക യൂണിറ്റിന് ബജറ്റ് ഉണ്ടാവുകയെന്നതുതന്നെ ചിട്ടപ്പെടുത്തിയ ഒരു സാമ്പത്തിക കാഴ്ചപ്പാടിന്റെ വ്യക്തമായ തെളിവാണ്. കുടുംബത്തിന്റെ സാമ്പത്തിക വ്യാപാരങ്ങളിലേക്ക് ബജറ്റ് എന്ന ആശയം കടന്നുവരുകയെന്നത് തികച്ചും ആശാവഹമായ സംഗതിയാണ്. കോവിഡ് കാലത്തെ മാറ്റങ്ങൾ കുടുംബങ്ങളെ ഇത്തരമൊരു സമീപനത്തിന് പ്രേരിപ്പിക്കട്ടെ.

ഒരു സമൂഹത്തന്റെ സാമ്പത്തിക ശ്രേണിയിലെ ഏറ്റവും അടിസ്ഥാനഘടകമെന്ന നിലയിൽ ധനാഗമ-ധനവിനിയോഗ പ്രവർത്തനങ്ങളിൽ കുടുംബത്തിന് പ്രത്യേക പ്രാധാന്യമാണുള്ളത് എന്നത് വ്യക്തമാണല്ലോ. കുടുംബങ്ങളുടെ സുസ്ഥിതിയും സമാധാനവുമാണ് രാഷ്ട്രത്തിന്റെ ലക്ഷ്യം. ഓരോ കുടുംബത്തെയും ഓരോ യൂണിറ്റായി കാണുമ്പോൾ ഒരു നിശ്ചിത കാലയളവിൽ അതിനുള്ള വരുമാനത്തിന്റെയും ചെലവിന്റെയും ഇനങ്ങൾ ഏവയെന്ന് മുൻകൂട്ടി കാണുവാൻ കഴിയും. ഇവിടെയാണ് ഒരു കുടുംബബജറ്റ് രൂപംകൊള്ളുന്നത്. കുടുംബത്തിന്റെ വരുമാനം, ജീവിതനിലവാരം, അംഗങ്ങളുടെ എണ്ണം, അവരുടെ അഭിരുചികൾ തുടങ്ങിയ ഒട്ടേറെ കാര്യങ്ങളെ ആശ്രയിച്ച് ഓരോ കുടുംബത്തിന്റെയും ബജറ്റ് വ്യത്യാസപ്പെട്ടിരിക്കും.

തങ്ങൾക്കു ലഭിക്കുന്ന പരിമിതമായ വരുമാനം പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ എങ്ങനെ വിനിയോഗിക്കണമെന്നുള്ളതാണ് ഓരോ കുടുംബത്തിന്റെയും അടിസ്ഥാന സാമ്പത്തിക പ്രശ്നം. ഉപഭോഗസംസ്കാരത്തിന്റെയും അനുകരണത്തിന്റെയും തള്ളലിൽ വരുമാനത്തിന്റെ പരിധി കണക്കിലെടു

www.malankaralibrary.com

ക്കാതെ പലതും വാങ്ങിക്കൂട്ടാനും ഉപയോഗിച്ചു തീർക്കാനുമുള്ള പ്രേരണ കേരളത്തിലെ കുടുംബങ്ങളിൽ വർദ്ധിച്ചുവന്നിരുന്നതിന്റെ സൂചനകൾ നമ്മൾ ആദ്യഭാഗത്ത് കണ്ടല്ലോ. വാസ്തവത്തിൽ കേരളത്തിലുയർന്നുവന്ന സാമ്പത്തിക വളർച്ചയെന്നു പറയുന്നതുതന്നെ ഉപഭോക്തൃ സേവനങ്ങൾ നടത്തുന്നവരുടെ എണ്ണവും അവരുടെ വേതനവും വർദ്ധിച്ചുവരുന്നതിന്റെ കണക്കു മാത്രമാണെന്നു പറയപ്പെടുന്നു (ഡോ. കെ.വി. ജോസഫ്, ദീപിക 02-06-20). ഉൽപ്പന്നങ്ങളുടെ വിപണനവിഭാഗങ്ങളുടെ പ്രധാനപ്പെട്ട ഒരു പരസ്യം 'Buy now, Pay later' എന്നുള്ളതാണല്ലോ. ഉദാരവ്യവസ്ഥകളിൽമേൽ ഉൽപന്ന വായ്പ എടുക്കുമ്പോൾ ഭാവി വരുമാനത്തിൻമേൽ വരുന്ന ബാദ്ധ്യത താങ്ങാവുന്നതാണോയെന്ന് പരിശോധിക്കാതെയുള്ള തീരുമാനമെടുക്കൽ അപകടകരമാണ്. ഇത്തരം പരസ്യങ്ങളുടെ ശരിക്കുമുള്ള അർത്ഥം 'Enjoy now, regret later' എന്നാണെന്ന് ഒരാൾ പറഞ്ഞതോർക്കുന്നു. ഇത്തരം വായ്പകൾ എടുക്കരുതെന്നല്ല; മറിച്ച് അതുമൂലമുണ്ടാകുന്ന ഭാവി ബാദ്ധ്യതകൾ (തിരിച്ചടയ്ക്കൽ ഗഡു, 'EMI') താങ്ങാവുന്ന തരത്തിലുള്ളതായിരിക്കണം മാസവരുമാനം എന്നുറപ്പാക്കണം. ഭവനവായ്പ, വാഹന വായ്പ വഴിയായി ആർജിക്കുന്ന ജീവിതസൗകര്യങ്ങൾ ബജറ്റ് പരിധിക്കുള്ളിലായിരിക്കണം.

വരവിനനുസരിച്ച് ചെലവഴിക്കണമോ, അതോ ചെലവിനനുസരിച്ച് വരുമാനം കണ്ടെത്തണമോയെന്നുള്ളത് ബജറ്റ് തയ്യാറാക്കലിലുള്ള ഒരടിസ്ഥാന വിഷയമാണ്. സർക്കാർ ബജറ്റുകൾ സാധാരണ ചെലവിനനുസരിച്ച് വരുമാനം കണ്ടെത്തുന്ന സമീപനമാണ്, അഥവാ വരുമാനത്തെക്കാൾ ചെലവഴിക്കുന്ന രീതിയാണ്. ഇത്തരം ബജറ്റുകളാണല്ലോ കമ്മിബജറ്റുകൾ (deficit budgets). പുതിയ നികുതികളിലൂടെയും നികുതിനിരക്ക് വർദ്ധനവിലൂടെയും കടമെടുക്കലിലൂടെയും കരുതൽ ധനത്തിൽനിന്നു പിൻവലിച്ചുകൊണ്ടുമെല്ലാം സർക്കാർ ഈ അധിക വരുമാനം കണ്ടെത്തുന്നു. എന്നാൽ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം പൊതുവിൽ വരുമാനത്തിനനുസരിച്ച് ചെലവു ക്രമീകരിക്കുകയെന്നതാണ് ഉചിതം. അതായത് വരവിനനുസരിച്ച് ചെലവഴിക്കുകയെന്നതാണ്. ചെലവ് എന്നുള്ളതിൽ സമ്പാദ്യവും ഉൾപ്പെടുമെന്നുള്ളതുകൊണ്ട് ഈ ഏകോപനമാണ് സാമ്പത്തിക അച്ചടക്കത്തിന്റെ കാതൽ.

## ആരാണ് ബജറ്റ് തയ്യാറാക്കേണ്ടത്?

കുടുംബങ്ങളിൽ പൊതുവേ പണം കൈകാര്യം ചെയ്യുന്നത് കുടുംബനാഥനാകയാൽ അദ്ദേഹമാണ് ബജറ്റ് ഉണ്ടാക്കേണ്ടത്



എന്നു പറഞ്ഞേക്കാം. എന്നാൽ ഇത് കുടുംബനാഥന്റെ മാത്രം ഉത്തരവാദിത്വമായി ചുരുക്കരുത്. കുടുംബനാഥൻ നേതൃത്വം നൽകണമെന്നാലും ഭർത്താവിനൊപ്പം ഭാര്യയും പ്രായപൂർത്തിയായ മക്കളും ഈ പ്രക്രിയയിൽ പങ്കാളികളാകണം, അവരെ പങ്കാളികളാക്കണം. കുടുംബത്തിന് ഇത് ഒരു രഹസ്യവിവരമായിരിക്കരുത്. ചില കുടുംബങ്ങളിൽ പണം വരുന്ന മാർഗ്ഗവും പണം ചെലവാകുന്ന മാർഗ്ഗവും കുടുംബനാഥനല്ലാതെ വേറെ ആർക്കും, കുടുംബനാഥയ്ക്കുപോലും അറിയില്ല, അറിയിക്കത്തില്ല. ഇത് ആരോഗ്യകരമായ അവസ്ഥയല്ല. കുടുംബത്തിന്റെ വരുമാനചെലവു മാർഗങ്ങളെക്കുറിച്ച് കൃത്യമായ അറിവുള്ളപ്പോൾ ഒരേ ലക്ഷ്യത്തോടും സഹകരണത്തോടുംകൂടി പ്രവർത്തിക്കുവാൻ കുടുംബാംഗങ്ങൾക്ക് കഴിയുന്നു. ഇതു തികച്ചും മാതൃകാപരവും ആരോഗ്യകരവുമായ കുടുംബജീവിതത്തിനു വഴി തെളിക്കും. കുട്ടികൾക്കും ഇത്തരത്തിലുള്ള പരിശീലനം നല്കുന്നതുവഴി പണത്തിന്റെ വിനിയോഗത്തിൽ പാലിക്കേണ്ട ശ്രദ്ധ അവർക്കു ബോദ്ധ്യമാവുകയും ധൂർത്തിന്റെ പ്രവണതകളെ ഒഴിവാക്കുവാൻ സഹായകരമാവുകയും ചെയ്യുന്നു. ബജറ്റിന്റെ അന്തസ്സത്ത ഉൾക്കൊണ്ടു ജീവിക്കുന്ന കുടുംബങ്ങളിലെ കുട്ടികളുടെ പണം കൈകാര്യം ചെയ്യുന്ന രീതിയും അല്ലാതെയുള്ള കുടുംബങ്ങളിൽ നിന്ന് എത്തുന്ന കുട്ടികളുടെ രീതിയും തമ്മിൽ കൃത്യമായ വ്യത്യാസം കണ്ടറിയുവാൻ കഴിയും.

ഈ കോവിഡ് കാലത്ത് ഒരുപക്ഷേ നമ്മൾ ചിന്തിച്ചേക്കാം - കൃത്യമായ തൊഴിലും ന്യായമായ വരുമാനവും ഉള്ളവർക്കു മാത്രമായിട്ടുള്ള ഒന്നാണ് ബജറ്റ് എന്ന്. അത് വളരെ തെറ്റായ ഒരു വിലയിരുത്തലാണ്. ഏതൊരു കുടുംബത്തെ സംബന്ധിച്ചോളവും സ്ഥിര വരുമാനം ഇല്ലെങ്കിൽപോലും ബജറ്റിന്റെ ആശയം സ്വീകരിച്ചേ പോകാവൂ. കാരണം എല്ലാവരും ചെലവാക്കിയേ മതിയാകൂ - കടമെടുത്തോ, അല്ലെങ്കിൽ മറ്റുള്ളവരിൽ നിന്ന് ഗ്രാന്റായി ലഭിച്ചോ ആണെങ്കിൽ കൂടിയും. ബജറ്റിനു മാത്രമേ, പരിമിതികൾ മനസ്സിലാക്കി ഉള്ളതിൽനിന്നു പരമാവധി പ്രയോജനം ഉറപ്പാക്കികൊണ്ടു പോകുവാൻ കഴിയൂ.

ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കാര്യം സൂചിപ്പിച്ചുവല്ലോ. കുടുംബത്തിന്റെ ഭാവിപദ്ധതികളുടെ രൂപരേഖകൾ അതിന്റെ വാർഷിക-മാസ ബജറ്റിൽ കാണാം. മക്കളുടെ ഉന്നതവിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം തുടങ്ങിയ കാര്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് ഇന്നത്തെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം അതിലേക്കായി വകകൊള്ളിച്ചുകൊണ്ടുള്ള ദീർഘനിക്ഷേപപദ്ധതികളിൽ

www.malankaralibrary.com

അംഗങ്ങളാകുന്നത് ഭാവിസാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നു. ബജറ്റ് സംസ്കാരം കുടുംബത്തിൽ പുലരാൻ ഇടയാക്കിയാൽ കുടുംബാംഗങ്ങളിൽ സമ്പാദ്യശീലം താനേ മുളയെടുത്തുകൊള്ളും. വരവിന്റെ പരിമിതമാർഗ്ഗങ്ങൾ, ചെലവിന്റെ ബാഹുല്യം എന്നിവ മനസ്സിലാക്കുവാൻ ഇടവരുന്ന സാഹചര്യത്തിൽ, ഓരോ അംഗവും പ്രത്യേകിച്ച് കുട്ടികൾ അനാവശ്യചെലവുകൾ ഒഴിവാക്കുവാൻ സ്വയം പ്രേരിതരാകുന്നു. സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി സമ്പാദ്യം എത്രമാത്രം അത്യാവശ്യമാണെന്നുള്ള പാഠം അവർ പഠിക്കുന്നു. മിതവ്യയമൂല്യം കുടുംബാന്തരീക്ഷത്തിൽ മക്കൾ ഉൾക്കൊള്ളുന്നു.

### ബജറ്റ് തയ്യാറാക്കേണ്ടതെങ്ങനെ?

ഏതു കാലയളവിലേക്കാണ് ബജറ്റ് തയ്യാറാക്കേണ്ടത് എന്നതാണ് ആദ്യത്തെ വിഷയം. സാധാരണ ബജറ്റിന്റെ കാലയളവ് ഒരു വർഷമാണല്ലോ. കുടുംബങ്ങൾക്കും ഒരു വർഷത്തേക്കുള്ള വരവുചെലവുകളുടെ ചട്ടകൂട് തയ്യാറാക്കുവാൻ കഴിയണം. കുടുംബത്തിന്റെ അംഗസംഖ്യ, ജോലി, അഭിരുചികൾ, പ്രായം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയെ ആശ്രയിച്ച് ഓരോ കുടുംബത്തിന്റെയും വരുമാന ചെലവിനങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. ഭക്ഷണം അതിന്റെ വിവിധ ഇനങ്ങൾ, വിറക്, ഗ്യാസ്, വൈദ്യുതിചാർജ് തുടങ്ങിയ അനുബന്ധ വീട്ടുചെലവുകൾ, വീട്ടുപകരണങ്ങൾ, വസ്ത്രം, ചെരുപ്പ് തുടങ്ങിയവ, മരുന്നുകൾ, മെഡിക്കൽ ഇൻഷുറൻസ്, ചികിത്സ തുടങ്ങിയ ആരോഗ്യചെലവുകൾ, പെട്രോൾ, വണ്ടിക്കൂലി, വാഹന നികുതി, ഇൻഷുറൻസ് തുടങ്ങിയ യാത്രാചെലവുകൾ, വിദ്യാഭ്യാസ-വിനോദ ചെലവുകൾ (പത്രമാസികകൾ, ഇന്റർനെറ്റ് തുടങ്ങിയവ), ദാനം കൊടുക്കൽ, സംഭാവന തുടങ്ങിയ മറ്റിനങ്ങൾ, നിക്ഷേപപദ്ധതികൾ, ചെലവുകൾ, നികുതി ഇനങ്ങൾ എന്നിങ്ങനെ പോകുന്നു ചെലവായി കാണേണ്ടവ. ഓരോ ദിവസത്തെയും ചെലവു കണ്ടുകൊണ്ട് ഒരു വർഷത്തേക്കുള്ള മൊത്തം ചെലവ് കണക്കാക്കാൻ കഴിയും. പ്രത്യേക ആഘോഷങ്ങളുടെ ചെലവും വകകൊള്ളിക്കണം. സാധനങ്ങളുടെ നിലവിലുള്ള കമ്പോള വിലയെക്കൂടാതെ വിലവർദ്ധനവിന്റെ കേടു നികത്തുവാൻ ഒരു തുകകൂടി വകകൊള്ളിക്കണം. ഒപ്പം അപ്രതീക്ഷിതമായി ഉണ്ടാകാവുന്ന ചെലവുകൾക്കും തുക വകകൊള്ളിക്കണം.

ഇത്തരമൊരു കണക്കിൽ എത്തുന്നതിന്റെ ആദ്യ പ്രായോഗിക പടി കുടുംബത്തിന്റെ ഓരോ ഇനത്തിലുമുള്ള ചെലവുകൾ എത്രയെന്നു മനസ്സിലാക്കുകയെന്നതാണ്. അതിനായി ഓരോ ദിവസത്തെയും കണക്ക് എഴുതിതുടങ്ങണം. ഒന്നു രണ്ടു മാസങ്ങൾ ഇപ്രകാരം ചെയ്തുകഴിയുമ്പോൾ ആ കണക്കുകളുടെ അടിസ്ഥാനത്തിൽ വാർഷികബജറ്റിന് രൂപം നൽകാം.



വാർഷിക ബജറ്റിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് ഹ്രസകാല ബജറ്റ് (ഉദാ മാസബജറ്റ്, ആഴ്ചബജറ്റ്) തയ്യാറാക്കുവാൻ ശ്രദ്ധിക്കണം. എങ്കിൽ മാത്രമേ കുടുംബം പോലെയുള്ള സാമ്പത്തിക യൂണിറ്റുകളിൽ വരവ്-ചെലവ് ഏകോപനം ശ്രദ്ധിക്കുവാൻ കഴിയൂ. ഓരോ ആഴ്ചയിലും മാസത്തിലും, ഓരോ ഇനത്തിലും പരമാവധി എത്രവരെ ചെലവാക്കാം എന്ന ധാരണ കുടുംബത്തിൽ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കും. എന്നാൽ ഇത് ഒരു ഇരുമ്പുദണ്ഡ് അല്ല, മറിച്ച് ഇതുവഴി ഒരു പരിധിയും മാതൃകയും കുടുംബത്തിൽ കൊണ്ടുവരുവാൻ സാധിക്കുന്നു. ചെലവിനങ്ങൾ മുൻഗണനാക്രമത്തിൽ നിശ്ചയിക്കുന്നതും അവ വരുമാന ലഭ്യതക്കനുസരിച്ച് ചെലവഴിക്കുന്നതും സാമ്പത്തിക അച്ചടക്കത്തിന്റെ വശങ്ങൾ തന്നെ.

ബജറ്റിന്റെ സുപ്രധാനമായ മറ്റൊരു പടി, മാസംതോറുമുള്ള വരുമാനമെത്രയെന്ന് കണക്കാക്കുകയെന്നതാണ്. വരുമാനത്തിന്റെ എല്ലാ സ്രോതസ്സുകളിലൂടെയുള്ള മൊത്തം വരുമാനം കണക്കാക്കണം. വരുമാനത്തെ നിശ്ചിതവരുമാന (assured income)മെന്നും അനിശ്ചിത വരുമാന (possible income) മെന്നും വേർതിരിച്ച് കണക്കാക്കണം. മാസശമ്പളം, പെൻഷൻ എന്നിവ നിശ്ചിത വരുമാനമാണ്. കൃഷി ബിസിനസ്സ്, ഇതര സേവനങ്ങൾ, ദിവസകൂലിപ്പണി തടുങ്ങിയവയിൽനിന്ന് അനിശ്ചിത വരുമാനമാണ്. കൂടാതെ പ്രോവിഡന്റ് ഫണ്ട്, ചിട്ടി, ഇൻഷറൻസ്തുക, ബാങ്ക്വായ്പ എന്നീ ഇനങ്ങളിൽ ഉണ്ടാകാവുന്ന (പ്രതീക്ഷിക്കുന്ന) വരവും കണക്കാക്കണം. വർഷത്തിലൊരിക്കൽ മാത്രം ലഭിക്കുന്ന തുകയുടെ മാസവിഹിതം കണക്കാക്കി ഓരോ മാസത്തേയും ശരാശരി വരവു കണക്കാക്കാം. ഇപ്രകാരം ഒരു മാസത്തിലെ പ്രതീക്ഷിക്കുന്ന വരവുചെലവുകൾ കണക്കാക്കിയാൽ ഇവ രണ്ടും എപ്രകാരം ഒത്തുപോകുന്നുവെന്നു മനസ്സിലാക്കി, വിലയിരുത്തലുകളും തിരുത്തലുകളും നടത്താം.

### ബജറ്റ് പ്രയോഗത്തിൽ

ബജറ്റിൽ പ്രതീക്ഷിച്ചിരുന്നതുപോലെ വരവുചെലവിനങ്ങൾ പോകുന്നുണ്ടോയെന്നുള്ള പരിശോധനയ്ക്കും വിലയിരുത്തലിനുമായി ചെലവിന്റെ യഥാർത്ഥ കണക്ക് എഴുതി സൂക്ഷിക്കണം.

www.malankaralibrary.com

ഓരോ ദിവസവും ഏറിവന്നാൽ രണ്ടു മിനിറ്റുകൊണ്ട് ചെയ്തു തീർക്കാവുന്ന കാര്യമേയുള്ളിത്. ഇതു നാൾവഴി രീതിയിലോ ഇനം തിരിച്ചുള്ള രീതിയിലോ രേഖപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ സാമ്പത്തിക അച്ചടക്കത്തിന്റെ മാർഗ്ഗരേഖയായി കുടുംബ ബജറ്റിനെ കണക്കാക്കാം. ഓരോ ഇനത്തിലും പരമാവധി ചെലവാക്കുന്ന തുകയെ സംബന്ധിച്ച് കുടുംബാംഗങ്ങൾ അറിഞ്ഞിരിക്കുകയും വേണം. അല്ലെങ്കിൽ ബി.ആർ. ഷെട്ടിയെ പോലെയുള്ള വൻമരങ്ങളുടെ പതനം ഓരോ കുടുംബത്തിന്റെയും രീതിയിൽ നേരിടേണ്ടതായിവരും. ഗാർഹിക ചെലവുകൾക്കായി വകകൊള്ളിക്കുന്ന തുക, അതിന്റെ ചെലവുകൾ മാത്രമേ കുടുംബബജറ്റിൽ വരുന്നുള്ളുവെങ്കിലും, വൻകിട പണക്കാരും കുടുംബ ബജറ്റിന്റെ ചൈതന്യം സ്വീകരിക്കുന്നത് ഗുണകരമായിരിക്കും.

മാസത്തിൽ ഒരിക്കൽ മാത്രം ലഭിക്കുന്ന ഒന്നാണു വരുമാനമെങ്കിൽ, മാസത്തിലുടനീളം ചിതറിക്കിടക്കുന്നതാണ് ചെലവിനങ്ങൾ. അതുകൊണ്ട് ചെലവുകൾ വരുത്തുന്നതിൽ കൂടുതൽ പ്രായോഗിക ശ്രദ്ധയുണ്ടാകണം. ഇതിൽ കുടുംബത്തിൽ ചില ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്. ഗാർഹികാവശ്യങ്ങൾക്കുവേണ്ടിയുള്ള ചെലവുകൾക്കായി പ്രതീക്ഷിക്കുന്ന തുക കുടുംബനാഥയെ ഏൽപിച്ചുകൊണ്ട്, നിക്ഷേപങ്ങൾ, വായ്പ തിരിച്ചടയ്ക്കൽ തുടങ്ങിയ ഇനങ്ങൾ കുടുംബനാഥൻ തന്നെ കൈകാര്യം ചെയ്യണം. കുട്ടികളുടെ യാത്രാച്ചെലവ് പോലെയുള്ള ചില്ലറ ചെലവുകൾക്കുള്ള തുക ആഴ്ചതോറും അവരെ ബോദ്ധ്യപ്പെടുത്തി ഏല്പിക്കാവുന്നതാണ്.

ഇതല്ലെങ്കിൽ ആവശ്യങ്ങൾക്കനുസരിച്ച് കുടുംബനാഥൻ അല്ലെങ്കിൽ കുടുംബനാഥ, ഓരോരുത്തർക്കും തുക ആവശ്യനേരത്ത് നൽകുക. ഇവിടെ പങ്കാളിത്ത്വത്തിന്റെ അഭാവമുള്ളതിനാൽ ഒരാൾക്ക് മാത്രം കൂടുതൽ ഉത്തരവാദിത്വം വരും. മറ്റംഗങ്ങൾക്ക് വരുമാനമാർഗങ്ങളെക്കുറിച്ചോ, ചെലവുകളെക്കുറിച്ചോ അറിവില്ലാതിരിക്കാനും സാധ്യതയുണ്ട്. ഈ രീതി പൊതുവേ ആരോഗ്യകരമായി കാണുന്നില്ല. ഓരോ കുടുംബത്തിന്റെയും സാഹചര്യങ്ങളും ആവശ്യങ്ങളുടെ പ്രത്യേകതകളുമനുസരിച്ച് ഏതെങ്കിലും ഒരു പ്രത്യേക രീതിയോ, പല രീതികൾ കൂട്ടിച്ചേർത്തോ സ്വീകരിക്കാവുന്നതാണ്.

## കോവിഡനന്തര കാലത്ത് കുടുംബാംഗങ്ങളെ കൂടുതൽ അടുപ്പിക്കുന്ന കുടുംബ ബജറ്റ്

ബജറ്റിന്റെ നന്മ സാമ്പത്തിക തലത്തിൽമാത്രം ഒതുക്കി



നിർത്താവുന്നതല്ല. കുടുംബത്തിന്റെ ജീവരക്തമായ ആശയവിനിമയത്തെ ബജറ്റിന്റെ സംസ്കാരവും പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നു. ജീവിതപങ്കാളിയോട്, മക്കളോട് ആലോചിച്ച് കുടുംബത്തിന്റെ സാമ്പത്തിക കാര്യങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ പരസ്പരവിശ്വാസവും ബഹുമാനവും നാൾക്കുനാൾ വർദ്ധിക്കുന്നു. ഓരോരുത്തരുടേയും ഓരോ കുടുംബത്തിന്റെയും ചെലവിടുന്ന രീതി അവരുടെ വ്യക്തിത്വത്തിന്റെ അളവുകോലാണ്. ഒരു കുടുംബത്തിന്റെ കണക്കു പുസ്തകം അതിന്റെ ജീവിതശൈലി പറയുമല്ലോ. ബജറ്റിന്റെ അഭ്യാസം കുടുംബാംഗങ്ങളുടെ ജീവിതം പരസ്പരം തുറന്ന പുസ്തകമാക്കുന്നു. ഓരോ ദിവസവും പ്രാർത്ഥന കഴിഞ്ഞോ, കിടക്കുന്നതിനു മുമ്പോ ആ ദിവസത്തെ കണക്ക് പരസ്പരം പറഞ്ഞ് ഭാര്യയോ, ഭർത്താവോ കണക്കെഴുതുമ്പോൾ പരസ്പര വിശ്വാസത്തിന്റെ മേഖല താനേ ശക്തമാകുന്നു. ഈ ഒരു പ്രക്രിയയിൽ മക്കളെയും പങ്കുചേർക്കുമ്പോൾ അവരിലേക്കും ഈ ചൈതന്യം വ്യാപിക്കുന്നു. പണം കൈകാര്യം ചെയ്യുന്നതിൽ അർഹിക്കുന്ന ഗൗരവം പാലിക്കുവാൻ മക്കൾ പഠിക്കുന്നു. വഴിവിട്ട് പണം ചെലവിടുന്ന രീതിയിൽനിന്നു (എത്ര സമ്പന്നരാണെങ്കിൽ കൂടിയും) ബോധപൂർവം മാറിനിൽക്കുവാൻ അവർക്കു മാതൃക ലഭിക്കുന്നു. തന്നിഷ്ടപ്രകാരമുള്ള ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാൻ ശാഠ്യം പിടിക്കുന്ന രീതി (demanding wife - demanding children) അന്യമാകുന്നു. സാമൂഹിക തിന്മകളുടെ തോത് കുറയുന്നു. മറ്റുള്ളവരോടുള്ള സാമ്പത്തിക ഇടപാടുകളിൽ കൃത്യത (accountability) പുലർത്തുവാൻ പഠിക്കുന്നു. സാമ്പത്തിക കാര്യങ്ങളിൽ കൃത്യതയും അച്ചടക്കവും പാലിക്കുന്നവർ, ഇതര പെരുമാറ്റങ്ങളിലും ഉത്തരവാദിത്വപൂർണമായ നിലപാടുകൾ പുലർത്തുന്നു. ഇപ്രകാരം ബജറ്റിന്റെ ചൈതന്യം കുടുംബത്തിന്റെ ആകമാന ജീവിതശൈലിയെത്തന്നെ ഗുണകരമായി സ്വാധീനിക്കുന്നു. ഇതുവഴി മാറിവരുന്ന നവസാധാരണ സമ്പദ് വ്യവസ്ഥയിൽ ആരോഗ്യകരമായി വ്യാപരിക്കുവാനും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ക്ഷേമം ഉറപ്പാക്കുവാനും കഴിയുന്നു.

## ഉപസംഹാരം

മാറി മാറി വരുന്ന സാമ്പത്തിക, സാമൂഹിക സാഹചര്യങ്ങളിൽ കുടുംബത്തിന്റെ ക്ഷേമം ഉറപ്പാക്കുവാൻ കഴിയുന്ന ഒരു മാർഗമാണ് കുടുംബബജറ്റ്. കുടുംബബജറ്റിന്റെ ആകമാനസന്ദേശം വരവറിഞ്ഞു ചെലവാക്കുകയെന്നതും പരിമിതമായ വരുമാനത്തിൽ

www.malankaralibrary.com

നിന്നും കുടുംബത്തിനു പരമാവധി ക്ഷേമം ഉണ്ടാകത്തക്ക രീതിയിൽ അതു കൈകാര്യം ചെയ്യുകയെന്നുള്ളതുമാണ്. തങ്ങളുടെ നിയന്ത്രണത്തിലുള്ള വിഭവങ്ങളെ (resources) ഉത്പാദന പ്രക്രിയയിൽ ഉപയോഗിക്കുവാനും രാജ്യത്തിന്റെ പ്രദാനശേഷിയെ (Sypply) ശക്തിപ്പെടുത്തുവാനും ഉത്പാദനപരമല്ലാത്ത ചെലവുകൾ, രീതികൾ പരമാവധി കുറയ്ക്കുവാനും മാറിവരുന്ന സാഹചര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടിവരും. ഇക്കാര്യത്തിൽ കുടുംബബജറ്റ് കുടുംബങ്ങളുടെ നല്ലൊരായുധമാണ്. ഒരു തരി മണ്ണെങ്കിലും തങ്ങളുടെ കൈവശമുണ്ടെങ്കിൽ, അവിടെ ഭൂമിയിൽ കുനിഞ്ഞ് ഒരു മണി വിത്തെങ്കിലും കുഴിച്ചിടുവാനും, പച്ചക്കറിതൈകൾ നടുവാനും ശ്രദ്ധിക്കുമ്പോൾ, ആരോഗ്യകെണിയും അതെ തുടർന്നുള്ള സാമ്പത്തിക, ഭക്ഷ്യക്ഷാമ കെണികളെയും അഭിസംബോധന ചെയ്യുവാനും തരണം ചെയ്യുവാനുമുള്ള മനുഷ്യസമുദായത്തിന്റെ ശ്രമങ്ങളിൽ അവരും പങ്കുകാരാകുന്നു. ഇതുതന്നെയാണ് നവസാധാരണ സാമ്പത്തിക വ്യവസ്ഥയിൽ കുടുംബങ്ങൾക്ക് കരണീയമായ സാമ്പത്തിക സമീപനവും.

# കൊറോണ അപനിർമ്മിക്കുന്ന രണ്ടു ക്രിയാധാതുക്കൾ

**ഫാ. ജോസ് ജേക്കബ് മുല്ലക്കരിയിൽ**

പ്രസിദ്ധ ജർമ്മൻ തത്ത്വചിന്തകനായ ഹേഗലിന്റെ ക്രിസ്തുവിജ്ഞാനീയത്തെക്കുറിച്ച് ജയിംസ് യേർക്ക്സ് എഴുതിയ ഗ്രന്ഥത്തിൽ "നമുക്ക് അറിയാൻ കഴിയുന്നതിനെക്കുറിച്ചും, നമ്മൾ ചെയ്യേണ്ടതായ കാര്യങ്ങളെക്കുറിച്ചുമുള്ള ചോദ്യങ്ങൾക്ക് നിലവിൽ ലഭ്യമായിരിക്കുന്നതിൽ കൂടുതൽ സമഗ്രവും സംയോജിതവുമായ ഒരു സൂചിക ആവശ്യമുള്ള കാലഘട്ടത്തിൽ നമുക്ക് എന്തു പ്രത്യാശിക്കാം എന്നതിനെക്കുറിച്ചുള്ള ചോദ്യം നിർണ്ണായകമാകുന്നു"വെന്ന് അദ്ദേഹം പറയുന്നു. കൊറോണ/ഉത്തരകൊറോണ കാലയളവുകളെയും, അവിടെ മനുഷ്യവംശത്തിന്റെ പങ്കിനെയും ഉത്തരവാദിത്വത്തെയുംകുറിച്ചുള്ള നമ്മുടെ ധ്യാനങ്ങൾക്ക് മിഴിവേകുന്ന ഒരു വായനകമാണിത്. 2019 നവംബറിൽ ചൈനയിലെ വുഹാനിൽ ആരംഭിച്ച ഒരു സൂക്ഷ്മജീവിയുടെ തേരോട്ടം, ലോകരാജ്യങ്ങളിലാകെ ഭീതി വിതച്ച്, അനേകായിരം മനുഷ്യരെ മരണത്തിനും ആത്മഹത്യയ്ക്കും തൊഴിലില്ലായ്മയ്ക്കും പട്ടിണിക്കും നൈരാശ്യത്തിനും വിട്ടുകൊടുത്തുകൊണ്ടു തുടരുമ്പോഴും ഈ സൂക്ഷ്മജീവി വൈറസോ ബാക്ടീരിയയോ എന്ന് ഉറപ്പിക്കാനോ, ഇതിനെ പ്രതിരോധിക്കാനായി ഫലപ്രദമായ പ്രതിവിധികളും ഔഷധങ്ങളും കണ്ടെത്താനോ ആകാതെ, പൊടിക്കൈ പ്രയോഗങ്ങളുമായി മനുഷ്യരാശി വിറങ്ങലിച്ചു നില്ക്കുന്നു. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ തന്റെ നിസ്സാരതയുടെ അപാരതയ്ക്ക് മുന്നിൽ വല്ലാതെ അസ്വസ്ഥനും ചഞ്ചലനുമാകുന്ന ഇത്തരുണത്തിൽ, അവൻ തന്റെ പ്രതാപകാലത്തിന് തുടക്കമിട്ട ജ്ഞാനോദയം (enlightenment) മുതൽ നെഞ്ചോട് ചേർത്ത പ്രത്യയശാസ്ത്രസംജ്ഞകളുടെ വ്യാപ്തിയെ വിലയിരുത്തുന്നത് ഉചിതമാണ്. ജ്ഞാനോദയകാലംമുതൽ മനുഷ്യന്റെ ചിന്തകളെയും ചെയ്തികളെയും നിയന്ത്രിക്കുകയും നയിക്കുകയും ചെയ്ത രണ്ട് ക്രിയാധാതുക്കളുടെ ഭാഗധേയം കുറിക്കാനുള്ള എളിയ ശ്രമമാണ് ഈ ലേഖനം. ഫ്രഞ്ചുഭാഷയിലെ 'savior' (to know/ അറിയുക),

www.malankaralibrary.com

'pouvior' (to (will to) power/ അധികാരം പ്രയോഗിക്കുക) എന്നീ ക്രിയാധാതുക്കളാണ് ജ്ഞാനോദയം മുതൽ തത്ത്വചിന്തകളുടെയും വിജ്ഞാനശാസ്ത്രത്തിന്റെയും സാഹിത്യനിരൂപണ സിദ്ധാന്തങ്ങളുടെയും ശാസ്ത്ര സാങ്കേതിക വിദ്യകളുടെയുമെല്ലാം ചാലകമായും ഉരകല്ലായും നിലകൊണ്ടത്.

അറിവ് (മാത്രം) അധികാരമായും, അധികാരം (മാത്രം) അറിവായും മാറുന്ന ഭ്രാന്തമായ പല മൗലികവാദങ്ങൾക്കും ഇക്കാലയളവിൽ മനുഷ്യരാശിയും സൃഷ്ടപ്രപഞ്ചവും ഇരയായി എന്നത്, 'അറിയുക', 'അധികാരം പ്രയോഗിക്കുക' എന്നീ ക്രിയാധാതുക്കളുടെ കർമ്മകാണ്ഡങ്ങളുടെ അപ്രതിരോധ്യമുന്നേറ്റത്തിന്റെ തെളിവുകളാണ്. അറിവിന്റെയും അധികാരത്തിന്റെയും പ്രയോഗവും ദുരുപയോഗവും വെളിപ്പെടുത്തലുകളും തമസ്കരണങ്ങളും ലാളിത്യവും സങ്കീർണ്ണതയും കാഠിന്യവും കാരുണ്യവുമൊക്കെയാണ് മാനവരാശിയുടെ ചരിത്രവഴികളെ പ്രകാശപൂർണ്ണമോ, അന്ധകാരമയമയമോ ആക്കി മാറ്റിയത് എന്നത് നിസ്തർക്കമാണ്. എന്നാൽ, കൊറോണ വൈറസ് എന്ന സൂക്ഷ്മജീവി അറിവിന്റെയും അധികാരത്തിന്റെയും സങ്കല്പനങ്ങളെയും പ്രയോഗങ്ങളെയും അനായാസം അപനിർമ്മിക്കുന്ന കാഴ്ചയ്ക്കാണ് നാമിപ്പോൾ ശ്വാസമടക്കി കാണുന്നത്.

## അറിയുക (Savoir), സാധിക്കുക (Pouvoir): വിശകലനം

പാശ്ചാത്യ തത്ത്വശാസ്ത്രവും സാഹിത്യസിദ്ധാന്തങ്ങളും savoir, pouvoir എന്നീ ക്രിയാധാതുക്കളുടെ അടിക്കുറിപ്പാണ് എന്നു പറയാറുണ്ട്. നിഷ്പക്ഷമായ ഒരു ഗവേഷണം അതു ശരിയാണെന്നു തെളിയിക്കുകയും ചെയ്യും. ഫ്രഞ്ചുഭാഷയിൽ savoir, connaitre എന്നീ രണ്ടു ക്രിയാധാതുക്കൾ അറിയുക (to know) എന്നു സൂചിപ്പിക്കാൻ ഉപയോഗിക്കാറുണ്ടെങ്കിലും, രണ്ടും സൂചിപ്പിക്കുന്നത് രണ്ടുതരം അറിവുകളെയാണ്. connaitre വ്യക്തികൾ, സ്ഥലങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവിനെ പ്രതിനിധാനം ചെയ്യുമ്പോൾ, savoir എന്തെങ്കിലും തൊഴിൽ, കാര്യങ്ങൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ചുള്ള അറിവിനെയാണു സൂചിപ്പിക്കുന്നത്. അതായത്, ഗ്രീക്കുഭാഷയിലെ techne, episteme എന്നീ പദങ്ങൾക്കും, ലത്തീൻഭാഷയിലെ sapere, scire എന്നീ പദങ്ങൾക്കും സമാനമാണ് ഈ പദം. അതുപോലെ pouvoir കഴിയുക, സാധിക്കുക (can, to be able) എന്നൊക്കെ ലളിതമായി മനസ്സിലാക്കാമെങ്കിലും, കായബലത്തിന്റെയും അതിലുപരി



ധിഷണാശക്തിയുടെയും സമജ്ഞസ ക്രിയാധാതുവാണിത്. ലത്തീൻഭാഷയിലെ potere, ഗ്രീക്കുഭാഷയിലെ exousia, dunamis എന്നീ പദങ്ങൾക്കു സമാനമാണിത്. മനുഷ്യവംശത്തിനു പ്രപഞ്ചത്തിന്റെയും സഹജീവികളുടെയും മേലുള്ള അധീശത്വം പ്രകടമാക്കുന്ന ക്രിയാധാതുക്കൾ എന്ന നിലയിൽ, സൈദ്ധാന്തിക, തത്ത്വശാസ്ത്രമേഖലകളിൽ മാത്രമല്ല, അടിച്ചമർത്തലിന്റെയും, കീഴാള-മേലാള വ്യവസ്ഥിതിയുടെയും, സംസ്കാരഭാഷാ മേല്കോയ്മയുടെയും ഒരു ഭൂമിക തന്നെ ഈ ക്രിയാധാതുക്കൾ ലോകമെമ്പാടും സൃഷ്ടിച്ചു. അറിവും, അധികാരവുമാണ് മനുഷ്യാസ്ഥിത്വത്തിന്റെ അടിസ്ഥാനം എന്ന മിഥ്യാബോധം, ജ്ഞാനോദയം മുതൽ ഇന്നുവരെ എല്ലാ ദേശങ്ങളിലെയും ജനങ്ങൾ വച്ചുപുലർത്തി, അധികാരത്തിന്റെയും അറിവിന്റെയും ചക്രവാളങ്ങൾ വിപുലമാക്കാൻ നെട്ടോട്ടമോടുന്നു. ബൈബിളിലെ ഉല്പത്തിപുസ്തകത്തിലെ വിലക്കപ്പെട്ട കനി അറിവിന്റെ വൃക്ഷത്തിലേതാണ് (ഉല്പ 2,17) എന്നതും, കൊറോണ പെരുമാറ്റച്ചട്ട (corona protocol) ത്തിലൂടെ ഉരുവാകുന്ന പുതിയ സാധാരണത്വ (the new normal) വും ചേർത്തുവായിക്കാനും ഈ ക്രിയാധാതുക്കൾ വഴിയൊരുക്കുന്നു.

## അറിവിന്റെ നാൾവഴി

ജർമ്മൻ തത്ത്വചിന്തകനായ ഇമ്മാനുവൽ കാന്റ് 1784-ൽ എഴുതിയ 'എന്താണ് ജ്ഞാനോദയം?' (What is Enlightenment?) എന്ന ലേഖനത്തിൽ, യൂറോപ്പിലാകെയും പിന്നീട് ലോകമെമ്പാടും അറിവിന്റെയും വിമോചനത്തിന്റെയും കതിർ വീശിയ ജ്ഞാനോദയപ്രസ്ഥാനത്തിന്റെ ആപ്തവാക്യം തന്നെ 'sapere aude' - dare to know (അറിയാനുള്ള ധൈര്യം) എന്നതാണ് എന്ന് അദ്ദേഹം സമർത്ഥിക്കുന്നുണ്ട്. അലസതയും ഭീരുത്വവുമാണ് മനുഷ്യരാശി അനുഭവിക്കുന്ന വിവിധങ്ങളായ അടിമത്ത സമാനമായ രക്ഷാകർതൃത്വ (tutelage) ങ്ങൾക്കു പിന്നിൽ എന്ന് വാദിച്ച അദ്ദേഹം, യുക്തിയുടെയും അതുവഴി പരിമിതികളില്ലാത്ത അറിവിന്റെയും ദീപ്തമേഖലയിലേക്ക് തത്ത്വചിന്തകരെയും, ബുദ്ധിജീവികളെയും മാനവരാശിക്കായി പാരതന്ത്ര്യത്തിന്റെ പരിമിതികളിൽനിന്ന് പുറത്തേക്ക് കടക്കാനുള്ള വഴി (exit) കണ്ടെത്താനായി ക്ഷണിക്കുകയായിരുന്നു. പുരാതന ഗ്രീസിലെ ഡെൽഫിയിലെ അപ്പോളോദേവന്റെ ക്ഷേത്രത്തിലെ ലിഖിതമായ "നിന്നെത്തന്നെ അറിയുക" (Know Thyself - gnoti sauton) മുതൽ ഉത്തരാധുനികത മുൻതൂക്കം കൊടുക്കുന്ന തദ്ദേശ്യ സംസ്കാരജന്യമായ അറിവു(നാട്ടറിവ്)കൾ വരെ മനുഷ്യന്റെ അറിവ്

www.malankaralibrary.com

നേടാനും അറിവ് പ്രയോഗിക്കാനുമുള്ള സിദ്ധിയുടെ വിജയഭേരികളും അടയാളപ്പെടുത്തലുകളുമാണ്. അതായത്, ഇന്നുവരെയുള്ള വിജ്ഞാനസിദ്ധാന്തങ്ങളെല്ലാം നരവംശാധിപത്യകാല (anthropocene) ത്തിന്റെ ഉപോല്പന്നങ്ങളാണ്. കോവിഡ്-19 മൃഗങ്ങളിൽനിന്നു മനുഷ്യരിലേക്ക് (zoonotic) പകരുന്ന രോഗമായിട്ടും അതിനെ മനുഷ്യകാരണത്താൽ (anthropogenic) ഉളവായതെന്ന് ശാസ്ത്രലോകം സമർത്ഥിക്കുവാൻ കാരണവും മറ്റൊന്നാവില്ല.

യുക്തിഭദ്രമായ അറിവിന് പ്രാമാണ്യം നല്കുന്ന ജ്ഞാനോദയത്തിന്റെ തുടർച്ചയായിത്തന്നെയാണ് കാന്റ് തന്റെ ദർശനത്തെ മൂന്ന് 'വിമർശന'ഗ്രന്ഥങ്ങളിലൂടെ പങ്കുവച്ചത്. രക്ഷാകർതൃത്വത്തിന്റെ പുകമറ സൃഷ്ടിച്ചുകൊണ്ട് "അച്ചടക്കം പാലിക്കാനും" "കരമടയ്ക്കാനും" "വിശ്വസിക്കാനും" അനുശാസിക്കുന്ന ഉദ്യോഗസ്ഥമേലാളന്മാരും നികുതിപിരിവുകാരും, മതസംവിധാനങ്ങളുമെല്ലാം പാരതന്ത്ര്യത്തിന്റെ നേർക്കാഴ്ചകളാണെന്നും, ആയതിനാൽ വ്യക്തിഗത സാമൂഹ്യതലങ്ങളിൽ യുക്തിബദ്ധമായ ജീവിതം നയിച്ച് അറിവിലൂടെ സംജാതമാകുന്ന സ്വാതന്ത്ര്യത്തെ പുല്കുന്ന വ്യക്തികളും സമൂഹങ്ങളുമായി മാറാനാണ് ഈ തത്ത്വചിന്തകൻ പഠിപ്പിച്ചത്. അങ്ങനെ അരുതു (don'ts) കളുടെ പ്രമാണങ്ങളെ പിൻപറ്റിയുള്ള ജീവിതശൈലി ഉപേക്ഷിച്ച്, സ്വന്തം ധിഷണയുടെ തിളക്കമുള്ള അറിവിന്റെ വഴി പിന്തുടർന്ന് സ്വാതന്ത്ര്യത്തിന്റെ ആത്യന്തിക പ്രകാശനമായ സ്വയം ഭരണാധികാര (autonomy) ത്തിന്റെ ജീവിതം നയിക്കാനുള്ള ആഹ്വാനമാണ് പിന്നീട് മുഴങ്ങിക്കേട്ടത്. അറിവിന്റെ കരുത്ത് ചരിത്രഗതിയിൽ വിപ്ലവങ്ങൾക്കും (ഫ്രഞ്ച്, അമേരിക്കൻ, റഷ്യൻ) പ്രത്യയശാസ്ത്രങ്ങൾക്കും (കമ്യൂണിസം, ഫാസിസം, സ്ത്രീപക്ഷവാദം etc.), കർതൃനിഷേധ പ്രസ്ഥാനങ്ങൾക്കും (നിരീശ്വരവാദം, ഉത്തരഘടനാവാദം) കർതൃ അവരോധങ്ങൾക്കും (നാസിസം, ലിബറൽ ഹ്യൂമനിസം), ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങൾക്കും വഴി ഒരുക്കിക്കൊണ്ട് മനുഷ്യയുക്തിയടെ അപ്രമാദിത്വം പ്രഖ്യാപിച്ചു.

സഹജീവികളെയും ലോലമായ പരിസ്ഥിതിയെയും അവഗണിച്ചുകൊണ്ടുള്ള മുന്നേറ്റങ്ങളായിരുന്നു അറിവിന്റെ ഉത്സവത്തിമിർപ്പുകൾ എന്നത്, കാലാകാലങ്ങളിൽ പ്രകൃതി ദുരന്തങ്ങളിലൂടെയും പകർച്ചവ്യാധികളിലൂടെയും ജീവജാലകങ്ങളുടെ വംശനാശത്തിലൂടെയും വംശഹത്യകളിലൂടെയും വെളിവാക്കപ്പെട്ടു. എങ്കിലും, തിരുത്തലിന്റെ വഴികളെല്ലാം (deep ecology, social movement theory) മനുഷ്യകേന്ദ്രീകൃത (anthropocentric) വും, ആത്യന്തികമായി ഒരേ ഒരു വംശത്തിന്റെ നിലനില്പിനായുള്ള ജാലവിദ്യകളുമായി ഒതുങ്ങി. പിഴവുകളും പഴുതുകളുമില്ലാത്ത അറിവിന്റെ രാജപാതകളിൽ, സൂക്ഷ്മദർശിനികളിൽക്കൂടെ മാത്രം ഗോചരമാകുന്ന ജീവാണുക്കൾ പുഴുക്കുത്തുകൾ സൃഷ്ടിച്ച്, അന്ധമായ മുന്നേറ്റങ്ങളെ പ്രതിരോധിക്കുന്നതിന്റെ അവസാനക്കണ്ണിയാണ് കൊറോണ-19.



**അധികാരത്തിന്റെ തേരോട്ടം**

അറിവിന്റെ അപ്രമാദിത്വത്തിന്റെ പകർന്നാട്ടമാണ് മാനവചരിത്രത്തിൽ അധികാരവും അധികാരഘടനകളും. ബൈബിളിലെ ആദ്യഗ്രന്ഥമായ ഉൽപത്തി 1,28-ലെ "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" എന്ന വചനമാണ് അധികാരവഴിയിലെ ദൈവാനുമതി എന്നാണ് പക്ഷം. ജ്ഞാനോദയ ചിന്തകരായ തോമസ് ഹോബ്സ്, ജോൺ ലോക്ക്, റൂസ്സോ എന്നീ സാമൂഹികകരാർ സൈദ്ധാന്തികർ (social contractarians) അധികാരത്തെ വ്യക്തിക്ക് സമൂഹത്തോടും രാജ്യത്തോടു (state) മുള്ള പൗരധർമ്മത്തിന്റെ ഭാഗമായി അവതരിപ്പിച്ചു. ഈ മാതൃകയനുസരിച്ച്, അധികാരത്തിനും അതിന്റെ പ്രയോഗത്തിനും മുൻപിൽ വിധേയത്വം പുലർത്തേണ്ടയാളാണ് പൗരൻ. ചുമതലകളോടൊപ്പം അവകാശങ്ങളും ഉൾക്കൊള്ളുന്നതാണു കരാർ (contract) എന്ന കാര്യം പല അധികാരസംവിധാനങ്ങളും സൗകര്യപൂർവം മറക്കുകയും, കേവലാധികാര (absolute power) ത്തിന്റെ സംവിധാനങ്ങളായി പലതും അധഃപതിക്കുകയും ചെയ്തു. സർവാധിപത്യഭരണമുറകൾ (സ്റ്റാലിനിസം, നാസിസം) ലോകമെമ്പാടും പടർന്നുപിടിക്കാൻ ഇതിടയാക്കി. ഹന്നാ ആരെൻഡിട്ടിന്റെ 'സർവ്വാധിപത്യത്തിന്റെ ഉദയം' (*The Origins of Totalitarianism*) എന്ന ഗ്രന്ഥം പരമാധികാര രാജ്യങ്ങളുടെ തകർച്ചയും മനുഷ്യാവകാശങ്ങളുടെ ലംഘനവുമാണ് സർവ്വാധിപത്യപ്രവണതകളുടെ ഉദയത്തിന് പിന്നിലെന്ന് സമർത്ഥിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിൽ അധികാരത്തെയും കർതൃത്വത്തെയും കുറിച്ച് ഏറ്റവുമധികം പഠനങ്ങൾ നടത്തിയ മിഷേൽ ഫൂക്കോയുടെ അഭിപ്രായത്തിൽ, അധികാരം എപ്പോഴും അറിവിനെ അടിസ്ഥാനമാക്കിയുള്ളതും, അറിവിനെ നിരന്തരം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ളതുമാണ്. അതേസമയം, അധികാരം അതിന്റെ നിഗൂഢ ഉദ്ദേശ്യങ്ങൾക്ക് അനുസൃതമായി അറിവിനെ പുനർനിർമ്മിക്കുകയും

www.malankaralibrary.com

അപ്രകാരം സംലഭ്യമാകുന്ന അറിവ് വഴി, അധികാരം അതിന്റെ പ്രായോഗിക മേഖലകളെ (പുനഃ)സൃഷ്ടിക്കുകയും ചെയ്യുന്നു. അധികാരം സർവ്വവ്യാപിയാണ് (omnipresent) എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം രാഷ്ട്രീയത്തിനതീതമായി, അതിനെ, ദൈനംദിന സമൂഹിക ഇടങ്ങളിലെ മൂർത്ത പ്രതിഭാസമായി മനസ്സിലാക്കി. അധികാരത്തിന്റെ തത്ത്വശാസ്ത്രജ്ഞനായല്ല, മറിച്ച്, നമ്മുടെ സംസ്കാരം എങ്ങനെ മനുഷ്യരെ പ്രജകളാക്കി (subjects) മാറ്റി വസ്തുവൽക്കരിക്കുന്നു (obejectification) എന്നതിന്റെ ചരിത്രകാരനായി അറിയപ്പെടാനാണ് തനിക്ക് താല്പര്യം എന്ന് അദ്ദേഹം തന്റെ 'Subject and Power' എന്ന ലേഖനത്തിൽ വ്യക്തമാക്കുമ്പോൾ, അദ്ദേഹത്തിന്റെ അന്വേഷണം നിയമാധിഷ്ഠിത അധികാര (juridical power) ത്തിൽനിന്ന് ജൈവാധികാരത്തി (bio-power) ലേക്ക് നീങ്ങി എന്നതിന്റെ സൂചനയാണിത്. കർത്താവ്/അധീനൻ (subject), അധികാരം (power), അറിവ് (knowledge) എന്നീ ത്രിത്വത്തിൽനിന്നുകൊണ്ടുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ പരിഷ്കാരത്തിന്റെയും ആധുനികതയുടേയും പേരിലരങ്ങേറിയ അധികാര ദുരുപയോഗങ്ങളെ വെളിവാക്കുകയും, നവോത്ഥാനകാലത്തിനും അതിന് മുൻപുള്ള സംസ്കാരങ്ങളിലെ വഴക്കങ്ങളെ കൂടുതൽ നാഗരികവും മാന്യവുമായി അവതരിപ്പിക്കുകയും ചെയ്തു.

അധികാരത്തിന്റെയും അറിവിന്റെയും ദുരുപയോഗത്തിന്റെ പരകോടിയാണ് ജർമ്മനിയിൽ ഹിറ്റ്ലറിന്റെ സ്വപ്നതുല്യ പ്രത്യയശാസ്ത്രവും ജീവിതശൈലിയുമായ നാസിസം എന്ന് ഫിലിപ്പ് ലാക്കൂ ലാബർത്തും, ഷാൻ ലൂക് നാൻസിയും അവരുടെ "നാസി ഐതിഹ്യം" (The Nazi Myth) എന്ന ലേഖനത്തിൽ സമർത്ഥിക്കുന്നു. ജർമ്മൻ പ്രശ്നം അടിസ്ഥാനപരമായി സ്വത്വപ്രശ്നമായതിനാലാണ് നാസിസ ഏകാധിപത്യത്തിന് വർഗീയത (racism) യുടെ രൂപം കൈവന്നതെന്നും, ഐതിഹ്യത്തെ ഒരു സമീകരണരീതി (identification mechanism) യായി നിർവചിക്കാമെന്നതിനാലാണ് ഒരു ഐതിഹ്യനിർമ്മിതിയിൽ (solar myth) വംശീയ പ്രത്യയശാസ്ത്രം കടന്നുവന്നത് എന്നും പറയുമ്പോൾ, അറിവധികാരത്തിന്റെ ഏറ്റം ദൂഷിതമായ അവസ്ഥ നാം മനസ്സിലാക്കുകയാണ്. ചുരുക്കത്തിൽ അധികാരത്തിന്റെ പുരാവസ്തുശാസ്ത്രത്തിലും (archaeology) വംശാവലിയിലും (genealogy) അധിനിവേശത്തിന്റെ പടകളും രക്തച്ചൊരിച്ചിലുകളുമാണ് അധികവും; പടുത്തയർത്തലിന്റെയും നട്ടുവളർത്തലിന്റെയും പാരസ്പരികതയും സാഹോദര്യവും വളരെ വിരളവു



മാണ്. ഇപ്രകാരം മനുഷ്യനിർമ്മിതമായ അധികാരത്തിന്റെ ഐതിഹ്യങ്ങളിലേക്ക് സത്യത്തിന്റെ വെളിച്ചം വീശാൻ കടന്നുവന്ന സൂക്ഷ്മഭീമാകാരമാണോ കൊറോണ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

### അപനിർമ്മാണത്തിൽ അറിവും അധികാരവും

അറിവിന്റെ അപ്രമാദിത്വത്തെയും അധികാരത്തിന്റെ സർവാധിപത്യത്തെയും വെല്ലുവിളിച്ച സിദ്ധാന്തമാണ് അപനിർമ്മാണം (Deconsturction). ഫ്രഞ്ച് തത്ത്വചിന്തകനായ ഴാക് ദെറീദയാണ് ഇതിന്റെ ഉപജ്ഞാതാവ്. ഒറ്റവാക്കിൽ പറഞ്ഞാൽ, അറിവിന്റെയും അധികാരത്തിന്റെയും ലീല (play)യിൽ ആമഗ്നമായിപ്പോയ അർത്ഥങ്ങളുടെ ലോകത്തെ തുറന്നുകാണിക്കാനുള്ള ശ്രമമാണ് അപനിർമ്മാണത്തിലൂടെ ദെറീദാ നിർവഹിക്കുന്നത്. അപനിർമ്മാണസിദ്ധാന്തം ഉത്തരഘടനാവാദ (post-structuralism)ത്തിന്റെ ഭാഗമെന്നതുപോലെതന്നെ, ഒരു തത്ത്വശാസ്ത്രരീതിയുമാണ്. പാശ്ചാത്യവിജ്ഞാനശാസ്ത്ര (western epistemology)ത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ വെല്ലുവിളിച്ച ഈ ചിന്താരീതി അതിഭൗതികാധിഷ്ഠിത ചിന്താധാരയെ അപലപിച്ചു. അർത്ഥത്തെ നിർവചിക്കുന്ന 'കേന്ദ്രം' (centre), സാന്നിധ്യം (present) എന്നിവയെയൊക്കെ ലീല (play) യ്ക്ക് വിട്ടുകൊടുത്തുകൊണ്ട്, ഒഴിഞ്ഞുമാറുന്നതും പ്രവർദ്ധിതവും സ്വയം പുനർരൂപീകരിക്കുന്നതുമായ ചിഹ്നങ്ങളുടെയും അർത്ഥങ്ങളുടെയും ലോകമായി ദെറീദ ഭാഷയെ മനസ്സിലാക്കി.

അപനിർമ്മാണത്തിന്റെ പ്രഹരം ഏറ്റവുമധികം ഉലച്ചു കളഞ്ഞ രണ്ട് ക്രിയാധാതുക്കൾ അറിവും (savoir) അധികാരവും (pouvoir) ആണ്; കാരണം, അവ രണ്ടും കേന്ദ്രീകൃതവും സ്ഥായിത്വ (stability) മുള്ളതുമായ ഭൂമികയിൽ അർത്ഥം കണ്ടെത്താൻ ശ്രമിച്ച വാക്കുകളാണ്. അർത്ഥോത്പത്തിയുടെ അനിശ്ചിതത്വത്തിലും അസ്ഥിരതയിലും വേരൂന്നിയ ഈ സിദ്ധാന്തം കേന്ദ്രീകൃതമല്ലാത്തതും അതേസമയം സർവ്വദാ പുരോഗമിക്കുന്നതും അവസാനിക്കാത്തതുമായ തലങ്ങളിൽ അറിവിനെയും അധികാരത്തെയും പ്രതിഷ്ഠിച്ചുകൊണ്ട് അവയുടെ പ്രാമാണികതയെ (canonicity) നശിപ്പിച്ചു. അപനിർമ്മാണം ഏല്പിച്ച ബൗദ്ധികപ്രഹരത്തിലും രൂക്ഷമായ രീതിയിലാണ് 2020-ൽ കൊറോണ അറിവിനെയും അധികാരത്തെയും വെല്ലുവിളിക്കുന്നതും ചഞ്ചലമാക്കുന്നതും. അറിവിന്റെയും അധികാരത്തിന്റെയും സുസ്ഥിരിതയ്ക്കപ്പുറം, അവയുടെ അസ്ഥിരത

www.malankaralibrary.com

യിലും അനിശ്ചിതത്വത്തി (precarity)ലും നിന്ന് സംജാതമാകുന്ന ഒരു പുതിയ ജ്ഞാനവ്യവസ്ഥയ്ക്ക് ഒരുപക്ഷേ, കൊറോണ കാരണമായേക്കാം.

## കൊറോണ ഒരു സൂക്ഷ്മജീവിയല്ല

SARS-CoV-2 എന്നറിയപ്പെടുന്ന കൊറോണ വൈറസ് ഏകരേഖീയ RNA ഖണ്ഡമുള്ളതും, ഗുണാത്മക സംവേദത്വത്തിന്റെ ഏകനാരുള്ള (single stranded) തുമായ ഈ സൂക്ഷ്മജീവി ഇതിനോടകം 216 ലധികം രാജ്യങ്ങളിൽ പടർന്നുപിടിച്ച് ഏകദേശം 13000000 പേരെ രോഗഗ്രസ്തരാക്കുകയും 570000 പേരുടെ മരണത്തിന് നിമിത്തമാകുകയും ചെയ്തു. ഈ രോഗാണുവിനെ പ്രതിരോധിക്കാൻ ഫലപ്രദമായ മരുന്നുകൾ ഏഴ് മാസമായി ശാസ്ത്രലോകം നടത്തുന്ന തീവ്രപരീക്ഷണ നിരീക്ഷണങ്ങൾക്ക് ശേഷവും കണ്ടെത്താനായില്ല. എങ്കിലും, രോഗം ബാധിച്ചവരിൽ ഏതാണ്ട് 7600000 പേർ സുഖം പ്രാപിച്ചു എന്നത് ആശ്വാസവഹം തന്നെ. എന്നാൽ, ലോകാരോഗ്യസംഘടനയുടെ ഡയറക്ടറുടെ 2020 ജൂലൈ 12-ാം തീയതിയിലെ പ്രസ്താവം പ്രവചനസ്വരമുള്ളതാണ്: "വർദ്ധിച്ചുവരുന്ന ആന്റിമൈക്രോബൈൽ പ്രതിരോധത്തിന്റെ പ്രതിസന്ധി ഒരു സ്ലോമോഷൻ സുനാമിയാണ്. കാരണം, പ്രതിരോധശേഷിയുള്ള അണുബാധകൾ വർദ്ധിച്ചിട്ടും പുതിയ ആന്റി ബയോട്ടിക്കുകളുടെ ഗവേഷണവും വികാസവും അവയോട് കിടപിടിക്കുന്നില്ല. ആയതിനാൽ സത്വരവും സ്ഥായിയുമായ നടപടികൾ സ്വീകരിച്ചില്ലായെങ്കിൽ അന്ത്യനാളുക (doomsday) ളുടെ അപകടം നമ്മെ ആഗോളതലത്തിൽ കാത്തിരിക്കുന്നു". ഡോ. ഗബ്രേയേസൂസിന്റെ ഈ പ്രസ്താവന അറിവിന്റെയും അധികാരത്തിന്റെയും ദുർബല സ്വരത്തിന്റെ പ്രതിധ്വനിയാണ്. മാനവകുലത്തിന്റെ ഈ അപാര നിസ്സഹായതയിൽ അദ്ദേഹം നിഷ്കർഷിക്കുന്ന പരിഹാരമാർഗ്ഗങ്ങൾക്ക് വെളിപാടിന്റെ പ്രകാശമുണ്ട്: "നമുക്കിപ്പോൾ അവശ്യം മികവുറ്റ നേതൃത്വത്തിലൂടെ സമൂഹപങ്കാളിത്തം ഉറപ്പിക്കുന്ന കൂട്ടായ ഐക്യദാർഢ്യത്തിന്റെ പ്രവർത്തനങ്ങളാണ്. കഠിനപ്രയത്നത്തോടൊപ്പം ദേശീയ അഖണ്ഡതയും ആഗോളഐക്യവും ഉറപ്പ് വരുത്തുന്ന ചെയ്തികൾക്കേ ഈ മഹാമാരിയെ തുടച്ചുനീക്കാൻ സാധിക്കൂ". അറിവിലും, അധികാരത്തിലുമല്ല പ്രതിവിധികളും പ്രതിരോധങ്ങളും; നേരേമറിച്ച് അറിവിനെയും അധികാരത്തെയും പ്രതിരോധത്തിലാക്കുന്ന ഉടലിന്റെ ഉണർവ്വും മനസ്സിന്റെ സംവേദനതയും തജ്ജന്യമായ സഹജവാസനയുമൊക്കെയാണ് സ്ഥായിയായ ഔഷധികൾ.



ലോകജനതയുടെ ഉറക്കം കെടുത്തുന്ന, മരണരോഗഭീതിയിൽ നിരന്തരം നമ്മെ നിലനിർത്തുന്ന, ശാസ്ത്രജ്ഞരെ അതിശയിപ്പിക്കുന്ന, ആരോഗ്യപ്രവർത്തകരെ പരിഭ്രാന്തരാക്കുന്ന, ഭരണകൂടങ്ങളെ വിറപ്പിക്കുന്ന ഈ സൂക്ഷ്മജീവിക്ക് പ്രതിരോധം തീർക്കുന്നതിൽ അറിവും അധികാരവും അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ആകയാൽ, ഈ സൂക്ഷ്മജീവി നിസ്സാരജീവിയല്ല എന്ന് നാം തിരിച്ചറിയുന്നതോടൊപ്പം, വില്യം ബട്‌ലർ യേട്സ് (W.B. Yeats) 'രണ്ടാമാഗമനം' (The Second Coming) എന്ന കവിതയിൽ പ്രവചിച്ചതുപോലെ 'മനുഷ്യകുലത്തിന്റെ കണ്ണ് തുറപ്പിക്കാനായി ഇരുപത് നൂറ്റാണ്ടുകളിലെ ശിലാനിദ്രയ്ക്ക് ശേഷം പ്രത്യക്ഷനാകുന്ന ഭീകരജീവി (rough beast)'യോ ഇത് എന്ന് നാം ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. സൈദ്ധാന്തികതയ്ക്കപ്പുറത്ത്, പ്രായോഗിക (practical) വും പദാർത്ഥബദ്ധവു (material)മായ അപനിർമ്മാണവഴിയാണ് കൊറോണയുടേത് എന്നതും അറിവിന്റെയും അധികാരത്തിന്റെയും ഉന്നതപീഠങ്ങളെ ഇളകിയ നിലങ്ങളിൽ നിരന്തരം വേട്ടയാടുന്നു.

## ഉപസംഹാരം

അറിവിന്റെയും അധികാരത്തിന്റെയും രാജസൂയമാണ്, പ്രത്യേകിച്ചും ജ്ഞാനോദയത്തിനുശേഷം, മാനവചരിത്രം എന്നു നമുക്ക് നിസ്സംശയം പറയാൻ സാധിക്കും. കാരണം, അറിവ് (savoir) അധികാരം (pouvoir) എന്നീ രണ്ട് ക്രിയാധാതുക്കളുടെ വ്യാഖ്യാനവും സമസ്യാപൂരണവുമാണ് മനുഷ്യകുലത്തിന്റെ എല്ലാ തത്ത്വശാസ്ത്രങ്ങളും, ശാസ്ത്രസാങ്കേതിക മുന്നേറ്റങ്ങളും സാഹിത്യപ്രസ്ഥാനങ്ങളുമെന്ന് നമുക്കു മനസ്സിലാക്കാനാവും. ഇവയുടെ കേന്ദ്രീയതയെയും, സ്ഥിരതയേയും സാന്നിധ്യപ്രാമാണികതയെയും ചോദ്യം ചെയ്തതും അസ്ഥിരപ്പെടുത്തിയതും അപനിർമ്മാണ സിദ്ധാന്തമാണ്. പക്ഷേ, അതിനെ ഭാഷയിലെ വെറുമൊരു ലീലയായിക്കണ്ട് അറിവിന്റെയും അധികാരത്തിന്റെയും മേലാളൻമാർ (ശാസ്ത്രജ്ഞരും, ബുദ്ധിജീവികളും, അധികാരികളും) അതിനെ തമസ്കരിക്കയാണുണ്ടായത്. എന്നാൽ, 2019 ഡിസംബർ മുതൽ കൊറോണ വൈറസ് അറിവിന്റെ പരീക്ഷണശാലകളിൽനിന്നു തെന്നിമാറിക്കൊണ്ട്, അധികാരത്തിന്റെ ചുവന്ന പരവതാനികളെ രോഗാതുരമാക്കിക്കൊണ്ട് നടത്തുന്ന അപനിർമ്മാണം നിർണ്ണായകവും ഒരു പരിധിവരെ അപ്രതിരോധ്യവുമാണ്. അറിവിന്റെയും അധികാരത്തിന്റെയും അഹന്തയും ആർഭാടവും വെടിഞ്ഞ്, കനിവിന്റെയും സാഹോദര്യത്തിന്റെയും പ്രഭ തൂകുന്ന കൂട്ടായ്മയുടെ ജീവിതം

www.malankaralibrary.com

(being as communion) കരുപ്പിടിപ്പിക്കാനായി മാനവകുലത്തെ വിനയാന്വിതരാക്കാനായി ആഗതനായ ദൂതനാവാം ഈ സൂക്ഷ്മജീവി. അറിവും അധികാരവുമല്ല, സ്നേഹത്തിലധിഷ്ഠിതമായ സഹവർതിത്വവും സമാധാനവുമാണ് ജീവന് കരുതലും കാവലുമാകുന്നതെന്നും ഈ ജീവി ഓർമ്മിപ്പിക്കുന്നു.

### സഹായകഗ്രന്ഥങ്ങൾ


1. Foucault, Michel., "The Subject and Power", *Critical Inquiry*, Vol. 8 no.4, 1982, pp. 777-795.
2. Kant, Immanuel., "What is Enlightenment?" (1784), *An Answer to the Question: What is Enlightenment*?, ed., Mary J. Gregor, Cambridge, 1996.
3. Lacoue-Labarthe, Philip. Nancy, Jean-Luc., "The Nazy Myth", *Critical Inquiry*, Vol. 16, no.2, 1990, pp.291-312.
4. Yerkes, James., *The Christology of Hegel*, State University of New York, 1983.
5. WHO official website: who net/emergence/diseases/novel-coronavirus-2019.
6. ഗോപിചന്ദ്, നാരംഗ്, *ഘടനാവാദവും ഉത്തരഘടനാവാദവും പൗരസ്ത്യ കാവ്യശാസ്ത്രവും*, വിവ. പി. കൃഷ്ണൻ, സാഹിത്യ അക്കാദമി, 2013.
7. ഡോ. രാധിക സി. നായർ. *സമകാലിക സാഹിത്യസിദ്ധാന്തം. ഒരു പാഠപുസ്തകം*, കറന്റ് ബുക്സ്, 2001.


# പരിമിതിയുടെ ബോധം കൊറോണായുടെ പാഠം

ഡോ. ജോസഫ് കടുപ്പിൽ

അത്യന്തം അസാധാരണമായ ഒരു അനിശ്ചിതത്വത്തിലൂടെ ലോകം മുഴുവനും കടന്നുപോകുന്ന ഒരു കാലഘട്ടം. ജാതി മത വർഗ്ഗ വർണ്ണ ദേശ ഭേദമെന്യേ മാലോകരെല്ലാം മരണത്തെ മാറ്റി നിർത്താൻ അതീവ ജാഗ്രതയിൽ കഴിയുന്നു. വെറും സോപ്പു തൊട്ടാൽ നിർജ്ജീവമാകുന്ന ഒരു അതിസൂക്ഷ്മ രോഗാണു ശാസ്ത്രത്തെയും സാങ്കേതികവിദ്യകളെയും വെല്ലുവിളിച്ച് സംഹാര താണ്ഡവമാടി വിലസുന്നു. സൗരയൂഥത്തിലെ അന്യഗ്രഹത്തിൽ ഗവേഷണം നടത്തുന്ന പേടകത്തെ ഭൂമിയിലിരുന്നു നിയന്ത്രിക്കുന്ന മനുഷ്യൻ കൈവെള്ളയിലിരിക്കുന്ന ഒരു സൂക്ഷ്മാണുവിനെ നിയന്ത്രിക്കാനാകാതെ നിസ്സഹായനായി കണ്ണു മിഴിക്കുന്നു. കൃതിമമായി ജീവൻ ഉൽപാദിപ്പിക്കുന്ന ശ്രമത്തിൽ മനുഷ്യൻ ലക്ഷ്യത്തെ ഏതാണ്ട് തൊട്ടു തൊട്ടില്ല എന്ന സ്ഥിതിയിലാണെന്ന് അവകാശവാദമുന്നയിക്കുമ്പോഴും പൊലിയുന്ന ആയിരിക്കണക്കിനു ജീവനുകൾക്കു മുമ്പിൽ നിസ്സഹായനായി കൈമലർത്തി നോക്കി നിൽക്കാനല്ലേ അവനു കഴിയുന്നുള്ളു.

അനുഭവങ്ങൾ അവ എത്ര ചെറുതായാലും വലുതായാലും എപ്പോഴും പാഠപുസ്തകങ്ങളാണ്. അവയിൽനിന്നു പഠിക്കാത്തവനെ വിഡ്ഢിയെന്നോ ധിക്കാരിയെന്നോ നാം വിളിക്കും. ഈ കൊറോണാ കാലഘട്ടവും ഇക്കാലയളവിലെ ജീവിതവും നമുക്കോരോരുത്തർക്കും വ്യക്തിപരമായും മാനവരാശിക്കു പൊതുവായും പ്രദാനം ചെയ്യുന്ന പാഠങ്ങൾ ഒട്ടും നിസ്സാരമല്ല. ഈ പാഠങ്ങളിൽ തത്ത്വശാസ്ത്രമുണ്ട്, ദൈവശാസ്ത്രമുണ്ട്, ആദ്ധ്യാത്മികതയുണ്ട്, ജൈവശാസ്ത്രമുണ്ട്, മനഃശാസ്ത്രമുണ്ട്, സാമൂഹികശാസ്ത്രമുണ്ട്, നൈയാമികതയുണ്ട്. ഇതു മനുഷ്യജീവിതത്തിന്റെ ഭാഗമാണെന്നും അതിനെ അതിജീവിക്കാൻ പ്രായോഗികമായ ജ്ഞാനവും തദനുസൃതമായ പ്രവൃത്തികളുമാണ് ആവശ്യമെന്ന് പ്രായോഗികതത്ത്വ

www.malankaralibrary.com

ശാസ്ത്ര വിശകലനം നമ്മോട് അനുശാസിക്കുമ്പോൾ, സ്രഷ്ടാവിന്റെ അറിവും അനുവാദവുമില്ലാതെ ഒരു പരമാണുപോലും ഈ ഭൂമുഖത്തു ചലിക്കുന്നില്ലെന്നു ദൈവശാസ്ത്രം നമ്മെ ബോധ്യപ്പെടുത്തുമ്പോൾ, മനുഷ്യന് അസാദ്ധ്യമായത് ദൈവത്തിനു സാദ്ധ്യമാണെന്നും ഏതു ജീവിതസാഹചര്യത്തിലും ദൈവത്തിലാശ്രയിച്ച് അവിടുത്തോടു ചേർന്നു നിൽക്കണമെന്ന് ആദ്ധ്യാത്മികശാസ്ത്രം നമ്മെ പ്രബോധിപ്പിക്കും. ഈ സൂക്ഷ്മരോഗാണുവിന്റെ ഉത്ഭവവും വളർച്ചയും പകർച്ചയും അതു മനുഷ്യശരീരത്തിലുളവാക്കുന്ന വിപരീതഫലങ്ങളും ജൈവശാസ്ത്ര വിഷയത്തിന്റെ പരിഗണനയാകും. ഈ മഹാമാരിയുടെ വ്യാപനം ഉളവാക്കിയിരിക്കുന്ന ആഗോളസാമ്പത്തികമാന്ദ്യം ധനതത്വശാസ്ത്രത്തിന്റെ പഠനവിഷയമാകുമ്പോൾ രോഗബാധിതരുടെ പരിചരണവും പുനരധിവാസവുമൊക്കെ ധാർമ്മികതയുടെ പരിഗണനാവിഷയങ്ങളാകും. രോഗത്തിന്റെ വ്യാപനവും അടച്ചുപൂട്ടി ഭവനത്തിൽ കഴിയലും സാമൂഹികജീവിതത്തിലുളവാക്കുന്ന പരിണതഫലങ്ങൾ സാമൂഹികശാസ്ത്രത്തിന്റെ വ്യഗ്രതയാകുമ്പോൾ, ആകസ്മികമായി മാറിയ ജീവിതസാഹചര്യങ്ങൾ മനുഷ്യനിൽ വ്യക്തിപരമായും സാമൂഹികമായും ഉളവാക്കുന്ന പിരിമുറുക്കങ്ങളും മാനസികസമ്മർദ്ദങ്ങളും മനഃശാസ്ത്ര മേഖലകളെ ആകുലപ്പെടുത്തും. രോഗത്തിന്റെ സാമൂഹികവ്യാപനത്തിനു തടയിടാൻ സാധ്യമായ എല്ലാ മുൻകരുതലുകൾക്കുമാകും രാജ്യത്തിന്റെ നിയമങ്ങളും ക്രമസമാധാനസംവിധാനങ്ങളും മുൻതൂക്കം നൽകുക.

മേൽവിവരിച്ച പരിഗണനകളൊന്നും ഈ മഹാമാരി മനുഷ്യകുലത്തിനു നൽകുന്ന സമഗ്രപാഠത്തെ ഉൾക്കൊള്ളുന്നില്ല. ഏതൊരു മനുഷ്യന്റെയും പരിമിതിയെക്കുറിച്ചുള്ള തിരിച്ചറിവാണ് അവന്റെ ഏറ്റവും വലിയ അറിവെന്ന തത്ത്വം ഇവിടെ പാഠമാകുന്നില്ലേ? “നീ നിന്നെത്തന്നെ അറിയുക” (Know Thyself, Nosce te ipsum) എന്ന പുരാതന ഗ്രീസിലെ പ്രസിദ്ധമായ ഡെൽഫിയൻ പഴമൊഴിയാണ് ഈ കാലഘട്ടത്തിന്റെ സന്ദേശം. ഈ തിരിച്ചറിവിൽ എന്റെ അറിവും കഴിവുകളും സിദ്ധികളും സാധ്യതകളും മാത്രമല്ല, എന്റെ അശക്തിയും അപര്യാപ്തതകളും പരിമിതികളും എനിക്കു മുൻപിൽ വ്യക്തമാകണം. ഈ മഹാമാരി നമുക്കു നൽകുന്ന ഏറ്റവും വലിയ പാഠം നമ്മുടെ പരിമിതിയെക്കുറിച്ചുള്ള തിരിച്ചറിവാണെന്നതിൽ സംശയമില്ല. മനുഷ്യൻ പരിമിതനാണ്. ഏറെ കാര്യങ്ങൾക്ക് അവൻ പ്രാപ്തനെങ്കിലും അതിലേറെ കാര്യങ്ങൾക്ക് അപ്രാപ്തനെന്നതു നിസ്തർക്കമായ യാഥാർത്ഥ്യം. പരിമിതിയില്ലാത്തവൻ സർവ്വശക്തനായ ദൈവം മാത്രം. പരിമിതിക്കു മുൻപിൽ മനുഷ്യൻ പകച്ചുനിൽക്കേണ്ട കാര്യമില്ല. അതിനെ മറികടക്കാൻ അവനു മുന്നിലൊരു മാർഗ്ഗമുണ്ട്. പരിമിതിയില്ലാത്തവനോടു പക്ഷം ചേരുക. അതിനു നാം ആത്മീയതയിൽ വിളിക്കുന്ന പേരാണല്ലോ വിശ്വാസം. ദൈവത്തോടു ചേർന്നുനിൽക്കുവാനും അനുദിനം അഭിമുഖീകരിക്കുന്ന ജീവിതാനുഭവങ്ങളെ വിശ്വാസവെളിച്ചത്തിൽ കാണുവാനും കൈകാര്യം ചെയ്യുവാനും കഴിയുന്നവൻ കേവലം ഒരു ഭക്തനെന്നതിനെക്കാൾ അത്യന്തം വിവേകിയും ആഴമായ ആദ്ധ്യാത്മികതയുടെ ഉടമയുമാകും. അപ്പസ്തോലനായ പൗലോസിനോടൊപ്പം നമുക്കു പറയുവാൻ കഴിയണം: “ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്” (1 കൊറി 15,10).



ജറെമിയാപ്രവാചകനെപ്പോലെ നമുക്കു ഏറ്റുപറയുവാൻ കഴിയണം: “കർത്താവേ, മനുഷ്യന്റെ മാർഗ്ഗങ്ങൾ അവന്റെ നിയന്ത്രണത്തിലല്ല...” (ജറെമിയ 10,23). പൗലോസ്ശ്ലീഹാ അരെയോപ്പാഗസ്സിലെ ജനത്തെ ഉപദേശിക്കുന്നതുപോലെ നമ്മോടും പറയുന്നില്ലേ: “ഇത് അവർ ദൈവത്തെ അന്വേഷിക്കുന്നതിനും ഒരുപക്ഷേ അനുഭവത്തിലൂടെ അവിടുത്തെ കണ്ടെത്തുന്നതിനും വേണ്ടിയാണ്. എങ്കിലും അവിടുന്ന് നമ്മിലാരിലും നിന്ന് അകലെയല്ല. എന്തെന്നാൽ അവിടുന്നിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനിൽക്കുന്നു” (അപ്പ 17,27-28).

ഈ ദുരന്തത്തിനൊരു ശാശ്വത പരിഹാരം കാണാനാകാതെ വഴിമുട്ടി നിൽക്കുന്ന, ഈ മഹാമാരിയുടെ ഉറവിടത്തെയും വ്യാപനത്തെയും സംബന്ധിച്ച സത്യമറിയാതെ ഉഴലുന്ന, ഈ പകർച്ചവ്യാധി നമ്മുടെയും നമ്മുടെ ഉറ്റവരുടെയും ജീവനെടുക്കുമോ എന്ന ആശങ്കയിലായിരിക്കുന്ന നമ്മോട് ഈശോ അരുൾചെയ്യുന്നു: “വഴിയും സത്യവും ജീവനും ഞാനാകുന്നു” (യോഹ 14,6).

www.malankaralibrary.com

# കോവിഡ്-19 നല്കുന്ന സാമൂഹിക വീണ്ടുവിചാരങ്ങൾ

**ഡോ. ഡൊമിനിക് വെച്ചൂർ**

ഒരു മനുഷ്യായുസ്സിൽ അത്യപൂർവമായി മാത്രം സംഭവിച്ചേക്കാവുന്ന ഒരു ചരിത്രസംഭവത്തിൽ നാമെല്ലാവരും പങ്കുചേരുകയാണ് ഈ നാളുകളിൽ. ഇത്രമാത്രം സാർവ്വലൗകികമായി മനുഷ്യരെയും സമൂഹങ്ങളെയും ദേശങ്ങളെയും ബാധിച്ച ഒരു മഹാമാരിയോ, പകർച്ചവ്യാധിയോ പ്രതിസന്ധിയോ ഇതിനുമുമ്പ് ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട് എന്നു കരുതുന്നില്ല. മാനവചരിത്രത്തെ തന്നെ ഈ മഹാമാരി രണ്ടു കാലഘട്ടങ്ങളായി തിരിക്കുന്ന ചിന്താരീതി വന്നുകഴിഞ്ഞു: കോവിഡ്-19ന് മുമ്പും കോവിഡ്-19ന് ശേഷവും (Pre and Post Covid -19 periods). സാമൂഹിക ജീവിയായ മനുഷ്യന്റെ സമൂഹജീവിതത്തിന്റെ ജനിതകഘടനയിൽത്തന്നെ ദൂരവ്യാപകമായ മാറ്റങ്ങൾക്ക് ഈ മഹാമാരി വഴിതുറക്കുകയാണ്. മനുഷ്യസമൂഹത്തിന് നേരെ കാലം തിരിച്ചുപിടിച്ച ഒരു മുഖകണ്ണാടിയായ ഈ കോവിഡ് -19 ഒരുപിടി സാമൂഹിക വീണ്ടുവിചാരങ്ങൾ നമുക്ക് നല്കുന്നു.

### ഏകലോകം ഏകഭാഷ

അതിർത്തികളെല്ലാം ഭേദിച്ച് കോവിഡ്-19 ലോകം മുഴുവനിലേക്കും ഭൂഖണ്ഡാന്തര മിസൈലുകളെക്കാൾ വേഗത്തിൽ പടർന്നുപിടിച്ചപ്പോൾ ദേശങ്ങളുടെയും രാഷ്ട്രങ്ങളുടെയും സമൂഹങ്ങളുടെയും സമുദായങ്ങളുടെയും മതങ്ങളുടെയും മതിലുകളെല്ലാം താനെ ഇല്ലാതായി. ഈ മഹാമാരിയുടെ അനുബന്ധമായി കടന്നുവന്ന ദുരിതങ്ങളും അസ്വസ്ഥതകളും ഉത്കണ്ഠകളും എല്ലാവരുടേതുമായി. ഭരണകർത്താക്കളും ഭരണീയരും ഒരുപോലെ മഹാമാരിയുടെ അനുഭവങ്ങളിലൂടെ കടന്നുപോയി. അക്ഷരാർത്ഥത്തിൽ ലോകം ഒന്നായി; മനുഷ്യകുലം ഒരു കുടുംബമായി. മനുഷ്യന്റെ ഭാഷയും ഒന്നായി.



പരസ്പരമുള്ള കരുതലിന്റെയും സ്നേഹത്തിന്റെയും ജാഗ്രതയുടെയും വ്യാപ്തികൾ വളർന്നു. പരസ്പരാശ്രയത്വവും കൂട്ടുത്തരവാദിത്വവും വളർന്നു. വിശ്വമാനവികതയുടെ നന്മകൾ എല്ലാവരും പങ്കുവച്ചു. എണ്ണിയാൽ തീരാത്ത ബന്ധങ്ങളുടെയും കടപ്പാടുകളുടെയും പരസ്പര ശൃംഖലയാണ് മനുഷ്യജീവിതം എന്ന് എല്ലാ മനുഷ്യരും തിരിച്ചറിഞ്ഞു. ചേരിതിരിവുകളും കലഹങ്ങളും ഭിന്നതകളും തത്ക്കാലത്തേക്കെങ്കിലും മനുഷ്യർ മറന്നു. ഉപവിയുടെ ഒരു ആഗോളവൽക്കരണത്തിന് നാമേവരും സാക്ഷ്യം വഹിച്ചു. സാമൂഹികമാധ്യമങ്ങളും പ്രതീതി ലോകത്തിന്റെ വിപുലമായ സാധ്യതകളും ഈ വിശ്വമാനവികതയെ വളർത്തുവാൻ ഏറെ സഹായിച്ചിട്ടുമുണ്ട്.

എങ്കിലും ആഗോളസംഘർഷങ്ങളും വംശീയതയും ഭീകരപ്രവർത്തനങ്ങളും തീവ്രവാദസമീപനങ്ങളും വീണ്ടും തലയുയർത്തുന്നുവെന്നത് സുമനസ്സുകളിൽ അസ്വസ്ഥത ഉളവാക്കുന്നു. ഉത്തര-ദക്ഷിണ കൊറിയാകൾ തമ്മിലുള്ള തർക്കങ്ങളും ഇന്ത്യ-ചൈന അതിർത്തിതർക്കങ്ങളും അമേരിക്കയിൽ അടുത്തയിടെ നടന്ന വംശീയ ആക്രമണങ്ങളും മരണങ്ങളും അനുബന്ധമായുണ്ടായ ആഗോളപ്രതിഷേധങ്ങളും ആഫ്രിക്കൻ രാജ്യങ്ങളിൽ വളർന്നുവരുന്ന ക്രൈസ്തവപീഡനങ്ങളും ഇവയിൽ ചിലതുമാത്രമാണ്. വിശ്വമാനവികതയുടെയും ആഗോള ഐക്യദാർഢ്യത്തിന്റെയും ഒപ്പം ദേശീയ ബോധത്തിന്റെയും സ്വത്വബോധത്തിന്റെയും ആരോഗ്യകരമായ സമന്വയം എന്നും തുടരേണ്ടതാണ്.

### എല്ലാ മനുഷ്യരുടെയും തുല്യമഹത്ത്വം

കോവിഡ്-19 നു മുമ്പിൽ, വർണ്ണ-വർഗ്ഗ-ലിംഗ-ഭാഷാ-വിശ്വാസഭേദമെന്യെ എല്ലാ മനുഷ്യരും തുല്യരായി. സമ്പന്നരും ദരിദ്രരും വയോധികരും ചെറുപ്പക്കാരും കുഞ്ഞുങ്ങളും ഗർഭസ്ഥശിശുക്കളും നഷ്ടസ്വപ്നങ്ങളുമായി മടങ്ങിവരുന്ന പ്രവാസികളും തിരികെപോകുന്ന അതിഥിതൊഴിലാളികളും നാടുവിട്ടുപോകുന്ന അഭയാർത്ഥികളുമെല്ലാം ഒരുപോലെ പ്രധാനപ്പെട്ടവരാണെന്നും തുല്യമഹത്ത്വത്തിന് അർഹരാണെന്നും കോവിഡ്-19 അനുഭവങ്ങൾ നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നു. അതിജീവിക്കുവാൻ ഏറ്റവും സാധ്യതയുള്ളവരും കൂടുതൽ ജീവിതദൈർഘ്യം പ്രതീക്ഷിക്കുന്നവരും മാത്രമല്ല എല്ലാ മനുഷ്യർക്കും തുല്യനീതിയും പരിഗണനയും ലഭിക്കുവാൻ അവകാശമുള്ളവരാണെന്ന് ജീവൻ രക്ഷാമരുന്നുകളുടെയും

www.malankaralibrary.com

തീവ്രപരിചരണ ഉപകരണങ്ങളുടെയും ലഭ്യതയുമായി ബന്ധപ്പെട്ട് യൂറോപ്പിലും അമേരിക്കയിലും ഉയർന്നുവന്ന ചർച്ചകൾ ഒരിക്കൽ കൂടി നമ്മെ ഓർമ്മിപ്പിച്ചു. രോഗബാധിതർ മാത്രമല്ല ആരോഗ്യപ്രവർത്തകരുടെയും പോലീസ് അധികാരികളുടെയും ഭരണകർത്താക്കളുടെയും പൊതുപ്രവർത്തകരുടെയും മാധ്യമപ്രവർത്തകരുടെയും സുരക്ഷിതത്വവും ആരോഗ്യവും ഒരുപോലെ പ്രധാനപ്പെട്ടതാണ്. മനുഷ്യജീവൻ ഏതുവിധേനയും സംരക്ഷിക്കപ്പെടണമെന്നതാണ് ധാർമ്മികതയുടെ പൊതുതത്ത്വം.

ഓരോ രോഗിയെയും അനന്യതയുള്ള ഒരു വ്യക്തിയായി കണ്ട് ആദരവോടെ പരിഗണിക്കുവാൻ നമുക്ക് കടമയുണ്ട്. അതുകൊണ്ടാണ് രോഗവിവരങ്ങളുടെ സ്വകാര്യതയും രഹസ്യാത്മകതയും ശാസ്ത്രീയതയും പ്രധാനപ്പെട്ടതാകുന്നത്. വ്യാജവിവരങ്ങൾ കൈമാറുന്നതും പ്രചരിപ്പിക്കുന്നതും തിന്മയാണ്. മൃതശരീരങ്ങളോടും അനാദരവ് പാടില്ല. മനുഷ്യോചിതമായ സംസ്കാരശുശ്രൂഷയ്ക്ക് എല്ലാ മനുഷ്യർക്കും അവകാശമുണ്ട്. എല്ലാ മനുഷ്യരും ദൈവഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ദൈവമക്കളാണെന്ന വേദപുസ്തക ചിന്തയാണ് ഇതിന്റെയെല്ലാം അടിസ്ഥാനം. അതുകൊണ്ട് നീതിയും സത്യവും സ്നേഹവും സാഹോദര്യവും നിത്യനൂതനങ്ങളായ മൂല്യങ്ങൾ തന്നെയാണ്. വയോധികരോടും കുഞ്ഞുങ്ങളോടും സ്ത്രീകളോടും എളുപ്പത്തിൽ ദുരുപയോഗിക്കപ്പെടാവുന്നവരോടുമുള്ള കയ്യേറ്റങ്ങളും പീഡനങ്ങളും വർധിച്ചുവരുന്നുവെന്നത് നിർഭാഗ്യകരമായ ഒരു വർത്തമാന യാഥാർത്ഥ്യമാണ്.

### വളരുന്ന പൗരബോധം

സാമൂഹികപ്രതിബദ്ധതയും പൊതു ഉത്തരവാദിത്വബോധവും വളരുവാൻ ഈ മഹാമാരി ഒരു പരിധിവരെ കാരണമായിട്ടുണ്ട്. കോവിഡ്-19 പകർച്ചവ്യാധിയുടെ ഭാഗമായി ഉണ്ടായ ചില അനിവാര്യ സാമൂഹികമാറ്റങ്ങൾ ഒരു പുതിയ ജീവിതക്രമവും സംസ്കാരവും വളരുവാൻ പ്രചോദനമായി. പരമ്പരാഗത സാമൂഹികമര്യാദകളും മൂല്യങ്ങളും പുനർജനിക്കുവാൻ ഈ പ്രത്യേകസാഹചര്യം ഇടയാക്കി. വ്യക്തിപരവും പൊതുവുമായ ശുചിത്വം, പരിസരശുചിത്വം, ശാരീരിക അകലം പാലിക്കുന്ന രീതി, കൈകൂപ്പി സഹോദരരെ അഭിവാദനം ചെയ്യുന്ന രീതി, നിശ്ചിതദിവസങ്ങളിലേക്കുള്ള നിരീക്ഷണകാലം, മുഖാവരണം ധരിക്കുന്ന രീതി, സ്വയം



ശ്രദ്ധയും പരിശീലനവും നിലനിർത്തുന്ന ബോധനരീതികൾ തുടങ്ങിയവയൊക്കെ എക്കാലവും പൊതുനന്മയെ വളർത്തുകയേയുള്ളൂ. എങ്കിലും പൊതുനന്മയ്ക്കുവേണ്ടിയുള്ള ഇത്തരം സാമൂഹികനിയന്ത്രണങ്ങളെ അവഗണിക്കുന്നവരുടെ എണ്ണവും കുറവല്ല. നമ്മുടെ നാട്ടിൽ വളർന്നുവരുന്ന മദ്യാസക്തിയും, മയക്കുമരുന്നുകളുടെ ഉപയോഗവും ഉത്കണ്ഠയോടെ കാണേണ്ടതാണ്. പൗരബോധവും സാമൂഹികചിന്തയും ഇനിയും വളരുവാനുണ്ട് എന്ന കാര്യം നാം വിസ്മരിക്കരുത്.

### വ്യക്തിഗതമാനവികതയും സാമൂഹികമാനവികതയും

പൊടുന്നനവേ അടിച്ചേല്പിക്കപ്പെട്ട സാമൂഹികനിയന്ത്രണങ്ങൾ വലിയ ദുരിതങ്ങൾക്ക് കാരണമായിട്ടുണ്ട്, പ്രത്യേകിച്ച് ദിവസവേതന തൊഴിലാളികൾ, കൂലിപ്പണിക്കാർ, ചെറുകിടതൊഴിലാളികൾ, പ്രവാസികൾ, അതിഥിതൊഴിലാളികൾ, അഭയാർത്ഥികൾ, യാത്രയിലായിരുന്നവർ തുടങ്ങിയവർക്ക് യാത്രാസൗകര്യങ്ങളുടെ അപര്യാപ്തതയും സുരക്ഷിതത്വനിബന്ധനകളുടെ കാഠിന്യവും സാമ്പത്തിക പരാധീനതകളും സംസ്ഥാനങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ധാരണാക്കുറവും ഭരണാധികാരികളുടെ രാഷ്ട്രീയപോരുകളുമെല്ലാം ഈ ദുരിതങ്ങളെ വർദ്ധിപ്പിച്ചിട്ടുമുണ്ട്. വ്യക്തിസ്വാതന്ത്ര്യവും ജനാധിപത്യചിന്തകളും കുറയുവാനും സ്വേച്ഛാധിപത്യപ്രവണതകൾ വളരുവാനും അടിച്ചേല്പിക്കപ്പെടുന്ന സാമൂഹിക നിയന്ത്രണങ്ങൾ കാരണമാകാം. നമുക്കു വേണ്ടത് അടിച്ചേല്പിക്കപ്പെടുന്ന സാമൂഹികമാനവികതയെക്കാൾ പൗരബോധത്തിലും സാമൂഹിക പ്രബുദ്ധതയിലും അധിഷ്ഠിതമായ മാനവികതയാണ്. വ്യക്തിസ്വാതന്ത്ര്യവും പ്രാദേശികസ്വാതന്ത്ര്യവും ജനാധിപത്യസംവിധാനങ്ങളും അവികലമായി സംരക്ഷിക്കപ്പെടണം.

### ജീവിതശാന്തതയിലേക്കും ഹൃദയ ആന്തരികതയിലേക്കുമുള്ള മടക്കം

ഈ കോവിഡ്കാലത്ത് ലോകംമുഴുവൻ ഒരർത്ഥത്തിൽ നിശ്ചലമാവുകയായിരുന്നു. പൊതുജീവിതം താത്ക്കാലികമായെങ്കിലും നിലച്ചു. വ്യവസായസ്ഥാപനങ്ങൾ, കടകമ്പോളങ്ങൾ, പൊതുഗതാഗതം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എല്ലാം ഭാഗികമായോ പൂർണ്ണമായോ അടയ്ക്കപ്പെട്ടു. മനുഷ്യന്റെ ഓട്ടവും പരക്കംപാച്ചിലും തിരക്കും ബഹളവുമെല്ലാം നിയന്ത്രിതമായി. പ്രവർത്തനബഹുലതയിൽനിന്ന് ഹൃദയ ആന്തരികതയിലേക്കു ഒരു ചുവടു

www.malankaralibrary.com

മാറ്റം ഏറെ ദൃശ്യമായി. പടുകൂറ്റൻ റാലികൾ, വലിയ സമ്മേളനങ്ങൾ, ആഡംബരത്തിനും ധൂർത്തിനുംവേണ്ടിയുള്ള ആഘോഷങ്ങൾ എല്ലാം ഒഴിവാക്കപ്പെട്ടു. ഒപ്പം നിശബ്ദതയുടെയും ആന്തരികതയുടെയും ആത്മീയതയുടെയും ദൈവാരാധനയുടെയും ഹൃദയവാതായനങ്ങൾ തുറക്കപ്പെട്ടു. ദൈവവിശ്വാസവും ദൈവാശ്രത്വവും ജീവിതലാളിത്യവും വളരുവാനും ഇടയായി. ആൾക്കൂട്ടങ്ങൾ കുറച്ച് വ്യക്തിപരതയുടെയും നിശബ്ദതതയുടെയും സൗന്ദര്യം കൂടുതൽ ആസ്വദിക്കുവാൻ കോവിഡ്-19 പ്രതിസന്ധി നമ്മെ ക്ഷണിക്കുന്നു.

## കുടുംബം നല്കുന്ന സുരക്ഷിതത്വം

ലോകംമുഴുവനും കുടുംബങ്ങളിലേക്ക് ചുരുങ്ങിയ നാളുകളായിരുന്നു കോവിഡ്-19 ലോക്ക്ഡൗൺ കാലഘട്ടം. “Stay home, stay safe” എന്നതായിരുന്നു ഈ നാളുകളിലെ ആദർശവാക്യം. കുടുംബബന്ധങ്ങളുടെ ഊഷ്മളതയും നന്മയും സുരക്ഷിതത്വവും ഉറപ്പും നാം നന്നായി തിരിച്ചറിയുന്നു. കുടുംബങ്ങളിലേക്കുള്ള മടക്കം മനുഷ്യകുലത്തിന്റെ വേരുകളിലേക്കുള്ള മടക്കമാണ്. കുടുംബങ്ങളിലെ ദൈവാരാധനയും പ്രാർത്ഥനയും കുടുംബബന്ധങ്ങളെയും സമൂഹത്തെയും ബലപ്പെടുത്തുന്നുമുണ്ട്.

ലോക്ക്ഡൗൺ കാലത്തും കുടുംബങ്ങളിലെ തകർച്ചകളിൽ നിന്ന് കുടുംബങ്ങൾ വിമുക്തമായിരുന്നില്ല എന്നതും യാഥാർത്ഥ്യമാണ്. കുടുംബകലഹങ്ങളും ഗാർഹികപീഡനങ്ങളും വൈവാഹിക അവിശ്വസ്തതകളും മദ്യപാനാസക്തിയും മയക്കുമരുന്നുകളുടെ ഉപയോഗവും നിഷ്ഠൂരമായ കൊലപാതകങ്ങളിലേക്കുപോലും നയിച്ച സംഭവങ്ങൾ നാം ഇക്കാലത്ത് മാധ്യമങ്ങളിൽ വായിക്കുകയുണ്ടായി. ആത്മഹത്യകളുടെ എണ്ണം പെരുകിവരുന്നതും കുടുംബബന്ധങ്ങളിലെ വിള്ളലുകളിലേക്ക് വിരൽ ചൂണ്ടുന്നു.

## പ്രകൃതിയിലേക്ക് തിരിയുന്ന മനുഷ്യൻ

സൃഷ്ടപ്രപഞ്ചം അതിന്റെ സ്വാഭാവികക്രമം തിരികെപിടിക്കുന്നുവെന്നത് ശുഭോദർക്കമായ കാര്യമാണ്. അന്തരീക്ഷവും വായുവും ശുദ്ധമാകുന്നു; വിള്ളലുകൾ വീണ ഓസോൺപാളികൾ വീണ്ടും അടുക്കുന്നു. ജന്തുപക്ഷിജാലങ്ങൾ സ്വതന്ത്രമാകുന്നു; തുടങ്ങിയവയൊക്കെ ലോക്ഡൗൺ കാലത്തിന്റെ ഉപരിനന്മകളാണ്. മനുഷ്യനും പ്രകൃതിയിലേക്ക് തിരിയുന്നുവെന്നതും ഏറെ ഭാവാത്മകമാണ്. കാർഷികരംഗത്തെ പുത്തൻ ഉണർവും ഭക്ഷ്യസ്വയംപര്യാ



പ്തത കൈവരിക്കാനുള്ള പരിശ്രമവും പ്രകൃതി ജീവിതത്തിലേക്കുള്ള മടങ്ങിവരവും ഏറെ പ്രതീക്ഷ നല്കുന്നു. നമ്മുടെ പൊതു തറവാടായ സൃഷ്ടപ്രപഞ്ചത്തെ കൂടതൽ ശ്രദ്ധയോടെ കരുതാം. വികസനത്തിന്റെ മറവിൽ പ്രകൃതിയെ ചൂഷണം ചെയ്യാതിരിക്കാം.

പ്രകൃതി സ്നേഹവും മൃഗസ്നേഹവും കപടമാകാനിടയുണ്ട്. കാടിറങ്ങുന്ന ക്രൗര്യം മനുഷ്യന്റെ ദൈനംദിനജീവിതം ദുഷ്കരമാക്കുന്നു. കാടിറങ്ങിവരുന്ന കാട്ടാനകളും കടുവയും കാട്ടുപന്നിയും വെട്ടുക്കിളികളും കൃഷിയിടങ്ങളെ നശിപ്പിക്കുന്നതും കൃഷിക്കാരെ കൊന്നുതിന്നുന്നതും പൊറുക്കാനാവില്ല. അവിടെയൊക്കെ ജനങ്ങളുടെയും കൃഷിയിടങ്ങളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് ഭരണാധികാരികളുടെ കടമയാണ്. പ്രകൃതിയെയും മൃഗങ്ങളെയും സ്നേഹിക്കുമ്പോഴും വികസനം ഊന്നിപറയുമ്പോഴും പ്രപഞ്ചത്തിന്റെ മകുടമായ മനുഷ്യനെ പരിഗണിക്കാത്ത പരിസ്ഥിതി സ്നേഹം കപടമാണ്.

## കരുതലിന്റെയും ജാഗ്രതയുടെയും ഭാഷ

കോവിഡിന്റെ ഇക്കാലത്തും കോവിഡനന്തരകാലത്തും സമൂഹത്തിൽ ശക്തിപ്പെടേണ്ടത് കരുതലിന്റെയും ജാഗ്രതയുടെയും ഭാഷയാണ്. എല്ലാവരും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ മാനസികസമ്മർദ്ദങ്ങൾ വഹിക്കുന്നവരാണ്. ജീവിതപങ്കാളിയുടെ, മക്കളുടെ, പ്രിയപ്പെട്ടവരുടെ ആകസ്മികമായ വേർപാട് സമ്മാനിച്ച വേദനകൾ, ജോലി നഷ്ടപ്പെട്ടവരുടെയും സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെയും നൊമ്പരങ്ങൾ, പ്രവാസികളുടെയും അതിഥിതൊഴിലാളികളുടെയും വേദനകൾ, രോഗികളുടെയും സ്വയം നിരീക്ഷണത്തിൽ കഴിയുന്നവരുടെയും ഏകാന്തത, സംഘർഷങ്ങൾ എന്നിവയൊന്നും നമുക്ക് മറക്കാനാവില്ല. ഇവരെയൊക്കെ മനസ്സിലാക്കുന്ന കരുതലിന്റെ ഭാഷ വളർത്തണം. യുവജനങ്ങളുടെയിടയിൽ ഉണ്ടാകാവുന്ന അപകടസാധ്യതകൾ - മദ്യം, മയക്കുമരുന്ന്, പ്രണയക്കെണികൾ, പൊർണോഗ്രാഫി, അക്രമപ്രവണതകൾ, ആത്മഹത്യാസാധ്യകൾ, കൊലപാതകങ്ങൾ, സൈബർ തിന്മകൾ നാം തിരിച്ചറിയണം. വരുംനാളുകളിലെ സാമ്പത്തികപ്രതിസന്ധിയും നാം മുൻകൂട്ടി കണ്ട് കരുതലോടെ, ജാഗ്രതയോടെ വർത്തിക്കണം. അധികവിഭവ ശേഖരണവും പൂഴ്ത്തിവയ്പും അമിത വിലകയറ്റവും അഴിമതിയും ചൂഷണവും കടുത്ത സാമൂഹിക തിന്മകൾതന്നെ. രാഷ്ട്രീയ മുതലെടുപ്പുകളും രഹസ്യഅജണ്ടകളും സമൂഹ

www.malankaralibrary.com

ത്തിന്റെ സുസ്ഥിരവികസനത്തെ സാരമായി ബാധിക്കും. അതുകൊണ്ട് കരുതലും ജാഗ്രതയും സൂക്ഷ്മതയും വ്യക്തിജീവിതങ്ങളിലും സമൂഹത്തിലും കുടുംബങ്ങളിലും ദേശങ്ങളിലും വളരണം. സഭാജീവിതത്തിലും വിശ്വാസജീവിതത്തിലും അജപാലനശുശ്രൂഷാരംഗങ്ങളിലും കൂടുതൽ കരുതലും ജാഗ്രതയും വിവേകവും സൂക്ഷ്മതയും ഉണ്ടാകണം. തിളക്കമുള്ള ക്രൈസ്തവജീവിത സാക്ഷ്യം ഉണ്ടാകട്ടെ.

**സമാപനം**

മാനചരിത്രത്തിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ മഹാമാരികളും പകർച്ചവ്യാധികളും അനുബന്ധ ദുരിതങ്ങളും ഉണ്ടായിട്ടുണ്ട്. അവയെല്ലാം മനുഷ്യർ അതിസാഹസികമായി ഒരുമിച്ച് അതിജീവിച്ചിട്ടുമുണ്ട്. സഹനങ്ങളുടെയും അതിജീവനങ്ങളുടെയും കൂടി ചരിത്രമാണ് മാനവചരിത്രം. ചരിത്രത്തിന്റെ ഈ പ്രതിസന്ധി ഘട്ടത്തിലും നമുക്ക് ഒന്നിച്ചു കൈകോർക്കാം; ധീരമായി പൊരുതാം; ദൈവാനുഗ്രഹത്തിൽ വളരാം. നന്മയുടെ പൂക്കൾ ഇനിയും വിടരട്ടെ.

# വീട്ടിലേക്കുള്ള വഴികൾ

**ഫാ. ബേബി കരിന്തോളിൽ**

നടക്കേണ്ടതെപ്പോഴാണെന്നു പറഞ്ഞുതരാം
ഭക്ഷണവും വെള്ളവും കഴിച്ച് ഇരുന്നും വിശ്രമിച്ചുമല്ല
നടക്കേണ്ടത്
തിളച്ചുമറിയുന്ന നിരത്തിലൂടെ അതിവേഗം ഒഴുകണം
കുഴച്ച മാവുപോലെ
മാർദ്ദവമാർന്ന പാദങ്ങൾ മെല്ലെമെല്ലെ കനം
വച്ചുതുടങ്ങുമ്പോൾ
ദൂരെ കരഘോഷങ്ങൾ മുഴങ്ങുന്നുണ്ടാകും
അപ്പോഴും ധൃതിയിൽത്തന്നെ നടക്കണം
അവർ നിങ്ങളെ വരവേൽക്കുകയാണെന്ന വിസ്മയം
പുറത്തുകാട്ടാതെ തന്നെ*

(* *മാത്യു കൊട്ടുകാപ്പള്ളിൽ അച്ചൻ എഴുതിയ 'നടക്കേണ്ടതെപ്പോൾ' എന്ന കവിതയിൽനിന്നും*)

ജന്മദേശത്ത് പരദേശവാസവും പലായനവും വിധിക്കപ്പെട്ട ഒരു ജനതയുടെ തേഞ്ഞുതീർന്ന, രക്താഭിഷിക്തമായ പാദങ്ങളിൽ പതിച്ച ഒരു 'കോവിഡ് കാല' കവിതയാണ് മുകളിൽ. ഘോഷയാത്രയിൽ തനിച്ചായി പോകുന്നവന്റെ ആദ്യപ്രതികരണമാണ് വീട്ടിലേക്കുള്ള മടക്കം. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വന്നുചേർന്ന അടച്ചുപൂട്ടലുകളും തൊഴിൽ നഷ്ടങ്ങളും മൃത്യുഭയവും കേരളത്തിൽ ചേക്കേറിയ അതിഥിത്തൊഴിലാളികളെയും അന്യനാടുകളിൽ വാസമുറപ്പിച്ച മലയാളിയേയും ഒരുപോലെ പ്രേരിപ്പിച്ചത് വീട്ടിലേക്ക് മടങ്ങാനാണ്. ശ്രമിക് തീവണ്ടികളിൽ കയറിപ്പോയവരും തീവണ്ടി കയറിയിറങ്ങിയവരും അതിൽ നിരവധി. മെയ് മാസം 27-ാം തീയതി മുസ്സാഫർപൂർ തീവണ്ടി സ്റ്റേഷനിൽ മരിച്ചു വീണ അർവീനയെന്ന തന്റെ അമ്മയെ കുലുക്കിയുണർത്തി വീട്ടിലേക്ക് മടങ്ങാൻ പ്രേരിപ്പിച്ച കുഞ്ഞ് 'ഈ കോവിഡ്കാല ഘർ വാപ്പസിയുടെ' ഏറ്റവും ചിന്തോദ്ദീപകമായ നേർക്കാഴ്ചകളിലൊന്നാണ്.

www.malankaralibrary.com

സ്വന്തമായൊരിടം തേടി ചരിത്രത്താളുകളിലൂടെ നടന്നവർ നിരവധി. വാഗ്ദത്തഭൂമി തേടി 40 വർഷം നടന്ന ഇസ്രായേൽജനതയും 'സീയോനിലേക്ക്' കൈവണ്ടികൾ വലിച്ചു നടന്ന മോർമോണുകളും വിഭജിതമായ മാതൃരാജ്യത്തുനിന്നും മതം അടിസ്ഥാനമിട്ട പുതിയ രാജ്യത്തിലേക്ക് രക്തം കട്ടപിടിച്ച തെരുവുകളിലൂടെ നടന്ന അയൽക്കാരും തോണിയടുപ്പിക്കാൻ ഒരു കര തേടി ഇന്നും കടലിൽ കഴിയുന്ന രോഹിങ്ക്യൻ സഹോദരങ്ങളും തീവണ്ടിപ്പാളങ്ങൾക്ക് രക്തംകൊണ്ട് ചെഞ്ചായം പൂശിയവരും പിപിഇ കിറ്റും ധരിച്ച് കോവിഡ് നെഗറ്റീവ് പത്രികകളുമായി ക്വാറന്റീൻ കാലത്തിലേക്ക് വിമാനമിറങ്ങാൻ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന 9 ലക്ഷം മലയാളികളും ഇതേ നടത്തയിലാണ്. സ്വന്തമായ ഇടത്തിലേക്കുള്ള മടക്കയാത്രയിൽ.

ഇടം തേടിയലയുന്നവനെ കാത്തിരിക്കുന്ന ഏറ്റവും വലിയ ദുരന്തം അർഹമായ ഇടങ്ങൾ നിഷേധിക്കപ്പെടലാണ്. 'സത്രത്തിൽ അവർക്ക് ഇടമൊന്നും ലഭിച്ചില്ലെന്ന' (ലൂക്കാ 2,7) തിരുവചനം രണ്ടായിരം വർഷങ്ങൾക്കിപ്പുറവും നമ്മെ വേദനിപ്പിക്കാൻ കാരണമിതാണ്. ബാബിലോൺ നദിയുടെ തീരത്തുള്ള അലരിവൃക്ഷങ്ങളിൽ കിന്നരങ്ങൾ തൂക്കിയിട്ട് സീയോനെയോർത്ത് വിലപിച്ച ജനത (സങ്കീ 137,1) ഇടം നഷ്ടമായതിന്റെ വേദനയെ അനുഭവിച്ചറിയാൻ നമ്മെ സഹായിക്കുന്നുണ്ട്. പലായനത്തിനിടയിൽ കടൽത്തിരകളിൽ മുങ്ങി പരദേശത്തെ മണൽപ്പരപ്പു ചുംബിച്ച് കമിഴ്ന്നുകിടന്ന ഐലൻകുർദിയെന്ന ബാലൻ, ആദ്യമായി തനിക്കൊരു കുഞ്ഞു പിറന്നപ്പോൾ 'ഞാൻ ആ നാട്ടിൽ പരദേശിയായിരുന്നു' എന്നൊരു പൊള്ളിക്കുന്ന ഓർമ്മയെ എന്നും നിലനിർത്താൻ അവന് 'ഗർഷോം' എന്ന് പേരിട്ട മോശ (പുറ 2,22), മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ലെന്നു പരിതപിച്ച നസറായൻ തുടങ്ങി സ്വന്തമായൊരു ഇടത്തിന്റെ പ്രസക്തിയെക്കുറിച്ച്, ഇടം നഷ്ടമായവന്റെ വേദനയെക്കുറിച്ച് നമ്മെ ധ്യാനിപ്പിക്കുന്ന നിരവധി ഓർമ്മകളുണ്ട് ചരിത്രത്തിൽ. അന്ത്യവിശ്രമത്തിനുപോലും അന്യന്റെ ഇടത്തെ ആശ്രയിച്ചവനാണ് അനേകം വാസസ്ഥലങ്ങളൊരുക്കി നിങ്ങളെയും അവിടേക്ക് കൊണ്ടുപോകാമെന്ന് വാഗ്ദാനം ചെയ്ത് (യോഹ 14,4) ഇടത്തിന്റെ അനിവാര്യതയെക്കുറിച്ച് നമ്മെ ഓർമ്മിപ്പിച്ചത്. ഇടങ്ങൾ എല്ലാവർക്കും ആവശ്യമുണ്ട്: ഗർഭസ്ഥ ശിശുവിനു തുടങ്ങി ശവമഞ്ചത്തിൽ വിശ്രമിക്കുന്നവനുവരെ. 'ഇടം' എന്ന പദത്തിന്റെ നല്ല മലയാളം 'ക്ഷേത്രം' എന്നാണ്. ആർക്കും പ്രവേശനമുള്ള പ്രശാന്തിയും വിശുദ്ധിയും അലതല്ലുന്ന ഇടം-ക്ഷേത്രം. അത്താഴപ്പട്ടിണിക്കാരുണ്ടോ? എന്ന ചോദ്യത്തിനുശേഷം മാത്രം വാതിലടയുന്ന ക്ഷേത്രം. ഈ ക്ഷേത്രങ്ങളിലേക്ക്, ഇടങ്ങളിലേക്ക് മടങ്ങിയെത്താൻ ആഗ്രഹിച്ചവർക്കാണ് നാം കോവിഡ് നെഗറ്റീവ് ടെസ്റ്റിന്റെ, ആന്റി ബോഡി ടെസ്റ്റിന്റെ, ട്രൂ നാറ്റിന്റെ, വന്ദേ ഭാരതിന്റെ അഗ്നിപരീക്ഷകളൊരുക്കിയത്. 'കേറിവാടാ മക്കളേയെന്ന' സ്വാഗതോക്തിയെ വെറും ഒരാഴ്ചകൊണ്ട് കറുത്ത ഫലിതമായി മാറ്റിയത്. കുടുംബബന്ധങ്ങളിലേക്ക്, ദേശത്തേക്ക് മടങ്ങി വന്നവർ ഒരു ലക്ഷം! മടങ്ങിവരാൻ കാത്തിരിക്കുന്നവർ ഇനിയും ഒൻപതു ലക്ഷം. ഈച്ചരവാര്യർ എന്ന വയോധികൻ തന്റെ മകൻ രാജനെക്കുറിച്ചെഴുതിയ ഓർമ്മപ്പുസ്തകത്തിൽ വിലപിക്കുംപോലെ 'എന്തിനാണ് ഇപ്പോഴും നിങ്ങൾ അവരെ മഴയത്ത് നിർത്തിയിരിക്കുന്നത്? ചിത്രഗുപ്തന്മാർ മരണക്കണക്ക് നിരത്താനും വഴി തടയാനും മാത്രമല്ലെന്ന് ഏതു പുരാണത്താളുകളാണ് ഇനി നമ്മെ ഓർമ്മിപ്പിക്കേണ്ടത്?

അതിഥിത്തൊഴിലാളികൾ എന്നൊരു ഓമനപ്പേരിട്ട് നാം കയറ്റി അയച്ചവർ, വീടു ലക്ഷ്യമാക്കി നൂറുകണക്കിന് കിലോമീറ്ററുകൾ നടന്ന് നീരുവച്ച, വിണ്ടുകീറിയ പാദങ്ങളുമായി തീവണ്ടിപ്പാളങ്ങളിൽ ചിതറിയ റോസാദലങ്ങളായി കിടക്കുന്നത്, നിയമപാലകരുടെ കണ്ണുവെട്ടിച്ച് റെയിൽപ്പാതയിലൂടെ പ്രിയപ്പെട്ടവരെ തോളിലേറ്റി നീങ്ങുന്നത് വീടിന്റെ മാസ്മരികതയെ ധ്യാനിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. പ്രതീക്ഷകളോടെ കയറിച്ചെല്ലാൻ ഇടമില്ലാത്തവരായി ആരുമില്ല. വഴിയിൽ മരിച്ചു വീണവരുടെ കണ്ണുകൾ സ്വന്തം വീടിരിക്കുന്ന ദിശയിലേക്കായിരുന്നത്രേ! പരദേശിയോട് എന്തുകൊണ്ട് കരുണ കാണിക്കണം എന്ന് മോശ ഇസ്രായേലിനെ കാനാൻദേശത്തുവച്ച് ഓർമ്മിപ്പിക്കുന്നത് ഓർത്തുപോകുന്നു: "നീ ഈജിപ്തിൽ അടിമയായിരുന്നെന്നും നിന്റെ ദൈവമായ കർത്താവ് നിന്നെ അവിടെനിന്നു മോചിപ്പിച്ചുവെന്നും ഓർക്കണം" (നിയ 24,18).

വീട്ടിലേക്ക് പോയവരും വീട്ടിലേക്ക് മടങ്ങുന്നവരും കണ്ണു നനയിക്കുന്ന കാഴ്ചകൾക്കപ്പുറം പ്രത്യാശയുടെ മഴവില്ലുകൂടി വിരിയിക്കുന്നുണ്ട്. കൈവിട്ടുപോയ ഒരു സംസ്കൃതിയുടെ വീണ്ടെടുപ്പിനെ അത് തൊട്ടുണർത്തുന്നു. കുടുംബത്തിന്റെ, കുടുംബബന്ധങ്ങളുടെ ഇഴയടുപ്പത്തെക്കുറിച്ച് ഈ തിരിച്ചുപോക്കുകൾ അടിവരയിട്ട് പഠിപ്പിക്കുന്നുണ്ട്. ദൈവാശ്രയത്വം നഷ്ടപ്പെട്ടുപോകാതിരിക്കാനായി ഇസ്രായേലിലെ പഴംതലമുറ പുതുതലമുറയ്ക്ക് ഓതിക്കൊടുത്തതും



www.malankaralibrary.com

ഒരു യാത്രയുടെ ഓർമ്മകൾതന്നെ. "നാല്പതു വർഷവും നിങ്ങളുടെ വസ്ത്രം പഴകിക്കീറുകയോ ചെരുപ്പ് തേഞ്ഞുതീരുകയോ ചെയ്തില്ല" (നിയ 29,5). പ്രവാസത്തിൽ കഴിഞ്ഞ ജനതയ്ക്ക് തുഷാരവർഷം പോലെ ലഭിച്ച ആശ്വാസവചനം ഇപ്രകാരമായിരുന്നല്ലോ: "അവർ ഒരുമിച്ചുകൂടി നിന്റെ അടുത്തേക്ക് വരുന്നു. നിന്റെ പുത്രന്മാർ ദൂരെനിന്നു വരും. പുത്രിമാർ കരങ്ങളിൽ സംവഹിക്കപ്പെടും" (ഏശ 60,4).

മുന്തിരിത്തോട്ടത്തിനു നടുവിൽ ദൈവം നട്ടുപിടിപ്പിച്ച അത്തിവൃക്ഷം (ലൂക്കാ 13,6) പോലെ, നീർച്ചാലിനരികിൽ നട്ടുപിടിപ്പിച്ച ഇലവാടാവൃക്ഷം (സങ്കീ 1,3) പോലെ ദൈവം നമ്മെ നട്ടുനനച്ച ഇടങ്ങളെ ഈ കോവിഡ് കാലത്ത് ധ്യാനിക്കാം. മെക്സിക്കൻ അതിർത്തിയിലും ഗാസയിലും അംബരചുംബികളായ മതിൽ പണിയുന്നവരും കാശ്മീരും ലഡാക്കും കവർന്നെടുക്കുന്നവരും മാത്രമല്ല ഇടം നിഷേധികളാകുന്നത്. അപരനെ ഭീതിയോടെ നോക്കുന്ന ആരും, മടങ്ങിവരുന്നവനെ നിയമത്തിന്റെ നൂലാമാലകൾ തിരഞ്ഞ് നാലു ചുവരുകൾക്കുള്ളിൽ തളച്ചിടാൻ തന്ത്രം മെനയുന്ന സ്വന്തങ്ങളും ബന്ധങ്ങളും ഇടം നിഷേധികൾതന്നെ.

അപരനുവേണ്ടി ഇടങ്ങളാകാനും ഇടമൊരുക്കാനുമുള്ള നമ്മുടെ കടമകളെ ഓർത്തെടുക്കാം. ആരെയാണ് ഒരു തള്ളിപ്പറയലിന്റെ കോഴികൂവൽ (യോഹ 18,27) കാത്തിരിക്കാത്തത്. ഒരു മണിക്കൂർ ഉണർന്നിരിക്കാൻ (മർക്കോ 14,37) കഴിവുള്ള ജാഗ്രതയുള്ള, ഉറപ്പുള്ള സ്നേഹിതർ ആർക്കാണുള്ളത്! വിനീതരാകാം നമുക്ക്. എല്ലാം കടന്നുപോകും. ഈ കോവിഡ് കാലവും ദുരന്തസ്മരണകളും. പക്ഷേ, ലോകമുള്ള കാലത്തോളം കുടുംബം നിലനില്ക്കും, കാലാതിവർത്തിയായി. കൂടെ അപരന് ഇടമൊരുക്കിയ സുമനസ്സുസുകളും. കാലാതിവർത്തികളാവട്ടെ വീടും വീട്ടിലേക്കുള്ള സുഗമമായ മടക്കയാത്രകളും.

## OIRSI PUBLICATIONS
### Recent Books.

437. **Roselin Aravackal MTS,** *The Mystery of the Triple Gradated Church*, Kottayam, 2018.
438. **Mathew Alappattumedayil,** *Kuravilangadinte Paitrukam*, Kottayam, 2018.
439. **Jose Valiamangalam,** *Ecclesial Vision of Thomas Christians in the Light of Varthamanappustakam: A Historico-Theological Study*, Kottayam, 2018.
440. **Varghese Palathingal,** ed., *Temporal Goods of the Church*, Kottayam, 2018.
441. **Xavier Koodapuzha,** *ഭാരതസഭാചരിത്രം*, Enlarged Fifth Edition, Kottayam, 2018.
442. **James Puliurumpil,** *Jurisdiction of the Syro-Malabar Church,* Kottayam, 2018.
443. **സ്കറിയാ കന്യാകോണിൽ,** *സ്വവർഗ്ഗലൈംഗികത ക്രൈസ്തവധാർമ്മികദർശനം*, കോട്ടയം, 2018.
444. **James Puliurumpil,** *The Acts of Thomas:, A Textual Analysis*, Kottayam 2018.
445. **മാർജോർജ് പുന്നക്കോട്ടിൽ**, *വി. പൗലോസ്ശ്ലീഹ റോമാക്കാർക്ക് എഴുതിയ ലേഖനം*, കോട്ടയം, 2019.
446. **Anto Cheranthuruthy,** ed., *Quest for Truth: A Spectrum of Certitude*, Kottayam , 2019.
447. **Joseph Kaduppil,** ed., *Clerical Formation: Challenges in a Changing World,* Kottayam, 2019.
448. **James Puliurumpil,** *Glimpses of Syro Malabar History,* Kottayam, 2019.
449. **Mar Jose Pulickal,** *Pilgrim Perspectives of Eastern Ecclesiology*, Kottayam 2019.
450. **ജി. ചേടിയത്ത്,** *സൊസോമെൻ സഭാചരിത്രം,* കോട്ടയം 2019.
451. LonappanArangassery, *Introduction to Patrology*, Ujjain 2019.
452. **സ്കറിയാ കന്യാകോണിൽ & റോസ്ലിൻ അറവാക്കൽ,** *സ്ത്രീമഹത്ത്വം: സുറിയാനി പാരമ്പര്യത്തിൽ,* കോട്ടയം, 2020.
453. **ജീ. ചേടിയത്ത്,** എഡിറ്റർ, വിവർത്തകൻ *സഭാചരിത്രം,* കോട്ടയം, 2020.
454. **ആന്റോ ചേരാൻതുരുത്തി,** *സമകാലികഭാരതം: കാഴ്ചകളും ഉൾക്കാഴ്ചകളും,* കോട്ടയം, 2020.
455. **ആൻഡ്രൂസ് മേക്കട്ടുകുന്നേൽ,** എഡിറ്റർ, *വിശ്വാസവും ജീവിതവും, ക്വാറന്റീനിൽ,* കോട്ടയം, 2020.

www.malankaralibrary.com